# ശ്രീമദ്ഭാഗവതം

(അന്വയക്രമപരിഭാഷാസഹിതം)

# SRIMAD BHAGAVATHAM

(Malayalam)

**Skandam - 8**




M.N. RAMASWAMY IYER MEMORIAL EDITION

SRI RAM PUBLISHERS

North Village

MELARKODE - 678 703



Brahmasree M. N. RAMASWAMI IYER

# ശ്രീമദ് ഭാഗവതം

## (അഷ്ടമസ്കന്ധം)

(അന്വയക്രമ പരിഭാഷാസഹിതം)

*By*


വിദ്വാൻ, സി. ജി. നാരായണൻ എമ്പ്രാന്തിരി,

LANGUAGE ASST.,
M. N K M. HIGH SCHOOL, CHITTALAMCHERY, PALGHAT Dt.


**M. N. RAMASWAMY IYER MEMORIAL EDITION,**

*Editor.* M. R. NARASIMHAN


*Published by:*

SRI RAM PUBLISHERS.
NORTH VILLAGE,
MELARKODE,
Pin - 678 701

COPYRIGHT :-
**M. R. Narasimhan**

1st Edition
May 1993

**Price Rs. 650/- Per set**

Distributors :

Sree Guruvayoorappan
Sankeerthana Trust (Regd.)
Narayanalayam
Guruvayoor - 680 101

# വിഷയാനുക്രമണികാ


| | അദ്ധ്യായം | | പേജ് |
|---|---|---|---|
| 1 | സ്വായംഭുവാദി മന്വന്തര ചതുഷ്ടയ വർണ്ണനം | — | 1 |
| 2 | ഗജഗ്രാഹയുദ്ധവർണ്ണനം | — | 13 |
| 3 | ഗജേന്ദ്രമോക്ഷം | — | 24 |
| 4 | ഗജഗ്രാഹയോ പൂർവ്വജന്മ ചരിത്രം | — | 38 |
| 5 | രൈവതചാക്ഷുഷമന്വന്തര വർണ്ണനം | — | 47 |
| 6 | സമുദ്രമഥനോദ്യോഗം | — | 66 |
| 7 | പരമശിവ കൃതവിഷപാനം | — | 79 |
| 8 | ലക്ഷ്മീ സ്വയംവരവും മോഹിനീ അവതാരവും | — | 97 |
| 9 | അസുരന്മാർക്ക് പററിയ അമിളി | — | 112 |
| 10 | ദേവാസുരയുദ്ധവും ദൈത്യമായാനിരാസവും | — | 123 |
| 11 | ദേവാസുരയുദ്ധ പരിസമാപ്തി | — | 141 |
| 12 | ശങ്കര സമ്മോഹനം | — | 154 |
| 13 | ഭവിഷ്യന്മന്വന്തരാനുവർണ്ണനം | — | 172 |
| 14 | മന്വാദികൾ നിർവ്വഹിക്കുന്ന കാര്യങ്ങൾ | — | 182 |
| 15 | മഹാബലിയുടെ സ്വർഗ്ഗവിജയം | — | 186 |
| 16 | പയോവ്രതോപദേശം | — | 197 |
| 17 | അദിതിക്ക് ഭഗവാന്റെ വരദാനം | — | 216 |
| 18 | വാമനാവതാരം | — | 226 |
| 19 | വാമനൻ ബലിയോട്ട് പാദത്രയഭൂമിയാചനം | — | 238 |
| 20 | ബലിയുടെ ഭൂമിദാനം ഭഗവാന്റെ വിശ്വരൂപധാരണം | — | 254 |
| 21 | ബലിബന്ധനം | — | 267 |
| 22 | ബലിക്ക് ഭഗവാന്റെ വരദാനം | — | 278 |
| 23 | ബലിയുടെ സുതലലോകഗമനവും, വാമനന്റെ ഉപേന്ദ്രപദാരോഹണവും | — | 292 |
| 24 | മത്സ്യാവതാരകഥാ | — | 304 |

ശ്രീഃ

ഓം നമോ ഭഗവതേ വാസുദേവായ



# ശ്രീമദ് ഭാഗവതേ മഹാപുരാണേ അഷ്ടമഃ സ്കന്ധഃ

വ്യാസം വസിഷ്ഠനപ്താരം ശക്തേഃ പൗത്രമകല്മഷം
പരാശരാത്മജം വന്ദേ ശുകതാതം തപോനിധിം.

ഈശ്വരോഽപ്യഭവദ് ഭിക്ഷുർവാമനോഽപി ത്രിഭിഃ ക്രമൈഃ
ത്രീംല്ലോകാൻ ക്രാന്തവാൻ യോ വൈ സ കൃഷ്ണഃ കുരുതാത് കൃപാം.

## *അഥ പ്രഥമോഽധ്യായഃ — അധ്യായം ഒന്ന്*

### മന്വന്തരവർണ്ണനം

ഇരുപത്തിനാല് അധ്യായങ്ങളുള്ള അഷ്ടമസ്കന്ധത്തിലെ പ്രതിപാദ്യവസ്തു മന്വന്തരവർണ്ണനമാകുന്നു. ''മന്വന്തരം തു സദ്ധർമ്മഃ'' എന്നു് ദ്വിതീയ സ്കന്ധത്തിൽ നിർവ്വചനം ചെയ്തിരിക്കയാൽ ഇതിന് 'സദ്ധർമ്മനിരൂപണം' എന്ന പേരും സുസംഗതമാണ്. സ്വായംഭുവാദിമനുക്കൾ മാനവജാതിയുടെ ഉന്നമനത്തെ ലക്ഷീകരിച്ച് സമുചിതങ്ങളായ ധർമ്മങ്ങളെ പ്രവർത്തിപ്പിക്കുകയും പരിപാലിക്കുകയും സ്വയം ആചരിക്കുകയും ചെയ്ത വൃത്താന്തങ്ങളുടെ പ്രതിപാദനമാകയാൽ ഈ പേർ അന്വർത്ഥമത്രെ.

ഓരോരോ മന്വന്തരങ്ങളിൽ സദ്ധർമ്മസംരക്ഷണത്തിനുവേണ്ടി ഭഗവാൻ കൈക്കൊണ്ട യജ്ഞദേവാദ്യവതാര ലീലകൾ ഈ സ്കന്ധത്തിൽ വിസ്തരിച്ചിട്ടുണ്ട്. പ്രഥമാധ്യായത്തിൽ പ്രാക്തനമന്വന്തരങ്ങളും; 2, 3, 4 എന്നീ അധ്യായങ്ങളിൽ ഗജേന്ദ്രമോക്ഷവും; 5 മുതൽ 12 വരെ അമൃത മഥനവും അതിനെ അനുബന്ധിച്ചുണ്ടായ സംഭവങ്ങളും; 13, 14 എന്നിവയിൽ ഭവിഷ്യന്മന്വന്തരങ്ങളും; 15 മുതൽ 23 വരെ മഹാബലി ചരിതവും; 24-ൽ മത്സ്യാവതാരകഥയും അനുക്രമം നിബന്ധിക്കപ്പെട്ടിരിക്കുന്നു.

''അത്ര തു പ്രഥമേ സ്വായംഭുവഃ സ്വാരോചിഷസ്തഥാ
ഉത്തമസ്താമസശ്ചേതി ചതുർമനുനിരൂപണം''.

ഈ ഒന്നാമദ്ധ്യായത്തിലാകട്ടെ സ്വായംഭുവൻ, സ്വാരോചിഷൻ, ഉത്തമൻ, താമസൻ എന്നീ നാലു മനുക്കളുടെ സംക്ഷിപ്തമായ വംശനിരൂപണമാണുള്ളത്. പൂർവ്വസ്കന്ധങ്ങളിൽ വർണ്ണിച്ചുപറഞ്ഞ സ്വായംഭുവമന്വന്തരത്തിലെ ഭഗവദ്ഗുണമഹിമകളെകേട്ടു സന്തുഷ്ടനായ പരീക്ഷിത്ത് രാജാവ് മററു മന്വന്തരങ്ങളെക്കുറിച്ചും അറിവാനിച്ഛിച്ചു കൊണ്ട് ശ്രീ ശുകബ്രഹ്മർഷിയോടു ചോദിക്കുന്നു.

രാജോവാച ! = രാജാവ് പറഞ്ഞു.

**1. സ്വായംഭുവസ്യേഹ ഗുരോ വംശോഽയം വിസ്തരാച്ഛ്രുതഃ**
**യത്ര വിശ്വസൃജാം സർഗ്ഗോ മനൂനന്യാൻ വദസ്വ നഃ.**

| | | | |
|---|---|---|---|
| ഗുരോ | ഗുരുദേവ ! | വിശ്വസൃജാം | മരീച്യാദി പ്രജാപതിമാരുടെ |
| ഇഹ | ഇപ്പോൾ | | |
| സ്വായം ഭുവസ്യ | സ്വായം ഭുവനെന്ന | സർഗ്ഗഃ | സന്താനോൽപാദനമുണ്ടായല്ലോ. |
| മനോഃ | മനുവിൻെറ | | |
| അയം വംശഃ | ഈ വംശം | അന്യാൻ | മററുള്ള |
| വിസ്തരാത് | വിസ്തരപൂർവ്വം | മനൂൻ | മനുക്കളെ |
| ശ്രുതഃ | കേൾക്കപ്പെട്ടു. | നഃ | ഞങ്ങൾക്ക് |
| യത്ര | യാതൊരു വംശത്തിൽ | വദസ്വ | ചൊല്ലിത്തന്നാലും. |

**2. യത്ര യത്ര ഹരേർജന്മ കർമ്മാണി ച മഹീയസഃ**
**ഗൃണന്തി കവയോ ബ്രഹ്മംസ്താനി നോ വദ ശൃണ്വതാം.**

| | | | |
|---|---|---|---|
| ബ്രഹ്മൻ | ഹേ ബ്രഹ്മർഷേ ! | ഗൃണന്തി | വർണ്ണിച്ചു പറയുന്നുവോ |
| യത്ര യത്ര | ഏതേതുമന്വന്തരങ്ങളിൽ | താനി | അവയെ |
| മഹീയസഃ | മഹാമഹിമയെഴുന്ന | ശൃണ്വതാം | കേൾക്കാൻ വെമ്പൽ കൊള്ളുന്ന |
| ഹരേഃ | ശ്രീഹരിയുടെ | | |
| ജന്മ | അവതാരത്തെയും | നഃ | ഞങ്ങൾക്ക് |
| കർമ്മാണി | കർമ്മങ്ങളെയും | | |
| കവയഃ | ക്രാന്തദർശികളായ ജ്ഞാനികൾ | വദ | പറഞ്ഞുതരിക. |

**3. യദ് യസ്മിന്നന്തരേ ബ്രഹ്മൻ ഭഗവാൻ വിശ്വഭാവനഃ**
**കൃതവാൻ കുരുതേ കർത്താ ഹ്യതീതേഽനാഗതേഽദ്യ വാ.**

| | |
|---|---|
| ബ്രഹ്മൻ | ഹേ ബ്രഹ്മർഷേ ! |
| വിശ്വഭാവനഃ | ലോകപാലകനായ |
| ഭഗവാൻ | ശ്രീഹരി |
| അതീതേ | കഴിഞ്ഞുപോയ |
| യസ്മിൻ | യാതൊരു |
| അന്തരേ | മന്വന്തരത്തിൽ |
| യത് | യാതൊന്ന് |
| കൃതവാൻ | ചെയ്തിരുന്നുവോ, |
| അനാഗതേ | വരാൻപോകുന്നതിൽ |
| (യത്) | യാതൊന്ന് |
| കർത്താ ഹി | ചെയ്വാനിരിക്കുന്നുവോ, |
| അദ്യ വാ | ഇപ്പോൾ നിലവിലുള്ളതിൽ |
| (യത്) | യാതൊന്ന് |
| കുരുതേ | ചെയ്തുകൊണ്ടിരിക്കുന്നുവോ |
| (തത് വദ) | അതെല്ലാം പറഞ്ഞുതരിക. |

ഋഷിരുവാച = ശ്രീശുക ബ്രഹ്മർഷി പറഞ്ഞു—

4. മനവോഽസ്മിൻ വ്യതീതാഃ ഷട് കല്പേ സ്വായംഭുവാദയഃ
ആദ്യസ്തേ കഥിതോ യത്ര ദേവാദീനാം ച സംഭവഃ

| | |
|---|---|
| അസ്മിൻ കല്പേ | ഈ കല്പത്തിൽ |
| സ്വായംഭുവാദയഃ | സ്വായംഭുവൻ മുതല്ക്കു തുടങ്ങിയ |
| ഷട് മനവഃ | ആറു മനുക്കൾ |
| വ്യതീതാഃ | കഴിഞ്ഞിരിക്കുന്നു. |
| യത്ര | യാതൊരാളുടെ കാലത്ത് |
| ദേവാദീനാം | ദേവന്മാരുടെയും മറ്റും |
| സംഭവഃ | പ്രാദുർഭാവമുണ്ടായോ, |
| ആദ്യഃ ച | ആ ആദിമനായ മനു ആരെന്നതും |
| തേ | അങ്ങേയ്ക്ക് |
| കഥിതഃ | പറഞ്ഞുതരപ്പെട്ടു. |

5. ആകൂത്യാം ദേവഹൂത്യാം ച ദുഹിത്രോസ്തസ്യ വൈ മനോഃ
ധർമ്മജ്ഞാനോപദേശാർത്ഥം ഭഗവാൻ പുത്രതാം ഗതഃ

| | |
|---|---|
| തസ്യ വൈ | അതേ |
| മനോഃ | മനുവിന്റെ |
| ദുഹിത്രോഃ | പുത്രിമാരായ |
| ആകൂത്യാം | ആകൂതിയിലും |
| ദേവഹൂത്യാം ച | ദേവഹൂതിയിലും |
| ധർമ്മജ്ഞാനോപദേശാർത്ഥം | കർമ്മയോഗത്തിന്റെയും ജ്ഞാന (സാംഖ്യ) യോഗത്തിന്റെയും ഉപദേശത്തിനുവേണ്ടി |
| ഭഗവാൻ | ശ്രീമഹാവിഷ്ണു |
| പുത്രതാം | പുത്രഭാവത്തെ |
| ഗതഃ | സംപ്രാപ്തനായി. |

6. കൃതം പുരാ ഭഗവതഃ കപിലസ്യാനുവർണ്ണിതം
ആഖ്യാസ്യേ ഭഗവാൻ യജ്ഞോ യച്ചകാര കുരൂദ്വഹ

| | |
|---|---|
| കുരൂദ്വഹ | കുരുകുല പ്രമുഖനായ രാജാവേ ! |
| പുരാ | ഇതിനുമുമ്പ്, |
| ഭഗവതഃ | ഭഗവാനായ |

| | | | |
|---|---|---|---|
| കപിലസ്യ | കപിലാചാര്യൻെറ | യജ്ഞഃ | യജ്ഞദേവൻ |
| കൃതം | പ്രവർത്തനം | യത് | യാതൊന്ന് |
| അനുവർണ്ണിതം | അനുക്രമം വിസ്തരിക്കപ്പെട്ടിരിക്കുന്നു. | ചകാര | പ്രവർത്തിച്ചുവോ, |
| | | (തത്) | അത് |
| ഭഗവാൻ | ഭഗവാനായ | ആഖ്യാസ്യേ | ഇനിമേൽ പറയാം. |

സ്വായംഭുവമനുവിൻെറ ഒരു പുത്രിയായ ദേവഹൂതിയിൽ ഭഗവാൻ സാംഖ്യയോഗത്തിൻെറ പ്രവർത്തകനായ കപിലമുനിയായിട്ട് അവതരിച്ച കഥ തൃതീയ സ്കന്ധത്തിലെ അവസാനത്തെ പത്തധ്യായങ്ങൾകൊണ്ടു വിസ്തരിച്ചു കഴിഞ്ഞതാണ്. ഇനി മറെറാരു പുത്രിയായ ആകൂതിയിൽ സദ്ധർമ്മരക്ഷയ്ക്കുവേണ്ടി അവതരിച്ച യജ്ഞദേവൻെറ ചരിതവും പറഞ്ഞുകേൾപ്പിക്കാമെന്നു സാരം.

**7. വിരക്തഃ കാമഭോഗേഷു ശതരൂപാപതിഃ പ്രഭുഃ**
**വിസൃജ്യ രാജ്യം തപസേ സഭാര്യോ വനമാവിശത്**

| | | | |
|---|---|---|---|
| ശതരൂപാപതിഃ | ശതരൂപയുടെ ഭർത്താവായും | വിരക്തഃ | വിരക്തനായിട്ട് |
| | | രാജ്യം | രാജ്യത്തെ |
| പ്രഭുഃ | രാജകീയപ്രഭാവം തികഞ്ഞവനുമായി വർത്തിച്ചിരുന്ന സ്വായംഭുവൻ | വിസൃജ്യ | പരിത്യജിച്ച് |
| | | തപസേ | തപശ്ചര്യക്കായി |
| | | സഭാര്യഃ | ഭാര്യയോടുകൂടെ |
| കാമഭോഗേഷു | വിഷയസുഖാനുഭവങ്ങളിൽ | വനം | വനത്തിലേക്ക് |
| | | ആവിശത് | പ്രവേശിച്ചു. |

**8. സുനന്ദായാം വർഷശതം പദൈകേന ഭുവം സ്പൃശൻ**
**തപ്യമാനസ്തപോ ഘോരമിദമന്വാഹ ഭാരത**

| | | | |
|---|---|---|---|
| ഭാരത | ഹേ ഭാരത ! | സ്പൃശൻ | സ്പർശിച്ചുകൊണ്ട് |
| വർഷശതം | നൂറു സംവത്സരം കാലം | ഘോരം | ദുശ്ചരമായ |
| സുനന്ദായാം | സുനന്ദാനദീതടത്തിൽ | തപഃ | തപസ്സിനെ |
| | | തപ്യമാനഃ | അനുഷ്ഠിച്ചുവരവേ |
| ഏകേന | ഒരു | ഇദം | ഇപ്രകാരം |
| പദാ | പാദത്താൽ മാത്രം | അന്വാഹ | സമാധിയിലെ അനുഭൂതിയെ എടുത്തുചൊല്ലി. |
| ഭുവം | ഭൂമിയെ | | |

മനുരുവാച = മനുപറഞ്ഞു.

**9. യേന ചേതയതേ വിശ്വം വിശ്വം ചേതയതേ ന യം**
**യോ ജാഗർത്തി ശയാനേഽസ്മിന്നായം തം വേദ വേദ സഃ.**

| | |
|---|---|
| യേന | യാതൊരുവനാൽ |
| വിശ്വം | ലോകം |
| ചേതയതേ | ചൈതന്യവത്തായി ഭവിക്കുന്നുവോ, |
| യം | യാതൊരുവനെ |
| വിശ്വം | ലോകം |
| ന ചേതയതേ | ചൈതന്യവത്താകുന്നില്ലയോ, |
| അസ്മിൻ | ഈ ലോകം |
| ശയാനേ | സുഷുപ്തിയിലമരുമ്പോഴും |
| യഃ | യാതൊരുവൻ |
| ജാഗർത്തി | ഉണർന്നിരിക്കുന്നുവോ, |
| തം | അവനെ |
| അയം | ഈലോകം |
| ന വേദ | അറിയുന്നില്ല. |
| സഃ | അവൻ |
| വേദ | (ലോകത്തെ) അറിയുന്നു. |

ലോകത്തിന്റെ അന്തഃസത്തയായും, ചേതനയായും, സാക്ഷിഭാവേന സദാ വർത്തിക്കുന്ന 'അവൻ' ഈശ്വരനാണെന്ന് ഉപനിഷന്മന്ത്രത്തിലൂടെ പ്രമാണീകരിച്ചുകൊണ്ട് ഇനി ലോകത്തിന്നു ഹിതോപദേശം നൽകുന്നു.

**10. ആത്മാവാസ്യമിദം വിശ്വം യത്കിഞ്ച ജഗത്യാം ജഗത്**
**തേന ത്യക്തേന ഭുഞ്ജീഥാ മാ ഗൃധഃ കസ്യസ്വിദ്ധനം.**

| | |
|---|---|
| ഇദം വിശ്വം | ഈ ലോകവും |
| ജഗത്യാം | ലോകത്തിലുള്ള |
| യത്കിഞ്ച | ഏതേതു |
| ജഗത് | ചരാചരനിവഹവും |
| ആത്മാവാസ്യം | ആത്മസ്വരൂപനായ ഈശ്വരനാൽ അഭിവ്യാപ്തമാകുന്നു. |
| തേന | ആ ഈശ്വരനാൽ |
| ത്യക്തേന | നല്കപ്പെട്ടതുകൊണ്ടുമാത്രം |
| ഭുഞ്ജീഥാഃ | ഭോഗങ്ങളെ അനുഭവിക്കുക; |
| കസ്യസ്വിത് | ആരുടെയും |
| ധനം | സമ്പത്തിനെ |
| മാ ഗൃധഃ | കാംക്ഷിക്കപോലും അരുത്. |

ഈശ്വരൻ ലോകമാകെയും വ്യാപിച്ചിരിക്കുന്നുവെങ്കിൽ മനുഷ്യന്റെ നേത്രാദികൾക്കു വിഷയീഭവിക്കാത്തതെന്തുകൊണ്ട്? — ഈ ചോദ്യത്തിനുള്ള സമാധാനം ഇനിപറയുന്നു—

**11. യം ന പശ്യതി പശ്യന്തം ചക്ഷുര്യസ്യ ന രിഷ്യതി**
**തം ഭൂതനിലയം ദേവം സുപർണ്ണമുപധാവത.**

| | |
|---|---|
| പശ്യന്തം | എല്ലാം നിരീക്ഷിച്ചുകൊണ്ടിരിക്കുന്ന |
| യം | യാതൊരുവനെ |
| ന പശ്യതി | (മനുഷ്യൻ) കണ്ടെത്തുന്നില്ലയോ, |
| യസ്യ | യാതൊരുവന്റെ |
| ചക്ഷുഃ | നിരീക്ഷണം |
| ന രിഷ്യതി | മന്ദീഭവിക്കുന്നില്ലയോ |
| തം | അങ്ങനെയുള്ളവനും |
| ഭൂതനിലയം | സകല ചരാചരാന്തഃസ്ഥിതനും |
| ദേവം | സ്വയം പ്രകാശനും |
| സുപർണ്ണം | അസംഗനമായ ഈശ്വരനെ |
| ഉപധാവത | ശരണംഗമിക്കുവിൻ. |

സർവ്വസാക്ഷിയായും സർവ്വചരാചരങ്ങളുടെ അന്തര്യാമിയും അസംഗനും സ്വയംപ്രകാശാത്മാവും ഈശ്വരൻ മനുഷ്യന്റെ നേത്രാദികളായ ഇന്ദ്രിയങ്ങൾക്കോ ബുദ്ധിവൃത്തികൾക്കോ വിഷയീഭവിക്കുകയില്ലെന്നുസാരം.

ഈശ്വരസ്വരൂപത്തിന്റെ നിത്യത്വത്തെ ഇനിയും ഉപപാദിക്കുന്നു.

**12. ന യസ്യാദ്യന്തൗ മധ്യം ച സ്വഃ പരോ നാന്തരം ബഹിഃ**
**വിശ്വസ്യാമൂനി യദ്യസ്മാദ്വിശ്വം ച തദൃതം മഹത്.**

| | |
|---|---|
| യസ്യ | യാതൊന്നിനു് |
| ആദ്യന്തൗ | ആദിയും അന്തവും |
| മധ്യം ച | മധ്യവും |
| ന | ഇല്ലയോ, |
| സ്വഃ | സ്വകീയനും |
| പരഃ | പരകീയനും |
| ആന്തരം | അകവും |
| ബഹിഃ ന | പുറവും ഇല്ലയോ, |
| വിശ്വസ്യ | ലോകത്തിനു് |
| അമൂനി | ഇവയെല്ലാം |
| യസ്മാത് | യാതൊന്നിൽനിന്നുണ്ടാവുന്നുവോ, |
| വിശ്വം ച | ലോകംതന്നെയും |
| യത് | യാതൊന്നാകുന്നുവോ |
| തത് മഹത് | ആ സർവ്വവ്യാപ്തമായ ഈശ്വരസ്വരൂപം |
| ഋതം | നിത്യസത്യമാകുന്നു. |

ലോകം ഈശ്വരസ്വരൂപമാണെന്നുവരികിൽ ലോകധർമ്മങ്ങളായ ജനനമരണാദ്യവസ്ഥകൾ ഈശ്വരന്നില്ലെന്നും ഈശ്വരൻ സ്വയം പ്രകാശനാണെന്നും സങ്കല്പിക്കുന്നതെങ്ങനെ ? ലോകത്തിന്റെ ജന്മാദികർത്തൃത്വം ഉള്ളതുകൊണ്ടു് ഈശ്വരനിൽ നിർവ്വികാരത്വവും നിത്യസത്യത്വവും പരിപൂർണ്ണതയും സംഗതമാവുന്നതെങ്ങനെ? എന്നീ ആശങ്കകളെ ഉത്തരശ്ലോകംകൊണ്ടു നിരാകരിക്കുന്നു.

**13. സ വിശ്വകായഃ പുരുഹൂത ഈശഃ**
**സത്യഃ സ്വയം ജ്യോതിരജഃ പുരാണഃ**
**ധത്തേഽസ്യ ജന്മാദ്യജയാഽത്മശക്ത്യാ**
**താം വിദ്യയോദസ്യ നിരീഹ ആസ്തേ**

| | |
|---|---|
| വിശ്വകായഃ | ലോകമാവുന്ന ശരീരം പൂണ്ടവനും |
| പുരുഹൂതഃ | അസംഖ്യം നാമങ്ങളോടു കൂടിയവനുമാണെന്നിരിക്കിലും |
| സത്യഃ | എന്നെന്നും നിലകൊള്ളുന്നവനും |
| സ്വയം ജ്യോതിഃ | സ്വയം പ്രകാശനും |
| അജഃ | ജന്മരഹിതനും |
| പുരാണഃ | ആദിയിൽത്തന്നെയുള്ളവനുമായ |
| സഃ ഈശഃ | ആ ഈശ്വരൻ |
| ആത്മശക്ത്യാ | തന്റെ ശക്തിസ്വരൂപമായ |

| | | | |
|---|---|---|---|
| അജയാ | മായകൊണ്ടു് | താം | ആ മായയെ |
| അസ്യ | ഈ ലോകത്തിന്റെ | ഉദസ്യ | നീക്കികളഞ്ഞ് |
| ജന്മാദി | ഉദ്ഭവസ്ഥിതിലയങ്ങളെ | നിരീഹഃ | നിഷ്ക്രിയനായും |
| ധത്തേ | ഏറെറടുത്തിരിക്കുന്നു; | ആസ്തേ | സ്ഥിതിചെയ്യുന്നു. |
| വിദ്യയാ | ചിച്ഛക്തികൊണ്ടു് | | |

14. **അഥാഗ്രേ ഋഷയഃ കർമ്മാണീഹന്തേഽകർമ്മഹേതവേ**
**ഈഹമാനോ ഹി പുരുഷഃ പ്രായോഽനീഹാം പ്രപദ്യതേ**

| | | | |
|---|---|---|---|
| അഥ | ആകയാൽ | ഹി | എന്തെന്നാൽ |
| ഋഷയഃ | ഋഷിമാർ | ഈഹമാനഃ | അനാസക്തനായി കർമ്മാനുഷ്ഠാനം ചെയ്യുന്ന |
| അകർമ്മഹേതവേ | നിഷ്ക്രിയത്വം (മുക്തി) സിദ്ധിക്കുന്നതിനുവേണ്ടി | പുരുഷഃ | മനുഷ്യൻ |
| അഗ്രേ | ആദിയിൽ | പ്രായഃ | മിക്കവാറും ഒടുവിൽ |
| കർമ്മാണി | കർമ്മയോഗങ്ങളെ | അനീഹാം | നിഷ്ക്രിയതയെ |
| ഈഹന്തേ | അനുഷ്ഠിക്കുന്നു. | പ്രപദ്യതേ | പ്രാപിക്കുന്നതാണു്. |

15. **ഈഹതേ ഭഗവാനീശോ ന ഹി തത്ര വിഷജ്യതേ**
**ആത്മലാഭേന പൂർണ്ണാർത്ഥോ നാവസീദന്തി യേഽനു തം**

| | | | |
|---|---|---|---|
| ഭഗവാൻ | ജ്ഞാന നിധിയായ | പൂർണ്ണകാമഃ | (ഈശ്വരൻ) പൂർണ്ണകാമനാണു്. |
| ഈശഃ | ഈശ്വരൻ | | |
| ഈഹതേ | കർമ്മം ചെയ്യുന്നു. | യേ | യാതൊരുവർ |
| തത്ര | അതിൽ | തം അനു | തന്തിരുവടിയെ അനുസരിക്കുന്നുവോ, |
| ന ഹി വിഷഹ്യതേ | തീരെ ആസക്തനായിരിക്കുന്നതുമില്ല. (എന്തെന്നാൽ) | (തേ) ന അവസീദന്തി | അവർ തളരുന്നതല്ല— കർമ്മബന്ധത്തിൽ കുടുങ്ങുന്നതല്ല. |
| ആത്മലാഭേന | ആത്മാനന്ദ പ്രാപ്തിയാൽ | | |

ആകയാൽ, ഇങ്ങനെ ലോകാനുഗ്രഹാർത്ഥം ലോകത്തിന്റെ സൃഷ്ട്യാദികർമ്മങ്ങളിൽ ഏർപ്പെടുകയും ശ്രീരാമകൃഷ്ണാദ്യവതാരങ്ങളെ സ്വീകരിച്ചു വേദോക്തകർമ്മങ്ങളെ ലോകസംഗ്രഹാർത്ഥം ആചരിക്കുകയും ചെയ്യുന്ന ഭഗവാനെ താൻ ശരണം പ്രാപിക്കുന്നുവെന്നു് മനു പറയുന്നു—

16. **തമീഹമാനം നിരഹം കൃതം ബുധം**
**നിരാശിഷം പൂർണ്ണമനന്യചോദിതം**
**നൄൻ ശിക്ഷയന്തം നിജവർത്മസംസ്ഥിതം**
**പ്രഭും പ്രപദ്യേഽഖിലധർമ്മഭാവനം**

| | |
|---|---|
| ബുധം | ബോധാത്മകനായും, |
| നിരഹംകൃതം | അഹംകാര രഹിതനായും |
| പൂർണ്ണം | എങ്ങും എന്നും നിറഞ്ഞു നില്ക്കുന്നവനായും, |
| നിരാശിഷം | സർവ്വകാമനകളിൽനിന്നും നിർമ്മുക്തനായും, |
| അനന്യ—ചോദിതം | പരപ്രേരണകളൊന്നുമില്ലാതെ സ്വതന്ത്രനായിട്ടു് |
| ഈഹമാനം | കർമ്മങ്ങളെ നിർവ്വഹിക്കുന്നവനായും, |
| നിജവർത്മ—സംസ്ഥിതം | തന്റെ മാർഗത്തിൽ ഉറച്ചു നിന്നുകൊണ്ടു് |
| നൄൻ | മനുഷ്യരെ |
| ശിക്ഷയന്തം | ഗുണപാഠം പഠിപ്പിക്കുന്നവനായും |
| അഖില—ധർമ്മഭാവനം | സകലസൽക്കർമ്മങ്ങളുടെ പ്രവർത്തകനായുമിരിക്കുന്ന |
| പ്രഭും | സർവ്വശക്തനെ |
| പ്രപദ്യേ | ഞാൻ സമാശ്രയിക്കുന്നു. |

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു.

**17. ഇതി മന്ത്രോപനിഷദം വ്യാഹരന്തം സമാഹിതം**
**ദൃഷ്ട്വാസുരാ യാതുധാനാ ജഗ്ധുമഭ്യദ്രവൻ ക്ഷുധാ.**

| | |
|---|---|
| ഇതി | ഇപ്രകാരം |
| മന്ത്രോ—പനിഷദം | മന്ത്രരൂപത്തിലുള്ള വേദാന്തവാക്യത്തെ |
| വ്യാഹരന്തം | ഉരുവിട്ടുകൊണ്ടു് |
| സമാഹിതം | ഏകാഗ്രഭാവനയോടെ ഇരിക്കുന്ന മനുവിനെ |
| ദൃഷ്ട്വാ | കണ്ടിട്ടു് |
| അസുരാഃ | അസുരന്മാരും |
| യാതുധാനാഃ | രാക്ഷസന്മാരും |
| ക്ഷുധാ | വിശപ്പുനിമിത്തം |
| ജഗ്ധും | ഭക്ഷിപ്പാനായി |
| അഭ്യദ്രവൻ | നേരിട്ടു പാഞ്ഞുവന്നു. |

**18. താംസ്തഥാവസിതാൻ വീക്ഷ്യ യജ്ഞഃ സർവ്വഗതോ ഹരിഃ**
**യാമൈഃ പരിവൃതോ ദേവൈർഹത്വാശാസത് ത്രിവിഷ്ടപം.**

| | |
|---|---|
| തഥാ | അവ്വിധം |
| അവസിതാൻ | നിശ്ചയിച്ചു വന്ന |
| താൻ | അവരെ |
| ദൃഷ്ട്വാ | കണ്ടിട്ടു് |
| സർവ്വഗതഃ | സർവ്വാന്തര്യാമിയായ |
| ഹരിഃ | ശ്രീഹരിയാവുന്ന |
| യജ്ഞഃ | യജ്ഞദേവൻ |
| യാമൈഃ | യാമാദികളായ |
| ദേവൈഃ | ദേവന്മാരാൽ |
| പരിവൃതഃ | പരിവൃതനായിട്ടു് |
| ഹത്വാ | (അവരെ) വധിച്ചു് |
| ത്രിവിഷ്ടപം | സ്വർഗ്ഗലോകത്തെ |
| അശാസത് | ഭരിച്ചു. |

യജ്ഞൻതന്നെ ഇന്ദ്രപദമലങ്കരിച്ചുവെന്നു താൽപര്യം. സ്വായംഭുവമന്വന്തരത്തിൽ ഹരിയുടെ അംശാവതാരവും ഇന്ദ്രനും ഈ ഒരാൾതന്നെയായിരുന്നു. മററു മന്വന്തരങ്ങളിൽ അങ്ങനെയല്ല.

**19. സ്വാരോചിഷോ ദ്വിതീയസ്തു മനുരഗ്നേഃ സുതോഽഭവത്**
**ദ്യുമത്സുഷേണ രോചിഷ്മത് പ്രമുഖാസ്തസ്യ ചാത്മജാഃ**

**20.** **തത്രേന്ദ്രോ രോചനസ്ത്വാസീദ് ദേവാശ്ച തുഷിതാദയഃ**
**ഊർജസ്തംഭാദയഃ സപ്തഋഷയോ ബ്രഹ്മവാദിനഃ.**

| | | | |
|---|---|---|---|
| ദ്വിതീയഃ | രണ്ടാമത്തെ | പ്രമുഖാഃ ച | മുതലായവരുമാണ്. |
| മനുഃ തു | മനുവാകട്ടെ | തത്ര | ആ മന്വന്തരത്തിലെ |
| അഗ്നേഃ | അഗ്നിയുടെ | ഇന്ദ്രഃ തു | ദേവേന്ദ്രനാകട്ടെ |
| സുതഃ | പുത്രനായ | രോചനഃ | രോചനൻ |
| സ്വാരോചിഷഃ | സ്വാരോചിഷൻ | ആസീത് | ആയിരുന്നു. |
| അഭവത് | ആയിരുന്നു. | ദേവാഃ ച | ദേവന്മാർ |
| തസ്യ | അദ്ദേഹത്തിന്റെ | തുഷിതാദയഃ | തുഷിതാദികളും. |
| ആത്മജാഃ | പുത്രന്മാർ | ഊർജസ്തംഭാദയഃ | ഊർജസ്തംഭാദികളായ |
| ദ്യുമത്- | ദ്യുമാൻ, | | |
| സുഷേണ- | സുഷേണൻ, | ബ്രഹ്മവാദിനഃ | വേദജ്ഞാനികൾ |
| രോചിഷ്മത്- | രോചിഷ്മാൻ | സപ്തഋഷയഃ | സപ്തർഷികളുമായിരുന്നു. |

**21.** **ഋഷേസ്തു വേദശിരസസ്തുഷിതാ നാമ പത്ന്യഭൂത്**
**തസ്യാം ജജ്ഞേ തതോ ദേവോ വിഭുരിത്യഭിവിശ്രുതഃ.**

| | | | |
|---|---|---|---|
| വേദശിരസഃ | വേദശിരസ്സെന്ന | തസ്യാം | അവളിൽ |
| ഋഷേഃ തു | മഹർഷിക്ക് | വിഭുഃ ഇതി | 'വിഭു' എന്നപേരിൽ |
| തുഷിതാ നാമ | തുഷിതയെന്ന പേരായ | അഭിവിശ്രുതഃ | അതിവിഖ്യാതനായിട്ട് |
| പത്നീ അഭൂത് | പത്നിയുണ്ടായിരുന്നു. | ദേവഃ | ഭഗവാൻ |
| തതഃ | അദ്ദേഹത്തിൽനിന്ന് | ജജ്ഞേ | അവതരിച്ചു. |

വിഭുവായി അവതാരമെടുത്ത ഭഗവാന്റെ അത്ഭുതചരിതം താഴെ ഒരു ശ്ലോകം കൊണ്ടു ചുരുക്കിച്ചൊല്ലുന്നു.

**22.** **അഷ്ടാശീതിസഹസ്രാണി മുനയോ യേ ധൃതവ്രതാഃ**
**അന്വശിക്ഷൻ വ്രതം തസ്യ കൗമാരബ്രഹ്മചാരിണഃ**

| | | | |
|---|---|---|---|
| ധൃതവ്രതാഃ | യമനിയമാദിവ്രതം ധരിച്ചവരായ | കൗമാരബ്രഹ്മചാരിണഃ | കൗമാരം മുതല്ക്കു നൈഷ്ഠിക ബ്രഹ്മചാരിയായിരുന്ന |
| അഷ്ടശീതിസഹസ്രാണി | എണ്പത്തെണ്ണായിരം | തസ്യ | ആ വിഭുവിന്റെ |
| യേ മുനയഃ | യാവചില മുനിമാർ | വ്രതം | നിഷ്ഠയെ |
| | | അന്വശിക്ഷൻ | അനുസരിച്ചു പരിശീലിച്ചിരുന്നു. |

ഓരോ മന്വന്തരത്തിലും മനു, മനുപുത്രന്മാർ, ദേവകൾ, ദേവേന്ദ്രൻ, സപ്തർഷികൾ, ഭഗവാന്റെ അംശാവതാരം എന്നിവ ആറും മാറിമാറി വരുന്നു.

**23.** **തൃതീയ ഉത്തമോ നാമ പ്രിയവ്രതസുതോ മനുഃ**
**പവനഃ സൃംജയോ യജ്ഞഹോത്രാദ്യാസ്തത്സുതാ നൃപ.**

| | | | |
|---|---|---|---|
| നൃപ | രാജാവേ ! | തത്സുതാഃ | ആ മനുവിന്റെ പുത്രന്മാർ |
| തൃതീയഃ മനുഃ | മൂന്നാമത്തെ മനു | പവനഃ | പവനൻ, |
| പ്രിയവ്രത-സുതഃ | പ്രിയവ്രതന്റെ പുത്രനായ | സൃംജയഃ | സൃംജയൻ, |
| ഉത്തമഃ നാമ | ഉത്തമനെന്നു പേരായവൻ ആയിരുന്നു. | യജ്ഞഹോ-ത്രാദ്യാഃ | യജ്ഞഹോത്രൻ തുടങ്ങിയവരും. |

**24.** **വസിഷ്ഠതനയാഃ സപ്ത ഋഷയഃ പ്രമദാദയഃ**
**സത്യാ വേദശ്രുതാ ഭദ്രാ ദേവാ ഇന്ദ്രസ്തു സത്യജിത്.**

| | | | |
|---|---|---|---|
| വസിഷ്ഠ-തനയാഃ | വസിഷ്ഠമഹർഷിയുടെ പുത്രന്മാരായ | വേദശ്രുതാഃ | വേദശ്രുതന്മാരും |
| | | ഭദ്രാഃ | ഭദ്രന്മാരും |
| പ്രമദാദയഃ | പ്രമദാദികൾ | ദേവാഃ | ദേവന്മാരായിരുന്നു. |
| സപ്തഋഷയഃ | സപ്തർഷികളായിരുന്നു. | ഇന്ദ്രഃ തു | ദേവേന്ദ്രനാകട്ടെ |
| സത്യാഃ | സത്യന്മാരും | സത്യജിത് | സത്യജിത്തായിരുന്നു. |

**25.** **ധർമ്മസ്യ സൂനൃതായാം തു ഭഗവാൻ പുരുഷോത്തമഃ**
**സത്യസേന ഇതി ഖ്യാതോ ജാതഃ സത്യവ്രതൈഃ സഹ.**

| | | | |
|---|---|---|---|
| ധർമ്മസ്യ | ധർമ്മദേവന്റെ | സത്യവ്രതൈഃ സഹ | സത്യവ്രതന്മാരോടു് കൂടെ |
| സൂനൃതായാം തു | സൂനൃതയെന്ന ഭാര്യയിൽ | സത്യസേനഃ | സത്യസേനൻ |
| ഭഗവാൻ | ഭഗവാനായ | ഇതി ഖ്യാതഃ | എന്നു വിഖ്യാതനായിട്ടു് |
| പുരുഷോത്തമഃ | ശ്രീ മഹാവിഷ്ണു | ജാതഃ | അവതരിച്ചു. |

**26.** **സോഽനൃതവ്രതദുഃശീലാനസതോ യക്ഷരാക്ഷസാൻ**
**ഭൂതദ്രുഹോ ഭൂതഗണാംശ്ചാവധീത് സത്യജിത്സഖഃ.**

| | | | |
|---|---|---|---|
| സഃ | ആ സത്യസേനൻ | അസതഃ | അസത്തുക്കളും |
| സത്യജിത്-സഖഃ | ദേവേന്ദ്രനായ സത്യജിത്തിന്റെ സുഹൃത്തായി വർത്തിച്ചു് | ഭൂതദ്രുഹഃ | പ്രാണിദ്രോഹികളുമായ |
| | | യക്ഷരാക്ഷ-സാൻ | യക്ഷന്മാരെയും രാക്ഷസന്മാരെയും |
| അനൃതവ്രത-ദുഃശീലാൻ | 'നുണയേപറയൂ' എന്ന നിഷ്ഠയുള്ളവരും സ്വഭാവം കെട്ടവരും | ഭൂതഗണാൻ തു | ഭൂതഗണങ്ങളെയും |
| | | അവധീത് | കൊന്നൊടുക്കി. |

**27.** **ചതുർത്ഥ ഉത്തമഭ്രാതാ മനുർനാമ്നാ ച താമസഃ**
**പൃഥുർജ്യോതിർനരഃ കേതുരിത്യാദ്യാ ദശ തത്സുതാഃ.**

| | | | |
|---|---|---|---|
| ചതുർത്ഥഃ | നാലാമത്തെ | ജ്യോതിഃ | ജ്യോതിസ്സ്, |
| മനുഃ | മനു | നരഃ കേതുഃ | നരൻ, കേതു |
| ഉത്തമഭ്രാതാ | ഉത്തമന്റെ ഭ്രാതാവും | ഇത്യാദ്യാഃ | എന്നു തുടങ്ങിയ |
| താമസഃ | 'താമസൻ' എന്ന | ദശ | പത്തുപേർ |
| നാമ്നാ ച | നാമത്തോടു കൂടിയവനു മാണ്. | തത്സുതാ | അദ്ദേഹത്തിന്റെ പുത്രന്മാരും. |
| പൃഥുഃ | പൃഥു, | | |

**28** **സത്യകാ ഹരയോ വീരാ ദേവാസ്ത്രിശിഖ ഈശ്വരഃ**
**ജ്യോതിർധാമാദയഃ സപ്തഋഷയസ്താമസേഽന്തരേ**

| | | | |
|---|---|---|---|
| താമസേ | താമസമെന്ന | ദേവാഃ | ദേവന്മാരും |
| അന്തരേ | മന്വന്തരത്തിൽ | ത്രിശിഖഃ | ത്രിശിഖൻ ഇന്ദ്രനുമായിരുന്നു. |
| സത്യകാഃ | സത്യകന്മാർ, | ജ്യോതിർധാമാദയഃ സപ്തഋഷയഃ | ജ്യോതിർധാമാവു് തുടങ്ങിയ ഏഴുപേർ ഋഷികളുമായിരുന്നു. |
| ഹരയഃ | ഹരികൾ, | | |
| വീരാഃ | വീരന്മാർ എന്നിവർ | | |

**29.** **ദേവാ വൈധൃതയോ നാമ വിധൃതേസ്തനയാ നൃപ**
**നഷ്ടാഃ കാലേന യൈർവേദാ വിധൃതാഃ സ്വേന തേജസാ**

| | | | |
|---|---|---|---|
| വിധൃതേഃ | വിധൃതിയുടെ | കാലേന | കാലം കൊണ്ടു |
| തനയാഃ | പുത്രന്മാരും | നഷ്ടാഃ | നശിച്ചിരുന്ന |
| വൈധൃതയഃ നാമ ദേവാഃ | വൈധൃതികളെന്നു പേരുള്ളവരുമായ ദേവന്മാർ | വേദാഃ | വേദങ്ങൾ |
| (അന്യേ ച) | വേറെയും ഉണ്ടായിരുന്നു. | സ്വേന | സ്വകീയമായ |
| നൃപ | രാജാവേ ! | തേജസാ | പ്രതാപത്താൽ |
| യൈഃ | യാതൊരുവരാൽ | വിധൃതാഃ | സമുദ്ധരിക്കപ്പെട്ടു. |

**30.** **തത്രാപി ജജ്ഞേ ഭഗവാൻ ഹരിണ്യാം ഹരിമേധസഃ**
**ഹരിരിത്യാഹൃതോ യേന ഗജേന്ദ്രോ മോചിതോ ഗ്രഹാത്**

| | | | |
|---|---|---|---|
| തത്രാപി | ആ മന്വന്തരത്തിലും | ഹരിണ്യാം | ഹരിണിയെന്ന പത്നിയിൽ |
| ഹരിമേധസഃ | ഹരിമേധസ്സെന്ന ഋഷിയുടെ | ഹരിഃ ഇതി | 'ഹരി' എന്നിങ്ങനെ |

| | | | |
|---|---|---|---|
| ആഹൃതഃ | വ്യാഹരിക്കപ്പെട്ടവനായിട്ട് | യേന | യാതൊരു ഹരിയാൽ |
| ഭഗവാൻ | ശ്രീനാരായണൻ | ഗജേന്ദ്രഃ | ഗജേന്ദ്രൻ |
| ജജ്ഞേ | അവതരിച്ചു, | ഗ്രഹാത് | മുതലയിൽനിന്ന് |
| | | മോചിതഃ | മോചിപ്പിക്കപ്പെട്ടു. |

രാജോവാച = രാജാവു ചോദിച്ചു—

31. **ബാദരായണ ഏതത്തേ ശ്രോതുമിച്ഛാമഹേ വയം**
**ഹരിര്യഥാ ഗജപതിം ഗ്രാഹഗ്രസ്തമമൂമുചത്**

| | | | |
|---|---|---|---|
| ബാദരായണ | ഹേ വ്യാസപുത്ര ! | ഗ്രാഹഗ്രസ്തം | ഗ്രാഹത്താൽ ഗ്രസിക്കപ്പെട്ട |
| വയം | ഞങ്ങൾ | ഗജപതിം | ഗജേന്ദ്രനെ |
| തേ ഏതത് | അങ്ങയിൽനിന്ന് ഇത് | യഥാ | ഏതുപ്രകാരത്തിൽ |
| ശ്രോതും | കേട്ടറിവാൻ | അമൂമുചത് | മോചിപ്പിച്ചു ? |
| ഇച്ഛാമഹേ | ആഗ്രഹിക്കുന്നു— | | |
| ഹരിഃ | ''ശ്രീഹരി | | |

32. **തത്കഥാസു മഹത് പുണ്യം ധന്യം സ്വസ്ത്യയനം ശുഭം**
**യത്ര യത്രോത്തമശ്ലോകോ ഭഗവാൻ ഗീയതേ ഹരിഃ**

| | | | |
|---|---|---|---|
| യത്ര യത്ര | ഏതേതുകളിൽ | തത്കഥാസു | ആ കഥകളിലെല്ലാം |
| ഉത്തമശ്ലോകഃ | പാവനചരിതനും | മഹത് | മഹത്തും |
| ഭഗവാൻ | സദൈശ്വര്യാദി പൂർണ്ണനുമായ | ധന്യം | പ്രശംസനീയവും |
| | | സ്വസ്ത്യയനം | ക്ഷേമംകരവും |
| ഹരിഃ | ശ്രീഹരി | ശുഭം | മംഗളകരവുമായ |
| ഗീയതേ | കീർത്തിക്കപ്പെടുന്നുവോ | പുണ്യം | സത്ഫലമുണ്ട്. |

സൂത ഉവാച = സൂതൻ (ശൗനകാദികളോട്) പറഞ്ഞു—

33. **പരീക്ഷിതൈവം സ തു ബാദരായണിഃ**
**പ്രായോപവിഷ്ടേന കഥാസു ചോദിതഃ**
**ഉവാച വിപ്രാഃ പ്രതിനന്ദ്യ പാർത്ഥിവം**
**മുദാ മുനീനാം സദസി സ്മ ശൃണ്വതാം**

| | | | |
|---|---|---|---|
| വിപ്രാഃ | ഹേ ബ്രാഹ്മണ ശ്രേഷ്ഠരേ! | സഃ തു | ആ ശുക ബ്രഹ്മർഷിയാകട്ടെ |
| ബാദരായണിഃ | ബാദരായണ (വ്യാസ) മുനിയുടെ പുത്രനായ | കഥാസു | കഥാ ശ്രവണത്തിന്നായി |

| | | | |
|---|---|---|---|
| പ്രായോ—പവിഷ്ടേന | 'പ്രായോപവേശ വ്രതം' (മരണപര്യന്തം ഉപവാസം) സ്വീകരിച്ചിരിക്കുന്ന | മുദാ | സന്തോഷത്തോടെ |
| | | പ്രതിനന്ദ്യ | അഭിനന്ദിച്ചശേഷം |
| പരീക്ഷിതാ | ശ്രീപരീക്ഷിത്തിനാൽ | ശൃണ്വതാം | ശ്രോതാക്കളായിരിക്കുന്ന |
| ഏവം | ഇപ്രകാരം | മുനീനാം | മുനിമാരുടെ |
| ചോദിതഃ | പ്രേരിതനായിട്ട് | സദസി | സഭയിൽവച്ച് |
| **പാർത്ഥിവം** | **രാജാവിനെ** | ഉവാച സ്മ | **പറഞ്ഞു തുടങ്ങി.** |

ഇതിശ്രീമദ് ഭാഗവതേ മഹാപുരാണേ അഷ്ടമസ്കന്ധേ
മന്വന്തരാനുചരിതേ പ്രഥമോഽധ്യായഃ
ആദിതഃ ശ്ലോകാഃ — 33
**അഷ്ടമസ്കന്ധത്തിൽ ഒന്നാമധ്യായം കഴിഞ്ഞു.**

# *ദ്വിതീയോഽധ്യായഃ — അധ്യായം രണ്ട്*

## ഗജേന്ദ്രോപാഖ്യാനം

ഗജേന്ദ്രൻ നക്രവക്ത്രത്തിൽ കുടുങ്ങിയത്.

''ദ്വിതീയേ തു ഗജേന്ദ്രസ്യ ഗജീഭിഃ ക്രീഡതോ ജലേ
ദൈവാദ് ഗ്രാഹഗൃഹീതസ്യ ഹരിസ്തുതിരുദീര്യതേ''

ഈ രണ്ടാമത്തെ അധ്യായത്തിൽ ഗജേന്ദ്രൻ ഗജകാമിനികളോടൊത്തു ജലക്രീഡയിൽ ഏർപ്പെട്ടുകൊണ്ടിരിക്കെ ദൈവവശാൽ ഒരു മുതല വന്നു പിടികൂടിയതും അതു പിടിവിടാഞ്ഞതുമൂലം മനസ്സിൽ ഭഗവൽസ്മരണയുണ്ടായതും വർണ്ണിക്കപ്പെടുന്നു.

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു—

1. **ആസീദ് ഗിരിവരോ രാജംസ്ത്രികൂട ഇതി വിശ്രുതഃ**
**ക്ഷീരോദേനാവൃതഃ ശ്രീമാൻ യോജനായുതമുച്ഛ്രിതഃ**

| | | | |
|---|---|---|---|
| രാജൻ | അല്ലയോ രാജാവേ! | യോജനാശതം | നൂറുയോജനയോളം |
| ക്ഷീരോദേന | പാൽക്കടലിനാൽ | ഉച്ഛ്രിതഃ | പൊക്കമുള്ളതും |
| ആവൃതഃ | ചുഴലപ്പെട്ടതും | ശ്രീമാൻ | സർവ്വസമൃദ്ധിയുള്ളതും |

| | | | |
|---|---|---|---|
| ത്രികൂടഃ ഇതി | ത്രികൂടമെന്നപേരിൽ | ഗിരിവരഃ | ഒരു മഹാപർവ്വതം |
| വിശ്രുതഃ | വിഖ്യാതവുമായ | ആസീത് | ഉണ്ട്. |

**2. താവതാ വിസ്തൃതഃ പര്യക് ത്രിഭിഃ ശൃംഗൈഃ പയോനിധിം**
**ദിശഃ ഖം രോചയന്നാസ്തേ രൗപ്യായസഹിരണ്മയൈഃ**

| | | | |
|---|---|---|---|
| പര്യക് | ചുററുപാടും | ശൃംഗൈഃ | കൊടുമുടികളാൽ |
| താവതാ | അത്രയുംകൊണ്ട് | പയോനിധിം | സമുദ്രത്തെയും |
| വിസ്തൃതഃ | പരപ്പിൽ കിടക്കുന്ന ആ പർവ്വതം | ദിശഃ | ദിക്കുകളെയും |
| | | ഖം | ആകാശത്തെയും |
| രൗപ്യായസഹിരണ്മയൈഃ | വെള്ളി, ഇരുമ്പ്, സ്വർണ്ണം എന്നീ ലോഹങ്ങൾ കൊണ്ടുള്ള | രോചയൻ | പ്രകാശമാനമാക്കിക്കൊണ്ട് |
| ത്രിഭിഃ | മൂന്ന് | ആസ്തേ | നിലകൊള്ളുന്നു. |

**3. അന്യൈശ്ച കകുഭഃ സർവ്വാ രത്നധാതുവിചിത്രിതൈഃ**
**നാനാദ്രുമലതാഗുല്മൈർനിർഘോഷൈർനിർഝരാംഭസാം**

| | | | |
|---|---|---|---|
| രത്നധാതുവിചിത്രിതൈഃ | രത്നങ്ങളാലും സിന്ദൂരഗൈരികാദി ധാതുക്കളാലും ശബളിതങ്ങളായ | നാനാദ്രുമലതാഗുല്മൈഃ | പലപല വൃക്ഷലതാനികുഞ്ജങ്ങളോടും |
| അന്യൈഃ ച | മററു ശിഖരങ്ങളാലും | നിർഝരാംഭസാം | അരുവികളിലെ നീരൊഴുക്കുകളുടെ |
| സർവ്വാഃ | എല്ലാ | നിർഘോഷൈഃ | ശബ്ദകോലാഹലങ്ങളോടു ചേർന്ന് |
| കകുഭഃ | ദിക്കുകളെയും | | |
| (രോചയൻ) | പ്രകാശമാനമാക്കിക്കൊണ്ട് | (ആസ്തേ) | സ്ഥിതിചെയ്യുന്നു. |

**4. സ ചാവനിജ്യമാനാംഘ്രിഃ സമന്താത് പയ ഊർമ്മിഭിഃ**
**കരോതി ശ്യാമളാം ഭൂമിം ഹരിന്മരകതാശ്മഭിഃ**

| | | | |
|---|---|---|---|
| സമന്താത് | നാലുവശത്തുനിന്നും | ഹരിന്മരകതാശ്മഭിഃ | മരകതപ്പച്ചരത്നക്കല്ലുകളാൽ |
| പയഊർമ്മിഭിഃ | പാല്ക്കടൽത്തിരകളാൽ | ഭൂമിം | പരിസരഭൂമിയെ |
| അവനിജ്യമാനാംഘ്രിഃ | പ്രക്ഷാളനം ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്ന അടിവാരങ്ങളോടുകൂടിയ | ശ്യാമളാം | സസ്യശ്യാമളയെന്നപോലെ |
| സഃ ച | ആ ഗിരിരാജനാകട്ടെ | കരോതി | ആക്കിത്തീർക്കുന്നു. |

**5. സിദ്ധചാരണഗന്ധർവ്വവിദ്യാധരമഹോരഗൈഃ**
**കിന്നരൈരപ്സരോഭിശ്ച ക്രീഡദ്ഭിർജ്ജുഷ്ടകന്ദരഃ**

ക്രീഡദ്ഭിഃ — വിഹരിച്ചുകൊണ്ടിരിക്കുന്ന
സിദ്ധ— — സിദ്ധന്മാർ
ചാരണ— — ചാരണന്മാർ,
ഗന്ധർവ്വ— — ഗന്ധർവ്വന്മാർ,
വിദ്യാധര— — വിദ്യാധരന്മാർ,
മഹോരഗൈഃ — മഹാനാഗങ്ങൾ എന്നിവരാലും
കിന്നരൈഃ — കിംപുരുഷന്മാരാലും
അപ്സരോഭിഃ ച — അപ്സരസ്ത്രീകളാലും
ജുഷ്ടകന്ദരഃ — പരിസേവിതങ്ങളായ ഗുഹകളോടുകൂടിയതായി
(ആസ്തേ) — സ്ഥിതിചെയ്യുന്നു.

6. **യത്ര സംഗീതസന്നാദൈർനദദ്ഗുഹമമർഷയാ**
**അഭിഗർജന്തി ഹരയഃ ശ്ലാഘിനഃ പരശങ്കയാ**

യത്ര — യാതൊരു ഗിരിപ്രദേശത്തിൽ
സംഗീത- സന്നാദൈഃ — ആലപിക്കുന്ന സംഗീതത്തിന്റെ ഉച്ചധ്വനികളാൽ
നദദ്ഗുഹം — മാറ്റൊലിക്കൊള്ളുന്ന ഗുഹകളോടുകൂടിയ ദിക്കിലേക്കു്,
ശ്ലാഘിനഃ — ശൗര്യം പ്രകടിപ്പിക്കുന്ന
ഹരയഃ — സിംഹങ്ങൾ
പരശങ്കയാ — അന്യസിംഹാശങ്കയാലുള്ള
അമർഷയാ — അമർഷംകൊണ്ടു്
അഭിഗർജന്തി — നേരിട്ടുനിന്നലറുന്നു.

7. **നാനാരണ്യപശുവ്രാതസങ്കലദ്രോണ്യലംകൃതഃ**
**ചിത്രദ്രുമസുരോദ്യാനകലകണ്ഠവിഹംഗമഃ**

8. **സരിത്സരോഭിരച്ഛോദൈഃ പുലിനൈർമണിവാലുകൈഃ**
**ദേവസ്ത്രീമജ്ജനാമോദസൗരഭാംബ്വനിലൈര്യുതഃ**

നാനാരണ്യ— പശുവ്രാത— — പലതരം കാട്ടുജന്തുക്കളുടെ കൂട്ടങ്ങൾ
സങ്കലദ്രോ- ണ്യലംകൃതഃ — തിങ്ങിനിറഞ്ഞ താഴ്വരകളാൽ അലംകൃതമായതും
ചിത്രദ്രുമ— സുരോദ്യാന- — പലമാതിരിമരങ്ങളുള്ള ദേവോദ്യാനങ്ങളിൽ
കലകണ്ഠ— വിഹംഗമഃ — മധുരമായി ശബ്ദിക്കുന്ന പറവകളോടു ചേർന്നതുമായ
(സഃ ഗിരിഃ) — ആ പർവ്വതം
അച്ഛോദൈഃ — സ്വച്ഛജലമുള്ള
സരിത്— സരോഭിഃ — കാട്ടാറുകളോടും, തടാകങ്ങളോടും
മണിവാലു- കൈഃ — രത്നത്തരികളൊത്ത മണലുകൾ കൂടിക്കിടക്കുന്ന
പുലിനൈഃ — തിട്ടുകളോടും,
ദേവസ്ത്രീ- മജ്ജനാമോദ- — ദേവസ്ത്രീകളുടെ സ്നാനംകൊണ്ടു് അതിസുഗന്ധമാന്ന
സൗരഭാംബ്വ നിലൈഃ — സുരഭിജലത്തിലൂടെ വീശിവരുന്ന കാറ്റിനോടും
യുതഃ — ചേർന്നുല്ലസിക്കുന്നു.

9. **തസ്യ ദ്രോണ്യാം ഭഗവതോ വരുണസ്യ മഹാത്മനഃ**
**ഉദ്യാനമൃതുമന്നാമ ആക്രീഡം സുരയോഷിതാം**
**സർവ്വതോഽലംകൃതം ദിവ്യൈർനിത്യം പുഷ്പഫലദ്രുമൈഃ**

| | | | |
|---|---|---|---|
| തസ്യ | അതിന്റെ | ദിവ്യൈഃ | അഭൗമങ്ങളായ |
| ദ്രോണ്യാം | താഴ്‌വരയിൽ | പുഷ്പഫല-ദ്രുമൈഃ | പൂമരങ്ങളാലും ഫലവൃക്ഷങ്ങളാലും |
| മഹാത്മനഃ | മാഹാത്മാവും | സർവ്വതഃ | എല്ലായിടവും |
| ഭഗവതഃ | ഭഗവാനുമായ | നിത്യം | എല്ലായ്പ്പോഴും |
| വരുണസ്യ | വരുണന്റെ | അലംകൃതം | പരിഭൂഷിതമായി |
| ഉദ്യാനം | പൂന്തോട്ടം | സുരയോഷിതാം | ദേവസ്ത്രീകളുടെ |
| (ആസ്തേ) | സ്ഥിതിചെയ്യുന്നു. | ആക്രീഡം | വിഹാരരംഗമായി |
| ഋതുമത് | 'ഋതുമത്' എന്ന | (വർത്തതേ) | വർത്തിക്കുന്നു. |
| നാമ | പേരായ അത് | | |

ഇനി നാലുശ്ലോകംകൊണ്ടു പർവ്വതത്തെ വീണ്ടും വർണ്ണിക്കുന്നു—

**10. മന്ദാരൈഃ പാരിജാതൈശ്ച പാടലാശോകചമ്പകൈഃ**
**ചൂതൈഃ പ്രിയാളൈഃ പനസൈരാമ്രൈരാമ്രാതകൈരപി**

**11. ക്രമുകൈർനാളികേരൈശ്ച ഖർജ്ജൂരൈർബീജപൂരകൈഃ**
**മധൂകൈഃ സാലതാലൈശ്ച തമാലൈരസനാർജ്ജുനൈഃ**

**12. അരിഷ്ടോദുംബരപ്ലക്ഷൈർവടൈഃ കിംശുകചന്ദനൈഃ**
**പിചുമന്ദൈഃ കോവിദാരൈഃ സരളൈഃ സുരദാരുഭിഃ**

**13. ദ്രാക്ഷേക്ഷുരംഭാജംബൂഭിർ ബദര്യക്ഷാഭയാമലൈഃ**
**ബില്വൈഃ കപിത്ഥൈർജംബീരൈർവൃതോ ഭല്ലാതകാദിഭിഃ**

മന്ദാരം — പരിജാതം — പനിനീർച്ചെമ്പകം — അശോകം — ചമ്പകം — തേന്മാവ് — മുരള് — പിലാവ് — മാവ് — അമ്പഴം എന്നീവൃക്ഷങ്ങളാലും,

കവുങ്ങ് — തെങ്ങ് — ഈന്ത — മാതളം — ഇരിപ്പ — പയിൻ — കരിംപന — പച്ചിലമരം — വേങ്ങ — നീർമരുത് എന്നീവൃക്ഷങ്ങളാലും,

ഉറുഞ്ചി — അത്തി — ഇത്തി — പേരാൽ — പ്ലാശ് — ചന്ദനം — വേപ്പ് — മലയകത്തി — ചരളം — ദേവതാരം എന്നീ വൃക്ഷങ്ങളാലും,

മുന്തിരി — കരിമ്പ് — വാഴ — ഞാവൽ — ഇലന്ത — താന്നി — കടുക്കമരം — നെല്ലി — കൂവളം — വ്ളാമരം — നാരകം — ചേരു് മുതലായ വൃക്ഷങ്ങളാലും ആ പർവ്വതം ആവരണം ചെയ്യപ്പെട്ടിരിക്കുന്നു.

ആ ഗിരിവന പ്രദേശത്തിലുള്ള മഹാസരസ്സിനെ ഇനി അഞ്ചു ശ്ലോകങ്ങളാൽ വർണ്ണിച്ചുകാണിക്കുന്നു—

14. തസ്മിൻ സരഃ സുവിപുലം ലസത്കാഞ്ചനപങ്കജം

15. കുമുദോത്പലകല്ഹാരശതപത്രശ്രിയോർജ്ജിതം
മത്തഷട്പദനിർഘുഷ്ടം ശകുന്തൈശ്ച കലസ്വനൈഃ

16. ഹംസകാരണ്ഡവാകീർണ്ണം ചക്രാഹ്വൈഃ സാരസൈരപി
ജലകുക്കുടകോയഷ്ടിദാത്യൂഹകുലകൂജിതം

17. മത്സ്യകച്ഛപസഞ്ചാരചലത്പദ്മരജഃപയഃ
കദംബവേതസനലനീപമഞ്ജുലകൈർവൃതം

| | |
|---|---|
| തസ്മിൻ | അതിൽ |
| ലസത്- കാഞ്ചന- പങ്കജം | തങ്കത്താമര പൂക്കൾ വികസിച്ചുകൊണ്ടു നില്ക്കുന്ന |
| സുവിപുലം | വിസ്താരമേറിയ |
| സരഃ (അസ്തി) | ഒരു തടാകമുണ്ട്. |
| കുമുദോത്- പലകല്- ഹാരശത- പത്രശ്രിയാ | ആമ്പൽ, കരിംകുവളം, സൗഗന്ധികം, ശതദള കമലം എന്നിവയുടെ ശോഭയാൽ |
| ഊർജ്ജിതം | സംപുഷ്ടമായിരിക്കുന്നു; |
| മത്തഷട്പദ- നിർഘുഷ്ടം | മദിച്ച വണ്ടുകൾ മുരണ്ടു കൊണ്ടിരിക്കുന്നു; |
| കലസ്വനൈഃ | കളരവമുതിർക്കുന്ന |
| ശകുന്തൈഃ ച | പക്ഷികളാലും |
| ചക്രാഹ്വൈഃ | ചക്രവാകങ്ങളാലും |
| സാരസൈഃ | വെള്ളിൽപ്പറവകളാലും |
| (ആവൃതം) | ആവൃതമാണ്; |

| | |
|---|---|
| ഹംസ- കാരണ്ഡവാ- കീർണ്ണം | അരയന്നങ്ങളും കാരണ്ഡവങ്ങളും എമ്പാടും നിറഞ്ഞിട്ടുള്ളതാണ്; |
| ജലകുക്കുട- കോയഷ്ടി- ദാത്യൂഹകുല- കൂജിതം | നീർക്കോഴി, പോന്ന, നത്ത് എന്നിവയുടെ കൂട്ടം ചേർന്നുള്ള കൂജനാരാവത്താൽ മുഖരിതമാണ്. |
| മത്സ്യകച്ഛപ- സഞ്ചാര- ചലത്പദ്മ- രജഃ പയഃ | മത്സ്യങ്ങളും ആമകളും സഞ്ചരിച്ചുകൊണ്ടിരിക്കയാൽ ഇളകും തട്ടുന്ന താമരപ്പൂക്കളിലെ പൊടികലർന്ന ജലത്താൽ പരിലസിക്കുന്നതും |
| കദംബ- വേതസ- നലനീപ- മംജുലകൈഃ | കടമ്പിൻവള്ളി ആററുവഞ്ഞി, രാമച്ചം, നീലാശോകം എന്നിവയുടെ നികുഞ്ജങ്ങളാൽ |
| വൃതം | ചുഴലപ്പെട്ടതുമാകുന്നു. |

18. കുന്ദൈഃ കുരവകാശോകൈഃ ശിരീഷൈഃ കുടജേങ്ഗുദൈഃ
കുബ്ജകൈഃ സ്വർണ്ണയൂഥീഭിർനാഗപുന്നാഗജാതിഭിഃ

19. മല്ലികാശതപത്രൈശ്ച മാധവീജാലകാദിഭിഃ
ശോഭിതം തീരജൈശ്ചാന്യൈർ നിത്യർത്തുഭിരലം ദ്രുമൈഃ

മാത്രമല്ല, മുല്ല — ചെങ്കുറുഞ്ഞി — അശോകം — നെന്മേനിവാക — കുടകപ്പാല ഓടൽ — ചേമന്തി — മഞ്ഞക്കുറുമൊഴി — നാകം — പുന്നാകം — പിച്ചകം എന്നിവയാലും,

മല്ലിക — ശതപത്രം — കുരുക്കത്തിമുല്ല — കൊണ്ടമുല്ല മുതലായവയാലും, എല്ലാ കാലാവസ്ഥകളിലും പൂത്തുകൊണ്ടു കരയിൽ നില്ക്കുന്ന മററു വൃക്ഷങ്ങളാലും തടാകം ശോഭിതമായിരിക്കുന്നു.

**20.** **തത്രൈകദാ തദ്ഗിരികാനനാശ്രയഃ**
**കരേണുഭിർവാരണയൂഥപശ്ചരൻ**
**സകണ്ടകാൻ കീചകവേണുവേത്രവദ്**
**വിശാലഗുല്മം പ്രരുജൻ വനസ്പതീൻ**

| | |
|---|---|
| തത്ര | അവിടെ |
| ഏകദാ | അന്നൊരിക്കൽ |
| തദ്ഗിരി—കാനനാശ്രയഃ | ആ ഗിരിവനത്തെ വാസസ്ഥാനമാക്കിയിരുന്ന |
| വാരണയൂഥപഃ | ഒരുഗജസംഘത്തലവൻ |
| സകണ്ടകാൻ | മുള്ളുള്ള |
| വനസ്പതീൻ | വൻമരങ്ങളെയും |
| കീചകവേണു-വേത്രവത് | മുള്ളുകളും ഓടകളും ചൂരലുകളുമുള്ള |
| വിശാലഗുല്മം | പെരുത്ത കുററിക്കാടിനെയും |
| പ്രരുജൻ | തകർത്തുകൊണ്ട് |
| കരേണുഭിഃ | പിടിയാനകളോടുകൂടി |
| ചരൻ (ആസീത്) | സഞ്ചരിച്ചുകൊണ്ടിരിക്കയായിരുന്നു. |

**21.** **യദ്ഗന്ധമാത്രാദ്ധരയോ ഗജേന്ദ്രാ**
**വ്യാഘ്രാദയോ വ്യാളമൃഗാഃ സഖഡ്ഗാഃ**
**മഹോരഗാശ്ചാപി ഭയാദ് ദ്രവന്തി**
**സഗൗരകൃഷ്ണാഃ ശരഭാശ്ചമര്യഃ**

| | |
|---|---|
| യദ്ഗന്ധ-മാത്രാത് | യാതൊരുവൻെറ ഗന്ധമേററാൽത്തന്നെ |
| ഹരയഃ | സിംഹങ്ങളും, |
| ഗജേന്ദ്രാഃ | ഗജവീരന്മാരും, |
| സഖഡ്ഗാഃ | കണ്ടാമൃഗങ്ങളുമൊപ്പെടെ |
| വ്യാഘ്രാദയഃ | കടുവാതുടങ്ങിയ ഹിംസ്രമൃഗങ്ങളും, |
| സഗൗരകൃഷ്ണാഃ | വെള്ളയും കറുത്തവയുമായ |
| ശരഭാഃ | എട്ടടി മാനുകളും, |
| ചമര്യഃ | ചമരിമാനുകളും, |
| മഹോരഗാഃ ച അപി | വലിയ ഇഴ ജന്തുക്കളും കൂടിയും |
| ഭയാത് | പേടിയാൽ |
| ദ്രവന്തി | ഓടിയൊളിക്കുന്നു. |

**22.** **വൃകാ വരാഹാ മഹിഷർക്ഷ ശല്യാ**
**ഗോപുച്ഛ സാലാവൃക മർക്കടാശ്ച**
**അന്യത്ര ക്ഷുദ്രാ ഹരിണാഃ ശശാദയ—**
**ശ്ചരന്ത്യഭീതാ യദനുഗ്രഹേണ**

| | |
|---|---|
| യദനു-ഗ്രഹേണ | യാതൊരുവന്റെ കാരുണ്യം നിമിത്തം |
| വൃകാഃ | ചെന്നായ്ക്കളും, |
| വരാഹാഃ | പന്നികളും, |
| മഹിഷർ-ക്ഷശല്യാഃ | കാട്ടുപോത്തുകൾ – കരടിക്കരങ്ങുകൾ – മുള്ളൻപന്നികൾ എന്നിവയും |
| ഗോപുച്ഛ-സാലാവൃക-മർക്കടാഃ ച | നീണ്ടവാലുള്ള കരിംകരങ്ങുകളും, കുറുക്കന്മാരും, മൊച്ചക്കരങ്ങുകളും, |
| ഹരിണാഃ | മാനുകളും, |
| ശശാദയഃ | മുയലുകളും മററുമായ |
| ക്ഷുദ്രാഃ | ക്ഷുദ്രമൃഗങ്ങൾ |
| അഭീതാഃ | പേടികൂടാതെ |
| അന്യത്ര | മറെറാരിടത്തു |
| ചരന്തി | സഞ്ചരിക്കുന്നു. |

23. സ ഘർമ്മതപ്തഃ കരിഭിഃ കരേണുഭിർ-
വൃതോ മദച്യുത് കളഭൈരനുദ്രുതഃ
ഗിരിം ഗരിമ്ണാ പരിതഃ പ്രകംപയൻ
നിഷേവ്യമാനോഽളികുലൈർമദാശനൈഃ

24. സരോഽനിലം പങ്കജരേണുരൂഷിതം
ജിഘ്രൻ വിദൂരാന്മദവിഹ്വലേക്ഷണഃ
വൃതഃ സ്വയൂഥേന തൃഷാർദിതേന തത്
സരോവരാഭ്യാശമഥാഗമദ് ദ്രുതം

| | |
|---|---|
| കരിഭിഃ | കൊമ്പന്മാരാലും |
| കരേണുഭിഃ | പിടികളാലും |
| വൃതഃ | ചുററപ്പെട്ടവനായും, |
| കളഭൈഃ | കുട്ടിയാനകളാൽ |
| അനുദ്രുതഃ | അനുധാവനം ചെയ്യപ്പെട്ടവനായും, |
| മദച്യുത് | മദനീരൊഴുക്കുന്നവനും |
| മദവിഹ്വ-ലേക്ഷണഃ | മദംനിമിത്തം വിവശമായ ദൃഷ്ടിയോടു കൂടിയവനുമായ |
| സഃ | ആ ഗജേന്ദ്രൻ |
| മദാശനൈഃ | മദജലം നുകരുന്ന |
| അളികുലൈഃ | വണ്ടിൻ കൂട്ടങ്ങളാൽ |
| നിഷേവ്യ-മാണഃ | അകമ്പടി സേവിക്കപ്പെട്ടുകൊണ്ടും |
| ഗരിമ്ണാ | ആക്കംകൊണ്ടു് |
| ഗിരിം | പർവ്വതത്തിന്റെ |
| പരിതഃ | പരിസരത്തെ |
| പ്രകംപയൻ | കിടിലം കൊള്ളിച്ചുകൊണ്ടും സഞ്ചരിച്ചു് |
| ഘർമ്മതപ്തഃ (യദാ) | വേനൽച്ചൂടാൽ തപിക്കപ്പെട്ടവനായപ്പോൾ |
| പങ്കജരേണു-രൂഷിതം | താമരപ്പൂംപൊടി ചിതറിക്കലർന്ന |
| സരോനിലം | കുളക്കാററിനെ |
| വിദൂരാത് | ഒട്ടകലെനിന്നുതന്നെ |
| ജിഘ്രൻ | മണത്തറിഞ്ഞു് |
| തൃഷാ | ദാഹംകൊണ്ടു |
| അർദിതേന | വലഞ്ഞ |
| സ്വയൂഥേന | തന്റെ സംഘത്താൽ |
| വൃതഃ | പരിവൃതനായിട്ടു് |
| തത് സരോ-വരാഭ്യാശം | ആ മികച്ച പൊയ്കയുടെ അടുക്കലേക്കു് |
| അഥ ദ്രുതം | പിന്നെ തിടുക്കത്തിൽ |
| അഗമത് | ചെന്നുചേർന്നു. |

**25.** **വിഗാഹ്യ തസ്മിന്നമൃതാംബു നിർമ്മലം**
**ഹേമാരവിന്ദോത്പല രേണു വാസിതം**
**പപൗ നികാമം നിജപുഷ്കരോദ്ധൃത-**
**മാത്മാനമദ്ഭിഃ സ്നപയൻ ഗതക്ലമഃ**

| | | | |
|---|---|---|---|
| തസ്മിൻ | അതിൽ | നിജപുഷ്കരോദ്ധൃതം | തന്റെ തുമ്പിക്കൈകൊണ്ടു വലിച്ചെടുത്തു് |
| വിഗാഹ്യ | ഇറങ്ങിയിട്ട് | നികാമം | യഥേഷ്ടം |
| ഹേമാരവിന്ദോത്പലരേണുവാസിതം | തങ്കത്താമരകളുടെയും ആമ്പലുകളുടെയും കേസരങ്ങളാൽ മണം കലർന്നതും | പപൗ | പാനംചെയ്തു. |
| | | അദ്ഭിഃ | വെള്ളംകൊണ്ട് |
| | | ആത്മാനം | സ്വശരീരത്തെ |
| നിർമ്മലം | തെളിമയുള്ളതുമായ | സ്നപയൻ | നനച്ച് |
| അമൃതാംബു | അമൃതോപമജലത്തെ | ഗതക്ലമഃ | ക്ഷീണം വിട്ടവനുമായി |

**26.** **സ്വപുഷ്കരേണോദ്ധൃതശീകരാംബുഭിർ-**
**നിപായയൻ സംസ്നപയൻ യഥാ ഗൃഹീ**
**ഘൃണീ കരേണൂഃ കളഭാംശ്ച ദുർമ്മദോ**
**നാചഷ്ട കൃച്ഛ്രം കൃപണോഽജമായയാ**

| | | | |
|---|---|---|---|
| ദുർമ്മദഃ | ദുരഹംകാരിയായ | നിപായയൻ | കുടിപ്പിച്ചും |
| (സഃ) | അവൻ | സംസ്നപയൻ | കുളിപ്പിച്ചും കൊണ്ടിരിക്കെ, |
| ഘൃണീ | കനിവുള്ള | | |
| ഗൃഹീ യഥാ | ഗൃഹനാഥനെപ്പോലെ | അജമായയാ | ഈശ്വരമായയാൽ |
| സ്വപുഷ്കരേണ | തന്റെ തുമ്പിക്കരത്താൽ | കൃപണഃ | ദയനീയമാം വിധം മോഹിതനായി ഭവിച്ച് |
| ഉദ്ധൃതശീകരാംബുഭിഃ | കോരിയെടുത്ത ശീതളജലങ്ങൾകൊണ്ടു | | |
| കരേണൂഃ | പിടിയാനകളെയും | കൃച്ഛ്രം | ആപത്തിനെപ്പററി |
| കളഭാൻ ച | കൊച്ചാനകളെയും | ന ആചഷ്ട | ആലോചിച്ചതേ ഇല്ല. |

**27.** **തം തത്ര കശ്ചിന്നൃപ ദൈവചോദിതോ**
**ഗ്രാഹോ ബലീയാംശ്ചരണേ രുഷാഽഗ്രഹീത്**
**യദൃച്ഛയൈവം വ്യസനം ഗതോ ഗജോ**
**യഥാബലം സോഽതിബലോ വിചക്രമേ**

| | | | |
|---|---|---|---|
| നൃപ | അല്ലയോ രാജാവേ! | ഗ്രാഹഃ | മുതല |
| തത്ര തം | അവിടെ, അവനെ | ദൈവചോദിതഃ | ദൈവേച്ഛയാൽ പ്രചോദിതനായിട്ട് |
| ബലീയാൻ | അധികം ഊക്കനായ | | |
| കശ്ചിത്- | ഒരു | രുഷാ | രോഷത്തോടെ |

| | |
|---|---|
| ചരണേ | കാലിന്മേൽ |
| അഗ്രഹീത് | പിടികൂടി. |
| യദൃച്ഛയാ | അവിചാരിതമായി |
| ഏവം | ഇപ്രകാരം |
| വ്യസനം | ആപത്തിലേക്ക |
| ഗതഃ | നീങ്ങിയ |
| അതിബലഃ | ബലശാലിയായ |
| സഃ ഗജഃ | ആ ഗജേന്ദ്രൻ |
| യഥാബലം | സ്വശക്തിക്കനുസരിച്ച് |
| വിചക്രമേ | പിടി വിടിവിക്കുവാൻ വെപ്രാളംകൂട്ടി |

**28.** **തഥാതുരം യൂഥപതിം കരേണവോ**
**വികൃഷ്യമാണം തരസാ ബലീയസാ**
**വിചുക്രുശുർ ദീനധിയോഽപരേ ഗജാഃ**
**പാർഷ്ണിഗ്രഹാസ്താരയിതും ന ചാശകൻ**

| | |
|---|---|
| ബലീയസാ | കരുത്തനായ ശത്രുവിനാൽ |
| തരസാ | ഊക്കോടെ |
| വികൃഷ്യമാണം | വലിച്ചിഴയ്ക്കപ്പെട്ടു കൊണ്ട് |
| തഥാ | ആവിധം |
| ആതുരം | വിവശനായിത്തീർന്ന |
| യൂഥപതിം | സംഘത്തലവനെ, നോക്കി |
| ദീനധിയഃ | ദീനഭാവം കലർന്ന |
| കരേണവഃ | പിടിയാനകൾ |
| വിചുക്രുശുഃ | ആക്രോശിച്ചു; |
| പാർഷ്ണിഗ്രഹാഃ | സഹായത്തിനെത്തിയ |
| അപരേ | മറ്റുള്ള |
| ഗജാഃ | ആനകൾ |
| താരയിതും | രക്ഷപ്പെടുത്തുവാൻ |
| ന അശകൻ ച | ശക്തരായതുമില്ല. |

**29.** **നിയുധ്യതോരേവമിഭേന്ദ്രനക്രയോ-**
**ർവികർഷതോരന്തരതോ ബഹിർമിഥഃ**
**സമാഃ സഹസ്രം വ്യഗമൻ മഹീപതേ**
**സപ്രാണയോശ്ചിത്രമമംസതാമരാഃ**

| | |
|---|---|
| മഹീപതേ | ഹേ രാജേന്ദ്ര ! |
| ഇഭേന്ദ്ര-നക്രയോഃ | ഗജേന്ദ്രനും നക്രവും |
| അന്തരതഃ | ഉള്ളിലേക്കും |
| ബഹിഃ | പുറമേക്കും |
| മിഥഃ | തമ്മിൽത്തമ്മിൽ |
| വികർഷതോ | വലിച്ചിഴച്ചുകൊണ്ട് |
| ഏവം | ഇപ്രകാരം |
| നിയുധ്യതോഃ | യുദ്ധംചെയ്തുകൊണ്ടിരിക്കെ |
| സഹസ്രം | ആയിരം |
| സമാഃ | സംവത്സരങ്ങൾ |
| വ്യഗമൻ | കഴിഞ്ഞുപോയി |
| സപ്രാണയോഃ | (എന്നിട്ടും) ജീവാപായം വരാതിരിക്കെ |
| അമരാഃ | ദേവന്മാർ |
| ചിത്രം | ആശ്ചര്യമെന്നു |
| അമംസത | കരുതി. |

**30.** **തതോ ഗജേന്ദ്രസ്യ മനോബലൗജസാം**
**കാലേന ദീർഘേണ മഹാനഭൂദ് വ്യയഃ**

**വികൃഷ്യമാണസ്യ ജലേഽവസീദതോ**
**വിപര്യയോഽഭൂത് സകലം ജലൗകസഃ**

| | | | |
|---|---|---|---|
| ജലേ | വെള്ളത്തിൽ | തതഃ | ഒടുവിൽ |
| വികൃഷ്യമാണസ്യ | വലിച്ചിഴയ്ക്കപ്പെട്ട് | മഹാൻ | വലിയ |
| | | വ്യയഃ | നാശം |
| അവസീദതഃ | തളർന്നുകൊണ്ടിരുന്ന | അഭൂത് | സംഭവിച്ചു. |
| ഗജേന്ദ്രസ്യ | ഗജേന്ദ്രന്റെ | ജലൗകസഃ | വെള്ളത്തിൽ ജീവിക്കുന്ന മുതലയ്ക്ക് |
| മനോബലൗജസാം | മാനസികമായ ഉത്സാഹത്തിനും ദേഹബലത്തിനും ഇന്ദ്രിയശക്തിക്കും | സകലം | ഇതെല്ലാം |
| ദീർഘേണ | ദീർഘിച്ച | വിപര്യയഃ | നേരെ വ്യത്യസ്തമായും |
| കാലേന | കാലംകൊണ്ട് | അഭൂത് | സംഭവിച്ചു. |

**31.** **ഇത്ഥം ഗജേന്ദ്രഃ സ യദാപ സങ്കടം**
**പ്രാണസ്യ ദേഹീ വിവശോ യദൃച്ഛയാ**
**അപാരയന്നാത്മവിമോക്ഷണേ ചിരം**
**ദധ്യാവിമാം ബുദ്ധിമഥാഭ്യപദ്യത**

| | | | |
|---|---|---|---|
| ഇത്ഥം | ഇപ്രകാരം | ആത്മവിമോക്ഷണേ | തന്നെ അതിൽനിന്നു മോചിപ്പിക്കുന്ന വിഷയത്തിൽ |
| ദേഹീ | ശരീരമാത്രാവശിഷ്ടനായിത്തീർന്ന | അപാരയൻ | അശക്തനായി, |
| സഃ ഗജേന്ദ്രഃ | ആ ഗജേന്ദ്രൻ | വിവശഃ | അവശനായിട്ട് |
| യദൃച്ഛയാ | ഓർക്കാപ്പുറത്ത് | ചിരം | ഒട്ടേറെ നേരം |
| യദാ | എപ്പോൾ | ദധ്യൗ | ചിന്തിച്ചു; |
| | | അഥ | അനന്തരം |
| പ്രാണസ്യ | പ്രാണനെ സംബന്ധിച്ച | ഇമാം | ഏതാദൃശമായ |
| സങ്കടം | അപായഭീതിയെ | ബുദ്ധിം | ആത്മബോധത്തിലേക്ക് |
| ആപ (തദാ) | പ്രാപിച്ചുവോ, അപ്പോൾ | അഭ്യപദ്യത | എത്തിച്ചേർന്നു |

ആ ആത്മബോധം എന്തെന്നുള്ളതു താഴെപ്പറയുന്നു—

**32.** **ന മാമിമേ ജ്ഞാതയ ആതുരം ഗജാഃ**
**കുതഃ കരിണ്യഃ പ്രഭവന്തി മോചിതും**
**ഗ്രാഹേണ പാശേന വിധാതുരാവൃതോഽ-**
**പ്യഹം ച തം യാമി പരം പരായണം**

| | | | |
|---|---|---|---|
| ആതുരം മാം | അവശനായ എന്നെ | ന പ്രഭവന്തി | ശക്തരാവുന്നില്ല; |
| ജ്ഞാതയഃ | കൂട്ടാളികളായ | കരിണ്യഃ | പിടിയാനകൾ |
| ഇമേ ഗജാഃ | ഈ കൊമ്പനാനകൾ | കുതഃ | പിന്നെയെങ്ങനെ? |
| മോചിതും | മോചിപ്പിക്കുവാൻ | വിധാതുഃ | വിധിയുടെ |

| | | | |
|---|---|---|---|
| ഗ്രാഹേണ | നക്രാകൃതിയിലുള്ള | | ആശ്രയഭൂതനായി വർത്തി |
| പാശേന | കൊലക്കയറിനാൽ | | ക്കുന്ന |
| ആവൃതഃ അപി ച അഹം | വരിഞ്ഞുകെട്ടപ്പെട്ടവനെന്നിരിക്കിലും ഞാൻ | തം പരം | ആ പരമപുരുഷനെ |
| പരായണം | പരമോന്നതന്മാർക്കുപോലും | യാമി | ആശ്രയിക്കുന്നു. |

താൻ ആശ്രയിക്കുന്ന പരമപുരുഷൻെറ മഹത്ത്വം ഇനി ഒരു ശ്ലോകം കൊണ്ടു വ്യക്തമാക്കുന്നു—

33. **യഃ കശ്ചനേശോ ബലിനോന്തകോ രഗാത്**
**പ്രചണ്ഡ വേഗാദഭിധാവതോ ഭൃശം**
**ഭീതം പ്രപന്നം പരിപാതി യദ്ഭയാ—**
**ന്മൃത്യുഃ പ്രധാവത്യരണം തമീമഹേ**

| | | | |
|---|---|---|---|
| പ്രചണ്ഡ-വേഗാത് | അത്യുഗ്രമായ വേഗം ഹേതുവായിട്ട് | ഈശഃ | ഈശ്വരൻ |
| ഭൃശം | അത്യധികം | പരിപാതി | പരിപാലിക്കുന്നുവോ, |
| അഭിധാവതഃ | സർവ്വത്ര പാഞ്ഞുകൊണ്ടിരിക്കുന്ന | യദ്ഭയാത് | യാതൊരുവനിൽ നിന്നുള്ള ഭീതിയാൽ |
| ബലിനഃ | ബലശാലിയായ | മൃത്യുഃ | മരണദേവത |
| അന്തകോ-രഗാത് | അന്തകനാവുന്ന സർപ്പത്തിൽനിന്ന് | പ്രധാവതി | കർത്തവ്യവ്യഗ്രതയാൽ ചരക്കം പാഞ്ഞുകൊണ്ടിരിക്കുന്നുവോ, |
| ഭീതം | ഭയപ്പെട്ട് | തം | ആ ഈശ്വരനെ |
| പ്രപന്നം | തന്നെ വന്നാശ്രയിക്കുന്ന ജനത്തെ | അരണം | രക്ഷാസ്പദമായി |
| യഃ കശ്ചന | യാതൊരു ഏകനായ | ഈമഹേ | പ്രാപിച്ചുകൊള്ളുന്നു. |

''ശരണാഗതന്മാരെ മൃത്യുഭയത്തിൽനിന്നു രക്ഷിക്കുന്നവൻ ആരാണോ, മൃത്യുപോലും ഭയപ്പെടുന്നതു് ആരെയാണോ ആ സർവ്വശക്തനെത്തന്നെ ആത്മരക്ഷയ്ക്കുവേണ്ടി ഞാനിതാ ശരണം പ്രാപിക്കുന്നു'' എന്നു സാരം.

മൃത്യുവിൻെറ ഈശ്വരഭയത്തെ ഉദ്ഘോഷിക്കുന്ന ശ്രുതിവാക്യമാണിതു്.

''ഭീഷാസ്മാദ് വാതഃ പവതേ
ഭീഷോദേതി സൂര്യഃ
ഭീഷാ വഹ്നിശ്ചേന്ദ്രശ്ച
മൃത്യുർധാവതി പഞ്ചമഃ''

ഇതി ശ്രീമദ് ഭാഗവതേ മഹാപുരാണേ അഷ്ടമസ്കന്ധേ
മന്വന്തരാനുവർണ്ണനേ ഗജേന്ദ്രോപാഖ്യാനെ ദ്വിതീയോऽധ്യായഃ

ആദിതഃ ശ്ലോകാഃ 66 — അഷ്ടമസ്കന്ധത്തിൽ രണ്ടാമദ്ധ്യായം കഴിഞ്ഞു.

# തൃതീയോഽധ്യായഃ — അധ്യായം മൂന്നു്

## ഗജേന്ദ്രസ്തുതിയും ഗജേന്ദ്രമോക്ഷണവും

''തൃതീയേ തു ഗജേന്ദ്രേണ സ്തുതോ ഹരിരുപേത്യ തം
സമുദ്ധാര തം ഗ്രാഹാദ് ഗ്രാഹം ദേവലശാപതഃ''.

ഈ മൂന്നാമധ്യായത്തിൽ ഗജേന്ദ്രനാൽ സംസ്തുതനായ ഭഗവാൻ ശ്രീഹരി തൽസമീപത്തിലേക്കെഴുന്നള്ളി നക്രവക്ത്രത്തിൽനിന്നു് അവനെയും, ദേവലമുനിയുടെ ശാപത്തിൽനിന്നു നക്രത്തെയും സമുദ്ധരിച്ച വൃത്താന്തമാണു് പ്രതിപാദ്യം.

ശ്രീശുക ഉവാച = ശ്രീ ശുകൻ പറഞ്ഞു.

1. **ഏവം വ്യവസിതോ ബുദ്ധ്യാ സമാധായ മനോഹൃദി
ജജാപ പരമം ജാപ്യം പ്രാഗ്ജന്മന്യനുശിക്ഷിതം.**

| | | | |
|---|---|---|---|
| ഏവം | ഇപ്രകാരം (പൂർവ്വാധ്യായത്തിൽ പറഞ്ഞ പ്രകാരം) | സമാധായ | ഏകാഗ്രമാക്കിനിർത്തി, |
| ബുദ്ധ്യാ | ആത്മബോധം കൊണ്ടു് | പ്രാഗ്ജന്മന്യനുശിക്ഷിതം | കഴിഞ്ഞ ജന്മത്തിൽ നിരന്തരം അഭ്യസിക്കപ്പെട്ടിരുന്ന |
| വ്യവസിതഃ | നിശ്ചയിച്ചുറച്ച ഗജേന്ദ്രൻ | പരമം | അതിവിശിഷ്ടമായ |
| മനഃ | മനസ്സിനെ | ജാപ്യം | സ്തോത്രമന്ത്രത്തെ |
| ഹൃദി | ഹൃദയത്തിൽ | ജജാപ | ജപിച്ചു. |

ഗജേന്ദ്ര ഉവാച = ഗജേന്ദ്രൻ സ്തുതിച്ചു ചൊല്ലി.

2. **ഓം നമോ ഭഗവതേ തസ്മൈ യത ഏതച്ചിദാത്മകം
പുരുഷായാദിബീജായ പരേശായാഭിധീമഹി.**

| | | | |
|---|---|---|---|
| യതഃ | യാതൊരുവനിൽനിന്നു് | ആദിബീജായ | പ്രകൃതിപുരുഷ സ്വരൂപമായി വർത്തിക്കുന്നവനും |
| ഏതത് | ഈ ദേഹേന്ദ്രിയാദി സംഘാതം | പരേശായ | സർവ്വോപരി സ്വതന്ത്രനും |
| | | ഭഗവതേ | സർവ്വൈശ്വര്യസമ്പൂർണ്ണനായ |
| ചിദാത്മകം | ചൈതന്യവത്താവുന്നുവോ, | | |
| പുരുഷായ | ദേഹാദികളിൽ കാരണതേ്വന പ്രവേശിച്ചിരിക്കുന്നവനും | തസ്മൈ ഓം | ആ പ്രണവസ്വരൂപനു് |
| | | നമഃ | നമസ്കാരത്തെ |
| | | അഭിധീമഹി | അഭിധ്യാനത്താൽ സമർപ്പിക്കുന്നു. |

നക്രഗ്രസ്തനായതുകൊണ്ടു ശാരീരികമായ നമസ്കാരം തനിക്ക് അസാദ്ധ്യമാകയാൽ അഭിധ്യാനം കൊണ്ടുമാത്രം ആ കൃത്യം നിർവ്വഹിക്കുന്നുവെന്ന് ആശയം.

3. **യസ്മിന്നിദം യതശ്ചേദം യേനേദം ച ഇദം സ്വയം**
**യോഽസ്മാത് പരസ്മാച്ച പരസ്തം പ്രപദ്യേ സ്വയംഭുവം.**

| | |
|---|---|
| ഇദം | ഈ വിശ്വം |
| യസ്മിൻ | യാതൊരുവനാവുന്ന അധിഷ്ഠാനത്തിൽ സ്ഥിതിചെയ്യുന്നുവോ, |
| ഇദം | ഈ വിശ്വം |
| യതഃ ച | യാതൊരുവനാവുന്ന ഉപാദാന കാരണത്തിൽനിന്നുണ്ടായതാണോ, |
| ഇദം | ഈ വിശ്വം |
| യേന | യാതൊരുവനാവുന്ന കർത്താവിനാൽ ഉണ്ടാക്കപ്പെട്ടതാണോ, |
| ഇദം | ഈ വിശ്വം |

| | |
|---|---|
| സ്വയം ച | യാതൊരുവൻതന്നെയാകുന്നുവോ, |
| യഃ | യാതൊരുവൻ |
| അസ്മാത് | ഈ സ്ഥൂലമായ കാര്യപ്രപഞ്ചത്തിൽ നിന്നും |
| പരസ്മാത് ച | ആ സൂക്ഷ്മമായ കാരണസത്തയിൽനിന്നും |
| പരഃ | അതീതനായി വർത്തിക്കുന്നുവോ, |
| തം | അങ്ങനെയുള്ള |
| സ്വയം ഭുവം | സ്വയം സംസിദ്ധനായ വിശ്വകാരണാത്മാവിനെ |
| പ്രപദ്യേ | ഞാൻ ശരണം പ്രാപിക്കുന്നു. |

ഭഗവാനെ സംബന്ധിച്ച വിശ്വകാരണത്വവും സ്വതഃസിദ്ധത്വവും ഉപപാദിച്ച ശേഷം ഇനി വിശ്വപ്രകാശകത്വവും സ്വപ്രകാശത്വവും വർണ്ണിച്ചുകൊണ്ടു നമസ്കരിക്കുന്നു.

4. **യഃ സ്വാത്മനീദം നിജമായയാർപ്പിതം**
**ക്വചിദ്വിഭാതം ക്വ ച തത്തിരോഹിതം**
**അവിദ്ധദൃക് സാക്ഷ്യുഭയം തദീക്ഷതേ**
**സ ആത്മമൂലോഽവതു മാം പരാത്പരഃ.**

| | |
|---|---|
| യഃ | യാതൊരുവൻ |
| സ്വാത്മനി | സ്വസ്വരൂപത്തിൽ |
| നിജമായയാ | തന്റെ മായാവൈഭവത്താൽ |
| അർപ്പിതം | ഏർപ്പെടുത്തപ്പെട്ടതും |
| ക്വചിത് | ചിലപ്പോഴും (സൃഷ്ടികാലങ്ങളിൽ) |
| വിഭാതം | വ്യക്തീഭവിച്ചതും |
| ക്വ ച | മററുചിലപ്പോഴും (പ്രളയകാലങ്ങളിൽ) |

| | |
|---|---|
| തിരോഹിതം | മൂലപ്രകൃതിയിൽ വിലയിച്ചു മറഞ്ഞിരിക്കുന്നതുമായ |
| തത് ഇദം | ആ ഈ വിശ്വത്തെ |
| അവിദ്ധദൃക് | കോട്ടം തട്ടാത്ത നോട്ടത്തോടുകൂടിയ |
| സാക്ഷീ | സാക്ഷിയായിവർത്തിച്ച് |
| തത് ഉഭയം | ആ രണ്ടിനെയും (വ്യക്തവും അവ്യക്തവുമായ രണ്ടു വിധം വിശ്വത്തെയും) |

| | | | |
|---|---|---|---|
| ഈക്ഷതേ | നിരീക്ഷിക്കുന്നുവോ, | പരഃ | ശ്രേഷ്ഠനമായ |
| ആത്മമൂലഃ | തനിക്കു താൻതന്നെ മുരടായി നില്ക്കുന്ന സ്വയം പ്രകാശനം | സഃ | ആ സർവ്വേശ്വരൻ |
| പരാത് | വസ്തുപ്രകാശകത്വം കൊണ്ടു ശ്രേഷ്ഠമായ ചക്ഷുരാദിയെക്കാൾ | മാം | എന്നെ |
| | | അവതു | രക്ഷിക്കട്ടെ. |

‘പരാത്പരഃ’ എന്നതിന്നു ‘പരത്തേക്കാൾ പരൻ’ എന്നാണു് വാച്യാത്ഥമെങ്കിലും ‘ചക്ഷുഷഃ ചക്ഷുഃ’ ഇത്യാദി ശ്രുതിവാക്യമനുസരിച്ചു് ‘‘വസ്തുക്കളെ പ്രകാശിപ്പിക്കുന്ന ചക്ഷുസ്സിന്നു കൂടിയും പ്രകാശത്തെ കൊടുക്കുന്ന വിശിഷ്ടചക്ഷുസ്സായവൻ’’ എന്നു ലക്ഷ്യാത്ഥം ധരിക്കേണ്ടതാകുന്നു.

വ്യക്താവ്യക്തങ്ങൾ രണ്ടിനെയും സമനിലയിൽ വീക്ഷിക്കുന്ന ഈശ്വരന്റെ സാക്ഷാൽ സ്വരൂപത്തിന്റെ ദുർവിജ്ഞേയത്വം താഴെ 2 ശ്ലോകം കൊണ്ടു പറയുന്നു.

5 **കാലേന പഞ്ചത്വമിതേഷു കൃത്സ്നശോ**
**ലോകേഷു പാലേഷു ച സർവ്വഹേതുഷു**
**തമസ്തദാസീദ് ഗഹനം ഗഭീരം**
**യസ്തസ്യ പാരേഽഭിവിരാജതേ വിഭുഃ**

6. **ന യസ്യ ദേവാ ഋഷയഃ പദം വിദുർ–**
**ജന്തുഃ പുനഃ കോഽർഹതി ഗന്തുമീരിതും**
**യഥാ നടസ്യാകൃതിഭിർവിചേഷ്ടതോ**
**ദുരത്യയാനുക്രമണഃ സ മാവതു**

| | | | |
|---|---|---|---|
| ലോകേഷു | ലോകങ്ങളും | ആസീത് | വ്യാപ്തമായിരുന്നു. |
| പാലേഷു | ലോകപാലന്മാരും | തസ്യ | അതിന്റെ |
| സർവ്വ–ഹേതുഷു ച | സമസ്തലോകകാരണങ്ങളും | പാരേ | അപ്പുറത്തായി |
| | | വിഭുഃ | സർവ്വശക്തനായ |
| കാലേന | കാലശക്തിയാൽ | യഃ | യാതൊരുവൻ |
| കൃത്സ്നശഃ | തികച്ചും | അഭി-വിരാജതേ | എങ്ങും വ്യാപിച്ചു് പ്രശോഭിച്ചുകൊണ്ടിരിക്കുന്നുവോ, * |
| പഞ്ചത്വം | വിനാശത്തെ | | |
| ഇതേഷു | പ്രാപിച്ചിരിക്കെ, | യസ്യ | യാതൊരുവന്റെ |
| തദാ | അക്കാലത്തു് | പദം | സ്വരൂപം |
| ഗഹനം | നിബിഡവും | ദേവാഃ | ദേവന്മാരും |
| ഗഭീരം | അഗാധവുമായ | ഋഷയഃ | ഋഷികളുംകൂടി |
| തമഃ | അന്ധകാരം | ന വിദുഃ | അറിയുന്നില്ലയോ, |

| | |
|---|---|
| [പുനഃ | എന്നിരിക്കെ, പിന്നെ |
| കഃ ജന്തുഃ | ഏതൊരു പ്രാണിയാണ് |
| ഗന്തും | അറിവാനും |
| ഈരിതും | പറവാനും |
| അർഹതി | അർഹനാവുക?] |
| ആകൃതിഭിഃ | വേഷഭേദങ്ങളോടെ |
| വിചേഷ്ടതഃ | വിവിധരീതിയിൽ അഭിനയിക്കുന്ന |
| നടസ്യ യഥാ | നടന്റേതുപോലെ |
| യഃ | യാതൊരുവൻ |
| ദുരത്യയാനുക്രമണഃ | അറിയാനാവാത്ത ചരിതത്തോടു കൂടിയവനാകുന്നുവോ, |
| സഃ | ആ ഭഗവാൻ |
| മാ അവതു | എന്നെ കാത്തുകൊള്ളട്ടെ! |

* "ആദിത്യവർണ്ണം തമസഃ പരസ്താത്" ശ്രുതിവാക്യത്തെ അനുസ്മരിപ്പിക്കുന്നു.

ഈശ്വരസ്വരൂപം ദുർഗ്രഹമാണെങ്കിലും അജ്ഞാതമല്ല. "തമേവം വിദിത്വാ അതിമൃത്യുമേതി" എന്ന ശ്രുതി വചനം തന്നെ ഇതിന്നു പ്രമാണം. ഈ ഈശ്വരീയ ജ്ഞാനത്തിന്ന് — ഈശ്വരസാക്ഷാൽകാരത്തിന്ന് ഉതകുന്ന ചില വിശിഷ്ടമാർഗങ്ങളുണ്ട്. പ്രസ്തുത മാർഗങ്ങളെ പരാമർശിച്ച് ഗജേന്ദ്രൻ പ്രാർത്ഥിക്കുന്നു—

7. ദിദൃക്ഷവോ യസ്യ പദം സുമംഗലം
വിമുക്തസംഗാ മുനയഃ സുസാധവഃ
ചരന്ത്യലോകവ്രതമവ്രണം വനേ
ഭൂതാത്മഭൂതാഃ സുഹൃദഃ സ മേ ഗതിഃ

| | |
|---|---|
| യസ്യ | യാതൊരുവന്റെ |
| സുമംഗലം | പരമമംഗളമായ |
| പദം | സ്വരൂപത്തെ |
| ദിദൃക്ഷവഃ | സാക്ഷാൽക്കരിക്കാനാഗ്രഹിക്കുന്ന |
| സുസാധവഃ | മഹാത്മാക്കളും |
| വിമുക്തസംഗാഃ | വിഷയാസക്തി വിട്ടവരും |
| ഭൂതാത്മഭൂതാഃ | എല്ലാപ്രാണികളുടെയും ആത്മാവായി ഭവിച്ചവരും (സമഭാവനയുള്ളവരും) |
| സുഹൃദഃ | സുഹൃത്തുക്കളും |
| മുനയഃ | മനനശീലന്മാരുമായി ഭവിച്ച് |
| വനേ | തപോവനത്തിൽ |
| അവ്രണം | അഖണ്ഡമായ |
| അലോകവ്രതം | ബ്രഹ്മചര്യംമുതലായ അലൗകിക വ്രതത്തെ |
| ചരന്തി | ആചരിക്കുന്നുവോ, |
| സഃ മേ | ആ ഭഗവാൻ എനിക്ക് |
| ഗതിഃ | ആശ്രയമായി ഭവിക്കട്ടെ. |

ഇങ്ങനെ ഈശ്വരസാക്ഷാൽക്കാരം സാധിക്കാനുള്ള മാർഗ്ഗം പരോക്ഷമായി പ്രതിപാദിച്ചശേഷം ഈശ്വരനെ സംബന്ധിച്ച ദുർവിജ്ഞേയതയെത്തന്നെ വാഴ്ത്തി സ്തുതിച്ചു നമസ്കരിക്കുന്നു.

8. ന വിദ്യതേ യസ്യ ച ജന്മ കർമ്മ വാ
ന നാമരൂപേ ഗുണദോഷ ഏവ വാ

**തഥാപി ലോകാപ്യയസംഭവായ യഃ**
**സ്വമായയാ താന്യനുകാലമൃച്ഛതി.**

9\. **തസ്മൈ നമഃ പരേശായ ബ്രഹ്മണേഽനന്തശക്തയേ**
**അരൂപായോരുരൂപായ നമ ആശ്ചര്യകർമ്മണേ.**

| | | | |
|---|---|---|---|
| യസ്യ | യാതൊരുവന്ന് | അനുകാലം | കാലാനുസൃതം |
| ജന്മ | ജന്മമോ | ഋച്ഛതി | സ്വീകരിക്കുന്നുവോ |
| കർമ്മ വാ | കർമ്മമോ | തസ്മൈ | ആ ഭഗവാനായിക്കൊണ്ട് |
| ന വിദ്യതേ | ഇല്ലയോ, | നമഃ | നമസ്കാരം. |
| നാമരൂപേ | നാമരൂപങ്ങളാകട്ടെ | ബ്രഹ്മണേ | നിർവ്വികാരാത്മാവും |
| ഗുണദോഷഃ ഏവ വാ ന | ഗുണദോഷങ്ങളാകട്ടെ ഇല്ലാതിരിക്കുന്നുവോ, | അരൂപായ | നിരാകാരനും |
| തഥാപി | എങ്കിലുംകൂടി | അനന്തശക്തയേ | അററമില്ലാത്ത മായാബലത്തോടുകൂടിയവനും |
| യഃ | യാതൊരുവൻ | ഉരുരൂപായ | നാനാകാരം ധരിച്ചവനും |
| ലോകാപ്യയസംഭവായ | ലോകങ്ങളുടെ സംഹാരത്തിനും സൃഷ്ടിക്കുംവേണ്ടി | ആശ്ചര്യകർമ്മണേ | അദ്ഭുതാവഹങ്ങളായ കർമ്മങ്ങളോടുകൂടിയവനുമായ |
| താനി | അവയെ (ജന്മാദികളെ) | പരേശായ | പരമേശ്വരനായിക്കൊണ്ട് |
| സ്വ മായയാ | തൻെറ മായകൊണ്ട് | നമഃ | നമോവാകം. |

10\. **നമ ആത്മപ്രദീപായ സാക്ഷിണേ പരമാത്മനേ**
**നമോ ഗിരാം വിദൂരായ മനസശ്ചേതസാമപി.**

| | | | |
|---|---|---|---|
| ആത്മപ്രദീപായ | തന്നാൽത്തന്നെ (പരാപേക്ഷയില്ലാതെ) പ്രകാശിക്കുന്നവനും | ഗിരാം | വാക്കുകൾക്കും |
| | | മനസഃ ച | മനസ്സിനും |
| സാക്ഷിണേ | സാക്ഷിയായിരുന്നു മററുള്ളവയെ പ്രകാശിപ്പിക്കുന്നവനും | ചേതസാം അപി | മററുള്ള ചിത്തവൃത്തികൾക്കും * |
| | | വിദൂരായ | എത്താത്ത ദിക്കിൽ നിലകൊള്ളുന്നവനുമായ സർവ്വേശ്വരന്ന് |
| പരമാത്മനേ | ജീവാത്മാക്കളെ നിയന്ത്രിക്കുന്നവനും | നമോ നമഃ | നമസ്കാരം, നമസ്കാരം |

* ''യതോ വാചോ നിവർത്തന്തേ അപ്രാപ്യ മനസാ സഹ'' എന്ന ശ്രുതിവാക്യത്തിൻെറ പൊരുളും ഇതിലടങ്ങുന്നു.

11\. **സത്ത്വേന പ്രതിലഭ്യായ നൈഷ്കർമ്മ്യേണ വിപശ്ചിതാ**
**നമഃ കൈവല്യനാഥായ നിർവ്വാണസുഖസംവിദേ.**

| | |
|---|---|
| വിപശ്ചിതാ | നിപുണതയുള്ള വിവേകിയാൽ |
| സത്ത്വേന | വിശുദ്ധമായ |
| നൈഷ്കർമ്മ്യേണ | സന്ന്യാസയോഗത്തിലൂടെ |
| പ്രതിലഭ്യായ | പ്രത്യഗാത്മസ്വരൂപേണ ലഭിക്കപ്പെടാവുന്നവനായും |
| നിർവ്വാണസുഖസംവിദേ | മോക്ഷാനന്ദാനുഭൂതിയുടെ സ്വരൂപമായും |
| കൈവല്യനാഥായ | മോക്ഷപ്രദാനത്തിന്റെ അധികാരിയായും വർത്തിക്കുന്ന മഹാപ്രഭുവിന്ന് |
| നമഃ | നമോവാകം. |

**12. നമഃ ശാന്തായ ഘോരായ മൂഢായ ഗുണധർമ്മിണേ**
**നിർവ്വിശേഷായ സാമ്യായ നമോ ജ്ഞാനഘനായ ച**

| | |
|---|---|
| ശാന്തായ | ശാന്തരൂപനായും |
| ഘോരായ | ഉഗ്രരൂപനായും |
| മൂഢായ | തിരോഹിതരൂപനായും ഭവിച്ച് |
| ഗുണധർമ്മിണേ | സത്ത്വാദിഗുണത്രയത്തിന്റെ ധർമ്മങ്ങളെ അനുകരിക്കുന്ന നിന്തിരുവടിക്ക് |
| നമഃ | നമസ്കാരം |
| നിർവ്വിശേഷായ | ഭേദരഹിതനായും |
| സാമ്യായ | സമത്വാധിഷ്ഠിതനായുമിരിക്കുന്ന |
| ജ്ഞാനഘനായ ച നമഃ | ചൈതന്യമാത്രസ്വരൂപനായും നമസ്കാരം. |

**13. ക്ഷേത്രജ്ഞായ നമസ്തുഭ്യം സർവ്വാദ്ധ്യക്ഷായ സാക്ഷിണേ**
**പുരുഷായാത്മമൂലായ മൂലപ്രകൃതയേ നമഃ**

| | |
|---|---|
| ക്ഷേത്രജ്ഞായ | 'ക്ഷേത്രം' എന്നു വ്യാഹരിക്കപ്പെടുന്ന ദേഹേന്ദ്രിയാദി സംഘാതത്തിന്റെ അറിവിന്നാധാരമായ ആത്മചൈതന്യമായും |
| സർവ്വാദ്ധ്യക്ഷായ | സർവ്വനിയന്താവായും |
| സാക്ഷിണേ | സർവ്വസാക്ഷിയായും ഇരിക്കുന്ന |
| തുഭ്യം | നിന്തിരുവടിക്ക് |
| നമഃ | നമസ്കാരം. |
| ആത്മമൂലായ | ജീവാത്മാക്കൾക്കു കാരണഭൂതനായും |
| മൂലപ്രകൃതയേ | മൂലപ്രകൃതിയുടെ ഉത്പത്തിക്കുകൂടി മൂലകാരണമായും ഇരിക്കുന്ന |
| പുരുഷായ | പരമപുരുഷന്ന് |
| നമഃ | നമസ്കാരം. |

**14. സർവ്വേന്ദ്രിയഗുണദ്രഷ്ട്രേ സർവ്വപ്രത്യയഹേതവേ**
**അസയാ ഛായയോക്തായ സദാഭാസായ തേ നമഃ**

| | |
|---|---|
| സർവ്വേന്ദ്രിയഗുണദ്രഷ്ട്രേ | എല്ലാ ഇന്ദ്രിയാർത്ഥങ്ങളുടെയും ദ്രഷ്ടാവായിരിക്കുന്നവനും |
| സർവ്വപ്രത്യയഹേതവേ | എല്ലാ ഇന്ദ്രിയങ്ങളുടെയും പ്രവർത്തനം വഴിക്ക് പ്രതീതി വിഷയമായിത്തീർന്നിരിക്കുന്നവനും |

| | | | |
|---|---|---|---|
| അസതാ ഛായയാ ഉക്തായ | മിഥ്യാ പ്രപഞ്ചമാവുന്ന നിഴലാട്ടത്താൽ ബോധിപ്പിക്കപ്പെട്ടിരിക്കുന്നവനും | സദാഭാസായ | സദ്രൂപത്താൽ എങ്ങും പ്രകാശിക്കുന്നവനുമായ |
| | | തേ | നിന്തിരുവടിക്കായി |
| | | നമഃ | നമസ്കാരം. |

**15.** **നമോ നമസ്തേഽഖിലകാരണായ**
**നിഷ്കാരണായാദ്ഭുതകാരണായ**
**സർവ്വാഗമാമ്നായമഹാർണ്ണവായ**
**നമോഽപവർഗ്ഗായ പരായണായ**

| | | | |
|---|---|---|---|
| അഖില-കാരണായ | എല്ലാററിനും മൂലകാരണമായിരിക്കുന്ന, | സർവ്വാഗമാ-മ്നായമഹാ-ർണ്ണവായ | സമസ്തവേദശാസ്ത്രങ്ങളുടെ മഹാസമുദ്രമായിട്ടുള്ളവനും |
| നിഷ്കാരണായ | സ്വയം കാരണമില്ലാത്ത, | അപവർഗ്ഗായ | മോക്ഷസ്വരൂപനായും |
| അദ്ഭുത-കാരണായ | വികാര പരിണാമങ്ങളില്ലാതെ അദ്ഭുതാവഹമായ കാരണമായിരിക്കുന്ന | പരായണായ | മുമുക്ഷുക്കൾക്കു ആശ്രയഭൂതനായും ഇരിക്കുന്ന |
| തേ നമോനമഃ | നിന്തിരുവടിക്കു് അനേകം നമസ്കാരം. | | നിന്തിരുവടിക്കു് |
| | | നമഃ | നമോവാകം. |

**16.** **ഗുണാരണിച്ഛന്നചിദൂഷ്മപായ**
**തത്ക്ഷോഭവിസ്ഫൂർജ്ജിതമാനസായ**
**നൈഷ്കർമ്മ്യഭാവേന വിനിർജ്ജിതാഗമ-**
**സ്വയംപ്രകാശായ നമസ്കരോമി**

| | | | |
|---|---|---|---|
| ഗുണാരണി-ച്ഛന്നചിദൂ-ഷ്മപായ | സത്ത്വാദി ഗുണങ്ങളാവുന്ന അരണിയാൽ മറയ്ക്കപ്പെട്ട ചിത്സ്വരൂപമാവുന്ന അഗ്നിയോടുകൂടിയവനായും | നൈഷ്-കർമ്മ്യ-ഭാവേന | കർമ്മസന്ന്യാസംവഴിക്കുള്ള ആത്മഭാവനയാൽ |
| തത്ക്ഷോഭ-വിസ്ഫൂർജ്ജിത-മാനസായ | അവയ്ക്കു വിക്ഷോഭം സംഭവിക്കുമ്പോൾ സൃഷ്ട്യുന്മുഖമായി ഭവിച്ചമനഃസങ്കല്പത്തോടുകൂടിയവനായും | വിനിർ-ജ്ജിതാ-ഗമസ്വയം-പ്രകാശായ | വൈദിക കർമ്മകാണ്ഡത്തെ തള്ളിക്കളഞ്ഞിരിക്കുന്നവരുടെ ഉള്ളിൽ സ്വയം ആത്മജ്യോതിസ്സായി പ്രകാശിക്കുന്ന നിന്തിരുവടിക്കു് |
| | | നമസ്കരോമി | നമസ്കാരം അർപ്പിക്കുന്നു |

**17.** **മാദൃക്പ്രപന്നപശുപാശവിമോക്ഷണായ**
**മുക്തായ ഭൂരികരുണായ നമോഽലയായ**
**സ്വാംശേന സർവ്വതനുഭൃന്മനസി പ്രതീത-**
**പ്രത്യഗ്ദൃശേ ഭഗവതേ ബൃഹതേ നമസ്തേ**

| | |
|---|---|
| മാദൃക്— പ്രപന്ന— പശുപാശ— | എന്നെപ്പോലെയുള്ളവരും ശരണാഗതന്മാരുമായ അജ്ഞന്മാരെ അവിദ്യാ പാശത്തിൽനിന്നു് |
| വിമോക്ഷ—ണായ | തികച്ചും മോചിപ്പിക്കുന്നവനും |
| മുക്തായ | സ്വയം നിത്യമുക്തനും |
| ഭൂരി—കരുണായ | അളവററ കാരുണ്യത്തോടു കൂടിയവനും |
| അലയായ | അലസതയില്ലാത്തവനും |
| സ്വാംശേന | തന്റെ അംശംകൊണ്ടു് |
| സർവ്വതനു—ഭൃന്മനസി | സമസ്തശരീരികളുടെയും ഹൃദയത്തിൽ |
| പ്രതീത—പ്രത്യഗ്ദൃശേ | പ്രത്യേകം പ്രകാശിക്കുന്ന പ്രത്യക്ചേതനാ സ്വരൂപനും |
| ഭഗവതേ | സകലൈശ്വര്യപൂർണ്ണനും |
| ബൃഹതേ | അപരിച്ഛിന്നനുമായ |
| തേ | നിന്തിരുവടിക്കു് |
| നമഃ | നമസ്കാരം. |

18. **ആത്മാത്മജാപ്തഗൃഹവിത്തജനേഷു സക്തൈർ—**
**ദുഷ്പ്രാപണായ ഗുണസംഗവിവർജിതായ**
**മുക്താത്മഭിഃ സ്വഹൃദയേ പരിഭാവിതായ**
**ജ്ഞാനാത്മനേ ഭഗവതേ നമ ഈശ്വരായ**

| | |
|---|---|
| ആത്മാത്മജാ-പ്തഗൃഹവിത്ത-ജനേഷു | ശരീരം—പുത്രന്മാർ—മിത്രങ്ങൾ—ഗൃഹം—ധനം—സ്വജനങ്ങൾ എന്നിവകളിൽ |
| സക്തൈഃ | ആസക്തിയുള്ളവരാൽ |
| ദുഷ്പ്രാപ-ണായ | ദുഷ്പ്രാപ്യനായും |
| ഗുണസംഗ—വിവർജിതായ | ഗുണകാര്യങ്ങളായ ദേഹാദികളിൽആസക്തിയില്ലാത്തവനായും |
| മുക്താത്മഭിഃ | ആസക്തിവിട്ട മനസ്സോടു കൂടിയ ജീവന്മുക്തന്മാരാൽ |
| സ്വഹൃദയേ | അവരുടെ ഹൃദയത്തിൽ |
| പരിഭാവി—തായ | നിരന്തരം ധ്യാനിക്കപ്പെട്ടവനായും |
| ജ്ഞാനാത്മനേ | ജ്ഞാനസ്വരൂപനായും |
| ഈശ്വരായ | പ്രപഞ്ചനിയന്താവായും വർത്തിക്കുന്ന |
| ഭഗവതേ | ഭഗവാനായിക്കൊണ്ടു് |
| നമഃ | നമസ്കാരം |

19. **യം ധർമ്മകാമാർത്ഥവിമുക്തികാമാ**
**ഭജന്ത ഇഷ്ടാം ഗതിമാപ്നുവന്തി**
**കിംത്വാശിഷോ രാത്യപി ദേഹമവ്യയം**
**കരോതു മേഽദഭ്രദയോ വിമോക്ഷണം.**

| | |
|---|---|
| ധർമ്മകാമാർത്ഥ-വിമുക്തികാമാഃ | ധർമ്മാർത്ഥകാമമോക്ഷങ്ങളെ ആഗ്രഹിക്കുന്നവർ |
| യം | യാവനൊരുവനെ |
| ഭജന്തഃ | ഭജിച്ചുകൊണ്ടു് |
| ഇഷ്ടാം | ഇച്ഛിക്കപ്പെട്ട |
| ഗതിം | ഗതിയെ (സാഫല്യത്തെ) |
| ആപ്നുവന്തി | പ്രാപിക്കുന്നുവോ, |
| കിം തു | അതിനും പുറമെ |
| (യഃ) | യാവനൊരുവൻ |
| ആശിഷഃ | മററുള്ള അഭീഷ്ടങ്ങളെയും |
| അവ്യയം | എന്നും നശിക്കാത്ത |
| ദേഹം അപി | ദിവ്യശരീരത്തെയും |
| രാതി | അവക്കു കൊടുക്കുന്നുവോ |

| | | | |
|---|---|---|---|
| അദഭ്രദയഃ | ആ മഹാകാരുണികൻ | വിമോക്ഷണം | മോചനം |
| മേ | എനിക്കു് | കരോതു | ഉണ്ടാക്കിത്തരേണമേ! |

ഭജിക്കുന്നവൎക്കു് എല്ലാം സാധിപ്പിച്ചുകൊടുക്കുന്ന മഹാകാരുണികന്റെ അടുക്കൽ ബന്ധവിമോചനം മാത്രമല്ലാതെ മറ്റൊന്നും താൻ പ്രാൎത്ഥിക്കുന്നില്ലെന്നുസാരം.

20. **ഏകാന്തിനോ യസ്യ ന കഞ്ചനാൎത്ഥം**
**വാഞ്ഛന്തി യേ വൈ ഭഗവത്പ്രപന്നാഃ**
**അത്യദ്ഭുതം തച്ചരിതം സുമംഗലം**
**ഗായന്ത ആനന്ദസമുദ്രമഗ്നാഃ.**

21. **തമക്ഷരം ബ്രഹ്മ പരം പരേശ-**
**മവ്യക്തമാദ്ധ്യാത്മികയോഗഗമ്യം**
**അതീന്ദ്രിയം സൂക്ഷ്മമിവാതിദൂര-**
**മനന്തമാദ്യം പരിപൂൎണ്ണമീഡേ.**

| | | | |
|---|---|---|---|
| ഭഗവത്- പ്രപന്നാഃ | സൎവ്വജ്ഞന്മാരായ മുക്തന്മാരെ സേവിച്ചുവന്നിരുന്ന | പരേശം | സൎവ്വശ്രേഷ്ഠന്മാരായ ബ്രഹ്മാദികളുടെയും നിയന്താവായി, |
| യേ വൈ | ഏതാനും ചില | | |
| യസ്യ | യാതൊരുവന്റെ | അവ്യക്തം | അസ്പഷ്ടരൂപനാണെങ്കിലും |
| ഏകാന്തിനഃ | ഏകാന്തഭക്തന്മാർ | | |
| കഞ്ചന | ഏതെങ്കിലും | ആദ്ധ്യാത്മിക- യോഗഗമ്യം | ഭക്തിജ്ഞാനയോഗങ്ങളാൽ സംപ്രാപ്യനായി, |
| അൎത്ഥം | പുരുഷാൎത്ഥത്തെ | | |
| ന വാഞ്ഛന്തി | ആഗ്രഹിക്കുന്നില്ലയോ, | അതീന്ദ്രിയം | ഇന്ദ്രിയാതീതനായി, |
| അത്യദ്ഭുതം | അത്യന്തം അദ്ഭുതകരവും | അതിദൂരം | ബഹുദൂരസ്ഥമായ |
| സുമംഗലം | അതീവ ശുഭാവഹവുമായ | സൂക്ഷ്മം ഇവ | സൂക്ഷ്മവസ്തുപോലെയുള്ളവനായി, |
| തച്ചരിതം | ഭഗവത്കഥയെ | | |
| ഗായന്തഃ | ഗാനംചെയ്തുകൊണ്ടു് | അനന്തം | അപരിച്ഛിന്നനായി |
| ആനന്ദ- സമുദ്രമഗ്നാഃ | ആനന്ദസാഗരത്തിൽ മുഴുകിയിരിക്കുന്നുവോ, | ആദ്യം | ആദിയിൽത്തന്നെയുള്ളവനായി |
| തം | ആയവനെ— | | |
| അക്ഷരം | നാശരഹിതനായി, | പരിപൂൎണ്ണം | എങ്ങും നിറഞ്ഞിരിക്കുന്നവനെ |
| ബ്രഹ്മ | സൎവ്വവ്യാപിയായി, | | |
| പരം | സൎവ്വശ്രേഷ്ഠനായി, | ഈഡേ | ഞാൻ സ്തുതിക്കുന്നു. |

ഇനി മൂന്നുശ്ലോകങ്ങളാൽ ഈ പരിപൂൎണ്ണഭാവത്തെ എടുത്തുകാണിച്ചു സ്തുതിക്കുന്നു.

22. **യസ്യ ബ്രഹ്മാദയോ ദേവാ വേദാ ലോകാശ്ചരാചരാഃ**
**നാമരൂപവിഭേദേന ഫല്ഗ്വ്യാ ച കലയാ കൃതാഃ**

23. യഥാർച്ചിഷോഽഗ്നേഃ സവിതുർഗഭസ്തയോ
നിര്യാന്തി സംയാന്ത്യസകൃത് സ്വരോചിഷഃ
തഥാ യതോഽയം ഗുണസംപ്രവാഹോ
ബുദ്ധിർമനഃ ഖാനി ശരീരസർഗാഃ

24. സ വൈ ന ദേവാസുരമർത്ത്യതിര്യങ്
ന സ്ത്രീ ന ഷണ്ഡോ ന പുമാൻ ന ജന്തുഃ
നായം ഗുണഃ കർമ്മ ന സന്ന ചാസൻ
നിഷേധശേഷോ ജയതാദശേഷഃ

| | |
|---|---|
| ബ്രഹ്മാദയഃ | ബ്രഹ്മാദികളായ |
| ദേവാഃ | ദേവന്മാരും |
| വേദാഃ | വേദങ്ങളും |
| ചരാചരാഃ | ജംഗമങ്ങളും സ്ഥാവരങ്ങളുമായ |
| ലോകാഃ ച | ദൃശ്യപ്രപഞ്ചങ്ങളും |
| യസ്യ | യാതൊരുവന്റെ |
| ഫല്ഗ്വ്യാ | അതിസ്വല്പമായ |
| കലയാ | അംശത്താൽ |
| നാമരൂപ—വിഭേദേന | നാമരൂപങ്ങളുടെ വ്യത്യാസത്തോടുകൂടി |
| കൃതാഃ | സൃഷ്ടിക്കപ്പെട്ടവയാകുന്നുവോ, |
| യഥാ | എപ്രകാരം |
| അഗ്നേഃ | അഗ്നിയിൽനിന്ന് |
| അർച്ചിഷഃ | ജ്വാലകളും |
| സവിതുഃ | സൂര്യനിൽനിന്ന് |
| ഗഭസ്തയഃ | കിരണങ്ങളും |
| അസകൃത് | തുടരെത്തുടരെ |
| നിര്യാന്തി | പുറപ്പെടുകയും |
| സംയാന്തി | അവയിൽ ലയിക്കുകയും ചെയ്യുന്നുവോ, |
| തഥാ | അപ്രകാരം |
| സ്വരോചിഷഃ | സ്വയം പ്രകാശിക്കുന്ന |
| യതഃ | യാതൊരുവനിൽനിന്ന് |
| അയം ഗുണ—സംപ്രവാഹഃ | ഈ സത്ത്വാദിഗുണങ്ങളുടെ പ്രവാഹരൂപമായ |
| ബുദ്ധിഃ മനഃ | ബുദ്ധി, മനസ്സ്, |
| ഖാനി | ഇന്ദ്രിയങ്ങൾ, |
| ശരീരസർഗാഃ | ശരീരങ്ങളുടെ സൃഷ്ടികൾ (എന്നിവ വ്യക്തീഭവിക്കയും യാതൊരുവനിൽ തന്നെ ലയിക്കയും ചെയ്യുന്നുവോ,) |
| സഃ വൈ | ആ ഈശ്വരനാകട്ടെ |
| ദേവാസുര-മർത്ത്യതിര്യക് | ദേവനോ അസുരനോ മനുഷ്യനോ മൃഗമോ |
| ന | അല്ല; |
| സ്ത്രീ ന | സ്ത്രീയല്ല; |
| പുമാൻ ന | പുരുഷനല്ല; |
| ഷണ്ഡഃ ന | നപുംസകമല്ല; |
| ജന്തുഃ ന | ഒരു ജീവിയല്ല; |
| ഗുണഃ | ഗുണപരിണാമം |
| ന | അല്ല; |
| കർമ്മ ന | കർമ്മമല്ല; |
| സത് | സത്തായതും |
| അസത് ച | അസത്തായതും |
| ന | അല്ല. |
| നിഷേധ-ശേഷഃ | ഇങ്ങനെ എല്ലാം നിഷേധിച്ച് എല്ലാററിന്റെയും അവധിയിൽ അവശേഷിക്കുന്നവനും |
| അശേഷഃ | എല്ലാമായിരിക്കുന്നവനുമായ |
| അയം | ഈ ഭഗവാൻ |
| ജയതാത് | ജയിക്കട്ടെ |

25. ജിജീവിഷേ നാഹമിഹാമുയാ കി-
മന്തർബഹിശ്ചാവൃതയേഭയോന്യാ
ഇച്ഛാമി കാലേന ന യസ്യ വിപ്ലവ-
സ്തസ്യാത്മലോകാവരണസ്യ മോക്ഷം

| | |
|---|---|
| അഹം ഇഹ ന ജിജീവിഷേ | ഞാൻ ഈ ലോകത്തിൽ ജീവിക്കാനാഗ്രഹിക്കുന്നില്ല. |
| അന്തഃ | അകത്തും |
| ബഹിഃ ച | പുറത്തും |
| ആവൃതയാ | അജ്ഞതയാൽ ആവരണം ചെയ്യപ്പെട്ട |
| അമുയാ | ഈ |
| ഇഭയോന്യാ | ഗജശരീരംകൊണ്ട് |
| കിം | എന്തിരിക്കുന്നു? |

| | |
|---|---|
| യസ്യ | യാതൊന്നിന്ന് |
| കാലേന | കാലത്താൽ |
| വിപ്ലവഃ | വിനാശം |
| ന | ഉണ്ടാകയില്ലയോ |
| തസ്യ | അങ്ങനെയുള്ള |
| ആത്മലോകാവരണസ്യ | ആത്മപ്രകാശത്തിന്റെ ആവരണമായ അജ്ഞാനത്തിന്റെ |
| മോക്ഷം | മോചനം |
| ഇച്ഛാമി | ഞാൻ ആഗ്രഹിക്കുന്നു. |

''അജ്ഞതയാൽ ആവൃതമായ ഈ ഗജശരീരത്തോടുകൂടി ജീവിക്കണമെന്ന് എനിക്ക് ആഗ്രഹമില്ല. നക്രവക്ത്രത്തിൽനിന്നു മോചനം ലഭിച്ചാലുംകൂടി ഈ ദേഹം കാലത്താൽ നശിക്കുമല്ലോ. എന്നാൽ ആത്മപ്രകാശത്തെ ആവരണം ചെയ്തിരിക്കുന്ന അജ്ഞാനം കാലത്താൽ നശിക്കയില്ല. അതിനു ഭഗവൽക്കാരുണ്യംതന്നെ വേണം. ആകയാൽ അജ്ഞാനാവരണത്തിൽനിന്ന് എന്റെ ആത്മാവിനെ മോചിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. അതിനുവേണ്ടി പ്രാർത്ഥിക്കുന്നു'' എന്നു വിവക്ഷിതാർത്ഥം.

26. സോऽഹം വിശ്വസൃജം വിശ്വമവിശ്വം വിശ്വവേദസം
വിശ്വാത്മാനമജം ബ്രഹ്മ പ്രണതോസ്മി പരം പദം.

| | |
|---|---|
| സഃ അഹം | അങ്ങനെയുള്ള ഞാൻ |
| വിശ്വസൃജം | വിശ്വത്തെ സൃഷ്ടിച്ചവനും |
| വിശ്വം | വിശ്വംതന്നെയായവനും |
| അവിശ്വം | വിശ്വത്തിൽനിന്നകന്നവനും |
| വിശ്വവേദസം | വിശ്വത്തെ ഉപകരണമാക്കിയിരിക്കുന്നവനും |

| | |
|---|---|
| വിശ്വാത്മാനം | വിശ്വത്തിന്റെ ആത്മചേതനയായവനും |
| അജം | ജന്മമില്ലാത്തവനും |
| പരം പദം | പരമപദമായുള്ളവനുമായ |
| ബ്രഹ്മ | ബ്രഹ്മസ്വരൂപനെ |
| പ്രണതഃ അസ്മി | നമസ്കരിക്കുന്നു. |

27. യോഗരന്ധിതകർമ്മാണോ ഹൃദി യോഗവിഭാവിതേ
യോഗിനോ യം പ്രപശ്യന്തി യോഗേശം തം നതോऽസ്മ്യഹം.

| | |
|---|---|
| യോഗ-രന്ധിത-കർമ്മാണഃ | ഭക്തിയോഗത്താൽ നശിപ്പിക്കപ്പെട്ട കർമ്മവാസനയോടു കൂടിയ |
| യോഗിനഃ | അഷ്ടാംഗയോഗ സാധകന്മാർ |
| യോഗ-വിഭാവിതേ | സമാധിയോഗം കൊണ്ട് ഏകാഗ്രമാക്കപ്പെട്ട |
| ഹൃദി | ഹൃദയത്തിൽ |
| യം | യാതൊരുവനെ |
| പ്രപശ്യന്തി | സാക്ഷാൽക്കരിക്കുന്നുവോ, |
| തം യോഗേശം | ആ യോഗേശ്വരനെ |
| അഹം | ഞാൻ |
| നതഃ അസ്മി | നമസ്കരിക്കുന്നു |

28. **നമോ നമസ്തുഭ്യമസഹ്യവേഗ–**
**ശക്തിത്രയായാഖിലധീഗുണായ**
**പ്രപന്നപാലായ ദുരന്തശക്തയേ**
**കദിന്ദ്രിയാണാമനവാപ്യവർത്മനേ.**

| | |
|---|---|
| അസഹ്യ-വേഗശക്തി-ത്രയായ | അടക്കുവാനാവാത്ത രാഗാദിവേഗങ്ങളുള്ള സത്ത്വാദിഗുണങ്ങളോടു കൂടിയവനും |
| അഖില-ധീഗുണായ | സമസ്തേന്ദ്രിയങ്ങളുടെയും ശബ്ദസ്പർശാദിഗുണങ്ങളുടെ രൂപത്തിൽ പ്രതീതി വിഷയമായിട്ടുള്ളവനും |
| കദിന്ദ്രിയാ-ണാം | വിഷയേച്ഛയാൽ ദുഷിച്ച ഇന്ദ്രിയങ്ങളോടു കൂടിയവർക്ക് |
| അനവാപ്യ-വർത്മനേ | അപ്രാപ്യമായ മാർഗ്ഗത്തോടു കൂടിയനും |
| ദുരന്ത-ശക്തയേ | അററമില്ലാത്ത ശക്തിയോടുകൂടിയവനും |
| പ്രപന്ന-പാലായ | ശരണാഗതരക്ഷകനുമായ |
| തുഭ്യം | നിന്തിരുവടിക്കായി |
| നമോ നമഃ | അനേകനമസ്കാരം |

29. **നായം വേദ സ്വമാത്മാനം യച്ഛക്ത്യാഹംധിയാ ഹതം**
**തം ദുരത്യയമാഹാത്മ്യം ഭഗവന്തമിതോഽസ്മ്യഹം.**

| | |
|---|---|
| യച്ഛക്ത്യാ | ആരുടെ മായാശക്തിയാൽ ഉണ്ടായ |
| അഹംധിയാ | അഹംബുദ്ധിയാൽ |
| ഹതം | മറയ്ക്കപ്പെട്ടിരിക്കുന്ന |
| സ്വം | തന്റെ |
| ആത്മാനം | ആത്മാവിനെ |
| അയം | ഈ ലോകം |
| ന വേദ | അറിയുന്നില്ലയോ, |
| തം | അങ്ങനെയുള്ള |
| ദുരത്യയ-മാഹാത്മ്യം | ദുസ്തരമായ വൈഭവത്തോടുകൂടിയ |
| ഭഗവന്തം | ഭഗവാനെ |
| അഹം | ഞാൻ |
| ഇതഃ അസ്മി | ശരണംഗമിക്കുന്നു. |

ശ്രീശുക ഉവാച = ശ്രീ ശുകൻ പറഞ്ഞു.

30. **ഏവം ഗജേന്ദ്രമുപവർണിതനിർവിശേഷം**
**ബ്രഹ്മാദയോ വിവിധലിംഗഭിദാഭിമാനാഃ**

**നൈതേ യദോപസസൃപുർനിഖിലാത്മകത്വാത്**
**തത്രാഖിലാമരമയോ ഹരിരാവിരാസീത്.**

| | | | |
|---|---|---|---|
| ബ്രഹ്മാദയഃ | ബ്രഹ്മാദിദേവന്മാർ | യദാ ന ഉപസസൃപുഃ | രക്ഷിക്കുവാൻ തൽസമീപത്തു് എത്തിച്ചേരാതിരുന്നപ്പോൾ |
| വിവിധലിംഗഭിദാഭിമാനാഃ | ബഹുവിധം മൂർത്തിഭേദങ്ങളിൽ അഭിമാനം കൊള്ളുന്നവരാണു്. | നിഖിലാത്മകത്വാത് | എല്ലാവരിലും അന്തര്യാമിയായിരിക്കുകയാൽ |
| (അതഃ) ഏതേ | ആകയാൽ ഇവർ | അഖിലാമരമയഃ | സർവദേവസ്വരൂപനായി വിളങ്ങുന്ന |
| ഏവം | ഈ വിധം | ഹരിഃ | ശ്രീഹരി |
| ഉപവർണ്ണിതനിർവിശേഷം | മൂർത്തിവിശേഷ സങ്കല്പമെന്നിയെ ഈശ്വര മഹിമയെ വാഴ്ത്തിയ | തത്ര | അവിടെ |
| ഗജേന്ദ്രം | ഗജേന്ദ്രനെ | ആവിരാസീത് | പ്രാദുർഭവിച്ചു |

ഗജേന്ദ്രൻ മൂർത്തിഭേദമില്ലാത്ത നിർവിശേഷപരമാത്മസ്വരൂപത്തെ മനസാ ധ്യാനിച്ചുവർണ്ണിച്ചു വാഴ്ത്തിസ്തുതിക്കയാണു് ചെയ്തതു്. അതിനാൽ ബഹുവിധത്തിലുള്ള നാമരൂപാദികളെക്കൊണ്ടു് സ്വരൂപത്തെ നിർദ്ധാരണം ചെയ്യുന്ന ബ്രഹ്മാദിദേവന്മാർ ആരും തന്നെ ഗജേന്ദ്രസമീപത്തിൽ എത്തിയില്ല. എന്നാൽ സർവാത്മാവും സർവ ദേവസ്വരൂപനുമായ ശ്രീഹരി—താമസമന്വന്തരത്തിൽ ഹരിമേധസ്സിന്റെ പുത്രനായി ഹരിണിയിൽ 'ഹരി' എന്ന തിരുനാമത്തോടെ അവതാരം ചെയ്ത സാക്ഷാൽ ശ്രീനാരായണൻ അവിടെ ആവിർഭവിച്ചു.

31. **തം തദ്വദാർത്തമുപലഭ്യ ജഗന്നിവാസഃ**
**സ്തോത്രം നിശമ്യ ദിവിജൈഃ സഹ സംസ്തുവദ്ഭിഃ**
**ഛന്ദോമയേന ഗരുഡേന സമുഹ്യമാന—**
**ശ്ചക്രായുധോഽഭ്യഗമദാശു യതോ ഗജേന്ദ്രഃ**

| | | | |
|---|---|---|---|
| ജഗന്നിവാസഃ | ജഗത്തുകൾക്കു് ആധാരഭൂതനായ ഭഗവാൻ | സഹ | കൂടെ |
| തം | ആ ഗജേന്ദ്രനെ | ഛന്ദോമയേന | വേദമൂർത്തിയായ |
| തദ്വത് | ആ വിധം | ഗരുഡേന | ഗരുഡനാൽ |
| ആർത്തം | ആപദ്ഗ്രസ്തനെന്നു് | സമുഹ്യമാനഃ | വഹിക്കപ്പെട്ടുകൊണ്ടു് |
| ഉപലഭ്യ | അറിയുകയും | ചക്രായുധഃ | ചക്രായുധധരനായി |
| സ്തോത്രം | സ്തുതിയെ | യതഃ | എവിടെയാണോ |
| നിശമ്യ | കേൾക്കുകയും ചെയ്തിട്ടു്, | ഗജേന്ദ്രഃ | ഗജേന്ദ്രനുള്ളതു്, അവിടേക്കു് |
| സംസ്തുവദ്ഭിഃ | സ്തുതിച്ചുകൊണ്ടിരിക്കുന്ന | ആശു | അതിവേഗം |
| ദിവിജൈഃ | ദേവന്മാരോടു | അഭ്യാഗമത് | വന്നുചേർന്നു. |

32. സോഽന്തഃ സരസ്യുരുബലേന ഗൃഹീത ആർത്തോ
ദൃഷ്ട്വാ ഗരുത്മതി ഹരിം ഖ ഉപാത്തചക്രം
ഉത്ക്ഷിപ്യ സാംബുജകരം ഗിരമാഹ കൃച്ഛ്രാ-
ന്നാരായണാഖിലഗുരോ ഭഗവന്നമസ്തേ

| | | | |
|---|---|---|---|
| അന്തഃ സരസി | തടകത്തിന്റെ ഉള്ളിൽ | ദൃഷ്ട്വാ | കണ്ടിട്ട് |
| ഉരുബലേന | അതിബലവാനായ നക്രത്താൽ | സാംബുജകരം | ചെന്താമരപ്പൂവേന്തിയ തുമ്പിക്കരത്തെ |
| ഗൃഹീതഃ | പിടിക്കപ്പെട്ട | ഉത്ക്ഷിപ്യ | പൊക്കിപ്പിടിച്ച് |
| ആർത്തഃ | വിവശനായിത്തീർന്ന | കൃച്ഛ്രാത് | നൊമ്പരത്തോടെ |
| സഃ | ആ ഗജശ്രേഷ്ഠൻ | ഗിരം ആഹ | ഈ വാക്കുച്ചരിച്ചു— |
| ഖേ | ആകാശത്തിൽ | ഭഗവൻ | "ഭഗവാനേ, |
| ഗരുത്മതി | ഗരുഡന്റെ പുറത്തു് | അഖിലഗുരോ | സർവജഗദ്ഗുരോ, |
| ഉപാത്തചക്രം | ചക്രായുധം പിടിച്ച് ഉപവിഷ്ടനായ | നാരായണ | നാരായണ! |
| ഹരിം | ഹരിനാരായണനെ | തേ നമഃ | അങ്ങയ്ക്കു നമസ്കാരം"" |

33. തം വീക്ഷ്യ പീഡിതമജഃ സഹസാവതീര്യ
സഗ്രാഹമാശു സരസഃ കൃപയോജ്ജഹാര
ഗ്രാഹാദ്വിപാടിതമുഖാദരിണാ ഗജേന്ദ്രം
സംപശ്യതാം ഹരിരമൂമുചദുസ്രിയാണാം

| | | | |
|---|---|---|---|
| അജഃ | ജന്മാദിരഹിതനായ ഭഗവാൻ | സഗ്രാഹം | മുതലയോടുകൂടി |
| | | ഉജ്ജഹാര | കരയിലേക്കുകൊണ്ടുവന്നു. |
| പീഡിതം | കഷ്ടത്തിലകപ്പെട്ട | ഉസ്രിയാണാം | ദേവന്മാരെല്ലാം |
| തം | അവനെ | സംപശ്യതാം | നോക്കിനില്ക്കേ, |
| വീക്ഷ്യ | കണ്ടു് | അരിണാ | ചക്രത്താൽ |
| കൃപയാ | കരുണയോടെ | വിപാടിത-മുഖാത് | പിളക്കപ്പെട്ട മുഖത്തോടുകൂടിയ |
| സഹസാ | പെട്ടെന്നു് | | |
| അവതീര്യ | താഴെയിറങ്ങി | ഗ്രാഹാത് | നക്രത്തിൽനിന്നു് |
| സരസഃ | തടാകത്തിൽനിന്നു് | ഗജേന്ദ്രം | ഗജേന്ദ്രനെ |
| ആശു | അതിവേഗത്തിൽ | അമൂമുചത് | മോചിപ്പിച്ചു. |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ അഷ്ടമസ്കന്ധേ
ഗജേന്ദ്രമോക്ഷണേ തൃതീയോഽധ്യായഃ

ആദിതഃ ശ്ലോകഃ — 99

അഷ്ടമസ്കന്ധത്തിൽ മൂന്നാമധ്യായം കഴിഞ്ഞു.

# ചതുർത്ഥോऽധ്യായഃ — അധ്യായം നാല്

## ഗജേന്ദ്രന്റെ പൂർവ്വചരിത്രം

"ചതുർത്ഥേ തു തയോർഗ്രാഹഃ പ്രാപ ഗന്ധർവ്വതാം പുനഃ
ഗജം സ്വപാർഷദം കൃത്വാ ഹരിർനിന്യേ നിജം പദം"

നക്രം തന്റെ യഥാർത്ഥമായ ഗന്ധർവരൂപത്തെ വീണ്ടും പ്രാപിച്ചുവെന്നും ഗജത്തെ ഭഗവാൻ സ്വപാർഷദനാക്കി വൈകുണ്ഠത്തിലേക്കു കൊണ്ടുപോയെന്നും ഈ നാലാമധ്യായത്തിൽ പറയുന്നു.

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു—

1. **തദാ ദേവർഷിഗന്ധർവാ ബ്രഹ്മേശാനപുരോഗമാഃ**
**മുമുചുഃ കുസുമാസാരം ശംസന്തഃ കർമ്മ തദ്ധരേഃ**

| | | | |
|---|---|---|---|
| തദാ | അന്നേരത്ത് | ഹരേഃ | ശ്രീഹരിയുടെ |
| ബ്രഹ്മേശാന—പുരോഗമാഃ | ബ്രഹ്മാവ്, ശിവൻ മുതലായ | തത് കർമ്മ | ആ പ്രവൃത്തിയെ |
| | | ശംസന്തഃ | പുകഴ്ത്തിക്കൊണ്ട് |
| ദേവർഷി—ഗന്ധർവ്വാഃ | ദേവന്മാരും, ഋഷിമാരും, ഗന്ധർവന്മാരും | കുസുമാസാരം | പൂമഴ |
| | | മുമുചുഃ | ചൊരിഞ്ഞു. |

2. **നേദുർദുന്ദുഭയോ ദിവ്യാ ഗന്ധർവ്വാ നനൃതുർജ്ജഗുഃ**
**ഋഷയശ്ചാരണാഃ സിദ്ധാസ്തുഷ്ടുവുഃ പുരുഷോത്തമം**

| | | | |
|---|---|---|---|
| ദിവ്യാഃ | ദേവലോകത്തുള്ള | ഋഷയഃ | ഋഷിമാരും |
| ദുന്ദുഭയഃ | ദുന്ദുഭിവാദ്യങ്ങൾ | ചാരണാഃ | ചാരണന്മാരും |
| നേദുഃ | മുഴങ്ങി; | സിദ്ധാഃ | സിദ്ധന്മാരും |
| ഗന്ധർവാഃ | ഗന്ധർവ്വന്മാർ | പുരുഷോത്തമം | ശ്രീഹരിയെ |
| നനൃതുഃ | നർത്തനം ചെയ്തു; | തുഷ്ടുവുഃ | സ്തോത്രം ചെയ്തു. |
| ജഗുഃ | പാട്ടുപാടി. | | |

3. **യോऽസൗ ഗ്രാഹഃ സ വൈ സദ്യഃ പരമാശ്ചര്യരൂപധൃക്**
**മുക്തോ ദേവലശാപേന ഹൂഹൂർഗന്ധർവസത്തമഃ**

| | | | |
|---|---|---|---|
| ഹൂഹൂഃ | 'ഹൂഹൂ' എന്നുപേരുള്ള | യഃ അസൗ | യാതൊരു ഇവൻ |
| ഗന്ധർവ്വ—സത്തമഃ | ഗന്ധർവ്വാധിപതിയായിരുന്ന | ദേവല—ശാപേന | ദേവലനെന്ന മുനിയുടെ ശാപം നിമിത്തം |

| | | | |
|---|---|---|---|
| ഗ്രാഹഃ | മുതലയായി | സദ്യഃ | ഉടനടി |
| (ജാതഃ) | ഭവിച്ചതായിരുന്നു. | മുക്തഃ | മുക്തനായിട്ട് |
| സഃ വൈ | അവനാകട്ടെ | പരമാശ്ചര്യ-രൂപധൃക് | അത്യാശ്ചര്യകരമായരൂപത്തെ ധരിച്ചുനിന്നു. |
| (തതഃ) | അതിൽനിന്ന് | | |

ഹൂഹൂവെന്നു പേരായ ഗന്ധർവപ്രമുഖൻ ഒരിക്കൽ ഈ തടാകത്തിൽ സ്ത്രീകളോടൊന്നിച്ചു ജലക്രീഡ ചെയ്കയായിരുന്നു. അന്നേരം ദേവലൻ എന്ന മുനി സ്നാനാർത്ഥം ആ തടാകത്തിൽ വന്നിറങ്ങി. അഹങ്കാരത്താൽ ആളന്തരമറിയാതെ അവൻ വെള്ളത്തിന്നടിയിലൂടെ ഊളിയിട്ടു ചെന്നു മുനിയുടെ കാലുവാരി. പ്രകുപിതനായ മുനി ''നീ മുതലയായിട്ടുപോ'' എന്നു ശപിച്ചു. പിന്നെ ക്ഷമായാചനം ചെയ്തു പ്രസാദിച്ചപ്പോൾ ഇങ്ങനെ ശാപമോക്ഷം നല്കി. ''നീ ഇതുപോലെ ഗജേന്ദ്രന്റെ കാലിൽ പിടികൂടണം. അപ്പോൾ ഗജേന്ദ്രനെ മോചിപ്പിക്കുവാൻ ശ്രീഹരി എഴുന്നള്ളുന്നതാണ്. തൽസമയം ഭഗവാന്റെ കരസ്പർശത്താൽ നിനക്കും മോചനം കിട്ടും'' എന്ന്. ഏതൽസംബന്ധമായ പുരാവൃത്തമാണിത്.

**4. പ്രണമ്യ ശിരസാധീശമുത്തമശ്ലോകമവ്യയം**
**അഗായത യശോധാമ കീർത്തന്യഗുണസത്കഥം**

| | | | |
|---|---|---|---|
| (സഃ) | അവൻ | കീർത്തന്യ-ഗുണസത്-കഥം | കീർത്തനീയങ്ങളായ ഗുണങ്ങളോടും സച്ചരിതങ്ങളോടും കൂടിയവനുമായ |
| ഉത്തമശ്ലോകം | വിശുദ്ധകീർത്തിയെഴുന്നവനും | അധീശം | സർവേശ്വരനെ |
| അവ്യയം | നാശരഹിതനും | ശിരസാ | ശിരസ്സാലെ |
| യശോധാമ | കീർത്തിക്ക് ഏകാശ്രയമായവനും | പ്രണമ്യ | വീണുവണങ്ങിയിട്ട് |
| | | അഗായത | പാടിപ്പുകഴ്ത്തി |

**5. സോഽനുകമ്പിത ഈശേന പരിക്രമ്യ പ്രണമ്യ തം**
**ലോകസ്യ പശ്യതോലോകം സ്വമഗാന്മുക്തകില്ബിഷഃ**

| | | | |
|---|---|---|---|
| ഈശേന | ഭഗവാനാൽ | മുക്ത-കില്ബിഷഃ | പാപനിർമ്മുക്തനായിഭവിച്ചിട്ട് |
| അനുകമ്പിതഃ | ദയയോടെ അനുഗ്രഹിക്കപ്പെട്ട | ലോകസ്യ | ജനമെല്ലാം |
| സഃ | അവൻ | പശ്യതഃ | നോക്കിനിൽക്കെ |
| തം | തന്തിരുവടിയെ | സ്വം ലോകം | തന്റെ ലോകത്തേക്ക് |
| പരിക്രമ്യ | പ്രദക്ഷിണംചെയ്തു | അഗാത് | യാത്രയായി |
| പ്രണമ്യ | നമസ്കരിച്ച് | | |

**6. ഗജേന്ദ്രോ ഭഗവത്സ്പർശാദ്വിമുക്തോഽജ്ഞാനബന്ധനാത്**
**പ്രാപ്തോ ഭഗവതോ രൂപം പീതവാസാശ്ചതുർഭുജഃ**

| | |
|---|---|
| ഭഗവത്സ്പർശാത് | ശ്രീഹരിയുടെ അംഗസ്പർശം ഹേതുവായി |
| അജ്ഞാനബന്ധനാത് | അവിദ്യയുടെ കെട്ടുപാടിൽനിന്നു് |
| വിമുക്തഃ | തികച്ചും മുക്തനായ |
| ഗജേന്ദ്രഃ | ഗജേന്ദ്രൻ |
| പീതവാസാഃ | പീതാംബരം ധരിച്ചു് |
| ചതുർഭുജഃ | നാലുകൈകളോടു കൂടിയവനായി |
| ഭഗവതഃ | ശ്രീ ഹരിയുടെ |
| രൂപം | സാരൂപ്യത്തെ |
| പ്രാപ്തഃ | പ്രാപിച്ചു. |

**7. സ വൈ പൂർവമഭൂദ്രാജാ പാണ്ഡ്യോ ദ്രവിഡസത്തമഃ**
**ഇന്ദ്രദ്യുമ്ന ഇതി ഖ്യാതോ വിഷ്ണുവ്രതപരായണഃ.**

| | |
|---|---|
| സഃ വൈ | ആ ഗജേന്ദ്രനാകട്ടെ |
| പൂർവ്വം | പൂർവ്വജന്മത്തിൽ |
| ദ്രവിഡസത്തമഃ | ദ്രാവിഡ ദേശവാസികളിൽ വിശിഷ്ടനും |
| വിഷ്ണുവ്രതപരായണഃ | വൈഷ്ണവ ധർമ്മാചരണത്തിൽ അതീവ ശ്രദ്ധാലുവും |
| ഇന്ദ്രദ്യുമ്നഃ | 'ഇന്ദ്രദ്യുമ്നൻ' |
| ഇതി | എന്നപേരിൽ |
| ഖ്യാതഃ | വിഖ്യാതനുമായി |
| പാണ്ഡ്യഃ | പാണ്ഡ്യരാജ്യം ഭരിച്ചിരുന്ന |
| രാജാ | രാജാവു് |
| അഭൂത് | ആയിരുന്നു. |

**8. സ ഏകദാഽഽരാധനകാല ആത്മവാൻ**
**ഗൃഹീതമൗനവ്രത ഈശ്വരം ഹരിം**
**ജടാധരസ്താപസ ആപ്ലുതോഽച്യുതം**
**സമർച്ചയാമാസ കുലാചലാശ്രമഃ**

| | |
|---|---|
| ആത്മവാൻ | ആത്മനിഷ്ഠയോടുകൂടി |
| താപസഃ | തപോവൃത്തിയിലിരുന്നു് |
| ജടാധരഃ | ജടമുടിധരിച്ചു് |
| കുലാചലാശ്രമഃ | മലയപർവ്വതത്തിലെ ആശ്രമത്തിൽ വസിച്ചിരുന്ന |
| സഃ | അദ്ദേഹം |
| ഏകദാ | ഒരുനാൾ |
| ആരാധനകാലേ | ഈശ്വരാരാധനയ്ക്കുള്ള സമയമായപ്പോൾ |
| ആപ്ലുതഃ | കുളികഴിഞ്ഞു് |
| ഗൃഹീതമൗനവ്രതഃ | മൗനവ്രതം സ്വീകരിച്ചുകൊണ്ടു് |
| ഈശ്വരം | സകലലോകനിയന്താവും |
| അച്യുതം | ഭാവ വികാര രഹിതനുമായ |
| ഹരിം | ശ്രീഹരിയെ |
| സമർച്ചയാമാസ | യഥാവിധി പൂജിക്കയായിരുന്നു. |

**9. യദൃച്ഛയാ തത്ര മഹായശാ മുനിഃ**
**സമാഗമച്ഛിഷ്യഗണൈഃ പരിശ്രിതഃ**
**തം വീക്ഷ്യ തൂഷ്ണീമകൃതാർഹണാദികം**
**രഹസ്യുപാസീനമൃഷിശ്ചുകോപ ഹ.**

| | | | |
|---|---|---|---|
| തത്ര | അപ്പോൾ, അവിടെ | രഹസി | ഏകാന്തതയിൽ |
| യദൃച്ഛയാ | യാദൃച്ഛികമായി | തൂഷ്ണീം | മൗനമായി |
| മഹായശാഃ | സുവിഖ്യാതനായ | ഉപാസീനം | ഈശ്വരോപാസന ചെയ്തു കൊണ്ടിരിക്കുന്ന |
| മുനിഃ | മഹർഷി (അഗസ്ത്യൻ) | | |
| ശിഷ്യഗണൈഃ | ശിഷ്യസമൂഹങ്ങളാൽ | | |
| പരിശ്രിതഃ | പരിവൃതനായിട്ടു് | തം വീക്ഷ്യ | അദ്ദേഹത്തെ കണ്ടു്, |
| സമാഗമത് | വന്നുചേർന്നു. | ഋഷിഃ | മഹാമുനി |
| അകൃതാർഹണാദികം | അതിഥിപൂജാദി സ്വധർമ്മം നിറവേററാതെ | ചുകോപ ഹ | കോപിച്ചു; കഷ്ടം ! |

**10.** **തസ്മാ ഇമം ശാപമദാദസാധു-**
**രയം ദുരാത്മാകൃതബുദ്ധിരദ്യ**
**വിപ്രാവമന്താ വിശതാം തമോഽന്ധം**
**യഥാ ഗജഃ സ്തബ്ധമതിഃ സ ഏവ.**

| | | | |
|---|---|---|---|
| ഇമം ശാപം | ഈ ശാപത്തെയും | അയം | ഇവൻ |
| തസ്മൈ | അദ്ദേഹത്തിനു് | അന്ധം | അതിഘോരമായ |
| അദാത് | കൊടുത്തു — | തമഃ | അന്ധകാരത്തിലേക്കു് |
| അസാധുഃ | ''നേർവഴിക്കല്ലാത്തവനും | അദ്യ | ഇപ്പോൾത്തന്നെ |
| ദുരാത്മാ | ദുർമനസ്സനും | വിശതാം | കടന്നുകൂടട്ടെ; |
| അകൃതബുദ്ധിഃ | അസംസ്കൃതബുദ്ധിയും | ഗജഃ യഥാ | ആനയെപ്പോലെ |
| വിപ്രാവമന്താ | ബ്രാഹ്മണരെ മാനിക്കാത്ത വനുമായ | സ്തബ്ധമതിഃ | ബുദ്ധിപകച്ചിട്ടുള്ളവൻ |
| | | സഃ ഏവ | അതുതന്നെയാകട്ടെ!'' |

ശ്രീശുക ഉവാച = ശ്രീ ശുകൻ പറഞ്ഞു —

**11.** **ഏവം ശപ്ത്വാ ഗതോഽഗസ്ത്യോ ഭഗവാൻ നൃപ സാനുഗഃ**
**ഇന്ദ്രദ്യുമ്നോഽപി രാജർഷിർദിഷ്ടം തദുപധാരയൻ**

**12.** **ആപന്നഃ കൗഞ്ജരീം യോനിമാത്മസ്മൃതിവിനാശിനീം**
**ഹര്യർചനാനുഭാവേന യദ്ഗജത്വേഽപ്യനുസ്മൃതിഃ**

| | | | |
|---|---|---|---|
| നൃപ | രാജാവേ ! | രാജർഷിഃ | രാജർഷിയായ |
| ഭഗവാൻ | സർവ്വജ്ഞനായ | ഇന്ദ്രദ്യുമ്നഃ അപി | ഇന്ദ്രദ്യുമ്നനാകട്ടെ |
| അഗസ്ത്യഃ | അഗസ്ത്യമുനി | | |
| ഏവം | ഇപ്രകാരം | തത് | അതിനെ |
| ശപ്ത്വാ | ശപിച്ചിട്ടു് | ദിഷ്ടം | ദൈവകല്പിതമെന്നു് |
| സാനുഗഃ | അനുയായികളോടുകൂടെ | ഉപധാരയൻ | ഉള്ളിൽകരുതിക്കൊണ്ടു് |
| ഗതഃ | ഇറങ്ങിപ്പോയി. | | |

| | |
|---|---|
| ആത്മസ്മൃതി-വിനാശിനീം | ആത്മാവബോധത്തെ ഇല്ലാതെയാക്കുന്ന |
| കൗഞ്ജരീം | ഗജസംബന്ധമായ |
| യോനിം | ഉൽപത്തിയെ |
| ആപന്നഃ | പ്രാപിച്ച |
| ഗജത്വേ അപി | ഗജജന്മത്തിലുംകൂടി |
| അനുസ്മൃതിഃ | പൂർവ്വജന്മാനുസ്മരണ |
| യത് | ഉണ്ടായി എന്നതു് |
| ഹര്യർച്ചനാ-നുഭാവേന | ശ്രീ ഹരിയെ പൂജിച്ചിരുന്നതിന്റെ മഹിമ കൊണ്ടാണ്. |

13. **ഏവം വിമോക്ഷ്യ ഗജയൂഥപമബ്ജനാഭ-**
**സ്തേനാപി പാർഷദഗതിം ഗമിതേന യുക്തഃ**
**ഗന്ധർവ്വസിദ്ധവിബുധൈരുപഗീയമാന-**
**കർമ്മാദ്ഭുതം സ്വഭവനം ഗരുഡാസനോഽഗാത്.**

| | |
|---|---|
| അബ്ജനാഭഃ | ശ്രീ പദ്മനാഭൻ |
| ഏവം | ഇപ്രകാരം |
| ഗജയൂഥപം | ഗജേന്ദ്രനെ |
| വിമോക്ഷ്യ | വിമോചിപ്പിച്ചശേഷം |
| പാർഷദഗതിം | പാർഷദപദവിയെ |
| ഗമിതേന | പ്രാപിപ്പിച്ച |
| തേന അപി | അവനോടു |
| യുക്തഃ | കൂടിച്ചേർന്നു് |
| ഗന്ധർവ്വസിദ്ധ-വിബുധൈഃ | ഗന്ധർവ്വന്മാരാലും സിദ്ധന്മാരാലും ദേവന്മാരാലും |
| ഉപഗീയ-മാനകർമ്മാ | പാടിപ്പുകഴ്ത്തപ്പെടുന്ന അപദാനത്തോടു കൂടിയവനായി |
| ഗരുഡാസനഃ | ഗരുഡോപരി ഉപവിഷ്ടനായിട്ടു് |
| അദ്ഭുതം | ആശ്ചര്യജനകമായ |
| സ്വഭവനം | തന്റെ ആസ്ഥാനത്തിലേക്കു് |
| അഗാത് | ഗമിച്ചു. |

14. **ഏതന്മഹാരാജ തവേരിതോ മയാ**
**കൃഷ്ണാനുഭാവോ ഗജരാജമോക്ഷണം**
**സ്വർഗ്ഗ്യം യശസ്യം കലികല്മഷാപഹം**
**ദുഃസ്വപ്നനാശം കുരുവര്യ ശൃണ്വതാം.**

| | |
|---|---|
| മഹാരാജ | അല്ലയോ മഹാരാജാവേ! |
| ഗജരാജ-മോക്ഷണം | 'ഗജേന്ദ്രമോക്ഷണം' എന്നപേരിലറിയപ്പെടുന്ന |
| ഏതത് | ഈ ഉപാഖ്യാനമാവുന്ന |
| കൃഷ്ണാനുഭാവഃ | ശ്രീകൃഷ്ണമാഹാത്മ്യം |
| മയാ തവ | എന്നാൽ അങ്ങയ്ക്കു് |
| ഈരിതഃ | ചൊല്ലിത്തരപ്പെട്ടു. |
| കുരുവര്യ | ഹേ കുരുകുലശ്രേഷ്ഠ! |
| ഏതത് | ഈ ഉപാഖ്യാനം |
| ശൃണ്വതാം | ശ്രവിക്കുന്നവർക്കു് |
| സ്വർഗ്ഗ്യം | സ്വർഗ്ഗത്തെ സാധിപ്പിക്കുന്നതും |
| യശസ്യം | കീർത്തിയെ വളർത്തുന്നതും |
| കലികല്മ-ഷാപഹം | കലിദോഷങ്ങളെ അകററുന്നതും |
| ദുഃസ്വപ്നനാശം | ദുഃസ്വപ്നങ്ങളെ നശിപ്പിക്കുന്നതുമാണ്. |

15. **യഥാനുകീർത്തയന്ത്യേതച്ഛ്രേയസ്കാമാ ദ്വിജാതയഃ**
**ശുചയഃ പ്രാതരുത്ഥായ ദുഃസ്വപ്നാദ്യുപശാന്തയേ**

| | |
|---|---|
| ശ്രേയസ്കാമാഃ | ശ്രേയസ്സിനെ ആഗ്രഹിക്കുന്ന |
| ദ്വിജാതയഃ | ബ്രാഹ്മണാദി ത്രൈവർണ്ണികന്മാർ |
| ദുഃസ്വപ്നാദ്യുപശാന്തയേ | ദുഃസ്വപ്നാദികളുടെ ഉപശാന്തിക്കുവേണ്ടി |
| പ്രാതഃ | പ്രഭാതത്തിൽ |
| ഉത്ഥായ | എഴുന്നേറ്റ് |
| ശുചയഃ | ശുദ്ധിയോടെ ഇരുന്ന് |
| ഏതത് | ഈ ആഖ്യാനത്തെ |
| യഥാ | വേണ്ടതുപോലെ |
| അനുകീർത്തയന്തി | എന്നും കീർത്തനം ചെയ്യുന്നു. |

പ്രഭാതത്തിൽ ഈ സൽക്കഥ കീർത്തിക്കുന്നതും ഭഗവദ് വിഭൂതികളെ സ്മരിക്കുന്നതും ശ്രേയസ്കരമാണെന്ന് ഭഗവാൻ തന്നെ ഗജേന്ദ്രനെ പറഞ്ഞു കേൾപ്പിച്ച വിധം വിസ്തരിക്കുന്നു.

16. **ഇദമാഹ ഹരിഃ പ്രീതോ ഗജേന്ദ്രം കുരുസത്തമ**
**ശൃണ്വതാം സർവ്വഭൂതാനാം സർവ്വഭൂതമയോ വിഭുഃ**

| | |
|---|---|
| കുരുസത്തമ | കുരുവംശ ശ്രേഷ്ഠനായ ഹേ പരീക്ഷിത്തേ! |
| സർവ്വഭൂതമയഃ | സകല ചരാചര സ്വരൂപനും |
| വിഭുഃ | സർവ്വശക്തനുമായ |
| ഹരിഃ | ശ്രീഹരി |
| പ്രീതഃ | സന്തുഷ്ടനായിട്ട് |
| സർവ്വഭൂതാനാം | എല്ലാ ജീവികളും |
| ശൃണ്വതാം | കേൾക്കുമാറ് |
| ഗജേന്ദ്രം | ഗജേന്ദ്രനോട് |
| ഇദം | ഈ വിധം |
| ആഹ | പറയുകയുണ്ടായി. |

ശ്രീഭഗവാനുവാച — ശ്രീ ഭഗവാൻ അരുളി ചെയ്തു—

17. **യേ മാം ത്വാം ച സരശ്ചേദം ഗിരികന്ദരകാനനം**
**വേത്രകീചകവേണൂനാം ഗുല്മാനി സുരപാദപാൻ**

| | |
|---|---|
| യേ | യാതൊരുവർ |
| മാം | എന്നെയും, |
| ത്വാം ച | നിന്നെയും, |
| ഇദം സരഃ | ഈ തടാകത്തെയും, |
| ഗിരികന്ദരകാനനം | ത്രികൂടപർവ്വതം-അതിലുള്ള ഗുഹകൾ—കാടുകൾ എന്നിവയേയും, |
| വേത്രകീചകവേണൂനാം | ചൂരൽ—മുള — ഓട എന്നിവകളുടെ |
| ഗുല്മാനി | കുടിലുകളെയും, |
| സുരപാദപാൻ | ദേവദാരുക്കളെയും — |

(ഇതുമുതൽ എട്ടു ശ്ലോകങ്ങൾ ഒന്നിച്ച് അന്വയിക്കണം)

18. **ശൃംഗാണീമാനി ധിഷ്ണ്യാനി ബ്രഹ്മണോ മേ ശിവസ്യ ച**
**ക്ഷീരോദം മേ പ്രിയം ധാമ ശ്വേതദ്വീപം ച ഭാസ്വരം**

| | |
|---|---|
| ഇമാനി | ഈയുള്ള |
| ശൃംഗാണി | ഗിരിശിഖരങ്ങളെയും, |
| ബ്രഹ്മണഃ | ബ്രഹ്മാവിന്റെയും |
| മേ | എന്റെയും |
| ശിവസ്യ ച | ശിവന്റെയും |
| ധിഷ്ണ്യാനി | വാസസ്ഥാനങ്ങളെയും, |
| മേ | എനിക്ക് |
| പ്രിയം | ഇഷ്ടപ്പെട്ട |
| ധാമ | സ്ഥലമായ |
| ക്ഷീരോദം | പാലാഴിയെയും, |
| ഭാസ്വരം | തിളക്കം കൊള്ളുന്ന |
| ശ്വേത ദ്വീപം ച | ശ്വേതദ്വീപിനെയും |

**19.** **ശ്രീവത്സം കൗസ്തുഭം മാലാം ഗദാം കൗമോദകീം മമ**
**സുദർശനം പാഞ്ചജന്യം സുപർണ്ണം പതഗേശ്വരം**

| | |
|---|---|
| മമ | എന്റെ |
| ശ്രീവത്സം | ശ്രീവത്സമെന്ന മറുവിനെയും, |
| കൗസ്തുഭം | കൗസ്തുഭമെന്ന രത്നത്തെയും, |
| മാലാം | വനമാലയെയും, |
| കൗമോദകീം | കൗമോദകിയെന്ന |
| ഗദാം | ഗദായുധത്തെയും, |
| സുദർശനം | സുദർശന ചക്രത്തെയും, |
| പാഞ്ചജന്യം | പാഞ്ചജന്യമെന്ന ശംഖിനെയും, |
| പതഗേശ്വരം | പക്ഷിരാജനായ |
| സുപർണ്ണം | ഗരുഡനെയും— |

**20.** **ശേഷം ച മത്കലാം സൂക്ഷ്മാം ശ്രിയം ദേവീം മദാശ്രയാം**
**ബ്രഹ്മാണം നാരദമൃഷിം ഭവം പ്രഹ്ലാദമേവ ച**

| | |
|---|---|
| സൂക്ഷ്മാം മത്കലാം | എന്റെ ചെറിയ ഒരംശമായുള്ള |
| ശേഷം ച | ആദിശേഷനെ |
| മദാശ്രയാം | എന്റെ ആശ്രയത്തിലുള്ള |
| ശ്രിയം ദേവീം | ലക്ഷ്മീദേവിയെയും, |
| ബ്രഹ്മാണം | ബ്രഹ്മാവിനെയും, |
| ഋഷിം | ദേവർഷിയായ |
| നാരദം | നാരദനെയും, |
| ഭവം | ശിവനെയും, |
| പ്രഹ്ലാദം ഏവ ച | അതേവിധം ഭക്തോത്തമനായ പ്രഹ്ലാദനെയും— |

**21.** **മത്സ്യകൂർമ്മവരാഹാദ്യൈരവതാരൈഃ കൃതാനി മേ**
**കർമ്മാണ്യനന്തപുണ്യാനി സൂര്യം സോമം ഹുതാശനം.**

| | |
|---|---|
| മത്സ്യകൂർമ്മ-വരാഹാദ്യൈഃ | മത്സ്യം-കൂർമ്മം-വരാഹം എന്നു തുടങ്ങിയ |
| അവതാരൈഃ | അവതാരങ്ങൾകൊണ്ട് |
| മേ | എന്നാൽ |
| കൃതാനി | ചെയ്യപ്പെട്ട |
| അനന്ത-പുണ്യാനി | അളവററ പുണ്യഫലങ്ങളെ ഉളവാക്കുന്ന |
| കർമ്മാണി | കർമ്മങ്ങളെയും |
| സൂര്യം | സൂര്യനെയും, |
| സോമം | ചന്ദ്രനെയും, |
| ഹുതാശനം | അഗ്നിയെയും— |

22. പ്രണവം സത്യമവ്യക്തം ഗോവിപ്രാൻ ധർമ്മമവ്യയം
ദാക്ഷായണീർധർമ്മപത്നീഃ സോമകശ്യപയോരപി.

| | |
|---|---|
| പ്രണവം | ഓംകാരമന്ത്രത്തെയും, |
| സത്യം | സത്യസ്വരൂപത്തെയും, |
| അവ്യക്തം | മായാസ്വരൂപത്തെയും, |
| ഗോവിപ്രാൻ | ഗോക്കൾ — ബ്രാഹ്മണർ എന്നിവരെയും, |
| അവ്യയം | സനാതനമായ |
| ധർമ്മം | ഭാഗവതധർമ്മത്തെയും, |
| ധർമ്മപത്നീഃ | ധർമ്മർഷിയുടെ പത്നിമാരും |
| സോമകശ്യപയോഃ അപി | സോമന്റെയും കശ്യപന്റെയും പത്നിമാരുമായ |
| ദാക്ഷായണീഃ | ദക്ഷപുത്രിമാരെയും — |

23. ഗംഗാം സരസ്വതീം നന്ദാം കാളിന്ദീം സിതവാരണം
ധ്രുവം ബ്രഹ്മർഷീൻ സപ്ത പുണ്യശ്ലോകാംശ്ച മാനവാൻ.

| | |
|---|---|
| ഗംഗാം | ഭാഗീരഥിയെയും, |
| സരസ്വതീം | സരസ്വതീനദിയെയും, |
| നന്ദാം | അളകനന്ദയെയും, |
| കാളിന്ദീം | യമുനയെയും, |
| സിതവാരണം | ഐരാവതത്തെയും, |
| ധ്രുവം | ധ്രുവനെയും, |
| സപ്ത | ഏഴ് |
| ബ്രഹ്മർഷീൻ | ബ്രഹ്മർഷിമാരെയും |
| പുണ്യശ്ലോകാൻ | വിശുദ്ധകീർത്തിയെഴുന്ന |
| മാനവാൻ ച | നളജനകാദി സൽപുരുഷന്മാരെയും — |

24. ഉത്ഥായാപരരാത്രാന്തേ പ്രയതാഃ സുസമാഹിതാഃ
സ്മരന്തി മമ രൂപാണി മുച്യന്തേ ഹ്യേനസോഽഖിലാത്.

| | |
|---|---|
| അപരരാത്രാന്തേ | രാത്രിയുടെ ഉത്തരാർദ്ധം അവസാനിക്കുന്ന ബ്രാഹ്മമുഹൂർത്തത്തിൽ |
| ഉത്ഥായ | എഴുന്നേററ് |
| പ്രയതാഃ | ശ്രദ്ധാഭക്തിസമേതരായും |
| സുസമാഹിതാഃ | ഏകാഗ്രചിത്തന്മാരുമായിട്ട് |
| സ്മരന്തി | സ്മരിക്കുന്നുവോ, |
| (തേ) | അവർ |
| അഖിലാത് | എല്ലാതരത്തിലുമുള്ള |
| ഏനസഃ | പാപത്തിൽനിന്നും |
| മുച്യന്തേ | മോചിക്കപ്പെടുന്നു. |
| ഹി | എന്തെന്നാൽ, ഇവയെല്ലാം |
| മമ | എന്റെ |
| രൂപാണി | വിഭൂതികളാണ്. |

25. യേ മാം സ്തുവന്ത്യനേനാങ്ഗ പ്രതിബുധ്യ നിശാത്യയേ
തേഷാം പ്രാണാത്യയേ ചാഹം ദദാമി വിമലാം മതിം.

| | |
|---|---|
| അങ്ഗ | ഹേ പ്രിയംകര ! |
| യേ | ഏതൊരുവർ |
| നിശാത്യയേ | രാത്രിയുടെ അന്ത്യയാമത്തിൽ |

| | | | |
|---|---|---|---|
| പ്രതിബുധ്യ | ഉണരന്നെഴുന്നേററ് | പ്രാണാത്യയേ | പ്രാണപ്രയാണ സമയത്തു് |
| അനേന | ഈ സ്തോത്രംകൊണ്ട് | അഹം ച | ഞാനും (അവക്ക്) |
| മാം | എന്നെ | വിമലാം | നിമ്മലമായ |
| സ്തുവന്തി | സ്തുതിക്കുന്നവോ, | മതിം | ബുദ്ധിയെ |
| തേഷാം | അവരുടെ | ദദാമി | പ്രദാനം ചെയ്യുന്നു. |

ശ്രീ ശുക ഉവാച = ശ്രീ ശുകൻ പറഞ്ഞു—.

**26. ഇത്യാദിശ്യ ഹൃഷീകേശഃ പ്രധ്മായ ജലജോത്തമം**
**ഹർഷയൻ വിബുധാനീകമാരുരോഹ ഖഗാധിപം.**

| | | | |
|---|---|---|---|
| ഹൃഷീകേശഃ | ഇന്ദ്രിയങ്ങളുടെ നിയാമകനായ ഭഗവാൻ ശ്രീഹരി | പ്രധ്മായ | ഉച്ചത്തിൽ മുഴക്കി, |
| | | വിബുധാനീകം | ദേവസമൂഹത്തെ |
| ഇതി | ഇപ്രകാരം | ഹർഷയൻ | സന്തോഷിപ്പിച്ചുകൊണ്ട് |
| ആദിശ്യ | കല്പിച്ചരുളിയശേഷം | ഖഗാധിപം | ഗരുഡവാഹനത്തെ |
| ജലജോത്തമം | പാഞ്ചജന്യത്തെ | ആരുരോഹ | ആരോഹണം ചെയ്തു. |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ
അഷ്ടമസ്കന്ധേ ഗജേന്ദ്രമോക്ഷണം നാമ
ചതുർത്ഥോദ്ധ്യായഃ
ആദിതഃ ശ്ലോകാഃ – 125
അഷ്ടമസ്കന്ധത്തിൽ നാലാമദ്ധ്യായം കഴിഞ്ഞു.

# പഞ്ചമോഽധ്യായഃ — അധ്യായം അഞ്ച്

## ദേവകൾക്ക നേരിട്ട അപകർഷം

''പഞ്ചമേ പഞ്ചമം ചാഥ ഷഷ്ഠം ചാകഥയന്മനും
വിപ്രശാപാച്ച നിഃശ്രീകൈഃ കൃതാം ദേവൈർഹരേഃ സ്തുതിം''

അഞ്ചാമത്തെ ഈ അധ്യായത്തിൽ അഞ്ചാമത്തെയും ആറാമത്തെയും മനുക്കളുടെ ചരിത്രവും വിപ്രശാപത്താൽ നിഃശ്രീകത്വം ബാധിച്ച ദേവന്മാർ ബ്രഹ്മാവിനെ മുൻനിർത്തി ശ്രീവിഷ്ണുവിനെ സ്തുതിച്ചതും പ്രതിപാദിച്ചിരിക്കുന്നു.

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു—

1. **രാജന്നുദിതമേതത്തേ ഹരേഃ കർമ്മാഘനാശനം
ഗജേന്ദ്രമോക്ഷണം പുണ്യം രൈവതം ത്വന്തരം ശൃണു**

| | | | |
|---|---|---|---|
| രാജൻ | അല്ലയോ രാജാവേ! | ഏതത് കർമ്മ | ഈ കൃത്യം |
| അഘനാശനം | പാപം തീർക്കുന്നതും | തേ | അങ്ങയ്ക്കായിട്ട് |
| പുണ്യം | പുണ്യം വളർത്തുന്നതുമായ | ഉദിതം | പറയപ്പെട്ടു. |
| ഗജേന്ദ്ര-മോക്ഷണം | 'ഗജേന്ദ്രമോക്ഷണം' എന്ന പേരിലറിയപ്പെടുന്ന | രൈവതം | 'രൈവത' മെന്ന |
| | | അന്തരം തു | മന്വന്തരത്തെ ഇനി |
| ഹരേഃ | ശ്രീഹരിയുടെ | ശൃണു | കേട്ടുകൊൾക. |

2. **പഞ്ചമോ രൈവതോ നാമ മനുസ്താമസസോദരഃ
ബലിവിന്ധ്യാദയസ്തസ്യ സുതാ അർജ്ജുനപൂർവകാഃ**

| | | | |
|---|---|---|---|
| താമസ-സോദരഃ | താമസനെന്ന നാലാമത്തെ മനുവിന്റെ സോദരൻ | തസ്യ | അദ്ദേഹത്തിന്റെ |
| | | സുതാഃ | പുത്രന്മാർ |
| രൈവതഃ | രൈവതനെന്ന | അർജ്ജുന-പൂർവ്വകാഃ | അർജ്ജുനൻ മുമ്പായിട്ടുള്ള |
| നാമ | പേരായ ആൾ | | |
| പഞ്ചമഃ | അഞ്ചാമത്തെ | ബലി-വിന്ധ്യാദയഃ | ബലി, വിന്ധ്യൻ മുതലായവർ ആയിരുന്നു. |
| മനുഃ | മനുവായി. | | |

3. **വിഭുരിന്ദ്രഃ സുരഗണാൻ രാജഭൂതരയാദയഃ
ഹിരണ്യരോമാ വേദശിരാ ഊർധ്വബാഹ്വാദയഃ ദ്വിജാഃ**

| | | | |
|---|---|---|---|
| രാജൻ | രാജാവേ! | വിഭുഃ | 'വിഭു'വെന്ന പേരായ ആൾ |

| | |
|---|---|
| ഇന്ദ്രഃ | ഇന്ദ്രനായിരുന്നു; |
| ഭൃതരയാ—ദയഃ | ഭൃതരയൻ മുതലായിട്ടുള്ളവർ |
| സുരഗണാഃ | ദേവസംഘങ്ങളായിരുന്നു; |
| ഹിരണ്യരോമാ | ഹിരണ്യരോമാവ്, |
| വേദശിരാഃ | വേദശിരസ്സ്, |
| ഊർധ്വ—ബാഹ്വാദയഃ | ഊർധ്വബാഹു തുടങ്ങിയവർ |
| ദ്വിജാഃ | സപ്തർഷികളായിരുന്നു. |

**4.** **പത്നീ വികുണ്ഠാ ശുഭ്രസ്യ വൈകുണ്ഠൈഃ സുരസത്തമൈഃ**
**തയോഃ സ്വകലയാ ജജ്ഞേ വൈകുണ്ഠോ ഭഗവാൻ സ്വയം**

| | |
|---|---|
| ശുഭ്രസ്യ | ശുഭ്രനെന്ന ഋഷിയുടെ |
| പത്നീ | പത്നിയാണ് |
| വികുണ്ഠാ | വികുണ്ഠയെന്നവരം; |
| തയോഃ | അവരിരുവരുടെയും പുത്രനായി |
| ഭഗവാൻ | ശ്രീനാരായണൻ |
| സ്വകലയാ | സ്വാംശത്താൽ |
| വൈകുണ്ഠൈഃ | വൈകുണ്ഠന്മാരെന്ന |
| സുരസത്തമൈഃ | ദേവശ്രേഷ്ഠന്മാരോടുകൂടി |
| വൈകുണ്ഠഃ | 'വൈകുണ്ഠ'നെന്ന നാമത്തോടെ |
| സ്വയം | താൻതന്നെ |
| ജജ്ഞേ | അവതരിച്ചു. |

**5.** **വൈകുണ്ഠഃ കല്പിതോ യേന ലോകോ ലോകനമസ്കൃതഃ**
**രമയാ പ്രാർത്ഥ്യമാനേന ദേവ്യാ തത് പ്രിയകാമ്യയാ**

| | |
|---|---|
| യേന | യാതൊരു വൈകുണ്ഠനാഥനാൽ |
| രമയാ ദേവ്യാ | രമാദേവിയാൽ |
| പ്രാർത്ഥ്യ—മാനേന | അഭ്യർത്ഥിതനായിട്ട് |
| തത്പ്രിയ—കാമ്യയാ | ആ ദേവിയ്ക്ക് ഇഷ്ടമായതു ചെയ്യുവാനുള്ള ഇച്ഛ കൊണ്ട് |
| ലോക—നമസ്കൃതഃ | ലോകങ്ങളാൽ നമസ്കൃതമായ (സർവ്വലോക വരേണ്യമായ) |
| വൈകുണ്ഠഃ | വൈകുണ്ഠമെന്ന |
| ലോകഃ | ലോകം |
| കല്പിതഃ | ഏർപ്പെടുത്തപ്പെട്ടു. |

**6.** **തസ്യാനുഭാവഃ കഥിതോ ഗുണാശ്ച പരമോദയാഃ**
**ഭൗമാൻ രേണൂൻ സ വിമമേ യോ വിഷ്ണോർ വർണയേദ് ഗുണാൻ**

| | |
|---|---|
| തസ്യ | ആ വൈകുണ്ഠനാഥന്റെ |
| അനുഭാവഃ | മഹാവൈഭവം |
| കഥിതഃ | കഥിക്കപ്പെട്ടു കഴിഞ്ഞതാണ്; |
| ഗുണാഃ ച | ബ്രഹ്മണ്യാദി ഗുണങ്ങളും |
| പരമോദയാഃ | പരമൈശ്വര്യങ്ങളും |
| (കഥിതാഃ) | കഥിക്കപ്പെട്ടിരിക്കുന്നു.* |
| യഃ | യാതൊരാൾ |
| വിഷ്ണോഃ | ശ്രീവിഷ്ണുവിന്റെ |
| ഗുണാൻ | ഗുണങ്ങളെ |
| വർണയേത് | മുറ്റും വർണ്ണിച്ചേക്കുമോ, |
| സഃ | ആയാൾ |
| ഭൗമാൻ | ഭൂമിയിലുള്ള |
| രേണൂൻ | മൺതരികളെ |
| വിമമേ | എണ്ണിക്കണക്കാക്കിയേക്കാം.

* സനകാദികളുടെ ശാപത്താൽ ദൈത്യന്മാരായി ഭവിച്ച തന്റെ പാർഷദന്മാരോടു വരാഹാദി രൂപേണ അവതരിച്ചു യുദ്ധം ചെയ്തതും മററുമായ വൈകുണ്ഠവൈഭവങ്ങളും തൃതീയസ്കന്ധത്തിൽ പറഞ്ഞു കഴിഞ്ഞവയാണ്.

7. **ഷഷ്ഠശ്ച ചക്ഷുഷഃ പുത്രശ്ചാക്ഷുഷോ നാമ വൈ മനുഃ**
**പൂരുപൂരുഷസുദ്യുമ്നപ്രമുഖാശ്ചാക്ഷുഷാത്മജാഃ**

| | | | |
|---|---|---|---|
| ചക്ഷുഷഃ | ചക്ഷുസ്സിന്റെ | ചാക്ഷുഷാത്മജാഃ | ഈ ചാക്ഷുഷമനുവിന്റെ പുത്രന്മാർ |
| പുത്രഃ | പുത്രനായ | | |
| ചാക്ഷുഷഃ | 'ചാക്ഷുഷൻ' എന്നു | പൂരുപൂരുഷസുദ്യുമ്നപ്രമുഖാഃ | പൂരു, പൂരുഷൻ, സുദ്യുമ്നൻ മുതലായവരും ആയിരുന്നു. |
| നാമ വൈ | പേരായവൻ | | |
| ഷഷ്ഠഃ ച | ആറാമത്തെയും | | |
| മനുഃ | മനുവായി. | | |

8. **ഇന്ദ്രോ മന്ത്രദ്രുമസ്തത്ര ദേവാ ആപ്യാദയോ ഗണാഃ**
**മുനയസ്തത്ര വൈ രാജൻ ഹവിഷ്മദ്വീരകാദയഃ**

| | | | |
|---|---|---|---|
| തത്ര | ആ ചാക്ഷുഷമന്വന്തരത്തിലെ | ഗണാഃ | സംഘങ്ങളുമായിരുന്നു. |
| | | രാജൻ | ഹേ രാജാവേ! |
| ഇന്ദ്രഃ | ദേവേന്ദ്രൻ | തത്ര വൈ | അന്നത്തെ |
| മന്ത്രദ്രുമഃ | മന്ത്രദ്രുമനും, | മുനയഃ | സപ്തർഷികൾ |
| ദേവാഃ | ദേവന്മാർ | ഹരിഷ്മദ്–വീരകാദയഃ | ഹരിഷ്മാൻ, വീരകൻ മുതലായുള്ളവരും. |
| ആപ്യാദയഃ | ആപ്യൻ മുതലായുള്ള | | |

9. **തത്രാപി ദേവഃ സംഭൂത്യാം വൈരാജസ്യാഭവത് സുതഃ**
**അജിതോ നാമ ഭഗവാനംശേന ജഗതഃ പതിഃ**

| | | | |
|---|---|---|---|
| തത്രാപി | ആ മന്വന്തരത്തിലും | വൈരാജസ്യ | വൈരാജന്റെ |
| ജഗതഃ | ലോകത്തിന്റെ | സുതഃ | പുത്രനായി |
| പതിഃ | പാലകനായും | സംഭൂത്യാം | സംഭൂതിയെന്നവളിൽ |
| ഭഗവാൻ | സകലൈശ്വര്യാദിഷഡ്ഗുണ സമ്പന്നനായുമിരിക്കുന്ന | അംശേന | തന്റെ ഒരംശംകൊണ്ടു |
| | | അജിതഃ | 'അജിതൻ' എന്നു |
| | | നാമ | പേരിൽ |
| ദേവഃ | വിഷ്ണുദേവൻ | അഭവത് | അവതീർണ്ണനായി. |

10. **പയോധിം യേന നിർമ്മഥ്യ സുരാണാം സാധിതാ സുധാ**
**ഭ്രമമാണോംഭസി ധൃതഃ കൂർമ്മരൂപേണ മന്ദരഃ**

| | | | |
|---|---|---|---|
| യേന | അജിതനായി അവതരിച്ച യാതൊരു ഭഗവാനാൽ | സാധിതാ | നേടിക്കൊടുക്കപ്പെട്ടു. |
| പയോധിം | പാലാഴിയെ | അംഭസി | സമുദ്രജലത്തിൽ |
| നിർമ്മഥ്യ | കടഞ്ഞ് | ഭ്രമമാണഃ | ചുഴന്നാണ്ടുകൊണ്ടിരുന്ന |
| സുരാണാം | ദേവന്മാർക്ക് | മന്ദരഃ | മന്ദരപർവ്വതം |
| സുധാ | അമൃതം | കൂർമ്മരൂപേണ | ആമയുടെ ആകൃതിപൂണ്ട് |
| | | ധൃതഃ | താങ്ങി നിർത്തപ്പെട്ടു. |

രാജോവാച = പരീക്ഷിത്ത് രാജാവു ചോദിച്ചു—

**11. യഥാ ഭഗവതാ ബ്രഹ്മൻ മഥിതഃ ക്ഷീരസാഗരഃ**
**യദർത്ഥം വാ യതശ്ചാദ്രിം ദധാരാംബുചരാത്മനാ**

| | | | |
|---|---|---|---|
| ബ്രഹ്മൻ | ഹേ ബ്രഹ്മർഷേ! | യതഃ ച | എന്തു കാരണത്താലും |
| ഭഗവതാ | ഭഗവാനാൽ | അംബുചരാത്മനാ | ആമയുടെ ആകൃതിയോടുകൂടി |
| ക്ഷീരസാഗരഃ | പാല്ക്കടൽ | അദ്രിം | മന്ദരഗിരിയെ |
| യഥാ | ഏതുവിധം | ദധാര | താങ്ങിനിർത്തി? |
| മഥിതഃ | കടയപ്പെട്ടു? | | |
| യദർത്ഥം വാ | എന്തിനുവേണ്ടിയും | | |

**12. യഥാമൃതം സുരൈഃ പ്രാപ്തം കിഞ്ചാന്യദഭവത്തതഃ**
**ഏതദ് ഭഗവതഃ കർമ്മ വദസ്വ പരമാദ്ഭുതം**

| | | | |
|---|---|---|---|
| സുരൈഃ | ദേവന്മാരാൽ | അഭവത് | ഉണ്ടായോ? |
| അമൃതം | അമൃത് | ഭഗവതഃ | ഭഗവാന്റെ |
| യഥാ | ഏതുവിധത്തിൽ | പരമാദ്ഭുതം | അത്യാശ്ചര്യകരമായ |
| പ്രാപ്തം | പ്രാപിക്കപ്പെട്ടു? | ഏതത് | ഇത്തരം |
| തതഃ | അതിനെത്തുടർന്ന് | കർമ്മ | ലീലാവിചേഷ്ടിതത്തെ |
| അന്യത് | വേറെ | വദസ്വ | പറഞ്ഞു തന്നാലും. |
| കിം ച | വല്ലതും | | |

**13. ത്വയാ സംകഥ്യമാനേന മഹിമ്നാ സാത്വതാം പതേഃ**
**നാതിതൃപ്യതി മേ ചിത്തം സുചിരം താപതാപിതം**

| | | | |
|---|---|---|---|
| സുചിരം | സുദീർഘകാലമായി | സാത്വതാം പതേഃ | ഭക്തജനപാലകനായ ഭഗവാന്റെ |
| താപതാപിതം | താപത്രയത്താൽ തപിപ്പിക്കപ്പെട്ടിരിക്കുന്ന | മഹിമ്നാ | മാഹാത്മ്യത്താൽ |
| മേ ചിത്തം | എന്റെ മനസ്സ് | ന അതിതൃപ്യതി | അതിയായ അലംഭാവം കൊള്ളുന്നില്ല. |
| ത്വയാ | ഭവാനാൽ | | |
| സംകഥ്യമാനേന | വേണ്ടപോലെ വിസ്തരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന | | |

ഭഗവന്മാഹാത്മ്യം വർണ്ണിച്ചു പറയുന്നതു കേൾക്കുംതോറും പിന്നെയും പിന്നെയും കേൾക്കുവാനുള്ള ആഗ്രഹം ഉള്ളിൽ ഉണ്ടായിക്കൊണ്ടേ ഇരിക്കുന്നുവെന്നു് ആശയം.

സൂത ഉവാച = സൂതൻ (ശൗനകാദികളോടു്) പറഞ്ഞു

14. **സംപൃഷ്ടോ ഭഗവാനേവം ദ്വൈപായനസുതോ ദ്വിജാഃ**
**അഭിനന്ദ്യ ഹരേർവീര്യമഭ്യാചഷ്ടും പ്രചക്രമേ**

| | | | |
|---|---|---|---|
| ദ്വിജാഃ | ഹേ ശൗനകാദി മാമുനിമാരേ! | സംപൃഷ്ടഃ | (പരീക്ഷിത്തിനാൽ) അനുയുക്തനായിട്ടു് |
| ദ്വൈപായന-സുതഃ | ശ്രീവേദവ്യാസമഹർഷിയുടെ പുത്രനും | അഭിനന്ദ്യ | ചോദ്യത്തെ അഭിനന്ദിച്ച ശേഷം |
| ഭഗവാൻ | സർവ്വജ്ഞനുമായ ശ്രീശുകൻ | ഹരേഃ | ശ്രീഹരിയുടെ |
| | | വീര്യം | വീരകൃത്യത്തെ |
| | | അഭ്യാചഷ്ടും | വർണ്ണിച്ചു ചൊല്ലുവാൻ |
| ഏവം | ഇപ്രകാരം | പ്രചക്രമേ | ആരംഭിച്ചു. |

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു—

15. **യദാ യുദ്ധേഽസുരൈർദേവാ ബാധ്യമാനാഃ ശിതായുധൈഃ**
**ഗതാസവോ നിപതിതാ നോത്തിഷ്ഠേരൻ സ്മ ഭൂയശഃ**

16. **യദാ ദുർവ്വാസസഃ ശാപാത് സേന്ദ്രാ ലോകാസ്ത്രയോ നൃപ**
**നിഃശ്രീകാശ്ചാഭവംസ്തത്ര നേശുരിജ്യാദയഃ ക്രിയാഃ**

| | | | |
|---|---|---|---|
| നൃപ | രാജാവേ! | യദാ | യാതൊരു കാലത്തു് |
| യദാ | യാതൊരു കാലത്തു് | ദുർവ്വാസസഃ | ദുർവ്വാസസ്സിന്റെ |
| ദേവാഃ | ദേവന്മാർ | ശാപാത് | ശാപത്താൽ * |
| ഭൂയശഃ | അധികപക്ഷവും | സേന്ദ്രാഃ | ഇന്ദ്രനോടുകൂടെയുള്ള |
| അസുരൈഃ | അസുരന്മാരാൽ | ത്രയഃ ലോകാഃ | മൂന്നുലോകങ്ങളും |
| ശിതായുധൈഃ | മൂർച്ചയുള്ള ആയുധങ്ങൾ കൊണ്ടു് | നിഃശ്രീകാഃ | അശ്രീകത്വം ബാധിച്ചവയായും |
| ബാധ്യമാനാഃ | പ്രഹരിക്കപ്പെട്ടു് | | |
| യുദ്ധേ | യുദ്ധത്തിൽ | അഭവൻ | ഭവിച്ചുവോ, |
| ഗതാസവഃ | ഗതപ്രാണരായി | തത്ര | ആ കാലത്തു് |
| നിപതിതാഃ | വീണുപോകയും | ഇജ്യാദയഃ | യാഗാദികളായ |
| ഉത്തിഷ്ഠേരൻ സ്മ ന | വീണ്ടും ജീവനോടെ എഴുന്നേല്ക്കാനാവാതെ വരികയും ചെയ്തുവോ, | ക്രിയാഃ | കർമ്മങ്ങൾ |
| | | ന ഈശുഃ | മുറയ്ക്കു നടക്കാതെയായി. |

*ഒരിക്കൽ ദുർവ്വാസസ്സ് മുനി വൈകുണ്ഠദർശനം കഴിച്ചു മടങ്ങി വരുമ്പോൾ വഴിക്കു വച്ച് ഐരാവതാരൂഢനായി യാത്ര ചെയ്യുന്ന ദേവേന്ദ്രനെ കാണ്മാനിടയായി. ഋഷി തനിക്കു വൈകുണ്ഠപ്രസാദമായി ലഭിച്ചിരുന്ന ഒരു പുഷ്പമാല ദേവേന്ദ്രനു സമ്മാനിച്ചു. ശ്രീമദാന്ധനായ ദേവരാജാവ് ആ ഭഗവൽപ്രസാദത്തെ അനാദരപൂർവ്വം വാങ്ങിയിട്ട് ഐരാവതത്തിന്റെ മസ്തകത്തിൽ അലക്ഷ്യമായി വച്ചതും ആന തുമ്പിക്കൈകൊണ്ടെടുത്തു താഴെയിട്ടു ചവുട്ടിച്ചതച്ചതും ഒപ്പം കഴിഞ്ഞു. ദുർവാസസ്സ് കുപിതനായി, ''നീയും നിന്റെ അധീനത്തിലുള്ള ത്രിലോകവാസി ജനങ്ങളും നിഃശ്രീകരായിത്തീരട്ടെ'' എന്ന് ശപിക്കയും ചെയ്തു. (ശ്രീവിഷ്ണുപുരാണം)

**17. നിശാമ്യൈതത് സുരഗണാ മഹേന്ദ്രവരുണാദയഃ**
**നാധ്യഗച്ഛൻ സ്വയം മന്ത്രൈർമന്ത്രയന്തോ വിനിശ്ചയം**

| | | | |
|---|---|---|---|
| ഏതത് | ഇത് | മന്ത്രൈഃ | കാര്യവിചാരങ്ങൾ കൊണ്ട് |
| നിശാമ്യ | കണ്ടിട്ട് | മന്ത്രയന്തഃ | കൂടിയാലോചിച്ചിട്ട് |
| മഹേന്ദ്ര-വരുണാദയഃ | ഇന്ദ്രൻ, വരുണൻ എന്നു തുടങ്ങിയ | വിനിശ്ചയം | ഒരു തീരുമാനത്തിലേക്ക് |
| സുരഗണാഃ | ദേവസംഘങ്ങൾ | ന അധ്യഗച്ഛൻ | എത്തിച്ചേർന്നില്ല. |
| സ്വയം | തനിയെ സമ്മേളിച്ച് | | |

**18. തതോ ബ്രഹ്മസഭാം ജഗ്മുർമേരോർമൂർദ്ധ്നി സർവ്വശഃ**
**സർവ്വം വിജ്ഞാപയാം ചക്രുഃ പ്രണതാഃ പരമേഷ്ഠിനേ**

| | | | |
|---|---|---|---|
| തതഃ | അതിനാൽ | പരമേഷ്ഠിനേ | ബ്രഹ്മാവിനായിക്കൊണ്ട് |
| സർവ്വശഃ | എല്ലാവരും ഒത്തുചേർന്ന് | പ്രണതാഃ | താണുവണങ്ങിയവരായിട്ട് |
| മേരോഃ | മഹാമേരുവിന്റെ | | |
| മൂർദ്ധ്നി | ശിഖരത്തിലുള്ള | | |
| ബ്രഹ്മസഭാം | ബ്രഹ്മാവിന്റെ ആസ്ഥാനത്തിലേക്ക് | സർവ്വം | സംഭവമെല്ലാം |
| ജഗ്മുഃ | പോയി. | വിജ്ഞാപയാം ചക്രുഃ | ഉണർത്തിച്ചു. |

**19. സ വിലോക്യേന്ദ്രവായ്വാദീൻ നിഃസത്ത്വാൻ വിഗതപ്രഭാൻ**
**ലോകാനമംഗലപ്രായാനസുരാനയഥാ വിഭുഃ**

**20. സമാഹിതേന മനസാ സംസ്മരൻ പുരുഷം പരം**
**ഉവാചോത്ഫുല്ലവദനോ ദേവാൻ സ ഭഗവാൻ പരഃ**

| | | | |
|---|---|---|---|
| സഃ വിഭുഃ | ആ ബ്രഹ്മദേവൻ | നിഃസത്ത്വാൻ | ശക്തിഹീനരായും |
| ഇന്ദ്രവായ്വാദീൻ | ഇന്ദ്രൻ, വായു മുതലായ ദേവന്മാരെ | വിഗതപ്രഭാൻ | ശ്രീവിഹീനരായും |
| | | ലോകാൻ | ലോകങ്ങളെ |

| | | | |
|---|---|---|---|
| അമംഗലപ്രായാൻ | മിക്കതും അശുഭലക്ഷണം ബാധിച്ചവയായും, | പരം പുരുഷം | പരമപുരുഷനായ ശ്രീഹരിയെ |
| അസുരാൻ | അസുരന്മാരെ | സമാഹിതേന | ഏകാഗ്രഭാവനയോടു കൂടിയ |
| അയഥാ | അങ്ങനെയല്ലാത്തവരായും | മനസാ | ചിത്തത്താൽ |
| വിലോക്യ | കണ്ടിട്ട്, | സ്മരൻ | ധ്യാനിച്ചുകൊണ്ടിരുന്ന് |
| പരഃ | ദേവശ്രേഷ്ഠനും. | ഉത്ഫുല്ലവദനഃ | പ്രസന്നമായ മുഖമണ്ഡലത്തോടുകൂടി |
| ഭഗവാൻ | സകലൈശ്വര്യാദി ഗുണോപേതനുമായ | ദേവാൻ | ദേവന്മാരോടായി |
| സഃ | അദ്ദേഹം | ഉവാച | അരുളിച്ചെയ്തു. |

21. അഹം ഭവോ യൂയമഥോƒസുരാദയോ
മനുഷ്യതിര്യഗ്ദ്രുമഘർമ്മജാതയഃ
യസ്യാവതാരാംശകലാവിസർജിതാ
വ്രജാമ സർവേ ശരണം തമവ്യയം

| | | | |
|---|---|---|---|
| അഹം | "ഞാനും, | യസ്യ | യാതൊരുവന്റെ |
| ഭവഃ | ശ്രീരുദ്രനും, | അവതാരാംശകലാവിസർജ്ജിതാഃ | അവതാരത്തിന്റെ ഒരംശത്തിന്റെ അനേകം അംശങ്ങളാൽ വിവിധാകാരേണ സൃഷ്ടിക്കപ്പെട്ടവോ * |
| യൂയം | നിങ്ങളും, | | |
| അഥ | അതിനും പുറമെ | | |
| അസുരാദയഃ | അസുരാദികളും, | തം അവ്യയം | ആ നിർവ്വികാരാത്മാവിനെ |
| മനുഷ്യതിര്യഗ്ദ്രുമഘർമ്മജാതയഃ | മനുഷ്യരും, പക്ഷിമൃഗാദികളും, വൃക്ഷലതാദികളും സ്വേദജങ്ങളായ ജീവികളും | ശരണം വ്രജാമ | നാം ശരണം പ്രാപിച്ചു കൊള്ളണം. |

* ഭഗവാന്റെ ആദ്യാവതാരമായ വിരാട് പുരുഷന്റെ അംശമാണ് ബ്രഹ്മാവ്. മരീച്യാദി പ്രജാപതികൾ ആ ബ്രഹ്മാവിന്റെ അംശങ്ങളും ലോകത്തിലുള്ള ചരാചര പ്രാണികളെല്ലാം അവരുടെ സന്താനപരമ്പരകളുമാണ്. ആകയാൽ ഭഗവത് കലകളല്ലാതെ ലോകത്തിൽ മറ്റൊന്നുമില്ല.

അപ്പോൾ സർവ്വകാരണഭൂതന 'സമഃ സർവ്വേഷു ഭൂതേഷു' എന്ന നിലയിൽ വർത്തിക്കുന്ന ഭഗവാനെ ശരണം പ്രാപിച്ചാൽ നമ്മുടെ പ്രത്യേകകാര്യം സാധിക്കുന്നതെങ്ങനെ? ഈ ആശങ്കയെ താഴെ രണ്ടു ശ്ലോകംകൊണ്ടു പരിഹരിക്കുന്നു.

22. ന യസ്യ വധ്യോ ന ച രക്ഷണീയോ
നോപേക്ഷണീയാദരണീയപക്ഷഃ
അഥാപി സർഗസ്ഥിതിസംയമാർത്ഥം
ധത്തേ രജഃസത്ത്വതമാംസി കാലേ.

| | |
|---|---|
| യസ്യ | യാതൊരുവന് |
| വധ്യഃ ന | വധാര്ഹനായിട്ട് ആരുമില്ലാ; |
| രക്ഷണീയഃ ച | രക്ഷിക്കപ്പെടേണ്ടവനായിട്ടും |
| ന | ഇല്ലാ; |
| ഉപേക്ഷണീയാദരണീയപക്ഷഃ | ഉപേക്ഷിക്കപ്പെടേണ്ടതായോ ആദരിക്കപ്പെടേണ്ടതായോഉള്ള പക്ഷത്തിലുള്ളവനും |
| ന | ഇല്ല |
| അഥാപി | എന്നിരിക്കിലും |
| സർഗ്ഗസ്ഥിതി-സംയമാർത്ഥം | സൃഷ്ടിക്കും രക്ഷയ്ക്കും സംഹാരത്തിനും വേണ്ടി |
| രജഃ സത്ത്വ-തമാംസി | രാജസം, സാത്വികം, താമസം എന്നീ ഗുണങ്ങളെ |
| കാലേ | അതാതവസരത്തിൽ |
| ധത്തേ | സ്വീകരിക്കുന്നു. |

**23.** **അയം ച തസ്യ സ്ഥിതിപാലനക്ഷണഃ**
**സത്ത്വം ജുഷാണസ്യ ഭവായ ദേഹിനാം**
**തസ്മാദ് വ്രജാമഃ ശരണം ജഗദ്ഗുരും**
**സ്വാനാം സ നോ ധാസ്യതി ശം സുരപ്രിയഃ**

| | |
|---|---|
| അയം ച | ഇതാകട്ടെ |
| ദേഹിനാം | ശരീരികളുടെ |
| ഭവായ | യോഗക്ഷേമത്തിനു വേണ്ടി |
| സത്ത്വം | സാത്വികഗുണത്തെ |
| ജുഷാണസ്യ | കൈക്കൊണ്ടിരിക്കുന്ന |
| തസ്യ | അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം |
| സ്ഥിതിപാലനക്ഷണഃ | ലോകസംസ്ഥിതിയുടെ സംരക്ഷണത്തിനുള്ള കാലഘട്ടമാണ്. |
| തസ്മാത് | അതുകൊണ്ട് |
| ജഗദ്ഗുരും | സർവ്വലോകാരാധ്യനായ അദ്ദേഹത്തെ |
| ശരണം | ശരണമായി |
| വ്രജാമഃ | പ്രാപിക്കുക. |
| സുരപ്രിയഃ | ദേവന്മാരിൽ സ്നേഹവാത്സല്യമുള്ള |
| സഃ | അവിടുന്ന് |
| സ്വാനാം നഃ | സ്വകീയരായ നമുക്ക് |
| ശം ധാസ്യതി | മനഃശാന്തിയേകും'' |

**ശ്രീശുക ഉവാച = ശ്രീ ശുകൻ പറഞ്ഞു.**

**24.** **ഇത്യാഭാഷ്യ സുരാൻ വേധാഃ സഹ ദേവൈരരിന്ദമ**
**അജിതസ്യ പദം സാക്ഷാജ്ജഗാമ തമസഃ പരം.**

| | |
|---|---|
| അരിന്ദമ | ശത്രുക്കളെ അടക്കിനിർത്തിയിരിക്കുന്ന മഹാരാജാവേ! |
| വേധാഃ | ബ്രഹ്മാവ് |
| സുരാൻ | ദേവന്മാരോട് |
| ഇതി | ഇപ്രകാരം |
| ആഭാഷ്യ | പറഞ്ഞതിൽപ്പിന്നെ |
| ദേവൈഃ സഹ | ആ ദേവന്മാരോടുകൂടെ |
| തമസഃ | താമസപ്രകൃതിയിൽ നിന്നു |

| | | | |
|---|---|---|---|
| പരം | അതീതമായ | പദം | ആസ്ഥാനത്തിലേക്ക് |
| അജിതസ്യ | അജിതഭഗവാന്റെ | ജഗാമ | യാത്രയായി. |
| സാക്ഷാത് | ശരീരമുള്ള | | |

25. തത്രാദൃഷ്ടസ്വരൂപായ ശ്രുതപൂർവ്വായ വൈ വിഭോ
സ്തുതിമബ്രൂത ദൈവീഭിർഗീർഭിസ്ത്വവഹിതേന്ദ്രിയഃ

| | | | |
|---|---|---|---|
| വിഭോ | രാജാവേ ! | അവഹിതേന്ദ്രിയഃ | ഇന്ദ്രിയവ്യാപാരങ്ങളെ നിയന്ത്രിച്ച് ഏകാഗ്രചിത്തനായിട്ട് |
| തത്ര | അവിടത്തിൽ | | |
| അദൃഷ്ടസ്വരൂപായ | ദർശനത്തിന് വിഷയീഭവിച്ചിട്ടില്ലാത്ത രൂപത്തോടു കൂടിയവനെങ്കിലും | ദൈവീഭിഃ | വേദാനുബന്ധികളായ |
| | | ഗീർഭിഃ തു | വചനങ്ങളാൽത്തന്നെ |
| ശ്രുതപൂർവ്വായ | മുമ്പ് വേദവാക്യങ്ങളിലൂടെ കേട്ടറിഞ്ഞിട്ടുള്ള ഭഗവാനെ ഉദ്ദേശിച്ച് | സ്തുതിം | സ്തുതിയെ |
| | | അബ്രൂത | ചെയ്തു. |

ബ്രഹ്മോവാച (ബ്രഹ്മാവ് സ്തുതിച്ചു)

26. അവിക്രിയം സത്യമനന്തമാദ്യം
ഗുഹാശയം നിഷ്കലമപ്രതർക്യം
മനോഗ്രയാനം വചസാനിരുക്തം
നമാമഹേ ദേവവരം വരേണ്യം.

| | | | |
|---|---|---|---|
| അവിക്രിയം | നിർവ്വികാരനായി— | മനോഗ്രയാനം | മനസ്സിന്റെയും മുമ്പിൽ ഗമിക്കുന്നവനായി— |
| സത്യം | സത്യസ്വരൂപനായി— | വചസാ | വാക്കിനാൽ |
| അനന്തം ആദ്യം ച | അന്തവും ആദിയും ഇല്ലാത്തവനായി— | അനിരുക്തം | നിർവ്വചിക്കപ്പെടാത്തവനായി— |
| ഗുഹാശയം | സർവ്വാന്തര്യാമിയായി— | വരേണ്യം | ശരണ്യനായിരിക്കുന്ന |
| നിഷ്കലം | നിരുപാധികനായി— | ദേവവരം | ദേവോത്തമനെ |
| അപ്രതർക്യം | അതിദുർജ്ഞേയനായി— | നമാമഹേ | ഞങ്ങൾ നമസ്കരിക്കുന്നു. |

27. വിപശ്ചിതം പ്രാണമനോധിയാത്മനാ-
മർത്ഥേന്ദ്രിയാഭാസമനിദ്രമവ്രണം
ഛായാതപൗ യത്ര ന ഗൃധ്രപക്ഷൗ
തമക്ഷരം ഖം ത്രിയുഗം വ്രജാമഹേ

| | |
|---|---|
| പ്രാണമനോ—ധിയാത്മനാം | പ്രാണൻ, മനസ്സ്, ബുദ്ധി, ശരീരം എന്നിവയുടെ |
| വിപശ്ചിതം | ജ്ഞാതാവായും |
| അർത്ഥേന്ദ്രിയാഭാസം | ഇന്ദ്രിയാർത്ഥങ്ങളായും ഇന്ദ്രിയങ്ങളായും ആഭാസിക്കുന്നവനും |
| അനിദ്രം | അജ്ഞാനരൂപമായ നിദ്രയില്ലാത്തവനും |
| അവ്രണം | വ്രണീഭാവം വരുന്ന ദേഹത്തോട് ബന്ധമില്ലാത്തവനും |
| അക്ഷരം | അവിനാശിയും |
| ഖം | ആകാശംപോലെ സർവ്വവ്യാപിയും |
| ത്രിയുഗം | കൃതത്രേതദ്വാപരയുഗങ്ങളിൽ അവതാരലീല നടത്തുന്നവനും |
| യത്ര | യാതൊരുവനിൽ |
| ഗൃധ്രപക്ഷൗ | ജീവനാവുന്ന ഗൃധ്രത്തിന്റെ ഇരുവശങ്ങളായ |
| ഛായാതപൗ | അവിദ്യയാവുന്ന നിഴലും വിദ്യയാവുന്ന വെളിച്ചവും |
| ന | ഇല്ലയോ, |
| തം | ആയവനുമായ ഭഗവാനെ |
| പ്രജാമഹേ | ശരണം പ്രാപിക്കുന്നു. |

ഇങ്ങനെ സത്യവും ജ്ഞാനവും അനന്തവുമായ ബ്രഹ്മസ്വരൂപം തന്നെയാണ് സംസാരചക്രത്തിനും ആധാരമായതെന്നു കാണിച്ചു സ്തുതിക്കുന്നു.

**28.** **അജസ്യ ചക്രം ത്വജയേര്യമാണം**
**മനോമയം പഞ്ചദശാരമാശു**
**ത്രിണാഭി വിദ്യുച്ചലമഷ്ടനേമി**
**യദക്ഷമാഹുസ്തമൃതം പ്രപദ്യേ**

| | |
|---|---|
| അജയാ | അനാദിയായ അവിദ്യയാൽ |
| ഈര്യമാണം | പ്രവർത്തിപ്പിക്കപ്പെട്ടുന്നതും |
| മനോമയം | മനഃപ്രധാനവും |
| പഞ്ചദശാരം | 15 ആരക്കാലുകളുള്ളതും [1] |
| ആശു | ശീഘ്രഗാമിയും |
| ത്രിണാഭി | മൂന്നു നാഭിസുഷിരങ്ങളുള്ളതും [2] |
| വിദ്യുച്ചലം | മിന്നൽപോലെ ചഞ്ചലമായതും |
| അഷ്ടനേമി | എട്ട് ആവരണം (വട്ടയം) ചേർന്നിട്ടുള്ളതുമായ [3] |
| അജസ്യ | ജീവന്റെ |
| ചക്രം | ദേഹേന്ദ്രിയാദ്യാവർത്തനരൂപമായ സംസൃതിചക്രം |
| യദക്ഷം | യാതൊരുവനാവുന്ന അച്ചുതണ്ടിന്മേലാകുന്നുവോ, |
| തം ഋതം | ആ സത്യസ്വരൂപനെ |
| പ്രപദ്യേ | ശരണം ഗമിക്കുന്നു. |

1 പഞ്ചജ്ഞാനേന്ദ്രിയങ്ങൾ, പഞ്ചകർമ്മേന്ദ്രിയങ്ങൾ, പഞ്ചപ്രാണങ്ങൾ ഇങ്ങനെ പതിനഞ്ച് ആരങ്ങൾ.

2 സത്ത്വം, രജസ്സ്, തമസ്സ് എന്നീ മൂന്നു ഗുണങ്ങളാവുന്ന നാഭികൾ

3 മൂലപ്രകൃതി, മഹത്തത്ത്വം, അഹങ്കാരം, പഞ്ചതന്മാത്രകൾ എന്നിവ ചേർന്ന്

എട്ട് ആവരണങ്ങടം.

സംസൃതി ചക്രത്തിലകപ്പെട്ട ജീവരാശികളടെ നിയന്താവെന്ന നിലയ്ക്കുള്ള ഭഗവാൻെറ വരിഷ്ഠത്വത്തെ കീർത്തിച്ച് ഇനി സ്തുതിക്കുന്നു—

29. **യ ഏകവർണ്ണം തമസഃ പരം ത—**
**ദലോകമവ്യക്തമനന്തപാരം**
**ആസാഞ്ചകാരോപസുവർണ്ണമേന—**
**മുപാസതേ യോഗരഥേന ധീരാഃ**

| | | | |
|---|---|---|---|
| ഏകവർണം | ജ്ഞാനമാവുന്ന ഏകാകാരത്തോടുകൂടിയതും | ഉപ—സുപർണം | ജീവസമീപത്തിൽ തന്നിയന്താവായും |
| തമസഃ | തമോമയമായ പ്രകൃതിയിൽ നിന്നു് | ആസാംചകാര | സ്ഥിതി ചെയ്തിരിക്കുന്നു. |
| പരം | അതീതമായതും | യഃ | യാതൊരുവൻ (ഈ വിധം ജീവസഹവർത്തിയെങ്കിലും ദേഹാദിബന്ധമില്ലാതെ വർത്തിക്കുന്നുവോ) |
| അലോകം | അദൃശ്യമായതും | ഏനം | ഈ ജ്ഞാനസ്വരൂപനെ |
| അവ്യക്തം | നിർവികല്പമായതും | ധീരാഃ | വിവേകികൾ |
| അനന്ത—പാരം | കാലദേശാദികളംകൊണ്ടുള്ള പരിച്ഛേദമില്ലാത്തതുമായ | യോഗരഥേന | ഭക്തിയോഗമാവുന്ന വാഹനത്തിലൂടെ |
| തത് | അതു് (പരബ്രഹ്മം) | ഉപാസതേ | സമീപിച്ചു സേവിക്കുന്നു. |

ഭഗവാൻ ജീവസഹവർത്തിയാണെങ്കിലും ജീവനിയന്താവാകയാൽ ജീവതുല്യനല്ല. മായാനിയന്തൃത്വമുള്ളതിനാൽ ജീവനെക്കാൾ വരിഷ്ഠനമാണെന്നു് ഇനി പറയുന്നു—

30. **ന യസ്യ കശ്ചാതിതിതർത്തി മായാം**
**യയാ ജനോ മുഹ്യതി വേദ നാർത്ഥം**
**തം നിർജിതാത്മാത്മഗുണം പരേശം**
**നമാമ ഭൂതേഷു സമം ചരന്തം**

| | | | |
|---|---|---|---|
| യയാ | യാതൊന്നിനാൽ | കശ്ച | ഒരുവനും |
| ജനഃ | ജീവൻ | ന അതി—തിതർത്തി | അതിലംഘിക്കുവാൻ ആകുന്നില്ലയോ, |
| മുഹ്യതി | മോഹിതനാകയും | | |
| അർത്ഥം | വാസ്തവിക സ്വരൂപത്തെ | തം | അങ്ങനെയുള്ളവനും |
| ന വേദ | അറിയാതിരിക്കയും ചെയ്യുന്നുവോ, | നിർജിതാ—ത്മാത്മഗുണം | നിശ്ശേഷം കീഴടക്കപ്പെട്ട സ്വമായാ ശക്തിയോടും ഗുണങ്ങളോടും കൂടിയവനായി |
| യസ്യ | യാതൊരുവൻെറ | | |
| മായാം | ആ മായയെ | | |

| | | | |
|---|---|---|---|
| ഭൂതേഷു | സകലചരാചരങ്ങളിലും | പരേശം | പരമേശ്വരനെ |
| സമം | ഒരുപോലെ | നനാമ | നമസ്കരിക്കുന്നു. |
| ചരന്തം | വിചരിക്കുന്നവനുമായ | | |

വാസ്തവികസ്വരൂപത്തെ അറിയുന്നില്ലെന്നു പറഞ്ഞതിനെ വിസ്തരിച്ചു ഇനിയും സ്തുതിച്ചു പ്രാർത്ഥിക്കുന്നു.

31. ഇമേ വയം യത്പ്രിയയൈവ തന്വാ
സത്ത്വേന സൃഷ്ടാ ബഹിരന്തരാവിഃ
ഗതിം ന സൂക്ഷ്മാമൃഷയശ്ച വിദ്മഹേ
കുതോഽസുരാദ്യാ ഇതരപ്രധാനാഃ

| | | | |
|---|---|---|---|
| ഇമേ വയം | ഇങ്ങുള്ള ഞങ്ങളും | ഗതിം | അവിടുത്തെ സ്വരൂപത്തെ — |
| ഋഷയഃ ച | ഋഷിമാരും | | |
| യത് പ്രിയയാ | യാതൊരുവന്റെ പ്രിയപ്പെട്ട | അന്തഃ | എല്ലാവരുടെയും അകത്തും |
| | | ബഹിഃ | പുറത്തും |
| തന്വാ | ശരീരമായ | ആവിഃ | (ആയതു സത്താപ്രകാശങ്ങളെക്കൊണ്ട്) പ്രകടമായതാണെങ്കിലുംകൂടി |
| സത്ത്വേന ഏവ | സത്ത്വഗുണത്താൽ തന്നെ | | |
| സൃഷ്ടാഃ | സൃഷ്ടിക്കപ്പെട്ടവരാണെങ്കിലും | ന വിദ്മഹേ | അറിയുന്നില്ല; (എന്നിരിക്കെ) |
| ബഹിഃ | പുറത്തും | ഇതര— പ്രധാനാഃ | സത്ത്വേതരഗുണങ്ങളെ പ്രധാനമായി അവലംബിച്ചിട്ടുള്ള |
| അന്തഃ | അകത്തും | | |
| ആവിഃ | പ്രസ്പഷ്ടമായതാണെങ്കിലും | അസുരാദ്യാഃ | അസുരാദികൾ |
| സൂക്ഷ്മാം | നിരുപാധികമായ | കുതഃ | അറിയുന്നതെങ്ങനെ? |

ഇനി 12 ശ്ലോകങ്ങളാൽ വിരാട്സ്വരൂപമായി ഭഗവാനെ സങ്കല്പിച്ചു പ്രാർത്ഥിക്കുന്നു—

32. പാദൌ മഹീയം സ്വകൃതൈവ യസ്യ
ചതുർവിധോ യത്ര ഹി ഭൂതസർഗഃ
സ വൈ മഹാപൂരുഷ ആത്മതന്ത്രഃ
പ്രസീദതാം ബ്രഹ്മ മഹാവിഭൂതിഃ

| | | | |
|---|---|---|---|
| യസ്യ | യാതൊരുവന്റെ | ഇയം മഹീ | ഈ ഭൂമിയാകുന്നുവോ,— |
| പാദൌ | തൃക്കാലിണകൾ | യത്ര ഹി | യാതൊന്നിലാണല്ലോ |
| സ്വകൃതാ ഏവ | തന്നാൽ സൃഷ്ടിക്കപ്പെട്ടതു തന്നെയായ | ചതുർവിധാ | നാലുവിധമായ* |

| | |
|---|---|
| ഭൂതസർഗഃ | ജീവരാശിയുടെ സൃഷ്ടിയുള്ളതു്, |
| സഃ വൈ | അങ്ങനെയുള്ള |
| മഹാപുരുഷഃ | പുരുഷോത്തമനും |
| ആത്മതന്ത്രഃ | സർവ്വതന്ത്രസ്വതന്ത്രനും |
| മഹാവിഭൂതിഃ | പരമൈശ്വര്യശാലിയുമായ |
| ബ്രഹ്മ | ബ്രഹ്മസ്വരൂപൻ |
| പ്രസീദതാം | പ്രസാദിക്കേണമേ! |

*ജരായുജം, അണ്ഡജം, സ്വേദജം, ഉദ്ഭിജ്ജം ഇങ്ങനെ നാലുവിധം സൃഷ്ടികളും

**33. അംഭസ്തു യത്രേത ഉദാരവീര്യം**
**സിധ്യന്തി ജീവന്ത്യുത വർധമാനാഃ**
**ലോകാസ്ത്രയോഽഥാഖിലലോകപാലാഃ**
**പ്രസീദതാം ബ്രഹ്മ മഹാവിഭൂതിഃ**

| | |
|---|---|
| ഉദാരവീര്യം | അതിപ്രഭാവമുള്ള |
| അംഭഃ തു | ജലമാകട്ടെ |
| യത്രേതഃ | യാതൊരുവന്റെ രേതസ്സാകുന്നുവോ, |
| ത്രയഃ ലോകാഃ | (മൂന്നുലോകങ്ങളും |
| അഥ | മാത്രമല്ല, |
| അഖില- ലോകപാലാഃ | അഖിലന്മാരായ ലോകപാലന്മാരും |
| സിധ്യന്തി | അതിൽനിന്നുണ്ടാവുകയും |
| ജീവന്തി | ജീവിക്കുകയും |
| ഉത | യഥായോഗ്യം |
| വർധമാനാഃ | വളർന്നുകൊണ്ടിരിക്കയും ചെയ്യുന്നു,) |
| മഹാവിഭൂതിഃ | പരമൈശ്വര്യശാലിയായ |
| ബ്രഹ്മ | ആ ബ്രഹ്മസ്വരൂപൻ |
| പ്രസീദതാം | പ്രസാദിക്കേണമേ! |

**34. സോമം മനോ യസ്യ സമാമനന്തി**
**ദിവൗകസാം വൈ ബലമന്ധ ആയുഃ**
**ഈശോ നഗാനാം പ്രജനഃ പ്രജാനാം**
**പ്രസീദതാം നഃ സ മഹാവിഭൂതിഃ**

| | |
|---|---|
| ദിവൗകസാം | ദേവന്മാരുടെ |
| അന്ധഃ | അന്നമായും |
| ബലം | ശക്തിയായും |
| ആയുഃ വൈ | ആയുസ്സായും |
| നഗാനാം | വൃക്ഷങ്ങളുടെ |
| ഈശഃ | രാജാവായും |
| പ്രജാനാം | ജനങ്ങളുടെ |
| പ്രജനഃ | സംവർദ്ധകനായും ഇരിക്കുന്നതു് |
| (യഃ) | ആരാകുന്നുവോ, |
| (തം) സോമം | ആ ചന്ദ്രനെ |
| യസ്യ | യാതൊരുവന്റെ |
| മനഃ | മനസ്സായിട്ടു് |
| സമാമനന്തി | വേദങ്ങൾ കല്പിച്ചിരിക്കുന്നുവോ, |
| സഃ | ആ |
| മഹാവിഭൂതിഃ | പരമൈശ്വര്യയുക്തനായ വിരാട് സ്വരൂപൻ |
| നഃ | ഞങ്ങളിൽ |
| പ്രസീദതാം | പ്രസാദിക്കേണമേ! |

35. **അഗ്നിർമുഖം യസ്യ തു ജാതവേദാ**
**ജാതഃ ക്രിയാകാണ്ഡനിമിത്തജന്മാ**
**അന്തഃസമുദ്രേഽനുപചൻ സ്വധാതൂൻ**
**പ്രസീദതാം നഃ സ മഹാവിഭൂതിഃ**

| | |
|---|---|
| ക്രിയാകാണ്ഡനിമിത്തജന്മാ | കർമ്മകാണ്ഡത്തെ നിമിത്തമാക്കി ഉദ്ഭവിച്ചതും |
| അന്തഃസമുദ്രേ | ഉദരാന്തർഭാഗത്തിൽ ഇരുന്നു് |
| സ്വധാതൂൻ | പാകാർഹങ്ങളായ ഭക്ഷ്യപേയ പദാർത്ഥങ്ങളെ |
| അനുപചൻ | നിരന്തരം പചിച്ചുകൊണ്ടിരിക്കുന്നതും[1] |
| ജാതവേദാഃ | ധനത്തിന്റെ ഉൽപത്തിസ്ഥാനവുമായ[2] |
| അഗ്നിഃ തു | അഗ്നിയാകട്ടെ |
| യസ്യ | യാതൊരുവന്റെ |
| മുഖം | മുഖമായിട്ടു് |
| ജാതഃ | സംഭവിച്ചിരിക്കുന്നുവോ, |
| മഹാവിഭൂതിഃ | പരമൈശ്വര്യയുക്തനായ |
| സഃ | ആ വിരാട് സ്വരൂപൻ |
| നഃ | ഞങ്ങളിൽ |
| പ്രസീദതാം | പ്രസാദിക്കേണമേ! |

1 'അന്തഃ സമുദ്രേ സ്വധാതൂൻ അനുപചൻ' എന്നതിനു് 'സമുദ്രാന്തർ ഭാഗത്തിൽ ബഡവാഗ്നിയായിരുന്നു് സമുദ്രജലത്തെ തപിപ്പിച്ചുകൊണ്ടിരിക്കുന്ന' എന്നും അർത്ഥാന്തരം.

2 ജാതം വേദഃ യസ്മാത് സഃ = ജാതവേദാഃ — 'യാതൊരുവനിൽ നിന്നു വേദസ്സ് (ധനം) ജാതമായോ അവൻ'—എന്നു് അവയവാർത്ഥം.

36. **യച്ചക്ഷുരാസീത് തരണിർദേവയാനം**
**ത്രയീമയോ ബ്രഹ്മണ ഏഷ ധിഷ്ണ്യം**
**ദ്വാരം ച മുക്തേരമൃതം ച മൃത്യുഃ**
**പ്രസീദതാം നഃ സ മഹാവിഭൂതിഃ**

| | |
|---|---|
| ദേവയാനം | ദേവയാനമെന്ന മുക്തിമാർഗത്തിന്റെ അധിഷ്ഠാനമായും, |
| ത്രയീമയഃ | വേദസ്വരൂപമായും, |
| ബ്രഹ്മണഃ ഏവ | ബ്രഹ്മത്തിന്റെ തന്നെ |
| ധിഷ്ണ്യം | ഉപാസനാസ്ഥാനമായും, |
| മുക്തേഃ | മുക്തിയുടെ |
| ദ്വാരം ച | മാർഗമായും, |
| അമൃതം | അനശ്വരമായും, |
| മൃത്യുഃ ച | കാലാത്മാവാകയാൽ നാശത്തിനു ഹേതുവായുമിരിക്കുന്ന |
| ഏഷഃ തരണിഃ | ഈ ആദിത്യൻ |
| യച്ചക്ഷുഃ | യാതൊരുവന്റെ നേത്രമായി |
| ആസീത് | ഭവിച്ചിരിക്കുന്നുവോ, |
| മഹാവിഭൂതിഃ | പരമൈശ്വര്യശാലിയായ |
| സഃ | ആ വിരാട് സ്വരൂപൻ |
| നഃ | ഞങ്ങളിൽ |
| പ്രസീദതാം | പ്രസാദിക്കേണമേ! |

37. പ്രാണാദഭൂദ് യസ്യ ചരാചരാണാം
പ്രാണഃ സഹോ ബലമോജശ്ച വായുഃ
അന്വാസ്മ സമ്രാജമിവാനുഗാ വയം
പ്രസീദതാം നഃ സ മഹാവിഭൂതിഃ

| | |
|---|---|
| ചരാചരാണാം | ചരാചരങ്ങളുടെ |
| സഹഃ | മനഃശക്തിയായും |
| ബലം | ദേഹശക്തിയായും |
| ഓജഃ ച | ഇന്ദ്രിയ ശക്തിയായുമിരിക്കുന്ന |
| പ്രാണഃ വായുഃ | പ്രാണവായു |
| സമ്രാജം | (സാമ്രാട്ടിനെ |
| അനുഗാഃ | സാമന്തന്മാർ |
| ഇവ | എന്ന വിധം |
| വയം | ഞങ്ങൾ |
| അന്വാസ്മ | അതിനെ അനുവർത്തിക്കുന്നു,) |
| യസ്യ | യാതൊരുവന്റെ |
| പ്രാണാത് | പ്രാണനിൽനിന്ന് |
| അഭൂത് | സംഭവിച്ചുവോ, |
| മഹാവിഭൂതിഃ | മഹൈശ്വര്യയുക്തനായ |
| സഃ | ആ വിരാട് സ്വരൂപൻ |
| നഃ | ഞങ്ങളിൽ |
| പ്രസീദതാം | പ്രസന്നനാകേണമേ ! |

38. ശ്രോത്രാദ് ദിശോ യസ്യ ഹൃദശ്ച ഖാനി
പ്രജജ്ഞിരേ ഖം പുരുഷസ്യ നാഭ്യാഃ
പ്രാണേന്ദ്രിയാത്മാസുശരീരകേതം
പ്രസീദതാം നഃ സ മഹാവിഭൂതിഃ

| | |
|---|---|
| യസ്യ | യാതൊരു |
| പുരുഷസ്യ | വിരാട്പുരുഷന്റെ |
| ശ്രോത്രാത് | ശ്രോത്രത്തിൽനിന്ന് |
| ദിശഃ | ദിക്കുകളും |
| ഹൃദഃ | ഹൃദയത്തിൽ നിന്ന് |
| ഖാനി ച | ശരീരസുഷിരങ്ങളും |
| പ്രജജ്ഞിരേ | ഉണ്ടായിരിക്കുന്നുവോ, |
| നാഭ്യാഃ | നാഭിയിൽനിന്ന് |
| പ്രണേന്ദ്രിയാത്മാസുശരീരകേതം ഖം | പഞ്ചവൃത്തികളുള്ള പ്രാണൻ, ദശേന്ദ്രിയങ്ങൾ, മനസ്സ്, നാഗകൂർമ്മാദി പഞ്ചവായുക്കൾ, ശരീരം എന്നിവയ്ക്ക് ആസ്പദമായ ആകാശവും |
| (പ്രജജ്ഞേ) | സംജാതമായോ, |
| സഃ | ആ |
| മഹാവിഭൂതിഃ | പരമൈശ്വര്യശാലി |
| പ്രസീദതാം | പ്രസാദിക്കേണമേ! |

39. ബലാന്മഹേന്ദ്രസ്ത്രിദശാഃ പ്രസാദാ —
ന്മന്യോർഗിരീശോ ധിഷണാദ്വിരിഞ്ചഃ
ഖേഭ്യശ്ച ഛന്ദാംസ്യൃഷയോ മേഢ്രതഃ കഃ
പ്രസീദതാം നഃ സ മഹാവിഭൂതിഃ

| | | | |
|---|---|---|---|
| (യസ്യ) | യാതൊരുവൻെറ | ഛന്ദാംസി | വേദങ്ങളും, |
| ബലാത് | ബലത്തിൽനിന്നു് | ഋഷയഃ | ഋഷിമാരും, |
| മഹേന്ദ്രഃ | ദേവേന്ദ്രനും, | മേഢ്രതഃ | ലിംഗത്തിൽനിന്നു് |
| പ്രസാദാത് | പ്രസന്നതയിൽനിന്നു് | കഃ ച | പ്രജാപതിയും |
| ത്രിദശാഃ | ദേവന്മാരും, | (പ്രജജ്ഞിരേ) | ജനിച്ചുവോ |
| മന്യോഃ | കോപത്തിൽനിന്നു് | സഃ | ആ |
| ഗിരീശഃ | രുദ്രനും | മഹാവിഭൂതിഃ | പരമൈശ്വര്യശാലി |
| ധിഷണാത് | ബുദ്ധിയിൽനിന്നു് | നഃ | ഞങ്ങളിൽ |
| വിരിഞ്ചഃ | ബ്രഹ്മാവും, | | |
| ഖേഭ്യഃ | ശരീര സുഷിരങ്ങളിൽ | പ്രസീദതാം | കനിയേണമേ! |

40. ശ്രീർവക്ഷസഃ പിതരശ്ഛായയാസൻ
ധർമ്മഃ സ്തനാദിതരഃ പൃഷ്ഠതോഽഭൂത്
ദ്യൗര്യസ്യ ശീർഷ്ണോഽപ്സരസോ വിഹാരാത്
പ്രസീദതാം നഃ സ മഹാവിഭൂതിഃ

| | | | |
|---|---|---|---|
| യസ്യ | യാതൊരുവൻെറ | ശീർഷ്ണഃ | ശിരസ്സിൽനിന്നു് |
| വക്ഷസഃ | മാറിടത്തിൽനിന്നു് | ദ്യൗഃ അഭൂത് | അന്തരീക്ഷവും ഉണ്ടായോ, |
| ശ്രീഃ | മഹാലക്ഷ്മിയും, | വിഹാരാത് | ക്രീഡയിൽനിന്നു് |
| ഛായയാ | നിഴലുകൊണ്ടു് | അപ്സരസഃ | അപ്സരസ്സുകളും |
| പിതരഃ | പിതൃദേവന്മാരും | (അഭ്രുവൻ) | സംഭവിച്ചുവോ |
| ആസൻ | ഉണ്ടായോ, | മഹാവിഭൂതിഃ | പരമൈശ്വര്യയുക്തനായ |
| സ്തനാത് | സ്തനത്തിൽനിന്നു് | സഃ | ആ വിരാട് സ്വരൂപൻ |
| ധർമ്മഃ | ധർമ്മവും | നഃ | ഞങ്ങളിൽ |
| പൃഷ്ഠതഃ | പൃഷ്ഠഭാഗത്തുനിന്നു് | | |
| ഇതരഃ | അധർമ്മവും, | പ്രസീദതാം | കനിയേണമേ! |

41. വിപ്രോ മുഖം ബ്രഹ്മ ച യസ്യ ഗുഹ്യം
രാജന്യ ആസീദ് ഭുജയോർബലം ച
ഊരുവോർവിഡോജോഽങ്ഘ്രിരവേദശൂദ്രൗ
പ്രസീദതാം നഃ സ മഹാവിഭൂതിഃ

| | | | |
|---|---|---|---|
| യസ്യ മുഖം | യാതൊരുവൻെറ മുഖം | രാജന്യഃ | ക്ഷത്രിയനും |
| വിപ്രഃ | ബ്രാഹ്മണനും | ബലം ച | ദേഹശക്തിയും, |
| ഗുഹ്യം | ഗൂഢാർത്ഥബോധകമായ | ഊർവോഃ | തുടകളിൽനിന്നു് |
| ബ്രഹ്മ ച | വേദമന്ത്രവും | വിട് | വൈശ്യനും |
| ആസീത് | ആയിരിക്കുന്നുവോ, | ഓജഃ | കർമ്മനൈപുണ്യവും |
| ഭുജയോഃ | ബാഹുക്കളിൽനിന്നു് | (ആസീത്) | സംജാതമായോ, |

| | | | |
|---|---|---|---|
| അങ്ഘ്രിഃ | പാദം | മഹാവിഭൂതിഃ | മഹൈശ്വര്യശാലിയായ |
| അവേദ–ശൂദ്രൗ | വേദബാഹ്യമായ ശുശ്രൂഷാധർമ്മവും ശൂദ്രനുമായിത്തീർന്നുവോ | സഃ | ആ വിരാട് സ്വരൂപൻ |
| | | നഃ | ഞങ്ങളിൽ |
| | | പ്രസീദതാം | പ്രസന്നനാകേണമേ! |

42. ലോഭോഽധരാത് പ്രീതിരുപര്യഭൂദ് ദ്യുതിർ–
നസ്തഃ പശവ്യഃ സ്പർശേന കാമഃ
ഭ്രുവോര്യമഃ പക്ഷ്മഭവസ്തു കാലഃ
പ്രസീദതാം നഃ സ മഹാവിഭൂതിഃ

| | | | |
|---|---|---|---|
| അധരാത് | കീഴ്ച്ചുണ്ടിൽനിന്ന് | ഭ്രുവോഃ | പുരികങ്ങളിൽ നിന്ന് |
| ലോഭഃ | ലോഭവും, | യമഃ | യമനും |
| ഉപരി | മേൽച്ചുണ്ടിൽനിന്നു | അഭൂത് | ഉളവായി. |
| പ്രീതിഃ | പ്രീതിയും, | കാലഃ തു | കാലമാകട്ടെ |
| നസ്തഃ | നാസികയിൽനിന്ന് | പക്ഷ്മഭവഃ | ഇമകളിൽനിന്നുണ്ടായതാണ്. |
| ദ്യുതിഃ | കാന്തിയും, | സഃ | അവ്വണ്ണമെല്ലാമിരിക്കുന്ന |
| സ്പർശേന | സ്പർശേന്ദ്രിയത്താൽ | മഹാവിഭൂതിഃ | മഹൈശ്വര്യസമ്പന്നൻ |
| പശവ്യഃ | മൃഗീയമായ | നഃ | ഞങ്ങളിൽ |
| കാമഃ | കാമവും, | പ്രസീദതാം | കനിയേണമേ! |

43. ദ്രവ്യം വയഃ കർമ്മ ഗുണാൻ വിശേഷം
യദ്യോഗമായാവിഹിതാൻ വദന്തി
യദ്ദുർവിഭാവ്യം പ്രബുധാപബാധം
പ്രസീദതാം നഃ സ മഹാവിഭൂതിഃ

| | | | |
|---|---|---|---|
| ദ്രവ്യം | ഭൂതപഞ്ചകത്തെയും, | യത് | ഏതൊന്നിനെയും |
| വയഃ | കാലശക്തിയെയും, | യദ്യോഗ–മായാ–വിഹിതാൻ | യാതൊരുവന്റെ യോഗവൈഭവത്താൽ കല്പിതങ്ങളായിട്ട് |
| കർമ്മ | ജീവാദൃഷ്ടത്തെയും, | | |
| ഗുണാൻ | സത്വാദിഗുണങ്ങളെയും, | | |
| വിശേഷം | ഭൗതിക പ്രപഞ്ചത്തെയും | വദന്തി | പറഞ്ഞുവരുന്നുവോ, |
| പ്രബുധാ–പബാധം | വിദ്വാന്മാർ ശാസ്ത്രദൃഷ്ട്യാ വിചിന്തനം ചെയ്തു സത്യമല്ലെന്നു നിർണ്ണയിച്ചിരിക്കുന്ന | മഹാവിഭൂതിഃ | പരമൈശ്വര്യയുക്തനായ |
| | | സഃ | ആ വിരാട് സ്വരൂപൻ |
| | | നഃ | ഞങ്ങളിൽ |
| ദുർവിഭാവ്യം | അനിർവചനമായ | പ്രസീദതാം | കനിയേണമേ! |

ഭഗവാന്റെ സോപാധികമായ വിരാട്പുരുഷസ്വരൂപത്തെ ഇത്രയും വാഴ്ത്തിസ്തുതിച്ചശേഷം നിരുപാധികമായ സച്ചിദാകാരത്തെ വാഴ്ത്തി സ്തുതിച്ചു നമസ്കരിക്കുന്നു—

44. നമോഽസ്തു തസ്മാ ഉപശാന്തശക്തയേ
സ്വാരാജ്യലാഭപ്രതിപൂരിതാത്മനേ
ഗുണേഷു മായാരചിതേഷു വൃത്തിഭിർ-
ന സജ്ജമാനായ നഭസ്വദൂതയേ

| | |
|---|---|
| ഉപശാന്ത–ശക്തയേ | ഉപശമിച്ച മായാശക്തിയോടുകൂടിയും |
| സ്വാരാജ്യലാഭ-പ്രതിപൂരിതാ-ത്മനേ | സ്വാത്മാനന്ദലബ്ധിയാൽ പരിപൂർണ്ണമായ സ്വരൂപത്തോടുകൂടിയും |
| മായാ-രചിതേഷു | മായയാൽ വിരചിക്കപ്പെട്ടിരിക്കുന്ന |
| ഗുണേഷു | ഗുണകാര്യങ്ങളായ രൂപാദികളിൽ |
| വൃത്തിഭിഃ | ദർശനാദി വ്യാപരങ്ങളാൽ |
| ന സജ്ജ–മാനായ | ആസക്തനാകാതെ വർത്തിക്കുകയും |
| നഭസ്വ–ദൂതയേ | വായുവെപ്പോലെ സർവ്വവ്യാപിയായി അസംഗതയോടെ വിഹരിക്കുകയും ചെയ്യുന്ന |
| തസ്മൈ | തത്പദലക്ഷ്യാർത്ഥമായ സച്ചിത് സ്വരൂപത്തിന്ന് |
| നമഃ അസ്തു | നമസ്കാരം ഭവിക്കട്ടെ. |

45. സ ത്വം നോ ദർശയാത്മാനമസ്മത്കരണഗോചരം
പ്രപന്നാനാം ദിദൃക്ഷൂണാം സസ്മിതം തേ മുഖാംബുജം

| | |
|---|---|
| സഃ | അങ്ങനെയെല്ലാമുള്ള |
| ത്വം | നിന്തിരുവടി |
| സസ്മിതം | മന്ദഹാസംപൂണ്ട |
| തേ | അവിടുത്തെ |
| മുഖാബുജം | മുഖകമലത്തെ |
| ദിദൃക്ഷൂണാം | ദർശിക്കുവാനാശിച്ച് |
| പ്രപന്നാതാം | ശരണം പ്രാപിച്ചവരായ |
| നഃ | ഞങ്ങൾക്ക് |
| ആത്മാനം | സ്വസ്വരൂപത്തെ |
| അസ്മത്-കരണ-ഗോചരം | ഞങ്ങളുടെ നേത്രേന്ദ്രിയത്തിന്നു ലക്ഷ്യീഭവിക്കുമാറ് |
| ദർശയ | കാട്ടിത്തരേണമേ! |

46. തൈസ്തൈഃ സ്വേച്ഛാധൃതൈ രൂപൈഃ കാലേ കാലേ സ്വയം വിഭോ
കർമ്മ ദുർവിഷഹം യന്നോ ഭഗവാംസ്തത് കരോതി ഹി

| | |
|---|---|
| വിഭോ | ഹേ പ്രഭോ! |
| കാലേ കാലേ | അതാതു കാലത്തിൽ |
| സ്വേച്ഛാ–ധൃതൈഃ | തന്റെ ഇച്ഛയ്ക്കനുസരിച്ചു ധരിക്കപ്പെട്ട |
| തൈഃ തൈഃ | അതാതു |
| രൂപൈഃ | രൂപങ്ങളോടെ |
| നഃ | ഞങ്ങളെ സംബന്ധിച്ചിടത്തോളം |
| ദുർവിഷഹം | അതിപ്രയാസമായ |
| കർമ്മ | പ്രവൃത്തി |
| യത് തത് | ഏതായാലും, അതിനെ |
| ഭഗവാൻ | നിന്തിരുവടി |
| കരോതി ഹി | നിർഹിക്കുന്നുണ്ടല്ലോ. |

47. ക്ലേശഭൂര്യല്പസാരാണി കർമ്മാണി വിഫലാനി വാ
ദേഹിനാം വിഷയാർത്താനാം ന തഥൈവാർപ്പിതം ത്വയി

| | | | |
|---|---|---|---|
| വിഷയാ-ർത്താനാം | വിഷയാസക്തിയാൽ സംപീഡിതരായ | വിഫലാനി | ഫലശൂന്യങ്ങളായെന്നും വരാം |
| ദേഹിനാം | ശരീരികളുടെ | ത്വയി | നിന്തിരുവടിയിൽ |
| ക്ലേശഭൂര്യ-ല്പസാരാണി | ക്ലേശം കൂടിയവയും ഫലം കുറഞ്ഞവയുമാണ്; | അർപ്പിതം | സമർപ്പിതമായതു് |
| വാ | അഥവാ | തഥാ ഏവ ന | അങ്ങനെ ഒരിക്കലും ആവുന്നതല്ല. |

48. നാവമഃ കർമ്മകല്പോഽപി വിഫലായേശ്വരാർപ്പിതഃ
കല്പതേ പുരുഷസ്യൈഷ സ ഹ്യാത്മാ ദയിതോ ഹിതഃ

| | | | |
|---|---|---|---|
| ഈശ്വരാ-ർപ്പിതഃ | അഖിലേശ്വരനായി അർപ്പിക്കപ്പെട്ടതു് | ഹി | എന്തുകൊണ്ടെന്നാൽ |
| അവമഃ | താണതരം | സഃ ഏഷ | ആ അഖിലേശ്വരൻ |
| കർമ്മകല്പഃ അപി | കർമ്മാഭാസമായിരുന്നാൽ കൂടിയും | പുരുഷസ്യ | കർമ്മം ചെയ്യുന്നവന്റെ |
| വിഫലായ ന കല്പതേ | നിഷ്ഫലമായി ഭവിക്കുകയില്ല. | ആത്മാ | ആത്മാവും |
| | | ദയിതഃ | പ്രിയംകരനും |
| | | ഹിതഃ | ഹിതൈഷിയുമാകുന്നു. |

49. യഥാ ഹി സ്കന്ധശാഖാനാം തരോർമൂലാവസേചനം
ഏവമാരാധനം വിഷ്ണോഃ സർവേഷാമാത്മനശ്ച ഹി

| | | | |
|---|---|---|---|
| യഥാ ഹി | ഏതുപ്രകാരം | ഏവം | അപ്രകാരം |
| തരോഃ | മരത്തിന്റെ | വിഷ്ണോഃ | സർവ്വേശ്വരനായ വിഷ്ണുവിന്റെ |
| മൂലാവ-സേചനം | ചുവട്ടിൽ ഒഴിക്കുന്ന വെള്ളം | ആരാധനം | സമാരാധന |
| സ്കന്ധ-ശാഖാനാം | അതിന്റെ കവരങ്ങളിലേക്കും കൊമ്പുകളിലേക്കും എത്തുന്നുവോ, | സർവേഷാം | സർവ്വ പ്രാണികൾക്കും |
| | | ആത്മനഃ ച | തനിക്കുമുള്ള |
| | | ഹി | സമാരാധനയാകുമല്ലോ. |

‘‘എന്നിരിക്കെ, സമസ്ത കർമ്മങ്ങളും അങ്ങയിൽ സമർപ്പിച്ചു് അങ്ങയുടെ ഭക്തന്മാരായിരിക്കുന്ന ഞങ്ങൾക്കു ഇപ്പോൾ വന്നുകപ്പെട്ട ദുഃഖമെന്തെന്നതു് അറിയിക്കാതെ തന്നെ സ്വയം അറിയാമല്ലോ’’ എന്ന അഭിപ്രായത്തോടെ ഈ സ്തുതി ഉപസംഹരിക്കുന്നു—

50. നമസ്തുഭ്യമനന്തായ ദുർവിതർക്ക്യാത്മകർമ്മണേ
നിർഗ്ഗുണായ ഗുണേശായ സത്ത്വസ്ഥായ ച സാംപ്രതം

| | | | |
|---|---|---|---|
| ദുർവിതർക്ക്യാത്മകർമ്മണേ | ദുരൂഹമായ സ്വഭാവചേഷ്ടിതങ്ങളോടുകൂടിയവനും | സാംപ്രതം ച | ഇപ്പോളാകട്ടെ |
| അനന്തായ | ദേശകാലാദി പരിച്ഛേദത്തോടു കൂടാത്തവനും | സത്ത്വസ്ഥായ | സത്ത്വഗുണത്തിൽ സ്ഥിതനായിരിക്കുന്നവനുമായ |
| നിർഗ്ഗുണായ | ഗുണങ്ങളിൽ നിന്നകന്നിരിക്കുന്നവനും | തുഭ്യം | നിന്തിരുവടിക്കായിക്കൊണ്ട് |
| ഗുണേശായ | ഗുണങ്ങളെ നിയന്ത്രിക്കുന്നവനും | നമഃ | നമസ്കാരം |

ഇതി ശ്രീമദ് ഭാഗവതേ മഹാപുരാണേ
അഷ്ടമസ്കന്ധേ അമൃതമഥനേ
പഞ്ചമോഽധ്യായഃ
ആദിതഃ ശ്ലോകാഃ 175
അഷ്ടമസ്കന്ധത്തിൽ അഞ്ചാമദ്ധ്യായം കഴിഞ്ഞു.

# ഷഷ്ഠോഽധ്യായഃ — അധ്യായം ആറ്

## സമുദ്രമഥനോദ്യമം

"ഷഷ്ഠേ പുനഃ സ്തുതിർവിഷ്ണാവാവിർഭൂതേ സുരൈഃ കൃതാ
തന്മന്ത്രാച്ചാസുരൈഃ സാകമമൃതാർത്ഥ മഹോദ്യമഃ"

ശ്രീമഹാവിഷ്ണു ദേവന്മാരുടെ മുമ്പിൽ പ്രത്യക്ഷപ്പെടുന്നതും, ദേവന്മാർ വീണ്ടും സ്തുതിക്കുന്നതും, ഭഗവാന്റെ ഉപദേശപ്രകാരം അസുരന്മാരോടുകൂടി അമൃതമഥനത്തിനു വേണ്ടി ദേവന്മാർ ഒരുക്കം കൂട്ടുന്നതും ഈ ആറാമദ്ധ്യായംകൊണ്ട് പറയുന്നു —

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു —

1. ഏവം സ്തുതഃ സുരഗണൈർ ഭഗവാൻ ഹരിരീശ്വരഃ
തേഷാമാവിരഭൂദ്രാജൻ സഹസ്രാർക്കോദയദ്യുതിഃ

| | | | |
|---|---|---|---|
| രാജൻ | അല്ലയോ രാജാവേ! | ഭഗവാൻ | സവൈശ്വര്യാദി ഗുണോപേതനും |
| സുരഗണൈഃ | ദേവഗണങ്ങളാൽ | | |
| ഏവം | ഈ വിധം | ഈശ്വരഃ | സർവ്വലോകനിയന്താവുമായ |
| സ്തുതഃ | സ്തുതിക്കപ്പെട്ട | | |

| | |
|---|---|
| ഹരിഃ | ശ്രീമഹാവിഷ്ണു |
| തേഷാം | അവരുടെ സമക്ഷം |
| സഹസ്രാർക്കോ-ദയദ്യുതിഃ | ആയിരം ആദിത്യന്മാർ ഒന്നിച്ചുദിച്ച കാന്തി പ്രസരത്തോടുകൂടെ |
| ആവിരഭൂത് | പ്രത്യക്ഷീഭവിച്ചു. |

**2.** **തേനൈവ മഹസാ സർവേ ദേവാഃ പ്രതിഹതേക്ഷണാഃ**
**നാപശ്യൻ ഖം ദിശഃ ക്ഷോണീമാത്മാനം ച കുതോ വിഭും**

| | |
|---|---|
| തേന ഏവ | കേവലം ആ |
| മഹസാ | കാന്തിപ്രസരത്താൽ |
| പ്രതിഹതേ-ക്ഷണാഃ | മങ്ങലേല്പിക്കപ്പെട്ട നേത്രങ്ങളോടുകൂടിയവരായി ഭവിച്ച |
| ദേവാഃ സർവ്വേ | ദേവന്മാർ എവരും |
| ഖം | ആകാശത്തെയും, |
| ദിശഃ | ദിക്കുകളെയും, |
| ക്ഷോണീം | ഭൂമിയെയും, |
| ആത്മാനം ച | സ്വദേഹത്തെയും, |
| ന അപശ്യൻ | കണ്ടില്ല. |
| വിഭും | ഭഗവാനെ |
| കുതഃ | കാണുന്നതെങ്ങനെ ? |

**3.** **വിരിഞ്ചോ ഭഗവാൻ ദൃഷ്ട്വാ സഹ ശർവേണ താം തനും**
**സ്വച്ഛാം മരകതശ്യാമാം കഞ്ജഗർഭാരുണേക്ഷണാം**

**4.** **തപ്തഹേമാവദാതേന ലസത്കൗശേയ വാസസാ**
**പ്രസന്നചാരുസർവാംഗീം സുമുഖീം സുന്ദരഭ്രുവം**

**5.** **മഹാമണികിരീടേന കേയൂരാഭ്യാം ച ഭൂഷിതാം**
**കർണ്ണാഭരണനിർഭാതകപോലശ്രീമുഖാംബുജാം**

**6.** **കാഞ്ചീകലാപവലയഹാരനൂപുരശോഭിതാം**
**കൗസ്തുഭാഭരണാം ലക്ഷ്മീം ബിഭ്രതീം വനമാലിനീം**

**7.** **സുദർശനാദിഭിഃ സ്വാസ്ത്രൈർമൂർത്തിമദ്ഭിരുപാസിതാം**
**തുഷ്ടാവ ദേവപ്രവരഃ സശർവഃ പുരുഷം പരം**
**സർവാമരഗണൈഃ സാകം സർവ്വാംഗൈരവനീം ഗതൈഃ**

| | |
|---|---|
| സ്വച്ഛാം | സുനിർമ്മലമായ |
| മരകത-ശ്യാമാം | മരകതക്കല്ലുപോലെ ശ്യാമാഭമായ — |
| കഞ്ജഗർഭാ-രുണേ-ക്ഷണാം | ചെന്താമരയുടെ ഉൾവശം പോലെ ചെന്നിറം ചേർന്ന കണ്ണിണയോടു കൂടിയ_ |
| തപ്തഹേമാ-വദാതേന | ഉരുക്കിയ പൊന്നുപോലെ മഞ്ഞനിറം ചേർന്ന് |
| ലസത്കൗശേയ-വാസസാ | തിളക്കം കൊള്ളുന്ന പട്ടുവസ്ത്രത്താലും, |
| മഹാമണി-കിരീടേന | ഉത്തമ രത്നങ്ങൾ പതിച്ച കിരീടത്താലും, |

| | |
|---|---|
| കേയൂരാഭ്യാം ച തോഭാം | വളകളാലും |
| ഭൂഷിതാം | അലംകൃതമായ- |
| സുമുഖീം | ശോഭനമായ മുഖത്തോടും |
| സുന്ദരഭ്രുവം | ഭംഗിയുള്ള പുരികങ്ങളോടും കൂടിയതായ |
| കർണ്ണാഭരണ- | മകരകുണ്ഡലങ്ങളാൽ |
| നിർഭാത- | പ്രോജ്ജ്വലിക്കുന്ന |
| കപോല ശ്രീ- | കവിൾത്തടത്തിന്റെ കാന്തിയേന്തുന്ന |
| മുഖാംബുജാം | മുഖകമലത്തോടുകൂടിയ— |
| കാഞ്ചീകലാപ- | അരപ്പട്ട, |
| വലയ- | കൈവള, |
| ഹാര- | മുത്തുമാല, |
| നൂപുര- ശോഭിതാം | കാൽച്ചിലങ്ക എന്നിവയാൽ ശോഭിതമായ- |
| കൗസ്തുഭാ- ഭരണാം | കൗസ്തുഭരത്നത്തെ കഴുത്തിലണിഞ്ഞിട്ടുള്ള— |
| ലക്ഷ്മീം | മഹാലക്ഷ്മിയെ |
| ബിഭ്രതീം | മാറിൽ ധരിച്ചിരിക്കുന്ന |
| വനമാലിനീം | വനമാല ചാർത്തിയിരിക്കുന്ന— |
| മൂർത്തിമദ്ഭിഃ | ശരീരം പൂണ്ട |
| സുദർശനാദിഭിഃ | സുദർശനാദികളായ |
| സ്വായുധൈഃ | തന്റെ ആയുധങ്ങളാൽ |
| ഉപാസിതാം | അകമ്പടി സേവിക്കപ്പെട്ടതുമായ |
| താം തനും | ആ അഭിവ്യക്തരൂപത്തെ |
| ശർവേണ | ശിവനോടു |
| സഹ | കൂടിനില്ക്കുന്ന |
| ഭഗവാൻ | ഭഗവാനായ |
| വിരിഞ്ചഃ | ബ്രഹ്മദേവൻ |
| ദൃഷ്ട്വാ | ദർശിച്ചു് |
| സർവ്വാമര- ഗണൈഃ | എല്ലാദേവസമൂഹങ്ങളോടും |
| സാകം | കൂടെ |
| അവനീം | ഭൂമിയെ |
| ഗതൈഃ | സ്പർശിച്ച |
| സർവ്വാംഗൈഃ | സർവ്വാവയവങ്ങളോടെ |
| ദേവപ്രവരഃ | ദേവമുഖ്യനായ ബ്രഹ്മാവു് |
| സശർവഃ | ശിവനോടൊന്നിച്ചു് |
| പരം പുരുഷം | പരമാത്മാവായ ശ്രീനാരായണമൂർത്തിയെ |
| തുഷ്ടാവ | സ്തുതിച്ചു. |

ബ്രഹ്മോവാച = ബ്രഹ്മാവു് സ്തുതിച്ചു ചൊല്ലി

8. **അജാതജന്മസ്ഥിതിസംയമായാ—**
**ഗുണായ നിർവാണസുഖാർണ്ണവായ**
**അണോരണിമ്നേഽപരിഗണ്യധാമ്നേ**
**മഹാനുഭാവായ നമോ നമസ്തേ**

| | |
|---|---|
| അജാത- ജന്മസ്ഥിതി- സംയമായ | ഉദ്ഭവസ്ഥിതിവിനാശങ്ങൾ സംഭവിക്കാത്തവനും |
| അഗുണായ | ഗുണാതീതനും |
| നിർവ്വാണസുഖാ- ർണ്ണവായ | മുക്തിസൗഖ്യത്തിന്റെ സാഗരമായവനും |
| അണോഃ | സൂക്ഷ്മത്തെക്കാളും |
| അണിമ്നേ | അതിസൂക്ഷ്മമായവനും |
| അപരിഗണ്യ- ധാമ്നേ | പരിഗണിക്കുവാനാവാത്ത സ്വരൂപത്തോടു കൂടിയവനും |
| മഹാനുഭാവായ | മഹാമാഹാത്മ്യശാലിയുമായ |
| തേ | നിന്തിരുവടിക്കു് |
| നമഃ നമഃ | നമസ്കാരം, നമസ്കാരം |

ഭഗവൽസ്വരൂപം സനാതനവും അപരിമേയവുമാണെന്നു് ഇനി ഉപപാദിക്കുന്നു.

9. രൂപം തവൈതത് പുരുഷർഷഭേജ്യം
ശ്രേയോർത്ഥിഭിർ വൈദികതാന്ത്രികേണ
യോഗേന ധാതഃ സഹ നഃ ത്രിലോകാൻ
പശ്യാമ്യമുഷ്മിന്നു ഹ വിശ്വമൂർത്തൗ

| | | | |
|---|---|---|---|
| പുരുഷർഷഭ | ഹേ പുരുഷോത്തമ! | യോഗേന | അനുഷ്ഠാന വിധിയോടെ |
| ധാതഃ | സ്രഷ്ടാവേ! | ഇജ്യം | ഉപാസിക്കപ്പെടുവാൻ യോഗ്യമത്രേ. |
| തവ | നിന്തിരുവടിയുടെ | വിശ്വമൂർത്തൗ | വിശ്വസ്വരൂപനായ |
| ഏതത് | ഈ | അമുഷ്മിൻ | ഈ നിന്തിരുവടിയിൽ |
| രൂപം | സ്വരൂപം | നഃ സഹ | ഞങ്ങളോടുകൂടെ |
| ശ്രേയോർത്ഥിഭിഃ | ശ്രേയസ്സിനെ അഭിലഷിക്കുന്ന സാധകന്മാരാൽ | ത്രിലോകാൻ | മൂന്നുലോകങ്ങളെയും |
| വൈദികതാന്ത്രികേണ | വേദങ്ങളിലും പാഞ്ചരാത്രാദി തന്ത്രങ്ങളിലും പ്രതിപാദിച്ച | ഉ ഹ | സുവ്യക്തമായി |
| | | പശ്യാമി | ഇതാ ഞാൻ കാണുന്നു. |

വിശ്വസ്വരൂപനാണെന്നു പറഞ്ഞതിനെ സോദാഹരണം വ്യക്തമാക്കുന്നു—

10. ത്വയ്യഗ്ര ആസീത് ത്വയി മധ്യ ആസീത്
ത്വയ്യന്ത ആസീദിദമാത്മതന്ത്രേ
ത്വമാദിരന്തോ ജഗതോഽസ്യ മധ്യം
ഘടസ്യ മൃത്സ്നേവ പരഃ പരസ്താത്

| | | | |
|---|---|---|---|
| ഇദം | ഈ വിശ്വം | ഘടസ്യ | കുടത്തിന് |
| അഗ്രേ | ആദിയിൽ | മൃത്സ്നാ ഇവ | കളിമണ്ണെന്നപോലെ |
| ആത്മതന്ത്രേ | സ്വതന്ത്രനായിരിക്കുന്ന | അസ്യജഗതഃ | ഈ വിശ്വത്തിന്റെ |
| ത്വയി | അങ്ങയിൽ | ആദിഃ | തുടക്കമായതും |
| ആസീത് | ഉണ്ടായിരുന്നു. | അന്തഃ | ഒടുക്കമായതും |
| മധ്യേ | മധ്യകാലത്തിൽ | മധ്യം | ഇടക്കാലമായതും |
| ത്വയി | അങ്ങയിൽ | പരസ്താത് | അങ്ങേ അററത്തുള്ള മൂലപ്രകൃതിയിൽനിന്നും |
| ആസീത് | ഉണ്ടായിരുന്നു. | | |
| അന്തേ | അവസാനത്തിങ്കലും | പരഃ | അതീതനായിരിക്കുന്ന |
| ത്വയി | അങ്ങയിൽ | ത്വം | ഭവാൻ തന്നെയാണ്. |
| ആസീത് | ഉണ്ടായിരുന്നു. | | |

ഘടം മണ്ണിന്റെ പരിണത രൂപമാകുന്നതുപോലെ വിശ്വം ഭഗവാന്റെ പരിണത രൂപമാണെന്നു സങ്കല്പിക്കുമ്പോൾ ഭഗവാനു പരിണാമ വികാരമുണ്ടെന്നു വരും. ഇതിനെ അടുത്ത പദ്യം കൊണ്ടു നിരാകരിക്കുന്നു—

11. ത്വം മായയാഽത്മാശ്രയയാ സ്വയേദം
നിർമ്മായ വിശ്വം തദനുപ്രവിഷ്ടഃ
പശ്യന്തി യുക്താ മനസാ മനീഷിണോ
ഗുണവ്യവായേപ്യഗുണം വിപശ്ചിതഃ

| | |
|---|---|
| ത്വം | നിന്തിരുവടി |
| സ്വയാ | തന്റേതും |
| ആത്മാ-ശ്രയയാ | തന്നെ ആശ്രയിച്ചിരിക്കുന്നതുമായ |
| മായയാ | മായാശക്തിയാൽ |
| ഇദം വിശ്വം | ഈ വിശ്വത്തെ |
| നിർമ്മായ | സൃഷ്ടിച്ച് |
| തദനു-പ്രവിഷ്ടഃ | അതിൽ പ്രവിഷ്ടനായി സ്ഥിതിചെയ്യുന്നു. |
| (അതഃ) | ആകയാൽ, |
| മനീഷിണഃ | വിവേകികളും |
| വിപശ്ചിതഃ | ശാസ്ത്രജ്ഞന്മാരുമായ |
| യുക്താഃ | യോഗികൾ |
| ഗുണവ്യവായേ അപി | പ്രകൃതിഗുണങ്ങളുടെ പരിണാമാവസ്ഥയിലും |
| ത്വാം | നിന്തിരുവടിയെ |
| അഗുണം | ഗുണാതീതനായിട്ടുതന്നെ |
| മനസാ | ഉൾക്കണ്ണുകൊണ്ട് |
| പശ്യന്തി | കാണുന്നു. |

ഇതിനെത്തന്നെ സദൃഷ്ടാന്തം പറയുന്നു—

12. യഥാഗ്നിമേധസ്യമൃതം ച ഗോഷു
ഭുവ്യന്നമംബൂദ്യമനേ ച വൃത്തിം
യോഗൈർമനുഷ്യാ അധിയന്തി ഹി ത്വാം
ഗുണേഷു ബുദ്ധ്യാ കവയോ വദന്തി

| | |
|---|---|
| ഏധസി | അരണിയിൽ |
| അഗ്നിം | അഗ്നിയേയും, |
| ഗോഷു | ഗോക്കളിൽ |
| അമൃതം ച | ഘൃതത്തെയും |
| ഭുവി | ഭൂമിയിൽ |
| അന്നം | ധാന്യാദി ഭക്ഷണപദാർത്ഥത്തെയും |
| അംബു | ജലത്തെയും, |
| ഉദ്യമനേ | പരിശ്രമത്തിൽ |
| വൃത്തിം ച | ജീവിതവൃത്തിയെയും |
| യഥാ | ഏതൊരു പ്രകാരം |
| മനുഷ്യാഃ | മനുഷ്യർ |
| യോഗൈഃ | വിവിധോപായങ്ങളാൽ* |
| അധിയന്തി | പ്രാപിക്കുന്നുവോ; |
| ഹി | അതുപ്രകാരം |
| ഗുണേഷു | ഗുണകാര്യങ്ങളായ ദേഹേന്ദ്രിയങ്ങളിൽ |
| ത്വാം | നിന്തിരുവടിയെ |
| കവയഃ | ജ്ഞാനികൾ |
| ബുദ്ധ്യാ | പ്രബോധത്താൽ |
| വദന്തി | പ്രാപിക്കുകയും വെളിവാക്കുകയും ചെയ്യുന്നു. |

*മഥനം, ദോഹനം, കർഷണം, ഖനനം, വ്യാപാരം, എന്നീ ഉപായങ്ങളാൽ യഥാക്രമം.

13. തം ത്വാം വയം നാഥ സമുജ്ജിഹാനം
സരോജനാഭാതിചിരേപ്സിതാർത്ഥം
ദൃഷ്ട്വാ ഗതാ നിർവൃതിമദ്യ സർവേ
ഗജാ ദവാർത്താ ഇവ ഗാംഗമംഭഃ

| | | | |
|---|---|---|---|
| നാഥ | രക്ഷിതാവേ! | വയം സർവേ | ഞങ്ങളെല്ലാവരും |
| സരോജനാഭ | ശ്രീപദ്മനാഭ! | ദവാർത്താഃ | കാട്ടുതീയിൽപെട്ടു വലഞ്ഞ |
| അതിചിരേപ്സിതാർത്ഥം | വളരെക്കാലമായി ഉള്ളിൽ നിനയ്ക്കപ്പെട്ട കാര്യത്തിന്റെ സ്വരൂപമായ | ഗജാഃ | ആനകൾ |
| തം ത്വാം | ആ നിന്തിരുവടിയെ | ഗാംഗം | ഗംഗാനദിയിലെ |
| സമുജ്ജിഹാനം | മുന്നിൽ ആവിർഭവിച്ചവനായി | അംഭഃ | ജലത്തെ |
| | | ദൃഷ്ട്വാ ഇവ | കണ്ടിട്ടെന്നപോലെ |
| ദൃഷ്ട്വാ | കണ്ടിട്ട് | നിർവൃതിം | അത്യാനന്ദത്തെ |
| അദ്യ | ഇപ്പോൾ | ഗതാഃ | പ്രാപിച്ചവരായിരിക്കുന്നു. |

14. സ ത്വം വിധത്സ്വാഖിലലോകപാലാ
വയം യദർത്ഥാസ്തവ പാദമൂലം
സമാഗതാസ്തേ ബഹിരന്തരാത്മൻ
കിം വാന്യവിജ്ഞാപ്യമശേഷസാക്ഷിണഃ

| | | | |
|---|---|---|---|
| സഃ ത്വം | ആ നിന്തിരുവടി | വിധത്സ്വ | നിറവേററിത്തന്നാലും. |
| അഖിലലോകപാലാഃ | സമസ്തലോകങ്ങളുടെയും പാലകന്മാരായ | അന്തരാത്മൻ | അന്തരംഗത്തിൽ കുടികൊള്ളുന്ന ആത്മസ്വരൂപമേ! |
| വയം | ഞങ്ങൾ | | |
| യദർത്ഥാഃ | യാതൊരു കാര്യത്തോടു കൂടിയവരായിട്ട് | അശേഷസാക്ഷിണഃ | എല്ലാററിന്റെയും സാക്ഷിയായിരിക്കുന്ന |
| തവ | നിന്തിരുവടിയുടെ | തേ | നിന്തിരുവടിക്ക് |
| പാദമൂലം | പാദാന്തികത്തെ | ബഹിഃ | പുറമെ |
| സമാഗതാഃ | സമാശ്രയിച്ചിരിക്കുന്നുവോ, | അന്യവിജ്ഞാപ്യം | അന്യരാൽ പറഞ്ഞറിയിക്കപ്പെടേണ്ടതായിട്ട് |
| (തത്) | ആ കാര്യം | കിം വാ | എന്തിരിക്കുന്നു ? |

"കാര്യമെന്തുതന്നെയായാലും ലോകപാലന്മാരായ നിങ്ങൾക്ക് സ്വയം നിർവ്വഹിക്കാമല്ലോ" എന്നു തിരുവുള്ളത്തിൽ തോന്നരുതെന്നു് ഇനി ഉണർത്തിക്കുന്നു,

15. അഹം ഗിരിത്രശ്ച സുരാദയോ യേ
ദക്ഷാദയോഽഗ്നേരിവ കേതവസ്തേ

**കിം വാ വിദാമേശ പൃഥഗ്വിഭാതാ**
**വിധത്സ്വ ശം നോ ദ്വിജദേവമന്ത്രം.**

| | |
|---|---|
| അഹം | ഞാനും |
| ഗിരിത്രഃ | ശിവനും |
| സുരാദയഃ | ഇന്ദ്രാദിദേവന്മാരും |
| ദക്ഷാദയഃ | ദക്ഷാദിപ്രജാപതിമാരുമായ |
| യേ ച | യാവചിലരുണ്ടോ, ഇവരെല്ലാം |
| അഗ്നേഃ | അഗ്നിയിൽനിന്നുള്ള |
| കേതവഃ | സ്ഫുലിംഗങ്ങൾ |
| ഇവ | പോലെ |
| തേ പൃഥഗ്വിഭാതാഃ | അങ്ങയിൽനിന്നുദിച്ചു വേറെ വേറെ വിളങ്ങുന്നവരാണ്. |
| ഈശ | ഹേ പ്രഭോ ! |
| നഃ ശം | ഞങ്ങളുടെ ക്ഷേമത്തെപ്പററി |
| കിംവാ | എന്തുതന്നെ |
| വിദാമ | ഞങ്ങൾക്കറിയാം? |
| ദ്വിജദേവമന്ത്രം | ബ്രാഹ്മണർക്കും ദേവകൾക്കും വേണ്ടുന്ന ഹിതോപദേശം |
| വിധത്സ്വ | സ്വയം നിറവേററിയാലും. |

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു.

15. **ഏവം വിരിഞ്ചാദിഭിരീഡിതസ്തദ്**
**വിജ്ഞായ തേഷാം ഹൃദയം തഥൈവ**
**ജഗാദ ജീമൂതഗഭീരയാ ഗിരാ**
**ബദ്ധാഞ്ജലീൻ സംവൃതസർവ്വകാരകാൻ.**

| | |
|---|---|
| വിരിഞ്ചാദിഭിഃ | ബ്രഹ്മാദികളാൽ |
| ഏവം | ഈ വിധം |
| ഈഡിതഃ | വാഴ്ത്തപ്പെട്ട ഭഗവാൻ |
| തേഷാം | അവരുടെ |
| തത് ഹൃദയം | ആ ആശയത്തെ |
| തഥൈവ | അതേവിധം |
| വിജ്ഞായ | അറിഞ്ഞശേഷം |
| സംവൃതസർവ്വകാരകാൻ | സമസ്തേന്ദ്രിയവ്യാപാരങ്ങളെയും നിയന്ത്രിച്ച് |
| ബദ്ധാഞ്ജലീൻ | കൈകൂപ്പിനില്ക്കുന്ന അവരോട് |
| ജീമൂതഗഭീരയാ | മേഘഗർജ്ജനം പോലെ മുഴക്കം കൊള്ളുന്ന |
| ഗിരാ | വാണിയോടെ |
| ജഗാദ | ഉരചെയ്തു. |

17. **ഏക ഏവേശ്വരസ്തസ്മിൻ സുരകാര്യേ സുരേശ്വരഃ**
**വിഹർത്തുകാമസ്താനാഹ സമുദ്രമഥനാദിഭിഃ**

| | |
|---|---|
| തസ്മിൻ | ആ |
| സുരകാര്യേ | ദേവകാര്യത്തിൽ |
| സുരേശ്വരഃ | ദേവാധിപതിയായ ശ്രീഹരി |

ഏകഃ ഏവ — ഒററയ്ക്കുതന്നെ
ഈശ്വരഃ — മതിയായവനാണ്.
(തഥാപി) — എങ്കിലുംകൂടി
സമുദ്ര-മഥനാദിഭിഃ — സമുദ്രമഥനം മുതലായ വിനോദങ്ങളാൽ
വിഹർത്തും-കാമഃ — വിഹരിക്കുവാൻ ഇച്ഛിച്ചുകൊണ്ട്
താൻ — അവരോട്
ആഹ — അരുളിച്ചെയ്തു.

ശ്രീഭഗവാനുവാച = ശ്രീ മഹാവിഷ്ണു അരുളിച്ചെയ്തു.

**18.** **ഹന്ത ബ്രഹ്മന്നഹോ ശംഭോ ഹേ ദേവാ മമ ഭാഷിതം**
**ശൃണുതാവഹിതാഃ സർവ്വേ ശ്രേയോ വഃ സ്യാദ്യഥാ സുരാഃ.**

ഹന്ത ബ്രഹ്മൻ — ആഹാ ബ്രഹ്മാവേ!
അഹോ ശംഭോ — അഹോ ശ്രീശംകര !
ഹേ ദേവാഃ — അല്ലയോ ദേവന്മാരേ!
സുരാഃ — സ്വർല്ലോകവാസികളേ!
യഥാ — ഏതുതരത്തിലായാൽ
ശ്രേയഃ — ശ്രേയസ്സ്
വഃ സ്യാത് — നിങ്ങൾക്കുണ്ടായിവരുമോ, അതിന്നുതകും തരത്തിലുള്ള
മമ — എന്റെ
ഭാഷിതം — വചനത്തെ
അവഹിതാഃ — ശ്രദ്ധാലുക്കളായി
ശൃണുത — ശ്രവിച്ചുകൊണ്ടാലും.

**19.** **യാത ദാനവദൈതേയൈസ്താവത് സന്ധിർവിധീയതാം**
**കാലേനാനുഗ്രഹീതൈസ്തൈര്യാവദ് വോ ഭവ ആത്മനഃ.**

വഃ — നിങ്ങൾക്ക്
ആത്മനഃ — തനിയെ
ഭവഃ — അഭിവൃദ്ധിയുണ്ടാവുന്നതു്
യാവത് — എപ്പോഴാണോ,
താവത് — അതുവരേക്കും
കാലേന — കാലഗുണത്താൽ
അനുഗ്രഹീതൈഃ — അനുഗ്രഹിക്കപ്പെട്ട
തൈഃ ദാനവ-ദൈതേയൈഃ — ആ ദാനവന്മാരും ദൈത്യന്മാരുമായ അസുരസംഘത്തോടുകൂടി
സന്ധിഃ — ഒത്തുതീർപ്പ്
വിധീയതാം — ഉണ്ടാക്കിവയ്ക്കണം.
യാത — പോകുവിൻ.

**20.** **അരയോഽപി ഹി സന്ധേയാഃ സതി കാര്യാർത്ഥഗൗരവേ**
**അഹിമൂഷകവദ് ദേവാ ഹ്യർത്ഥസ്യ പദവീം ഗതൈഃ**

ദേവാഃ — ദേവകളേ!
കാര്യാർത്ഥ-ഗൗരവേ — നിറവേററേണ്ടുന്ന കാര്യത്തിന്ന് ഗൗരവം
സതി ഹി — ഉള്ളപ്പോൾമാത്രം
അരയഃ അപി — ശത്രുക്കളുംകൂടി
സന്ധേയാഃ — അനുരഞ്ജിപ്പിക്കപ്പെടേണ്ടവരാണ്.
ഹി — എന്നാൽ
അർത്ഥസ്യ — കാര്യലാഭത്തിന്റെ
പദവീം — വഴിയിലേക്ക്
ഗതൈഃ — എത്തിക്കഴിഞ്ഞവരാൽ
അഹി-മൂഷകവത് — പാമ്പും എലിയും തമ്മിലെന്നപോലെ
(വർത്തിതവ്യം) — വർത്തിക്കപ്പെടേണ്ടവരുമാണ്.

ഗൗരവമുള്ള കാര്യം സാധിക്കേണ്ടുന്ന സന്ദർഭത്തിൽ ശത്രുക്കളെയും കൂട്ടുപിടിക്കുന്നതിൽ തെററില്ല. കാര്യം സാധിച്ചുകഴിഞ്ഞാൽ, പാമ്പാട്ടിയുടെ കൂടയിൽനിന്ന് എലി യുണ്ടാക്കിക്കൊടുത്ത ദ്വാരത്തിലൂടെ പുറത്തുചാടിയ സർപ്പം ആ എലിയെത്തന്നെ പിടിച്ചു ഭക്ഷിക്കുന്നപോലെ ശത്രുക്കളെ അമർത്തുകയും ചെയ്യാം. അതുകൊണ്ട് ഈ വിഷമഘട്ടത്തിൽ ദേവന്മാർ അസുരന്മാരുമായി സന്ധിയുണ്ടാക്കണമെന്ന് ഭഗവാൻ ഉപദേശിക്കുന്നു. അതിനാൽ അസുരന്മാരോടുകൂടി സന്ധിച്ച് ഉടനടി നിർവ്വഹിക്കുവാനുള്ളതെന്തെന്ന് ഇനി വ്യക്തമാക്കുന്നു.

21. അമൃതോത്പാദനേ യത്നഃ ക്രിയതാമവിലംബിതം
യസ്യ പീതസ്യ വൈ ജന്തുർമൃത്യുഗ്രസ്തോഽമരോ ഭവേത്.

| | | | |
|---|---|---|---|
| അമൃതോത്- പാദനേ | അമൃതത്തെ ഉൽപാദിപ്പിക്കുന്ന വിഷയത്തിൽ | യസ്യ പീതസ്യ | യാതൊന്നു പാനം ചെയ്യപ്പെട്ടെന്നാൽ |
| അവിലം- ബിതം | താമസം കൂടാതെ | മൃത്യുഗ്രസ്തഃ | മൃത്യുവിനാൽ ഗ്രസിക്കപ്പെട്ട |
| യത്നഃ | പ്രയത്നം | ജന്തുഃ വൈ | ജീവിപോലും |
| ക്രിയതാം | ചെയ്യപ്പെടണം. | അമരഃ | മരണമില്ലാത്തവനായി |
| | | ഭവേത് | ഭവിക്കും. |

22. ക്ഷിപ്ത്വാ ക്ഷീരോദധൗ സർവ്വാ വീരുത്തൃണലതൗഷധീഃ
മന്ഥാനം മന്ദരം കൃത്വാ നേത്രം കൃത്വാ തു വാസുകിം
23. സഹായേന മയാ ദേവാ നിർമ്മന്ഥധ്വമതന്ദ്രിതാഃ
ക്ലേശഭാജോ ഭവിഷ്യന്തി ദൈത്യാ യൂയം ഫലഗ്രഹാഃ.

| | | | |
|---|---|---|---|
| സർവ്വാഃ | ഒന്നൊഴിയാതെയുള്ള | ദേവാഃ | ഹേ ദേവന്മാരേ! |
| വീരുത്- തൃണലതൗ- ഷധീഃ | വള്ളികളും, പുല്ലുകളും, ചെടികളും മററുമായ വനസ്പതി വിശേഷങ്ങളെ | സഹായേന | സഹായിയായ |
| | | മയാ | എന്നോടുകൂടിച്ചേർന്ന് |
| | | അതന്ദ്രിതാഃ | ആലസ്യരഹിതരായി |
| ക്ഷീരോദധൗ | പാൽക്കടലിൽ | നിർമ്മന്ഥധ്വം | നിഃശേഷം കടയുവിൻ. |
| ക്ഷിപ്ത്വാ | ഇട്ടിട്ട്, | ദൈത്യാഃ | അസുരന്മാർ |
| മന്ദരം | മന്ദരപർവ്വതത്തെ | ക്ലേശഭാജഃ | ക്ലേശം അനുഭവിച്ചവരായി |
| മന്ഥാനം | കടകോലിൻെറ മത്താക്കി | ഭവിഷ്യന്തി | ഭവിക്കും; |
| കൃത്വാ | ഉപയോഗിച്ചും | യൂയം | നിങ്ങൾ |
| വാസുകിം | വാസുകിയെ | ഫലഗ്രഹാഃ | ഫലമെടുക്കുന്നവരും |
| നേത്രം | കയറാക്കി | | ആയേക്കും |
| കൃത്വാ തു | ഉപയോഗിച്ചും | | |

ഇപ്പോൾ അസുരന്മാർ ദേവന്മാരെക്കാൾ ബലവാന്മാരാകയാൽ അവരുടെ സഹകരണം ലഭിക്കുവാൻ അവരെ അനുസരിക്കണമെന്നു പ്രത്യേകം ഉപദേശിക്കുന്നു.

ഗൗരവമുള്ള കാര്യം സാധിക്കേണ്ടുന്ന സന്ദർഭത്തിൽ ശത്രുക്കളെയും കൂട്ടുപിടിക്കുന്നതിൽ തെററില്ല. കാര്യം സാധിച്ചുകഴിഞ്ഞാൽ, പാമ്പാട്ടിയുടെ കൂടയിൽനിന്നു് എലിയുണ്ടാക്കിക്കൊടുത്ത ദ്വാരത്തിലൂടെ പുറത്തുചാടിയ സർപ്പം ആ എലിയെത്തന്നെ പിടിച്ചു ഭക്ഷിക്കുന്നപോലെ ശത്രുക്കളെ അമർത്തുകയും ചെയ്യും. അതുകൊണ്ടു് ഈ വിഷമഘട്ടത്തിൽ ദേവന്മാർ അസുരന്മാരുമായി സന്ധിയുണ്ടാക്കണമെന്നു് ഭഗവാൻ ഉപദേശിക്കുന്നു. അതിനാൽ അസുരന്മാരോടുകൂടി സന്ധിച്ചു് ഉടനടി നിർവ്വഹിക്കുവാനുള്ളതെന്തെന്നു് ഇനി വ്യക്തമാക്കുന്നു.

**21. അമൃതോത്പാദനേ യത്നഃ ക്രിയതാമവിലംബിതം**
**യസ്യ പീതസ്യ വൈ ജന്തുർമൃത്യുഗ്രസ്തോഽമരോ ഭവേത്.**

| | | | |
|---|---|---|---|
| അമൃതോത്-പാദനേ | അമൃതത്തെ ഉൽപാദിപ്പിക്കുന്ന വിഷയത്തിൽ | യസ്യ പീതസ്യ | യാതൊന്നു പാനം ചെയ്യപ്പെട്ടെന്നാൽ |
| അവിലം-ബിതം | താമസം കൂടാതെ | മൃത്യുഗ്രസ്തഃ | മൃത്യുവിനാൽ ഗ്രസിക്കപ്പെട്ട |
| യത്നഃ | പ്രയത്നം | ജന്തുഃ വൈ | ജീവിപോലും |
| ക്രിയതാം | ചെയ്യപ്പെടണം. | അമരഃ | മരണമില്ലാത്തവനായി |
| | | ഭവേത് | ഭവിക്കും. |

**22. ക്ഷിപ്ത്വാ ക്ഷീരോദധൗ സർവ്വാ വീരുത്തൃണലതൌഷധീഃ**
**മന്ഥാനം മന്ദരം കൃത്വാ നേത്രം കൃത്വാ തു വാസുകിം**
**23. സഹായേന മയാ ദേവാ നിർമ്മന്ഥധ്വമതന്ദ്രിതാഃ**
**ക്ലേശഭാജോ ഭവിഷ്യന്തി ദൈത്യാ യൂയം ഫലഗ്രഹാഃ.**

| | | | |
|---|---|---|---|
| സർവ്വാഃ | ഒന്നൊഴിയാതെയുള്ള | ദേവാഃ | ഹേ ദേവന്മാരേ! |
| വീരുത്-തൃണലതൗ-ഷധീഃ | വള്ളികളും, പുല്ലോടികളും ചെടികളും മററുമായ വനസ്പതി വിശേഷങ്ങളെ | സഹായേന | സഹായിയായ |
| | | മയാ | എന്നോടുകൂടിച്ചേർന്നു് |
| | | അതന്ദ്രിതാഃ | ആലസ്യരഹിതരായി |
| ക്ഷീരോദധൗ | പാൽക്കടലിൽ | നിർമ്മന്ഥധ്വം | നിഃശേഷം കടയുവിൻ. |
| ക്ഷിപ്ത്വാ | ഇട്ടിട്ടു്, | ദൈത്യാഃ | അസുരന്മാർ |
| മന്ദരം | മന്ദരപർവ്വതത്തെ | ക്ലേശഭാജഃ | ക്ലേശം അനുഭവിച്ചവരായി |
| മന്ഥാനം | കടകോലിന്റെ മത്താക്കി | ഭവിഷ്യന്തി | ഭവിക്കും; |
| കൃത്വാ | ഉപയോഗിച്ചും | യൂയം | നിങ്ങളോ |
| വാസുകിം | വാസുകിയെ | ഫലഗ്രഹാഃ | ഫലമെടുക്കുന്നവരും |
| നേത്രം | കയറാക്കി | | ആയേക്കും |
| കൃത്വാ തു | ഉപയോഗിച്ചും | | |

ഇപ്പോൾ അസുരന്മാർ ദേവന്മാരെക്കാൾ ബലവാന്മാരാകയാൽ അവരുടെ സഹകരണം ലഭിക്കുവാൻ അവരെ അനുസരിക്കണമെന്നു പ്രത്യേകം ഉപദേശിക്കുന്നു.

| | |
|---|---|
| ഭഗവതേ | ഭഗവാനായിക്കൊണ്ട് |
| നമസ്കൃത്യ | നമസ്കാരം ചെയ്ത് |
| സ്വം സ്വം | അവരവരുടെ |
| ധാമ | ആസ്ഥാനത്തിലേക്ക് |
| ജഗ്മതുഃ | ഗമിച്ചു. |
| സുരാഃ | ദേവന്മാർ |
| ബലിം | ബലിചക്രവർത്തിയെ |
| ഉപേയുഃ | സമീപിക്കയും ചെയ്തു. |

**28. ദൃഷ്ട്വാരീനപ്യസംയത്താൻ ജാതക്ഷോഭാൻ സ്വനായകാൻ**
**ന്യഷേധദ് ദൈത്യരാട് ശ്ലോക്യഃ സന്ധിവിഗ്രഹകാലവിത്.**

| | |
|---|---|
| സന്ധിവിഗ്രഹ-കാലവിത് | സന്ധിക്കും സമരത്തിനും ഉചിതമായ കാലത്തിന്റെ അറിവുള്ള |
| ശ്ലോക്യഃ | കീർത്തനീയനായ |
| ദൈത്യരാട് | അസുരാധിപതി |
| അസംയത്താൻ അപി | യുദ്ധോദ്യുക്തരല്ലെന്നിരിക്കിലുംകൂടി |
| അരീൻ | ശത്രുക്കളെ |
| ദൃഷ്ട്വാ | കണ്ടിട്ട് |
| ജാതക്ഷോഭാൻ | ക്ഷോഭം ജനിച്ച |
| സ്വനായകാൻ | തന്റെ പടത്തലവന്മാരെ |
| ന്യഷേധത് | വിലക്കിനിർത്തി. |

**29. തേ വൈരോചനിമാസീനം ഗുപ്തം ചാസുരയൂഥപൈഃ**
**ശ്രിയാ പരമയാ ജുഷ്ടം ജിതാശേഷമുപാഗമൻ.**

| | |
|---|---|
| ജിതാശേഷം | ലോകമാകെ കീഴടക്കിയവനും |
| പരമയാ | സമുന്നതമായ |
| ശ്രിയാ | ഐശ്വര്യത്താൽ |
| ജുഷ്ടം | സംസേവിതനും |
| അസുര-യൂഥപൈഃ | അസുരസേനാധിപതികളാൽ |
| ഗുപ്തം | സുരക്ഷിതനും |
| ആസീനം | സിംഹാസനോപവിഷ്ടനുമായ |
| വൈരോചനിം | ബലിചക്രവർത്തിയെ |
| തേ | അവർ |
| ഉപാഗമൻ | സമീപിച്ചു. |

**30. മഹേന്ദ്രഃ ശ്ലക്ഷ്ണയാ വാചാ സാന്ത്വയിത്വാ മഹാമതിഃ**
**അഭ്യഭാഷത തത് സർവം ശിക്ഷിതം പുരുഷോത്തമാത്.**

| | |
|---|---|
| മഹാമതിഃ | അതിബുദ്ധിമാനായ |
| മഹേന്ദ്രഃ | ദേവേന്ദ്രൻ |
| ശ്ലക്ഷ്ണയാ | മധുരമോഹനമായ |
| വാചാ | വചനത്താൽ |
| സാന്ത്വയിത്വാ | (ബലിയെ) പാട്ടിൽപ്പിടിച്ചശേഷം |
| പുരുഷോ-ത്തമാത് | പുരുഷശ്രേഷ്ഠനായ ശ്രീഹരിയിൽനിന്ന് |
| ശിക്ഷിതം | കേട്ടുധരിക്കപ്പെട്ട |
| തത് സർവം | അതെല്ലാം |
| അഭ്യഭാഷത | നേരിൽപറഞ്ഞു. |

**31. തദരോചത ദൈത്യസ്യ തത്രാന്യേ യേഽസുരാധിപാഃ**
**ശംബരോഽരിഷ്ടനേമിശ്ച യേ ച ത്രിപുരവാസിനഃ**

| | |
|---|---|
| തത് | അതു് (ഇന്ദ്രൻ പറഞ്ഞ അമൃതമഥനവൃത്താന്തം) |
| ദൈത്യസ്യ | അസുരനായ മഹാബലിക്കു് |
| അരോചത | ഇഷ്ടപ്പെട്ടു. |
| ച, തത്ര | മാത്രമല്ല, അവിടെ |
| ശംബരഃ | ശംബരൻ, |
| അരിഷ്ടനേമിഃ | അരിഷ്ടനേമി എന്നിങ്ങനെ |
| യേ | യാവചില |
| അന്യേ | അന്യരായ |
| അസുരാധിപാഃ | അസുരനായകന്മാരും |
| ത്രിപുരവാസിനഃ | ത്രിപുരനിവാസികളായ അസുരന്മാരായി |
| യേ ച | യാവചിലർ ഉണ്ടായിരുന്നുവോ, |
| (തേഭ്യശ്ച) | അവർക്കും ഇഷ്ടമായി. |

**32. തതോ ദേവാസുരാഃ കൃത്വാ സംവിദം കൃതസൗഹൃദാഃ**
**ഉദ്യമം പരമം ചക്രുരമൃതാർത്ഥേ പരന്തപ.**

| | |
|---|---|
| പരന്തപ | ശത്രുസന്താപകരനായ രാജാവേ! |
| തതഃ | അതിനുശേഷം |
| ദേവാസുരാഃ | ദേവന്മാരും അസുരന്മാരും |
| സംവിദം | പരസ്പരധാരണ |
| കൃത്വാ | ഉണ്ടാക്കിവച്ചു് |
| കൃതസൗഹൃദാഃ | മൈത്രീബന്ധത്തിലേർപ്പെട്ടു് |
| അമൃതാർത്ഥേ | അമൃതോൽപാദനവിഷയത്തിൽ |
| പരമം | അതിമഹത്തായ |
| ഉദ്യമം | പരിശ്രമം |
| ചക്രുഃ | ചെയ്തുതുടങ്ങി. |

**33. തതസ്തേ മന്ദരഗിരിമോജസോത്പാട്യ ദുർമ്മദാഃ**
**നദന്ത ഉദധിം നിന്യുഃ ശക്താഃ പരിഘബാഹവഃ**

| | |
|---|---|
| പരിഘബാഹവഃ | ഇരുമ്പുലക്കയ്യൊത്ത കൈത്തണ്ടകളുള്ളവരും |
| ശക്താഃ | ബലശാലികളും |
| ദുർമ്മദാഃ | ദുരഹംകാരികളുമായ |
| തേ | അവർ |
| തതഃ | പിന്നീടു് |
| മന്ദരഗിരിം | മന്ദരപർവ്വതത്തെ |
| ഓജസാ | ഊക്കോടെ |
| ഉത്പാട്യ | കടപുഴക്കിയെടുത്തു് |
| നദന്തഃ | കൂവിവിളിച്ചുകൊണ്ടു് |
| ഉദധിം | സമുദ്രതീരത്തിലേക്കു് |
| നിന്യുഃ | കൊണ്ടുപോയി. |

**34. ദൂരഭാരോദ്വഹശ്രാന്താഃ ശക്രവൈരോചനാദയഃ**
**അപാരയന്തസ്തം വോഢും വിവശാ വിജഹുഃ പഥി.**

| | |
|---|---|
| ദൂരഭാരോദ്വഹശ്രാന്താഃ | അകലത്തോളം ഭാരം ചുമന്നതിനാൽ തളർന്നുപോയ |
| ശക്രവൈരോചനാദയഃ | ഇന്ദ്രനും മഹാബലിയും മററുമായ ദേവാസുരന്മാർ |
| തം | അതിനെ |
| വോഢും | ചുമന്നുകൊണ്ടുപോകാൻ |
| അപാരയന്തഃ | കഴിവില്ലാതെ |
| വിവശാഃ | പരവശരായിട്ടു് |
| പഥി | വഴിയിൽ |
| വിജഹുഃ | തള്ളിയിട്ടു. |

**35.** നിപതൻ സ ഗിരിസ്തത്ര ബഹൂനമരദാനവാൻ
ചൂർണയാമാസ മഹതാ ഭാരേണ കനകാചലഃ

| | | | |
|---|---|---|---|
| കനകാചലഃ | സുവർണ്ണപർവ്വതമായ | ഭാരേണ | കനത്താൽ |
| സഃ ഗിരിഃ | ആ പെരുമല | ബഹൂൻ | ഒട്ടുവളരെ |
| തത്ര | അവിടെ | | |
| നിപതൻ | ചാഞ്ഞുലഞ്ഞു വീണു കൊണ്ട് | അമര— ദാനവാൻ | ദേവന്മാരെയും അസുരന്മാരെയും |
| മഹതാ | അതിന്റെ പെരുത്ത | ചൂർണയാമാസ | തവിടുപൊടിയാക്കി. |

**36.** താംസ്തഥാ ഭഗ്നമനസോ ഭഗ്നബാഹൂരുകന്ധരാൻ
വിജ്ഞായ ഭഗവാംസ്തത്ര ബഭൂവ ഗരുഡധ്വജഃ

| | | | |
|---|---|---|---|
| താൻ | അവരെ | വിജ്ഞായ | സ്വയം അറിഞ്ഞ് |
| തഥാ | ആവിധം | ഭഗവാൻ | ശ്രീഹരി |
| ഭഗ്നമനസഃ | മനസ്സു തകർന്നവരും | ഗരുഡധ്വജഃ | ഗരുഡാരൂഢനായിട്ട് |
| ഭഗ്നബാഹൂ— രുകന്ധരാൻ | കൈയും തുടയും കഴുത്തും ഒടിഞ്ഞു ചതഞ്ഞവരുമായെന്നു | തത്ര | അവിടെ |
| | | ബഭൂവ | ആവിർഭവിച്ചു. |

**37.** ഗിരിപാതവിനിഷ്പിഷ്ടാൻ വിലോക്യാമരദാനവാൻ
ഈക്ഷയാ ജീവയാമാസ നിർജരാൻ നിർവ്രണാൻ യഥാ

| | | | |
|---|---|---|---|
| ഗിരിപാത— വിനിഷ്പി— ഷ്ടാൻ | പർവ്വതത്തിന്റെ പതനത്താൽ നിഃശേഷം ചതഞ്ഞരഞ്ഞ | ഈക്ഷയാ | കടാക്ഷവീക്ഷണത്താൽ |
| | | നിർജരാൻ | അക്ഷീണഗാത്രന്മാരും |
| | | നിർവ്രണാൻ | മുറിചതവുകളില്ലാത്തവരുമാക്കി |
| അമര— ദാനവാൻ | ദേവന്മാരെയും അസുരന്മാരെയും | യഥാ | വേണ്ടും വിധം |
| വിലോക്യ | കണ്ടിട്ട്, | ജീവയാമാസ | ജീവിപ്പിച്ചു. |

**38.** ഗിരിം ചാരോപ്യ ഗരുഡേ ഹസ്തേനൈകേന ലീലയാ
ആരുഹ്യ പ്രയയാവബ്ധിം സുരാസുരഗണൈർവൃതഃ

| | | | |
|---|---|---|---|
| ലീലയാ | കളിയായിട്ട് | ആരുഹ്യ ച | താനും കയറി, |
| ഏകേന | ഒരേ | സുരാസുര— ഗണൈഃ | ദേവന്മാരാലും അസുരന്മാരാലും |
| ഹസ്തേന | കൈകൊണ്ട് | | |
| ഗിരിം | പർവ്വതത്തെ | വൃതഃ | പരിവൃതനായിട്ട് |
| ഗരുഡേ | ഗരുഡന്റെ മേൽ | അബ്ധിം | സമുദ്രത്തിലേക്ക് |
| ആരോപ്യ | കയററിവച്ച് | പ്രയയൗ | പ്രയാണം ചെയ്തു. |

39. അവരോപ്യ ഗിരിം സ്കന്ധാത് സുപർണ്ണഃ പതതാം വരഃ
യയൗ ജലാന്ത ഉത്സൃജ്യ ഹരിണാ സ വിസർജ്ജിതഃ

| | | | |
|---|---|---|---|
| പതതാം | പക്ഷികളുടെ | ജലാന്തേ | സമുദ്രജലത്തിന്റെ അററത്ത് |
| വരഃ | നായകനായ | | |
| ഗരുഡഃ | ഗരുഡൻ | ഉത്സൃജ്യ | കൊണ്ടുവച്ച് |
| ഗിരിം | പർവ്വതത്തെ | ഹരിണാ | ഭഗവാനാൽ |
| സ്കന്ധാത് | തോളത്തുനിന്ന് | വിസർജ്ജിതഃ | വിട്ടയയ്ക്കപ്പെട്ടവനായിട്ട് |
| അവരോപ്യ | താഴെ ഇറക്കി, | യയൗ | സ്ഥലംവിട്ടു. |

ഗരുഡസാന്നിദ്ധ്യം വാസുകിയുടെ ആഗമനത്തിന് പ്രതിബന്ധമാകുമെന്നു കരുതി ഭഗവാൻ ഗരുഡനെ തിരികെ അയച്ചതാണെന്ന് ഇവിടെ കരുതണം.

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ അഷ്ടമസ്കന്ധേ
അമൃതമഥനേ മന്ദരാചലാനയനം നാമ ഷഷ്ഠോഽദ്ധ്യായഃ

ആദിതഃ ശ്ലോകാഃ 214

അഷ്ടമസ്കന്ധത്തിൽ ആറാമദ്ധ്യായം കഴിഞ്ഞു.

# സപ്തമോഽദ്ധ്യായഃ — അദ്ധ്യായം ഏഴ്

## ശിവകൃതമായ കാളകൂടവിഷപാനം

''സപ്തമേ മഥനോദ്ഭൂതവിഷഭീത്യാഖിലൈർജനൈഃ
സ്തുതഃ സൻ കൃപയാ രുദ്രഃ പപൗ വിഷമിതീര്യതേ''

പാലാഴി കടയുമ്പോളുണ്ടായ ഹാലാഹലവിഷം കണ്ടു സർവ്വജനങ്ങളും ഭയപ്പെട്ടു ശിവനെ സ്തുതിച്ചതും ശിവൻ ദീനജനാനുകമ്പയാൽ ആ വിഷത്തെ പാനം ചെയ്തതും ഈ ഏഴാമദ്ധ്യായത്തിൽ പറയുന്നു.

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു—

1. തേ നാഗരാജമാമന്ത്ര്യ ഫലഭാഗേന വാസുകിം
പരിവീയ ഗിരൗ തസ്മിൻ നേത്രമബ്ധിം മുദാന്വിതാഃ

2. ആരേഭിരേ സുസംയത്താ അമൃതാർത്ഥം കുരൂദ്വഹ
ഹരിഃ പുരസ്താജ്ജഗൃഹേ പൂർവ്വം ദേവാസ്തതോഽഭവൻ

| | |
|---|---|
| കുരൂദ്വഹ | കുരുവംശോത്തമ! |
| തേ | അവർ (ദേവാസുരന്മാർ) |
| നാഗരാജം | സർപ്പരാജാവായ |
| വാസുകിം | വാസുകിയെ |
| ഫലഭാഗേന ആമന്ത്ര്യ | മഥനഫലമായ അമൃതിൽ പങ്കാളിത്തം നൽകാമെന്ന വാഗ്ദാനത്താൽ വിളിച്ചു വരുത്തി, |
| തസ്മിൻ | ആ |
| ഗിരൗ | പർവ്വതത്തിൽ |
| നേത്രം | കയറാക്കി |
| പരിവീയ | ചുററിക്കെട്ടി, |
| മുദാന്വിതാഃ | സന്തോഷത്തോടുകൂടിയവരും |
| സുസംയത്താഃ | അതിപ്രയത്നത്തോടു കൂടിയവരുമായിട്ട് |
| അമൃതാർത്ഥേ | അമൃതിനുവേണ്ടി |
| അബ്ധിം | പാലാഴിയെ |
| മഥിതും | കടയുവാൻ |
| ആരേഭിരേ | തുടങ്ങി. |
| ഹരിഃ | വിഷ്ണുഭഗവാൻ |
| പൂർവ്വം | ആദ്യം |
| പുരസ്താത് | (സർപ്പത്തിന്റെ) മുഖഭാഗം |
| ജഗൃഹേ | പിടിച്ചു. |
| തതഃ | അതിൽപ്പിന്നെ |
| ദേവാഃ | ദേവന്മാരും |
| അന്വഭവൻ | ഭഗവാനെ പിന്തുടർന്നവരായി. |

വാസുകിയുടെ വിഷഭീഷണമായ തല അസുരന്മാർ വാശിപിടിച്ചു സ്വയം പിടിച്ചുകൊള്ളട്ടെ എന്നു കരുതിയാണ് ഭഗവാൻ ആദ്യം അങ്ങനെ ചെയ്തത്.

3. **തന്നൈച്ഛൻ ദൈത്യപതയോ മഹാപുരുഷചേഷ്ടിതം**
**ന ഗൃഹ്ണീമോ വയം പുച്ഛമഹേരംഗമമംഗലം**

4. **സ്വാധ്യായശ്രുതസമ്പന്നാഃ പ്രഖ്യാതാ ജന്മകർമ്മഭിഃ**
**ഇതി തൂഷ്ണീം സ്ഥിതാൻ ദൈത്യാൻ വിലോക്യ പുരുഷോത്തമഃ**
**സ്മയമാനോ വിസൃജ്യാഗ്രം പുച്ഛം ജഗ്രാഹ സാമരഃ**

| | |
|---|---|
| തത് മഹാപുരുഷ-ചേഷ്ടിതം | ശ്രീവിഷ്ണു ഭഗവാന്റെ അത്തരത്തിലുള്ളതായ പ്രവൃത്തിയെ |
| ദൈത്യപതയഃ | അസുരാധിപതികൾ |
| ന ഐച്ഛൻ | ഇഷ്ടപ്പെട്ടില്ല. |
| അഹേഃ | "പാമ്പിന്റെ |
| പുച്ഛം | വാൽ |
| വയം | ഞങ്ങൾ |
| ഗൃഹ്ണീമഃ | പിടിക്കുകയോ? |
| ന | അതുണ്ടാവില്ല. |
| അമംഗലം | അശുഭകരമായ |
| അഹേഃ | സർപ്പത്തിന്റെ |
| അംഗം | ശരീരഭാഗമാണത് |
| (വയം തു) | നാം ആകട്ടെ |
| സ്വാധ്യായ-ശ്രുതസമ്പന്നാഃ | വേദശാസ്ത്രപരിജ്ഞാനമുള്ള വിദ്യാസമ്പന്നന്മാരും |
| ജന്മകർമ്മഭിഃ | നല്ലവംശത്തിലുള്ള ജന്മം കൊണ്ടും വീരകൃത്യങ്ങൾ കൊണ്ടും |
| പ്രഖ്യാതാഃ | പേരും പെരുമയും നേടിയവരുമാണ്" |
| ഇതി | ഇങ്ങനെ ഭാവിച്ചും പറഞ്ഞും |
| തൂഷ്ണീം | അനക്കം കൂടാതെ |
| സ്ഥിതാൻ | നിലകൊണ്ട |
| ദൈത്യാൻ | അസുരന്മാരെ |
| വിലോക്യ | കണ്ടിട്ട് |
| പുരുഷോത്തമഃ | വിഷ്ണുഭഗവാൻ |

| | | | |
|---|---|---|---|
| സ്മയമാനഃ | പുഞ്ചിരിതൂകിക്കൊണ്ട് | സാമരഃ | ദേവന്മാരോടുകൂടി |
| അഗ്രം | സർപ്പത്തിന്റെ അഗ്രഭാഗം | പുച്ഛം | പുച്ഛഭാഗം |
| വിസൃജ്യ | കൈവിട്ട് | ജഗ്രാഹ | പിടിച്ചു. |

**5.** **കൃതസ്ഥാനവിഭാഗാസ്ത ഏവം കശ്യപനന്ദനാഃ**
**മമന്ഥുഃ പരമായത്താ അമൃതാർത്ഥം പയോനിധിം.**

| | | | |
|---|---|---|---|
| കശ്യപനന്ദനാഃ | കശ്യപപ്രജാപതിയുടെ സന്താനങ്ങളായ | പരമായത്താഃ | അത്യദ്ധ്വാനത്തോടു കൂടിയവരായി |
| തേ | ആ ദേവാസുരന്മാർ | അമൃതാർത്ഥം | അമൃതലാഭത്തിനുവേണ്ടി |
| ഏവം | ഇപ്രകാരം | പയോനിധിം | പാലാഴിയെ |
| കൃതസ്ഥാനവിഭാഗാഃ | നില്ക്കേണ്ടുന്ന സ്ഥാനം വെവ്വേറെതിരിച്ചുറപ്പിച്ച് | മമന്ഥുഃ | കടഞ്ഞുതുടങ്ങി. |

**6.** **മഥ്യമാനേഽർണ്ണവേ സോഽദ്രിരനാധാരോ ഹ്യധോഽവിശത്**
**ധ്രിയമാണോഽപി ബലിഭിർ ഗൗരവാത് പാണ്ഡുനന്ദന.**

| | | | |
|---|---|---|---|
| പാണ്ഡുനന്ദന | പാണ്ഡുവംശ്യനായ പരീക്ഷിത്തേ ! | അനാധാരഃ | അടിയിൽ താങ്ങലില്ലാത്ത |
| അർണ്ണവേ | സമുദ്രം | | |
| മഥ്യമാനേ | മഥിക്കപ്പെട്ടുകൊണ്ടിരിക്കെ, | സഃ അദ്രിഃ | ആ പർവ്വതം |
| | | ഗൗരവാത് | കനം ഉണ്ടുകകാരണം |
| ബലിഭിഃ | ബലവാന്മാരാൽ | അധഃ ഹി | താഴോട്ടുതന്നെ |
| ധ്രിയമാണഃ അപി | പിടിച്ചോത്തുക്കപ്പെട്ടതായിട്ടു കൂടിയും | അവിശത് | ആണ്ടുപോയി |

**7.** **തേ സുനിർവിണ്ണമനസഃ പരിമ്ലാനമുഖശ്രിയഃ**
**ആസൻ സ്വപൗരുഷേ നഷ്ടേ ദൈവേനാതിബലീയസാ.**

| | | | |
|---|---|---|---|
| സ്വപൗരുഷേ | സ്വന്തം പുരുഷപ്രയത്നം | തേ | അവർ |
| അതിബലീയസാ | അതേക്കാളധികം കരുത്തുള്ള | സുനിർവ്വിണ്ണമനസഃ | വിങ്ങിപ്പോയ ഹൃദയാന്തരത്തോടും |
| ദൈവേന | വിധിവൈഭവത്താൽ | പരിമ്ലാനമുഖശ്രിയഃ | മങ്ങിപ്പോയ മുഖകാന്തിയോടും കൂടിയവരായി |
| നഷ്ടേ | നശിച്ചപ്പോൾ | ആസൻ | ഭവിച്ചു. |

## കൂർമ്മാവതാരം

**8.** **വിലോക്യ വിഘ്നേശവിധിം തദീശ്വരോ**
**ദുരന്തവീര്യോഽവിതഥാഭിസന്ധിഃ**
**കൃത്വാ വപുഃ കാച്ഛപമദ്ഭുതം മഹത്**
**പ്രവിശ്യ തോയം ഗിരിമുജ്ജഹാര.**

| | | | |
|---|---|---|---|
| തദാ | അപ്പോൾ | അദ്ഭുതം | ആശ്ചര്യകരവും |
| ദുരന്തവീര്യഃ | അറ്റമില്ലാത്ത വീരതയോടു കൂടിയവനും | മഹത് | പെരുത്തതുമായ |
| | | കാച്ഛപം | ആമയുടെ |
| അവിതഥാഭിസന്ധിഃ | വ്യർത്ഥീഭവിക്കാത്ത മനഃസങ്കല്പത്തോടു കൂടിയവനും | വപുഃ | ശരീരം |
| | | കൃത്വാ | സ്വീകരിച്ച് |
| ഈശ്വരഃ | സർവ്വശക്തനുമായ ശ്രീമഹാവിഷ്ണു | തോയം | വെള്ളത്തിലേക്ക് |
| വിഘ്നേശവിധിം | വിഘ്നേശ്വരൻ വരുത്തിവച്ച ഈ വിനയെ | പ്രവിശ്യ | ഇറങ്ങിച്ചെന്ന് |
| | | ഗിരിം | പർവ്വതത്തെ |
| വിലോക്യ | കണ്ടിട്ട് | ഉജ്ജഹാര | മേലോട്ടുയർത്തി. |

9. **തമുത്ഥിതം വീക്ഷ്യ കുലാചലം പുനഃ**
**സമുത്ഥിതാ നിർമ്മഥിതും സുരാസുരാഃ**
**ദധാര പൃഷ്ഠേന സ ലക്ഷയോജന-**
**പ്രസ്താരിണം ദ്വീപ ഇവാപരോ മഹാൻ.**

| | | | |
|---|---|---|---|
| സുരാസുരാഃ | ദേവന്മാരും അസുരരും | സഃ | ആ കൂർമ്മമൂർത്തി |
| തം കുലാചലം | ആ മന്ദരപർവ്വതത്തെ | ലക്ഷയോജനപ്രസ്താരിണം | ലക്ഷം യോജനയോളം വിസ്താരത്തിലുള്ള |
| ഉത്ഥിതം | മേലോട്ടുയർന്നുവന്നതായി | പൃഷ്ഠേന | പുറംകൊണ്ട് |
| വീക്ഷ്യ | കണ്ട് | അപരഃ | വേറിട്ടൊരു |
| പുനഃ | പിന്നെയും | മഹാൻ | വിശാലമായ |
| നിർമ്മഥിതും | കടയുവാൻ | ദ്വീപഃ ഇവ | ദ്വീപുകണക്കെ |
| സമുത്ഥിതാഃ | എഴുന്നേറ്റൊരുങ്ങി. | ദധാര | അതിനെ താങ്ങിനിന്നു. |

10. **സുരാസുരേന്ദ്രൈർഭുജവീര്യവേപിതം**
**പരിഭ്രമന്തം ഗിരിമങ്ഗ പൃഷ്ഠതഃ**
**ബിഭ്രത് തദാവർത്തനമാദികച്ഛപോ**
**മേനേഽങ്ഗകണ്ഡൂയനമപ്രമേയഃ**

| | | | |
|---|---|---|---|
| അങ്ഗ | അല്ലയോ ശ്രീമൻ! | പൃഷ്ഠതഃ | മുതുകിൽ |
| സുരാസുരേന്ദ്രൈഃ | ദേവാസുരപ്രമുഖന്മാരാൽ | ബിഭ്രത് | താങ്ങിനില്ക്കുന്ന |
| | | അപ്രമേയഃ | അനന്തബലശാലിയായ |
| ഭുജവീര്യവേപിതം | അവരുടെ കൈയൂക്കുകൊണ്ട് ഉലഞ്ചലേപ്പിക്കപ്പെട്ടതും | ആദികച്ഛപഃ | ആദികൂർമ്മം |
| | | തദാവർത്തനം | അതിന്റെ വട്ടം ചുറ്റലിനെ |
| | | അങ്ഗകണ്ഡൂയനം | തന്റെ പുറത്തു് ആരോ ചൊറിയുന്നതായിട്ടുമാത്രം |
| പരിഭ്രമന്തം | വട്ടം കറങ്ങുന്നതുമായ | | |
| ഗിരിം | മന്ദരപർവ്വതത്തെ | മേനേ | കരുതി. |

**11.** **തഥാസുരാനാവിശദാസുരേണ**
**രൂപേണ തേഷാം ബലവീര്യമീരയൻ**
**ഉദ്ദീപയൻ ദേവഗണാംശ്ച വിഷ്ണുർ-**
**ദൈവേന നാഗേന്ദ്രമബോധരൂപഃ.**

| | | | |
|---|---|---|---|
| തഥാ | അതേവിധം | തേഷാം | അവരുടെയെല്ലാം |
| വിഷ്ണുഃ | എങ്ങും നിറഞ്ഞുനില്ക്കുന്ന ഭഗവാൻ | ബലവീര്യം | ശക്തിയും കരുത്തും |
| | | ഈരയൻ | ഉൽപാദിപ്പിച്ചുകൊണ്ടും |
| ആസുരേണ | അസുരന്മാരുടേതായ | ഉദ്ദീപയൻ | ഉദ്ദീപിപ്പിച്ചു കൊണ്ടും |
| രൂപേണ | രൂപത്തോടെ | ആവിശത് | ആവേശിച്ചു. |
| അസുരാൻ | അസുരന്മാരിലെക്കും | നാഗേന്ദ്രം | വാസുകിയിലേക്ക് |
| ദൈവേന | ദേവന്മാരുടേതായ (രൂപത്തോടെ) | അബോധ-രൂപഃ | അബോധാവസ്ഥയുടെ രൂപത്തോടുകൂടിയവനായും |
| ദേവഗണാൻ ച | ദേവസമൂഹങ്ങളിലെക്കും | (ആവിശത്) | ആവേശിച്ചു. |

**12.** **ഉപര്യഗേന്ദ്രം ഗിരിരാഡിവാന്യ**
**ആക്രമ്യ ഹസ്തേന സഹസ്രബാഹുഃ**
**തസ്ഥൗ ദിവി ബ്രഹ്മഭവേന്ദ്രമുഖ്യൈ-**
**രഭിഷ്ടുവദ്ഭിഃ സുമനോഭിവൃഷ്ടഃ.**

| | | | |
|---|---|---|---|
| സഹസ്രബാഹുഃ | ആയിരം കരങ്ങളുള്ള | അഭി-ഷ്ടുവദ്ഭിഃ | ചുററും നിന്നു സ്തുതിഗീതങ്ങൾ ഉതിക്കുന്ന |
| അന്യഃ | മറെറാരു | ബ്രഹ്മഭവേ-ന്ദ്രമുഖ്യൈഃ | ബ്രഹ്മരുദ്രേന്ദ്രാദി ദേവമുഖ്യന്മാരാൽ |
| ഗിരിരാട് ഇവ | ഗിരിരാജനൊ എന്നു തോന്നും വിധം | സുമനോ-ഭിവൃഷ്ടഃ | ദിവ്യപുഷ്പങ്ങൾകൊണ്ട് അഭിവർഷിക്കപ്പെട്ടവനായി |
| അഗേന്ദ്രം | ഗിരിരാജനായ മന്ദരത്തെ | | |
| ഉപരി | മുകൾഭാഗത്ത് | | |
| ഹസ്തേന | തൃക്കരത്താൽ | ദിവി | അന്തരീക്ഷത്തിൽ |
| ആക്രമ്യ | പിടിച്ചൊതുക്കി, | തസ്ഥൗ | സ്ഥിതിചെയ്തു. |

**13.** **ഉപര്യധശ്ചാത്മനി ഗോത്രനേത്രയോഃ**
**പരേണ തേ പ്രാവിശതാ സമേധിതാഃ**
**മമന്ഥുരബ്ധിം തരസാ മദോത്കടാ**
**മഹാദ്രിണാ ക്ഷോഭിതനക്രചക്രം**

| | | | |
|---|---|---|---|
| ആത്മനി | ആത്മാവിങ്കലും | സമേധിതാഃ | ശക്തിവളർത്തപ്പെട്ട |
| ഗോത്ര-നേത്രയോഃ | മന്ദരഗിരിയുടെയും രജ്ജുവായ വാസുകിയുടെയും | തേ | അവർ |
| ഉപരി | മുകളിലും | മദോത്കടാഃ | മദോന്മത്തരായിച്ചമഞ്ഞ് |
| അധഃ ച | താഴെയും | മഹാദ്രിണാ | ആ മഹാപർവ്വതത്താൽ |
| പ്രാവിശതാ | പ്രകർഷേണ ആവേശിച്ചിരിക്കുന്ന | ക്ഷോഭിത-നക്രചക്രം | ഇളക്കിമറിക്കപ്പെട്ട നക്രാദിജലജന്തുനിവഹത്തോടുകൂടിയ |
| പരേണ | പരമപുരുഷനാൽ | അബ്ധിം | സമുദ്രത്തെ |
| | | തരസാ | ഊക്കോടെ |
| | | മമന്ഥുഃ | കടഞ്ഞുതുടങ്ങി. |

ദേവാസുരന്മാരുടെ ഇടയിൽ ആത്മശക്തിയുടെ രൂപത്തിലും, മന്ദരപർവ്വതത്തിന്റെ മുകളിൽ അതിനു് അമരം കൊടുക്കുന്ന സഹസ്രബാഹുവിന്റെ രൂപത്തിലും, അടിയിൽ താങ്ങിനില്ക്കുന്ന ആദികൂർമ്മത്തിന്റെ രൂപത്തിലും, വാസുകിയിൽ മഥനവേദനയറിയാത്തവിധം നിദ്രാലസ്യത്തിന്റെ രൂപത്തിലും പ്രവർത്തിച്ചിരുന്ന ഭഗവാൻതന്നെയാണു് വാസ്തവത്തിൽ മഥനം നിർവഹിച്ചിരുന്നതു്. ദേവാസുരന്മാർ കേവലം നിമിത്തങ്ങൾ മാത്രമായിരുന്നു.

14. അഹീന്ദ്രസാഹസ്രകഠോരദൃങ്മുഖ-
ശ്വാസാഗ്നിധൂമാഹതവർച്ചസോഽസുരാഃ
പൗലോമകാലേയബലീല്വലാദയോ
ദവാഗ്നിദഗ്ധാ സരളാ ഇവാഭവൻ.

| | | | |
|---|---|---|---|
| അഹീന്ദ്ര— | വാസുകിയുടെ | പൗലോമ— | പൗലോമൻ. |
| സാഹസ്ര— | അസംഖ്യം | കാലേയ— | കാലകേയൻ, |
| കഠോരദൃങ്- | ഉഗ്രനേത്രങ്ങളിൽനിന്നും | ബലീല്വലാ-ദയഃ | മഹാബലി, ഇല്വലൻ മുതലായ |
| മുഖശ്വാസാ- | മുഖശ്വാസങ്ങളിൽനിന്നും ഉണ്ടായ | അസുരാഃ | അസുരന്മാർ |
| അഗ്നിധൂമാഹത- | തീയാലും പുകയാലും കെടുക്കപ്പെട്ട | ദവാഗ്നി-ദഗ്ധാഃ | കാട്ടുതീകൊണ്ടു വെന്തുകരിഞ്ഞ |
| വർച്ചസഃ | ഊർജ്ജസ്സോടുകൂടിയവരായിഭവിച്ച | സരളാഃ | സാലവൃക്ഷങ്ങൾ |
| | | ഇവ | പോലെ |
| | | ആസൻ | ആയിത്തീർന്നു. |

15. ദേവാംശ്ച തച്ഛ്വാസശിഖാഹത പ്രഭാൻ
ധൂമ്രാംബരസ്രഗ്വരകഞ്ചുകാനനാൻ
സമഭ്യവർഷൻ ഭഗവദ്വശാ ഘനാ
വവുഃ സമുദ്രോർമ്മ്യുപഗൂഢവായവഃ

തച്ഛ്വാസ- ശിഖാഹത- പ്രഭാൻ — ആ വാസുകിയുടെ നിശ്വാസ ജ്വാലയാൽ മങ്ങലേല്പിക്കപ്പെട്ട കാന്തിയോട്ടു കൂടിയവരും

ധൂമ്രാംബര- സ്രഗ്വര- കഞ്ചുകാ- നനാൻ — ധൂമമിലമായിത്തീൎന്ന വസ്ത്രങ്ങളും, രത്നമാലകളും, കവചങ്ങളും, മുഖങ്ങളും എന്നിവയോട്ടു കൂടിയവരുമായ

ദേവാൻ ച — ദേവന്മാരെയാകട്ടെ

ഭഗവദ്വശാഃ — ഭഗവാന്റെ വശവൎത്തികളായ

ഘനാഃ — മേഘങ്ങൾ

സമഭ്യവൎഷൻ — നന്നായി വൎഷിച്ചു് ആശ്വസിപ്പിച്ചു.

സമുദ്രോർ- മ്യുപഗൂഢ- വായവഃ — കടൽത്തിരകളെ തഴുകിയ സുഖശീതളവായു

വവുഃ — വീശി.

**16.** **മഥ്യമാനാത് തഥാ സിന്ധോർ ദേവാസുരവരൂഥപൈഃ**
**യദാ സുധാ ന ജായേത നിർമ്മമന്ഥാജിതഃ സ്വയം.**

ദേവാസുര- വരൂഥപൈഃ — ദേവന്മാരുടെയും അസുരന്മാരുടെയും സംഘാദ്ധ്യക്ഷന്മാരാൽ

തഥാ — അപ്രകാരം

മഥ്യമാനാത് — മഥിക്കപ്പെട്ടുകൊണ്ടിരുന്ന

സിന്ധോഃ — സമുദ്രത്തിൽനിന്നു്

സുധാ — അമൃത്

യദാ ന ജായേത — ഉണ്ടാകാതെവന്ന സന്ദർഭത്തിൽ

അജിതഃ — വിഷ്ണുഭഗവാൻ

സ്വയം — തന്നെത്താൻ

നിർമ്മമന്ഥ — കടഞ്ഞുതുടങ്ങി.

**17.** **മേഘശ്യാമഃ കനകപരിധിഃ കർണ്ണവിദ്യോതവിദ്യു-**
**ന്മൂർധ്നി ഭ്രാജദ്വിലുളിതകചഃ സ്രഗ്ധരോ രക്തനേത്രഃ**
**ജൈത്രൈർദോർഭിർജഗദഭയദൈർദന്ദശൂകം ഗൃഹീത്വാ**
**മഥ്നൻ മഥ്നാ പ്രതിഗിരിരിവാശോഭതാഥോ ധൃതാദ്രിഃ**

മേഘശ്യാമഃ — മേഘംപോലെ ശ്യാമള നിറം പൂണ്ടവനും

കനകപരിധിഃ — പൊൻനിറത്തിലുള്ള പീതാംബരം ചുററിയുടുത്തവനും

കർണ്ണവിദ്യോ- തവിദ്യുത് — കാതുകളിൽ തിളങ്ങുന്ന മിന്നലൊളികുണ്ഡലങ്ങളോട്ടുകൂടിയവനും

മൂർധ്നി — ശിരസ്സിൽ

ഭ്രാജദ്- വിലുളിത- കചഃ — പ്രശോഭിക്കുന്ന ചിന്നിച്ചിതറിയ കേശകലാപത്തോടു കൂടിയവനും

സ്രഗ്ധരഃ — വനമാല ചാൎത്തിയവനും

രക്തനേത്രഃ — ചെന്നിറമാൎന്ന കണ്ണിണയോട്ടുകൂടിയവനുമായ ഭഗവാൻ

ജൈത്രൈഃ — വിജയംകൊള്ളുന്നവയും

ജഗദ- ഭയദൈഃ — ലോകങ്ങൾക്കു് അഭയദാനം ചെയ്യുന്നവയുമായ

ദോർഭിഃ — തൃക്കരങ്ങളാൽ

ദന്ദശൂകം — സൎപ്പത്തെ (വാസുകിയെ)

ഗൃഹീത്വാ — പിടിച്ചു്

മഥ്നാ — മന്ദരമാവുന്ന മത്തുകൊണ്ടു്

മഥ്നൻ — കടഞ്ഞുകൊണ്ടും

അഥോ — അതിനുപുറമെ

ധൃതാദ്രിഃ — കൂൎമ്മാവതാരത്താൽ പൎവ്വതത്തെ താങ്ങിക്കൊണ്ടും

പ്രതിഗിരിഃ ഇവ — മറെറാരുപൎവ്വതമോ എന്നു തോന്നും വിധം

അശോഭത — ശോഭിച്ചു.

18. നിർമ്മഥ്യമാനാദുദധേരഭൂദ്വിഷം
മഹോല്ബണം ഹാലഹലാഹ്വമഗ്രതഃ
സംഭ്രാന്തമീനോന്മകരാഹികച്ഛപാത്
തിമിദ്വിപഗ്രാഹതിമിംഗലാകുലാത്.

| | | | |
|---|---|---|---|
| നിർമ്മഥ്യമാനാത് | തീവ്രമായി മഥിക്കപ്പെട്ടുന്നതും | തിമിദ്വിപഗ്രാഹതിമിംഗലാകുലാത് | തിമിമത്സ്യങ്ങൾ, കടലാനകൾ, മുതലകൾ, തിമിംഗലങ്ങൾ എന്നിവയോടുകൂടി വിക്ഷുബ്ധമായുള്ളതുമായ |
| സംഭ്രാന്തമീനോന്മകരാഹികച്ഛപാത് | വട്ടം ചുഴന്ന മത്സ്യങ്ങളോടും കരയിലേയ്ക്കടിഞ്ഞു കയറിയ മീനുകളും, നീർപ്പാമ്പുകൾ, ആമകൾ എന്നിവയോടും | ഉദധേഃ | സമുദ്രത്തിൽനിന്ന് |
| | | അഗ്രതഃ | ആദ്യമായിട്ട് |
| | | ഹാലഹലാഹ്വം | ഹാലഹലം എന്ന പേരുള്ള |
| അത്യുല്ബണം | അത്യുഗ്രമായ | അഭൂത് | ആവിർഭവിച്ചു. |
| വിഷം | വിഷം | | |

19. തദുഗ്രവേഗം ദിശി ദിശ്യുപര്യധോ
വിസർപ്പദുത്സർപ്പദസഹ്യമപ്രതി
ഭീതാഃ പ്രജാ ദുദ്രുവുരംഗ സേശ്വരാ
അരക്ഷ്യമാണാഃ ശരണം സദാശിവം.

| | | | |
|---|---|---|---|
| അംഗ | ഹേ രാജൻ | തത് | ആ വിഷത്തെ |
| ഉഗ്രവേഗം | തീവ്രവേഗത്തോടുകൂടി | (വിലോക്യ) | കണ്ട് |
| ദിശിദിശി | എല്ലാദിക്കിലും | ഭീതാഃ | അമ്പരന്നുപോയ |
| ഉപരി | മേല്പോട്ടും | പ്രജാഃ | പ്രജകൾ |
| അധഃ | കീഴ്പോട്ടും | അരക്ഷ്യമാണാഃ | എങ്ങുനിന്നും രക്ഷയില്ലാതെ |
| വിസർപ്പത് | പരന്നുകൊണ്ട് | സേശ്വരാഃ | പ്രജാപതിമാരോടുകൂടി |
| ഉത്സർപ്പത് | ഉയർന്നുപൊങ്ങിയ | സദാശിവം | സദാശിവനെ |
| അസഹ്യം | പൊറുക്കാനാവാത്ത | ശരണം | ശരണമാക്കി |
| അപ്രതി | പ്രതിവിധിയില്ലാത്ത | ദുദ്രുവുഃ | പാഞ്ഞണഞ്ഞു. |

20. വിലോക്യ തം ദേവവരം ത്രിലോക്യാ
ഭവായ ദേവ്യാഭിമതം മുനീനാം
ആസീനമദ്രാവപവർഗ്ഗഹേതോ-
സ്തപോ ജുഷാണം സ്തുതിഭിഃ പ്രണേമുഃ.

| | | | |
|---|---|---|---|
| ത്രിലോക്യാഃ | മൂന്നു ലോകത്തിൻെറയും | അപവർഗ്ഗ— ഹേതോഃ | അവരുടെ മുക്തിയെ നിമിത്തീകരിച്ച് |
| ഭവായ | അഭ്യുദയത്തിനുവേണ്ടി | | |
| അദ്രൗ | കൈലാസഗിരിയിൽ | തപഃ | തപസ്സിനെ |
| ദേവ്യാ | ദാക്ഷായണീദേവിയോടു ചേർന്ന് | ജുഷാണം | അനുഷ്ഠിക്കുന്നവനുമായ |
| | | തം ദേവവരം | ആ മഹാദേവനെ |
| ആസീനം | ഇരുന്നരുളുന്നവനും | വിലോക്യ | സന്ദർശിച്ച് |
| മുനീനാം | മുനിമാർക്കെല്ലാം | സ്തുതിഭിഃ | സ്തുതികളോടുകൂടി |
| അഭിമതം | സുസമ്മതനും | പ്രണേമുഃ | ദണ്ഡനമസ്കാരം ചെയ്തു. |

പ്രജാപതയ ഊചുഃ = പ്രജാപതികൾ സ്തുതിച്ചു.

**21.** **ദേവദേവ മഹാദേവ ഭൂതാത്മൻ ഭൂതഭാവന**
**ത്രാഹി നഃ ശരണാപന്നാംസ്ത്രൈലോക്യദഹനാദ്വിഷാത്.**

| | | | |
|---|---|---|---|
| ദേവദേവ | ദേവന്മാർക്കും ആരാധ്യ ദേവനായ | ഭൂതഭാവന | സകല ചരാചരങ്ങളുടെയും സ്രഷ്ടാവേ! |
| | | ശരണാ— പന്നാൻ നഃ | ശരണാഗതന്മാരായ ഞങ്ങളെ |
| മഹാദേവ | ഹേ ശ്രീമഹാദേവ! | | |
| ഭൂതാത്മൻ | സകലചരാചരങ്ങളുടെയും ആത്മാവായ മഹേശ്വര! | ത്രൈലോക്യ- ദഹനാത് | മൂന്നു ലോകത്തെയും ദഹിപ്പിക്കുന്ന |
| | | വിഷാത് | വിഷത്തിൽനിന്ന് |
| | | ത്രാഹി | രക്ഷിക്കേണമേ! |

സദാശിവൻ നിർഗ്ഗുണസ്വരൂപനും സഗുണസ്വരൂപനുമാകയാൽ ഇവിടെ മരീചാദിപ്രജാപതിമുഖ്യന്മാർ വൈഷ്ണവസങ്കല്പത്തോടെയാണ് ശിവസ്തുതി ചെയ്യുന്നത്. അവർ ശൈവവൈഷ്ണവ വിഭേദം കരുതാത്തവരായിരുന്നു.

**22.** **ത്വമേകഃ സർവ്വജഗത ഈശ്വരോ ബന്ധമോക്ഷയോഃ**
**തം ത്വാമർച്ചന്തി കുശലാഃ പ്രപന്നാർത്തിഹരം ഗുരും.**

| | | | |
|---|---|---|---|
| സർവ്വജഗതഃ | എല്ലാജഗത്തിൻെറയും | പ്രപന്നാ- ർത്തിഹരം | ശരണാഗതന്മാരുടെ സന്താപത്തെ സംഹരിക്കുന്നവനും |
| ബന്ധ— മോക്ഷയോഃ | കർമ്മബന്ധത്തിനും കർമ്മനിർമ്മുക്തിക്കും | | |
| | | ഗുരും | ജഗദ്ഗുരുവുമായ |
| ഈശ്വരഃ | നിയന്താവായവൻ | തം ത്വാം | ആ തിരുവടിയെ |
| ത്വം | അങ്ങുന്ന് | കുശലാഃ | വിവേകമുള്ളവർ |
| ഏകഃ | ഒരാൾമാത്രമാണ്. | അർച്ചന്തി | ആരാധിക്കുന്നു. |

ഏതാദൃശനായ സർവ്വേശ്വരൻ മഹാവിഷ്ണുവാണെന്നല്ലേ പ്രസിദ്ധി?—ഈ ആശങ്കയെ പരിഹരിച്ചുകൊണ്ടു സ്തുതിക്കുന്നു.

**23.** **ഗുണമയ്യാ സ്വശക്ത്യാസ്യ സർഗ്ഗസ്ഥിത്യപ്യയാൻ വിഭോ**
**ധത്സേ യദാ സ്വദൃഗ് ഭൂമൻ ബ്രഹ്മവിഷ്ണുശിവാഭിധാം.**

| | | | |
|---|---|---|---|
| വിഭോ | ഹേ വിഭോ ! | ഗുണമയ്യാ | ത്രിഗുണമയിയായ |
| ഭൂമൻ | അപരിച്ഛിന്നമൂർത്തേ ! | സ്വശക്ത്യാ | തന്റെ ശക്തിയിലൂടെ |
| സ്വദൃക് | സ്വതവേ ജ്ഞാനപ്രകാശമായ അങ്ങുന്ന് | ധത്സേ | സംപുഷ്ടമാക്കുന്നുവോ, |
| | | (തദാ) | ആ കാലങ്ങളിൽ |
| അസ്യ | ഈ ലോകത്തിന്റെ | ബ്രഹ്മവിഷ്ണു-ശിവാഭിധാം | ബ്രഹ്മാവെന്നും, വിഷ്ണുവെന്നും, ശിവനെന്നുമുള്ള വ്യത്യസ്ത നാമത്തെ |
| സർഗ്ഗസ്ഥിത്യ-പ്യയാൻ | സൃഷ്ടിസ്ഥിതിസംഹാരങ്ങളെ | (ധത്സേ) | ധരിക്കുന്നു |
| യദാ | ഏതുകാലങ്ങളിൽ | | |

സ്വതഃസിദ്ധജ്ഞാനപ്രകാശമായ നിന്തിരുവടി ആത്മമായാശക്തിയിലൂടെ പ്രപഞ്ചത്തിന്റെ സൃഷ്ടിസ്ഥിതിലയങ്ങൾക്കു കർത്തൃത്വം വഹിക്കുമ്പോൾ സ്വീകരിക്കുന്ന നാമരൂപാന്തരങ്ങളാണ് ബ്രഹ്മ വിഷ്ണു ശിവാഖ്യന്മാരെന്നു സാരം.

**24.** **ത്വം ബ്രഹ്മ പരമം ഗുഹ്യം സദസദ്ഭാവഭാവനഃ**
**നാനാശക്തിഭിരാഭാതസ്ത്വമാത്മാ ജഗദീശ്വരഃ**

| | | | |
|---|---|---|---|
| സദസദ്-ഭാവഭാവനഃ | സത്തും അസത്തുമായ ഭാവങ്ങളെ ഭേവിപ്പിക്കുന്ന* | ത്വം | നിന്തിരുവടി |
| ത്വം | നിന്തിരുവടി | നാനാ-ശക്തിഭിഃ | അനേകവിധം ശക്തികളിലൂടെ |
| പരമം | അത്യന്തം | ജഗത് | ജഗത് സ്വരൂപമായും |
| ഗുഹ്യം | രഹസ്യ വസ്തുവായ | ആഭാതഃ | പ്രകാശിച്ചവനാണ്. |
| ബ്രഹ്മ | ബ്രഹ്മതത്ത്വമാകുന്നു. | ഈശ്വരഃ | (ആകയാൽ [illegible] |
| ആത്മാ | ആത്മാവായ | | ഈശ്വരൻ[illegible] |

* ഉച്ചനീചഭേദേന ദേവമാനുഷതിര്യഗാദി നാനാജീവരാശിക[illegible]ശക്തിയുക്തനായി സൃഷ്ടിക്കുകയും സൃജ്യപ്രപഞ്ചമായി പ്രതിഭാസിക്കുകയും ചെയ്യുന്ന[illegible]നിന്തിരുവടി തന്നെ 'ഈശ്വരൻ'.

**25.** **ത്വം ശബ്ദയോനിർജഗദാദിരാത്മാ**
**പ്രാണേന്ദ്രിയദ്രവ്യഗുണസ്വഭാവഃ**
**കാലഃ ക്രതുഃ സത്യമൃതം ച ധർമ്മ**
**സ്ത്വയ്യക്ഷരം യത് ത്രിവൃദാമനന്തി**

| | | | |
|---|---|---|---|
| ശബ്ദയോനിഃ | ശബ്ദപ്രധാനമായ വേദത്തിനു കാരണഭൂതനും (ജ്ഞാനത്തിന്റെ മൂലസ്രോതസ്സും), | ജഗദാദിഃ | ജഗത്തിന്റെ ആദികാരണമായ മഹത്തത്ത്വവും, |
| | | ആത്മാ | സത്ത്വരജസ്തമോഭേദേന മൂന്നായി പിരിഞ്ഞ അഹംതത്ത്വവും, |

| | | | |
|---|---|---|---|
| ഘ്രാണേന്ദ്രിയ-ദ്രവ്യഗുണ-സ്വഭാവഃ | ഘ്രാണൻ്റേയം—ഇന്ദ്രിയങ്ങൾ-പഞ്ചഭൂതങ്ങൾ—ശബ്ദാദിവിഷയങ്ങൾ—സ്വഭാവം എന്നിവയും | ധർമ്മഃ | ധർമ്മവും * |
| | | ത്വം | നിന്തിരുവടിയാണ്. |
| | | യത് | എന്തെന്നാൽ |
| | | ത്രിവൃത് | ത്രിഗുണാത്മകമായ |
| കാലഃ | ജീവലോകത്തിൻ്റെ വൃദ്ധിക്ഷയങ്ങൾക്ക ഹേതുവായ കാലശക്തിയും | അക്ഷരം | പ്രധാനം (പ്രകൃതി) |
| | | ത്വയി | നിന്തിരുവടിയിൽ അധിഷ്ഠിതമായതാണെന്ന് |
| ക്രതുഃ | യജ്ഞസങ്കല്പവും, | | |
| സത്യം | സത്യമായും | ആമനന്തി | വേദവാദികൾ ഉദ്ഘോഷിക്കുന്നു. |
| ഋതം ച | ഋതമായുമുള്ള | | |

* സത്യം വ്യാവഹാരികമായ യാഥാർത്ഥ്യവും ഋതം പാരമാർത്ഥികമായ യാഥാർത്ഥ്യവും ആകുന്നു.

+ 'ത്രിവൃത്', അക്ഷരം' അ, ഉ, മ് എന്നീ മൂന്നക്ഷരങ്ങളുടെ സമ്മിശ്രമായ ഓങ്കാരം നിന്തിരുവടിയിൽ പ്രകാശകനായി നിലകൊള്ളുന്നതായി ഉദ്ഘോഷിക്കുന്നു എന്നിങ്ങനെയും വ്യാഖ്യാനിക്കപ്പെടാം.

26. അഗ്നിർമുഖം തേഽഖിലദേവതാത്മാ
ക്ഷിതിം വിദുർല്ലോകഭവാങ്ഘ്രിപങ്കജം
കാലം ഗതിം തേഽഖിലദേവതാത്മനോ
ദിശശ്ച കർണ്ണൗ രസനം ജലേശം.

| | | | |
|---|---|---|---|
| ലോകഭവ | ഹേ ലോകോൽഭവ കാരിൻ! | തേ | അവിടുത്തെ |
| | | അംഘ്രിപങ്കജം | പാദകമലമായും, |
| അഖില-ദേവതാത്മാ | സമസ്തദേവന്മാരുടെയും സ്വരൂപമായ | കാലം | കാലത്തെ |
| | | ഗതിം | ഗമനമായും, |
| അഗ്നിഃ | അഗ്നി | ദിശഃ | ദിക്കുകളെ |
| അഖില-ദേവതാത്മനഃ | സമസ്തദേവന്മാരുടെയും സ്വരൂപമായ | കർണ്ണൗ | കർണ്ണങ്ങളായും, |
| തേ | നിന്തിരുവടിയുടെ | ജലേശം | വരുണനെ |
| മുഖം | മുഖമാകുന്നു. | രസനം | രസനേന്ദ്രിയമായും |
| ക്ഷിതിം | ഭൂമിയെ | വിദുഃ | അറിയുന്നു. |

27. നാഭിർനഭസ്തേ ശ്വസനം നഭസ്വാൻ
സൂര്യശ്ച ചക്ഷൂംഷി ജലം സ്മ രേതഃ
പരാവരാത്മാശ്രയണം തവാത്മാ
സോമോ മനോ ദ്യൗർഭഗവംച്ഛിരസ്തേ.

| | | | |
|---|---|---|---|
| ഭഗവൻ | ഭഗവാനേ! | പരാവരാ-ത്മാശ്രയണം | ഉൽകൃഷ്ടനികൃഷ്ടഭേദേനയുള്ള ജീവരാശികൾക്ക് ആശ്രയമായതു് |
| നഭഃ | ആകാശം | | |
| തേ | നിന്തിരുവടിയുടെ | | |
| നാഭിഃ | നാഭിയും, | തവ | അങ്ങയുടെ |
| നഭസ്വാൻ | വായു | ആത്മാ | അഹങ്കാരവും, |
| ശ്വസനം | ശ്വാസവും, | സോമഃ | ചന്ദ്രൻ |
| സൂര്യഃ | സൂര്യൻ | മനഃ | മനസ്സും, |
| ചക്ഷൂംഷി | നേത്രങ്ങളും, | ദ്യൗഃ | സ്വർല്ലോകം |
| ജലം സ്മ | ജലമാകട്ടെ | തേ | അങ്ങയുടെ |
| രേതഃ | രേതസ്സും, | ശിരഃ ച | ശിരസ്സുമാണ്. |

28. **കുക്ഷിസ്സമുദ്രാ ഗിരയോഽസ്ഥിസംഘാ**
**രോമാണി സർവ്വൗഷധിവീരുധസ്തേ**
**ഛന്ദാംസി സാക്ഷാത് തവ സപ്തധാതവ-**
**സ്ത്രയീമയാത്മൻ ഹൃദയം സർവ്വധർമ്മഃ**

| | | | |
|---|---|---|---|
| ത്രയീമയാ-ത്മൻ | വേദത്രയസ്വരൂപനായ ഹേ ഭഗവൻ ! | സർവ്വൗഷധി-വീരുധഃ | സമസ്തസസ്യലതാദികൾ |
| സമുദ്രാഃ | സമുദ്രങ്ങൾ | രോമാണി | രോമങ്ങളും |
| തേ | നിന്തിരുവടിയുടെ | സാക്ഷാത് | സാക്ഷാത്തായ |
| കുക്ഷിഃ | ഉദരവും, | ഛന്ദാംസി | ഗായത്ര്യാദിഛന്ദസ്സുകൾ |
| | | തവ | നിന്തിരുവടിയുടെ |
| ഗിരിയഃ | പർവ്വതങ്ങൾ | സപ്തധാതവഃ | സപ്തധാതുക്കളും, |
| അസ്ഥി-സംഘാഃ | അസ്ഥികളും, | സർവ്വധർമ്മഃ | വേദോക്തകർമ്മമെല്ലാം |
| | | ഹൃദയം | ഹൃദയവുമാകുന്നു |

29. **മുഖാനി പഞ്ചോപനിഷദസ്തവേശ**
**യൈസ്ത്രിംശദഷ്ടോത്തരമന്ത്രവർഗ്ഗഃ**
**യത്തച്ഛിവാഖ്യം പരമാത്മതത്ത്വം**
**ദേവ സ്വയംജ്യോതിരവസ്ഥിതസ്തേ.**

| | | | |
|---|---|---|---|
| ഈശ | സ്വാമിൻ! | ത്രിംശദഷ്ടോ-ത്തരമന്ത്ര-വർഗ്ഗഃ | (പദച്ഛേദത്താൽ) മുപ്പത്തെട്ടുകലകൾ ഉൾക്കൊള്ളുന്ന മന്ത്രസംഹിത സംജാതമായി. |
| പഞ്ച | അഞ്ചു് | | |
| ഉപനിഷദഃ | ഉപനിഷന്മന്ത്രങ്ങൾ | | |
| തവ | നിന്തിരുവടിയുടെ | ദേവ | ഹേ പ്രഭോ ! |
| മുഖാനി | അഞ്ചുമുഖങ്ങളത്രേ * | യത് | യാതൊന്നു് |
| യൈഃ | യാതൊരു മുഖങ്ങളെക്കൊണ്ടുള്ള | ശിവാഖ്യം | 'ശിവം' എന്ന പ്രത്യേക സംജ്ഞയാൽ അറിയപ്പെടുന്നുവോ; |

| | | | |
|---|---|---|---|
| തത്പരമാ- ത്മതത്വം | ആ വാസ്തവികമായ പരബ്രഹ്മതത്വം | തേ | നിന്തിരുവടിയുടെ |
| സ്വയംജ്യോതിഃ | സ്വയം പ്രകാശവും, | അവസ്ഥിതിഃ | പ്രപഞ്ചോപരതിയുമാകുന്നു. |

* തത്പുരുഷം, അഘോരം, സദ്യോജാതം, വാമദേവം, ഈശാനം എന്നീ മന്ത്രോപനിഷത്തുകളാണ് സദാശിവമൂർത്തിയുടെ അഞ്ചുമുഖങ്ങൾ.

**30.** **ഛായാ ത്വധർമ്മോർമ്മിഷു യൈർവിസർഗ്ഗോ**
**നേത്രത്രയം സത്വരജസ്തമാംസി**
**സാംഖ്യാത്മനഃ ശാസ്ത്രകൃതസ്തവേക്ഷാ**
**ഛന്ദോമയോ ദേവ ഋഷിഃ പുരാണഃ**

| | | | |
|---|---|---|---|
| ദേവ | പ്രഭോ! | സത്വരജ- സ്തമാംസി | സത്വരജസ്തമോ ഗുണങ്ങളാകട്ടെ |
| അധർമ്മോ- ർമ്മിഷു | അധർമ്മത്തിന്റെ അലകളായ ലോഭമോഹാദികളിൽ | നേത്രത്രയം | മൂന്നുനേത്രങ്ങളാകുന്നു. |
| | | സാംഖ്യാ- ത്മനഃ | ജ്ഞാനസ്വരൂപനും |
| തവ | അങ്ങയുടെ | ശാസ്ത്രകൃതഃ | ശാസ്ത്രങ്ങളുടെ ആവിഷ്കർത്താവുമായ |
| ഛായാ തു | നിഴൽ (മായ) പതിഞ്ഞു നിൽക്കുന്നു. | തവ | നിന്തിരുവടിയുടെ |
| യൈഃ | യാതൊന്നുകളാൽ | ഈക്ഷാ | വിചിന്തനം |
| വിസർഗ്ഗഃ | സൃഷ്ടിവൈവിധ്യം സംഭവിക്കുന്നുവോ, | ഛന്ദോമയഃ | ഛന്ദോരൂപത്തിലുള്ളതും |
| | | പുരാണഃ | ആദിമവുമായ |
| (താനി) | അങ്ങനെയുള്ള | ഋഷിഃ | വേദവുമാകുന്നു. |

**31** **ന തേ ഗിരിത്രാഖിലലോകപാല-**
**വിരിഞ്ചവൈകുണ്ഠ സുരേന്ദ്രഗമ്യം**
**ജ്യോതിഃ പരം യത്ര രജസ്തമശ്ച**
**സത്വം ന യദ് ബ്രഹ്മ നിരസ്തഭേദം.**

| | | | |
|---|---|---|---|
| ഗിരിത്ര | ഹേ കൈലാസനാഥ! | യത്ര | യാതൊന്നിൽ ( ആ ജ്യോതീസ്വരൂപത്തിൽ ) |
| തേ | നിന്തിരുവടിയുടെ | | |
| പരം | ലോകാതീതമായ | രജഃ | രജോഗുണവും |
| ജ്യോതിഃ | ജ്യോതിർമ്മയരൂപം | തമഃ | തമോഗുണവും |
| അഖില- | എല്ലാ | സത്വം ച | സാത്വികഗുണവും |
| ലോകപാല- | ലോകപാലന്മാർക്കും | | |
| വിരിഞ്ച- | ബ്രഹ്മാവിനും | ന | ഇല്ല; |
| വൈകുണ്ഠ- | വിഷ്ണുവിനും | യത് | യാതൊന്ന് |
| സുരേന്ദ്ര- | ദേവേന്ദ്രനും | നിരസ്തഭേദം | ഭേദോപാധിരഹിതമായ |
| ഗമ്യം ന | അറിയാവുന്നതല്ല. | ബ്രഹ്മ | വിശുദ്ധബ്രഹ്മമാകുന്നു. |

32 കാമാധ്വരത്രിപുരകാലഗരാദ്യനേക-
ഭൂതദ്രുഹഃ ക്ഷപയതഃ സ്തുതയേ ന തത്തേ
യസ്ത്വന്തകാല ഇദമാത്മകൃതം സ്വനേത്ര-
വഹ്നിസ്ഫുലിംഗശിഖയാ ഭസിതം ന വേദ

| | | | |
|---|---|---|---|
| കാമാധ്വര_ ത്രിപുര | കാമദേവൻ, ദക്ഷയാഗം, ത്രിപുരാസുരന്മാർ, | അന്തകാലേ | കല്പാന്തകാലത്തിൽ |
| കാലഗരാ— ദ്യനേക— ഭൂതദ്രുഹഃ | കാളകൂടവിഷം* എന്നുതുടങ്ങിയ ഒട്ടേറെ പ്രാണിദ്രോഹികളെ | യഃ തു | യാതൊരാളാകട്ടെ |
| | | ആത്മകൃതം | തന്നാൽ നിർമ്മിതമായ |
| | | ഇദം | ഈ വിശ്വത്തെ |
| ക്ഷപയതഃ | നശിപ്പിച്ചതായ | സ്വനേത്രവ_ ഹ്നിസ്ഫുലിം_ ഗശി— ഖയാ | തന്റെ നേത്രത്തിൽ നിന്നു തീരുന്ന തീപ്പൊരികളുടെ ജ്വാലാമാലയാൽ |
| തേ | നിന്തിരുവടിക്ക് | | |
| തത് | അതൊന്നും | | |
| സ്തുതയേ | പ്രശംസയ്ക്ക് | | |
| ന | ഉള്ളതല്ല— | ഭസിതം | ഭസ്മീകൃതമായത് |
| (യതഃ) | എന്തെന്നാൽ | ന വേദ | അറിയാതെ ഇരിക്കുന്നു. |

* കാളകൂടവിഷപാനം അടുത്തുതന്നെ നടക്കുമെന്ന് മരീച്യാദികൾക്കറിവുള്ളതിനാൽ ശിവപരാക്രമസ്തുതിയിൽ അതിനെയും ഉൾപ്പെടുത്തിയതാണെന്നു കരുതണം.

33 യേ ത്വാത്മരാമഗുരുഭിർഹൃദി ചിന്തിതാങ്ഘ്രി-
ദ്വന്ദ്വം ചരന്തമുമയാ തപസാഭിതപ്തം
കത്ഥന്ത ഉഗ്രപരുഷം നിരതം ശ്മശാനേ
തേ നൂനമൂതിമവിദംസ്തവ ഹാതലജ്ജാഃ

| | | | |
|---|---|---|---|
| ആത്മരാമ- ഗുരുഭിഃ | ആത്മാനന്ദമനുഭവിക്കുന്ന പരമാചാര്യന്മാരാൽ | ശ്മശാനേ | ചുടലയിൽ |
| | | (ചരന്തം) | സഞ്ചരിക്കുന്ന |
| ഹൃദി | ഹൃദയാന്തരത്തിൽ | ഉഗ്രപരുഷം | ക്രൂരനെന്നും ഹിംസാലുവെന്നും |
| ചിന്തിതാ_ ങ്ഘ്രിദ്വ_ ന്ദ്വം | ധ്യാനിക്കപ്പെട്ട തൃപ്പാദയുഗത്തോടുകൂടിയവനും | യേ കത്ഥന്തേ | യാതൊരുവർ ജല്പിക്കുന്നുവോ, |
| തപസാ | തപോനുഷ്ഠാനത്താൽ | തേ ഹാത_ ലജ്ജാഃ | അത്തരം നിർല്ലജ്ജന്മാർ |
| അഭിതപ്തം | ഉജ്ജ്വലിക്കുന്നവനുമായ | | |
| ത്വാ | അങ്ങയെ | തവ | അങ്ങയുടെ |
| ഉമയാ | ഉമയോടുകൂടെ | ഊതിം | ലീലാചരിതത്തെ |
| ചരന്തം | നടക്കുന്ന | നൂനം | തികച്ചും |
| നിരതം | വിഷയാസക്തനെന്നും | അവിദൻ | അറിഞ്ഞിട്ടുണ്ടോ ? |

ആത്മാരാമന്മാരും ലോകഹിതോപദേഷ്ടാക്കളുമായ ജീവന്മുക്തന്മാരാൽ പാദസേവചെയ്യപ്പെടുന്നവന് വിഷയാസക്തിയുണ്ടാകുമോ? തപശ്ചര്യയാൽ പരിശാന്തനായവന് ഉഗ്രതയും പരുഷതയും സംഭാവ്യമാണോ?—ഇതൊന്നും പര്യാലോചിക്കാതെ അങ്ങയെ തരം താഴ്ത്തിപ്പറയുന്ന നിന്ദകന്മാർ സ്വന്തം ബുദ്ധിശൂന്യതയെപ്പറ്റി ലജ്ജയില്ലാത്തവരാണെന്നു സാരം.

...നിന്ദകന്മാരുടെ കഥയിരിക്കട്ടെ. വലിയവൻ പോലും അങ്ങയുടെ യാഥാർത്ഥ്യം അറിയാത്തവരാണെന്ന് ഇനി തുടർന്നുപറയുന്നു

34. തത്തസ്യ തേ സദസതോഃ പരതഃ പരസ്യ
നാഞ്ജഃ സ്വരൂപഗമനേ പ്രഭവന്തി ഭൂമ്നഃ
ബ്രഹ്മാദയഃ കിമുത സംസ്തവനേ വയം തു
തത്സർഗസർഗവിഷയാ അപി ശക്തിമാത്രം.

| | | | |
|---|---|---|---|
| സദസതോഃ | സത്തിൽനിന്നും അസത്തിൽനിന്നും | ന പ്രഭവന്തി | ശക്തരാകുന്നില്ല |
| | | സംസ്തവനേ | ചൊല്ലിസ്തുതിക്കുന്നതിൽ |
| പരതഃ | അതീതമായ മറയത്തിൽ നിന്നു | കിമുത | പിന്നെ ചോദിപ്പാനുണ്ടോ? |
| | | തത് അപി | അതങ്ങനെയാണെങ്കിലും |
| പരസ്യ | അതീതനായ | തത്സർഗ-സർഗവിഷയാഃ | അവരുടെ സൃഷ്ടികളുടെ സൃഷ്ടികൾക്ക വിഷയീഭവിച്ച |
| തസ്യ തേ | ആ നിന്തിരുവടിയുടെ | | |
| ഭൂമ്നഃ | അനന്തമഹിമയുടെ | | |
| സ്വരൂപ-ഗമനേ | വാസ്തവികസ്വരൂപം അറിയുന്നതിൽ | വയം തു | ഞങ്ങളാകട്ടെ |
| ബ്രഹ്മാദയഃ | ബ്രഹ്മാദികൾപോലും | ശക്തിമാത്രം | സ്വശക്തിക്കൊത്തകംവിധം, |
| അഞ്ജഃ | ശരിയാംവിധം | | (സ്തുതി ചെയ്യുന്നു.) |

35. ഏതത്പരം പ്രപശ്യാമോ ന പരം തേ മഹേശ്വര
മൃഡനായ ഹി ലോകസ്യ വ്യക്തിസ്തേഽവ്യക്തകർമ്മണഃ.

| | | | |
|---|---|---|---|
| മഹേശ്വര | ഹേ മഹേശ്വര! | അവ്യക്ത-കർമ്മണഃ | അവ്യക്തമായ സൂക്ഷ്മകർമ്മങ്ങളെ നിറവേററുന്ന |
| തേ | നിന്തിരുവടിയുടെ | | |
| ഏതത് | ഈ വ്യക്തരൂപത്തെ | തേ | നിന്തിരുവടിയുടെ |
| പരം | മാത്രം | വ്യക്തിഃ | വ്യക്തീഭാവം |
| പ്രപശ്യാമഃ | ഞങ്ങൾ കാണുന്നു; | ലോകസ്യ | ലോകത്തിന്റെ |
| പരം ന | അപ്പുറത്തുള്ള അവ്യക്തരൂപത്തെ കാണുന്നില്ല. | മൃഡനായ ഹി | സുഖപ്രാപ്തിക്കുവേണ്ടിയാണല്ലോ. |

ശ്രീശുക ഉവാച = ശ്രീ ശുകൻ പറഞ്ഞു—

36. തദ്വീക്ഷ്യ വ്യസനം താസാം കൃപയാ ഭൃശപീഡിതഃ
സർവ്വഭൂതസുഹൃദ്ദേവ ഇദമാഹ സതീം പ്രിയാം

| | | | |
|---|---|---|---|
| താസാം | ആ പ്രജകളുടെ | വ്യസനം | സങ്കടം |
| തത് | അവ്വിധത്തിലുള്ള | വീക്ഷ്യ | കണ്ടിട്ട്, |

സർവ്വഭൂത–സുഹൃത് — സകലജീവരാശികളുടെയും അകാരണബന്ധുവായ
ദേവഃ — ശ്രീ മഹാദേവൻ
കൃപയാ — കാരുണ്യത്താൽ

ഭൃശ–പീഡിതഃ — അത്യധികം വ്യാകുലനായിച്ചമഞ്ഞ്
പ്രിയാം — പത്നിയായ
സതീം — സതീദേവിയോട്
ഇദം ആഹ — ഇങ്ങനെ പറഞ്ഞു

ശിവ ഉവാച = ശ്രീശിവൻ അരുളിച്ചെയ്തു.

**37. അഹോ ബത ഭവാന്യേതത് പ്രജാനാം പശ്യ വൈശസം**
**ക്ഷീരോദമഥനോദ്ഭൂതാത് കാലകൂടാദുപസ്ഥിതം.**

ഭവാനി — അല്ലയോ ഭവാനി!
അഹോ ബത — അയ്യോ, മഹാകഷ്ടം.
ക്ഷീരോദ–മഥനോദ്–ഭൂതാദ് — പാൽക്കടൽ കടയുന്നതിൽ നിന്നുണ്ടായിത്തീർന്ന
കാലകൂടാത് — കാളകൂടവിഷത്തിൽനിന്ന്

പ്രജാനാം — ജനങ്ങൾക്ക്
ഉപസ്ഥിതം — വന്നുകപ്പെട്ട
ഏതത് വൈശസം — ഈ തീവ്ര ദുഃഖത്തെ
പശ്യ — നോക്കു.

**38. താസാം പ്രാണപരീപ്സൂനാം വിധേയമഭയം ഹി മേ**
**ഏതാവാൻ ഹി പ്രഭോരർത്ഥോ യദ്ദീനപരിപാലനം.**

പ്രാണപരി–പിസൂനാം — പ്രാണരക്ഷയ്ക്കുവേണ്ടി വെമ്പലാർന്നിരിക്കുന്ന
താസാം — അവക്ക്
അഭയം — അഭയദാനം ചെയ്യുക
മേ — എന്നാൽ
വിധേയം ഹി — കർത്തവ്യമായതത്രേ.
ഹി — എന്തെന്നാൽ,

ദീനപരി–പാലനം — പാവപ്പെട്ടവരെ സംരക്ഷിക്കുക എന്നത്
യത് — യാതൊന്നോ
ഏതാവാൻ — ഇതൊന്നുമാത്രമാണ്
പ്രഭോഃ — കഴിവുള്ളവരുടെ
അർത്ഥഃ — ജീവിതപ്രയോജനം

**39. പ്രാണൈഃ സ്വൈഃ പ്രാണിനഃ പാന്തി സാധവഃ ക്ഷണഭംഗുരൈഃ**
**ബദ്ധവൈരേഷു ഭൂതേഷു മോഹിതേഷ്വാത്മമായയാ.**

ആത്മ–മായയാ — താന്താങ്ങളുടെ അവിദ്യാശക്തിയാൽ
മോഹിതേഷു — വ്യാമോഹിതരായിട്ട്
ഭൂതേഷു — പ്രാണികൾ
ബദ്ധ–വൈരേഷു — അന്യോന്യ വിദ്വേഷത്തിൽ കുടുങ്ങിക്കിടക്കുമ്പോൾ,
സാധവഃ — സത്തുക്കൾ

ക്ഷണ–ഭംഗുരൈഃ — നിമിഷനേരംകൊണ്ടു തകരും തരത്തിലുള്ള
സ്വൈഃ — സ്വന്തം
പ്രാണൈഃ — ജീവനെ ബലിയർപ്പിച്ചുകൊണ്ടും
പ്രാണിനഃ — പ്രാണികളെ
പാന്തി — സംരക്ഷിക്കുന്നു.

40. പുംസഃ കൃപയതോ ഭദ്രേ സർവ്വാത്മാ പ്രീയതേ ഹരിഃ
പ്രീതേ ഹരൌ ഭഗവതി പ്രീയേഽഹം സചരാചരഃ
തസ്മാദിദം ഗരം ഭുഞ്ജേ പ്രജാനാം സ്വസ്തിരസ്തു മേ

| | | | |
|---|---|---|---|
| ഭദ്രേ | ഹേ സർവ്വമംഗലേ! | സചരാചരഃ | ചരാചരങ്ങളോടുകൂടെ |
| കൃപയതഃ | കരുണാശീലനായ | അഹം പ്രീയേ | ഞാനും പ്രീതനാവുന്നു. |
| പുംസഃ | ആളുടെ അടുക്കൽ | തസ്മാത് | അതുകൊണ്ട് |
| സർവ്വാത്മാ | സർവ്വാന്തര്യാമിയായ | ഇദം ഗരം | ഈ വിഷത്തെ |
| ഹരിഃ | ശ്രീഹരി | ഭുഞ്ജേ | ഞാൻ ഭക്ഷിക്കുകയാണ്. |
| പ്രീയതേ | പ്രീതനായി ഭവിക്കുന്നു. | മേ | ഞാൻ നിമിത്തം |
| ഭഗവതി | ഭഗവാനായ | പ്രജാനാം | ജനങ്ങൾക്ക് |
| ഹരൌ | ശ്രീഹരി | സ്വസ്തിഃ | സുഖജീവിതം |
| പ്രീതേ | പ്രീതനാകുമ്പോൾ | അസ്തു | ഉണ്ടാകട്ടെ. |

വിഷപാനം ചെയ്യുമ്പോൾ സ്വപ്രഭാവമറിയാതെ തന്നെ തടഞ്ഞെങ്കിലോ എന്ന ആശങ്ക ശിവനുണ്ടായതുകൊണ്ടാണ് ഈ വിധം സാന്ത്വനവാക്കുകൾ ദേവിയെ പറഞ്ഞു കേൾപ്പിച്ചതു്.

ശ്രീശുക ഉവാച = ശ്രീ ശുകൻ പറഞ്ഞു—

41. ഏവമാമന്ത്ര്യ ഭഗവാൻ ഭവാനീം വിശ്വഭാവനഃ
തദ്വിഷം ജഗ്ധുമാരേഭേ പ്രഭാവജ്ഞാന്വമോദത.

| | | | |
|---|---|---|---|
| വിശ്വഭാവനഃ | ലോകത്തിനുഭാവുകമേകുന്ന | തദ്വിഷം | ആ വിഷത്തെ |
| | | ജഗ്ധും | ഭക്ഷിക്കുവാൻ |
| ഭഗവാൻ | പരമശിവൻ | ആരേഭേ | ആരംഭിച്ചു. |
| ഭവാനീം | സതീദേവിയോട് | പ്രഭാവജ്ഞാ | ഭഗവത് പ്രഭാവത്തെക്കുറിച്ച് അറിവുള്ള ദേവി |
| ഏവം | ഈ വിധം | | |
| ആമന്ത്ര്യ | പ്രസ്താവിച്ചശേഷം | അന്വമോദത | അനുവദിക്കയും ചെയ്തു. |

42. തതഃ കരതലീകൃത്യ വ്യാപി ഹാലാഹലം വിഷം
അഭക്ഷയന്മഹാദേവഃ കൃപയാ ഭൂതഭാവനഃ

| | | | |
|---|---|---|---|
| ഭൂതഭാവനഃ | പ്രാണികൾക്കെല്ലാം ജീവനദാതാവായ | ഹാലാഹലം | ഹാലാഹലമെന്ന |
| | | വിഷം | വിഷത്തെ |
| മഹാദേവഃ | പരമശിവൻ | തതഃ | അനന്തരം |
| കൃപയാ | ജീവകാരുണ്യത്താൽ | കരതലീകൃത്യ | തന്റെ ഉള്ളംകൈയിൽ ഒതുക്കിവച്ച് |
| വ്യാപി | എല്ലാടവും വ്യാപിച്ചിരിക്കുന്ന | അഭക്ഷയത് | ഭക്ഷിച്ചു. |

**43.** **തസ്യാപി ദർശയാമാസ സ്വവീര്യം ജലകല്മഷഃ**
**യച്ചകാര ഗളേ നീലം തച്ച സാധോർ വിഭൂഷണം.**

| | | | |
|---|---|---|---|
| ജല-കല്മഷഃ | ജലത്തിന്റെ പാപപങ്കമായ ഹലാഹലവിഷം | ചകാര | ഉണ്ടാക്കി എന്നതു |
| തസ്യ അപി | ആ ഭഗവാന്റെ അടുക്കലും | യത് | യാതൊന്നോ |
| സ്വവീര്യം | തന്റെ വൈഭവം | തത് ച | ആയതും |
| ദർശയാമാസ | പ്രകടിപ്പിച്ചു | സാധോഃ | കാരുണികനായ അവിടുത്തേക്ക് |
| ഗളേ | കണ്ഠത്തിൽ | | |
| നീലം | നീലവർണ്ണം | വിഭൂഷണം | അലങ്കാരമായി. |

**44.** **തപ്യന്തേ ലോകതാപേന സാധവഃ പ്രായശോ ജനാഃ**
**പരമാരാധനം തദ്ധി പുരുഷസ്യാഖിലാത്മനഃ**

| | | | |
|---|---|---|---|
| സാധവഃ ജനാഃ | കാരുണികന്മാരായ നല്ല ആളുകൾ | തത് ഹി | അതാകട്ടെ |
| പ്രായശഃ | അധികപക്ഷവും | അഖില-ആത്മനഃ | സർവ്വാന്തര്യാമിയായ |
| ലോക-താപേന | ബഹുജനങ്ങൾക്കുണ്ടാവുന്ന സന്താപംമൂലം | പുരുഷസ്യ | സർവ്വേശ്വരന്റെ |
| | | പരം | ഏറ്റവും വലിയ |
| തപ്യന്തേ | സന്താപപ്പെടുന്നു. | ആരാധനം | ആരാധനയാകുന്നു. |

**45.** **നിശമ്യ കർമ്മ തച്ഛംഭോർ ദേവദേവസ്യ മീഢുഷഃ**
**പ്രജാ ദാക്ഷായണീ ബ്രഹ്മാ വൈകുണ്ഠശ്ച ശശംസിരേ.**

| | | | |
|---|---|---|---|
| മീഢുഷഃ | സർവ്വകാമപ്രദനും | നിശമ്യ | ശ്രവിച്ച് |
| ദേവദേവസ്യ | ദേവാധിദേവനുമായ | വൈകുണ്ഠഃ | ശ്രീ മഹാവിഷ്ണുവും |
| ശംഭോഃ | ശ്രീ ശങ്കരന്റെ | ബ്രഹ്മാ | ബ്രഹ്മാവും |
| | | ദാക്ഷായണീ | ദക്ഷപുത്രിയായ സതിയും |
| തത് | താദൃശമായ | പ്രജാഃ ച | മററു ജനങ്ങളും |
| കർമ്മ | വിഷപാനകർമ്മത്തെ | ശശംസിരേ | പ്രശംസിച്ചു |

**46.** **പ്രസ്കന്നം പിബതഃ പാണേര്യത് കിഞ്ചിജ്ജഗൃഹുഃ സ്മ തത്**
**വൃശ്ചികാഹിവിഷൌഷധ്യോ ദന്ദശൂകാശ്ച യേƒപരേ.**

| | | | |
|---|---|---|---|
| പിബതഃ | വിഷം പാനം ചെയ്തു കൊണ്ടിരിക്കെ | യത് കിഞ്ചിത് | അല്പാല്പം |
| പാണേഃ | ശിവന്റെ തൃക്കരത്തിൽ നിന്ന് | പ്രസ്കന്നം | ഇററു വീണിരുന്ന |
| | | തത് | അതിനെ |

| | | | |
|---|---|---|---|
| വൃശ്ചികാഹി-വിഷൗഷധ്യഃ | തേളുകളും പാമ്പുകളും വിഷച്ചെടികളും | ദന്ദശൂകാഃ | വിഷജന്തുക്കളുണ്ടോ |
| അപരേ | വേറെ | (തേ) ച | അവയും |
| യേ | യാവചില | ജഗൃഹുഃ സ്മ | ഏറ്റെടുത്തുപോൽ. |

ഇതി ശ്രീമദ് ഭാഗവതേ മഹാപുരാണെ
അഷ്ടമസ്കന്ധേ അമൃതമഥനേ സപ്തമോऽദ്ധ്യായഃ

ആദിതഃ ശ്ലോകാഃ — 260

അഷ്ടമസ്കന്ധത്തിൽ ഏഴാമദ്ധ്യായം കഴിഞ്ഞു.

# അഷ്ടമോऽധ്യായഃ — അധ്യായം എട്ട്

ലക്ഷ്മീസ്വയംവരവും ഭഗവാൻെറ മോഹിനീരൂപധാരണവും

" അഷ്ടമേ മഥ്യമാനേऽബ്ധൗ ലക്ഷ്മ്യാ വിഷ്ണൗ വൃതേ സുരൈഃ
ധന്വന്തരേർഹൃതേ സോമേ മോഹിന്യുദ്ഭവ ഈര്യതേ "

സമുദ്രമഥനം തുടൻകൊണ്ടിരിക്കെ ലക്ഷ്മീ ഭഗവതി ആവിർഭവിച്ചതും, വിഷ്ണുവിനെ സ്വയം വരിച്ചതും, അസുരന്മാർ ധന്വന്തരിയുടെ കരത്തിൽനിന്നു അമൃതകലശം അപഹരിച്ചതും, അതുവീണ്ടെടുക്കാൻ വിഷ്ണു മോഹിനീരൂപം ധരിച്ചതും ഈ എട്ടാമദ്ധ്യായത്തിൽ പ്രാധാന്യേന വർണ്ണിക്കപ്പെടുന്നു.

1. പീതേ ഗരേ വൃഷാങ്കേണ പ്രീതാസ്തേऽമരദാനവാഃ
മമന്ഥുസ്തരസാ സിന്ധും ഹവിർധാനീ തതോऽഭവത്.

| | | | |
|---|---|---|---|
| വൃഷാങ്കേണ | പരമശിവനാൽ | സിന്ധും | സമുദ്രത്തെ |
| ഗരേ പീതേ | വിഷം പാനം ചെയ്യപ്പെട്ടതും | തരസാ | വീറോടെ |
| | | മമന്ഥുഃ | കടഞ്ഞുതുടങ്ങി. |
| പ്രീതാഃ | സന്തുഷ്ടരായി ഭവിച്ച | തതഃ | അപ്പോഠം, അതിൽനിന്നു് |
| തേ അമര-ദാനവാഃ | ആ ദേവന്മാരും അസുരന്മാരും | ഹവിർധാനീ | കാമധേനു |
| | | അഭവത് | ആവിർഭവിച്ചു. |

2. താമഗ്നിഹോത്രീമൃഷയോ ജഗൃഹുർബ്രഹ്മവാദിനഃ
യജ്ഞസ്യ ദേവയാനസ്യ മേധ്യായ ഹവിഷേ നൃപ.

| | |
|---|---|
| നൃപ | രാജാവേ! |
| അഗ്നിഹോത്രീം | അഗ്നിഹോത്രത്തിനുള്ള സാമഗ്രികളെ ഉത്പാദിപ്പിക്കുന്ന |
| താം | ആ കാമധേനുവിനെ |
| ബ്രഹ്മവാദിനഃ | വേദവിത്തുകളായ |
| ഋഷയഃ | മഹർഷിമാർ |
| ദേവയാനസ്യ | ബ്രഹ്മലോകപ്രാപ്തിക്കുതകുന്ന മാർഗ്ഗത്തിലെത്തുവാനുള്ള |
| യജ്ഞസ്യ | യജ്ഞകർമ്മത്തിന് |
| മേധ്യായ | പരിശുദ്ധമായ |
| ഹവിഷേ | ഹവിസ്സു ലഭിക്കാൻ വേണ്ടി |
| ജഗൃഹുഃ | സ്വീകരിച്ചു. |

3. **തത ഉച്ചൈശ്ശ്രവാ നാമ ഹയോഽഭൂച്ചന്ദ്രപാണ്ഡുരഃ**
**തസ്മിൻ ബലിഃ സ്പൃഹാം ചക്രേ നേന്ദ്ര ഈശ്വരശിക്ഷയാ.**

| | |
|---|---|
| തതഃ | അതിൽപ്പിന്നെ |
| ഉച്ചൈശ്ശ്രവാഃ നാമ | ഉച്ചൈശ്ശ്രവസ്സ് എന്നു പേരായി |
| ചന്ദ്രപാണ്ഡുരഃ | ചന്ദ്രബിംബംപോലെ വെളുത്ത |
| ഹയഃ | കുതിര |
| അഭൂത് | ഉദ്ഭവിച്ചു. |
| തസ്മിൻ | ആ കുതിരയിൽ |
| ബലിഃ | മഹാബലി |
| സ്പൃഹാം | ആഗ്രഹം |
| ചക്രേ | പ്രകടിപ്പിച്ചു. |
| ഈശ്വര-ശിക്ഷയാ | ഭഗവാന്റെ മുൻകൂട്ടിയുള്ള ഉപദേശമനുസരിച്ചു |
| ഇന്ദ്രഃ ന | ഇന്ദ്രൻ പ്രകടിപ്പിച്ചില്ല. |

4. **തത ഐരാവതോ നാമ വാരണേന്ദ്രോ വിനിർഗതഃ**
**ദന്തൈശ്ചതുർഭിഃ ശ്വേതാദ്രേർഹരൻ ഭഗവതോ മഹിം.**

| | |
|---|---|
| തതഃ | അതിനുശേഷം |
| ഐരാവതഃ | ഐരാവതം എന്നു |
| നാമ | പേരായ |
| വാരണേന്ദ്രഃ | ഗജവീരൻ |
| ചതുർഭിഃ | നാലു |
| ദന്തൈഃ | കൊമ്പുകൾകൊണ്ട് |
| ഭഗവതഃ | പരമശിവന്റെ |
| ശ്വേതാദ്രേഃ | വെള്ളിമാമലയുടെ |
| മഹിം | മഹിമയെ |
| ഹരൻ | അടക്കിയെടുത്തു കൊണ്ട് |
| വിനിർഗ്ഗതഃ | ഉയർന്നുവന്നു |

5. **കൗസ്തുഭാഖ്യമഭൂദ്രത്നം പദ്മരാഗോ മഹോദധേഃ**
**തസ്മിൻ ഹരിഃ സ്പൃഹാം ചക്രേ വക്ഷോലങ്കരണേ മണൗ.**

| | |
|---|---|
| കൗസ്തുഭാഖ്യം | കൗസ്തുഭം എന്നു പേരായ |
| പദ്മരാഗഃ രത്നം | പദ്മരാഗരത്നം |
| മഹോദധേഃ | മഹാസമുദ്രത്തിൽനിന്നു |
| അഭൂത് | ഉണ്ടായി. |
| ഹരിഃ | വിഷ്ണുഭഗവാൻ |
| വക്ഷോ-ലങ്കരണേ | തന്റെ മാറിടത്തിൽ അലങ്കരിക്കുവാനായി |
| തസ്മിൻ മണൗ | ആ രത്നത്തിൽ |
| സ്പൃഹാം | ആഗ്രഹം |
| ചക്രേ | കൊണ്ടു. |

6. **തതോƒഭവത് പാരിജാതഃ സുരലോകവിഭൂഷണം**
**പൂരയത്യർത്ഥിനോ യോƒർത്ഥൈഃ ശശ്വദ്ഭുവി യഥാ ഭവാൻ**

| | | | |
|---|---|---|---|
| തതഃ | അനന്തരം | ഭവാൻ യഥാ | അങ്ങയെപ്പോലെ (പരീക്ഷിത്ത് രാജാവിനെ ഉദ്ദേശിച്ച്) |
| പാരിജാതഃ | പാരിജാതവൃക്ഷം | അർത്ഥിനഃ | യാചകന്മാരെ |
| അഭവത് | ഉണ്ടായി. | അർത്ഥൈഃ | അഭീഷ്ട വസ്തുക്കളാൽ |
| സുരലോക-വിഭൂഷണം | ദേവലോകത്തിന് അലങ്കാരമായി ഭവിച്ച | ശശ്വത് | എല്ലാകാലത്തും |
| യഃ | യാതൊരു വൃക്ഷം | പൂരയതി | പൂർണ്ണകാമന്മാരാക്കുന്നു. |
| ഭുവി | ഭൂലോകത്തിൽ | | |

7. **തതശ്ചാപ്സരസോ ജാതാ നിഷ്കകണ്ഠ്യഃ സുവാസസഃ**
**രമണ്യഃ സ്വർഗ്ഗിണാം വല്ഗുഗതിലീലാവലോകനൈഃ**

| | | | |
|---|---|---|---|
| തതഃ ച | അതിനുശേഷം | (താഃ) | അവർ |
| അപ്സരസഃ | അപ്സരസ്ത്രീകൾ | വല്ഗുഗതി-ലീലാവ-ലോകനൈഃ | ചേണാർന്ന നടത്തവും ലീലാവിലാസത്തോടു കൂടിയ നോട്ടവും കൊണ്ട് |
| ജാതാഃ | ഉണ്ടായി | സ്വർഗിണാം | സ്വർല്ലോകവാസികൾക്ക് |
| നിഷ്കകണ്ഠ്യഃ | കഴുത്തിൽ പൊൻപതക്കമണിഞ്ഞവരും | രമണ്യഃ | രതിസുഖമേകുന്നവരാണ്. |
| സുവാസസഃ | അഴകുള്ള വസ്ത്രം ധരിച്ചവരുമായ | | |

8. **തതശ്ചാവിരഭൂത് സാക്ഷാച്ഛ്രീ രമാ ഭഗവത്പരാ**
**രഞ്ജയന്തീ ദിശഃ കാന്ത്യാ വിദ്യുത് സൗദാമിനീ യഥാ.**

| | | | |
|---|---|---|---|
| തതഃ ച | അതിൽപ്പിന്നെ | രഞ്ജയന്തീ | പ്രശോഭിപ്പിച്ചുകൊണ്ട് |
| സൗദാമിനീ | സുദാമാപർവ്വതത്തിന്റെ സ്ഫടികമയശിഖരങ്ങളിൽ ഒളിചിതറുന്ന | ശ്രീഃ | സമ്പദ്ദേവത |
| | | സാക്ഷാത് | പ്രത്യക്ഷരൂപംധരിച്ച് |
| വിദ്യുത് | മിന്നലെന്നപോലെ | ഭഗവത്പരാ | വിഷ്ണുപരായണയായ |
| കാന്ത്യാ | കാന്തിയാൽ | രമാ | ലക്ഷ്മീദേവിയായി |
| ദിശഃ | ദിക്കുകളെ | ആവിരഭൂത് | ആവിർഭവിച്ചു. |

9. **തസ്യാഃ ചക്രുഃ സ്പൃഹാം സർവേ സസുരാസുരമാനവാഃ**
**രൂപൗദാര്യവയോവർണ്ണമഹിമാക്ഷിപ്തചേതസഃ**

| | | | |
|---|---|---|---|
| സസുരാസുര-മാനവാഃ | ദേവന്മാരും, അസുരന്മാരും, മാനുഷ്യരും ഉൾപ്പെടെയുള്ള | സർവ്വേ | എല്ലാവരും |
| | | രൂപൗദാര്യ വയോവർണ്ണ | സൗന്ദര്യം ഔദാര്യം യൗവനപ്രായം, നിറം |

| | |
|---|---|
| മഹിമാക്ഷി പ്രചേതസഃ | എന്നിവയുടെ മഹിമയാൽ ആകൃഷ്ടചിത്തരായി |
| തസ്യാം | ആ ദേവിയിൽ |
| സ്പൃഹാം | അഭിലാഷം |
| ചക്രുഃ | പ്രകടിപ്പിച്ചു |

10. **തസ്യാ ആസനമാനിന്യേ മഹേന്ദ്രോ മഹദദ്ഭുതം**
**മൂർത്തിമത്യഃ സരിച്ഛ്രേഷ്ഠാ ഹേമകുംഭൈർജലം ശുചി.**

| | |
|---|---|
| മഹേന്ദ്രഃ | ദേവേന്ദ്രൻ |
| മഹത് | വലിയതും |
| അദ്ഭുതം | വിചിത്രവുമായ |
| ആസനം | ഇരിപ്പിടം |
| തസ്യൈ | ആ ദേവിക്കുവേണ്ടി |
| ആനിന്യേ | കൊണ്ടുവന്നു. |
| മൂർത്തിമത്യഃ | ഉടലെടുത്ത |
| സരിത്— ശ്രേഷ്ഠാഃ | മഹാനദികൾ |
| ഹേമകുംഭൈഃ | പൊൻകലശങ്ങൾ കൊണ്ട് |
| ശുചി | ശുദ്ധമായ |
| ജലം | ജലവും (കൊണ്ടുവന്നു.) |

11. **ആഭിഷേചനികാ ഭൂമിരാഹരത് സകലൗഷധീഃ**
**ഗാവഃ പഞ്ച പവിത്രാണി വസന്തോ മധുമാധവൗ.**

| | |
|---|---|
| ഭൂമിഃ | ഭൂമിദേവി |
| ആഭി— ഷേചനികാഃ | അഭിഷേകത്തിന്നു വേണ്ടുന്നതായ |
| സകലൗഷധീഃ | എല്ലാ വനസ്പതികളെയും |
| ഗാവഃ | ഗോക്കൾ |
| പവിത്രാണി | വിശുദ്ധങ്ങളായ |
| പഞ്ച | പഞ്ചഗവ്യങ്ങളെയും |
| വസന്തഃ | വസന്തഋതു |
| മധു- മാധവൗ | ചൈത്രവൈശാഖമാസങ്ങളിലുണ്ടാവുന്ന പുഷ്പഫലങ്ങളെയും |
| (ആനിന്യുഃ) | കൊണ്ടുവന്നു. |

12. **ഋഷയഃ കല്പയാഞ്ചക്രുരഭിഷേകം യഥാവിധി**
**ജഗുർഭദ്രാണി ഗന്ധർവ്വാ നട്യശ്ച നനൃതുർജഗുഃ**

| | |
|---|---|
| ഋഷയഃ | ഋഷിമാർ |
| യഥാവിധി | വിധിപ്രകാരം |
| അഭിഷേകം | അഭിഷേകക്രിയ |
| കല്പയാഞ്ചക്രുഃ | നിർവ്വഹിച്ചു. |
| ഗന്ധർവ്വാഃ | ഗന്ധർവ്വന്മാർ |
| ഭദ്രാണി | മംഗളഗീതങ്ങൾ |
| ജഗുഃ | ആലപിച്ചു; |
| നട്യഃ | നർത്തകികൾ |
| നനൃതുഃ | നൃത്തംചെയ്തു; |
| ജഗുഃ ച | പാടുകയും ചെയ്തു. |

13. **മേഘാ മൃദംഗപണവമുരജാനകഗോമുഖാൻ**
**വ്യനാദയൻ ശംഖവേണുവീണാസ്തുമുലനിഃസ്വനാൻ**

| | | | |
|---|---|---|---|
| മേഘാഃ | മേഘങ്ങൾ | ശംഖവേണു- വീണാഃ | ശംഖ്, പുല്ലാങ്കുഴൽ, വീണ എന്നിവയെയും |
| തുമുല— നിഃസ്വനാൻ | കോലാഹലധ്വനി മുഴക്കുന്ന | വ്യനാദയൻ | വിശേഷരീതിയിൽ ശബ്ദിപ്പിച്ചു |
| മൃദംഗ— പണവ— മുരജാനക- ഗോമുഖാൻ | മദ്ദളം, ഇടയ്ക്ക, തിമില, പെരുംപറ, കൊമ്പ് എന്നീവാദ്യങ്ങളെയും | | |

**14.** **തതോഽഭിഷിഷിചുർദേവീം ശ്രിയം പദ്മകരീം സതീം**
**ദിഗിഭാഃ പൂർണ്ണകലശൈഃ സൂക്തവാക്യൈർദ്വിജേരിതൈഃ**

| | | | |
|---|---|---|---|
| തതഃ | അതിനെത്തുടർന്ന് | സൂക്തം- വാക്യൈഃ | വേദമന്ത്രങ്ങളോടുകൂടി |
| ദിഗിഭാഃ | ദിഗ്ഗജങ്ങൾ | | |
| സതീം | ശുദ്ധചരിതയും | പൂർണ്ണ- കലശൈഃ | പൂർണ്ണകുംഭങ്ങൾകൊണ്ട് |
| പദ്മകരീം | പദ്മഹസ്തയുമായ | | |
| ശ്രിയം ദേവീം | ലക്ഷ്മീദേവിയെ | | |
| ദ്വിജേരിതൈഃ | ബ്രാഹ്മണരാൽ ഉച്ചരിക്കപ്പെടുന്ന | അഭിഷി- ഷിചുഃ | അഭിഷേചിച്ചു |

**15.** **സമുദ്രഃ പീതകൗശേയവാസസീ സമുപാഹരത്**
**വരുണഃ സ്രജം വൈജയന്തീം മധുനാ മത്തഷട്പദാം**

| | | | |
|---|---|---|---|
| സമുദ്രഃ | സമുദ്രരാജാവ് | മധുനാ | മധുഗന്ധത്താൽ |
| പീത- കൗശേയ- വാസസീ | മഞ്ഞപ്പട്ടുകൊണ്ടുള്ള രണ്ടു വിശിഷ്ടവസ്ത്രങ്ങളെ | മത്ത- ഷട്പദാം | മദംകൊണ്ടു വണ്ടുകളോടു കൂടിയ |
| | | വൈജയന്തീം | വൈജയന്തിയെന്ന |
| സമുപാഹരത് | സമ്മാനിച്ചു. | സ്രജം | പൂമാലയെയും |
| വരുണഃ | വരുണദേവൻ | | (സമ്മാനിച്ചു) |

**16.** **ഭൂഷണാനി വിചിത്രാണി വിശ്വകർമ്മാ പ്രജാപതിഃ**
**ഹാരം സരസ്വതീ പദ്മമജോ നാഗാശ്ച കുണ്ഡലേ**

| | | | |
|---|---|---|---|
| പ്രജാപതിഃ | പ്രജാപതിയായ | അജഃ | ബ്രഹ്മാവ് |
| വിശ്വകർമ്മാ | വിശ്വകർമ്മാവ് | പദ്മം | ലീലാകമലവും |
| വിചിത്രാണി | പലമോടിയിലുള്ള | | |
| ഭൂഷണാനി | ആഭരണങ്ങളും, | നാഗാഃ | നാഗദേവതകൾ |
| സരസ്വതീ | സരസ്വതീദേവി | കുണ്ഡലേ ച | കർണ്ണഭൂഷണങ്ങളും |
| ഹാരം | മുത്തുമാലയും | (ഉപാഹരൻ) | സമ്മാനിച്ചു |

17. തതഃ കൃതസ്വസ്ത്യയനോത്പലസ്രജം
നദദ്ദ്വിരേഫാം പരിഗൃഹ്യ പാണിനാ
ചചാല വക്ത്രം സുകപോലകുണ്ഡലം
സവ്രീഡഹാസം ദധതീ സുശോഭനം

| | | | |
|---|---|---|---|
| കൃത-സ്വസ്ത്യയനാ | ബ്രാഹ്മണനരാൽ നിറവേറ്റപ്പെട്ട സ്വസ്തിവാചനത്തോടുകൂടിയവളായിഭവിച്ച ലക്ഷ്മീദേവി | സുകപോല-കുണ്ഡലം | സുന്ദരമായ കവിൾത്തടങ്ങളിൽ ഒളിവീശുന്ന കുണ്ഡലങ്ങളോടു കൂടിയതും |
| തതഃ | തദനന്തരം | സവ്രീഡ-ഹാസം | ലജ്ജാസഹിതമായ മന്ദസ്മിതം തൂകുന്നതും |
| നദദ്ദ്വിരേഫാം | വണ്ടുകൾ മൂളുന്നുകൊണ്ടിരിക്കുന്ന | സുശോഭനം | അതിമനോഹരവുമായ |
| ഉത്പലസ്രജം | താമരപ്പൂമാലയെ | വക്ത്രം | വദനത്തെ |
| പാണിനാ | കരത്താൽ | ദധതീ | ധരിച്ചുകൊണ്ട് |
| പരിഗൃഹ്യ | എടുത്ത് | ചചാല | മന്ദമന്ദം നടന്നുതുടങ്ങി |

18. സ്തനദ്വയം ചാതികൃശോദരീ സമം
നിരന്തരം ചന്ദനകുങ്കുമോക്ഷിതം
തതസ്തതോ നൂപുരവല്ഗുശിഞ്ജിതൈർ-
വിസർപതീ ഹേമലതേവ സാ ബഭൗ

| | | | |
|---|---|---|---|
| കൃശോദരീ | കൃശമദ്ധ്യയായ | സ്തനദ്വയം ച | മുലയിണയും |
| സാ | ആ ദേവി | (ദധതീ) | ചുമന്നുകൊണ്ട് |
| സമം | ഒന്നിനോടൊന്നു ചേർച്ചയുള്ളതും | നൂപുരവല്ഗു-ശിഞ്ജിതൈഃ | കാൽച്ചിലങ്കകളുടെ മധുരധ്വനികളോടുകൂടി |
| | | വിസർപതീ | സഞ്ചരിക്കുന്ന |
| നിരന്തരം | ഇടതൂർന്നതും | ഹേമലതാ | സ്വർണ്ണലതയോ എന്നു |
| ചന്ദന-കുങ്കുമോക്ഷിതം | ചന്ദനവും കുങ്കുമവും അണിഞ്ഞലങ്കരിച്ചതുമായ | ഇവ | തോന്നുമാറ് |
| | | തതസ്തതഃ | അങ്ങുമിങ്ങും |
| | | ബഭൗ | വിലസി. |

19. വിലോകയന്തീ നിരവദ്യമാത്മനഃ
പദം ധ്രുവം ചാവ്യഭിചാരിസദ്ഗുണം
ഗന്ധർവയക്ഷാസുരസിദ്ധചാരണ-
ത്രൈവിഷ്ടപേയാദിഷു നാന്വവിന്ദത.

| | | | |
|---|---|---|---|
| ഗന്ധർവ്വയക്ഷാ—സുരസിദ്ധ—ചാരണ— | ഗന്ധർവ്വന്മാർ, യക്ഷന്മാർ, അസുരന്മാർ, സിദ്ധന്മാർ, ചാരണന്മാർ, | അവ്യഭിചാരി-സദ്ഗുണം | പതറാത്ത സദ്ഗുണങ്ങളോട് കൂടിയവനായും |
| | | ധ്രുവം ച | നിത്യനൂതനനായുമുള്ള ഒരുവനെ |
| | | ആത്മനഃ | തനിക്ക് |
| ത്രൈവിഷ്ട—പേയാദിഷു | ദേവന്മാർ എന്നിവരുടെ ഇടയിൽ | പദം | ആശ്രയമായിട്ട് |
| | | വിലോകയന്തീ | തെരഞ്ഞു നോക്കിയിട്ടും |
| നിരവദ്യം | കുററമററവനായും | ന അന്വ-വിന്ദത | കണ്ടെത്തിയില്ല. |

കാണാഞ്ഞതിന്റെ കാരണം ഇനി മൂന്നു ശ്ലോകം കൊണ്ടു പറയുന്നു.

**20.** **നൂനം തപോ യസ്യ ന മന്യുനിർജ്ജയോ**
**ജ്ഞാനം ക്വചിത് തച്ച ന സംഗവർജ്ജിതം**
**കശ്ചിന്മഹാംസ്തസ്യ ന കാമനിർജ്ജയഃ**
**സ ഈശ്വരഃ കിം പരതോ വ്യപാശ്രയഃ**

| | | | |
|---|---|---|---|
| യസ്യ | ഏതാണ്ടൊരാൾക്ക് | മഹാൻ | മഹിമയുള്ളവനാണെങ്കിലും |
| തപഃ | തപഃ ശക്തിയുണ്ടെങ്കിൽ | | |
| മന്യു-നിർജ്ജയഃ | ആയാൾക്ക കോപത്തിന്മേൽ പൂർണ്ണവിജയം | തസ്യ | ആയാൾക്ക് |
| ന നൂനം | ഇല്ലെന്നുതീർച്ച. | കാമനിർജ്ജയഃ | കാമവികാരങ്ങളിന്മേൽ വിജയം |
| ക്വചിത് | ചിലരിൽ | ന | ഉണ്ടായിട്ടില്ല. |
| ജ്ഞാനം | ജ്ഞാനമുണ്ട്; | പരതഃ | മററൊരാളെ (വിഷ്ണുവിനെ) |
| തത് ച | പക്ഷേ, അതു് | | |
| സംഗവർജ്ജിതം | ധനമാനാദികളിലുള്ള ആസക്തിയെ വർജ്ജിച്ചതായിട്ട് | വ്യപാശ്രയഃ | ഓരോന്നിനും ആശ്രയിക്കുന്ന |
| ന | ഇരിക്കുന്നില്ല. | സഃ | അവൻ (ഇന്ദ്രൻ) |
| കശ്ചിത് | ഒരാൾ | ഈശ്വരഃ കിം | ത്രിലോകനാഥനാകുമോ |

ഉഗ്രതപസ്വിയാണെങ്കിലും സുലഭകോപനായ ദുർവ്വാസാവിനെയും, ജ്ഞാനികളാണെങ്കിലും ധനമാനാഭിലാഷത്താൽ ദേവാസുരന്മാരുടെ പുരോഹിതരായിരിക്കുന്ന ഗുരുശുക്രന്മാരെയും, മഹിമാശാലിയാണെങ്കിലും സ്വപുത്രിയായ സരസ്വതിയിൽ കാമാഭിനിവേശംജനിച്ച ബ്രഹ്മാവിനെയും, എല്ലാകാര്യത്തിനും വിഷ്ണുസഹായം വേണ്ടിവരുന്ന ഇന്ദ്രനെയും, ഇവിടെ യഥാക്രമം ഉദാഹരിക്കാവുന്നതാണ്.

**21.** **ധർമ്മഃ ക്വചിത്തത്ര ന ഭൂതസൗഹൃദം**
**ത്യാഗഃ ക്വചിത്തത്ര ന മുക്തികാരണം**
**വീര്യം ന പുംസോഽസ്ത്യജവേഗനിഷ്കൃതം**
**ന ഹി ദ്വിതീയോ ഗുണസംഗവർജിതഃ**

| | |
|---|---|
| ക്വചിത് | ചിലരിൽ |
| ധർമ്മഃ | ധർമ്മബോധം കാണുമെങ്കിലും |
| ഭൂതസൗഹൃദം | ഭൂതാനുകമ്പ |
| ന | ഉണ്ടാകയില്ല |
| ക്വചിത് | ചിലരിൽ |
| ത്യാഗഃ | ത്യാഗബുദ്ധികാണുമെങ്കിലും |
| തത്ര | ആ ത്യാഗത്തിൽ |
| മുക്തികാരണം | മോക്ഷത്തിനുള്ള പോംവഴി. |
| ന | ഉണ്ടാകയില്ല |
| പുംസഃ | ഒരു പുരുഷനു് |
| വീര്യം അസ്തി | ശൗര്യമുണ്ടു്, എന്നാൽ |
| അജവേഗ–നിഷ്കൃതം | കാലവേഗത്താൽ പരിഹൃതമായിട്ടു് |
| ന | ഭവിച്ചതല്ല. |
| ഗുണസംഗ–വർജിതഃ | പ്രകൃതിഗുണങ്ങളോടു ചേർച്ചവിട്ടിരിക്കുവൻ |
| ദ്വിതീയഃ | വരനായിട്ടു് |
| ന ഹി | ഭവിക്കയുമില്ല. |

ധർമ്മപരായണനെന്നിരിക്കിലും നിഷ്കരുണം മാതൃഹത്യയും സകല ക്ഷത്രിയവംശസംഹാരവും നടത്തിയ പരശുരാമനും, പ്രാവിനെ രക്ഷിക്കാൻ പരുന്തിനു് സ്വശരീരമാംസം കൊടുത്ത മഹാത്യാഗിയാണെങ്കിലും തന്റെ ത്യാഗം മുക്തിസാധനമാക്കാതിരുന്ന ശിബി ചക്രവർത്തിയും, ശൂരനാണെങ്കിലും തന്റെ ശൗര്യത്തിനു് ശാശ്വതഭാവം വരുത്താൻ സാധിച്ചിട്ടില്ലാത്ത കാർത്തവീര്യനും, മഹത്ത്വമുള്ളവരെങ്കിലും ഗുണസംഗം വിട്ടു സദാ സമാധിനിഷ്ഠരായി വർത്തിക്കുന്ന സനകാദികളും ഇവിടെ യഥാക്രമം ഉദാഹരിക്കപ്പെടാവുന്നവരാണു്.

**22.** **ക്വചിച്ചിരായുർന്ന ഹി ശീലമംഗലം**
**ക്വചിത്തദപ്യസ്തി ന വേദ്യമായുഷഃ**
**യത്രോഭയം കുത്ര ച സോഽപ്യമംഗലഃ**
**സുമംഗലഃ കശ്ച ന കാംക്ഷതേ ഹി മാം**

| | |
|---|---|
| ക്വചിത് | ചിലർക്കു് |
| ചിരായുഃ | ദീർഘായുസ്സുണ്ടു്, പക്ഷേ |
| ശീലമംഗലം | സ്ത്രീകളോടു് ഇണക്കം കാട്ടുന്ന സ്വഭാവഗുണം തീരെയില്ല. |
| ക്വചിത് | മററു ചിലർക്കു് |
| തത് | ആ ഗുണം |
| അസ്തി അപി | ഉണ്ടെങ്കിലും |
| ആയുഷഃ | ആയുഃസ്ഥിരതയുടെ കാര്യം |
| വേദ്യം ന | അറിയപ്പെടാവുന്നതല്ല |
| യത്ര കുത്ര | ഏതോ ഒരാളിൽ |
| ഉഭയം ച | ഇവ രണ്ടുംചേർന്നിരിക്കുന്നു, എന്നാൽ |

| | | | |
|---|---|---|---|
| സഃ അപി | അദ്ദേഹമാകട്ടെ | സുമംഗലഃ | ശുഭലക്ഷണസമ്പന്നനാണ്, പക്ഷേ |
| അമംഗലഃ | അശുഭചേഷ്ടിതങ്ങളിൽ വ്യാപൃതനായിരിക്കുന്നു. | മാം ഹി | എന്നെ (ലക്ഷ്മിയെ) ഇങ്ങോട്ട് |
| കശ്ച | ഒരാൾ മാത്രം. | ന കാംക്ഷതേ | ആഗ്രഹിക്കുന്നതുമില്ല |

മാർക്കണ്ഡേയാദികൾ ചിരംജീവികളാണെങ്കിലും ജിതേന്ദ്രിയന്മാരാകയാൽ ശീലമംഗലമില്ലാത്തവരാണ്. ഹിരണ്യകശിപുപ്രഭൃതികൾക്ക ശീലമംഗലമുണ്ടെങ്കിലും വിഷ്ണുവിദ്വേഷത്താൽ ആയുഃസ്ഥിരതയില്ല. ശീലമംഗലത്വവും ആയുഃസ്ഥൈര്യവുമുള്ള പരമശിവനാകട്ടെ ശ്മശാനവാസിത്വംകൊണ്ട് അശുഭനായിരിക്കുന്നു. ദോഷരഹിതനായും സർവ്വസദ്ഗുണസമ്പന്നനായും വരണീയനുമായിട്ട് ഒരാൾ മാത്രമുണ്ട്– സാക്ഷാൽ ശ്രീനാരായണൻ. അദ്ദേഹം ആത്മാരാമനായതുകൊണ്ട രമയെ ആഗ്രഹിക്കുന്നതുമില്ല.

23. **ഏവം വിമൃശ്യാവ്യഭിചാരി സദ്ഗുണൈർ–**
**വരം നിജൈകാശ്രയതയാഽഗുണാശ്രയം**
**വവ്രേ വരം സർവ്വഗുണൈരപേക്ഷിതം**
**രമാ മുകുന്ദം നിരപേക്ഷമീപ്സിതം.**

| | | | |
|---|---|---|---|
| ഏവം | ഇപ്രകാരം | അഗുണാശ്രയം | പ്രാകൃതികഗുണങ്ങൾക്ക് ആശ്രയമല്ലാത്തവനായി– |
| വിമൃശ്യ | പര്യാലോചിച്ച് | സർവ്വഗുണൈഃ | അണിമാദികളായ സമസ്തൈശ്വര്യസിദ്ധികളാൽ |
| രമാ | ലക്ഷ്മീഭഗവതി | അപേക്ഷിതം | കാംക്ഷിക്കപ്പെട്ടവനായുമിരിക്കുന്ന |
| നിരപേക്ഷം | തന്നെ കാംക്ഷിക്കാത്തവനാണെന്നിരിക്കിലും | മുകുന്ദം | ശ്രീഹരിയെ |
| അവ്യഭിചാരിസദ്ഗുണൈഃ | എന്നും നിലകൊള്ളുന്ന ഉത്തമ ഗുണങ്ങളാലും | ഈപ്സിതം | ആഗ്രഹത്തിനൊത്ത |
| നിജൈകാശ്രയതയാ | സ്വാശ്രയത്വം മാത്രം ഉള്ളതിനാലും | വരം | വരനായിട്ട് |
| വരം | സർവ്വോത്തമനായി– | വവ്രേ | വരിച്ചു. |

"ശ്രീഹരി ആത്മാരാമനാകയാൽ നിരപേക്ഷനാണെന്നവരികിലും തന്നെ സമാശ്രയിച്ച അഷ്ടൈശ്വര്യസിദ്ധികളെ ഉപേക്ഷിച്ചിട്ടില്ലല്ലോ? അതുപോലെ സർവ്വൈശ്വര്യങ്ങളുടെയും അധിഷ്ഠാത്രിയായ എന്നേയും സമാശ്രയിച്ചാൽ ഉപേക്ഷിക്കയില്ല. ആകയാൽ തന്തിരുവടിയെ സ്വയം വരിച്ചു കൃതാർത്ഥയായേക്കാം. മററു പ്രാകൃതന്മാരെ ലഭിച്ചിട്ടെന്തുകാര്യം? "ലക്ഷ്മീദേവി ഇപ്രകാരം പര്യാലോചിച്ച് ശ്രീഹരിയെ സ്വാഭീഷ്ടവരനായി വരിച്ചു

24. തസ്യാംസദേശ ഉശതീം നവകഞ്ജമാലാം
മാദ്യന്മധുവ്രതവരൂഥഗിരോപഘുഷ്ടാം
തസ്ഥൗ നിധായ നികടേ തദുരഃ സ്വധാമ
സവ്രീഡഹാസവികസന്നയനേന യാതാ.

| | |
|---|---|
| തസ്യ | ആ ശ്രീഹരിയുടെ |
| അംസദേശേ | തോളത്തു് |
| ഉശതീം | കമനീയവും |
| മാദ്യന്മധുവ്രതവരൂഥഗിരാ | മത്തഭ്രമരനിവഹത്തിന്റെ ഝങ്കാരനാദത്താൽ |
| ഉപഘുഷ്ടാം | ശബ്ദമുഖരിതവുമായ |
| നവകഞ്ജമാലാം | പുത്തൻ ചെന്താമരപ്പൂമാലയെ |
| നിധായ | അർപ്പിച്ചു്, |
| സ്വധാമ | താൻ കുടികൊള്ളേണ്ടും സ്ഥാനമായ |
| തദുരഃ | അവിടുത്തെ തിരുമാറിലേക്കു് |
| സവ്രീഡഹാസവികസന്നയനേന | ലജ്ജാസഹിതമായ മന്ദഹാസത്താൽ വികസിക്കുന്ന കണ്ണുകൊണ്ടു് |
| യാതാ | എത്തിച്ചേർന്നവളായി |
| നികടെ | തൽസമീപത്തിൽ |
| തസ്ഥൗ | നിന്നു |

25. തസ്യാഃ ശ്രിയസ്ത്രിജഗതോ ജനകോ ജനന്യാ
വക്ഷോനിവാസമകരോത് പരമം വിഭൂതേഃ
ശ്രീഃ സ്വാഃ പ്രജാഃ സകരുണേന നിരീക്ഷണേന
യത്ര സ്ഥിതൈധയത സാധിപതീംസ്ത്രിലോകാൻ

| | |
|---|---|
| ത്രിജഗതഃ | മൂന്നുലോകത്തിന്റെയും |
| ജനകഃ | പിതാവായ ഭഗവാൻ |
| (ത്രിജഗതഃ) | മൂന്നുലോകത്തിന്റെയും |
| ജനന്യാഃ | മാതാവും |
| വിഭൂതേഃ | വിവിധൈശ്വര്യങ്ങളുടെ അധിഷ്ഠാത്രിയുമായ |
| തസ്യാഃ ശ്രിയഃ | ആ ശ്രീഭഗവതിക്കു് |
| വക്ഷഃ | തന്റെ മാറിടത്തെ |
| പരമം | സുസ്ഥിരമായ |
| നിവാസം | നിവാസസ്ഥാനമാക്കി |
| അകരോത് | കല്പിച്ചു. |
| ശ്രീഃ | ശ്രീഭഗവതി |
| യത്ര | ശ്രീനിവാസന്റെ യാതൊരു തിരുമാറിൽ |
| സ്ഥിതാ | സ്ഥിതയായിട്ടു് |
| സകരുണേന | കരുണാമസൃണമായ |
| നിരീക്ഷണേന | കടാക്ഷവീക്ഷണത്താൽ |
| സ്വാഃ പ്രജാഃ | സ്വന്തം സന്താനങ്ങളായ |
| ത്രിലോകാൻ | ത്രിലോകവാസികളെ |
| സാധിപതീൻ | ലോകാധിപന്മാരോടു കൂടെ |
| ഐധയത | സമൃദ്ധരാക്കിക്കൊണ്ടു വന്നു. |

26. ശംഖതൂര്യമൃദംഗാനാം വാദിത്രാണാം പൃഥുഃ സ്വനഃ
ദേവാനുഗാനാം സസ്ത്രീണാം നൃത്യതാം ഗായതാമഭൂത്.

| | | | |
|---|---|---|---|
| ശംഖതൂര്യ— മൃദംഗാനാം | ശംഖ്, ഭേരി, മൃദംഗം എന്നിങ്ങനെയുള്ള | ഗായതാം | പാട്ടുപാടുകയും ചെയ്യുന്ന |
| | | ദേവാനുഗാനാം | ദേവാനുചരന്മാരുടെയും |
| വാദിത്രാണാം | വാദ്യങ്ങളുടെയും | പൃഥുഃ | വമ്പിച്ച |
| സസ്ത്രീണാം | അപ്സരസ്ത്രീകളോടുകൂടി | സ്വനഃ | ശബ്ദകോലാഹലം |
| നൃത്യതാം | ആട്ടമാടുകയും | അഭൂത് | സംഭവിച്ചു. |

27. **ബ്രഹ്മരുദ്രാംഗിരോമുഖ്യാഃ സർവ്വേ വിശ്വസൃജോ വിഭും**
**ഈഡിരേƒവിതഥൈർമന്ത്രൈസ്തല്ലിംഗൈഃ പുഷ്പവർഷിണഃ**

| | | | |
|---|---|---|---|
| ബ്രഹ്മരുദ്രാം— ഗിരോമുഖ്യാഃ | ബ്രഹ്മാവ്, രുദ്രൻ, അംഗിരസ്സ് മുതലായ | തല്ലിംഗൈഃ | തന്തിരുവടിയുടെ മാഹാത്മ്യത്തെ ദ്യോതിപ്പിക്കുന്ന |
| വിശ്വസൃജഃ | വിശ്വസ്രഷ്ടാക്കൾ | അവിതഥൈഃ | യഥാർത്ഥവർണ്ണനാപരങ്ങളായ |
| സർവ്വേ | എല്ലാവരും | | |
| പുഷ്പവർഷിണഃ | പുഷ്പവർഷം ചെയ്തുകൊണ്ട് | മന്ത്രൈഃ | വേദസൂക്തങ്ങളാൽ |
| വിഭും | വിഭുവായ ശ്രീഹരിയെ | ഈഡിരേ | സ്തുതിച്ചു. |

28. **ശ്രിയാ വിലോകിതാ ദേവാഃ സപ്രജാപതയഃ പ്രജാഃ**
**ശീലാദിഗുണസമ്പന്നാ ലേഭിരേ നിർവൃതിം പരാം.**

| | | | |
|---|---|---|---|
| ദേവാഃ | ദേവന്മാരും | ശീലാദിഗുണ— സമ്പന്നാഃ | സൗശീല്യാദി സദ്ഗുണങ്ങളും തികഞ്ഞവരായി |
| സപ്രജാ- പതയഃ | പ്രജാപാലകന്മാരോടുകൂടിയുമിരിക്കുന്ന | | |
| പ്രജാഃ | പ്രജകളും | പരാം | അത്യധികമായ |
| ശ്രിയാ | ശ്രീഭഗവതിയാൽ | നിർവൃതിം | ആനന്ദത്തെ |
| വിലോകിതാഃ | കടാക്ഷിക്കപ്പെട്ട് | ലേഭിരേ | പ്രാപിച്ചു. |

29. **നിഃസത്ത്വാ ലോലുപാ രാജൻ നിരുദ്യോഗാ ഗതത്രപാഃ**
**യദാ ചോപേക്ഷിതാ ലക്ഷ്മ്യാ ബഭൂവുർദൈത്യദാനവാഃ**

| | | | |
|---|---|---|---|
| രാജൻ | അല്ലയോ രാജാവേ! | നിഃസത്ത്വാഃ | നിർബലന്മാരും |
| ദൈത്യ- ദാനവാഃ | ദിതിയുടെയും ദനുവിന്റേയും സന്താനപരമ്പരയിലുണ്ടായ അസുരന്മാർ | നിരുദ്യോഗാഃ | നിരുത്സാഹികളും |
| | | ഗതത്രപാഃ | നിർല്ലജ്ജന്മാരും |
| യദാ ച | എപ്പോൾ | ലോലുപാഃ | അത്യാശപിടിച്ചവരുമായി |
| ലക്ഷ്മ്യാ | ലക്ഷ്മീദേവിയാൽ | | |
| ഉപേക്ഷിതാഃ | ഉപേക്ഷിക്കപ്പെട്ടവരായോ, അപ്പോൾ | ബഭൂവുഃ | ഭവിച്ചു. |

30. **അഥാസീദ്വാരുണീ ദേവീ കന്യാ കമലലോചനാ**
**അസുരാ ജഗൃഹുസ്താം വൈ ഹരേരനുമതേന തേ.**

| | |
|---|---|
| അഥ | വീണ്ടും മഥനം നടന്നുകൊണ്ടിരിക്കവേ; |
| വാരുണീ | വരുണനോടു ബന്ധപ്പെട്ട |
| ദേവീ | സുരാദേവി (മദ്യദേവത) |
| കമല–ലോചനാ | ചെന്താമരപോലെ ചെന്നിറമുള്ള കണ്ണിണയോടു കൂടിയ |
| കന്യാ | പെൺകിടാവായിട്ട് |
| ആസീത് | ആവിർഭവിച്ചു. |
| താം വൈ | അവളെയാകട്ടെ |
| ഹരേഃ | മഹാവിഷ്ണുവിന്റെ |
| അനുമതേന | അനുമതിയോടെ |
| തേ അസുരാഃ | ആ അസുരന്മാർ |
| ജഗൃഹുഃ | സ്വീകരിച്ചു. |

**31. അഥോദധേർമഥ്യമാനാത് കാശ്യപൈരമൃതാർത്ഥിഭിഃ**
**ഉദതിഷ്ഠന്മഹാരാജ പുരുഷഃ പരമാദ്ഭുതഃ**

| | |
|---|---|
| മഹാരാജ | മഹാരാജാവേ! |
| അമൃതാർത്ഥിഭിഃ | അമൃതാഭിലാഷികളായ |
| കാശ്യപൈഃ | ദേവാസുരന്മാരാൽ |
| അഥ | വീണ്ടും |
| മഥ്യമാനാത് | മഥനം ചെയ്യപ്പെട്ടുകൊണ്ടിരുന്ന |
| ഉദധേഃ | പാല്ക്കടലിൽനിന്നു് |
| പരമാദ്ഭുതഃ | അത്യാശ്ചര്യപ്രദനായ |
| പുരുഷഃ | ഒരു പുരുഷൻ |
| ഉദതിഷ്ഠത് | ഉത്ഥാനംചെയ്തു. |

**32. ദീർഘപീവരദോർദണ്ഡഃ കംബുഗ്രീവോഽരുണേക്ഷണഃ**
**ശ്യാമളസ്തരുണഃ സ്രഗ്വീ സർവ്വാഭരണഭൂഷിതഃ**

**33. പീതവാസാ മഹോരസ്കഃ സുമൃഷ്ടമണികുണ്ഡലഃ**
**സ്നിഗ്ദ്ധകുഞ്ചിതകേശാന്തഃ സുഭഗഃ സിംഹവിക്രമഃ**

**34. അമൃതാപൂർണ്ണകലശം ബിഭ്രദ് വലയഭൂഷിതഃ**
**സ വൈ ഭഗവതഃ സാക്ഷാദ്വിഷ്ണോരംശാംശസംഭവഃ**
**ധന്വന്തരിരിതി ഖ്യാത ആയുർവേദദൃഗിജ്യഭാക്–**

| | |
|---|---|
| ദീർഘപീവര-ദോർദണ്ഡഃ | നീണ്ടുതടിച്ച കൈത്തണ്ടുകളോടുകൂടിയവനായി— |
| കംബുഗ്രീവഃ | ശംഖുപോലെ ത്രിരേഖാങ്കിതമായ കണ്ഠത്തോടു കൂടിയവനായി— |
| അരുണേ–ക്ഷണഃ | ചുവന്ന കണ്ണിണയോടു കൂടിയവനായി |
| ശ്യാമളഃ | ശ്യാമാഭനായി— |
| തരുണഃ | യൗവനയുക്തനായി— |
| സ്രഗ്വീ | പൂമാലയണിഞ്ഞു്, |
| സർവ്വാഭരണ-ഭൂഷിതഃ | സർവ്വാഭരണങ്ങളാലും അലംകൃതനായി— |
| പീതവാസാഃ | മഞ്ഞപ്പട്ടുടുത്തു്, |
| മഹോരസ്കഃ | വിരിഞ്ഞ മാറിടത്തോടു കൂടിയവനായി— |
| സുമൃഷ്ടമണി-കുണ്ഡലഃ | തിളക്കംകൊള്ളുന്ന രത്നകുണ്ഡലങ്ങളണിഞ്ഞു്, |
| സ്നിഗ്ദ്ധകു-ഞ്ചിത-കേശാന്തഃ | മിനുത്തു് അററം ചുരുണ്ട തലമുടിയോടുകൂടിയവനായി— |

| | | | |
|---|---|---|---|
| സിംഹ–വിക്രമഃ | സിംഹപരാക്രമിയായി— | സാക്ഷാത് | സാക്ഷാൽ |
| വലയഭൂഷിതഃ | കങ്കണാലംകൃതനായി— | വിഷ്ണോഃ | മഹാവിഷ്ണുവിന്റെ |
| സുഭഗഃ | പരമസുന്ദരനായി— | അംശാംശ–സംഭവഃ | അംശത്തിന്റെ അംശം കൊണ്ടു് അവതരിച്ചവനും |
| അമൃതാപൂർണ്ണ-കലശം | അമൃതുകൊണ്ടു മുററും നിറഞ്ഞ കുംഭത്തെ | ഇജ്യഭാക് | യജ്ഞങ്ങളിൽ ഹവിർഭാഗത്തിന്നു് അധികാരിയും |
| ബിഭ്രത് | വഹിച്ചുകൊണ്ടു് ഉത്ഥിതനായ | ധന്വന്തരിഃ ഇതി ഖ്യാതഃ | 'ധന്വന്തരി' എന്ന നാമത്താൽ വിഖ്യാതനുമായ |
| സഃ വൈ | ആ പുരുഷനാകട്ടെ | ആയുർ–വേദദൃക് | 'ആയുർവേദ വിജ്ഞാനത്തിന്റെ പ്രവർത്തകനായിരുന്നു. |
| ഭഗവതഃ | ഭഗവാനായ | | |

35. **തമാലോക്യാസുരാഃ സർവേ കലശം ചാമൃതാഭൃതം**
**ലിപ്സന്തഃ സർവവസ്തൂനി കലശം തരസാഽഹരൻ**

| | | | |
|---|---|---|---|
| അസുരാഃ | അസുരന്മാർ | ആലോക്യ | കണ്ടിട്ടു് |
| സർവേ | മുഴുവനും | സർവവസ്തൂനി | എല്ലാ വസ്തുക്കളെയും |
| തം | ആ ധന്വന്തരിയെയും | ലിപ്സന്തഃ | അടക്കാനാശിച്ചുകൊണ്ടു് |
| അമൃതാഭൃതം | അമൃതപരിപൂർണ്ണമായ | കലശം | കലശത്തെ |
| കലശം ച | കലശത്തെയും | തരസാ | ബലാൽക്കാരേണ |
| | | അഹരൻ | തട്ടിയെടുത്തു. |

36. **നീയമാനേഽസുരൈസ്തസ്മിൻ കലശേഽമൃതഭാജനേ**
**വിഷണ്ണമനസോ ദേവാ ഹരിം ശരണമായയുഃ**

| | | | |
|---|---|---|---|
| അമൃത–ഭാജനേ | അമൃതു നിറച്ച പാത്രമായ | വിഷണ്ണ–മനസഃ | വിഷണ്ണചിത്തരായി ഭവിച്ചു |
| തസ്മിൻ | ആ | ദേവാഃ | ദേവന്മാർ |
| കലശേ | കലശം | ഹരിം | ശ്രീ മഹാവിഷ്ണുവിനെ |
| അസുരൈഃ | അസുരന്മാരാൽ | ശരണം ആയയുഃ | ശരണം പ്രാപിച്ചു. |
| നീയമാനേ | കൊണ്ടുപോകപ്പെടവേ, | | |

37. **ഇതി തദ്ദൈന്യമാലോക്യ ഭഗവാൻ ഭൃത്യകാമകൃത്**
**മാ ഖിദ്യത മിഥോഽർത്ഥം വഃ സാധയിഷ്യേ സ്വമായയാ.**

| | | | |
|---|---|---|---|
| ഇതി | ഈ വിധം | ഭൃത്യകാമ–കൃത് | ഭക്തന്മാരുടെ അഭീഷ്ടത്തെ നിറവേററിക്കൊടുക്കുന്ന |
| തദ്ദൈന്യം | അവരുടെ ദയനീയാവസ്ഥയെ | ഭഗവാൻ | ശ്രീവിഷ്ണുഭഗവാൻ |
| ആലോക്യ | കണ്ടു്, | (താൻ ആഹ) | അവരോടു പറഞ്ഞു— |

| | | | |
|---|---|---|---|
| ''മാ ഖിദ്യത'' | ഖേദിക്കരുതു്; | മിഥഃ | അസുരന്മാക്കിടയിൽ |
| വഃ അർത്ഥം | നിങ്ങളുടെ കാര്യം | | വഴക്കുണ്ടാക്കിത്തീർത്തു് |
| സ്വമായയാ | എന്റെ മായകൊണ്ടു് | സാധയിഷ്യേ | സാധിപ്പിച്ചുകൊള്ളാം.'' |

38. **മിഥഃ കലിരഭൂത്തേഷാം തദർത്ഥേ തർഷചേതസാം**
**അഹം പൂർവമഹം പൂർവം ന ത്വം നത്വമിതി പ്രഭോ.**

| | | | |
|---|---|---|---|
| പ്രഭോ | മഹാരാജാവേ! | കലിഃ | കലഹം |
| തദർത്ഥേ | അതിന്റെ (അമൃതിന്റെ) വേണ്ടി | അഭൂത് | ഉദ്ഭവിച്ചു— |
| | | അഹം പൂർവ്വം | ''ഞാൻ മുമ്പേ, |
| തർഷചേതസാം | കൊതിമുഴുത്ത ചിത്ത | അഹം പൂർവ്വം | ഞാൻ മുമ്പേ; |
| | ത്തോടുകൂടിയ | ന ത്വം | നീയല്ല, |
| തേഷാം | അവരുടെ ഇടയിൽ | നത്വം | നീയല്ല.'' |
| മിഥഃ | പരസ്പരം | ഇതി | എന്നിങ്ങനെ തക്കമായി. |

അസുരന്മാരിൽ ശക്തരായവർ അന്യോന്യം മൽപ്പിടിത്തം നടത്തിക്കൊണ്ടിരിക്കെ അശക്തരായവർ ധർമ്മത്തിന്റെയും നീതിയുടെയും പേരിൽ ആക്രോശിച്ചുതുടങ്ങി. ആയതു രണ്ടു ശ്ലോകം കാണിക്കുന്നു—

39. **ദേവാഃ സ്വം ഭാഗമർഹന്തി യേ തുല്യായാസഹേതവഃ**
**സത്രയാഗ ഇവൈതസ്മിന്നേഷ ധർമ്മഃ സനാതനഃ**

40. **ഇതി സ്വാൻ പ്രത്യഷേധൻ വൈ ദൈതേയാ ജാതമത്സരാഃ**
**ദുർബലാഃ സബലാൻ രാജൻ ഗൃഹീതകലശാൻ മുഹുഃ**

| | | | |
|---|---|---|---|
| യേ | ''യാതൊരുവർ | രാജൻ | രാജാവേ! |
| തുല്യായാസഹേതവഃ | തുല്യപ്രയത്നംകൊണ്ടു കാര്യസിദ്ധിക്കു ഹേതുഭൂതന്മാരായിരുന്നുവോ, | ഇതി | ഇങ്ങനെയെല്ലാം വിളിച്ചുപറഞ്ഞു്, |
| | | ജാതമത്സരാഃ | അസഹിഷ്ണുത ബാധിച്ചവരും |
| (തേ) ദേവാഃ | ആ ദേവന്മാർ | | |
| സത്രയാഗേ | സത്രയാഗത്തിൽ | ദുർബലാഃ | ശക്തി കുറഞ്ഞവരുമായ |
| ഇവ | എന്നപോലെ | ദൈതേയാഃ | ഏതാനും അസുരന്മാർ |
| ഏതസ്മിൻ | ഇതിലും | സബലാൻ | ശക്തി കൂടിയവരും |
| സ്വം ഭാഗം | തങ്ങൾക്കുള്ള പങ്കിനെ | ഗൃഹീതകലശാൻ | അമൃതകുംഭത്തെ കൈയടക്കിവച്ചിരിക്കുന്നവരുമായ |
| അർഹന്തി | അർഹിക്കുന്നുണ്ടു്. | | |
| ഏഷഃ | ഇതു് | സ്വാൻ | സ്വജനങ്ങളെ |
| സനാതനഃ | സനാതനമായ | മുഹുഃ വൈ | അടിക്കടി |
| ധർമ്മഃ | ധർമ്മമാകുന്നു.'' | പ്രത്യഷേധൻ | വിലക്കിക്കൊണ്ടിരുന്നു. |

**41. ഏതസ്മിന്നന്തരേ വിഷ്ണുഃ സർവോപായവിദീശ്വരഃ**
**യോഷിദ്രൂപമനിർദ്ദേശ്യം ദധാര പരമാദ്ഭുതം.**

| | | | |
|---|---|---|---|
| ഏതസ്മിൻ അന്തരേ | ഇതിനിടയിൽ | വിഷ്ണുഃ | വിഷ്ണുഭഗവാൻ |
| | | പരമാദ്ഭുതം | അത്യാശ്ചര്യകരവും |
| സർവോപായവിദ് | സകലോപായങ്ങളുടെ പരിജ്ഞാതാവായും | അനിർദ്ദേശ്യം | അവർണ്ണനീയവുമായ |
| | | യോഷിദ്രൂപം | സ്ത്രീരൂപത്തെ |
| ഈശ്വരഃ | സർവ്വശക്തനായുമുള്ള | ദധാര | ധരിച്ചു. |

ഈ മായാമോഹിനീരൂപത്തെ ഇനി അഞ്ചു ശ്ലോകംകൊണ്ടു വർണ്ണിക്കുന്നു.

**42. പ്രേക്ഷണീയോത്പലശ്യാമം സർവാവയവസുന്ദരം**
**സമാനകർണ്ണാഭരണം സുകപോലോന്നസാനനം**

**43. നവയൗവനനിർവൃത്തസ്തനഭാരകൃശോദരം**
**മുഖാമോദാനുരക്താളിഝംകാരോദ്വിഗ്നലോചനം**

**44. ബിഭ്രത് സ്വകേശഭാരേണ മാലാമുത്ഫുല്ലമല്ലികാം**
**സുഗ്രീവകണ്ഠാഭരണം സുഭുജാംഗദഭൂഷിതം**

**45. വിരജാംബരസംവീത നിതംബദ്വീപശോഭയാ**
**കാഞ്ച്യാ പ്രവിലസദ്വല്ഗുചലച്ചരണനൂപുരം**

**46. സവ്രീഡസ്മിതവിക്ഷിപ്ത ഭ്രൂവിലാസാവലോകനൈഃ**
**ദൈത്യയൂഥപചേതഃസു കാമമുദ്ദീപയന്മുഹുഃ**

| | |
|---|---|
| പ്രേക്ഷണീയോത്പല ശ്യാമം | കാഴ്ചയിൽ കമനീയമായും നീലത്താമരപ്പൂതുല്യം ശ്യാമാഭവുമായ_ |
| സർവ്വാവയവസുന്ദരം | അംഗപ്രത്യംഗങ്ങളുടെയെല്ലാം സമുചിത സന്നിവേശത്താൽ ആകർഷകമായ_ |
| സമാന_ കർണ്ണാഭരണം | ഒന്നിനോടൊന്നു ചേർച്ചയുള്ള കാതുകളിൽ കുണ്ഡലങ്ങളണിഞ്ഞതുമായ_ |
| സുകപോ- ലോന്നസാ- നനം | തിളങ്ങുന്ന കവിൾത്തടവും ഉയർന്ന നാസികയും ചേർന്ന മുഖമണ്ഡലത്തോടു കൂടിയ_ |
| നവയൗവന- നിർവൃത്ത- | പുതുയൗവനത്താൽ തിങ്ങിപ്പൊങ്ങിവളർന്ന |
| സ്തനഭാര- കൃശോദരം | സ്തനങ്ങളുടെ ഭാരംകൊണ്ടു കൃശമായ ഉദരത്തോടു കൂടിയ_ |
| മുഖാമോദാ- നുരക്താളി- | മുഖസൗരഭ്യത്തിൽ ആസക്തിയാർന്നെത്തിയ വണ്ടുകളുടെ |
| ഝംകാരോ- ദ്വിഗ്നലോ- ചനം | ഝംകാരനാദത്താൽ സംഭ്രാന്തമായ കണ്ണിണയോടുകൂടിയ_ |
| ഉത്ഫുല്ല- മല്ലികാം | വിരിഞ്ഞ മല്ലികപ്പൂക്കൾ കൊണ്ടു തൊടുത്തുണ്ടാക്കിയ |

| | |
|---|---|
| മാലാം | മാലയെ |
| സ്വകേശ-ഭാരേണ | തന്റെ ഭാരിച്ച കരിംകൂന്തൽകെട്ടുകൊണ്ട് |
| ബിഭ്രത് | താങ്ങിയിരിക്കുന്ന— |
| സുഗ്രീവ-കണ്ഠാഭരണം | അഴകാൎന്ന കഴുത്തിൽ കണ്ഠാഭരണങ്ങളണിഞ്ഞ |
| സുഭുജാംഗദ ഭൂഷിതം | സുന്ദരങ്ങളായ ഭുജങ്ങളിൽ തോൾവളകളാൽ അലങ്കരിച്ച— |
| വിരജാംബര-സംവീത- | നിൎമ്മലമായ ഉടുപുടവ കൊണ്ടുമറയ്ക്കപ്പെട്ടിരിക്കുന്ന |
| നിതംബ-ദ്വീപശോ-ഭയാ | നിതംബത്തുരുത്തിന്റെ കാന്തിയോടുകൂടിച്ചേൎന്ന |
| കാഞ്ച്യാ | ഒഡ്യാണത്താൽ |
| പ്രവിലസത് | പരിലസിക്കുന്ന— |
| വല്ഗുചല-ച്ചരണ-നൂപുരം | മനോഹരമായി കിലുങ്ങുന്ന കാൽച്ചിലങ്കകളോടുകൂടിയ — |
| സവ്രീഡ-സ്മിത- | ലജ്ജാമിശ്രിതമായ മന്ദഹാസത്തോടെ |
| വിക്ഷിപ്ത- | വെട്ടിച്ച |
| ഭ്രൂവിലാ-സാവലോ-കനൈഃ | പുരികക്കൊടികളുടെ ശൃംഗാരചേഷ്ടയോടുകൂടിയ കടാക്ഷവീക്ഷണങ്ങളാൽ |
| ദൈത്യയൂഥ-പചേതഃസു | അസുരസംഘത്തലവന്മാരുടെ മാനസങ്ങളിൽ |
| മുഹുഃ | മേൽക്കുമേൽ |
| കാമം | മദനവികാരത്തെ |
| ഉദ്ദീപയത് | വളൎത്തിക്കൊണ്ടിരുന്ന (മോഹിനീ രൂപത്തെ ഭഗവാൻ ധരിച്ചു) |

ഇതി ശ്രീമദ് ഭാഗവതേ മഹാപുരാണേ

അഷ്ടമസ്കന്ധേ അഷ്ടമോऽധ്യായഃ

ആദിതഃ ശ്ലോകാഃ — 306

അഷ്ടമസ്കന്ധത്തിൽ എട്ടാമദ്ധ്യായം കഴിഞ്ഞു.

# നവമോഽധ്യായഃ — അധ്യായം ഒമ്പത്

## അസുരന്മാർക്കു പററിയ അമിളി

''നവമേ മോഹിനൈർദേത്യൈരപ്പ്രീതേഽമൃതഭാജനേ
തദ്വഞ്ചനേന ദേവേഭ്യോഽമൃതം ദത്തമിതീര്യതേ''

വിഷ്ണുമായാമോഹിതരായ അസുരന്മാർ സമവിതരണത്തിന്നായി അമൃതകലശം ഏല്പിച്ചുകൊടുത്തപ്പോഠം മായാമോഹിനി അവരെ വഞ്ചിച്ച് ദേവന്മാരെമാത്രം അമൃതൂട്ടിയകഥ ഈ ഒമ്പതാമധ്യായത്തിൽ പറയുന്നു.

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു_

1. **തേഽന്യോന്യതോഽസുരാഃ പാത്രം ഹരന്തസ്ത്യക്തസൗഹൃദാഃ**
**ക്ഷിപന്തോ ദസ്യുധർമ്മാണ ആയാന്തീം ദദൃശുഃ സ്ത്രിയം.**

| | | | |
|---|---|---|---|
| അന്യോന്യതഃ | തമ്മിൽത്തമ്മിൽ | പാത്രം | അമൃതകലശത്തെ |
| ത്യക്ത–സൗഹൃദാഃ | സുഹൃദ്ബന്ധം വിട്ടു കളഞ്ഞവരായി | ഹരന്തഃ | തട്ടിപ്പറിച്ചുകൊണ്ടും വർത്തിച്ചിരുന്ന |
| ക്ഷിപന്തഃ | ശകാരവർഷം ചൊരിഞ്ഞുകൊണ്ടും | തേ അസുരാഃ | ആ അസുരന്മാർ |
| | | സ്ത്രിയം | ഒരു സ്ത്രീരത്നത്തെ |
| ദസ്യുധർമ്മാണഃ | കള്ളന്മാരുടെ അടവെടുത്തു് | ആയാന്തീം | വരുന്നതായിട്ട് |
| | | ദദൃശുഃ | കണ്ടു |

2. **അഹോ രൂപമഹോ ധാമ അഹോ അസ്യാ നവം വയഃ**
**ഇതി തേ താമഭിദ്രുത്യ പപ്രച്ഛുർജാതഹൃച്ഛയാഃ.**

| | | | |
|---|---|---|---|
| അഹോ രൂപം | ''ആഹാ, എന്തൊരഴക്! | ഇതി | എന്നിങ്ങനെ പുലമ്പിക്കൊണ്ടു് |
| അഹോ ധാമ | ആഹാ, എന്തൊരു കാന്തി! | ജാത–ഹൃച്ഛയാഃ | സംജാതമായ കാമാർത്തിയോടുകൂടിയവരായിത്തീർന്ന |
| അസ്യാഃ | ഇവളുടെ | | |
| നവം | നൂതനമായ | തേ | അവർ |
| | | താം | അവളുടെ നേക്ക് |
| വയഃ | യൗവനപ്രായം | അഭിദ്രുത്യ | പാഞ്ഞണഞ്ഞു് |
| അഹോ | ഹായ്, ഹായ്! '' | പപ്രച്ഛുഃ | ചോദ്യം തുടങ്ങി |

3. **കാ ത്വം കഞ്ജപലാശാക്ഷി കുതോ വാ കിം ചികീർഷസി**
**കസ്യാസി വദ വാമോരു മഥ്നന്തീവ മനാംസി നഃ.**

| | | | |
|---|---|---|---|
| കഞ്ജപലാശാക്ഷി | കമലദളനയനേ! | കസ്യ അസി | നീ ആരുടെയാണ് |
| | | വദ | പറയൂ; |
| കാ ത്വം | നീയാര് | വാമോരു | മോഹനാംഗി! |
| കുതോ വാ | എങ്ങുനിന്നാണ്? | നഃ | ഞങ്ങളുടെ |
| | | മനാംസി | മാനസങ്ങളെ |
| കിം | എന്ത് | മഥ്നന്തി ഇവ | നീ വല്ലാതെ ഇളക്കി മറിക്കുന്നുവല്ലോ. |
| ചികീർഷസി | ചെയ്യാനുദ്ദേശിക്കുന്നു? | | |

4. **ന വയം ത്വാമമരൈർദൈത്യൈഃ സിദ്ധഗന്ധർവ്വചാരണൈഃ**
**നാസ്പൃഷ്ടപൂർവ്വാം ജാനീമോ ലോകേശൈശ്ച കുതോ നൃഭിഃ.**

| | | | |
|---|---|---|---|
| അമരൈഃ | ദേവന്മാരാലും, | ത്വാം | നിന്നെ |
| ദൈത്യൈഃ | അസുരന്മാരാലും, | വയം | ഞങ്ങൾ |
| സിദ്ധഗന്ധർവ്വചാരണൈഃ | സിദ്ധന്മാർ, ഗന്ധർവ്വന്മാർ, ചാരണന്മാർ എന്നിവരാലും | ന ജാനീമഃ ന | അറിയുന്നില്ലെന്നില്ല (തികച്ചും അറിയുന്നുണ്ട്.) |
| ലോകേശൈശ്ച | ലോകപാലന്മാരാൽ കൂടിയും | നൃഭിഃ | മനുഷ്യരാൽ സ്പർശിക്കപ്പെടുക |
| അസ്പൃഷ്ടപൂർവ്വാം | മുമ്പുസ്പർശിക്കപ്പെട്ടിട്ടില്ലാത്തവളായിട്ട് | കുതഃ | എങ്ങനെ സംഭാവ്യമാകും? |

5. **നൂനം ത്വം വിധിനാ സുഭ്രൂഃ പ്രേഷിതാസി ശരീരിണാം.**
**സർവ്വേന്ദ്രിയമനഃപ്രീതിം വിധാതും സഘൃണേന കിം.**

| | | | |
|---|---|---|---|
| സുഭ്രൂഃ ത്വം | സുന്ദരി! നീ | സഘൃണേന | കാരുണികനായ |
| ശരീരിണാം | ശരീരികൾക്ക് | വിധിനാ | ദൈവത്താൽ |
| സർവ്വേന്ദ്രിയമനഃപ്രീതിം | സമസ്തേന്ദ്രിയങ്ങളുടെയും മനസ്സിന്റെയും സംതൃപ്തിയെ | പ്രേഷിതാ | അയയ്ക്കപ്പെട്ടവൾ |
| | | അസി നൂനം | ആയിരിക്കാം, |
| വിധാതും | ഉളവാക്കുവാൻവേണ്ടി | കിം | അല്ലേ? |

6. **സാ ത്വം നഃ സ്പർദ്ധമാനാനാമേകവസ്തുനി മാനിനി**
**ജ്ഞാതീനാം ബദ്ധവൈരാണാം ശം വിധത്സ്വ സുമധ്യമേ**

| | | | |
|---|---|---|---|
| മാനിനി | അല്ലയോ മാനശാലിനി! | ഏകവസ്തുനി | ഒരുപദാർത്ഥത്തെ നിമിത്തീകരിച്ച് |
| സുമധ്യമേ | അല്ലയോ കൃശോദരി! | | |
| സാ ത്വം | അങ്ങനെയുള്ള ഭവതി | സ്പർദ്ധമാനാനാം | അന്യോന്യം മത്സരിക്കുന്നവരും |
| ജ്ഞാതീനാം | ഉറ്റബന്ധുക്കളെങ്കിലും | | |

| | | | |
|---|---|---|---|
| ബദ്ധ-വൈരാണാം | വിദ്വേഷബുദ്ധിവേന്റി രിക്കുന്നവരുമായ | ശം വിധത്സ്വ | മനഃസമാധാനം ഉണ്ടാക്കിത്തരണം |
| നഃ | ഞങ്ങൾക്ക് | | |

7. വയം കശ്യപദായാദാ ഭ്രാതരഃ കൃതപൗരുഷാഃ
വിഭജസ്വ യഥാന്യായം നൈവ ഭേദോ യഥാ ഭവേത്.

| | | | |
|---|---|---|---|
| വയം | ഞങ്ങൾ(ദേവാസുരന്മാർ) | യഥാ | എപ്രകാരമായാൽ |
| കശ്യപ-ദായാദാഃ | കശ്യപപ്രജാപതിയുടെ സന്താനപരമ്പരയിലുള്ള വരും | ഭേദഃ | വഴക്കും വക്കാണവും |
| | | ന ഭവേത് ഏവ | തീരെ ഉണ്ടാകാനിടവരി കയില്ലയോ, അപ്രകാരം |
| ഭ്രാതരഃ | ജ്യേഷ്ഠാനുജന്മാരും | യഥാന്യായം | നീതിപൂർവ്വമായി (ഞങ്ങളു ടെ പ്രയത്നഫലത്തെ) |
| കൃതപൗരുഷാഃ | ഒരുപോലെ പുരുഷപ്രയ ത്നം ചെയ്തവരുമാണ്. | വിഭജസ്വ | വിഭജിച്ചുതരിക |

8. ഇത്യുപാമന്ത്രിതോ ദൈത്യൈർമ്മായായോഷിദ്വപുർഹരിഃ
പ്രഹസ്യ രുചിരാപാംഗൈർനിരീക്ഷന്നിദമബ്രവീത്.

| | | | |
|---|---|---|---|
| മായാ-യോഷിദ്വപുഃ | മായാമോഹിനീരൂപം ധരിച്ചിരിക്കുന്ന | പ്രഹസ്യ | നന്നായി ചിരിച്ച് |
| ഹരിഃ | മഹാവിഷ്ണു | രുചിരാ-പാംഗൈഃ | സമ്മോഹനങ്ങളായ കടക്കണ്ണുകളാൽ |
| ഇതി | ഇപ്രകാരം | നിരീക്ഷൻ | നോക്കിക്കൊണ്ട് |
| ദൈത്യൈഃ | അസുരന്മാരാൽ | ഇദം | ഇങ്ങനെ |
| ഉപാമന്ത്രിതഃ | ക്ഷണിക്കപ്പെട്ടപ്പോൾ | അബ്രവീത് | പറഞ്ഞു. |

ശ്രീ ഭഗവാനുവാച = ശ്രീഭഗവാൻ( മോഹിനി ) പറഞ്ഞു

9. കഥം കശ്യപദായാദാഃ പുംശ്ചല്യാം മയി സംഗതാഃ
വിശ്വാസം പണ്ഡിതോ ജാതു കാമിനീഷു ന യാതി ഹി.

| | | | |
|---|---|---|---|
| കശ്യപ-ദായാദാഃ | കശ്യപപ്രജാപതിയുടെ സന്താനപരമ്പരയിലു ള്ളവർ | സംഗതാഃ | മതിപ്പുള്ളവരായി? |
| | | പണ്ഡിതഃ | അറിവുള്ളവൻ |
| | | ജാതു | ഒരിക്കലും |
| പുംശ്ചല്യാം | കേവലം വേശ്യയായ | കാമിനീഷു | കാമിനിമാരിൽ |
| മയി | എന്നിൽ | വിശ്വാസം ന യാതി ഹി | വിശ്വാസംകൊള്ളു കയില്ലല്ലോ. |
| കഥം | എങ്ങനെ | | |

10. സാലാവൃകാണാം സ്ത്രീണാം ച സ്വൈരിണീനാം സുരദ്വിഷഃ
സഖ്യാന്യാഹുരനിത്യാനി നൂത്നം നൂത്നം വിചിന്വതാം.

| | | | |
|---|---|---|---|
| സുരദ്വിഷഃ | അല്ലയോ അസുരന്മാരേ! | സ്വൈരിണീനാം | തന്നിഷ്ടംപോലെ നടക്കുന്ന വേശ്യകളായ |
| സാലാവൃകാണാം | ചെന്നായ്ക്കളുടെയും | സ്ത്രീണാം | സ്ത്രീകളുടെയും |
| | | സഖ്യാനി | സ്നേഹബന്ധങ്ങൾ |
| നൂതനം നൂതനം | പുതിയ പുതിയ ആളെ | അനിത്യാനി | സുസ്ഥിരങ്ങളല്ലെന്ന് |
| വിചിന്വതാം | തേടിക്കൊണ്ട് | ആഹുഃ | പറയാറുണ്ട് |

**ശ്രീ ശുക ഉവാച = ശ്രീ ശുകൻ പറഞ്ഞു**

11. **ഇതി തേ ക്ഷ്വേലിതൈസ്തസ്യാ ആശ്വസ്തമനസോഽസുരാഃ**
**ജഹസുർ ഭാവഗംഭീരം ദദുശ്ചാമൃതഭാജനം.**

| | | | |
|---|---|---|---|
| ഇതി | ഈ വിധം | ഭാവഗംഭീരം | ഏതോ മനഃസങ്കല്പത്താൽ ആഴ്ന്നിരിക്കും തരത്തിൽ |
| തസ്യാഃ | അവളുടെ | | |
| ക്ഷ്വേലിതൈഃ | വിനോദവചനങ്ങളാൽ | ജഹസുഃ | ചിരിച്ചു; |
| ആശ്വസ്തമനസഃ | മനസ്സിൽ അധികം വിശ്വാസം ജനിച്ച | അമൃതഭാജനം | അമൃതകലശത്തെ (അവളുടെകൈയിൽ) |
| തേ അസുരാഃ | ആ അസുരന്മാർ | ദദുഃ ച | കൊടുക്കുകയും ചെയ്തു. |

12. **തതോ ഗൃഹീത്വാമൃതഭാജനം ഹരിഃ**
**ബഭാഷ ഈഷത്സ്മിതശോഭയാ ഗിരാ**
**യദ്യഭ്യുപേതം ക്വ ച സാധ്വസാധു വാ**
**കൃതം മയാ വോ വിഭജേ സുധാമിമാം.**

| | | | |
|---|---|---|---|
| തതഃ | അനന്തരം | ക്വ ച | "എങ്ങാനും |
| ഹരിഃ | മോഹിനീരൂപം ധരിച്ച ശ്രീഹരി | സാധു | സുബദ്ധമായാലും |
| | | അസാധു വാ | അബദ്ധമായാലും |
| അമൃതഭാജനം | അമൃതകലശത്തെ | മയാ കൃതം | എന്നാൽചെയ്യപ്പെട്ടത് |
| ഗൃഹീത്വാ | ഏറ്റെടുത്ത് | വഃ | നിങ്ങൾക്കെല്ലാം |
| ഈഷത്സ്മിതശോഭയാ | കുറഞ്ഞൊരു പുഞ്ചിരിയുടെകാന്തിയേന്തിയ | അഭ്യുപേതം യദി | സമ്മതമെന്നു വരികയാണെങ്കിൽ |
| ഗിരാ | ഭാഷയോടെ | ഇമാം സുധാം | ഈ അമൃതിനെ |
| ബഭാഷേ | പറഞ്ഞു— | വിഭജേ | ഞാൻ പങ്കുചെയ്തുതരാം." |

13. **ഇത്യഭിവ്യാഹൃതം തസ്യാ ആകർണ്യാസുരപുംഗവാഃ**
**അപ്രമാണവിദസ്തസ്യാസ്തത്തഥേത്യന്വമംസത.**

| | |
|---|---|
| അസുര-പുംഗവാഃ | അസുരശ്രേഷ്ഠന്മാർ |
| തസ്യാഃ | അവളുടെ |
| ഇതി | ഇത്തരത്തിലുള്ള |
| അഭിവ്യാഹൃതം | മധുരഭാഷിതം |
| ആകർണ്യ | കേട്ട്, |
| തസ്യാഃ | അവളുടെ |
| അപ്രമാണ-വിദഃ | പ്രാഭവമെന്തെന്ന് അറിയാത്തവരായിട്ട് (പ്രാഭവം അറിയാത്തവരാകയാൽ) |
| തഥാ ഇതി | 'ശരി' എന്നുപറഞ്ഞ് |
| തത് | അതിനെ |
| അന്വമംസത | അംഗീകരിച്ചു |

14. അഥോപോഷ്യ കൃതസ്നാനാ ഹുത്വാ ച ഹവിഷാനലം
ദത്വാ ഗോവിപ്രഭൂതേഭ്യഃ കൃതസ്വസ്ത്യയനാ ദ്വിജൈഃ

15. യഥോപജോഷം വാസാംസി പരിധായാഹതാനി തേ
കുശേഷു പ്രാവിശൻ സർവ്വേ പ്രാഗഗ്രേഷ്വഭിഭൂഷിതാഃ

| | |
|---|---|
| തേ അഥ | അവർ പിന്നെ |
| ഉപോഷ്യ | ഒരുനേരം ഉപവസിച്ച്, |
| കൃതസ്നാനാഃ | സ്നാനം ചെയ്ത്, |
| ഹവിഷാ | ഹവിസ്സുകൊണ്ട് |
| അനലം | അഗ്നിയെ |
| ഹുത്വാ | ഹോമിച്ചാരാധിച്ച്, |
| ഗോവിപ്ര-ഭൂതേഭ്യഃ | പശുക്കൾക്കും ബ്രാഹ്മണർക്കും മററുബഹുപ്രാണികൾക്കും |
| ദത്വാ ച | അഭീഷ്ടദാനം ചെയ്ത്, |
| ദ്വിജൈഃ | ബ്രാഹ്മണരാൽ |
| കൃതസ്വസ്ത്യ-യനാഃ | നിറവേറ്റപ്പെട്ട മംഗളാചരണത്തോടുകൂടിയവരായി, |
| യഥോപ-ജോഷം | മനഃസംതൃപ്തിപോലെ |
| അഹതാനി | പുതുക്കോടി |
| വാസാംസി | വസ്ത്രങ്ങൾ |
| പരിധായ | ഉടുത്ത്, |
| അഭിഭൂഷിതാഃ | അലംകൃതരുമായിട്ട് |
| പ്രാഗഗ്രേഷു | കിഴക്കോട്ടുതലയ്ക്കാക്കിവെച്ച |
| കുശേഷു | ദർഭപ്പുൽവിരിപ്പുകളിൽ |
| സർവ്വേ | എല്ലാവരും |
| പ്രാവിശൻ | പടിഞ്ഞിരുന്നു. |

16. പ്രാങ്മുഖേഷൂപവിഷ്ടേഷു
സുരേഷു ദിതിജേഷു ച
ധൂമാമോദിതശാലായാം
ജുഷ്ടായാം മാല്യദീപകൈഃ

17. തസ്യാം നരേന്ദ്ര കരഭോരുരുശദ്ദുകൂല-
ശ്രോണീതടാലസഗതിർമദവിഹ്വലാക്ഷീ
സാ കൂജതീ കനകനൂപുരശിഞ്ജിതേന
കുംഭസ്തനീ കലശപാണിരഥാവിവേശ.

| | |
|---|---|
| മാല്യ-ദീപകൈഃ | മാലകൾകൊണ്ടും മണിവിളക്കുകൾകൊണ്ടും |
| ജുഷ്ടായാം | വിതാനിച്ചലങ്കരിക്കപ്പെട്ടതും |

| | |
|---|---|
| ധൂപാമോദി-തശാലായാം | സുഗന്ധധൂമംകൊണ്ടു സുരഭിലമാക്കപ്പെട്ടതുമായ നെടുംപുരയ്ക്കുള്ളിൽ |
| സുരേഷു | ദേവന്മാരും |
| ദിതിജേഷു ച | അസുരന്മാരും |
| പ്രാങ്മുഖേഷു | കിഴക്കുനോക്കിക്കൊണ്ടു്. |
| ഉപവിഷ്ടേഷു | ഇരുന്നപ്പോൾ, |
| നരേന്ദ്ര | ഹേ മഹാരാജാവേ! |
| ഉശദ്ദുകൂല-ശ്രോണീതടാ-ലസഗതിഃ | അഴകാർന്ന പട്ടുടുത്തു വിപുലമായ നിതംബബിംബത്താൽ അലസമായഗമനത്തോടുകൂടിയ |
| മദവി-ഹ്വലാക്ഷീ | മദവിവശങ്ങളായ നേത്രങ്ങളോടുകൂടിയ |
| കുംഭസ്തനീ | തങ്കക്കുടങ്ങളൊക്കൊത്ത കൊങ്കത്തടകളോടുകൂടിയ- |
| കരഭോരുഃ | കൈവെള്ളപ്പുറംപോലെ വർത്തുലങ്ങളായ തുടകളോടുകൂടിയ— |
| സാ | അവൾ (മായാമോഹിനി) |
| കലശപാണിഃ | കൈയിൽ അമൃതകലശവുമായി |
| കനകനൂപുര-ശിഞ്ജിതേന | പൊൻചിലങ്കകളുടെ കിലുകിലാരവത്താൽ |
| കൂജതീ | ശബ്ദമുണ്ടാക്കിക്കൊണ്ടു് |
| തസ്യാം | ആ ശാലയിൽ |
| അഥ | ഉടനെ |
| ആവിവേശ | രംഗപ്രവേശംചെയ്തു. |

**18.** **താം ശ്രീസഖീം കനകകുണ്ഡലചാരുകർണ്ണ-**
**നാസാകപോലവദനാം പരദേവതാഖ്യാം**
**സംവീക്ഷ്യ സമ്മുമുഹുരുത്സ്മിതവീക്ഷണേന**
**ദേവാസുരാ വിഗലിതസ്തനപട്ടികാന്താം.**

| | |
|---|---|
| കനകകുണ്ഡ-ലചാരുകർണ്ണ-നാസാ-കപോല-വദനാം | കനകമയങ്ങളായ കുണ്ഡലങ്ങളും, സുന്ദരങ്ങളായ കാതുകളും, നാസിക, കവിൾത്തടം മുഖം എന്നിവയോടുകൂടിയവളും |
| പര-ദേവതാഖ്യാം | പരദേവതയുടെ മഹിമാതിശയം ചേർന്നവളും |
| ശ്രീസഖീം | ലക്ഷ്മീദേവിയുടെ ഉറ്റതോഴിയോ എന്നുതോന്നുമാറുള്ളവളുമായ |
| താം | അവളെ |
| ഉത്സ്മിത-വീക്ഷണേന | മന്ദഹാസാഞ്ചിതമായ നോട്ടത്തോടുകൂടിയവളായും |
| വിഗലിത-സ്തനപട്ടികാ-ന്താം | മുലക്കച്ചയുടെ തലപ്പു് കിഴിഞ്ഞുവീണിരിക്കുന്നവളായും |
| സംവീക്ഷ്യ | കണ്ടിട്ടു് |
| ദേവാസുരാഃ | ദേവന്മാരും അസുരന്മാരും |
| സമ്മുമുഹുഃ | മയങ്ങിപ്പോയി. |

ഇങ്ങനെ വ്യാമോഹിപ്പിച്ചശേഷം ഭഗവാൻ ചെയ്തതെന്തെന്നു് ഇനി മൂന്നുശ്ലോകംകൊണ്ടുപറയുന്നു—

**19.** **അസുരാണാം സുധാദാനം സർപ്പാണാമിവ ദുർന്നയം**
**മത്വാ ജാതിനൃശംസാനാം ന താം വ്യഭജദച്യുതഃ**

| | |
|---|---|
| ജാതി-നൃശംസാനാം | ജാത്യാ ക്രൂരസ്വഭാവമുള്ളവരായ |
| അസുരാണാം | അസുരന്മാർക്കു് |
| സുധാദാനം | അമൃതുനൽകുക എന്നതു് |

| | | | |
|---|---|---|---|
| സർപാണാം | പാമ്പുകൾക്കു | അച്യുതഃ | വിഷ്ണുഭഗവാൻ |
| ഇവ | പാൽകൊടുക്കുന്നപോലെ | താം | അതിനെ |
| ദുർനയം | അന്യായമാണെന്നു് | ന വ്യഭജത് | (അസുരക്കു) ഭാഗിക്കുകയുണ്ടായില്ല. |
| മത്വാ | കരുതി, | | |

'അമൃതവിഭജനം നടത്തുന്ന സന്ദർഭത്തിൽ സംഭവിക്കാവുന്ന തെററും ശരിയും അസുരന്മാർ അംഗീകരിച്ചതാണു്. അതിന്നുപുറമെ ''വിഭജസ്വ യഥാന്യായം'' എന്നാണവർ ആവശ്യപ്പെട്ടിരുന്നതും. അസുരന്മാർ ജാത്യാനൃശംസന്മാരാകയാൽ അവരെ സുധാദാനത്തിൽനിന്നു് അകററിനിൎത്തുന്നതു യഥാന്യായവുമാണു്.' ഇവിടത്തെ ആശയഗതി ഇതത്രേ—

**20.** **കല്പയിത്വാ പൃഥക് പംക്തീരുഭയേഷാം ജഗത്പതിഃ**
**താംശ്ചോപവേശയാമാസ സ്വേഷു സ്വേഷു ച പംക്തിഷു.**

| | | | |
|---|---|---|---|
| ജഗത്പതിഃ | ജഗദീശ്വരനായ ശ്രീഹരി | കല്പയിത്വാ | തിരിച്ചുവച്ചു് |
| ഉഭയേഷാം | രണ്ടുവിഭാഗത്തിലുള്ളവൎക്കും (ദേവന്മാൎക്കും അസുരന്മാൎക്കും) | സ്വേഷുസ്വേഷു | താന്താങ്ങളുടെ |
| | | പംക്തിഷു ച | പന്തികളിൽത്തന്നെ |
| | | താൻ ച | അവരെ (അസുരന്മാരെ) യും |
| പൃഥക് | വെവ്വേറെ | ഉപവേശയാമാസ | ഇരുത്തി. |
| പംക്തീഃ | പന്തികൾ | | |

**21.** **ദൈത്യാൻ ഗൃഹീതകലശോ വഞ്ചയന്നുപസഞ്ചരൈഃ**
**ദൂരസ്ഥാൻ പായയാമാസ ജരാമൃത്യുഹരാം സുധാം.**

| | | | |
|---|---|---|---|
| ഗൃഹീതകലശഃ | അമൃതകലശം താങ്ങിപ്പിടിച്ചുകൊണ്ടു് | ദൂരസ്ഥാൻ | അകലത്തിരിക്കുന്ന ദേവന്മാരെ |
| ദൈത്യാൻ | അസുരന്മാരെ | ജരാമൃത്യുഹരാം | ജരാമരണങ്ങൾ ഇല്ലാതെയാക്കുന്ന |
| ഉപസഞ്ചരൈഃ | സമീപിച്ചു് ഒരോരോ തട്ടിപ്പുകളാൽ | സുധാം | അമൃതിനെ |
| വഞ്ചയൻ | വഞ്ചിച്ചുകൊണ്ടു് | പായയാമാസ | പാനം ചെയ്യിച്ചു. |

**22.** **തേ പാലയന്തഃ സമയമസുരാഃ സ്വകൃതം നൃപ**
**തൂഷ്ണീമാസൻ കൃതസ്നേഹാഃ സ്ത്രീവിവാദജുഗുപ്സയാ.**

| | | | |
|---|---|---|---|
| നൃപ | രാജാവേ! | പാലയന്തഃ | പാലിച്ചുകൊണ്ടു് |
| കൃതസ്നേഹാഃ | മോഹിനിയാൽ സ്നേഹം നടിക്കപ്പെട്ടിരുന്ന | സ്ത്രീവിവാദജുഗുപ്സയാ | സ്ത്രീയുടെ അടുക്കൽ വാക്തൎക്കം നടത്താൻ മാനക്കേടുതോന്നിയതിനാൽ |
| തേ അസുരാഃ | ആ അസുരന്മാർ | | |
| സ്വകൃതം | തങ്ങളാൽ ചെയ്യപ്പെട്ട | തൂഷ്ണീം | മിണ്ടാതെ |
| സമയം | പ്രതിജ്ഞയെ | ആസൻ | ഇരുന്നു. |

**23. തസ്യാം കൃതാതിപ്രണയാഃ പ്രണയാപായകാതരാഃ**
**ബഹുമാനേന ചാബദ്ധാ നോചുഃ കിഞ്ചന വിപ്രിയം**

| | | | |
|---|---|---|---|
| തസ്യാം | അവളിൽ | ബഹുമാനേന | അവളുടെ നീതിനിഷ്ഠയിലുള്ള മതിപ്പിനാൽ |
| കൃതാതി– പ്രണയാഃ | അതിപ്രേമം കൊണ്ടിരുന്നവരും | ആബദ്ധാഃ ച | നിയന്ത്രിതരും ആകയാൽ |
| പ്രണയാ– പായ– കാതരാഃ | പ്രേമഭംഗം വന്നേക്കുമോ എന്ന പേടി കലർന്നവരും | കിഞ്ചന | അല്പംപോലും |
| | | വിപ്രിയം | അപ്രിയം |
| | | ന ഊചുഃ | (അസുരന്മാർ)പറഞ്ഞില്ല. |

വിഷ്ണുമായാമോഹിനി ദേവന്മാരെമാത്രം അമൃതൂട്ടുമ്പോൾ അസുരന്മാർ മിണ്ടാതെ നോക്കിയിരുന്നതു് ആറുകാരണങ്ങൾ കൊണ്ടാണു്. 1. മോഹിനി അവരെ അധികം സ്നേഹിക്കുന്നുണ്ടെന്ന തോന്നൽ. 2. അവർ തെററു ചെയ്താലും മറുത്തു പറയുകയില്ലെന്ന പ്രതിജ്ഞ. 3. ഒരു സ്ത്രീയോടു വക്കാണം കൂട്ടുവാനുള്ള മടി. 4. അവളോടുള്ള അത്യനുരാഗം. 5. അനുരാഗ ഭംഗഭീതി. 6. അവളുടെ നീതിനിഷ്ഠയിലുള്ള ബഹുമാനം. അതായതു്–'ദേവന്മാർ പാവങ്ങൾ, അവർക്കു് ആദ്യമേ അല്പം കൊടുത്തേക്കാം. നിങ്ങൾ ധീരന്മാർ, കുറച്ചു കാത്തിരിക്കുവിൻ' ഇതാണു് മോഹിനിയുടെ അന്തർഗതമെന്ന കരുതി അവളുടെ നീതിനിഷ്ഠയിലുള്ള മതിപ്പു്.

**24. ദേവലിംഗപ്രതിച്ഛന്നഃ സ്വർഭാനുർദേവസംസദി**
**പ്രവിഷ്ടഃ സോമമപിബച്ചന്ദ്രാർക്കാഭ്യാം ച സൂചിതഃ**

| | | | |
|---|---|---|---|
| സ്വർഭാനുഃ | സ്വർഭാനു (രാഹു)വെന്ന അസുരൻ | പ്രവിഷ്ടഃ | (ചന്ദ്രസൂര്യന്മാരുടെ ഇടയിൽ) കടന്നുകൂടി |
| | | സോമം | അമൃതിനെ |
| ദേവലിംഗ– പ്രതിച്ഛന്നഃ | ദേവന്മാരുടെ വേഷത്താൽ ഒളിഞ്ഞുകൊണ്ടു് | അപിബത് | പാനം ചെയ്തു. |
| | | ചന്ദ്രാർക്കാഭ്യാം | ചന്ദ്രസൂര്യന്മാരാൽ |
| ദേവസംസദി | ദേവന്മാരുടെ സംഘത്തിൽ | സൂചിതഃ ച | ആയതു് അറിയിക്കപ്പെടുകയും ചെയ്തു. |

**25. ചക്രേണ ക്ഷുരധാരേണ ജഹാര പിബതഃ ശിരഃ**
**ഹരിസ്തസ്യ കബന്ധസ്തു സുധയാഽപ്ലാവിതോഽപതത്.**

| | | | |
|---|---|---|---|
| പിബതഃ | അമൃതപാനം ചെയ്തുകൊണ്ടിരുന്ന | ജഹാര | അറുത്തു. |
| | | കബന്ധഃ തു | തലയററ ഉടലാകട്ടെ |
| തസ്യ ശിരഃ | അവന്റെ ശിരസ്സിനെ | സുധയാ | അമൃതത്താൽ |
| ഹരിഃ | വിഷ്ണുഭഗവാൻ | അപ്ലാവിതഃ | സ്പർശിക്കപ്പെടാത്തതായിട്ടു് |
| ക്ഷുരധാരേണ | തീക്ഷ്ണധാരയുള്ള | | |
| ചക്രേണ | ചക്രംകൊണ്ടു് | അപതത്. | താഴെ വീണു |

**26.** **ശിരസ്ത്വമരതാം നീതമജോ ഗ്രഹമചീക്ലൃപത്**
**യസ്തു പർവ്വണി ചന്ദ്രാർക്കാവഭിധാവതി വൈരധീഃ**

| | | | |
|---|---|---|---|
| അമരതാം | നശിക്കാത്ത സ്ഥിതിയിലേക്ക | യഃ തു | യാതൊരുവനാകട്ടെ |
| നീതം | നീതമായ | വൈരധീഃ | വിദ്വേഷബുദ്ധിയോടു കൂടി |
| ശിരഃ തു | ശിരസ്സിനെയാകട്ടെ | പർവ്വണി | പർവ്വകാലത്തിൽ |
| അജഃ | ബ്രഹ്മദേവൻ | ചന്ദ്രാർക്കൌ | ചന്ദ്രസൂര്യന്മാരെ |
| ഗ്രഹം | ഒരു ഗ്രഹമായിട്ട | അഭിധാവതി | ആക്രമിച്ചുകൊണ്ടിരിക്കുന്നു. |
| അചീക്ലൃപത് | കല്പിച്ചു. | | |

വിഷ്ണുചക്രത്താൽ അററുപോയ സ്വർഭാനുവിന്റെ ശിരസ്സിന് അമൃതരസ സ്പർശം ഉണ്ടായകാരണം അമരത്വം സിദ്ധിച്ചു. ബ്രഹ്മാവ് അതിനെ തമോമയമായ രാഹുഗ്രഹമാക്കി. ഈ ഗ്രഹം സൂര്യചന്ദ്രന്മാരെ പർവ്വകാലങ്ങളിൽ (കറുത്തവാവിൻനാൾ സൂര്യനെയും വെളുത്തവാവിൻനാൾ ചന്ദ്രനെയും) പകവച്ച് ആക്രമിക്കുന്നു. അവരാണല്ലോ അവൻ അമൃതപാനം ചെയ്യുന്നതു വിഷ്ണുവിനെ ധരിപ്പിച്ചതു്.

**27.** **പീതപ്രായേഽമൃതേ ദേവൈർഭഗവാൻ ലോകഭാവനഃ**
**പശ്യതാമസുരേന്ദ്രാണാം സ്വം രൂപം ജഗൃഹേ ഹരിഃ**

| | | | |
|---|---|---|---|
| ദേവൈഃ | ദേവന്മാരാൽ | ഹരിഃ | ശ്രീഹരി: |
| അമൃതേ | അമൃതം | അസുരേന്ദ്രാണാം | അസുരപ്രമുഖന്മാർ |
| പീതപ്രായേ | മിക്കതും പാനം ചെയ്യപ്പെട്ടപ്പോൾ | പശ്യതാം | നോക്കിനിൽക്കെത്തന്നെ |
| ലോകഭാവനഃ | ലോകരക്ഷകനും | സ്വം രൂപം | സ്വന്തം രൂപത്തെ |
| ഭഗവാൻ | സമഗ്രൈശ്വര്യാദിഗുണപൂർണ്ണനായ | ജഗൃഹേ | സ്വീകരിച്ചു. |

"വിഷ്ണുഭക്തന്മാർക്കുമാത്രമേ ഉദ്യമസാഫല്യമുണ്ടാവൂ" എന്ന തത്വമാണ് ഈ അമൃതമഥനം കഥയിലൂടെ മനസ്സിലാക്കേണ്ടതെന്ന് ശ്രീശുകൻ പരീക്ഷിത്‌രാജാവിനെ ഉദ്ബോധിപ്പിക്കുന്നു—

**28.** **ഏവം സുരാസുരഗണാഃ സമദേശകാല-**
**ഹേത്വർത്ഥകർമ്മമതയോഽപി ഫലേ വികല്പാഃ**
**തത്രാമൃതം സുരഗണാഃ ഫലമഞ്ജസാഽപുർ-**
**യത്പാദപങ്കജരജഃശ്രയണാന്ന ദൈത്യാഃ.**

| | | | |
|---|---|---|---|
| ഏവം | ഇപ്രകാരം | തത്ര | അതിൽ |
| സുരാസുര–ഗണാഃ | ദേവന്മാരുടെയും അസുരന്മാരുടെയും സംഘങ്ങൾ | സുരഗണാഃ | ദേവസമൂഹങ്ങൾ |
| സമദേശകാ–ലഹേത്വർത്ഥ– | ഒരേസ്ഥലത്തും ഒരേ സമയത്തുമായി ഒരേതരത്തിലുള്ള ഉപകരണങ്ങളും | യത്പാദ–പങ്കജരജഃ–ശ്രയണാത് | ഭഗവാന്റെ തൃപ്പാദപദ്മത്തിലെഴുന്ന പരാഗത്തെ ആശ്രയിച്ചതുമൂലം |
| കർമ്മമതയഃ അപി | പദാർത്ഥങ്ങളും പ്രവർത്തനങ്ങളും വിചാരങ്ങളും ഒത്തിണങ്ങിയവരായിരുന്നുവെങ്കിലും | ഫലം | പ്രയത്നഫലമായ |
| | | അമൃതം | അമൃതത്തെ |
| | | അഞ്ജസാ | അനായാസേന |
| | | ആപുഃ | നേടിയെടുക്കുകയും |
| ഫലേ | ഫലാനുഭവത്തിൽ | ദൈത്യാഃ | അസുരന്മാർ |
| വികല്പാഃ | പലതരക്കാരായി. | ന (ആപുഃ) | നേടാതിരിക്കുകയും ചെയ്തു. |

ഈ പ്രസ്താവത്തെ അടുത്തശ്ലോകംകൊണ്ടു ഒന്നുകൂടെ ഉപപാദിക്കുന്നു —

29. **യദ്യുജ്യതേഽസുവസുകർമ്മമനോവചോഭിർ–**
**ദേഹാത്മജാദിഷു നൃഭിസ്തദസത് പൃഥക്ത്വാത്**
**തൈരേവ സദ്ഭവതി യത് ക്രിയതേഽപൃഥക്ത്വാത്**
**സർവ്വസ്യ തദ്ഭവതി മൂലനിഷേചനം യത്.**

| | | | |
|---|---|---|---|
| അസുവസു–കർമ്മമനോ–വചോഭിഃ | പ്രാണൻ, ധനം, കർമ്മം, മനസ്സ്, വാക്ക് എന്നിവകൊണ്ട് | യത് | യാതൊന്ന് |
| | | (സർവ്വാത്മനി) | സർവ്വാന്തര്യാമിയായ ഭഗവാനെ ഉദ്ദേശിച്ച് |
| ദേഹാത്മജാ–ദിഷു | സ്വദേഹത്തെയും പുത്രകളത്രാദികളെയും നിമിത്തമാക്കി | ക്രിയതേ | ചെയ്യപ്പെടുന്നുവോ |
| | | തത് | അത് |
| | | അപൃഥ–ക്ത്വാത് | ഭേദവിചാരമില്ലായ്മയിൽ ഊന്നിയതാകയാൽ |
| നൃഭിഃ | മനുഷ്യരാൽ | | |
| യത് | യാതൊന്ന് | സത് | സഫലമായി |
| യുജ്യതേ | സംഘടിപ്പിക്കപ്പെടുന്നുവോ, | ഭവതി | ഭവിക്കുന്നു |
| തത് | അത് | മൂല–നിഷേചനം | വൃക്ഷത്തിന്റെ കടയ്ക്കൽ ചെയ്യുന്ന ജലസേചനം |
| പൃഥക്ത്വാത് | ഭേദവിചാരത്തിൽ ഊന്നിയതാകയാൽ | യത് | യാതൊന്നോ |
| | | തത് | അത് |
| അസത് | വ്യർത്ഥമായിത്തീരുന്നു | സർവ്വസ്യ | എല്ലാ ഭാഗത്തിനും |
| തൈഃ ഏവ | അവകൊണ്ടുതന്നെ | ഭവതി | ആയിത്തീരുന്നു |

വൃക്ഷത്തിന്റെ കടയ്ക്കൽ ഒഴിച്ചുകൊടുത്ത വെള്ളം അതിന്റെ എല്ലാ ഭാഗങ്ങളിലും എത്തി ആ വൃക്ഷത്തെ ആകമാനം സംപുഷ്ടമാക്കി ജലസേചനത്തെ സഫലീകരിക്കുന്നു. അതുപോലെ ജഗത്തിന്റെ ആധാരവും അന്തര്യാമിയുമായ ഈശ്വരനെ ഉദ്ദേശിച്ചു നിർവ്വഹി

ക്കപ്പെടുന്ന കർമ്മം തനിക്കും തൻെറ ആളുകൾക്കും മാത്രമല്ല, ലോകത്തിനാകെയും ഗുണപ്രദമായിത്തീരുന്നു. ഇവിടെ ശാഖോപശാഖകൾ ചേർന്ന ഏക വസ്തുവാണ് വൃക്ഷമെന്നും നാനാത്വേന വികസിച്ച ഏകതത്ത്വമാണ് ഈശ്വരനെന്നുമുള്ള അഭേദബോധം ആവശ്യമാണ്. ഈ ബോധമാണ് ദേവന്മാർക്ക് പ്രയത്നസാഫല്യം ഉണ്ടാക്കിയതു് എന്നു് വ്യംഗ്യം.

ഇതി ശ്രീമദ് ഭാഗവതേ മഹാപുരാണേ
അഷ്ടമസ്കന്ധേ അമൃതമഥനേ നവമോऽധ്യായഃ
ആദിതഃ ശ്ലോകാഃ 335
അഷ്ടമസ്കന്ധത്തിൽ ഒമ്പതാമദ്ധ്യായം കഴിഞ്ഞു.

# ദശമോऽധ്യായഃ — അധ്യായം പത്ത്

## ദേവാസുര യുദ്ധം

" ദശമേ മത്സരാദ്ദൈത്യൈരാരബ്ധേ തു മൃധേ സുരൈഃ
ദൈത്യമായാവിഷണ്ണേഷു ദേവേഷ്വാവിർബഭൗ ഹരിഃ "

അസുരന്മാർ പകവച്ചു ദേവന്മാരോടു യുദ്ധം തുടങ്ങിയതും, അസുരന്മാരുടെ മായാപ്രയോഗങ്ങളാൽ ദേവന്മാർ വിഷമിച്ചപ്പോൾ ഭഗവാൻ ശ്രീഹരി യുദ്ധരംഗത്തിൽ പ്രത്യക്ഷപ്പെട്ടതും ഈ പത്താമധ്യായത്തിൽ വിസ്തരിക്കുന്നു.

ഭഗവദ്ഭക്തിയില്ലാത്തതുകൊണ്ടു് അസുരന്മാർ അവരുടെ പ്രയത്നഫലലാഭത്തിൽ വഞ്ചിതരായല്ലോ. ഇനി ഭഗവദ്ഭക്തന്മാരോടു മത്സരിക്കുകമൂലം അവർക്ക് ജീവഹാനിയും കൂടെ സംഭവിച്ച കഥയാണ് പറഞ്ഞുതുടങ്ങുന്നതു്.

ശ്രീശുക ഉവാച = ശ്രീശുകൻ അരുളിച്ചെയ്തു —

**1. ഇതി ദാനവദൈതേയാ നാവിന്ദന്നമൃതം നൃപ**
**യുക്താഃ കർമ്മണി യത്താശ്ച വാസുദേവപരാങ്മുഖാഃ**

| | | | |
|---|---|---|---|
| നൃപ | രാജാവേ! | യത്താഃ ച | യത്നിച്ചവരായിരുന്നെങ്കിലും |
| ഇതി | മേൽപറഞ്ഞവിധം | | |
| ദാനവ— ദൈതേയാഃ | ദനുജന്മാരും ദിതിജന്മാരുമായ അസുരന്മാർ | വാസുദേവ— പരാങ്മുഖാഃ | വിഷ്ണുഭക്തിവിമുഖന്മാരായിരുന്നതുകൊണ്ടു് |
| കർമ്മണി | ഉദ്യമത്തിൽ | അമൃതം | അമൃതിനെ |
| യുക്താഃ | ദേവന്മാരോടു യോജിച്ചു് | ന അവിന്ദൻ | നേടുകയുണ്ടായില്ല. |

2. **സാധയിത്വാമൃതം രാജൻ പായയിത്വാ സ്വകാൻ സുരാൻ**
**പശ്യതാം സർവഭൂതാനാം യയൗ ഗരുഡവാഹനഃ**

| | | | |
|---|---|---|---|
| രാജൻ | രാജാവേ! | സർവ്വഭൂതാനാം | എല്ലാ ജനങ്ങളും |
| അമൃതം | അമൃതിനെ | പശ്യതാം | നോക്കിനില്ക്കെ |
| സാധയിത്വാ | കടഞ്ഞെടുത്തു | ഗരുഡ— വാഹനഃ | ഭഗവാൻ ഗരുഡ വാഹനനായിട്ട് |
| സ്വകാൻ | സ്വകീയരായ | | |
| സുരാൻ | ദേവന്മാരെ | | |
| പായയിത്വാ | പാനം ചെയ്യിച്ചശേഷം | യയൗ | യാത്രയായി. |

3. **സപത്നാനാം പരാമൃദ്ധിം ദൃഷ്ട്വാ തേ ദിതിനന്ദനാഃ**
**അമൃഷ്യമാണാ ഉത്പേതുർ ദേവാൻ പ്രത്യുദ്യതായുധാഃ**

| | | | |
|---|---|---|---|
| സപത്നാനാം | ശത്രുക്കളുടെ | തേ | ആ |
| പരാം | സമുന്നതമായ | ദിതിനന്ദനാഃ | ദൈത്യന്മാർ |
| ഋദ്ധിം | സമൃദ്ധിയെ | ഉദ്യതായുധാഃ | ആയുധമേന്തികൊണ്ട് |
| ദൃഷ്ട്വാ | കണ്ട് | ദേവാൻ പ്രതി | ദേവന്മാർക്കുനേരെ |
| അമൃഷ്യ— മാണാഃ | സഹികെട്ടവരായിത്തീന്ന് | ഉത്പേതുഃ | കുതിച്ചുചാടി. |

4. **തതഃ സുരഗണാഃ സർവേ സുധയാ പീതയൈധിതാഃ**
**പ്രതിസംയുയുധുഃ ശസ്ത്രൈർ നാരായണപദാശ്രയാഃ**

| | | | |
|---|---|---|---|
| തതഃ | അനന്തരം | നാരായണ— പദാശ്രയാഃ | വിഷ്ണുഭഗവാന്റെ ചെന്താരടികളെ സർവ്വാത്മനാ സമാശ്രയിച്ച്കൊണ്ട് |
| പീതയാ | പാനംചെയ്യപ്പെട്ട | | |
| സുധയാ | പീയൂഷത്താൽ | | |
| ഏധിതാഃ | ശക്തിയാർജ്ജിച്ച | ശസ്ത്രൈഃ | ആയുധങ്ങളോടെ |
| സുരഗണാഃ | ദേവസമൂഹങ്ങൾ | പ്രതിസം— യുയുധുഃ | ചെറുത്തുനിന്നു |
| സർവേ | മുഴുവനും | | |

5. **തത്ര ദൈവാസുരോ നാമ രണഃ പരമദാരുണഃ**
**രോധസ്യുദന്വതോ രാജംസ്തുമുലോ രോമഹർഷണഃ**

| | | | |
|---|---|---|---|
| രാജൻ | അല്ലയോ രാജൻ! | തുമുലഃ | കോലാഹലബഹളവും |
| തത്ര | അവിടെ | രോമഹർഷണഃ | രോമാഞ്ചകാരിയും |
| ഉദന്വതഃ | സമുദ്രത്തിന്റെ | ദൈവാസുരഃ നാമ രണഃ | 'ദേവാസുരം' എന്നപേരിൽ വിഖ്യാതവുമായ യുദ്ധമുണ്ടായി. |
| രോധസി | തീരപ്രദേശത്തുവച്ച് | | |
| പരമദാരുണഃ | അതിഭീഷണവും | | |

6. തത്രാന്യോന്യം സപത്നാസ്തേ സംരബ്ധമനസോ രണേ
സമാസാദ്യാസിഭിർബാണൈർ നിജഘ്നുർവിവിധായുധൈഃ.

| | | | |
|---|---|---|---|
| തത്ര രണേ | ആ യുദ്ധത്തിൽവച്ച് | അസിഭിഃ | വാളുകൾകൊണ്ടും |
| സപത്നാഃ | പ്രബലശത്രുക്കളും | ബാണൈഃ | ശരങ്ങൾകൊണ്ടും |
| സംരബ്ധമനസഃ | മനസ്സിൽ കോപാവേശം കയറിയവരുമായ | വിവിധായുധൈഃ | നാനാതരം ആയുധങ്ങൾ കൊണ്ടും |
| തേ | അവർ | അന്യോന്യം | പരസ്പരം |
| സമാസാദ്യ | നേർക്കുനേർ എതിരിട്ട് | നിജഘ്നുഃ | പ്രഹരിച്ചു. |

7. ശംഖതൂര്യമൃദംഗാനാം ഭേരീഡമരിണാം മഹാൻ
ഹസ്ത്യശ്വരഥപത്തീനാം നദതാം നിഃസ്വനോഽഭവത്.

| | | | |
|---|---|---|---|
| ശംഖതൂര്യമൃദംഗാനാം | ശംഖ്, കൊമ്പ്, മദ്ദളം എന്നിവയുടെയും | ഹസ്ത്യശ്വരഥപത്തീനാം | ആന, കുതിര, തേര്, കാലാൾപ്പട എന്നിവയുടെയും |
| ഭേരീഡമരിണാം | പെരുമ്പറ, കടുന്തുടി എന്നിവയുടെയും | മഹാൻ | വമ്പിച്ച |
| | | നിഃസ്വനഃ | ശബ്ദകോലാഹലം |
| നദതാം | ഒച്ചപ്പാടുണ്ടാക്കുന്ന | അഭവത് | സംഭവിച്ചു. |

8. രഥിനോ രഥിഭിസ്തത്ര പത്തിഭിഃ സഹ പത്തയഃ
ഹയാ ഹയൈരിഭാശ്ചേഭൈഃ സമസജ്ജന്ത സംയുഗേ

| | | | |
|---|---|---|---|
| തത്ര | അങ്ങു നടന്ന | ഹയാഃ | കുതിരപ്പടകൾ |
| സംയുഗേ | യുദ്ധത്തിൽ | ഹയൈഃ | കുതിരപ്പടകളോടും, |
| രഥിനഃ | തേർപ്പടകൾ | ഇഭാഃ | ആനപ്പടകൾ |
| രഥിഭിഃ | തേർപ്പടകളോടും | ഇഭൈഃ ച | ആനപ്പടകളോടും |
| പത്തയഃ | കാലാൾപ്പടകൾ | സഹ | കൂടി |
| പത്തിഭിഃ | കാലാൾപ്പടകളോടും, | സമസജ്ജന്ത | ഏറ്റുമുട്ടി. |

9. ഉഷ്ട്രൈഃ കേചിദിഭൈഃ കേചിദപരേ യുയുധുഃ ഖരൈഃ
കേചിദ്ഗൗരമൃഗൈരൃക്ഷൈർദ്വീപിഭിർഹരിഭിർഭടാഃ

| | | | |
|---|---|---|---|
| കേചിത് | ചില | കേചിത് | മററുചിലർ |
| ഭടാഃ | യോദ്ധാക്കൾ | ഗൗരമൃഗൈഃ | ഗൗരമൃഗങ്ങളിന്മേലും, |
| ഉഷ്ട്രൈഃ | ഒട്ടകങ്ങളിന്മേലും, | ഋക്ഷൈഃ | കരടികളിന്മേലും, |
| കേചിത് | ചിലർ | ദ്വീപിഭിഃ | പുലികളിന്മേലും, |
| ഇഭൈഃ | ആനകളിന്മേലും, | ഹരിഭിഃ | സിംഹങ്ങളിന്മേലും |
| അപരേ | വേറെചിലർ | | കയറി |
| ഖരൈഃ | കഴുതകളിന്മേലും, | യുയുധുഃ | യുദ്ധംചെയ്തു. |

10. ഗൃധ്രൈഃ കങ്കൈർബകൈരന്യേ ശ്യേനഭാസൈസ്തിമിംഗലൈഃ
ശരഭൈർമഹിഷൈഃ ഖഡ്ഗൈർഗോവൃഷൈർഗവയാരുണൈഃ

11. ശിവാഭിരാഖുഭിഃ കേചിത് കൃകലാസൈഃ ശശൈർനരൈഃ
ബസ്തൈരേകേ കൃഷ്ണസാരൈർഹംസൈരന്യേ ച സൂകരൈഃ

12. അന്യേ ജലസ്ഥലഖഗൈഃ സത്ത്വൈർവികൃതവിഗ്രഹൈഃ
സേനയോരുഭയോ രാജൻ വിവിശുസ്തേഽഗ്രതോഽഗ്രതഃ

| | |
|---|---|
| രാജൻ | അല്ലയോ രാജാവേ! |
| ഗൃധ്രൈഃ | കഴുകുകളിന്മേലും, |
| കങ്കൈഃ | കൊക്കുകളിന്മേലും, |
| ബകൈഃ | കൊററികളിന്മേലും, |
| ശ്യേന–ഭാസൈഃ | പരുന്തുകൾ, പുങ്കോഴികൾ എന്നിവയുടെ പുറത്തും, |
| തിമിംഗലൈഃ | തിമിംഗലങ്ങളുടെ മീതെയും, |
| ശരഭൈഃ | എട്ടടിമാനുകളിന്മേലും, |
| മഹിഷൈഃ | പോത്തുകളുടെ പുറത്തും, |
| ഖഡ്ഗൈഃ | വാൾപ്പുലികൾക്കു മീതെയും, |
| ഗോവൃഷൈഃ | കാളപ്പുറത്തും, |
| ഗവയാ–രുണൈഃ | ആര്യമാൻ–കാട്ടുകുററൻ എന്നിവകളുടെ മേലും കരേറിക്കൊണ്ടു് |
| അന്യേ | വേറെച്ചിലർ; |
| ശിവാഭിഃ | പെൺകുറുക്കന്മാരുടെ മീതെയും, |
| ആഖുഭിഃ | എലികളുടെ മീതെയും കരേറിക്കൊണ്ടു്, |
| കേചിത് | മററുചിലർ; |
| കൃകലാസൈഃ | ഓന്തുകളിന്മേലും |
| ശശൈഃ | മുയലുകളിന്മേലും |
| നരൈഃ | മനുഷ്യരുടെ മീതെയും |
| ബസ്തൈഃ | കൊററനാടുകളുടെ പുറത്തും ഏറിയിട്ടു്, |
| ഏകേ | ഏതാനും ചിലർ; |
| കൃഷ്ണസാരൈഃ | കൃഷ്ണസാരങ്ങളുടെ പുറത്തും, |
| സൂകരൈഃ | പന്നികളുടെ പുറത്തും, |
| ഹംസൈഃ | അരയന്നങ്ങളിന്മേലും ഏറിയിട്ടു്, |
| അന്യേ ച | വേറെയും ചിലർ; |
| ജലസ്ഥല–ഖഗൈഃ | വെള്ളത്തിലും കരയിലും ആകാശത്തിലും സഞ്ചരിക്കുന്നവയും |
| വികൃത–വിഗ്രഹൈഃ | വികൃതസ്വരൂപങ്ങളും ആയുള്ള |
| സത്ത്വൈഃ | ജന്തുക്കളെ വാഹനമാക്കിയ |
| അന്യേ | മററുചിലർ–ഇങ്ങനെ |
| തേ | അവർ |
| ഉഭയോഃ | രണ്ടു |
| സേനയോഃ | സൈന്യങ്ങളുടെയും |
| അഗ്രതഃ | മുന്നിലേക്കു് |
| അഗ്രതഃ | മുന്നിലേക്കായി |
| വിവിശുഃ | കടന്നുചെന്നു. |

13. ചിത്രധ്വജപടൈ രാജന്നാതപത്രൈഃ സിതാമലൈഃ
മഹാധനൈർവജ്രദണ്ഡൈർവ്യജനൈർബാർഹചാമരൈഃ

14. വാതോദ്ധൂതോത്തരോഷ്ണീഷൈരച്ഛിഭിർവർമ്മഭൂഷണൈഃ
സ്ഫുരദ്ഭിർവിശദൈഃ ശസ്ത്രൈഃ സുതരാം സൂര്യരശ്മിഭിഃ

15. ദേവദാനവവീരാണാം ധ്വജിന്യൗ പാണ്ഡുനന്ദന
രേജതുർവീരമാലാഭിര്യാദസാമിവ സാഗരൗ

| | | | |
|---|---|---|---|
| രാജൻ | രാജാവേ! | വ്യജനൈഃ | ആലവട്ടം—വെഞ്ചാമരം എന്നിവ കൊണ്ടും; |
| പാണ്ഡുനന്ദന | പാണ്ഡുവംശജ! | വാതോദ്ധൂ-തോത്തരോ-ഷ്ണീഷൈഃ | കാററിൽ ചലിക്കുന്ന ഉത്തരീയങ്ങൾ കൊണ്ടും, തലപ്പാവുകൾ കൊണ്ടും, |
| ദേവദാനവ-വീരാണാം | ദേവാസുരന്മാരായ രണശൂരന്മാരുടെ | അച്ഛിഭിഃ | തിളക്കത്തോടുകൂടിയ |
| ധ്വജിന്യൗ | മുന്നണിപ്പടകൾ | വർമ്മ-ഭൂഷണൈഃ | മാർച്ചട്ടകൾ കൊണ്ടും, ആഭൂഷണങ്ങൾ കൊണ്ടും, |
| വീരമാലാഭിഃ | വീരഭടന്മാരുടെ നിരകളാൽ | വിശദൈഃ | സ്വച്ഛങ്ങളും |
| ചിത്രധ്വജ-പടൈഃ | നാനാവർണ്ണോജ്ജ്വലങ്ങളായ കൊടിക്കൂറകൾ കൊണ്ടും, | സൂര്യരശ്മിഭിഃ | സൂര്യകിരണങ്ങളാൽ |
| സിതാമലൈഃ | ശ്വേതനിർമ്മലങ്ങളായ | സുതരാം | കൂടുതൽ |
| ആതപത്രൈഃ | കുടകൾകൊണ്ടും, | സ്ഫുരദ്ഭിഃ | ഒളിചിതറുന്നവയുമായ |
| മഹാധനൈഃ | ബഹുമൂല്യങ്ങളും | ശസ്ത്രൈഃ | ആയുധങ്ങൾ കൊണ്ടും |
| വജ്രദണ്ഡൈഃ | വജ്രരത്നം പതിച്ച പിടികളുള്ളതും | യാദസാം | ജലജന്തുക്കളുടെ നിരകളാൽ |
| ബർഹ-ചാമരൈഃ | മയിൽപ്പീലികളാലും ചമരിമാനുകളുടെ പുച്ഛ രോമങ്ങളാലും തീർത്തവയുമായ | സാഗരൗ ഇവ | രണ്ടു കടലുകൾപോലെ |
| | | രേജതുഃ | പ്രശോഭിച്ചു. |

16. വൈരോചനോ ബലിഃ സംഖ്യേ സോഽസുരാണാം ചമൂപതിഃ
യാനം വൈഹായസം നാമ കാമഗം മയനിർമ്മിതം

17. സർവസാംഗ്രാമികോപേതം സർവാശ്ചര്യമയം പ്രഭോ
അപ്രതർക്യമനിർദേശ്യം ദൃശ്യമാനമദർശനം

18. ആസ്ഥിതസ്തദ്വിമാനാഗ്ര്യം സർവാനീകാധിപൈർവൃതഃ
ബാലവ്യജനചിത്രാഗ്ര്യൈ രേജേ ചന്ദ്ര ഇവോദയേ
തസ്യാസൻ സർവതോയാനൈര്യൂഥാനാം പതയോഽസുരാഃ

| | | | |
|---|---|---|---|
| സംഖ്യേ | യുദ്ധത്തിൽ | ചമൂപതിഃ | സർവ്വസൈന്യാധിപൻ |
| അസുരാണാം | അസുരന്മാരുടെ | വൈരോചനഃ | വിരോചനപുത്രനായ |

| | |
|---|---|
| ബലിഃ | ബലിചക്രവർത്തി യായിരുന്നു. |
| പ്രഭോ | മഹാരാജാവേ! |
| സഃ | അദ്ദേഹം |
| മയനിർമ്മിതം | മയനെന്ന അസുരശില്പി യാൽ നിർമ്മിക്കപ്പെട്ടതും |
| കാമഗം | സ്വേച്ഛാനുസാരം സഞ്ചരിക്കുന്നതും |
| വൈഹായസം | 'വൈഹായസം എന്ന്' |
| നാമ | പേരുള്ളതുമായ |
| യാനം | വ്യോമയാനത്തെ |
| ആസ്ഥിതഃ | ആസ്ഥിതനായി. (കയറിയിരുന്നു) |
| തത് | ആ വിഖ്യാതമായ |
| വിമാനാഗ്ര്യം | മഹാവിമാനം |
| സർവ്വസാംഗ്രാമികോപേതം | എല്ലാ സമരസാമഗ്രികളോടുകൂടിയതും |
| സർവ്വാശ്ചര്യമയം | എല്ലാവിധം അദ്ഭുതവിദ്യകളുള്ളതും |
| ദൃശ്യമാനം | ചിലപ്പോൾ കാണപ്പെടുന്നതും |

| | |
|---|---|
| അദർശനം | ചിലപ്പോൾ കൺമറയുന്നതും ആകയാൽ |
| അപ്രതർക്യം | ദുർഗ്രഹവും |
| അനിർദ്ദേശ്യം | അനിർവചനീയവും ആയിരുന്നു. |
| സർവ്വാനീകാധിപൈഃ | സകല സൈനികസംഘാധ്യക്ഷന്മാരാലും |
| വൃതഃ | പരിവൃതനായ ബലി |
| ബാലവ്യജനഛത്രാഗ്ര്യൈഃ | യോഗ്യതയുള്ള വെഞ്ചാമരങ്ങൾ, വെൺകൊററക്കുട എന്നിവയോടൊക്കൂടി |
| ഉദയേ | ഉദയപർവ്വതത്തിൽ |
| ചന്ദ്രഃ ഇവ | ചന്ദ്രനെന്നപോലെ |
| രേജേ | വിളങ്ങി. |
| തസ്യ | ആ മഹാബലിയുടെ |
| സർവ്വതഃ | എല്ലാ ഭാഗത്തും |
| യൂഥാനാം | ഓരോരോ സംഘങ്ങളുടെ |
| പതയഃ | നായകന്മാരായ |
| അസുരാഃ | അസുരന്മാർ |
| യാനൈഃ | വിമാനങ്ങളിലേറി |
| ആസൻ | തയ്യാറായിരുന്നു. |

ആ സംഘനായകന്മാരുടെ പേരുകൾ ഇനി പറയുന്നു—

19. നമുചിഃ ശംബരോ ബാണോ വിപ്രചിത്തിരയോമുഖഃ

20. ദ്വിമൂർദ്ധാ കാലനാഭോഽഥ പ്രഹേതിർഹേതിരില്വലഃ
ശകുനിർഭൂതസന്താപോ വജ്രദംഷ്ട്രോ വിരോചനഃ

21. ഹയഗ്രീവഃ ശങ്കുശിരാഃ കപിലോ മേഘദുന്ദുഭിഃ
താരകശ്ചക്രദൃക് ശുംഭോ നിശുംഭോ ജംഭ ഉത്കലഃ

22. അരിഷ്ടോഽരിഷ്ടനേമിശ്ച മയശ്ച ത്രിപുരാധിപഃ
അന്യേ പൗലോമകാലേയാ നിവാതകവചാദയഃ

നമുചി, ശംബരൻ, ബാണൻ, വിപ്രചിത്തി, അയോമുഖൻ, ദ്വിമൂർദ്ധാവ്, കാലനാഭൻ, പ്രഹേതി, ഹേതി, ഇല്വലൻ, ശകുനി, ഭൂതസന്താപൻ, വജ്രദംഷ്ട്രൻ, വിരോചനൻ, ഹയഗ്രീവൻ, ശങ്കുശിരസ്സ്, കപിലൻ, മേഘദുന്ദുഭി, താരകൻ,

ചക്രാക്ഷൻ, ശുംഭൻ, നിശുംഭൻ, ജംഭൻ, ഉത്കലൻ, അരിഷ്ടൻ, അരിഷ്ടനേമി ത്രിപുരാധിപനായ മയൻ എന്നിവൎക്ക പുറമെ പൌലോമന്മാർ, കാലേയന്മാർ, നിവാത കവചന്മാർ മുതലായവരും ഉണ്ടായിരുന്നു.

**23.** **അലബ്ധഭാഗാഃ സോമസ്യ കേവലം ക്ലേശഭാഗിനഃ**
**സർവ ഏതേ രണമുഖേ ബഹുശോ നിർജിതാമരാഃ**
**സിംഹനാദാൻ വിമുഞ്ചന്തഃ ശംഖാൻ ദധ്മുർമഹാസ്വനാൻ**

| | | | |
|---|---|---|---|
| രണമുഖേ | പടക്കളത്തിൽ വച്ച് | ക്ലേശഭാഗിനഃ | കഷ്ടപ്പാടുമാത്രം പങ്കിട്ടെടുത്തവരും ആയിരുന്ന |
| ബഹുശഃ | പലതവണ | | |
| നിർജിതാമരാഃ | ദേവന്മാരെ പരാജയപ്പെടുത്തിയവരും | ഏതേ സൎവ്വേ | ഇവരെല്ലാം |
| | | സിംഹനാദാൻ | സിംഹനാദങ്ങളെ |
| | | വിമുഞ്ചന്തഃ | അയച്ചുവിട്ടുകൊണ്ട് |
| സോമസ്യ | അമൃതിന്റെ | മഹാസ്വനാൻ | അതിമുഴക്കമുള്ള |
| അലബ്ധഭാഗാഃ | പങ്കുകിട്ടാത്തവരും | ശംഖാൻ | ശംഖുകളെ |
| കേവലം | വെറും | ദധ്മുഃ | ഊതിത്തുടങ്ങി. |

**24.** **ദൃഷ്ട്വാ സപത്നാനുത്സിക്താൻ വലഭിത് കുപിതോ ഭൃശം.**

**25.** **ഐരാവതം ദിക്കരിണമാരൂഢഃ ശുശുഭേ സ്വരാട്**
**യഥാ സ്രവത്പ്രസ്രവണമുദയാദ്രിമഹർപതിഃ**

| | | | |
|---|---|---|---|
| ഉത്സിക്താൻ | ബലഗർവിതരായ | സ്വരാട് | ആ സ്വർല്ലോകപതി |
| സപത്നാൻ | ശത്രുക്കളെ | സ്രവത്പ്രസ്രവണം | അരുവികൾ ഒഴുകിക്കൊണ്ടിരിക്കുന്ന |
| ദൃഷ്ട്വാ | കണ്ട്, | | |
| വലഭിത് | ദേവേന്ദ്രൻ | ഉദയാദ്രിം | ഉദയപർവതത്തെ (ആരോഹണം ചെയ്ത) |
| ഭൃശം | ഏററവും | | |
| കുപിതഃ | അരിശംകൊണ്ട്. | | |
| ഐരാവതം | ഐരാവതമെന്ന | അഹർപതിഃ | സൂര്യൻ |
| ദിക്കരിണം | ദിഗ്ഗജത്തെ | യഥാ | എന്നതുപോലെ |
| ആരൂഢഃ | ആരോഹണം ചെയ്ത | ശുശുഭേ | ശോഭിച്ചു. |

**26.** **തസ്യാസൻ സർവതോ ദേവാ നാനാവാഹധ്വജായുധാഃ**
**ലോകപാലാഃ സഹഗണൈർവായ്വഗ്നിവരുണാദയഃ**

| | | | |
|---|---|---|---|
| തസ്യ | ആ ദേവേന്ദ്രന്റെ | നാനാവാഹധ്വജായുധാഃ | പലതരം വാഹനങ്ങളും കൊടികളും ആയുധങ്ങളുമുള്ള |
| സർവതഃ | എല്ലാവശത്തും | | |

| | | | |
|---|---|---|---|
| ദേവാഃ | ദേവന്മാരും, | വായ്വഗ്നി-വരുണാദയഃ | വായു, അഗ്നി, വരുണൻ മുതലായ |
| ഗണൈഃ | അവരവരുടെ ഗണങ്ങളോടു് | ലോകപാലാഃ | ലോകപാലന്മാരും, |
| സഹ | ഒത്തുചേർന്നു് | ആസൻ | ഉണ്ടായിരുന്നു |

27. **തേഽന്യോന്യമഭിസംസൃത്യ ക്ഷിപന്തോ മർമ്മഭിർമിഥഃ**
**ആഹ്വയന്തോ വിശന്തോഽഗ്രേ യുയുധുർദ്വന്ദ്വയോധിനഃ**

| | | | |
|---|---|---|---|
| തേ | അവർ (ദേവാസുരന്മാർ) | അഗ്രേ | മുന്നോട്ടു് |
| അന്യോന്യം | തമ്മിൽത്തമ്മിൽ | വിശന്തഃ | തള്ളിക്കയറിയും |
| അഭിസംസൃത്യ | നേർക്കുനേർ ഏററുമുട്ടി | ദ്വന്ദ്വ-യോധിനഃ | ദ്വന്ദ്വയുദ്ധമുറയോടുകൂടി ഈരണ്ടുപേരായിട്ടു് |
| മർമ്മഭിഃ | മർമ്മഭേദികളായ വാക്കുകളാൽ | മിഥഃ | പരസ്പരം |
| ക്ഷിപന്തഃ | അധിക്ഷേപിച്ചും | യുയുധുഃ | യുദ്ധം ചെയ്തു |
| ആഹ്വയന്തഃ | വെല്ലുവിളിച്ചും | | |

ദേവാസുരന്മാരുടെ ദ്വന്ദ്വയുദ്ധം താഴെ ഏഴു ശ്ലോകങ്ങൾകൊണ്ടു വിവരിക്കുന്നു—

28. **യുയോധ ബലിരിന്ദ്രേണ താരകേണ ഗുഹോഽസ്യത**
**വരുണോ ഹേതിനായുധ്യന്മിത്രോ രാജൻ പ്രഹേതിനാ.**

| | | | |
|---|---|---|---|
| രാജൻ | അല്ലയോ രാജാവേ! | അസ്യത | എതിരിട്ടു. |
| ബലിഃ | മഹാബലി | വരുണഃ | വരുണൻ |
| ഇന്ദ്രേണ | ഇന്ദ്രനോടു് | ഹേതിനാ | ഹേതിയോടു് |
| യുയോധ | ഏററുമുട്ടി. | ആയുധ്യത് | യുദ്ധം ചെയ്തു. |
| ഗുഹഃ | സ്കന്ദൻ | മിത്രഃ | മിത്രദേവൻ |
| താരകേണ | താരകനോടു് | പ്രഹേതിനാ | പ്രഹേതിയോടും |

29. **യമസ്തു കാലനാഭേന വിശ്വകർമ്മാ മയേന വൈ**
**ശംബരോ യുയുധേ ത്വഷ്ട്രാ സവിത്രാ തു വിരോചനഃ**

| | | | |
|---|---|---|---|
| യമഃ തു | യമധർമ്മരാജാവു് | ശംബരഃ | ശംബരൻ |
| കാലനാഭേന | കാലനാഭനോടും, | ത്വഷ്ട്രാ | ത്വഷ്ടാവിനോടും |
| | | വിരോചനഃ | വിരോചനൻ |
| വിശ്വകർമ്മാ | വിശ്വകർമ്മാവു് | സവിത്രാ തു | സവിതാവിനോടും |
| മയേന വൈ | മയാസുരനോടും, | യുയുധേ | യുദ്ധത്തിലേർപ്പെട്ടു. |

30. **അപരാജിതേന നമുചിരശ്വിനൗ വൃഷപർവണാ**
**സൂര്യോ ബലിസുതൈർ ദേവോ ബാണജ്യേഷ്ഠൈഃ ശതേന ച**

| | |
|---|---|
| അപരാജി–തേന | അപരാജിതനോട് |
| നമുചിഃ | നമുചിയും, |
| വൃഷപർവ്വണാ | വൃഷപർവ്വാവിനോട് |
| അശ്വിനൗ | അശ്വിനീദേവന്മാരും, |
| ബാണ–ജ്യേഷ്ഠൈഃ | ബാണാസുരൻ ജ്യേഷ്ഠസ്ഥാനം വഹിക്കുന്ന |
| ബലിസുതൈഃ | ബലിപുത്രന്മാരായ |
| ശതേന | നൂറുപേരോട് |
| ദേവഃ | ദേവനായ |
| സൂര്യഃ ച | സൂര്യനും (യുദ്ധം തുടങ്ങി) |

**31.** **രാഹുണാ ച തഥാ സോമഃ പുലോമ്നാ യുയുധേഽനിലഃ**
**നിശുംഭശുംഭയോർദേവീ ഭദ്രകാളീ തരസ്വിനീ.**

| | |
|---|---|
| തഥാ | അപ്രകാരം |
| സോമഃ | ചന്ദ്രൻ |
| രാഹുണാ ച | രാഹുവിനോടും, |
| അനിലഃ | വായുദേവൻ |
| പുലോമ്നാ | പുലോമാവിനോടും |
| തരസ്വിനീ | ശക്തിശാലിനിയായ |
| ഭദ്രകാളീ | ഭദ്രകാളിഎന്ന |
| ദേവീ | ദേവി |
| നിശുംഭ–ശുംഭയോഃ | നിശുംഭനോടും ശുംഭനോടും ഒപ്പം |
| യുയുധേ | യുദ്ധംനടത്തി. |

**32.** **വൃഷാകപിസ്തു ജംഭേന മഹിഷേണ വിഭാവസുഃ**
**ഇല്വലഃ സഹവാതാപിഃ ബ്രഹ്മപുത്രൈരരിന്ദമ.**

| | |
|---|---|
| അരിന്ദമ | ശത്രുക്കളെ ഒതുക്കിയ അല്ലയോ ശ്രീപരീക്ഷിത്തേ; |
| വൃഷാകപിഃ തു | വൃഷാകപിയെന്ന മഹാദേവൻ |
| ജംഭേന | ജംഭാസുരനോടും, |
| വിഭാവസുഃ | അഗ്നിദേവൻ |
| മഹിഷേണ | മഹിഷാസുരനോടും, |
| ഇല്വലഃ | ഇല്വലൻ |
| സഹ–വാതാപിഃ | വാതാപിയെന്ന കൂട്ടുകാരനോടുകൂടി |
| ബ്രഹ്മപുത്രൈഃ | ബ്രഹ്മപുത്രന്മാരായ മരീച്യാദികളോടും (യുദ്ധം തുടങ്ങി.) |

**33.** **കാമദേവേന ദുർമ്മഷ ഉത്കലോ മാതൃഭിഃ സഹ**
**ബൃഹസ്പതിശ്ചോശനസാ നരകേണ ശനൈശ്ചരഃ**

| | |
|---|---|
| ദുർമ്മഷഃ | ദുർമ്മഷൻ |
| കാമദേവേന | കാമദേവനോടും, |
| ഉത്കലഃ | ഉത്കലൻ |
| മാതൃഭിഃ സഹ | സപ്തമാതൃക്കളോടു കൂടിയും, |
| ബൃഹസ്പതിഃ | ബൃഹസ്പതി |
| ഉശനസാ | ശുക്രാചാര്യനോടും, |
| ശനൈശ്ചരഃ | ശനിദേവൻ |
| നരകേണ ച | നരകാസുരനോടും (പൊരുതി) |

**34.** **മരുതോ നിവാതകവചൈഃ കാലേയൈർ വസവോഽമരാഃ**
**വിശ്വേദേവാസ്തു പൗലോമൈ രുദ്രാഃ ക്രോധവശൈഃ സഹ.**

| | |
|---|---|
| മരുതഃ | മരുദ്ഗണങ്ങൾ |
| നിവാത-കവചൈഃ | നിവാതകവചന്മാരെന്ന അസുരന്മാരോടും, |
| വസവഃ | അഷ്ടവസുക്കളെന്ന |
| അമരാഃ | ദേവന്മാർ |
| കാലേയൈഃ | കാലേയന്മാരോടും, |
| വിശ്വേദേവാഃ | വിശ്വേദേവന്മാർ |
| പൗലോമൈഃ | പൗലോമന്മാരോടും |
| രുദ്രാഃ തു | രുദ്രഗണങ്ങൾ |
| ക്രോധവശൈഃ | ക്രോധവശന്മാരോടും |
| സഹ | കൂടിക്കലർന്നു് (പൊരുതി) |

35. ത ഏവമാജാവസുരാഃ സുരേന്ദ്രാ
ദ്വന്ദ്വേന സംഹത്യ ച യുധ്യമാനാഃ
അന്യോന്യമാസാദ്യ നിജഘ്നുരോജസാ
ജിഗീഷവസ്തീക്ഷ്ണശരാസിതോമരൈഃ

| | |
|---|---|
| അസുരാഃ | അസുരന്മാരും |
| സുരേന്ദ്രാഃ | ദേവന്മാരുമായ |
| തേ | അവർ |
| ഏവം | ഇപ്രകാരം |
| ആജൗ | പോരാട്ടത്തിൽ |
| ദ്വന്ദ്വേന | ഈരണ്ടുപേരായും |
| സംഹത്യ ച | കൂട്ടമായും |
| ആസാദ്യ | ഏറ്റുമുട്ടി |
| യുധ്യമാനാഃ | യുദ്ധംചെയ്തുകൊണ്ടു്, |
| ജിഗീഷവഃ | വിജയേച്ഛയോടു കൂടിയവരായിട്ടു് |
| തീക്ഷ്ണ-ശരാസി-തോമരൈഃ | മൂർച്ചയുള്ള അമ്പും വാളും ഏറുകുന്തവും മറ്റുമായ ആയുധങ്ങളാൽ |
| അന്യോന്യം | പരസ്പരം |
| ഓജസാ | ഊക്കോടെ |
| നിജഘ്നുഃ | പ്രഹരിച്ചു. |

36. ഭുശുണ്ഡിഭിശ്ചക്രഗദർഷ്ടിപട്ടിശൈഃ
ശക്ത്യുല്മുകൈഃ പ്രാസപരശ്വധൈരപി
നിസ്ത്രിംശഭല്ലൈഃ പരിഘൈഃ സമുദ്ഗരൈഃ
സഭിന്ദിപാലൈശ്ച ശിരാംസി ചിച്ഛിദുഃ

| | |
|---|---|
| ഭുശുണ്ഡിഭിഃ | ഭീഷണങ്ങളായ മാരകായുധങ്ങൾ കൊണ്ടും, |
| ചക്ര-ഗദർഷ്ടി-പട്ടിശൈഃ | ചക്രങ്ങൾ–ഗദകൾ–ഈട്ടികൾ–കൂർത്ത ലോഹദണ്ഡുകൾ എന്നിവകൊണ്ടും, |
| ശക്ത്യു-ല്മുകൈഃ | വേലുകൾകൊണ്ടും, തീപ്പന്തങ്ങൾകൊണ്ടും, |
| പ്രാസപര-ശ്വധൈഃ അപി | കുന്തം–വെൺമഴു മുതലായവകൊണ്ടും |
| നിസ്ത്രിംശ-ഭല്ലൈഃ | കൃപാണങ്ങൾകൊണ്ടും, കത്തിയമ്പുകൾ കൊണ്ടും, |
| പരിഘൈഃ | ഇരുമ്പുലയ്ക്കകൾകൊണ്ടും, |
| സമുദ്ഗരൈഃ | മൺകുത്തികൾകൊണ്ടും, |
| സഭിന്ദി-പാലൈഃ ച | ഏറുബാണങ്ങൾ മുതലായവകൊണ്ടും |
| ശിരാംസി | ശിരസ്സുകൾ |
| ചിച്ഛിദുഃ | ഛേദിച്ചുകൊണ്ടിരുന്നു. |

**37.** **ഗജാസ്തുരംഗാഃ സരഥാഃ പദാതയഃ**
**സാരോഹവാഹാ വിവിധാ വിഖണ്ഡിതാഃ**
**നികൃത്തബാഹൂരുശിരോധരാംഘ്രയ—**
**ശ്ഛിന്നധ്വജേഷ്വാസതനുത്രഭൂഷണാഃ**

| | | | |
|---|---|---|---|
| ഗജാഃ | ആനകളും, | വിഖണ്ഡിതാഃ | ഖണ്ഡിക്കപ്പെട്ടു. |
| തുരംഗാഃ | കുതിരകളും, | നികൃത്തബാ-ഹൂരുശിരോ-ധരാംഘ്രയഃ | എയ്തുമുറിക്കപ്പെട്ട കൈ-തുട-കഴുത്ത്-പാദം എന്നിവയോടും |
| സരഥാഃ | തേരാളികളും, | ഛിന്നധ്വ-ജേഷ്വാസ-തനുത്ര-ഭൂഷണാഃ | വിച്ഛേദിക്കപ്പെട്ട കൊടി-വില്ല്-കവചം-ആഭരണം എന്നിവയോടും കൂടിയവയായിത്തീർന്നു. |
| പദാതയഃ | കാലാളുകളും | | |
| സാരോഹ-വാഹാഃ | ആരോഹകന്മാരോടു കൂടിയ വാഹനങ്ങളും | | |
| വിവിധാഃ | വിവിധങ്ങളായി | | |

**38.** **തേഷാം പദാഘാതരഥാംഗചൂർണിതാ—**
**ദായോധനാദുല്ബണ ഉത്ഥിതസ്തദാ**
**രേണുർദിശഃ ഖം ദ്യുമണിം ച ഛാദയൻ**
**ന്യവർത്തതാസൃക്സ്രുതിഭിഃ പരിപ്ലുതാത്.**

| | | | |
|---|---|---|---|
| തേഷാം | അവരുടെ (ദേവാസുര യോദ്ധാക്കളുടെ) | ദിശഃ | ദിക്കുകളെയും |
| | | ഖം | ആകാശത്തെയും |
| പാദാഘാത-രഥാംഗ-ചൂർണ്ണിതാത് | കാൽച്ചവിട്ടിനാലും തേർച്ചക്രങ്ങളുടെ ഉരുളിച്ചയാലും പൊടിപെടുത്തപ്പെട്ട | ദ്യുമണിം ച | സൂര്യബിംബത്തെയും |
| | | ഛാദയൻ | മറച്ചുകൊണ്ടു്, |
| | | തദാ | തൽക്ഷണംതന്നെ |
| | | അസൃക്-സ്രുതിഭിഃ | ചോരച്ചൊരിച്ചലുകളാൽ |
| ആയോധനാത് | യുദ്ധഭൂമിയിൽനിന്നു് | | |
| ഉത്ഥിതഃ | മേലോട്ടുപൊങ്ങിയ | പരിപ്ലുതാത് | കുതിർന്നുകഴിഞ്ഞ അവിടെ നിന്നു് |
| ഉല്ബണഃ | ഉൽക്കടമായ | | |
| രേണുഃ | പൊടിപടലം | ന്യവർത്തത | തിരിച്ചെത്തിയിരുന്നു. |

രക്തം അത്രയും ഉയരെ ചിന്നിത്തെറിച്ചു് മേലോട്ടുയർന്ന മൺപൊടിയെ ചെളിയാക്കി കീഴോട്ടുതന്നെ പതിപ്പിച്ചിരുന്നുവെന്നുസാരം.

**39.** **ശിരോഭിരുദ്ധൂതകിരീടകുണ്ഡലൈഃ**
**സംരംഭദൃഗ്ഭിഃ പരിദഷ്ടദച്ഛദൈഃ**
**മഹാഭുജൈഃ സാഭരണൈഃ സഹായുധൈഃ**
**സാ പ്രാസ്തൃതാ ഭൂഃ കരഭോരുഭിർബഭൗ.**

| | | | |
|---|---|---|---|
| ഉദ്ധൂതകിരീട കുണ്ഡലൈഃ | തെറ്റിത്തെറിച്ച കിരീട കുണ്ഡലങ്ങളോടും | സാഭരണൈഃ | ആഭരണങ്ങളോടും |
| സംരംഭ-ദൃഗ്ഭിഃ | കോപാവേശം സ്ഫുരിക്കുന്ന നേത്രങ്ങളോടും | സഹായുധൈഃ | ആയുധങ്ങളോടും കൂടിയ |
| പരിദഷ്ട-ദച്ഛദൈഃ | അമർത്തിക്കടിച്ച ചുണ്ടുകളോടും കൂടിയ | മഹാഭുജൈഃ | നീണ്ട ബാഹുക്കളാലും, |
| ശിരോഭിഃ | ശിരസ്സുകളാലും, | കരഭോരുഭിഃ | തടിച്ചുരുണ്ടതുടകളാലും |
| | | സാ ഭൂഃ | ആ പടനിലം |
| | | പ്രാസ്തൃതാ | മൂടിവിരിക്കപ്പെട്ടതായിട്ട് |
| | | ബഭൗ | ശോഭിച്ചു. |

**40.** **കബന്ധാസ്തത്രചോത്പേതുഃ പശ്യന്തഃ സ്വശിരോക്ഷിഭിഃ**
**ഉദ്യതായുധദോർദണ്ഡൈരാധാവന്തോ ഭടാൻ പ്രതി.**

| | | | |
|---|---|---|---|
| തത്ര മൃധേ | അവിടെ യുദ്ധത്തിൽ | ഉദ്യതായുധ-ദോർദണ്ഡൈഃ | ഉയർത്തിപ്പിടിച്ച ആയുധങ്ങളുള്ള ബാഹുദണ്ഡങ്ങളോടെ |
| കബന്ധാഃ | തലയററുപോയ ഉടലുകൾ | ഭടാൻ പ്രതി | ശത്രുഭടന്മാരുടെ നേർക്ക് |
| സ്വശിരോ-ക്ഷിഭിഃ | അററുവീണ തലയിലെ കണ്ണുകളാൽ | ആധാവന്തഃ | ചീറിപ്പാഞ്ഞുകൊണ്ടും |
| പശ്യന്തഃ | നോക്കിക്കൊണ്ടും | ഉത്പേതുഃ | തുള്ളിക്കുതിച്ചിരുന്നു. |

**41.** **ബലിർമഹേന്ദ്രം ദശഭിസ്ത്രിഭിരൈരാവതം ശരൈഃ**
**ചതുർഭിശ്ചതുരോ വാഹാനേകേനാനേഹമാർച്ഛയത്.**

| | | | |
|---|---|---|---|
| ബലിഃ | മഹാബലി | ചതുർഭിഃ | നാലെണ്ണംകൊണ്ട് |
| ദശഭിഃ | പത്തു | ചതുരഃ | നാലു ഐരാവതത്തിന്റെ |
| ശരൈഃ | ശരങ്ങൾകൊണ്ട് | വാഹാൻ | പാദരക്ഷകന്മാരേയും |
| മഹേന്ദ്രം | ദേവേന്ദ്രനെയും | ഏകേന | ഒന്നുകൊണ്ട് |
| ത്രിഭിഃ | മൂന്നെണ്ണംകൊണ്ട് | ആരോഹം | ഒന്നാംപാപ്പാനെയും |
| ഐരാവതം | ഐരാവതത്തെയും | ആർച്ഛത് | എയ്തു. |

**42.** **സ താനാപതതഃ ശക്രസ്താവദ്ഭിഃ ശീഘ്രവിക്രമഃ**
**ചിച്ഛേദ നിശിതൈർഭല്ലൈരസംപ്രാപ്താൻ ഹസന്നിവ**

| | | | |
|---|---|---|---|
| ശീഘ്ര-വിക്രമഃ | ദ്രുതപരാക്രമിയായ | താവദ്ഭിഃ | അത്രയുംഎണ്ണംവരുന്ന |
| സഃ ശക്രഃ | ആ ദേവരാജാവ് | നിശിതൈഃ | കൂർത്തുമൂർത്ത |
| ആപതതഃ | നേരിട്ടണയുന്ന | ഭല്ലൈഃ | ഭല്ലാസ്ത്രങ്ങൾകൊണ്ട് |
| താൻ | ആ ശരങ്ങളെ | ഹസൻ ഇവ | ചിരിച്ചുംകൊണ്ടുതന്നെ |
| അസംപ്രാ-പ്താൻ | അടുത്തെത്തുന്നതിനു മുമ്പായി | ചിച്ഛേദ | എയ്തുമുറിച്ചു. |

43 **തസ്യ കർമ്മോത്തമം വീക്ഷ്യ ദുർമ്മർഷഃ ശക്തിമാദദേ**
**താം ജ്വലന്തീം മഹോല്കാഭാം ഹസ്തസ്ഥാമാച്ഛിനദ്ധരിഃ**

| | | | |
|---|---|---|---|
| തസ്യ | ആ ഇന്ദ്രന്റെ | ജ്വലന്തീം | ഉജ്ജ്വലിക്കുന്നതും |
| ഉത്തമം | മികച്ച | മഹോല്ക്കാഭാം | വലിയ തീപ്പന്തത്തിന്റെ കാന്തിയേന്തുന്നതുമായ |
| കർമ്മ | പ്രകടനം | | |
| വീക്ഷ്യ | കണ്ടിട്ട് | താം | അതിനെ |
| ദുർമ്മർഷഃ | അസഹിഷ്ണുവായിത്തീർന്ന ബലി | ഹസ്തസ്ഥാം | ബലിയുടെ കൈയിലിരിക്കെത്തന്നെ |
| ശക്തിം | വേലായുധത്തെ | ഹരിഃ | ഇന്ദ്രൻ |
| ആദദേ | കൈയിലെടുത്തു. | അച്ഛിനത് | എയ്തുമുറിച്ചു. |

44. **തതഃ ശൂലം തതഃ പ്രാസം തതസ്തോമരമൃഷ്ടയഃ**
**യദ്യച്ഛസ്ത്രം സമാദദ്യാത് സർവ്വം തദച്ഛിനദ്വിഭുഃ**

| | | | |
|---|---|---|---|
| തതഃ ശൂലം | പിന്നെ ശൂലം, | യത് യത് | ഏതേത് |
| തതഃ പ്രാസം | അതിൽപ്പിന്നെ കുന്തം, | ശസ്ത്രം | ആയുധം |
| തതഃ | അതിനുശേഷം | സമാദദ്യാത് | എടുത്താലും |
| തോമരം | ഏറുകുന്തം, | തത് സർവ്വം | അതെല്ലാം |
| ഋഷ്ടയഃ | ഈട്ടികളും—ഇങ്ങനെ | വിഭുഃ | സമർത്ഥനായ ഇന്ദ്രൻ |
| | | അച്ഛിനത് | എയ്തുമുറിച്ചു. |

45. **സസർജ്ജാഥാസുരീം മായാമന്തർദ്ധാനഗതോഽസുരഃ**
**തതഃ പ്രാദുരഭൂച്ഛൈലഃ സുരാനീകോപരി പ്രഭോ**

| | | | |
|---|---|---|---|
| അഥ | അനന്തരം | സസർജ്ജ | സൃഷ്ടിച്ചു. |
| അസുരഃ | അസുരനായ ബലി | പ്രഭോ | മഹാരാജാവേ! |
| അന്തർദ്ധാന ഗതഃ | തിരസ്കരിണീവിദ്യയെ അവലംബിച്ചു മറഞ്ഞു നിന്നുകൊണ്ട് | തതഃ | അതിൽനിന്ന് |
| | | സുരാനീ–കോപരി | ദേവസേനകളുടെ തലയ്ക്കുമീതെ |
| ആസുരീം | അസുരോചിതമായ | ശൈലഃ | ഒരു പർവ്വതം |
| മായാം | മായയെ | പ്രാദുരഭൂത് | പ്രത്യക്ഷപ്പെട്ടു. |

46. **തതോ നിപേതുസ്തരവോ ദഹ്യമാനാ ദവാഗ്നിനാ**
**ശിലാഃ സടങ്കശിഖരാശ്ചൂർണ്ണയന്ത്യോ ദ്വിഷദ്ബലം**

തതഃ അതിൽനിന്നു്
ദവാഗ്നിനാ കാട്ടുതീയാൽ
ദഹ്യമാനാഃ ദഹിക്കപ്പെട്ടുകൊണ്ടിരിക്കുന്ന
തരവഃ മരങ്ങളും
സടങ്ക-ശിഖരാഃ } കല്ലുളിപോലെ അററം കൂർത്തിരിക്കുന്ന
ശിലാഃ പാറക്കഷണങ്ങളും
ദ്വിഷദ്ബലം ശത്രുസൈന്യത്തെ
ചൂർണയന്ത്യഃ പൊടിപെടുത്തിക്കൊണ്ടു്
നിപേതുഃ വീണുതുടങ്ങി.

**47. മഹോരഗാഃ സമുത്പേതുർദന്ദശൂകാഃ സവൃശ്ചികാഃ**
**സിംഹവ്യാഘ്രവരാഹാശ്ച മർദയന്തോ മഹാഗജാൻ.**

മഹോരഗാഃ വലിയ സർപ്പങ്ങളും
സവൃശ്ചികാഃ തേളുകളുൾപ്പെടെ
ദന്ദശൂകാഃ മററനേകം വിഷജീവികളും
മഹാഗജാൻ ദേവസൈന്യത്തിലുള്ള വലിയ കൊമ്പനാനകളെ
മർദയന്തഃ ആക്രമിച്ചമർത്തുന്ന
സിംഹ-വ്യാഘ്ര-വരാഹാഃ ച } സിംഹങ്ങളും, പുലികളും, പന്നികളും മുതലായവയും
സമുത്പേതുഃ പൊന്തിവന്നു.

**48. യാതുധാന്യശ്ച ശതശഃ ശൂലഹസ്താ വിവാസസഃ**
**ഛിന്ധി ഭിന്ധീതിവാദിന്യസ്തഥാ രക്ഷോഗണാഃ പ്രഭോ.**

പ്രഭോ മഹാരാജാവേ!
ശൂലഹസ്താഃ ശൂലം കരത്തിലെടുത്തുകൊണ്ടു്
ഛിന്ധി ഭിന്ധി } ''വെട്ടുക, മുറിക്കുക''
ഇതി എന്നെല്ലാം
വാദിന്യഃ ആർത്തുപറയുന്ന
വിവാസസഃ നഗ്നകളായ
ശതശഃ നൂറുകണക്കിൽ
യാതുധാന്യഃ ച രാക്ഷസികളും.
തഥാ അതുപോലെ
രക്ഷോഗണാഃ രക്ഷസ്സക്കൂട്ടങ്ങളും (പ്രത്യക്ഷപ്പെട്ടു.)

**49. തതോ മഹാഘനാ വ്യോമ്നി ഗംഭീരപരുഷസ്വനാഃ**
**അംഗാരാൻ മുമുചുർവാതൈരാഹതാഃ സ്തനയിത്നവഃ**

തതഃ അതിനെത്തുടർന്നു്
വ്യോമ്നി ആകാശത്തിൽ
ഗംഭീരപരുഷസ്വനാഃ } അതിഘോരമായ കർക്കശധ്വനിയോടുകൂടിയവും
സ്തനയിത്നവഃ മിന്നലൊളിചിതറുന്നവയുമായ
മഹാമേഘാഃ വമ്പിച്ച കരിങ്കാറുകൾ
വാതൈഃ കാററുകളാൽ
ആഹതാഃ അടിച്ചുചിതറിക്കപ്പെട്ടു്
അംഗാരാൻ തീക്കനലുകളെ
മുമുചുഃ വർഷിച്ചുതുടങ്ങി.

**50. സൃഷ്ടോ ദൈത്യേന സുമഹാൻ വഹ്നിഃ ശ്വസനസാരഥിഃ**
**സാംവർത്തക ഇവാത്യുഗ്രോ വിബുധധ്വജിനീമധാക്.**

| | | | |
|---|---|---|---|
| ദൈത്യേന | അസുരപുംഗവനായ മഹാബലിയാൽ | സുമഹാൻ | വമ്പിച്ചതുമായ |
| | | വഹ്നിഃ | തീജ്വാല |
| സൃഷ്ടഃ | ഉണ്ടാക്കപ്പെട്ടതും | ശ്വസനസാരഥിഃ | കാറ്റിന്റെ സഹായത്തോടു ചേർന്ന് |
| സാംവർത്തകഃ | കല്പാന്തകാലാഗ്നി | വിബുധധ്വജിനീം | ദേവന്മാരുടെ പ്രമുഖ സൈന്യത്തെ |
| ഇവ | പോലെ | | |
| അത്യുഗ്രഃ | അതിഭീഷണമായതും | അധാക് | ദഹിപ്പിച്ചുതുടങ്ങി. |

**51. തതഃ സമുദ്ര ഉദ്വേലഃ സർവ്വതഃ പ്രത്യദൃശ്യത**
**പ്രചണ്ഡവാതൈരുദ്ധൂതതരംഗാവർത്തഭീഷണഃ**

| | | | |
|---|---|---|---|
| തതഃ | അതിൽപ്പിന്നെ | സമുദ്രഃ | സമുദ്രം |
| പ്രചണ്ഡവാതൈഃ | അത്യുഗ്രമായ കൊടുംകാററുകളാൽ | ഉദ്വേലഃ | കരയേന്തിവരുന്നതു് |
| ഉദ്ധൂതതരംഗാവർത്തഭീഷണഃ | ആഞ്ഞുയർന്ന തിരമാലകളാലും ചുഴികളാലും ഭീതിജനകമായ | സർവ്വതഃ | എങ്ങും |
| | | പ്രത്യദൃശ്യത | കാണപ്പെട്ടു. |

**52. ഏവം ദൈത്യൈർമഹാമായൈരലക്ഷ്യഗതിഭീഷണൈഃ**
**സൃജ്യമാനാസു മായാസു വിഷേദുഃ സുരസൈനികാഃ**

| | | | |
|---|---|---|---|
| ഏവം | ഇപ്രകാരം | മായാസു | മായകൾ |
| മഹാമായൈഃ | വലിയമായാവികളും | സൃജ്യമാനാസു | സൃഷ്ടിക്കപ്പെട്ടുകൊണ്ടിരിക്കെ, |
| അലക്ഷ്യഗതിഭീഷണൈഃ | അദൃശ്യമായ സഞ്ചാരങ്ങളാൽഭയങ്കരന്മാരുമായ | സുരസൈനികാഃ | ദേവഭടന്മാർ |
| ദൈത്യൈഃ | മററുള്ളഅസുരന്മാരാലും | വിഷേദുഃ | വിഷണ്ണരായി. |

**53 ന തത്പ്രതിവിധിം യത്ര വിദുരിന്ദ്രാദയോ നൃപ**
**ധ്യാതഃ പ്രാദുരഭൂത്തത്ര ഭഗവാൻ വിശ്വഭാവനഃ**

| | | | |
|---|---|---|---|
| നൃപ | രാജാവേ! | തത്ര | അപ്പോൾ |
| യത്ര | എപ്പോൾ | വിശ്വഭാവനഃ | ലോകസംരക്ഷകനായ |
| ഇന്ദ്രാദയഃ | ഇന്ദ്രാദിദേവന്മാർ | ഭഗവാൻ | ശ്രീമഹാവിഷ്ണു |
| തത്പ്രതിവിധിം | അതിനുവേണ്ട പ്രതിവിധാനത്തെ | ധ്യാതഃ | (അവരാൽ) ധ്യാനിക്കപ്പെട്ടവനായിട്ടു് |
| ന വിദുഃ | അറിയാതെവന്നുവോ, | പ്രാദുരഭൂത് | പ്രത്യക്ഷീഭവിച്ചു. |

54. തതഃ സുപർണാംസകൃതാങ്ഘ്രിപല്ലവഃ
പിശംഗവാസാ നവകഞ്ജലോചനഃ
അദൃശ്യതാഷ്ടായുധപാണിരുല്ലസ-
ച്ഛ്രീകൗസ്തുഭാനർഘ്യകിരീടകുണ്ഡലഃ

| | |
|---|---|
| സുപർണാംസകൃതാങ്ഘ്രിപല്ലവഃ | ഗരുഡന്റെ തോളത്തുവെക്കപ്പെട്ടപാദപല്ലവത്തോടു കൂടിയ— |
| പിശംഗവാസാഃ | മഞ്ഞപ്പട്ടുടുത്ത— |
| നവകഞ്ജലോചനഃ | പുത്തൻചെന്താമരപ്പൂവൊത്ത തൃക്കണ്ണുകളോടുകൂടിയ— |
| അഷ്ടായുധപാണിഃ | ആയുധങ്ങൾ ധരിച്ച എട്ടുതൃക്കരങ്ങളോടുകൂടിയ— |
| ഉല്ലസത്— | പരിലസിക്കുന്ന |
| ശ്രീകൗസ്തുഭാനർഘ്യകിരീടകുണ്ഡലഃ | ശ്രീവത്സം, കൗസ്തുഭം, അമൂല്യമായ കിരീടകുണ്ഡലങ്ങൾ എന്നിവയോടു കൂടിയ ഭഗവാൻ |
| തതഃ | അവിടത്തിൽ |
| അദൃശ്യത | കാണപ്പെട്ടു. |

55. തസ്മിൻ പ്രവിഷ്ടേഽസുരകൂടകർമ്മജാ
മായാ വിനേശുർമഹിനാ മഹീയസഃ
സ്വപ്നോ യഥാ ഹി പ്രതിബോധ ആഗതേ
ഹരിസ്മൃതിഃ സർവ്വവിപദ്വിമോക്ഷണം.

| | |
|---|---|
| തസ്മിൻ | ഭഗവാൻ |
| പ്രവിഷ്ടേ | വന്നുചേർന്നതും |
| അസുരകൂടകർമ്മജാഃ | അസുരന്മാരുടെ അഭിചാരമന്ത്രപ്രയോഗം കൊണ്ടുണ്ടായ |
| മായാഃ | മായകൾ |
| മഹീയസഃ | സർവ്വാതിശായിയായ മഹിമയോടെ നിലകൊള്ളുന്ന അവിടുത്തെ |
| മഹിനാ | പ്രഭാവത്താൽ, |
| പ്രതിബോധേ | ഉണർവ് |
| ആഗതേ | വന്നപ്പോൾ |
| സ്വപ്നഃ | സ്വപ്നദൃശ്യം |
| യഥാ ഹി | ഏതുപോലെയോ അതുപോലെ |
| വിനേശുഃ | തീർത്തും ഇല്ലാതെയായി. |
| ഹരിസ്മൃതിഃ | ശ്രീഹരിയുടെ സ്മരണപോലും |
| സർവ്വാപദ്വിമോക്ഷണം | സകല വിപത്തുകളിൽ നിന്നും മോചനമുണ്ടാക്കുന്നു. |

എന്നിരിക്കെ, ശ്രീഹരിയുടെ സാക്ഷാൽ സാന്നിധ്യം തന്നെയുണ്ടായാൽ വിപത്തുകളിൽ നിന്ന് മോചനം ലഭിക്കാതിരിക്കുമോ? എന്ന് അർത്ഥാപത്തി.

56. ദൃഷ്ട്വാ മൃധേ ഗരുഡവാഹമിഭാരിവാഹ
ആവിധ്യ ശൂലമഹിനോദഥ കാലനേമിഃ
തല്ലീലയാ ഗരുഡമൂർധ്നി പതദ്ഗൃഹീത്വാ
തേനാഹനന്നൃപ സവാഹമരിം ത്ര്യധീശഃ

| | |
|---|---|
| അഥ നൃപ | അനന്തരം, രാജാവേ! |
| ഇഭാരിവാഹഃ | സിംഹവാഹനനായ |
| കാലനേമിഃ | കാലനേമിയെന്ന അസുരൻ |
| ഗരുഡവാഹം | ഗരുഡവാഹനനായ ഹരിയെ |
| മൃധേ | യുദ്ധത്തിൽ |
| ദൃഷ്ട്വാ | കണ്ടിട്ട് |
| ശൂലം | ശൂലായുധത്തെ |
| ആവിധ്യ | ചുഴറ്റി |
| അഹിനോത് | എറിഞ്ഞു. |
| ഗരുഡമൂർധ്നി | ഗരുഡന്റെ ശിരസ്സിൽ |
| പതത് | വന്നുവീഴുന്ന |
| തത് | അതിനെ |
| ത്ര്യധീശഃ | ത്രിലോകനാഥൻ |
| ലീലയാ | കളിയോടെ |
| ഗൃഹീത്വാ | കടന്നുപിടിച്ച് |
| തേന | അതുകൊണ്ട് |
| അരിം | ശത്രുവിനെ |
| സവാഹം | വാഹനത്തോടുകൂടെ |
| അഹനത് | വധിച്ചു. |

57. മാലീ സുമാല്യതിബലൗ യുധി പേതതുർയ-
ച്ചക്രേണ കൃത്തശിരസാവഥ മാല്യവാംസ്തം
ആഹത്യ തിഗ്മഗദയാഽഹനദണ്ഡജേന്ദ്രം
താവച്ഛിരോഽച്ഛിനദരേർനദതോഽരിണാദ്യഃ.

| | |
|---|---|
| അതിബലൗ | അതിബലവാന്മാരായ |
| മാലീ | മാലിയും |
| സുമാലീ | സുമാലിയും |
| യുധി | യുദ്ധത്തിൽ |
| യച്ചക്രേണ | യാതൊരാളുടെ ചക്രായുധത്താൽ |
| കൃത്തശിരസൗ | തലയറുക്കപ്പെട്ട് |
| പേതതുഃ | നിലംപതിച്ചുവോ, |
| തം | ആ ഭഗവാനെ |
| അഥ | പിന്നീട് |
| മാല്യവാൻ | മാല്യവാനെന്നവൻ |
| ആഹത്യ | എതിരിട്ട് |
| തിഗ്മഗദയാ | ഊക്കൻ ഗദകൊണ്ട് |
| അണ്ഡജേന്ദ്രം | ഗരുഡനെ |
| അഹനത് | പ്രഹരിച്ചു. |
| താവത് | അപ്പോഴേക്കും |
| ആദ്യഃ | ആദിപുരുഷനായ ഭഗവാൻ |
| നദതഃ | ഗർജ്ജിച്ചുകൊണ്ടിരിക്കുന്ന |
| അരേഃ | ശത്രുവിന്റെ |
| ശിരഃ | ശിരസ്സിനെ |
| അരിണാ | ചക്രംകൊണ്ട് |
| അച്ഛിനത് | അറുത്തിട്ടു. |

ഇതി ശ്രീമദ് ഭാഗവതേ മഹാപുരാണേ
അഷ്ടമസ്കന്ധേ ദശമോഽധ്യായഃ

ആദിതഃ ശ്ലോകാഃ 392

എട്ടാമത്തെ സ്കന്ധത്തിൽ പത്താമധ്യായം കഴിഞ്ഞു.

# ഏകാദശോഽധ്യായഃ — അധ്യായം പതിനൊന്ന്

## ദേവാസുരയുദ്ധത്തിൻെറ പരിസമാപ്തി.

'' ഏകാദശേ തു ദേവേഷു ദൈത്യഘാതിഷു നാരദഃ
ദേവാനവാരയത് ശുക്രോ മൃതാൻ ദൈത്യാനജീവയത് ''

ദേവന്മാർ അസുരന്മാരെ നിഃശേഷം കൊന്നൊടുക്കുമെന്ന സ്ഥിതിയിലായപ്പോഠം ശ്രീനാരദൻ വന്നു ദേവന്മാരെ തടഞ്ഞു് യുദ്ധം അവസാനിപ്പിച്ചതും, യുദ്ധത്തിൽ മൃതിയടഞ്ഞ അസുരന്മാരെ ശുക്രാചാര്യർ പുനർജീവിപ്പിച്ചതും ഈ 11-ാം അധ്യായം കൊണ്ടുപറയുന്നു.

ശ്രീശുക ഉവാച = ശ്രീ ശുകൻ പറഞ്ഞു—

1. അഥോ സുരാഃ പ്രത്യുപലബ്ധചേതസഃ
പരസ്യ പുംസഃ പരയാനുകമ്പയാ
ജഘ്നുർഭൃശം ശക്രസമീരണാദയ-
സ്താംസ്താൻ രണേ യൈരഭിസംഹതാഃ പുരാ.

| | | | |
|---|---|---|---|
| അഥോ | പിന്നീട്, | സുരാഃ | ദേവന്മാർ |
| പരസ്യ പുംസഃ | പരമപുരുഷനായ ഭഗവാൻെറ | രണേ | യുദ്ധത്തിൽ |
| | | പുരാ | ആദ്യം |
| പരയാ | അത്യുദാരമായ | യൈഃ | ആരോടാരോടായി |
| അനുകമ്പയാ | കാരുണ്യത്താൽ | അഭിസംഹതാഃ | നേരിട്ട് ഏററുമുട്ടിയിരുന്നുവോ, |
| പ്രത്യുപലബ്ധചേതസഃ | വീണ്ടുകിട്ടിയ ഉറക്കത്തോടുകൂടിയവരായിഭവിച്ച | താൻ താൻ | അവരെയവരെ |
| ശക്രസമീരണാദയഃ | ഇന്ദ്രൻ, വായു എന്നു തുടങ്ങിയ | ഭൃശം | രൂക്ഷമായി |
| | | ജഘ്നുഃ | പ്രഹരിച്ചുതുടങ്ങി. |

2. വൈരോചനായ സംരബ്ധോ ഭഗവാൻ പാകശാസനഃ
ഉദയച്ഛദ്യദാ വജ്രം പ്രജാ ഹാഹേതി ചുക്രുശുഃ

| | | | |
|---|---|---|---|
| ഭഗവാൻ | പരമൈശ്വര്യശാലിയായ | ഉദയച്ഛത് | ഓങ്ങിനിന്നുവോ, (അപ്പോഠം) |
| പാകശാസനഃ | ദേവേന്ദ്രൻ | | |
| വൈരോചനായ | മഹാബലിയുടെ നേക്ക് | പ്രജാഃ | ജനങ്ങഠം |
| സംരബ്ധഃ | അതികുപിതനായിട്ട് | ഹാ ഹാ ഇതി | അയ്യോ! അയ്യോ! എന്ന് |
| യദാ | എപ്പോഠം | | |
| വജ്രം | വജ്രായുധത്തെ | ചുക്രുശുഃ | നിലവിളിച്ചുതുടങ്ങി. |

3. **വജ്രപാണിസ്തമാഹേദം തിരസ്കൃത്യ പുരഃസ്ഥിതം**
**മനസ്വിനം സുസമ്പന്നം വിചരന്തം മഹാമൃധേ.**

| | | | |
|---|---|---|---|
| മനസ്വിനം | ദൃഢചിത്തനായി— | തം | ആ ബലിയെ |
| സുസമ്പന്നം | ആയുധങ്ങൾകൊണ്ടു സുസജ്ജിതനായി— | തിരസ്കൃത്യ | അവഹേളിച്ച് |
| മഹാമൃധേ | മഹായുദ്ധത്തിൽ | വജ്രപാണിഃ | കൈയിൽ വജ്രായുധമേന്തിനില്ക്കുന്ന ഇന്ദ്രൻ |
| വിചരന്തം | വിലസുന്നവനുമായി | | |
| പുരഃ സ്ഥിതം | തന്റെ പുരോഭാഗത്തിൽ നില്ക്കുന്ന | ഇദം ആഹ | ഇങ്ങനെ പറഞ്ഞു— |

4. **നടവന്മൂഢ മായാഭിർമായേശാൻ നോ ജിഗീഷസി**
**ജിത്വാ ബാലാൻ നിബദ്ധാക്ഷാൻ നടോ ഹരതി തദ്ധനം.**

| | | | |
|---|---|---|---|
| മൂഢ | എടോ മഠയ! | നടഃ | ചെപ്പടിക്കളിക്കാരൻ |
| നടവത് | ചെപ്പടിക്കളിക്കാരനെപ്പോലെ | നിബദ്ധാക്ഷാൻ | കൺകെട്ടുവിദ്യയ്ക്കു വിധേയരായ |
| മായാഭിഃ | കൺകെട്ടുവിദ്യകളാൽ, | ബാലാൻ | ബാലിശജനങ്ങളെ |
| മായേശാൻ | എല്ലാ മായാജാലങ്ങളെയും നിയന്ത്രിക്കുന്ന | ജിത്വാ | തോല്പിച്ച് |
| നഃ | നമ്മെ | തദ്ധനം | അവരുടെ ധനം |
| ജിഗീഷസി | ജയിക്കാൻ ഭാവിക്കയാണോ? | ഹരതി | പററിക്കാറുണ്ടല്ലോ |

5. **ആരുരുക്ഷന്തി മായാഭിരുത്സിസൃപ്സന്തി യേ ദിവം**
**താൻ ദസ്യൂൻ വിധുനോമ്യജ്ഞാൻ പൂർവ്വസ്മാച്ച പദാദധഃ.**

| | | | |
|---|---|---|---|
| യേ | യാതൊരുവർ | താൻ | അത്തരത്തിലുള്ള |
| മായാഭിഃ | മായാപ്രയോഗങ്ങളിലൂടെ | അജ്ഞാൻ | അറിവുകെട്ട |
| ദിവം | സ്വർഗ്ഗത്തിലേക്ക് | ദസ്യൂൻ | കാട്ടുകള്ളന്മാരെ |
| ആരുരുക്ഷന്തി | കയറിക്കൂടുവാൻ കൊതിക്കുന്നുവോ, | പൂർവ്വസ്മാത് | ആദ്യമുണ്ടായിരുന്ന |
| | | പദാത് ച | സ്ഥാനത്തിൽനിന്നുകൂടി |
| ഉത്സിസൃപ്സന്തി ച | അതിനെയും മറികടന്ന് അപ്പുറത്തെത്താനും ആശിക്കുന്നുവോ, | അധഃ | താഴോട്ട് |
| | | വിധുനോമി | തള്ളിവിട്ടേക്കും. |

6. **സോഽഹം ദുർമായിനസ്തേഽദ്യ വജ്രേണ ശതപർവ്വണാ**
**ശിരോ ഹരിഷ്യേ മന്ദാത്മൻ ഘടസ്വ ജ്ഞാതിഭിഃ സഹ.**

| | |
|---|---|
| സഃ അഹം | അങ്ങനെയുള്ള ഞാൻ |
| ദുർമായിനഃ | ദുഷ്ടമായാവിയായ |
| തേ | നിന്റെ |
| ശിരഃ | ശിരസ്സിനെ |
| ശതപർവ്വണാ | നൂറുമുനയുള്ള |
| വജ്രേണ | വജ്രംകൊണ്ടു |
| അദ്യ | ഇപ്പോൾ |
| ഹരിഷ്യേ | അറുത്തിടുവാൻ പോകുന്നു. |
| മന്ദാത്മൻ | മൂഢാത്മാവേ! |
| ജ്ഞാതിഭിഃ | ഉററവരോടു |
| സഹ | കൂടെ |
| ഘടസ്വ | സംഘടിച്ചുനില്ക്കുക. |

ബലിരുവാച = മഹാബലി പറഞ്ഞു—

**7. സംഗ്രാമേ വർത്തമാനാനാം കാലചോദിതകർമ്മണാം**
**കീർത്തിർജയോऽജയോമൃത്യുഃ സർവ്വേഷാം സ്യുരനുക്രമാത്.**

| | |
|---|---|
| കാല— ചോദിത— കർമ്മണാം | കാലശക്തിയുടെ പ്രേരണയാൽ കർമ്മത്തിന്നധീനരായി |
| സംഗ്രാമേ | യുദ്ധത്തിൽ |
| വർത്തമാനാ- നാം | ഏർപ്പെട്ടിരിക്കുന്ന |
| സർവ്വേഷാം | എല്ലാവർക്കും |
| കീർത്തിഃ | യശസ്സും |
| ജയഃ | വിജയവും |
| അജയഃ | അപജയവും |
| മൃത്യുഃ | മരണവും |
| അനുക്രമാത് | ക്രമാനുസൃതമായി |
| സ്യുഃ | സംഭവിച്ചേക്കാം. |

**8. തദിദം കാലരശനം ജനാഃ പശ്യന്തി സൂരയഃ**
**ന ഹൃഷ്യന്തി ന ശോചന്തി തത്ര യൂയമപണ്ഡിതാഃ—**

| | |
|---|---|
| തത് | അക്കാരണത്താൽ |
| സൂരയഃ | ബോധവാന്മാരായ |
| ജനാഃ | ജനങ്ങൾ |
| ഇദം | ഈ ലോകജീവിതത്തെ |
| കാലരശനം | കാലനിയന്ത്രിതമായിട്ടു മാത്രം |
| പശ്യന്തി | കാണുന്നു. |
| ന ഹൃഷ്യന്തി | (അവർ വിജയത്തിൽ) ആഹ്ലാദിക്കുകയില്ല; |
| ന ശോചന്തി | (അപജയത്തിൽ) ദുഃഖിക്കയുമില്ല. |
| തത്ര | അതിൽ—ആ തത്ത്വാവബോധവിഷയത്തിൽ |
| യൂയം | നിങ്ങൾ (ദേവന്മാർ) |
| അപണ്ഡിതാഃ | അനഭിജ്ഞരാണ്. |

**9. ന വയം മന്യമാനാനാമാത്മാനം തത്ര സാധനം**
**ഗിരോ വഃ സാധുശോച്യാനാം ഗൃഹ്ണീമോ മർമ്മതാഡനാഃ**

| | |
|---|---|
| തത്ര | അതിൽ—കീർത്തിയും വിജയവും മററും ഉണ്ടാവുന്നതിൽ |
| ആത്മാനം | തന്നെ—തന്റെ വൈഭവത്തെ |
| സാധനം | കാരണമായിട്ട് |
| മന്യമാനാനാം | കരുതിവരുന്നവരും |
| സാധു- ശോച്യാനാം | സത്തുക്കളുടെ ദൃഷ്ടിയിൽ ശോചനീയന്മാരുമായ |
| വഃ | നിങ്ങളുടെ |

| | | | |
|---|---|---|---|
| മർമ്മതാഡനാഃ | മർമ്മങ്ങളിൽ പ്രഹരിക്കുന്ന | വയം | ഞങ്ങൾ |
| ഗിരഃ | വാക്കുകളെ | ന ഗൃഹ്ണീമഃ | കാര്യമായെടുക്കുന്നില്ല. |

ശ്രീ ശുക ഉവാച = ശ്രീശുകൻ പറഞ്ഞു—

10. ഇത്യാക്ഷിപ്യ വിഭും വീരോ നാരാചൈർ വീരമർദ്ദനഃ
ആകർണപൂരൈരഹനദാക്ഷേപൈരാഹതം പുനഃ

| | | | |
|---|---|---|---|
| വീരമർദ്ദനഃ | വീരന്മാരെ തകർക്കുന്ന | ആഹതം | എയ്തുമുറിയേല്പിക്കപ്പെട്ട (ദേവേന്ദ്രനെ) |
| വീരഃ | വീരനായ ബലി | | |
| ഇതി | ഇപ്രകാരം | ആകർണ- പൂരൈഃ | കാതോളം ഞാൺ വലിച്ചു മുറുക്കി തൊടുത്തയക്കപ്പെട്ട |
| വിഭും | ദേവേന്ദ്രനെ | | |
| ആക്ഷിപ്യ | അധിക്ഷേപിച്ച് | | |
| ആക്ഷേപൈഃ | ആ അധിക്ഷേപബാണങ്ങളാൽ | നാരാചൈഃ | കൂരമ്പുകൾകൊണ്ട് |
| | | അഹനത് | പ്രഹരിച്ചു. |

11. ഏവം നിരാകൃതോ ദേവോ വൈരിണാ തഥ്യവാദിനാ
നാമൃഷ്യത്തദധിക്ഷേപം തോത്രാഹത ഇവ ദ്വിപഃ

| | | | |
|---|---|---|---|
| തഥ്യവാദിനാ | സത്യഭാഷിയായ | തോത്രാഹതഃ | തോട്ടികൊണ്ടു കുത്തിയ |
| വൈരിണാ | ശത്രുവിനാൽ | ദ്വിപഃ ഇവ | ആനയെപ്പോലെ |
| ഏവം | ഈ വിധം | തദധിക്ഷേപം | ആ ശത്രുവിന്റെ നിന്ദാവചനത്തെ |
| നിരാകൃതഃ | നിരാകരിക്കപ്പെട്ട | | |
| ദേവഃ | ദേവേന്ദ്രൻ | ന അമൃഷ്യത് | കേട്ടുപൊറുത്തില്ല. |

12. പ്രാഹരത് കുലിശം തസ്മാ അമോഘം പരമർദ്ദനഃ
സയാനോ ന്യപതദ് ഭൂമൗ ഛിന്നപക്ഷ ഇവാചലഃ.

| | | | |
|---|---|---|---|
| പരമർദ്ദനഃ | ശത്രുമർദ്ദനനായ ഇന്ദ്രൻ | സയാനഃ | മഹാബലി വിമാനത്തോടുകൂടി |
| തസ്മൈ | അവന്റെ നേർക്ക് | ഛിന്നപക്ഷഃ | ചിറകററ |
| അമോഘം | പാഴിലാകാത്ത | അചലഃ ഇവ | പർവ്വതംപോലെ |
| കുലിശം | വജ്രായുധത്തെ | ഭൂമൗ | നിലത്ത് |
| പ്രാഹരത് | പ്രയോഗിച്ചു. | ന്യപതത് | മറിഞ്ഞുവീണു. |

13. സഖായം പതിതം ദൃഷ്ട്വാ ജംഭോ ബലിസഖഃ സുഹൃത്
അഭ്യയാത് സൗഹൃദം സഖ്യുർഹതസ്യാപി സമാചരൻ

| | | | |
|---|---|---|---|
| ബലിസഖഃ | മഹാബലിയുടെ കൂട്ടുകാരനും | ഹതസ്യ അപി | വധിക്കപ്പെട്ടുപോയെന്നിരിക്കിലും |
| സുഹൃത് | ഹിതൈഷിയുമായ | സഖ്യുഃ | ആ കൂട്ടുകാരനെ സംബന്ധിച്ച |
| ജംഭഃ | ജംഭാസുരൻ | സൗഹൃദം | മൈത്രീബന്ധത്തെ |
| പതിതം | മരിച്ചുവീണ | സമാചരൻ | പ്രാവർത്തികമാക്കാനൊരുങ്ങിക്കൊണ്ടു് |
| സഖായം | കൂട്ടുകാരനെ | | |
| ദൃഷ്ട്വാ | കണ്ടു്, | അഭ്യയാത് | നേരിട്ടുചെന്നു. |

**14.** **സ സിംഹവാഹ ആസാദ്യ ഗദാമുദ്യമ്യ രംഹസാ**
**ജത്രാവതാഡയച്ഛക്രം ഗജം ച സുമഹാബലഃ**

| | | | |
|---|---|---|---|
| സുമഹാബലഃ | അതിബലവാനായ | രംഹസാ | വേഗത്തോടെ |
| | | ആസാദ്യ | പാഞ്ഞണഞ്ഞു് |
| സഃ | അവൻ | ശക്രം | ഇന്ദ്രനെ |
| ഗദാം | ഗദയെ | ജത്രൗ | പൂണെല്ലിന്മേൽ |
| ഉദ്യമ്യ | ഓങ്ങിപ്പിടിച്ചു് | അതാഡയത് | ആഞ്ഞടിച്ചു; |
| സിംഹവാഹഃ | സിംഹാരൂഢനായി | ഗജം ച | ഒപ്പംതന്നെ ആനയെയും. |

**15.** **ഗദാപ്രഹാരവ്യഥിതോ ഭൃശം വിഹ്വലിതോ ഗജഃ**
**ജാനുഭ്യാം ധരണീം സ്പൃഷ്ട്വാ കശ്മലം പരമം യയൗ**

| | | | |
|---|---|---|---|
| ഗദാപ്രഹാരവ്യഥിതഃ | ഗദകൊണ്ടുള്ള അടിയേററു വേദനിച്ചു് | ധരണീം | ഭൂമിയെ |
| ഭൃശം | ഏററവും | സ്പൃഷ്ട്വാ | സ്പർശിച്ചു് (മുട്ടുകുത്തിയിട്ടു്) |
| വിഹ്വലിതഃ | വിവശനായിത്തീൎന്ന | പരമം | അത്യന്തം |
| ഗജഃ | ഐരാവതഗജം | കശ്മലം | മോഹാലസ്യത്തെ |
| ജാനുഭ്യാം | കാൽമുട്ടുകളാൽ | യയൗ | പ്രാപിച്ചു. |

**16.** **തതോ രഥോ മാതലിനാ ഹരിഭിർദശശതൈർവൃതഃ**
**ആനീതോ ദ്വിപമുത്സൃജ്യ രഥമാരുരുഹേ വിഭുഃ**

| | | | |
|---|---|---|---|
| തതഃ | തൽക്ഷണം | ആനീതഃ | കൊണ്ടുവരപ്പെട്ടു. |
| മാതലിനാ | മാതലിയാൽ | വിഭുഃ | ദേവേന്ദ്രൻ |
| ദശശതൈഃ | ആയിരം | ദ്വിപം | ആനയെ |
| ഹരിഭിഃ | അശ്വങ്ങളെക്കൊണ്ടു് | ഉത്സൃജ്യ | കൈവിട്ടു് |
| വൃതഃ | പൂട്ടിക്കെട്ടിയ | രഥം | തേരിലേക്കു് |
| രഥഃ | തേരു് | ആരുരുഹേ | കയറി. |

17. തസ്യ തത് പൂജയൻ കർമ്മ യന്തുർദാനവസത്തമഃ
ശൂലേന ജ്വലതാ തം തു സ്മയമാനോഽഹനന്മൃധേ.

| | | | |
|---|---|---|---|
| ദാനവ—സത്തമഃ | അസുരരിൽ പ്രമുഖനായ ജംഭൻ | തം തു | അവനെയും |
| തസ്യ യന്തുഃ | ആ സാരഥിയുടെ | ജ്വലതാ | ജ്വലിക്കുന്ന |
| തത് | താദൃശമായ | ശൂലേന | ശൂലത്താൽ |
| കർമ്മ | പ്രവൃത്തിയെ | മൃധേ | യുദ്ധമധ്യത്തിൽ |
| പൂജയൻ | ബഹുമാനിച്ചുകൊണ്ടു തന്നെ | സ്മയമാനഃ | പുഞ്ചിരിതൂകിക്കൊണ്ട് |
| | | അഹനത് | പ്രഹരിച്ചു. |

18. സേഹേ രുജം സുദുർമ്മർഷാം സത്ത്വമാലംബ്യ മാതലിഃ
ഇന്ദ്രോ ജംഭസ്യ സംക്രുദ്ധോ വജ്രേണാപാഹരച്ഛിരഃ

| | | | |
|---|---|---|---|
| മാതലിഃ | ഇന്ദ്രസാരഥി | സംക്രുദ്ധഃ | അത്യധികം കുപിതനായ |
| സത്ത്വം | മനോധൈര്യം | ഇന്ദ്രഃ | ഇന്ദ്രൻ |
| ആലംബ്യ | അവലംബിച്ച് | വജ്രേണ | വജ്രംകൊണ്ട് |
| സുദുർമ്മർഷാം | അതിദുഃസഹമായ | ജംഭസ്യ | ജംഭന്റെ |
| രുജം | വേദനയെ | ശിരഃ | ശിരസ്സിനെ |
| സേഹേ | സഹിച്ചു. | അപാഹരത് | കൊയ്തെടുത്തു. |

19. ജംഭം ശ്രുത്വാ ഹതം തസ്യ ജ്ഞാതയോ നാരദാദൃഷേഃ
നമുചിശ്ച വലഃ പാകസ്തത്രാപേതുസ്ത്വരാന്വിതാഃ

| | | | |
|---|---|---|---|
| ഋഷേഃ | ദേവർഷിയായ | നമുചിഃ | നമുചിയും |
| നാരദാത് | ശ്രീനാരദനിൽനിന്ന് | വലഃ | വലനും |
| ജംഭം ഹതം | ജംഭാസുരൻ വധിക്കപ്പെട്ടതായി | പാകഃ ച | പാകനും |
| ശ്രുത്വാ | കേട്ട് | ത്വരാന്വിതാഃ | ശീഘ്രതയോടെ |
| തസ്യ | അവന്റെ | തത്ര | അവിടേക്ക് |
| ജ്ഞാതയഃ | ബന്ധുക്കളായ | ആപേതുഃ | ചാടിവീണു. |

20. വചോഭിഃ പരുഷൈരിന്ദ്രമർദയന്തോഽസ്യ മർമ്മസു
ശരൈരവാകിരൻ മേഘാ ധാരാഭിരിവ പർവ്വതം

| | | | |
|---|---|---|---|
| പരുഷൈഃ | കഠോരങ്ങളായ | അർദയന്തഃ | നൊമ്പരം കൊള്ളിച്ചുകൊണ്ട് |
| വചോഭിഃ | വാക്കുകളാൽ | | |
| അസ്യ | ഈ ഇന്ദ്രന്റെ | മേഘാഃ | മേഘങ്ങൾ |
| മർമ്മസു | മർമ്മങ്ങളിൽ | ധാരാഭിഃ | വർഷധാരകളാൽ |

| | | | |
|---|---|---|---|
| പർവ്വതം | പർവ്വതത്തെ | ശരൈഃ | ശരങ്ങളാൽ |
| ഇവ | എന്നപോലെ | | |
| ഇന്ദ്രം | ഇന്ദ്രനെ | അവാകിരൻ | ചിതറിമൂടി. |

21. **ഹരീൻ ദശശതാന്യാജൗ ഹര്യശ്വസ്യ വലഃ ശരൈഃ**
**താവദ്ഭിരർദ്ദയാമാസ യുഗപല്ലഘുഹസ്തവാൻ**

| | | | |
|---|---|---|---|
| ആജൗ | യുദ്ധത്തിൽ | ഹരീൻ | പച്ചക്കുതിരകളെ |
| ലഘു- ഹസ്തവാൻ | ഹസ്തലാഘവമുള്ള വനായ | താവദ്ഭിഃ | അത്രയും |
| വലഃ | വലാസുരൻ | ശരൈഃ | ശരങ്ങൾകൊണ്ട് |
| ഹര്യശ്വസ്യ | ദേവേന്ദ്രന്റെ | യുഗപത് | ഒരേസമയത്ത് |
| ദശശതാനി | ആയിരം | അർദ്ദയാമാസ | എയ്തുമുറിച്ചു. |

22. **ശതാഭ്യാം മാതലിം പാകോ രഥം സാവയവം പൃഥക്**
**സകൃത്സന്ധാനമോക്ഷേണ തദദ്ഭുതമഭൂദ്രണേ.**

| | | | |
|---|---|---|---|
| പാകഃ | പാകാസുരൻ | (അർദ്ദയാമാസ) | എയ്തുമുറിച്ചു. |
| പൃഥക് | വെവ്വേറെ | സകൃത്സന്ധാന- മോക്ഷേണ | ഒരേസമയത്തു തൊടുത്തു വിട്ടതുകൊണ്ട് |
| ശതാഭ്യാം | നൂറുവീതം ശരങ്ങളാൽ | | |
| മാതലിം | മാതലിയെയും | രണേ | യുദ്ധത്തിൽ |
| സാവയവം | വിവിധ ഭാഗങ്ങളും കൊള്ളുന്ന | തത് | അത് |
| | | അദ്ഭുതം | ആശ്ചര്യകരമായി |
| രഥം | രഥത്തെയും | അഭൂത് | ഭവിച്ചു. |

23. **നമുചിഃ പഞ്ചദശഭിഃ സ്വർണപുംഖൈർ മഹേഷുഭിഃ**
**ആഹത്യ വ്യനദത് സംഖ്യേ സതോയ ഇവ തോയദഃ**

| | | | |
|---|---|---|---|
| നമുചിഃ | നമുചിയെന്ന അസുരൻ | ആഹത്യ | ആഞ്ഞടിച്ച് |
| സ്വർണ- പുംഖൈഃ | പൊൻമയങ്ങളായ കണകളോടുകൂടിയ | സതോയഃ | നീരുംകൊണ്ട |
| പഞ്ചദശഭിഃ | പതിനഞ്ചായിരം | തോയദഃ | കാർകൊണ്ടൽ |
| മഹേഷുഭിഃ | ഉഗ്രശരങ്ങളാൽ | ഇവ | പോലെ |
| സംഖ്യേ | യുദ്ധത്തിൽ | വ്യനദത് | ഗർജ്ജിച്ചു. |

24. **സർവ്വതഃ ശരകൂടേന ശക്രം സരഥസാരഥിം**
**ഛാദയാമാസുരസുരാഃ പ്രാവൃട്സൂര്യമിവാംബുദാഃ**

| | |
|---|---|
| അംബുദാഃ | മേഘങ്ങളും |
| പ്രാവൃട്സൂര്യം | വർഷകാലത്തെ ആദിത്യനെ |
| ഇവ | എന്നപോലെ |
| അസുരാഃ | അസുരന്മാർ |
| സർവ്വതഃ | എല്ലാഭാഗത്തുനിന്നും |
| ശരകൂടേന | ശരകൂടംകൊണ്ട് |
| സരഥ-സാരഥിം | രഥത്തോടും സാരഥിയോടും കൂടിയ |
| ശക്രം | ഇന്ദ്രനെ |
| ഛാദയാമാസുഃ | മൂടി. |

**25.** അലക്ഷയന്തസ്തമതീവ വിഹ്വലാ
വിചുക്രുശുർ ദേവഗണാഃ സഹാനുഗാഃ
അനായകാഃ ശത്രുബലേന നിർജ്ജിതാ
വണിക്പഥാ ഭിന്നനവോ യഥാർണ്ണവേ.

| | |
|---|---|
| സഹാനുഗാഃ | അനുചരന്മാരോടുകൂടിയ |
| ദേവഗണാഃ | ദേവവൃന്ദങ്ങളും |
| തം | അദ്ദേഹത്തെ (ഇന്ദ്രനെ) |
| അലക്ഷയന്തഃ | കാണാതെ |
| അതീവ | ഏറ്റവും |
| വിഹ്വലാഃ | വിവശരായി, |
| ശത്രുബലേന | ശത്രുസൈന്യത്താൽ |
| നിർജ്ജിതാഃ | തികച്ചും പരാജിതരായി, |
| അനായകാഃ | നേതാവില്ലാത്തവരുമായി ഭവിച്ച് |
| അർണ്ണവേ | കടലിൽ |
| ഭിന്നനവഃ | കപ്പൽ തകർന്നുപോയ |
| വണിക്പഥാഃ | കച്ചവടക്കാർ |
| യഥാ | എന്നപോലെ |
| വിചുക്രുശുഃ | മുറവിളി കൂട്ടി |

**26.** തതസ്തുരാഷാഡിഷുബദ്ധപഞ്ജരാ-
ദ്വിനിർഗ്ഗതഃ സാശ്വരഥധ്വജാഗ്രണീഃ
ബഭൗ ദിശഃ ഖം പൃഥിവീം ച രോചയൻ
സ്വതേജസാ സൂര്യ ഇവ ക്ഷപാത്യയേ

| | |
|---|---|
| തതഃ | അതിനുശേഷം |
| തുരാഷാട് | ദേവേന്ദ്രൻ |
| ഇഷുബദ്ധ-പഞ്ജരാത് | ശരങ്ങളുംകൊണ്ടു നിബന്ധിച്ച കൂട്ടിൽനിന്ന് |
| സാശ്വരഥ-ധ്വജാഗ്രണീഃ | കുതിരകളും, തേരും, കൊടിയും, സാരഥിയും ഒത്തുചേർന്നുകൊണ്ട് |
| വിനിർഗ്ഗതഃ | പുറത്തു വന്നു |
| ദിശഃ | ദിക്കുകളെയും |
| ഖം | ആകാശത്തെയും |
| പൃഥിവീംച | ഭൂമിയെയും |
| സ്വതേജസാ | തന്റെ തേജസ്സിനാൽ |
| രോചയൻ | തിളക്കം കൊള്ളിച്ചുകൊണ്ട് |
| ക്ഷപാത്യയേ | രാത്രിയുടെ അവസാനത്തിൽ |
| സൂര്യഃ ഇവ | സൂര്യനെന്നപോലെ |
| ബഭൗ | പ്രശോഭിച്ചു. |

**27.** നിരീക്ഷ്യ പൃതനാം ദേവഃ പരൈരഭ്യർദ്ദിതാം രണേ
ഉദയച്ഛദ് രിപും ഹന്തും വജ്രം വജ്രധരോ രുഷാ.

| | | | |
|---|---|---|---|
| വജ്രധരഃ | വജ്രായുധമേന്തിയ | നിരീക്ഷ്യ | കണ്ട് |
| ദേവഃ | ഇന്ദ്രൻ | രുഷാ | കോപാവേശത്താൽ |
| രണേ | യുദ്ധത്തിൽ | രിപും ഹന്തും | ശത്രുവെ കൊല്ലുവാൻ |
| പരൈഃ | ശത്രുക്കളാൽ | വജ്രം | വജ്രായുധം |
| അഭ്യർദിതാം | തകർക്കപ്പെട്ട | ഉദയച്ഛത് | ഓങ്ങിപ്പിടിച്ചു. |
| പൃതനാം | സ്വസൈന്യത്തെ | | |

**28.** **സ തേനൈവാഷ്ടധാരേണ ശിരസീ വലപാകയോഃ**
**ജ്ഞാതീനാം പശ്യതാം രാജൻ ജഹാര ജനയൻ ഭയം.**

| | | | |
|---|---|---|---|
| രാജൻ | രാജാവേ! | ശിരസീ | തലകൾ |
| സഃ | അദ്ദേഹം (ഇന്ദ്രൻ) | പശ്യതാം | നോക്കിനില്ക്കുന്ന |
| അഷ്ട—ധാരേണ | എട്ടുവശത്തും കൂർത്ത വായ്ത്തലകളുള്ള | ജ്ഞാതീനാം | ബന്ധുജനങ്ങൾക്ക് |
| | | ഭയം | ഭീതിയെ |
| തേന ഏവ | അതേ വജ്രംകൊണ്ടുതന്നെ | ജനയൻ | ഉളവാക്കിക്കൊണ്ട് |
| വലപാകയോഃ | വലന്റെയും പാകന്റെയും | ജഹാര | അറുത്തെടുത്തു. |

**29.** **നമുചിസ്തദ്വധം ദൃഷ്ട്വാ ശോകാമർഷരുഷാന്വിതഃ**
**ജിഘാംസുരിന്ദ്രം നൃപതേ ചകാര പരമോദ്യമം.**

| | | | |
|---|---|---|---|
| നൃപതേ | രാജാവേ! | നമുചിഃ | നമുചി |
| തദ്വധം | അവരുടെ വധത്തെ | ഇന്ദ്രം | ഇന്ദ്രനെ |
| ദൃഷ്ട്വാ | കണ്ട് | ജിഘാംസുഃ | വധിക്കുവാനുദ്ദേശിച്ച് |
| ശോകാമർഷ—രുഷാന്വിതഃ | സങ്കടവും രോഷവും ക്രോധവും കലർന്ന | പരമോദ്യമം | അതിപ്രയത്നം |
| | | ചകാര | ചെയ്തു. |

**30.** **അശ്മസാരമയം ശൂലം ഘണ്ടാവദ്ധേമഭൂഷണം**
**പ്രഗൃഹ്യാഭ്യദ്രവത് ക്രുദ്ധോ ഹതോഽസീതി വിതർജയൻ.**
**പ്രാഹിണോദ് ദേവരാജായ നിനദൻ മൃഗരാഡിവ.**

| | | | |
|---|---|---|---|
| ക്രുദ്ധഃ | കുപിതനായ അവൻ | ഇതി | എന്നിങ്ങനെ |
| അശ്മ—സാരമയം | കാരിരുമ്പുകൊണ്ട് ഉണ്ടാക്കിയതും | വിതർജയൻ | ഭീഷണിപ്പെടുത്തിക്കൊണ്ട് |
| ഘണ്ടാവത് | കിലുക്കമണികൾ കെട്ടിയതും | അഭ്യദ്രവത് | നേരിട്ടുപാഞ്ഞുചെന്നു; |
| ഹേമഭൂഷണം | പൊന്നണിഞ്ഞതുമായ | മൃഗരാട് ഇവ | സിംഹംപോലെ |
| ശൂലം | ശൂലത്തെ | നിനദൻ | അലറിക്കൊണ്ട് |
| പ്രഗൃഹ്യ | കരത്തിലെടുത്ത്, | ദേവരാജായ | ഇന്ദ്രന്റെ നേർക്ക് |
| ഹതഃ അസി | 'ഇതാ നിന്നെ കൊന്നു' | പ്രാഹിണോത് | വിട്ടയയ്ക്കുകയും ചെയ്തു. |

31. തദാപതദ് ഗഗനതലേ മഹാജവം
വിചിച്ഛിദേ ഹരിരിഷുഭിഃ സഹസ്രധാ
തമാഹനന്നൃപ കുലിശേന കന്ധരേ
രുഷാന്വിതസ്ത്രിദശപതിഃ ശിരോ ഹരൻ.

| | | | |
|---|---|---|---|
| ഗഗനതലേ | അന്തരീക്ഷത്തിൽ | നൃപ | രാജാവേ! |
| മഹാജവം | അതിവേഗത്തോടെ | രുഷാന്വിതഃ | ക്രോധാവിഷ്ടനായ |
| ആപതത് | നേരിട്ടുവന്നണയുന്ന | ത്രിദശപതിഃ | ദേവരാജാവ് |
| തത് | അതിനെ | ശിരഃ | (അവന്റെ) തല |
| ഹരിഃ | ഇന്ദ്രൻ | ഹരൻ | എടുക്കാനുദ്ദേശിച്ചുകൊണ്ടു് |
| ഇഷുഭിഃ | അമ്പുകൾകൊണ്ടു് | കുലിശേന | വജ്രത്താൽ |
| സഹസ്രധാ | ആയിരക്കണക്കിൽ തുണ്ടു തുണ്ടുകളായി | തം | അവനെ |
| | | കന്ധരേ | കണ്ഠത്തിൽ |
| വിചിച്ഛിദേ | മുറിച്ചിട്ടു. | അഹനത് | പ്രഹരിച്ചു. |

32. ന തസ്യ ഹി ത്വചമപി വജ്ര ഊർജിതോ
ബിഭേദ യഃ സുരപതിനൗജസേരിതഃ
തദദ്ഭുതം പരമതിവീര്യവൃത്രഭിത്
തിരസ്കൃതോ നമുചിശിരോധരത്വചാ.

| | | | |
|---|---|---|---|
| സുരപതിനാ | ദേവേന്ദ്രനാൽ | അതിവീര്യ-വൃത്രഭിത് | വളരെ കരുത്തുള്ള വൃത്രനെ മുറിച്ചു തുണ്ടാക്കിയ ആ ഇന്ദ്രായുധം |
| ഓജസാ | ഊക്കോടുകൂടെ | | |
| ഈരിതഃ | വിട്ടയയ്ക്കപ്പെട്ട | നമുചിശിരോ-ധരത്വചാ | നമുചിയുടെ കഴുത്തിലെ തൊലിയാൽ |
| യഃ ഊർജിതഃ | യാതൊരു ബലിഷ്ഠമായ | | |
| വജ്രഃ ഹി | വജ്രായുധമാകട്ടെ | തിരസ്കൃതഃ | അവഹേളിക്കപ്പെട്ടു |
| തസ്യ | അവന്റെ | (ഇതി യത്) | എന്നുള്ളയാതൊന്നോ |
| ത്വചം അപി | തൊലിയെപ്പോലും | തത് പരം | അത് അതീവ |
| ന ബിഭേദ | പിളർന്നില്ല. | അദ്ഭുതം | ആശ്ചര്യകരമായി. |

33. തസ്മാദിന്ദ്രോഽബിഭേച്ഛത്രോർവജ്രഃ പ്രതിഹതോ യതഃ
കിമിദം ദൈവയോഗേന ഭൂതം ലോകവിമോഹനം.

| | | | |
|---|---|---|---|
| യതഃ | ഏതൊരുവനിൽനിന്നു് | അബിഭേത് | ഭയന്നുപോയി. |
| വജ്രഃ | വജ്രായുധം | ദൈവ-യോഗേന | "വിധിയുടെ ദുർഘടന കൊണ്ടു്" |
| പ്രതിഹതഃ | തടസ്സപ്പെട്ടുവോ, | ലോക-വിമോഹനം | ലോകത്തെ അമ്പരിപ്പിക്കുന്ന തരത്തിൽ |
| തസ്മാത് | ആ | | |
| ശത്രോഃ | ശത്രുവിൽനിന്നു് | ഭൂതം | സംഭവിച്ചതായ |
| ഇന്ദ്രഃ | ഇന്ദ്രൻ | ഇദം കിം | ഇതു് എന്താണു്? |

ഇന്ദ്രൻ വ്യാകുലതയോടെ ചിന്തിച്ചു തുടങ്ങി—

34. യേന മേ പൂർവ്വമദ്രീണാം പക്ഷച്ഛേദഃ പ്രജാത്യയേ
കൃതോ നിവിശതാം ഭാരൈഃ പതത്രൈഃ പതതാം ഭുവി.

35. തപഃ സാരമയം ത്വാഷ്ട്രം വൃത്രോ യേന വിപാടിതഃ
അന്യേ ചാപി ബലോപേതാഃ സർവ്വാസ്ത്രൈരക്ഷതത്വചഃ.

36. സോഽയം പ്രതിഹതോ വജ്രോ മയാ മുക്തോഽസുരേഽല്പകേ
നാഹം തദാദദേ ദണ്ഡം ബ്രഹ്മതേജോഽപ്യകാരണം.

| | |
|---|---|
| പുരാ | പണ്ടൊരുകാലത്തു് |
| പതത്രൈഃ | ചിറകുകളോടുകൂടി പറന്നിരുന്നവയും |
| ഭാരൈഃ | ഭാരാധിക്യം കൊണ്ടു് |
| ഭുവി | ഭൂമിയിൽ |
| പതതാം | വീഴുന്നവയും |
| നിവിശതാം | അങ്ങിങ്ങുസ്ഥലം പിടിച്ചിരുന്നവയും ആയ |
| അദ്രീണാം | പർവ്വതങ്ങളുടെ |
| പക്ഷച്ഛേദഃ | ചിറകുകളെവെട്ടിയറുക്കൽ |
| പ്രജാത്യയേ | അവയെക്കൊണ്ടു ഭൂമിയിലെ ജനങ്ങൾക്കുനാശം സംഭവിക്കവേ, |
| യേന | ഏതായുധംകൊണ്ടു് |
| മേ | എന്നാൽ |
| കൃതഃ | നിർവ്വഹിക്കപ്പെട്ടുവോ, |
| ത്വാഷ്ട്രം | ത്വഷ്ടാവിനെ സംബന്ധിച്ച |
| സാരമയം | അത്യുഗ്രമായ |
| തപഃ | തപസ്സുതന്നെയായ (തപഃശക്തിയുടെമൂർത്തിമദ്ഭാവമായ) |
| വൃത്രഃ | വൃത്രാസുരൻ |
| യേന | ഏതായുധംകൊണ്ടു് |
| വിപാടിതഃ | പിളർക്കപ്പെട്ടവനായോ, |
| അപി ച | അതിനുപുറമെ |
| സർവ്വാസ്ത്രൈഃ | എല്ലാതരം അസ്ത്രങ്ങളാലും |
| അക്ഷതത്വചഃ | പുറംതൊലികൂടി പോറലേല്ക്കാത്ത |
| ബലോപേതാഃ | ബലശാലികളായ |
| അന്യേ | മറ്റനേകംപേരും |
| (യേന ഹതാഃ) | ഏതായുധത്താൽ വധിക്കപ്പെട്ടവരായോ |
| സഃ അയം | അങ്ങനെയുള്ള ഈ |
| വജ്രഃ | വജ്രായുധം |
| അല്പകേ | അതിനിസ്സാരനായ |
| അസുരേ | ഈ അസുരനിൽ |
| മയാ | എന്നാൽ |
| മുക്തഃ | വിട്ടയയ്ക്കപ്പെട്ടതു് |
| പ്രതിഹതഃ | ഏശാതെയായിപ്പോയി. |
| ദണ്ഡം | വെറുംവടിപോലെയായിത്തീർന്ന |
| തത് | അതിനെ (വജ്രത്തെ) |
| അഹം | ഞാൻ |
| ന ആദദേ | ഇനി എടുക്കയില്ല. |
| ബ്രഹ്മതേജഃ അപി | (ദധീചിമുനിയുടെ) ബ്രഹ്മതേജസ്സുപോലും |
| അകാരണം | നിഷ്പ്രയോജനമായി. |

37. ഇതി ശക്രം വിഷീദന്തമാഹ വാഗശരീരിണീ
നായം ശുഷ്കൈരഥോ നാർദ്രൈർവധമർഹതി ദാനവഃ

| | | | |
|---|---|---|---|
| ഇതി | ഈവിധം ചിന്തിച്ച് | അയം ദാനവഃ | "ഈ അസുരൻ |
| വിഷീദന്തം | വിഷാദിച്ചുനില്ക്കുന്ന | ശുഷ്കൈഃ | ഉണക്കവസ്തുക്കളാൽ |
| ശക്രം | ഇന്ദ്രനെ | വധം ന അർഹതി | വധത്തെ അർഹിക്കുന്നില്ല; |
| അശരീരിണീ | അശരീരിയായ | അഥോ | അതുപോലെ |
| വാക് | വാക്ക് | ആർദ്രൈഃ | നനഞ്ഞവകൊണ്ടും |
| ആഹ | പറഞ്ഞറിയിച്ചു— | ന | ഇല്ല |

38. **മയാസ്യ യദ്വരോ ദത്തോ മൃത്യുർനൈവാർദ്രശുഷ്കയോഃ**
**അതോഽന്യശ്ചിന്തനീയസ്തേ ഉപായോ മഘവൻ രിപോഃ**

| | | | |
|---|---|---|---|
| യത് | "എന്തെന്നാൽ | ദത്തഃ | കൊടുക്കപ്പെട്ടിരിക്കുന്നു. |
| ആർദ്രശുഷ്കയോഃ | നനഞ്ഞവയോ ഉണങ്ങിയവയോ ആയ ഉപകരണങ്ങളുടെ ഉപയോഗത്താൽ | അതഃ | ആകയാൽ |
| | | മഘവൻ | ഹേ ഇന്ദ്ര! |
| | | രിപോഃ | ശത്രുവിൻെറ |
| മൃത്യുഃ | മരണം | ഉപായഃ | വധത്തിനുള്ള ഉപായം |
| ന ഏവ | സംഭവിക്കയില്ലെന്ന | അന്യഃ | വേറെ വല്ലതും |
| വരഃ | വരപ്രസാദം | തേ | അങ്ങയാൽ |
| മയാ | എന്നാൽ | ചിന്തനീയഃ | ചിന്തിക്കപ്പെടേണ്ടതാണ്" |
| അസ്യ | ഇവന്ന് | | |

39. **താം ദൈവീം ഗിരമാകർണ്യ മഘവാൻ സുസമാഹിതഃ**
**ധ്യായൻ ഫേനമഥാപശ്യദുപായമുഭയാത്മകം.**

| | | | |
|---|---|---|---|
| താം | അങ്ങനെയുള്ള | ധ്യായൻ | ധ്യാനിച്ചുകൊണ്ട് |
| ദൈവീംഗിരം | ആകാശവാണിയെ | ഉഭയാത്മകം | രണ്ടും (ആർദ്രതയും ശുഷ്കതയും) ഉൾക്കൊള്ളുന്ന |
| ആകർണ്യ | കേട്ട് | | |
| മഘവാൻ | ഇന്ദ്രൻ | ഫേനം | കടൽനുരയെ |
| അഥ | പിന്നെ | ഉപായം | വധോപായമായിട്ട് |
| സുസമാഹിതഃ | ഏകാഗ്രചിത്തനായി | അപശ്യത് | കണ്ടുപിടിച്ചു. |

40. **ന ശുഷ്കേണ ന ചാർദ്രേണ ജഹാര നമുചേഃ ശിരഃ**
**തം തുഷ്ടുവുർ മുനിഗണാ മാല്യൈശ്ചാവാകിരൻ വിഭും**

| | | | |
|---|---|---|---|
| ശുഷ്കേണ ന | ഉണങ്ങിയതുകൊണ്ടല്ല; | മുനിഗണാഃ | ഋഷിസംഘങ്ങൾ |
| ആർദ്രേണ ച ന | നനഞ്ഞതുകൊണ്ടുമല്ല; (രണ്ടുമല്ലാത്ത കടൽനുരകൊണ്ട്)* | തം വിഭും | ആ സമർത്ഥനായ ഇന്ദ്രനെ |
| | | തുഷ്ടുവുഃ | വാഴ്ത്തി, |
| നമുചേഃ | നമുചിയുടെ | മാല്യൈഃ ച | പൂമാലകൾകൊണ്ട് |
| ശിരഃ ജഹാര | തലയറുത്തു. | അവാകിരൻ | ചൊരിഞ്ഞു— |

* ''അപാം ഫേനേന നമുചേഃ ശിര ഇന്ദ്രോദവർത്തയത്'' എന്ന ശ്രുതിവാക്യം.

41. ഗന്ധർവമുഖ്യൗ ജഗതുർ വിശ്വാവസുപരാവസൂ
ദേവദുന്ദുഭയോ നേദുർനർത്തക്യോ നനൃതുർമുദാ

| | | | |
|---|---|---|---|
| ഗന്ധർവ്വമുഖ്യൗ | ഗന്ധർവ്വപ്രമുഖന്മാരായ | നേദുഃ | മുഴങ്ങി. |
| വിശ്വാവസു-പരാവസൂ | വിശ്വാവസുവും പരാവവസുവും | നർത്തക്യഃ | ദേവനർത്തകികൾ |
| ജഗതുഃ | ഗാനം ചെയ്തു. | മുദാ | സന്തോഷത്തോടെ |
| ദേവ—ദുന്ദുഭയഃ | ദേവന്മാരുടെ ദുന്ദുഭി വാദ്യങ്ങൾ | നനൃതുഃ | നൃത്തം ചെയ്തു. |

42. അന്യേഽപ്യേവം പ്രതിദ്വന്ദ്വാൻ വായ്വഗ്നിവരുണാദയഃ
സൂദയാമാസുരസ്ത്രൗഘൈർമൃഗാൻ കേസരിണോ യഥാ

| | | | |
|---|---|---|---|
| വായ്വഗ്നി-വരുണാദയഃ | വായു, അഗ്നി, വരുണൻ മുതലായ | അസ്ത്രൗഘൈഃ | ശരനിരകളാൽ |
| | | കേസരിണഃ | സിംഹങ്ങൾ |
| അന്യേഅപി | മററു ദേവന്മാരും | മൃഗാൻ | മാനുകളെ |
| ഏവം | ഇപ്രകാരം | യഥാ | എന്നപോലെ |
| പ്രതിദ്വന്ദ്വാൻ | എതിരാളികളെ | സൂദയാമാസുഃ | കൊന്നൊടുക്കി. |

43. ബ്രഹ്മണാ പ്രേഷിതോ ദേവാൻ ദേവർഷിർനാരദോ നൃപ
വാരയാമാസ വിബുധാൻ ദൃഷ്ട്വാ ദാനവസംക്ഷയം.

| | | | |
|---|---|---|---|
| നൃപ | രാജാവേ! | പ്രേഷിതഃ | അയക്കപ്പെട്ട |
| ദാനവ—സംക്ഷയം | അസുരന്മാർക്ക് ഉന്മൂലനാശം വരുന്നത് | ദേവർഷിഃ | ദേവർഷിയായ |
| | | നാരദഃ | ശ്രീനാരദൻ |
| ദൃഷ്ട്വാ | കണ്ടിട്ട് | വിബുധാൻ | ദേവന്മാരെ |
| ബ്രഹ്മണാ | ബ്രഹ്മാവിനാൽ | | |
| ദേവാൻ | ദേവന്മാരെ ഉദ്ദേശിച്ച് | വാരയാമാസ | വിലക്കിനിർത്തി. |

നാരദ ഉവാച = ശ്രീനാരദൻ (ദേവന്മാരോട്) പറഞ്ഞു—

44. ഭവദ്ഭിരമൃതം പ്രാപ്തം നാരായണഭുജാശ്രയൈഃ
ശ്രിയാ സമേധിതാഃ സർവ ഉപാരമത വിഗ്രഹാത്.

| | | | |
|---|---|---|---|
| നാരായണ-ഭുജാശ്രയൈഃ | വിഷ്ണുഭഗവാന്റെ ബാഹുബലം അവലംബമായുള്ള | ശ്രിയാ | ഐശ്വര്യദേവതയാൽ |
| | | സർവേ | എല്ലാവരും |
| ഭവദ്ഭിഃ | ഭവാന്മാരാൽ | സമേധിതാഃ | അഭിവൃദ്ധിപ്പെടുത്തപ്പെട്ട. |
| അമൃതം | അമൃത് | വിഗ്രഹാത് | യുദ്ധത്തിൽനിന്ന് |
| പ്രാപ്തം | നേടിയെടുക്കപ്പെട്ടു. | ഉപാരമത | ഇനി വിരമിക്കുവിൻ. |

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു—

**45. സംയമ്യ മന്യുസംരംഭം മാനയന്തോ മുനേർവചഃ**
**ഉപഗീയമാനാനുചരൈര്യയുഃ സർവേ ത്രിവിഷ്ടപം**

| | | | |
|---|---|---|---|
| മുനേഃ | നാരദമുനിയുടെ | സർവേ | എല്ലാവരും |
| വചഃ | വാക്കിനെ | ഉപഗീയ— മാനാനു— ചരൈഃ | പാടിപ്പുകഴ്ത്തുന്ന അനുചരന്മാരോടൊന്നിച്ച് |
| മാനയന്തഃ | മാനിച്ചുകൊണ്ട് | | |
| മന്യുസംരംഭം | കോപാവേശത്തെ | ത്രിവിഷ്ടപം | ദേവലോകത്തേക്ക് |
| സംയമ്യ | അടക്കിനിർത്തി, | യയുഃ | യാത്രതിരിച്ചു. |

**46. യേƨവശിഷ്ടാ രണേ തസ്മിൻ നാരദാനുമതേന തേ**
**ബലിം വിപന്നമാദായ അസ്തം ഗിരിമുപാഗമൻ.**

| | | | |
|---|---|---|---|
| തസ്മിൻ | ആ | വിപന്നം | മൃതനായ |
| രണേ | യുദ്ധത്തിൽ | ബലിം | മഹാബലിയെ |
| യേ | യാവചില അസുരന്മാർ | ആദായ | എടുത്ത് |
| അവശിഷ്ടാഃ | അവശേഷിച്ചിരുന്നുവോ, | അസ്തംഗിരിം | അസ്തമയപർവ്വതത്തിലേക്ക് |
| തേ | അവർ | | |
| നാരദാ— നുമതേന | നാരദമഹർഷിയുടെ അഭിമതമനുസരിച്ച്, | ഉപാഗമൻ | പോയി. |

**47. തത്രാവിനഷ്ടാവയവാൻ വിദ്യമാനശിരോധരാൻ**
**ഉശനാ ജീവയാമാസ സഞ്ജീവിന്യാ സ്വവിദ്യയാ**

| | | | |
|---|---|---|---|
| തത്ര | അവിടെ, യുദ്ധത്തിൽ | ഉശനാഃ | ശുക്രമഹർഷി |
| അവിനഷ്ടാ- വയവാൻ | അവയവങ്ങൾ നഷ്ടപ്പെടാത്തവരായും | സഞ്ജീവിന്യാ | 'സഞ്ജീവിനി' എന്ന |
| വിദ്യമാന— ശിരോധരാൻ | തലകളുള്ളവരുമായ അസുരന്മാരെ | സ്വവിദ്യയാ | തന്റെ വിദ്യകൊണ്ട് |
| | | ജീവയാമാസ | ജീവിപ്പിച്ചു. |

**48. ബലിശ്ചോശനസാ സ്പൃഷ്ടഃ പ്രത്യാപന്നേന്ദ്രിയസ്മൃതിഃ**
**പരാജിതോƨപി നാഖിദ്യല്ലോകതത്ത്വവിചക്ഷണഃ**

| | | | |
|---|---|---|---|
| ഉശനസാ | ശുക്രമഹർഷിയാൽ | പ്രത്യാപന്നേ- ന്ദ്രിയസ്മൃതിഃ | വീണ്ടുകിട്ടിയ ഇന്ദ്രിയശക്തിയോടും സ്മരണശക്തിയോടും കൂടിയവനായി ഭവിച്ചു. |
| സ്പൃഷ്ടഃ | സ്പർശിക്കപ്പെട്ട | | |
| ബലിഃ ച | മഹാബലിയും | | |

| | | | |
|---|---|---|---|
| ലോകതത്ത്വ-വിചക്ഷണഃ | ലോകതത്ത്വത്തിന്റെ അപാരജ്ഞാനമുള്ള അദ്ദേഹം | പരാജിതഃ അപി | യുദ്ധത്തിൽ തോൽവി പററിയവനായെന്നിരിക്കിലും |
| | | ന അഖിദ്യത് | വ്യസനിക്കുകയുണ്ടായില്ല. |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ അഷ്ടമസ്കന്ധേ

ദേവാസുരസംഗ്രാമേ

ഏകാദശോऽധ്യായഃ

ആദിതഃ ശ്ലോകാഃ 440.

അഷ്ടമസ്കന്ധത്തിൽ പതിനൊന്നാമധ്യായം കഴിഞ്ഞു.

# ദ്വാദശോऽധ്യായഃ — അധ്യായം പന്ത്രണ്ട്

## ശങ്കരസമ്മോഹനം

''ദ്വാദശേ മോഹിനീരൂപവിഭ്രമാലോകനോത്സുകം
ഭവം സമ്മോഹയാമാസ ഹരിഃ പുനരസാന്ത്വയത്''.

അസുരന്മാരെ മയക്കുവാനായി ഭഗവാൻ സ്വീകരിച്ച മായാമോഹിനീരൂപം കാണുവാൻ ആഗ്രഹം പ്രകടിപ്പിച്ച പരമശിവനെ അതു കാട്ടിക്കൊടുത്തു മോഹത്തിലാഴ്ത്തിയതും പിന്നെ സമാധാനിപ്പിച്ചതുമായ കഥ ഈ പന്ത്രണ്ടാമധ്യായംകൊണ്ടു പറയുന്നു. (ശിവനെപ്പോലും മോഹത്തിലാഴ്ത്തിയ മോഹിനീരൂപം അസുരന്മാരെ മോഹിപ്പിച്ചതിൽ അത്ഭുതമില്ലെന്നു കാണിക്കുകയാണ് ഈ അധ്യായംകൊണ്ടു ചെയ്യുന്നതു്.)

ശ്രീബാദരായണിരുവാച = ശ്രീശുകമഹർഷി വചിച്ചു—

1. **വൃഷധ്വജോ നിശമ്യേദം യോഷിദ്രൂപേണ ദാനവാൻ**
**മോഹയിത്വാ സുരഗണാൻ ഹരിഃ സോമമപായയത്**

2. **വൃഷമാരുഹ്യ ഗിരിശഃ സർവ്വഭൂതഗണൈർവൃതഃ**
**സഹ ദേവ്യാ യയൗ ദ്രഷ്ടും യത്രാസ്തേ മധുസൂദനഃ**

| | | | |
|---|---|---|---|
| ഹരിഃ | ഭഗവാൻ ശ്രീഹരി | ദാനവാൻ | അസുരന്മാരെ |
| യോഷിദ്-രൂപേണ | സ്ത്രീരൂപം കൊണ്ടു് | മോഹയിത്വാ | മോഹിപ്പിച്ച് |
| | | സുരഗണാൻ | ദേവന്മാരെ |

| | | | |
|---|---|---|---|
| സോമം അപായയത് ഇദം | അമൃതപാനം ചെയ്യിച്ച എന്ന ഈ വൃത്താന്തം | സർവ്വഭൂത—ഗണൈഃ | എല്ലാ ഭൂതങ്ങളാലും |
| നിശമ്യ | കേട്ടിട്ട് | വൃതഃ | പരിവൃതനായിട്ട് |
| ഗിരിശഃ | കൈലാസവാസിയായ | യത്ര | യാതൊരിടത്താണോ |
| വൃഷധ്വജഃ | പരമശിവൻ | മധുസൂദനഃ | ശ്രീഹരി |
| വൃഷം ആരുഹ്യ | കാളപ്പുറത്തു കയറി | ആസ്തേ | വസിക്കുന്നത്, |
| | | (തത്ര) | അവിടത്തിലേക്ക് |
| | | ദ്രഷ്ടും | കാണ്മാനായിട്ട് |
| ദേവ്യാ സഹ | സതീദേവിയോടുകൂടി | യയൗ | പോയി. |

3. സഭാജിതോ ഭഗവതാ സാദരം സോമയാ ഭവഃ
സൂപവിഷ്ട ഉവാചേദം പ്രതിപൂജ്യ സ്മയൻ ഹരിം.

| | | | |
|---|---|---|---|
| ഭഗവതാ | വിഷ്ണുഭഗവാനാൽ | സോമയാ | ഉമയോടുകൂടി |
| സാദരം | ആദരപൂർവ്വം | സൂപവിഷ്ടഃ | സുഖാസീനനായിട്ട് |
| സഭാജിതഃ | സ്വാഗതസല്ക്കാരം ചെയ്യപ്പെട്ട | സ്മയൻ | പുഞ്ചിരി തൂകിക്കൊണ്ട് |
| | | ഹരിം | വിഷ്ണുഭഗവാനോടായി |
| ഭവഃ | പരമശിവൻ | ഇദം | ഈവിധം |
| പ്രതിപൂജ്യ | പ്രത്യഭിവാദനം ചെയ്ത് | ഉവാച | പറഞ്ഞു. |

ശ്രീമഹാദേവ ഉവാച = ശ്രീമഹാദേവൻ പറഞ്ഞു—

4. ദേവദേവ ജഗദ്വ്യാപിൻ ജഗദീശ ജഗന്മയ
സർവ്വേഷാമപി ഭാവാനാം ത്വമാത്മാ ഹേതുരീശ്വരഃ

| | | | |
|---|---|---|---|
| ദേവദേവ | ഹേ ദേവാധിദേവ! | സർവ്വേഷാം ഭാവാനാം അപി | എല്ലാ പ്രാപഞ്ചിക പദാർത്ഥങ്ങളുടെയും |
| ജഗദ്—വ്യാപിൻ | വിശ്വമെങ്ങും വ്യാപിച്ചിരിക്കുന്നോവേ! | ഹേതുഃ | മൂലകാരണമായും |
| ജഗദീശ | വിശ്വനിയന്താവേ! | ഈശ്വരഃ | നിയന്താവായും |
| ജഗന്മയ | വിശ്വസ്വരൂപ! | ആത്മാ | അന്തര്യാമിയായ ചൈതന്യമായും സ്ഥിതി ചെയ്യുന്നു. |
| ത്വം | അങ്ങുന്ന് | | |

ഇതുമുതൽ 8 ശ്ലോകങ്ങൾ ശിവന്റെ വിഷ്ണുസ്തുതിയാണ്.

ഭഗവാൻ 'ജഗന്മയൻ' (വിശ്വസ്വരൂപൻ) ആണെന്നുവരികിൽ ജഗത്തിന്റെ ഉത്പത്തിലയാദിവികാരങ്ങളും ജഡത്വവും മിഥ്യാത്വവും ഭഗവാനിലും ഉണ്ടാകയില്ലേ എന്നൊരാശങ്കയ്ക്ക് അവകാശമുണ്ട്. അതിനെ ഉത്തരശ്ലോകംകൊണ്ട് പരിഹരിക്കുന്നു—

5. ആദ്യന്താവസ്യ യന്മധ്യമിദമന്യദഹം ബഹിഃ
യതോഽവ്യയസ്യ നൈതാനി തത്സത്യം ബ്രഹ്മ ചിദ്ഭവാൻ

| | | | |
|---|---|---|---|
| അസ്യ | ഈ വിശ്വത്തിന്റെ | ഇദം | 'ഇത്' എന്ന വ്യവഹാരത്തിന് ആസ്പദമായ ദൃശ്യപ്രപഞ്ചമായും; |
| ആദ്യന്തൗ | ആദിയും അന്തവും | അഹം | 'ഞാൻ' എന്ന തോന്നലിന് ആസ്പദമായ ദ്രഷ്ടാവായും |
| മധ്യം ച | മധ്യവും | ബഹിഃ അന്യത് | ബാഹ്യമായ ഭോഗ്യവസ്തുവായും അതല്ലാതെയും സ്ഥിതിചെയ്യുന്നുവോ, |
| യതഃ | യാതൊന്നിൽ നിന്നാണോ, | തത് | അങ്ങനെയുള്ള |
| അവ്യയസ്യ | നിർവികാരമായ | സത്യം ചിത | സച്ചിന്മയമായ |
| യ[illegible]തഃ | യാതൊന്നിന് | ബ്രഹ്മ | ബ്രഹ്മതത്ത്വം |
| ഏതാനി | ഇവയൊന്നും | ഭവാൻ | അങ്ങുന്നുതന്നെ. |
| ന | സംഭവിക്കുന്നില്ലയോ; | | |
| യത് | യാതൊന്ന് | | |

"അതുകൊണ്ടാണല്ലോ മുമുക്ഷുക്കൾ അങ്ങയെത്തന്നെ ഉപാസിക്കുന്നത്" എന്നുള്ള സ്വാഭിപ്രായം അടുത്ത ശ്ലോകംകൊണ്ട് വ്യക്തമാക്കുന്നു—

6. തവൈവ ചരണാംഭോജം ശ്രേയസ്കാമാ നിരാശിഷഃ
വിസൃജ്യോഭയതഃ സംഗം മുനയഃ സമുപാസതേ.

| | | | |
|---|---|---|---|
| ശ്രേയസ്കാമാഃ | മോക്ഷാർത്ഥികളും | വിസൃജ്യ | വെടിഞ്ഞ് |
| നിരാശിഷഃ | നിഷ്കാമന്മാരുമായ | തവ ഏവ | അങ്ങയുടെതന്നെ |
| മുനയഃ | മാമുനിമാർ | ചരണാംഭോജം | പാദാരവിന്ദത്തെ |
| ഉഭയതഃ | ഇഹപരലോകങ്ങൾ രണ്ടിലുമുള്ള | സമുപാസതേ | വഴിപോലെ ഉപാസിക്കുന്നവല്ലോ. |
| സംഗം | ഭോഗാസക്തിയെ | | |

"ഞാൻ ബ്രഹ്മംതന്നെയാണെങ്കിൽ അസംഗനും ഉദാസീനനുമായിരിക്കുമല്ലോ. ആ സ്ഥിതിക്ക് എന്നെ ഉപാസിക്കുന്നതുകൊണ്ട് ഉപാസകന്മാർക്ക് എന്തു സാധിക്കുവാനുണ്ട്?" ഈ പൂർവ്വപക്ഷത്തെ മനസ്സിൽ കണ്ടുകൊണ്ടു തുടർന്നുപറയുന്നു—

7. ത്വം ബ്രഹ്മ പൂർണ്ണമമൃതം വിഗുണം വിശോക-
മാനന്ദമാത്രമവികാരമനന്യദന്യത്
വിശ്വസ്യ ഹേതുരുദയസ്ഥിതിസംയമാനാ-
മാത്മേശ്വരശ്ച തദപേക്ഷതയാനപേക്ഷഃ

| | |
|---|---|
| പൂർണ്ണം | എങ്ങും നിറഞ്ഞതായും |
| അമൃതം | ശാശ്വത സുഖസ്വരൂപമായും |
| അവികാരം | നിത്യനിർവികാരമായും |
| ആനന്ദമാത്രം | കേവലാനന്ദമയമായും |
| വിശോകം | ശോകനിർമ്മുക്തമായും |
| വിഗുണം | ഗുണാതീതമായും |
| അനന്യത് | അദ്വിതീയമായും |
| അന്യത് | സർവതോവ്യതിരിക്തമായുമിരിക്കുന്ന |
| ബ്രഹ്മ | ബ്രഹ്മം |
| ത്വം | അങ്ങുന്നുതന്നെ. |
| വിശ്വസ്യ | പ്രപഞ്ചത്തിന്റെ |
| ഉദയസ്ഥിതിസംയമാനാം | ഉദ്ഭവസ്ഥിതിസംഹാരങ്ങൾക്ക് |
| ഹേതുഃ | ഹേതുഭൂതനായ ഭവാൻ |
| ആത്മേശ്വരഃ ച | പ്രപഞ്ചോപാധിയോടു കൂടിയ ജീവാത്മാക്കൾക്ക് തത്തൽകർമ്മഫലദാതാവായ ഈശ്വരനുമാകുന്നു. |
| തദപേക്ഷതയാ | ആയതു്, ആ ജീവാത്മാക്കളുടെ സമീപനരീതിയനുസരിച്ച് |
| അനപേക്ഷഃ | സ്വയം നിരപേക്ഷനായിരുന്നുകൊണ്ടുമത്രേ. |

അന്യത്വവും അനന്യത്വവും ഒരാൾക്കുണ്ടാവുന്നതെങ്ങനെയെന്നു ആശങ്കിച്ച് സദൃഷ്ടാന്തം അതിനെ ഉപപാദിക്കുന്നു—

8. ഏകസ്ത്വമേവ സദസദ്ദ്വയമദ്വയം ച
സ്വർണ്ണം കൃതാകൃതമിവേഹ ന വസ്തുഭേദഃ
അജ്ഞാനതസ്ത്വയി ജനൈർവിഹിതോ വികല്പോ
യസ്മാദ് ഗുണൈർവ്യതികരോ നിരുപാധികസ്യ

| | |
|---|---|
| സദസത് | കാര്യകാരണസ്വരൂപമായി |
| ദ്വയം | രണ്ടായി പിരിഞ്ഞിരിക്കുന്നതും |
| അദ്വയം ച | പരമകാരണമായ ഒരു വസ്തുവായിരിക്കുന്നതും |
| ത്വം | അവിടുന്നു് |
| ഏകഃ ഏവ | ഒരുവൻതന്നെ. |
| കൃതാകൃതം | ആഭരണങ്ങളായി രൂപാന്തരപ്പെടുത്തിയതും അങ്ങനെ ചെയ്യപ്പെടാത്തതുമായ |
| സ്വർണ്ണം ഇവ ഇഹ | സ്വർണ്ണമെന്നപോലെ ഇതിൽ |
| വസ്തുഭേദഃ | വാസ്തവികമായ വ്യത്യാസം |
| ന | ഇല്ല. |
| അജ്ഞാനതഃ | അജ്ഞതമൂലം |
| ജനൈഃ | ജനങ്ങളാൽ |
| ത്വയി | ഏകനായ അങ്ങയിൽ |
| വികല്പഃ | ഭാവഭേദം |
| വിഹിതഃ | കല്പിക്കപ്പെട്ടതാണ്. |
| യസ്മാത് | ആകയാൽ |
| നിരുപാധികസ്യ | സർവോപാധിവിനിർമുക്തനായ അങ്ങേയ്ക്കു് |
| ഗുണൈഃ | പ്രകൃതിഗുണങ്ങളിലൂടെ |
| വ്യതികരഃ | ഭേദഭാവം ഉണ്ടെന്നു തോന്നാം. |

''അതുകൊണ്ട് ഏകനായ അങ്ങയെ വിജ്ഞന്മാർപോലും ബഹുധാ സങ്കല്പിച്ചു വ്യവഹരിക്കുന്നു. യഥാർത്ഥത്തിൽ അങ്ങയെ ശരിക്കറിയുന്നവർ ആരുംതന്നെയില്ല.'' എന്നാണു് ഇനി രണ്ടുശ്ലോകംകൊണ്ടു് വ്യക്തമാക്കുന്നതു്—

9. ത്വാം ബ്രഹ്മ കേചിദവയന്ത്യുത ധർമ്മമേക
ഏകേ പരം സദസതോഃ പുരുഷം പരേശം
അന്യേഽവയന്തി നവശക്തിയുതം പരം ത്വാം
കേചിന്മഹാപുരുഷമവ്യയമാത്മതന്ത്രം.

| | | | |
|---|---|---|---|
| കേചിത് | ചിലർ (വേദാന്തികൾ) | പുരുഷം | പരമപുരുഷനായും; |
| ത്വാം | അങ്ങയെ | അന്യേ | മററുചിലർ (പാഞ്ചരാത്രാഗമജ്ഞന്മാർ) |
| ബ്രഹ്മ | ബ്രഹ്മസ്വരൂപമായി | | |
| അവയന്തി | കരുതുന്നു. | നവശക്തി യുതം | വിമലാദിനവശക്തികളോടുകൂടിയ* |
| ഉത ഏകേ | മററുചിലർ (മീമാംസകന്മാർ) | പരം | പരമപുരുഷനായും; |
| ധർമ്മം | ധർമ്മസ്വരൂപമായും; | കേചിത് | വേറെയും ചിലർ (പതഞ്ജലിയുടെ യോഗവിദ്യയെ ഗ്രഹിച്ചവർ) |
| ഏകേ | വേറെചിലർ (സാംഖ്യന്മാർ) | | |
| സദസതോഃ | സ്ഥൂലസൂക്ഷ്മങ്ങളിൽ നിന്നു് | അവ്യയം | നിർവികാരനും |
| | | ആത്മതന്ത്രം | സ്വതന്ത്രനുമായ |
| പരം | അതീതമായി | മഹാപുരുഷം | പരമേശ്വരനായും |
| പരേശം | മൂലപ്രകൃതിയുടെ നിയന്താവായിരിക്കുന്ന | ത്വാം | അങ്ങയെ |
| | | അവയന്തി | കരുതിവരുന്നു. |

*വിമലാ, ഉത്കർഷിണീ, ജ്ഞാനാ, ക്രിയാ, യോഗാ, പ്രഹ്വീ, സത്യാ, ഈശാനാ, അനുഗ്രഹാ എന്നീ സംജ്ഞകളാൽ വ്യവഹരിക്കപ്പെട്ടുവരുന്ന ശക്തിനവകം.

10. നാഹം പരായുരൃഷയോ ന മരീചിമുഖ്യാ
ജാനന്തി യദ്വിരചിതം ഖലു സത്ത്വസർഗാഃ
യന്മായയാ മുഷിതചേതസ ഈശ ദൈത്യ-
മർത്ത്യാദയഃ കിമുത ശശ്വദഭദ്രവൃത്താഃ

| | | | |
|---|---|---|---|
| ഈശ | സ്വാമിൻ! | യദ്വിരചിതം | യാതൊരു ഭവാനാൽ വിരചിക്കപ്പെട്ട വിശ്വത്തെക്കൂടി |
| അഹം | സർവ്വജ്ഞനായ ഞാനും | | |
| പരായുഃ | പരമാവധി ആയുസ്സുള്ള ബ്രഹ്മാവും | ഖലു | താത്ത്വികമായി |
| മരീചിമുഖ്യാഃ | മരീചിമുതലായ | ന ജാനന്തി | അറിയുന്നില്ല. |
| ഋഷയഃ | മഹാമുനിമാരും | യന്മായയാ | യാതൊരു ഭവാന്റെ മായയാൽ |
| സത്ത്വ-സർഗാഃ | സത്ത്വഗുണത്താൽ സൃഷ്ടിക്കപ്പെട്ടവരാണെന്നുവരികിലും | മുഷിത-ചേതസഃ | അപഹൃതമായ ചിത്തവൃത്തിയോടുകൂടിയവരും |

| | |
|---|---|
| ശശ്വത് | സർവ്വദാ |
| അഭദ്ര-വൃത്താഃ | രജസ്തമോഗുണദൂഷിതമായ ഉത്പത്തിയോടു കൂടിയവരുമായ |
| ദൈത്യ-മർത്ത്യാദയഃ | അസുരന്മാരും മനുഷ്യരും മറ്റുള്ളവരും (അങ്ങയെ) |
| കിമുത | അറിയുന്നില്ലെന്ന് പിന്നെ പറയേണമോ? |

'എന്നാൽ അങ്ങ് എല്ലാം അറിഞ്ഞുകൊണ്ടേ ഇരിക്കുന്നു' എന്നാണ് ഇനി ഉത്തരശ്ലോകംകൊണ്ടു പറയുന്നത്—

11. **സ ത്വം സമീഹിതമദഃസ്ഥിതിജന്മനാശം**
**ഭൂതേഹിതം ച ജഗതോ ഭവബന്ധമോക്ഷൗ**
**വായുര്യഥാഽഽവിശതി ഖം ച ചരാചരാഖ്യം**
**സർവം തദാത്മകതയാവഗമോഽവരുന്ത്സേ.**

| | |
|---|---|
| സഃ ത്വം | അങ്ങനെയുള്ള ഭവാൻ |
| സമീഹിതം | സ്വയംകൃതമായ |
| അദഃസ്ഥിതി-ജന്മനാശം | ഈ ജഗത്തിന്റെ നിലനില്പ്, ഉല്പത്തി, വിലയം എന്നിവയെയും |
| ഭൂതേഹിതം | ശരീരികളുടെ ചേഷ്ടയെയും |
| ജഗതഃ | ജഗത്തിന്റെ |
| ഭവബന്ധ-മോക്ഷൗ | സംസൃതിബന്ധത്തെയും, മുക്തിയെയും |
| സർവ്വം ച | മറ്റെല്ലാറ്റിനെയും, |
| യഥാ വായുഃ | എപ്രകാരം വായു |
| ചരാചരാഖ്യം | ചരാചരാത്മകശരീരത്തെയും |
| ഖം ച | ആകാശത്തെയും |
| ആവിശതി | ആവേശിച്ചിരിക്കുന്നുവോ, |
| (തഥാ) | അപ്രകാരം |
| തദാത്മ-കതയാ | അവയുടെയെല്ലാം ആത്മഭാവത്തേന |
| അവഗമഃ | ജ്ഞാനസ്വരൂപനായി ആവേശിച്ച് |
| അവരുന്ത്സേ | അറിഞ്ഞുകൊണ്ടിരിക്കുന്നു. |

ഇങ്ങനെ സ്തുതിച്ചശേഷം പരമശിവൻ സ്വാഗമനോദ്ദേശ്യം ഇനി രണ്ടു ശ്ലോകങ്ങളാൽ വിഷ്ണുഭഗവാനെ ധരിപ്പിക്കുന്നു.

12. **അവതാരാ മയാ ദൃഷ്ടാ രമമാണസ്യ തേ ഗുണൈഃ**
**സോഽഹം തദ്ദ്രഷ്ടുമിച്ഛാമി യത്തേ യോഷിദ്വപുർധൃതം**

| | |
|---|---|
| ഗുണൈഃ | പ്രകൃതിഗുണങ്ങളോടു ചേർന്ന് |
| രമമാണസ്യ | കളിയാടുവാനിച്ഛിക്കുന്ന |
| തേ | അങ്ങയുടെ |
| അവതാരാഃ | അനേകം അവതാരങ്ങളും |
| മയാ | എന്നാൽ |
| ദൃഷ്ടാഃ | ദർശിക്കപ്പെട്ടിരിക്കുന്നു. |
| സഃ അഹം | ആ ഞാൻ |
| തേ | അങ്ങയാൽ |
| ധൃതം | ധരിക്കപ്പെട്ട |
| യത് | യാതൊരു |
| യോഷിദ്വപുഃ | സ്ത്രീശരീരമുണ്ടോ, |
| തത് | അതിനെ |
| ദ്രഷ്ടും | ദർശിക്കുവാൻ |
| ഇച്ഛാമി | ആഗ്രഹിക്കുന്നു. |

13. യേന സമ്മോഹിതാ ദൈത്യാഃ പായിതാശ്ചാമൃതം സുരാഃ
തദ് ദിദൃക്ഷവ ആയതാഃ പരം കൗതൂഹലം ഹി നഃ

| | | | |
|---|---|---|---|
| യേന | യാതൊരു സ്ത്രീശരീരം കൊണ്ട് | തത് | അതിനെ |
| ദൈത്യാഃ | അസുരന്മാർ | ദിദൃക്ഷവഃ | ദർശിക്കുവാനാഗ്രഹിച്ചു കൊണ്ട് |
| സമ്മോഹിതാഃ | മോഹിപ്പിക്കപ്പെട്ടുവോ, | ആയാതാഃ | ഞങ്ങൾ വന്നതാണ്. |
| സുരാഃ | ദേവന്മാർ | ഹി നഃ | എന്തെന്നാൽ, ഞങ്ങൾക്ക് |
| അമൃതം | അമൃതിനെ | പരം | വലിയ |
| പായിതാഃ ച | പാനം ചെയ്യിക്കപ്പെട്ട കയും ചെയ്തുവോ, | കൗതൂഹലം | കൗതുകം അതിലുണ്ട്. |

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു—

14. ഏവമഭ്യർത്ഥിതോ വിഷ്ണുർഭഗവാൻ ശൂലപാണിനാ
പ്രഹസ്യ ഭാവഗംഭീരം ഗിരിശം പ്രത്യഭാഷത.

| | | | |
|---|---|---|---|
| ശൂലപാണിനാ | പരമശിവനാൽ | വിഷ്ണുഃ | ശ്രീമഹാവിഷ്ണു |
| | | ഭാവഗംഭീരം | അഭിപ്രായഗർഭിതമായി |
| ഏവം | ഇപ്രകാരം | പ്രഹസ്യ | പൊട്ടിച്ചിരിച്ച് |
| അഭ്യർത്ഥിതഃ | അഭ്യർത്ഥിക്കപ്പെട്ട | ഗിരിശം | പരമശിവനോട് |
| ഭഗവാൻ | ഭഗവാനായ | പ്രത്യഭാഷത | പ്രതിവചിച്ചു. |

ശ്രീഭഗവാനുവാച = ഭഗവാൻ അരുളിച്ചെയ്തു.

15. കൗതൂഹലായ ദൈത്യാനാം യോഷിദ്വേഷോ മയാ കൃതഃ
പശ്യതാ സുരകാര്യാണി ഗതേ പീയൂഷഭാജനേ

| | | | |
|---|---|---|---|
| പീയൂഷഭാജനേ | അമൃതകലശം (അസുരന്മാരുടെ പക്കൽ) | ദൈത്യാനാം | അസുരന്മാർക്ക് |
| ഗതേ | ചെന്നകപ്പെട്ടപ്പോൾ | കൗതൂഹലായ | കൗതുകം (മനോവ്യാമോഹം) ഉണ്ടാക്കുന്നതിന്നായി |
| സുരകാര്യാണി | ദേവന്മാരുടെ കാര്യങ്ങളെ | യോഷിദ്വേഷഃ | സ്ത്രീവേഷം |
| പശ്യതാ | നിരീക്ഷിച്ചുകൊണ്ടിരുന്ന | കൃതഃ | സ്വീകരിക്കപ്പെട്ടതായിരുന്നു. |
| മയാ | എന്നാൽ | | |

16. തത്തേഽഹം ദർശയിഷ്യാമി ദിദൃക്ഷോഃ സുരസത്തമ
കാമിനാം ബഹുമന്തവ്യം സങ്കല്പപ്രഭവോദയം.

| | |
|---|---|
| സുരസത്തമ | ഹേ ദേവോത്തമ! |
| തത് | അതിനെ |
| ദിദൃക്ഷോഃ | കാണുവാനാശിക്കുന്ന |
| തേ | താങ്കൾക്ക് |
| അഹം | ഞാൻ |
| ദർശയിഷ്യാമി | പ്രദർശിപ്പിച്ചുതരാം. |
| (കിന്തു) | പക്ഷേ, |
| സങ്കല്പ-പ്രബോധോദയം | കാമവികാരത്തെ ഉദ്ദീപ്തമാക്കുന്ന അതു് |
| കാമിനാം | കാമികൾക്കുമാത്രമേ |
| ബഹു-മന്തവ്യം | അധികം ആദരണീയമാകയുള്ളു. |

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു.

**17.** **ഇതി ബ്രുവാണോ ഭഗവാംസ്തത്രൈവാന്തരധീയത**
**സർവതശ്ചാരയംശ്ചക്ഷുർഭവ ആസ്തേ സഹോമയാ.**

| | |
|---|---|
| ഭഗവാൻ | വിഷ്ണുഭഗവാൻ |
| ഇതി | ഇങ്ങനെ |
| ബ്രുവാണഃ | അരുളിച്ചെയ്തു് |
| തത്ര ഏവ | അവിടെത്തന്നെ |
| അന്തരധീയത | അന്തർദ്ധാനം ചെയ്തു. |
| ഭവഃ | ശിവൻ |
| ഉമയാ സഹ | ഉമാദേവിയോടുകൂടി |
| സർവതഃ | എല്ലാവശത്തേയ്ക്കും |
| ചക്ഷുഃ | ദൃഷ്ടിയെ |
| ചാരയൻ | ഓടിച്ചുകൊണ്ടു് |
| ആസ്തേ | ഇരിപ്പായി. |

**18.** **തതോ ദദർശോപവനേ വരസ്ത്രിയം**
**വിചിത്രപുഷ്പാരുണപല്ലവദ്രുമേ**
**വിക്രീഡതീം കന്ദുകലീലയാ ലസദ്-**
**ദുകൂലപര്യസ്തനിതംബമേഖലാം.**

| | |
|---|---|
| തതഃ | അനന്തരം |
| വിചിത്ര-പുഷ്പാരുണ-പല്ലവദ്രുമേ | പലനിറത്തിലുള്ള പൂക്കളും ചെന്തളിരുകളും നിറഞ്ഞമരങ്ങൾ തിങ്ങിനില്ക്കുന്ന |
| ഉപവനേ | ഉദ്യാനത്തിൽ |
| കന്ദുകലീലയാ | പന്താട്ടംകൊണ്ടു് |
| വിക്രീഡതീം | കളിയാടുന്നവളും |
| ലസദ്ദുകൂല-പര്യസ്ത- | തിളങ്ങുന്ന പട്ടാടകൊണ്ടു ചുററിയുടുത്ത |
| നിതംബ-മേഖലാം | നിതംബബിംബത്തിൽ കെട്ടിയുറപ്പിച്ച അരഞ്ഞാണത്തോടു കൂടിയവളുമായ |
| വരസ്ത്രിയം | ഒരു മോഹനാംഗിയെ |
| ദദർശ | കണ്ടു. |

**19.** **ആവർത്തനോദ്വർത്തനകമ്പിതസ്തന-**
**പ്രകൃഷ്ടഹാരോരുഭരൈഃ പദേ പദേ**
**പ്രഭജ്യമാനാമിവ മധ്യതശ്ചലത്-**
**പദപ്രവാളം നയതീം തതസ്തതഃ**

| | |
|---|---|
| ആവർത്തനോ-ദ്വർത്തന- | (പന്തടിക്കുമ്പോഴുള്ള) കുമ്പിടൽകൊണ്ടും നിവർന്നനില്പുകൊണ്ടും |
| കമ്പിതസ്തന-പ്രകൃഷ്ടഹാരോ-[illegible]രൈഃ | തുളുമ്പിച്ചാടുന്ന കൊങ്കകളുടെയും വിശിഷ്ടമണിമാലകളുടെയും അമർന്ന ഭാരത്താൽ |
| പദേ പദേ | ഓരോ അടിവെപ്പിലും |
| മധ്യതഃ | നടുകൊണ്ട് |
| പ്രഭജ്യമാനാം ഇവ | ഒടിഞ്ഞുപോകുന്നപോലെ ഇരിക്കുന്നവളും |
| ചലത്പദ-പ്രവാളം | ചലിക്കുന്ന തളിർത്തൊത്തിനോടൊത്ത പാദത്തെ |
| തതസ്തതഃ | അങ്ങുമിങ്ങും |
| നയതീം | സവിലാസം ആകർഷിക്കുന്നവളും— |

(ഇതുമുതൽ 3 ശ്ലോകങ്ങളും 22-ാം ശ്ലോകത്തോടു ചേർന്ന് അന്വയിക്കുന്നു.)

**20.** **ദിക്ഷു ഭ്രമത്കന്ദുകചാപലൈർഭൃശം**
**പ്രോദ്വിഗ്നതാരായതലോലലോചനാം**
**സ്വകർണ്ണവിഭ്രാജിതകുണ്ഡലോല്ലസത്-**
**കപോലനീലാലകമണ്ഡിതാനനാം.**

| | |
|---|---|
| ദിക്ഷു | ഓരോരോ ഇടങ്ങളിൽ |
| ഭ്രമത്കന്ദുക-ചാപലൈഃ | തെന്നിത്തെറിക്കുന്ന പന്തിന്റെ കറക്കങ്ങൾക്കനുസരിച്ച് |
| പ്രോദ്വിഗ്ന-താരായത-ലോലലോ-ചനാം | അമ്പരപ്പുകൊള്ളുന്ന കരിമിഴിയോടൊത്ത നീണ്ട കണ്ണിണയോടുകൂടിയവളും |
| സ്വകർണ്ണ-വിഭ്രാജിത- | തന്റെ കാതുകളിൽക്കിടന്നു മിന്നിത്തിളങ്ങുന്ന |
| കുണ്ഡലോല്ല-സത്കപോല | കുണ്ഡലങ്ങളുടെ കാന്തി നിഴലിച്ച കവിൾത്തടങ്ങളാലും |
| നീലാലക-മണ്ഡിതാ-നനാം | കറുത്ത കുറുനിരകളാലും അലംകൃതമായ ആനനത്തോടുകൂടിയവളും— |

**21.** **ശ്ലഥദ്ദുകൂലം കബരീം ച വിച്യുതാം**
**സന്നഹ്യതീം വാമകരേണ വല്ഗുനാ**
**വിനിഘ്നതീമന്യകരേണ കന്ദുകം**
**വിമോഹയന്തീം ജഗദാത്മമായയാ.**

| | |
|---|---|
| ശ്ലഥദ്-ദുകൂലം | കിഴിഞ്ഞുവീഴുന്ന പട്ടുടയാടയെയും |
| വിച്യുതാം | കെട്ടഴിഞ്ഞ |
| കബരീം ച | കാർകുന്തളത്തെയും |
| വല്ഗുനാ | അഴകാർന്ന |
| വാമകരേണ | ഇടംകൈയാൽ |
| സന്നഹ്യതീം | ഒതുക്കിപ്പിടിച്ചുകൊണ്ടും |
| അന്യകരേണ | മറുകൈയാൽ |
| കന്ദുകം | പന്ത് |
| വിനി-ഘ്നതീം | തട്ടിക്കൊണ്ടും |
| ജഗത് | ലോകത്തെ |
| ആത്മമായയാ | തന്റെ മായാവിലാസത്താൽ |
| വിമോഹ-യന്തീം | മോഹിപ്പിച്ചുകൊണ്ടിരിക്കുന്നവളുമായ |

22. താം വീക്ഷ്യ ദേവ ഇതി കന്ദുകലീലയേഷദ്-
വ്രീഡാസ്ഫുടസ്മിതവിസൃഷ്ടകടാക്ഷമുഷ്ടഃ
സ്ത്രീപ്രേക്ഷണപ്രതിസമീക്ഷണവിഹ്വലാത്മാ
നാത്മാനമന്തിക ഉമാം സ്വഗണാംശ്ച വേദ

| | |
|---|---|
| താം | ആ മായാമോഹിനിയെ |
| വീക്ഷ്യ | കണ്ടിട്ടു് |
| ദേവഃ | ശ്രീരുദ്രൻ |
| ഇതി | ഈ വിധത്തിലുള്ള |
| കന്ദുകലീല-യേഷദ്വ്രീഡാസ്ഫുടസ്മിത- | പന്തുകളികൊണ്ടു കുറഞ്ഞൊന്നുണ്ടായലജ്ജയാൽ സ്പഷ്ടീഭവിക്കാത്ത പുഞ്ചിരിയോടെ |
| വിസൃഷ്ട-കടാക്ഷമുഷ്ടഃ | വിട്ടയച്ച കടക്കണ്ണേറിനാൽ വഞ്ചിതനായും |
| സ്ത്രീപ്രേക്ഷ-ണപ്രതിസ-മീക്ഷണ-വിഹ്വലാത്മാ | സ്ത്രീയുടെ വീക്ഷണത്താലും തന്റെ പ്രതിവീക്ഷണത്താലും വിക്ഷുബ്ധമായ അന്തഃകരണത്തോടുകൂടിയവനായും ഭവിച്ച് |
| ആത്മാനം | തന്നെയും |
| അന്തികേ | തന്റെ അരികത്തിരിക്കുന്ന |
| ഉമാം | ഉമയെയും |
| സ്വഗണാൻ ച | തന്റെ പാർഷദഗണങ്ങളെയും |
| ന വേദ | അറിഞ്ഞില്ല. |

23. തസ്യാഃ കരാഗ്രാത് സ തു കന്ദുകോ യദാ
ഗതോ വിദൂരം തമനുവ്രജത്സ്ത്രിയാഃ
വാസഃ സസൂത്രം ലഘുമാരുതോഽഹരദ്-
ഭവസ്യ ദേവസ്യ കിലാനുപശ്യതഃ

| | |
|---|---|
| യദാ | എപ്പോൾ |
| തസ്യാഃ | അവളുടെ |
| കരാഗ്രാത് | കൈത്തുമ്പത്തുനിന്നു് |
| സഃ കന്ദുകഃ തു | ആ പന്താകട്ടെ |
| വിദൂരം | ഒട്ടകലത്തേക്കു് |
| ഗതഃ | തെറിച്ചുപോയോ, |
| (തദാ) | അപ്പോൾ |
| തം | അതിനെ |
| അനുവ്രജത്-സ്ത്രിയാഃ | പിൻതുടർന്നു് ഓടിയിരുന്ന സ്ത്രീയുടെ |
| ലഘുവാസഃ | നേരിയ ഉടുവസ്ത്രത്തെ |
| ദേവസ്യ | ഭഗവാനായ |
| ഭവസ്യ | ശ്രീരുദ്രൻ |
| അനുപശ്യതഃ | കണ്ണെടുക്കാതെ നോക്കിനില്ക്കെ |
| മാരുതഃ | കാററു് |
| സസൂത്രം | അരഞ്ഞാണത്തോടുകൂടെ |
| അഹരത് കില | തട്ടിയെടുത്തു പറത്തിക്കൊണ്ടുപോയത്രേ. |

24. ഏവം താം രുചിരാപാംഗീം ദർശനീയാം മനോരമാം
ദൃഷ്ട്വാ തസ്യാം മനശ്ചക്രേ വിഷജ്ജന്ത്യാം ഭവഃ കില

| | |
|---|---|
| ഏവം | ഈവിധം |
| രുചിരാ-പാംഗീം | മധുരമായ കടാക്ഷവിക്ഷേപത്തോടുകൂടിയവളും |
| ദർശനീയാം | സുന്ദരാംഗിയും |
| മനോരമാം | മനസ്സിനെ രമിപ്പിക്കുന്നവളുമായ |

| | | | |
|---|---|---|---|
| താം | അവളെ | വിഷജ്ജന്ത്യാം | ഭാവചേഷ്ടകളാൽ ഇണക്കം കാണിക്കുന്ന |
| ദൃഷ്ട്വാ | കണ്ടിട്ട് | തസ്യാം | അവളിൽ |
| | | മനഃ ചക്രേ | മനസ്സിനെ ഏകാഗ്രമാക്കിത്തീർത്തുപോലും. |
| ഭവഃ | പരമശിവൻ | കില | |

**25.** **തയാപഹൃതവിജ്ഞാനസ്തത്കൃതസ്മരവിഹ്വലഃ**
**ഭവാന്യാ അപി പശ്യന്ത്യാ ഗതഹ്രീസ്തത്പദം യയൗ.**

| | | | |
|---|---|---|---|
| തയാ | അവളാൽ | ഭവാന്യാഃ | സ്വപത്നിയായ സതീദേവി കണ്ടുകൊണ്ടിരിക്കിലും കൂടി |
| അപഹൃത- വിജ്ഞാനഃ | അപഹരിക്കപ്പെട്ട വിവേകത്തോടും | പശ്യന്ത്യാഃ | |
| | | അപി | |
| തത്കൃത- സ്മരവിഹ്വലഃ | അവളാൽ ഉണ്ടാക്കപ്പെട്ട കാമപാരവശ്യത്തോടും കൂടിയവനായി ഭവിച്ച ശിവൻ | തത്പദം | അവൾനില്ക്കുന്നേടത്തേക്ക് |
| | | യയൗ | പോയി. |

**26.** **സാ തമായാന്തമാലോക്യ വിവസ്ത്രാ വ്രീഡിതാ ഭൃശം**
**നിലീയമാനാ വൃക്ഷേഷു ഹസന്തീ നാന്വതിഷ്ഠത.**

| | | | |
|---|---|---|---|
| വിവസ്ത്രാ | വസ്ത്രമില്ലാതെ നില്ക്കുന്ന | വ്രീഡിതാ | ലജ്ജിതയായിട്ട് |
| സാ | അവൾ (മോഹിനി) | വൃക്ഷേഷു | മരങ്ങൾക്കിടയിൽ |
| ആയാന്തം | അടുക്കലേക്കുവന്നണയുന്ന | നിലീയമാനാ | മറഞ്ഞുനിന്നു |
| തം | അദ്ദേഹത്തെ | ഹസന്തീ | ചിരിച്ചുകൊണ്ടിരുന്നു. |
| ആലോക്യ | കണ്ട് | ന അന്വതിഷ്ഠത | എന്നാൽ ഒരിടത്തും അനുസരിച്ചു നിന്നില്ല. |
| ഭൃശം | ഏററവും | | |

**27.** **താമന്വഗച്ഛദ് ഭഗവാൻ ഭവഃ പ്രമുഷിതേന്ദ്രിയഃ**
**കാമസ്യ ച വശം നീതഃ കരേണുമിവ യൂഥപഃ**

| | | | |
|---|---|---|---|
| ഭഗവാൻ | ജ്ഞാനവൈരാഗ്യാദി ഗുണങ്ങൾ തികഞ്ഞവനെന്നിരിക്കിലും | വശം | വശത്തിലേക്കു |
| | | നീതഃ ച | നയിക്കപ്പെട്ടവനായും ഭവിച്ച് |
| ഭവഃ | പരമശിവൻ | യൂഥപഃ | ആനത്തലവൻ |
| പ്രമുഷിതേ- ന്ദ്രിയഃ | അപഹൃതമായ ഇന്ദ്രിയശക്തിയോടുകൂടിയവനായും | കരേണും | പിടിയാനയെ |
| | | ഇവ | പിൻതുടരുന്നപോലെ |
| | | താം | അവളെ |
| കാമസ്യ | കാമവികാരത്തിൻെറ | അന്വഗച്ഛത് | പിൻതുടർന്നു. |

**28. സോƒനുവ്രജ്യാതിവേഗേന ഗൃഹീത്വാനിച്ഛതീം സ്ത്രിയം**
**കേശബന്ധ ഉപാനീയ ബാഹുഭ്യാം പരിഷസ്വജേ.**

| | | | |
|---|---|---|---|
| സഃ | ആ പരമശിവൻ | കേശബന്ധേ | മുടിക്കെട്ടിൽ |
| അതിവേഗേന | അതിശീഘ്രതയോടെ | ഗൃഹീത്വാ | കടന്നുപിടിച്ച് |
| അനുവ്രജ്യ | പിന്നാലെ പാഞ്ഞണഞ്ഞു് | ഉപാനീയ | അരികിലേക്കണച്ച് |
| അനിച്ഛതീം | ഇച്ഛിക്കാത്ത | ബാഹുഭ്യാം | ഇരുകരങ്ങൾകൊണ്ടും |
| സ്ത്രിയം | ആ നാരീമണിയെ | പരിഷസ്വജേ | വാരിപ്പുണർന്നു. |

**29. സോപഗൂഢാ ഭഗവതാ കരിണാ കരിണീ യഥാ**
**ഇതസ്തതഃ പ്രസർപന്തീ വിപ്രകീർണ്ണശിരോരുഹാ**

| | | | |
|---|---|---|---|
| കരിണാ | കൊമ്പനാനയാൽ | സാ | അവൾ |
| കരിണീ യഥാ | പിടിയാനയെന്നതു പോലെ | വിപ്രകീർണ്ണശിരോരുഹാ | അഴിഞ്ഞു ചിതറിയ തലമുടിയോടുകൂടി |
| ഭഗവതാ | ശ്രീശങ്കരനാൽ | ഇതസ്തതഃ | തലങ്ങും വിലങ്ങും |
| ഉപഗൂഢാ | ഗാഢാലിംഗനം ചെയ്യപ്പെട്ട | പ്രസർപന്തീ | കുതറിപ്പാഞ്ഞുകൊണ്ടിരുന്നു. |

**30. ആത്മാനം മോചയിത്വാംഗ സുരർഷഭഭുജാന്തരാത്**
**പ്രാദ്രവത് സാ പൃഥുശ്രോണീ മായാ ദേവവിനിർമ്മിതാ.**

| | | | |
|---|---|---|---|
| അംഗ | ഹേ രാജൻ! | സാ | അവൾ |
| സുരർഷഭഭുജാന്തരാത് | ദേവശ്രേഷ്ഠനായ ശ്രീശങ്കരന്റെ കൈക്കുട്ടിൽനിന്നു് | പ്രാദ്രവത് | ഓടിപ്പോയി. |
| ആത്മാനം | തന്നെ | ദേവവിനിർമ്മിതാ | വിഷ്ണുഭഗവാനാൽ ആരചിക്കപ്പെട്ട |
| മോചയിത്വാ | വിടുവിച്ച് | മായാ | മായാമോഹിനിയായിരുന്നവളല്ലോ അവൾ. |
| പൃഥുശ്രോണീ | സ്ഥൂലനിതംബയായ | | |

**31. തസ്യാസൗ പദവീം രുദ്രോ വിഷ്ണോരദ്ഭുതകർമ്മണഃ**
**പ്രത്യപദ്യത കാമേന വൈരിണേവ വിനിർജിതഃ**

| | | | |
|---|---|---|---|
| വൈരിണാ | ശത്രുവായ | അദ്ഭുതകർമ്മണഃ | ആശ്ചര്യകരമായ ലീലാപ്രവൃത്തനത്തോടുകൂടിയ |
| കാമേന | കാമദേവനാൽ | തസ്യ | ആ (മോഹിനീവേഷധാരിയായ) |
| വിനിർജിതഃ ഇവ | തികച്ചും തോല്പിക്കപ്പെട്ടവനെന്നപോലെയായിത്തീർന്ന | വിഷ്ണോഃ | ശ്രീവിഷ്ണുവിന്റെ |
| | | പദവീം | മാർഗ്ഗത്തെ |
| അസൗ രുദ്രഃ | ഈ ശ്രീരുദ്രൻ | പ്രത്യപദ്യത | തേടിക്കൊണ്ടിരുന്നു. |

32. തസ്യാനുധാവതോ രേതശ്ചസ്കന്ദാമോഘരേതസഃ
ശുഷ്മിണോ യൂഥപസ്യേവ വാസിതാമനുധാവതഃ

| | | | |
|---|---|---|---|
| വാസിതാം | പിടിയാനയെ | അമോഘ— രേതസഃ | ഒരിക്കലും നിഷ്ഫലമാകാത്ത വീര്യത്തോടുകൂടിയവനെന്നിരിക്കിലും. |
| അനുധാവതഃ | പിൻതുടർന്നോടുന്ന | | |
| ശുഷ്മിണഃ | മദച്ചൂടിളകിയ | | |
| യൂഥപസ്യ | കൊമ്പൻെറ | തസ്യ | ആ പരമശിവൻെറ |
| ഇവ | മട്ടിൽ, | | |
| (താം അനുധാവതഃ) | അവളെ പിൻപററി ഓട്ടം തുടങ്ങിയ— | രേതഃ | രേതസ്സ് |
| | | ചസ്കന്ദ | സ്ഖലിച്ചു. |

33. യത്ര യത്രാപതന്മഹ്യാം രേതസ്തസ്യ മഹാത്മനഃ
താനി രൂപ്യസ്യ ഹേമ്നശ്ച ക്ഷേത്രാണ്യാസൻ മഹീപതേ.

| | | | |
|---|---|---|---|
| മഹീപതേ | അല്ലയോരാജാവേ! | അപതത് | പതിച്ചിരുന്നുവോ, |
| മഹാത്മനഃ | മഹാനുഭാവനായ | താനി | ആ ഇടങ്ങളെല്ലാം |
| തസ്യ | ആ പരമശിവൻെറ | രൂപ്യസ്യ | വെള്ളിയുടെയും |
| രേതഃ | രേതസ്സ് | ഹേമ്നഃ ച | സ്വർണ്ണത്തിൻെറയും |
| മഹ്യാം | ഭൂമിയിൽ | ക്ഷേത്രാണി | വിളനിലങ്ങളായി |
| യത്ര യത്ര | എവിടെവിടെയെല്ലാം | ആസൻ | ഭവിച്ചു. |

34. സരിത്സരസ്സു ശൈലേഷു വനേഷൂപവനേഷു ച
യത്ര ക്വ ചാസന്നൃഷയസ്തത്ര സന്നിഹിതോ ഹരഃ

| | | | |
|---|---|---|---|
| സരിത്- സരസ്സു | നദികളിലും തടാകങ്ങളിലും | ഋഷയഃ | മുനിമാർ |
| | | ആസൻ | വസിച്ചിരുന്നുവോ, |
| ശൈലേഷു | പർവ്വതങ്ങളിലും | തത്ര ച | അവിടങ്ങളിലും |
| വനേഷു | കാടുകളിലും | ഹരഃ | ശിവൻ |
| ഉപവനേഷു | ഉദ്യാനങ്ങളിലും | സന്നിഹിതഃ | മോഹിനിയെ തിരക്കി എത്തിച്ചേർന്നു. |
| യത്ര ക്വ ച | എവിടെയെങ്ങാനും | | |

35. സ്കന്നേ രേതസി സോഽപശ്യദാത്മാനം ദേവമായയാ
ജഡീകൃതം നൃപശ്രേഷ്ഠ സന്ന്യവർത്തത കശ്മലാത്.

| | | | |
|---|---|---|---|
| നൃപശ്രേഷ്ഠ | ഹേ രാജപുംഗവ! | ആത്മാനം ജഡീകൃതം | താൻ സ്വയം ചൈതന്യമില്ലാത്തവനായെന്ന് |
| രേതസി | രേതസ്സ് | | |
| സ്കന്നേ | സ്ഖലിച്ചുകഴിഞ്ഞപ്പോൾ | അപശ്യത് | കണ്ടുകഴിഞ്ഞു. |
| സഃ | ആ ശ്രീരുദ്രൻ | കശ്മലാത് | ചപലപ്രവൃത്തിയിൽ നിന്നു് |
| ദേവമായയാ | വിഷ്ണുമായയാൽ | സന്ന്യവർത്തത | പിൻവാങ്ങുകയും ചെയ്തു. |

36. അഥാവഗതമാഹാത്മ്യ ആത്മനോ ജഗദാത്മനഃ
അപരിജ്ഞേയവീര്യസ്യ ന മേനേ തദു ഹാദ്ഭുതം

| | | | |
|---|---|---|---|
| അഥ | അനന്തരം | അവഗത–മാഹാത്മ്യഃ | മാഹാത്മ്യത്തെപ്പറ്റി ബോധവാനായിത്തീർന്ന രുദ്രൻ |
| അപരിജ്ഞേയവീര്യസ്യ | അറിവാനാവാത്ത ശക്തിയോടുകൂടിയവനും | തത് ഉ ഹ | അതൊന്നും തന്നെ (മായ കൊണ്ടു തന്നെമയക്കിയതു്) |
| ജഗദാത്മനഃ | വിശ്വസ്വരൂപനും | അദ്ഭുതം | അദ്ഭുതമായിട്ടു |
| ആത്മനഃ | വിശ്വാത്മാവുമായ ശ്രീഹരിയുടെ | ന മേനേ | വിചാരിച്ചില്ല. |

37. തമവിക്ലബമവ്രീഡമാലക്ഷ്യ മധുസൂദനഃ
ഉവാച പരമപ്രീതോ ബിഭ്രത് സ്വാം പൌരുഷീം തനും.

| | | | |
|---|---|---|---|
| അവിക്ലബം | വിഷണ്ണനാവാതെയും | പരമപ്രീതഃ | അതി സന്തോഷവാനായി ഭവിച്ച |
| അവ്രീഡം | ലജ്ജിതനാവാതെയും ഇരിക്കുന്ന | മധുസൂദനഃ | വിഷ്ണുഭഗവാൻ |
| | | പൌരുഷീം | പുരുഷലക്ഷണമുള്ള |
| തം | അദ്ദേഹത്തെ | സ്വാം തനും | സ്വന്തം ശരീരത്തെ |
| | | ബിഭ്രത് | ധരിച്ചുകൊണ്ടു് |
| ആലക്ഷ്യ | കണ്ടു് | ഉവാച | അരുളിച്ചെയ്തു. |

ശ്രീഭഗവാനുവാച = ശ്രീഭഗവാൻ അരുളിച്ചെയ്തു.

38. ദിഷ്ട്യാ ത്വം വിബുധശ്രേഷ്ഠ സ്വാം നിഷ്ഠാമാത്മനാ സ്ഥിതഃ
യന്മേ സ്ത്രീരൂപയാ സ്വൈരം മോഹിതോഽപ്യങ്ഗ മായയാ.

| | | | |
|---|---|---|---|
| അങ്ഗ | അല്ലയോ പ്രിയംകരനായ | ത്വം | താങ്കൾ |
| വിബുധശ്രേഷ്ഠ | ദേവശിരോമണേ! | ആത്മനാ | തന്നാൽത്തന്നെ |
| മേ | എന്റെ | സ്വാം നിഷ്ഠാം | സ്വന്തം പ്രകൃതിയിലേക്കു് |
| സ്ത്രീരൂപയാ | സ്ത്രീരൂപം പൂണ്ട | | |
| മായയാ | മായയാൽ | സ്ഥിതഃ | മടങ്ങി നിലയുറച്ചു. |
| സ്വൈരം | യഥേഷ്ടം | യത് | യാതൊന്നു് |
| മോഹിതഃ അപി | മോഹിതനായെന്നു വരികിലും | ദിഷ്ട്യാ | സന്തോഷകരംതന്നെ. |

39. കോ നു മേഽതിതരേന്മായാം വിഷക്തസ്ത്വദൃതേ പുമാൻ
താംസ്താൻ വിസൃജതീം ഭാവാൻ ദുസ്തരാമകൃതാത്മഭിഃ

| | | | |
|---|---|---|---|
| താൻ താൻ | നാനാതരത്തിലുള്ള ഓരോരോ | മേ മായാം | എന്റെ മായയെ |
| ഭാവാൻ | ഭാവങ്ങളെ | ത്വത് ഋതേ | താങ്കളല്ലാതെ |
| വിസൃജതീം | ആവിഷ്കരിക്കുന്നതും | കഃ ന | വേറെ ഏതൊരു |
| അകൃതാത്മഭിഃ | ആത്മനിയന്ത്രണം സാധിക്കാത്തവരാൽ | പുമാൻ | പുരുഷൻ |
| ദുസ്തരാം | മറികടക്കാൻ അസാധ്യമായതുമായ | വിഷക്തഃ | ആസക്തനായിട്ട്, പിന്നെ |
| | | അതിതരേത് | സ്വയം വിട്ടുമാറുവാൻ ശക്തനാകും? |

**40.** **സേയം ഗുണമയീ മായാ ന ത്വാമഭിഭവിഷ്യതി**
**മയാ സമേതാ കാലേന കാലരൂപേണ ഭാഗശഃ**

| | | | |
|---|---|---|---|
| കാലേന | ഗുണക്ഷോഭത്താൽ സൃഷ്ടി മുതലായവയ്ക്കു നിമിത്ത മായുള്ള ശക്തിയായി | ഭാഗശഃ | രാജസാദി ഗുണങ്ങളുടെ അംശംകൊണ്ട് |
| | | സമേതാ | ചേർന്നനില്ക്കുന്ന |
| | | ഗുണമയീ | ഗുണാത്മികയായ |
| കാലരൂപേണ | കാലസ്വരൂപനായിരിക്കുന്ന | ഇയം മായാ | ഈ മായയാകട്ടെ |
| | | ത്വാം | അങ്ങയെ |
| മയാ | എന്നോടുകൂടി | ന അഭി–ഭവിഷ്യതി | പരാജയപ്പെടുത്തുന്നതല്ല. |

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു.

**41.** **ഏവം ഭഗവതാ രാജൻ ശ്രീവത്സാങ്കേന സത്കൃതഃ**
**ആമന്ത്ര്യ തം പരിക്രമ്യ സഗണഃ സ്വാലയം യയൗ.**

| | | | |
|---|---|---|---|
| രാജൻ | രാജാവേ! | തം | തന്തിരുവടിയെ |
| ഏവം | ഇപ്രകാരം | പരിക്രമ്യ | പ്രദക്ഷിണം വച്ച് |
| ഭഗവതാ | ഭഗവാനായ | ആമന്ത്ര്യ | വിടവാങ്ങി |
| ശ്രീവത്സാങ്കേന | ശ്രീ മഹാവിഷ്ണുവിനാൽ | സഗണഃ | ഭൂതഗണങ്ങളോടുകൂടെ |
| സത്കൃതഃ | ശ്ലാഘിച്ചാദരിക്കപ്പെട്ട ശ്രീരുദ്രൻ | സ്വാലയം | സ്വസ്ഥാനമായ കൈലാസത്തിലേക്ക് |
| | | യയൗ | യാത്രയായി. |

**42.** **ആത്മാംശഭൂതാം താം മായാം ഭവാനീം ഭഗവാൻ ഭവഃ**
**ശംസതാമൃഷിമുഖ്യാനാം പ്രീത്യാऽചഷ്ടാഥ ഭാരത**

| | | | |
|---|---|---|---|
| ഭാരത | ഭരതവംശജനായ രാജാവേ! | ഭഗവാൻ | സമഗ്രൈശ്വര്യാദിഷഡ് ഗുണയുക്തനായ |
| അഥ | അതിനുശേഷം | ഭവഃ | പരമശിവൻ |

| | |
|---|---|
| ശംസതാം | തന്നെ പ്രസംസിച്ചു കൊണ്ടിരിക്കുന്ന |
| ഋഷിമുഖ്യാനാം | മഹാമുനിമാരുടെ മുമ്പാകെ, |
| ആത്മാംശ— ഭൂതാം | തന്റെ വൈഷ്ണവാംശത്താൽ ഉണ്ടായ |
| താം മായാം | ആ മായാമോഹിനിയെ ഉദ്ദേശിച്ച് |
| ഭവാനീം | അർദ്ധാംഗിനിയായ സതീദേവിയെ |
| പ്രീത്യാ | പ്രേമവായ്പോടെ |
| ആചഷ്ട | ചൊല്ലിദ്ധരിപ്പിച്ചു. |

**43.** **അപി വ്യപശ്യസ്ത്വമജസ്യ മായാം**
**പരസ്യ പുംസഃ പരദേവതായാഃ**
**അഹം കലാനാമൃഷഭോ വിമുഹ്യേ**
**യയാവശോഽന്യേ കിമുതാസ്വതന്ത്രാഃ.**

| | |
|---|---|
| പരസ്യപുംസഃ | "പരമപുരുഷനും |
| പര– ദേവതായാഃ | പരമേശ്വരനുമായിരിക്കുന്ന |
| അജസ്യ | ശ്രീഹരിയുടെ |
| മായാം | മായയെ |
| അപി ത്വം വ്യപശ്യഃ | നീ നല്ലപോലെ കണ്ടുവോ? |
| യയാ | യാതൊരു ആ മായയാൽ |
| കലാനാം | സകല കലാവിദ്യകളുടെയും |
| ഋഷഭഃ | അധിപതിയായി സ്വതന്ത്രനായിരിക്കുന്ന |
| അഹം | ഞാൻ കൂടിയും |
| അവശഃ | അവശനായിട്ട് |
| വിമുഹ്യേ | മോഹിച്ചുപോകുന്നു. |
| അസ്വതന്ത്രാഃ | എന്നിരിക്കെ, പരതന്ത്രന്മാരായ |
| അന്യേ | മറ്റുള്ളവർ |
| കിമുത | പറയേണ്ടതുണ്ടോ? " |

**44.** **യന്മാമപൃച്ഛസ്ത്വമുപേത്യ യോഗാത്**
**സമാസഹസ്രാന്ത ഉപാരതം വൈ**
**സ ഏഷ സാക്ഷാത് പുരുഷഃ പുരാണോ**
**ന യത്ര കാലോ വിശതേ ന വേദഃ**

| | |
|---|---|
| സമാ— സഹസ്രാന്തേ | "ആയിരത്താണ്ടു കഴിഞ്ഞപ്പോൾ |
| യോഗാത് | സമാധിയിൽനിന്നു് |
| ഉപാരതം | വിരമിച്ച |
| മാം | എന്നെ |
| ഉപേത്യ | സമീപിച്ച് |
| യം വൈ | ആരെക്കുറിച്ച് (ആരെക്കുറിച്ചായിരുന്നു സമാധിയെന്നു്) |
| ത്വം അപൃച്ഛഃ | നീ ചോദിക്കുകയുണ്ടായോ, |
| സഃ സാക്ഷാത് | ആ ആൾ വാസ്തവത്തിൽ |
| പുരാണഃ | ആദ്യനും |
| പുരുഷഃ | അന്തര്യാമിയുമായ |
| ഏഷഃ | ഈ ശ്രീഹരിയത്രേ. |
| യത്ര | യാതൊരാളിൽ |
| കാലഃ | കാലശക്തി |
| ന വിശതേ | പ്രവേശിക്കുന്നില്ല. |
| വേദഃ ന | വേദവും എത്തിച്ചേരുന്നില്ല." |

5 മുതൽ 12 വരെയുള്ള 8 അദ്ധ്യായങ്ങൾകൊണ്ടു വിസ്തരിച്ച അമൃതമഥനം കഥയുടെ സാരാംശം താഴെ ഒരു ശ്ലോകംകൊണ്ടു പറഞ്ഞവസാനിപ്പിക്കുന്നു.

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു—

**45.** **ഇതി തേഽഭിഹിതസ്താത വിക്രമഃ ശാർങ്ഗധന്വനഃ**
**സിന്ധോർനിർമ്മഥനേ യേന ധൃതഃ പൃഷ്ഠേ മഹാചലഃ**

| | |
|---|---|
| താത | വത്സ! പരീക്ഷിത്തേ! |
| സിന്ധോഃ | പാലാഴിയുടെ |
| നിർമ്മഥനേ | മഥനം നടക്കുമ്പോൾ |
| യേന | യാതൊരുവനാൽ |
| മഹാചലഃ | മന്ദരമഹാപർവ്വതം |
| പൃഷ്ഠേ | മുതുകിൽ |
| ധൃതഃ | താങ്ങിനിർത്തപ്പെട്ടിരുന്നുവോ, |
| (തസ്യ) | ആ (ചാക്ഷുഷമന്വന്തരത്തിൽ അജിതനെന്നപേരിലവതരിച്ച) |
| ശാർങ്ഗധന്വനഃ | ശാർങ്ഗപാണിയായ വിഷ്ണുഭഗവാന്റെ |
| വിക്രമഃ | ലീലാവൈഭവം |
| തേ | അങ്ങേയ്ക്കു |
| ഇതി | ഈവിധത്തിൽ |
| അഭിഹിതഃ | ചൊല്ലിത്തരപ്പെട്ടു. |

'ചാക്ഷുഷം' എന്ന ആറാമത്തെ മന്വന്തരത്തിൽ 'അജിത' നെന്ന പേരിൽ അവതരിച്ച വിഷ്ണുഭഗവാന്റെ വിക്രമം അമൃതമഥനമെന്ന ഉപാഖ്യാനത്തിലൂടെ ശുകബ്രഹ്മർഷി പരീക്ഷിത്ത്‌രാജാവിനെ ഈ വിധം വിസ്തരിച്ചുകേൾപ്പിച്ചശേഷം അതിന്റെ കീർത്തനാദികൾക്കുള്ള ഫലശ്രുതി കൂടി പറഞ്ഞവസാനിപ്പിക്കുന്നു.

**46.** **ഏതന്മുഹുഃ കീർത്തയതോഽനുശൃണ്വതോ**
**ന രിഷ്യതേ ജാതു സമുദ്യമഃ ക്വചിത്**
**യദുത്തമശ്ലോകഗുണാനുവർണ്ണനം**
**സമസ്തസംസാരപരിശ്രമാപഹം**

| | |
|---|---|
| ഏതത് | ഇതിനെ |
| മുഹുഃ | അടിക്കടി |
| കീർത്തയതഃ | കീർത്തിക്കുന്നവന്റെയും |
| അനുശൃണ്വതഃ | കീർത്തിക്കുന്നതു കേട്ടിരിക്കുന്നവന്റെയും |
| സമുദ്യമഃ | സമാരംഭം |
| ജാതു | ഒരിക്കലും |
| ക്വചിത് | ഒരിടത്തും |
| ന രിഷ്യതേ | പാഴാവുകയില്ല. |
| യത് | എന്തെന്നാൽ |
| ഉത്തമശ്ലോകഗുണാനുവർണ്ണനം | പാവനകീർത്തിമാനായ ഭഗവാന്റെ ഗുണങ്ങളെ നിരന്തരം പുകഴ്ത്തുന്നതു് |
| സമസ്തസംസാരപരിശ്രമാപഹം. | പ്രാപഞ്ചികമായ എല്ലാ ക്ലേശങ്ങളെയും ഇല്ലാതെയാക്കുന്നു. |

ഭഗവാന്റെ ഭക്തപക്ഷപാതത്തെ അനുസ്മരിച്ചുകൊണ്ടു് ശ്രീശുകമഹർഷി നമസ്കരിക്കുന്നു—

47 അസദവിഷയമങ്ഘ്രിം ഭാവഗമ്യം പ്രപന്നാ-
നമൃതമമരവര്യാനാശയത് സിന്ധുമഥ്യം
കപടയുവതിവേഷോ മോഹയൻ യഃ സുരാരീം-
സ്തമഹമുപസൃതാനാം കാമപൂരം നതോഽസ്മി

| | | | |
|---|---|---|---|
| യഃ | യാതൊരുവൻ | അങ്ഘ്രിം | തൃപ്പാദത്തെ |
| സിന്ധുമഥ്യം | കടൽ കടഞ്ഞെടുത്ത | പ്രപന്നാൻ | ശരണം പ്രാപിച്ച |
| അമൃതം | അമൃതത്തെ | അമരവര്യാൻ | ദേവോത്തമന്മാരെ |
| കപട- യുവതിവേഷഃ | മായാമോഹിനിയുടെ വേഷം ധരിച്ച് | ആശയത് | പ്രാശിപ്പിച്ചുവോ, |
| സുരാരീൻ | ദേവശത്രുക്കളെ | ഉപസൃതാനാം | തന്നെ സമാശ്രിച്ച ഭക്തന്മാരുടെ |
| മോഹയൻ | മോഹിപ്പിച്ചുകൊണ്ട്, | കാമപൂരം | ആഗ്രഹത്തെ നിറവേററിക്കൊടുത്ത |
| അസദ- വിഷയം | ഭക്തിശൂന്യരായ അസത്തുക്കൾക്ക വിഷയമാകാത്തതും | തം | ആ ഭക്തവത്സലനെ |
| ഭാവഗമ്യം | ഭക്തിയാൽ വിഷയീഭവിക്കുന്നതുമായ | അഹം | ഞാൻ |
| | | നതഃ അസ്മി | നമസ്കരിക്കുന്നു. |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ അഷ്ടമസ്കന്ധേ

ശങ്കരസമ്മോഹനം നാമ

ദ്വാദശോഽധ്യായഃ

ആദിതഃ ശ്ലോകാഃ 487.

അഷ്ടമസ്കന്ധത്തിൽ പന്ത്രണ്ടാമധ്യായം കഴിഞ്ഞു.

ഓം നമോ ഭഗവതേ പ്രപന്നപാരിജാതായ

# ത്രയോദശോഽധ്യായഃ — അധ്യായം പതിമൂന്ന്

## ഭവിഷ്യന്മന്വന്തരാനുവർണ്ണനം

'' ത്രയോദശേ തു വർണ്യന്തേ സപ്തമാദീന്യനുക്രമാത്
മന്വന്തരാണി സർവാണി ഷഡ്വിധാനി പൃഥക് പൃഥക് ''

ഈ പതിമൂന്നാമധ്യായത്തിൽ ഏഴാമത്തേതുമുതല്ക്കുള്ള എല്ലാ മന്വന്തരങ്ങളും അവയുടെ ആറുവിധം സവിശേഷതകളോടെ വെവ്വേറെ അനുക്രമം വർണ്ണിക്കപ്പെടുന്നു.

മനു, മനുപുത്രന്മാർ, ദേവഗണങ്ങൾ, ഇന്ദ്രൻ, സപ്തർഷികൾ, വിഷ്ണുവിന്റെ അംശാവതാരം എന്നിവയാണ് ആറുവിധം സവിശേഷതകൾ. ഒന്നാമധ്യായത്തിലും, അഞ്ചാമധ്യായത്തിലുമായി ആറ് പ്രാക്തനമന്വന്തരങ്ങൾ പറഞ്ഞുകഴിഞ്ഞു. ഇനി ഈ പതിമൂന്നാമത്തെ അധ്യായംകൊണ്ടു ഇപ്പോൾ നിലവിലുള്ളതും ഏഴാമത്തെതുമായ വൈവസ്വതമന്വന്തരവും പിന്നെ സാവർണ്ണിമുതല്ക്ക് ഇന്ദ്രസാവർണ്ണിവരെയുള്ള ഏഴ ഭവിഷ്യന്മന്വന്തരങ്ങളുമാണു സംക്ഷിപ്തമായി പറയപ്പെടുന്നതു്.

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു—

1. **മനുർവിവസ്വതഃ പുത്രഃ ശ്രാദ്ധദേവ ഇതി ശ്രുതഃ**
**സപ്തമോ വർത്തമാനോ യസ്തദപത്യാനി മേ ശൃണു.**

| | | | |
|---|---|---|---|
| വിവസ്വതഃ | വിവസ്വാന്റെ | വർത്തമാനഃ | ഇപ്പോൾ വർത്തിച്ചു വരുന്നുവോ, |
| പുത്രഃ | പുത്രനായി | | |
| ശ്രാദ്ധദേവഃ | 'ശ്രാദ്ധദേവൻ' | തദപത്യാനി | ആ മനുവിന്റെ പുത്രന്മാരെ |
| ഇതി | എന്ന പേരിൽ | | |
| ശ്രുതഃ | വിഖ്യാതനായ | | |
| സപ്തമഃ | ഏഴാമത്തെ | മേ | എന്നിൽനിന്നു് |
| യഃ മനുഃ | യാതൊരു മനു | ശൃണു | കേട്ടുധരിച്ചാലും. |

2. **ഇക്ഷ്വാകുർനഭഗശ്ചൈവ ധൃഷ്ടഃ ശര്യാതിരേവ ച**
**നരിഷ്യന്തോഽഥ നാഭാഗഃ സപ്തമോ ദിഷ്ട ഉച്യതേ**

3. **കരൂഷശ്ച പൃഷധ്രശ്ച ദശമോ വസുമാൻ സ്മൃതഃ**
**മനോർവൈവസ്വതസ്യൈതേ ദശപുത്രാഃ പരന്തപ**

| | | | |
|---|---|---|---|
| ഇക്ഷ്വാകുഃ | ഇക്ഷ്വാകുവെന്നും | ശര്യാതിഃ ഏവ ച | ശര്യാതിയെന്നും |
| നഭഗഃ ച ഏവ | നഭഗനെന്നും | | |
| ധൃഷ്ടഃ | ധൃഷ്ടനെന്നും | നരിഷ്യന്തഃ | നരിഷ്യന്തനെന്നും |

| | | | |
|---|---|---|---|
| അഥ | പിന്നെ | ദശമഃ | പത്താമത്തേവൻ |
| നാഭാഗ | നാഭാഗനെന്നും | വസുമാൻ | വസുമാനും ആണെന്ന് |
| സപ്തമഃ | ഏഴാമത്തേവൻ | സ്മൃതഃ | സ്മരിക്കപ്പെട്ടിരിക്കുന്നു |
| ദിഷ്ടഃ | ദിഷ്ടനെന്നും | പരന്തപ | ശത്രുദമനനായ രാജാവേ! |
| ഉച്യതേ | പേർ പറയപ്പെടുന്നു. | ഏതേ | ഇവർ |
| കരൂഷഃ ച | കരൂഷനും | വൈവസ്വതസ്യ മനോഃ | ശ്രാദ്ധദേവനെന്ന വൈവസ്വതമനുവിന്റെ |
| പൃഷധ്രഃ ച | പൃഷധ്രനും | ദശപുത്രാഃ | പത്തുപുത്രന്മാരാണ്. |

4. ആദിത്യാ വസവോ രുദ്രാ വിശ്വേദേവാ മരുദ്ഗണാഃ
അശ്വിനാവൃഭവോ രാജന്നിന്ദ്രസ്തേഷാം പുരന്ദരഃ

രാജാവേ! ദ്വാദശാദിത്യന്മാർ, അഷ്ടവസുക്കൾ, ഏകാദശരുദ്രന്മാർ, വിശ്വേദേവന്മാർ, മരുത്തുക്കൾ, അശ്വിനീദേവന്മാർ, ഋഭുക്കൾ എന്നിവർ പ്രധാന ദേവന്മാരും പുരന്ദരൻ അവരുടെ ഇന്ദ്രനുമാകുന്നു.

5. കശ്യപോഽത്രിർവസിഷ്ഠശ്ച വിശ്വാമിത്രോഽഥ ഗൗതമഃ
ജമദഗ്നിർഭരദ്വാജ ഇതി സപ്തർഷയഃ സ്മൃതാഃ

കശ്യപൻ, അത്രി, വസിഷ്ഠൻ, വിശ്വാമിത്രൻ, ഗൗതമൻ, ജമദഗ്നി, ഭരദ്വാജൻ എന്നിവർ സപ്തർഷികളുമാകുന്നു.

6. അത്രാപി ഭഗവജ്ജന്മ കശ്യപാദദിതേരഭൂത്
ആദിത്യാനാമവരജോ വിഷ്ണുർ വാമനരൂപധൃക്

| | | | |
|---|---|---|---|
| അത്രാപി | ഈ മന്വന്തരത്തിലും | വാമനരൂപധൃക് | വാമനന്റെ രൂപം ധരിച്ചുകൊണ്ട് |
| ഭഗവജ്ജന്മ | ഭഗവാന്റെ അവതാരമുണ്ടായി. | കശ്യപാത് | കശ്യപപ്രജാപതിയിൽ നിന്ന് |
| വിഷ്ണുഃ | വിഷ്ണുഭഗവാൻ | | |
| ആദിത്യാനാം | ദ്വാദശാദിത്യന്മാരുടെ ഇടയിൽ | അദിതേഃ | അദിതിയുടെ പുത്രനായിട്ട് |
| അവരജഃ | ഒടുവിലത്തെ ആളായിട്ട് | അഭൂത് | ആവിർഭവിച്ചു. |

7. സംക്ഷേപതോ മയോക്താനി സപ്തമന്വന്തരാണി തേ
ഭവിഷ്യാണ്യഥ വക്ഷ്യാമി വിഷ്ണോഃ ശക്ത്യാന്വിതാനി ച

| | | | |
|---|---|---|---|
| സപ്തമന്വന്തരാണി | ഏഴു മന്വന്തരങ്ങൾ (മന്വന്തരങ്ങളുടെ ചരിത്രം) | മയാ | എന്നാൽ |
| | | തേ | അങ്ങേക്ക് |
| സംക്ഷേപതഃ | ചുരുക്കത്തിൽ | ഉക്താനി | ചൊല്ലിത്തരപ്പെട്ട |

| | | | |
|---|---|---|---|
| അഥ വിഷ്ണോഃ | ഇനി, ശ്രീവിഷ്ണുവിൻെറ | ഭവിഷ്യാണി ച | മേലിൽ വരാൻ പോകുന്ന മന്വന്തരങ്ങളെയും |
| ശക്ത്യവതാനി | അവതാരലീലകളോടു കൂടിയ | വക്ഷ്യാമി | ചൊല്ലിത്തരുന്നുണ്ട്. |

ഇനി എട്ടാമത്തെ മനുവിൻെറ ചരിതം പറയുവാനുദ്ദേശിച്ച് ആ മനുവിന്റെ വംശപാരമ്പര്യം മൂന്നുശ്ലോകംകൊണ്ടു കാണിക്കുന്നു.

**8.** **വിവസ്വതശ്ച ദ്വേ ജായേ വിശ്വകർമ്മസുതേ ഉഭേ**
**സംജ്ഞാ ഛായാ ച രാജേന്ദ്ര യേ പ്രാഗഭിഹിതേ തവ**

| | | | |
|---|---|---|---|
| വിവസ്വതഃ | വിവസ്വാൻ എന്ന ആദിത്യന്ന് | രാജേന്ദ്ര | രാജശ്രേഷ്ഠ! |
| ദ്വേ ജായേ | രണ്ടു പത്നിമാരാണുള്ളത്. | യേ | യാതൊരുവർ |
| സംജ്ഞാ | സംജ്ഞയെന്നും | പ്രാക് | ഇതിനുമുമ്പ് |
| ഛായാ ച | ഛായയെന്നും പേരായ | തവ | അങ്ങേയ്ക്ക് |
| ഉഭേ | അവരിരുവരും | അഭിഹിതേ | പറഞ്ഞറിയിക്കപ്പെട്ടവരത്രേ— |
| വിശ്വകർമ്മസുതേ ച | വിശ്വകർമ്മാവിൻെറ പുത്രിമാരുമാണ്. | | |

**9.** **തൃതീയാം ബഡവാമേകേ താസാം സംജ്ഞാസുതാസ്ത്രയഃ**
**യമോ യമീ ശ്രാദ്ധദേവശ്ഛായായാശ്ച സുതാൻ ശൃണു.**

| | | | |
|---|---|---|---|
| ഏകേ | ചിലർ | ത്രയഃ | മൂന്നുപേരാണ്— |
| ബഡവാം | ബഡവയെന്നവളെ | യമഃ യമീ | യമൻ, യമീ (യമുന,) |
| തൃതീയാം | മൂന്നാമത്തെപത്നിയായിട്ട് | ശ്രാദ്ധദേവഃ | ശ്രാദ്ധദേവൻ എന്നിങ്ങനെ. |
| (ആഹുഃ) | പറയാറുണ്ടു.* | ഛായായാഃ ച | ഛായയുടെയും |
| താസാം | അവരിൽവച്ച് | സുതാൻ | മക്കളെ |
| സംജ്ഞാസുതാഃ | സംജ്ഞയുടെ മക്കരം | ശൃണു | ഇനി കേട്ടുകൊള്ളുക. |

* സംജ്ഞാദേവിയുടെ രൂപാന്തരമായ ബഡവയെ വിവസ്വാൻെറ മൂന്നാമത്തെ കളത്രമായി ചില പൗരാണികന്മാർ കരുതുന്നതിനോടു ശുകബ്രഹ്മർഷി യോജിക്കുന്നില്ല. ''സൈവ ഭൂത്വാ തു ബഡവാ നാസത്യൗ സുഷുവേ ഭുവി'' എന്നു ഷഷ്ഠസ്കന്ധത്തിൽ (അധ്യായം 6, ശ്ലോകം 41) പറഞ്ഞുവെച്ചിട്ടുണ്ട്.

**10.** **സാവർണ്ണിസ്തപതീ കന്യാ ഭാര്യാ സംവരണസ്യ യാ**
**ശനൈശ്ചരസ്തൃതീയോഽഭൂദശ്വിനൗ ബഡവാത്മജൗ.**

| | | | |
|---|---|---|---|
| സാവർണ്ണിഃ | സാവർണ്ണിയെന്ന പുത്രനും, | സംവരണസ്യ | സംവരണൻെറ |
| യാ | യാതൊരുവളും | ഭാര്യാ | ഭാര്യയായിത്തീർന്നവോ |

| | | | |
|---|---|---|---|
| തപതീ | ആ തപതിയെന്ന | അഭൂത് | ഉണ്ടായി. |
| കന്യാ | പുത്രിയും | അശ്വിനൗ | അശ്വിനീദേവന്മാര്‍ |
| തൃതീയഃ | പിന്നെ മൂന്നാമതായി | ബഡവാത്മജൗ | ബഡവയുടെ പുത്രന്മാ |
| ശനൈശ്ചരഃ | ശനൈശ്ചരനും | | രാണ്. |

**11.** **അഷ്ടമേഽന്തര ആയാതേ സാവര്‍ണ്ണിര്‍ഭവിതാ മനുഃ**
**നിര്‍മ്മോകവിരജസ്കാദ്യാഃ സാവര്‍ണ്ണിതനയാഃ നൃപ**

| | | | |
|---|---|---|---|
| നൃപ | രാജാവേ! | മനുഃ | മനുവായിട്ട് |
| അഷ്ടമേ | എട്ടാമത്തെ | ഭവിതാ | ഭവിക്കും |
| അന്തരേ | മന്വന്തരം | നിര്‍മ്മോക–വിരജസ്കാദ്യാഃ | നിര്‍മ്മോകന്‍, വിരജസ്സന്‍ മുതലായവര്‍ |
| ആയാതേ | വന്നുകഴിഞ്ഞാല്‍ | | |
| സാവര്‍ണ്ണിഃ | ഈ വൈവസ്വത സാവര്‍ണ്ണി | സാവര്‍ണ്ണി–തനയാഃ | സാവര്‍ണ്ണിയുടെ പുത്രന്മാരായിരിക്കും |

**12.** **തത്ര ദേവാഃ സുതപസോ വിരജാ അമൃതപ്രഭാഃ**
**തേഷാം വിരോചനസുതോ ബലിരിന്ദ്രോ ഭവിഷ്യതി.**

| | | | |
|---|---|---|---|
| തത്ര | ആ മന്വന്തരത്തില്‍ | വിരോചന-സുതഃ | വിരോചനന്റെ പുത്രനായ |
| സുതപസഃ | സുതപസ്സുക്കളും, | | |
| വിരജാഃ | വിരജന്മാര്‍, | ബലിഃ | മഹാബലി |
| അമൃതപ്രഭാഃ | അമൃതപ്രഭന്മാര്‍ എന്നിവര്‍ | തേഷാം | അവരുടെ |
| ദേവാഃ | പ്രധാന ദേവന്മാരായിരിക്കും | ഇന്ദ്രഃ | ഇന്ദ്രനായും |
| | | ഭവിഷ്യതി | ഭവിക്കുന്നതാണ്. |

**13.** **ദത്ത്വേമാം യാചമാനായ വിഷ്ണവേ യഃ പദത്രയം**
**രാദ്ധമിന്ദ്രപദം ഹിത്വാ തതഃ സിദ്ധിമവാപ്സ്യതി**

| | | | |
|---|---|---|---|
| യഃ | യാതൊരു ആ ബലി | രാദ്ധം | തല്‍ഫലമായി ലഭിച്ച |
| പദത്രയം | മൂന്നടി മണ്ണ് | ഇന്ദ്രപദം | ഇന്ദ്രപദവിയെ |
| യാചമാനായ | യാചിക്കുന്ന | ഹിത്വാ | അനുഭവിച്ചുപേക്ഷിച്ച് |
| വിഷ്ണവേ | വാമനമൂര്‍ത്തിക്ക് | തതഃ | അതില്‍പ്പിന്നെ |
| ഇമാം | ഈ ഭൂമിയെ മുഴുവന്‍ | സിദ്ധിം | പരമസിദ്ധിയെ |
| ദത്ത്വാ | ദാനം ചെയ്ത്, | അവാപ്സ്യതി | പ്രാപിക്കുന്നാണ്. |

ഈ ഏഴാമത്തെ മന്വന്തരത്തില്‍ വാമനനായി വന്നു മൂന്നടി മണ്ണുമാത്രം യാചിച്ച ശ്രീ മഹാവിഷ്ണുവിന്നു ഭൂമി മുഴുവന്‍ കൊടുത്ത് എട്ടാമത്തെ മന്വന്തരത്തില്‍ തല്‍പ്രസാദത്താല്‍ സിദ്ധിച്ച ഇന്ദ്രപദത്തെയും വെടിഞ്ഞശേഷം ബലിചക്രവര്‍ത്തി പരമ സദ്ഗതി പ്രാപിക്കുമെന്നാണ് ഇവിടെ വിവക്ഷിതാര്‍ത്ഥം.

എന്നാൽ എട്ടാമത്തെ മന്വന്തരം തുടങ്ങുമ്പോളും ബലിയുടെ അവസ്ഥിതിയെ ന്തെന്നുള്ളത് ഇനി ഉത്തരശ്ലോകംകൊണ്ടു പറയുന്നു.

14. യോഽസൗ ഭഗവതാ ബദ്ധഃ പ്രീതേന സുതലേ പുനഃ
നിവേശിതോഽധികേ സ്വർഗാദധുനാഽസ്തേ സ്വരാഡിവ.

| | | | |
|---|---|---|---|
| യഃ അസൗ | യാതൊരു ഈ ബലി | അധികേ | മികച്ച |
| ഭഗവതാ | ഭഗവാനാൽ | സുതലേ | സുതലലോകത്തിൽ |
| ബദ്ധഃ | ആദ്യം ബന്ധനായെങ്കിലും | നിവേശിതഃ | വാഴിക്കപ്പെട്ട് |
| പുനഃ | പിന്നീട് | അധുനാ | ഇപ്പോൾ |
| പ്രീതേന | സന്തുഷ്ടനായി ഭവിച്ച തന്തിരുവടിയാൽ | സ്വരാട് ഇവ | ഇന്ദ്രനെപ്പോലെ |
| സ്വർഗാത് | സ്വർഗത്തെക്കാൾ | ആസ്തേ | സ്ഥിതിചെയ്യുന്നു. |

15. ഗാലവോ ദീപ്തിമാൻ രാമോ ദ്രോണപുത്രഃ കൃപസ്തഥാ
ഋഷ്യശൃംഗഃ പിതാസ്മാകം ഭഗവാൻ ബാദരായണഃ

16. ഇമേ സപ്തർഷയസ്തത്ര ഭവിഷ്യന്തി സ്വയോഗതഃ
ഇദാനീമാസതേ രാജൻ സ്വേ സ്വ ആശ്രമമണ്ഡലേ.

| | | | |
|---|---|---|---|
| ഗാലവഃ | ഗാലവൻ, | തത്ര | ആ മന്വന്തരത്തിലെ |
| ദീപ്തിമാൻ | ദീപ്തിമാൻ, | സപ്തർഷയഃ | സപ്തർഷിമാരായി |
| രാമഃ | പരശുരാമൻ, | ഭവിഷ്യന്തി | ഭവിക്കും. |
| ദ്രോണപുത്രഃ | അശ്വത്ഥാമാ, | രാജൻ | രാജാവേ! |
| കൃപഃ | കൃപാചാര്യൻ, | ഇദാനീം | ഇപ്പോൾ |
| ഋഷ്യശൃംഗഃ | ഋഷ്യശൃംഗൻ | (തേ) | അവർ |
| തഥാ | അതുപോലെ | സ്വേ സ്വേ | അവരവർക്കുള്ള |
| അസ്മാകം | നമ്മുടെ | ആശ്രമ-മണ്ഡലേ | ആശ്രമങ്ങളുടെ പരിധികളിൽ |
| പിതാ | പിതാവും | | |
| ഭഗവാൻ | സർവ്വജ്ഞാനനിധിയുമായ | സ്വയോഗതഃ | അവരുടെ യോഗബലത്താൽ |
| ബാദരായണഃ | ശ്രീവേദവ്യാസൻ | | |
| ഇമേ | എന്നിവർ | ആസതേ | സ്ഥിതിചെയ്യുന്നു. |

17. ദേവഗുഹ്യാത് സരസ്വത്യാം സാർവഭൗമ ഇതി പ്രഭുഃ
സ്ഥാനം പുരന്ദരാദ്ധൃത്വാ ബലയേ ദാസ്യതീശ്വരഃ

| | | | |
|---|---|---|---|
| പ്രഭുഃ | എല്ലാറ്റിനും കഴിവുള്ള | ദേവഗുഹ്യാത് | ദേവഗുഹ്യനിൽനിന്ന് |
| ഈശ്വരഃ | ഭഗവാൻ | സരസ്വത്യാം | സരസ്വതിയിൽ |

| | | | |
|---|---|---|---|
| സാർവ്വഭൌമഃ ഇതി | 'സാർവ്വഭൌമൻ' എന്ന നാമത്തോടെ അവതാരമെടുത്തു് | പുരന്ദരാത് | പുരന്ദരനെന്ന ഇന്ദ്രനിൽ നിന്നും |
| | | ഹൃത്വാ | തട്ടിയെടുത്തു് |
| സ്ഥാനം | സ്വർഗ്ഗാധിപത്യസ്ഥാനം | ബലയേ | മഹാബലിക്കു് |
| | | ദാസ്യതി | ഏല്പിച്ചുകൊടുക്കും |

**18.** നവമോ ദക്ഷസാവർണ്ണിർമ്മനുർവ്വരുണസംഭവഃ
ഭൂതകേതുർദീപ്തികേതുരിത്യാദ്യാസ്തത്സുതാ നൃപ

| | | | |
|---|---|---|---|
| നവമഃ | ഒമ്പതാമത്തെ | നൃപ | രാജാവേ! |
| മനുഃ | മനുവായ | തത്സുതാഃ | ആ മനുവിന്റെ പുത്രന്മാർ |
| ദക്ഷസാവർണ്ണിഃ | ദക്ഷസാവർണ്ണി | ഭൂതകേതുഃ | ഭൂതകേതു, |
| വരുണ–സംഭവഃ | വരുണദേവനിൽ നിന്നു് ഉദ്ഭവിച്ചവനാണു്. | ദീപ്തികേതുഃ | ദീപ്തികേതു |
| | | ഇത്യാദ്യാഃ | മുതലായവരും. |

**19.** പാരാ മരീചിഗർഭാദ്യാ ദേവാ ഇന്ദ്രോഽദ്ഭുതഃ സ്മൃതഃ
ദ്യുതിമത്പ്രമുഖാസ്തത്ര ഭവിഷ്യന്ത്യൃഷയസ്തതഃ

| | | | |
|---|---|---|---|
| തത്ര | ആ മന്വന്തരത്തിൽ | ഇന്ദ്രഃ സ്മൃതഃ | ഇന്ദ്രനും ഉണ്ടാകും |
| പാരാഃ | പാരന്മാരും | ദ്യുതിമത്-പ്രമുഖാഃ | ദ്യുതിമാൻ മുതലായവർ |
| മരീചി–ഗർഭാദ്യാഃ | മരീചിഗർഭൻ മുതലായുള്ളവരും | തതഃ | അപ്പോൾ |
| ദേവാഃ | ദേവന്മാരായിരിക്കും. | ഋഷയഃ | സപ്തർഷിമാരായും |
| അദ്ഭുതഃ | 'അദ്ഭുതൻ' എന്നുപേരായ | ഭവിഷ്യന്തി | ഭവിക്കുന്നതാണു്. |

**20.** ആയുഷ്മതോഽംബുധാരായാമൃഷഭോ ഭഗവത്കലാ
ഭവിതാ യേന സംരാദ്ധാം ത്രിലോകീം ഭോക്ഷ്യതേഽദ്ഭുതഃ

| | | | |
|---|---|---|---|
| ആയുഷ്മതഃ | ആയുഷ്മാനിൽനിന്നു് | സംരാദ്ധാം | നേടിക്കൊടുക്കപ്പെട്ട |
| ഭഗവത്-കലാ | വിഷ്ണുഭഗവാന്റെ അംശമായുള്ള | ത്രിലോകീം | ലോകത്രയത്തെ |
| ഋഷഭഃ | ഋഷഭദേവൻ | അദ്ഭുതഃ | അദ്ഭുതനെന്നുപേരായ ഇന്ദ്രൻ |
| ഭവിതാ | അവതരിക്കും. | | |
| യേന | യാതൊരു ഋഷഭനാൽ | ഭോക്ഷ്യതേ | അനുഭവിക്കുന്നതാണു്. |

**21.** ദശമോ ബ്രഹ്മസാവർണ്ണിരുപശ്ലോകസുതോ മഹാൻ
തത്സുതാ ഭൂരിഷേണാദ്യാ ഹവിഷ്മത് പ്രമുഖാ ദ്വിജാഃ

**22.** **ഹവിഷ്മാൻ സുകൃതിഃ സത്യോ ജയോ മൂർത്തിസ്തദാ ദ്വിജാഃ**
**സുവാസനവിരുദ്ധാദ്യാ ദേവാഃ ശംഭുഃ സുരേശ്വരഃ**

| | | | |
|---|---|---|---|
| ഉപശ്ലോകസുതഃ | ഉപശ്ലോകന്റെ പുത്രനും | തദാ | അക്കാലത്ത് |
| മഹാൻ | മഹിമാശാലിയുമായ | ഹവിഷ്മാൻ | ഹവിഷ്മാൻ, |
| ബ്രഹ്മസാവർണ്ണി | ബ്രഹ്മസാവർണ്ണിയായിരിക്കും | സുകൃതിഃ | സുകൃതി, |
| ദശമഃ | പത്താമത്തെ മനു. | സത്യഃ ജയഃ | സത്യൻ, ജയൻ, |
| തത്സുതാഃ | തൽപുത്രന്മാർ | മൂർത്തിഃ | മൂർത്തി എന്നിങ്ങനെയുള്ളവർ |
| ഭൂരിഷേണാദ്യാഃ | ഭൂരിഷേണാദികളും, | ദ്വിജാഃ | സപ്തർഷിമാരായും |
| ദ്വിജാഃ | സപ്തർഷിമാർ | സുവാസനവിരുദ്ധാദ്യാഃ | സുവാസനൻ, വിരുദ്ധൻ മുതലായവർ |
| ഹവിഷ്മത്പ്രമുഖാഃ | ഹവിഷ്മാൻ തുടങ്ങിയവരും ആയിരിക്കുന്നതാണ്. | ദേവാഃ | ദേവന്മാരായും |
| | | ശംഭുഃ | ശംഭു |
| | | സുരേശ്വരഃ | ദേവേന്ദ്രനായും ഭവിക്കും. |

**23.** **വിഷ്വക്സേനോ വിഷൂച്യാംതു ശംഭോഃ സഖ്യം കരിഷ്യതി**
**ജാതഃ സ്വാംശേന ഭഗവാൻ ഗൃഹേ വിശ്വസൃജോ വിഭുഃ**

| | | | |
|---|---|---|---|
| ഭഗവാൻ | ഭഗവാനായ | വിഷ്വക്സേനഃ | വിഷ്വക്സേനനെന്ന നാമത്തോടെ |
| വിഭുഃ | ശ്രീനാരായണൻ | ജാതഃ | അവതരിച്ച് |
| വിശ്വസൃജഃ | വിശ്വസൃക്കിന്റെ | ശംഭോഃ | ഇന്ദ്രനായ ശംഭുവിന് |
| ഗൃഹേ | ഗൃഹത്തിൽ | സഖ്യം | സാഹായ്യം |
| വിഷൂച്യാം തു | വിഷൂചിയെന്ന തൽപത്നിയിൽ | കരിഷ്യതി | ചെയ്യുന്നതാണ്. |
| സ്വാംശേന | തന്റെ അംശംകൊണ്ട് | | |

**24.** **മനുർവൈ ധർമ്മസാവർണ്ണിരേകാദശമ ആത്മവാൻ**
**അനാഗതാസ്തത്സുതാശ്ച സത്യധർമ്മാദയോ ദശ**

| | | | |
|---|---|---|---|
| ആത്മവാൻ | ധീരാത്മാവായ | തത്സുതാഃ | ആ മനുവിന്റെ പുത്രന്മാരായി |
| ധർമ്മസാവർണ്ണിഃ | ധർമ്മസാവർണ്ണി | സത്യധർമ്മാദയഃ | സത്യൻ, ധർമ്മൻ എന്നു തുടങ്ങിയ |
| ഏകാദശമഃ | പതിനൊന്നാമത്തെ | ദശ ച | പത്തുപേരും |
| മനുഃ വൈ | മനുവായിരിക്കും. | അനാഗതാഃ | സംഭവിക്കുന്നതാണ്. |

**25.** **വിഹംഗമാഃ കാമഗമാ നിർവ്വാണരുചയഃ സുരാഃ**
**ഇന്ദ്രശ്ച വൈധൃതസ്തേഷാമൃഷയശ്ചാരുണാദയഃ**

| | |
|---|---|
| വിഹംഗമാഃ | വിഹംഗമന്മാർ, |
| കാമഗമാഃ | കാമഗമന്മാർ, |
| നിർവ്വാണരുചയഃ | നിർവ്വാണരുചികാം എന്നിങ്ങനെയുള്ളവർ |
| ദേവാഃ | ദേവഗണങ്ങളും |
| വൈധൃതഃ | വൈധൃതൻ |
| തേഷാം | അവരുടെ |
| ഇന്ദ്രഃ ച | ഇന്ദ്രനും |
| അരുണാദയഃ | അരുണാദികാം |
| ഋഷയഃ ച | സപ്തർഷിമാരുമായിരിക്കും. |

26. ആര്യകസ്യ സുതസ്തത്ര ധർമ്മസേതുരിതി സ്മൃതഃ
വൈധൃതായാം ഹരേരംശ സ്ത്രിലോകീം ധാരയിഷ്യതി.

| | |
|---|---|
| തത്ര | ആ മന്വന്തരത്തിൽ |
| ആര്യകസ്യ | ആര്യകന്റെ |
| സുതഃ | പുത്രനായി |
| വൈധൃതായാം | വൈധൃതാദേവിയിൽ |
| ധർമ്മസേതുഃ | ധർമ്മസേതു |
| ഇതി സ്മൃതഃ | എന്നപേരിൽ പ്രസിദ്ധനായി ഭവിക്കുന്ന |
| ഹരേഃ | ശ്രീഹരിയുടെ |
| അംശഃ | അംശാവതാരപുരുഷൻ |
| ത്രിലോകീം | മൂന്നുലോകത്തെയും |
| ധാരയിഷ്യതി | കാത്തുരക്ഷിക്കും. |

27. ഭവിതാ രുദ്രസാവർണ്ണീ രാജൻ ദ്വാദശമോ മനുഃ
ദേവവാനുപദേവശ്ച ദേവശ്രേഷ്ഠാദയഃ സുരാഃ

| | |
|---|---|
| രാജൻ | അല്ലയോ രാജാവേ! |
| രുദ്രസാവർണ്ണിഃ | രുദ്രസാവർണ്ണിയെന്ന ആൾ |
| ദ്വാദശമഃ | പന്ത്രണ്ടാമത്തെ |
| മനുഃ | മനുവായി |
| ഭവിതാ | ഭവിക്കും. |
| ദേവവാൻ | ദേവവാനും |
| ഉപദേവഃ | ഉപദേവനും |
| ദേവശ്രേഷ്ഠാദയഃ ച | ദേവശ്രേഷ്ഠനും മറ്റുമായവർ |
| സുതാഃ | മനുപുത്രന്മാരുമായിരിക്കും. |

28. ഋതധാമാ ച തത്രേന്ദ്രോ ദേവാശ്ച ഹരിതാദയഃ
ഋഷയശ്ച തപോമൂർത്തിസ്തപസ്വ്യാഗ്നീധ്രകാദയഃ.

| | |
|---|---|
| തത്ര | ആ മന്വന്തരത്തിലെ |
| ഇന്ദ്രഃ | ദേവേന്ദ്രൻ |
| ഋതധാമാ ച | ഋതധാമാവും, |
| ഹരിതാദയഃ | ഹരിതാദികൾ |
| ദേവാഃ ച | ദേവന്മാരും, |
| തപോമൂർത്തിഃ | തപോമൂർത്തി, |
| തപസ്വീ | തപസ്വി, |
| ആഗ്നീധ്രകാദയഃ | ആഗ്നീധ്രകൻ എന്നു തുടങ്ങിയവർ |
| ഋഷയഃ ച | സപ്തർഷിമാരുമായിരിക്കും. |

29. സ്വധാമാഖ്യോ ഹരേരംശഃ സാധയിഷ്യതി തന്മനോഃ
അന്തരം സത്യസഹസഃ സൂനൃതായാഃ സുതോ വിഭുഃ

| | |
|---|---|
| സത്യസഹസഃ | സത്യസഹസ്സിന്റെയും |
| സൂനൃതായാഃ | സൂനൃതയുടെയും |
| സുതഃ | പുത്രനായിപ്പിറന്ന് |

സ്വധർമ്മാഖ്യഃ സ്വധാമാവെന്ന പേരിൽ വിഖ്യാതനായ
ഹരേഃ ശ്രീ മഹാവിഷ്ണുവിന്റെ
അംശഃ അംശമായുള്ള
വിഭുഃ മഹാപുരുഷൻ
തന്മനോഃ ആ മനുവിന്റെ
അന്തരം അന്തരത്തെ (മന്വന്തരത്തെ)
സാധയിഷ്യതി } പാലിച്ചുകൊള്ളും.

30. മനുസ്ത്രയോദശോ ഭാവ്യോ ദേവസാവർണ്ണിരാത്മവാൻ
ചിത്രസേനവിചിത്രാദ്യാ ദേവസാവർണ്ണിദേഹജാഃ

ആത്മവാൻ ആത്മസംയമനമുള്ള
ദേവസാവർണ്ണിഃ ദേവസാവർണ്ണി
ത്രയോദശഃ പതിമൂന്നാമത്തെ
മനുഃ ഭാവ്യഃ മനുവായിരിക്കും
ചിത്രസേന-വിചിത്രാദ്യാഃ } ചിത്രസേനൻ, വിചിത്രൻ മുതലായവർ
ദേവസാവർണ്ണിദേഹജാഃ } ദേവസാവർണ്ണിയുടെ പുത്രന്മാരായിരിക്കും.

31. ദേവാഃ സുകർമ്മസുത്രാമസംജ്ഞാ ഇന്ദ്രോ ദിവസ്പതിഃ
നിർമ്മോകതത്ത്വദർശാദ്യാ ഭവിഷ്യന്ത്യൃഷയസ്തദാ.

തദാ അക്കാലത്തു്
സുകർമ്മ-സുത്രാമ-സംജ്ഞാഃ } സുകർമ്മാക്കളും, സുത്രാമാക്കളും എന്നീ പേരുകളുള്ളവർ
ദേവാഃ ദേവന്മാരും,
ദിവസ്പതിഃ ദിവസ്പതിയെന്ന ആളും
ഇന്ദ്രഃ ഇന്ദ്രനും,
നിർമ്മോക-തത്ത്വദർശാ-ദ്യാഃ } നിർമ്മോകൻ, തത്ത്വദർശൻ മുതലായവർ
ഋഷയഃ സപ്തർഷികളും
ഭവിഷ്യന്തി ആയേക്കും.

32. ദേവഹോത്രസ്യ തനയ ഉപഹർത്താ ദിവസ്പതേഃ
യോഗേശ്വരോ ഹരേരംശോ ബൃഹത്യാം സംഭവിഷ്യതി.

ബൃഹത്യാം ബൃഹതിയെന്നവളിൽ
ദേവഹോത്രസ്യ ദേവഹോത്രന്റെ
തനയഃ പുത്രനായവതരിക്കുന്ന
ഹരേഃ ശ്രീഹരിയുടെ
അംശഃ അംശമായ
യോഗേശ്വരഃ യോഗേശ്വരൻ
ദിവസ്പതേഃ ഇന്ദ്രനായ ദിവസ്പതിയുടെ
ഉപഹർത്താ കാര്യദർശിയായി
സംഭവിഷ്യതി സംഭവിക്കും.

33. മനുർവാ ഇന്ദ്രസാവർണ്ണിശ്ചതുർദശമ ഏഷ്യതി
ഉരുഗംഭീരബുദ്ധ്യാദ്യാ ഇന്ദ്രസാവർണ്ണിവീര്യജാഃ

ചതുർദശമഃ പതിനാലാമത്തെ
മനുഃ വൈ മനുവായിട്ടു്
ഇന്ദ്രസാവർണ്ണിഃ ഇന്ദ്രസാവർണ്ണി എന്ന ആൾ

ഏഷ്യതി — ഏത്തുന്നതാണ്.
ഉരുഗംഭീര–ബുദ്ധ്യാദ്യാഃ — ഉരുബുദ്ധി, ഗംഭീരബുദ്ധി മുതലായവർ.
ഇന്ദ്രസാവർണ്ണി-വീര്യജാഃ — ഇന്ദ്രസാവർണ്ണിയുടെ സന്താനങ്ങളുമായിരിക്കും

**34. പവിത്രാശ്ചാക്ഷുഷാ ദേവാഃ ശുചിരിന്ദ്രോ ഭവിഷ്യതി**
**അഗ്നിർബാഹുഃ ശുചിഃ ശുദ്ധോ മാഗധാദ്യാസ്തപസ്വിനഃ**

പവിത്രാഃ — പവിത്രന്മാരും
ചാക്ഷുഷാഃ — ചാക്ഷുഷന്മാരും
ദേവാഃ — ദേവന്മാരായിരിക്കും.
ശുചിഃ — ശുചിയെന്ന ആൾ
ഇന്ദ്രഃ — ദേവേന്ദ്രനായി
ഭവിഷ്യതി — ഭവിക്കുന്നതാണ്.
അഗ്നിഃ ബാഹുഃ — അഗ്നി, ബാഹു,
ശുചിഃ ശുദ്ധഃ — ശുചി, ശുദ്ധൻ,
മാഗധാദ്യാഃ — മാഗധൻ എന്നുതുടങ്ങിയവർ
തപസ്വിനഃ — സപ്തർഷികളും ആകുന്നതാണ്.

**35. സത്രായണസ്യ തനയോ ബൃഹദ്ഭാനുസ്തദാ ഹരിഃ**
**വിതാനായാം മഹാരാജ ക്രിയാതന്തൂൻ വിതായിതാ.**

മഹാരാജ — മഹാരാജാവേ!
തദാ — അക്കാലത്ത്
ഹരിഃ — ശ്രീമഹാവിഷ്ണു
വിതാനായാം — വിതാനാദേവിയിൽ
സത്രായണസ്യ — സത്രായണന്റെ
തനയഃ — പുത്രനായ
ബൃഹദ്ഭാനുഃ — ബൃഹദ്ഭാനുവായി അവതരിച്ച്
ക്രിയാതന്തൂൻ — വേദോക്തകർമ്മകാണ്ഡ—ങ്ങളെ
വിതായിതാ — പ്രചരിപ്പിക്കുന്നതാണ്.

**36. രാജംശ്ചതുർദശൈതാനി ത്രികാലാനുഗതാനി തേ**
**പ്രോക്താന്യേഭിർമിതഃ കല്പോ യുഗസാഹസ്രപര്യയഃ**

രാജൻ തേ — രാജാവേ! അങ്ങയ്ക്കുവേണ്ടി
ത്രികാലാനു–ഗതാനി — മൂന്നുകാലങ്ങളിലും മുറപ്രകാരം നടന്നുകൊണ്ടിരിക്കുന്ന
ഏതാനി ചതുർദശ — ഈ പതിനാലു മന്വന്തരങ്ങളും
പ്രോക്താനി — പ്രവചിക്കപ്പെട്ടുകഴിഞ്ഞു.
ഏഭിഃ — ഇവകൊണ്ട്
യുഗസാഹസ്ര-പര്യയഃ — ആയിരം ദിവ്യ യുഗങ്ങളടങ്ങിയ
കല്പഃ — കല്പകാലം
മിതഃ — കണക്കാക്കപ്പെട്ടിരിക്കുന്നു.

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ അഷ്ടമസ്കന്ധേ
മന്വന്തരാനുവർണ്ണനം നാമ
ത്രയോദശോഽധ്യായഃ
ആദിതഃ ശ്ലോകാഃ 523.

അഷ്ടമസ്കന്ധത്തിൽ പതിമൂന്നാമധ്യായം കഴിഞ്ഞു.

ഓം നമോ ഭഗവതേ പ്രപന്നപാരിജാതായ

# ചതുർദശോഽധ്യായഃ — അധ്യായം പതിനാല്

## മന്വാദികൾ നിർവ്വഹിക്കുന്ന കാര്യങ്ങൾ /

"ചതുർദശേ തു സർവ്വേഷാം മന്വാദീനാം യഥായഥം
പൃഥക്കർമ്മാണി വർണ്യന്തേ ഭഗവദ്വശവർത്തിനാം"

മന്വന്തരങ്ങളിൽ മനുക്കളും മനുപുത്രന്മാരും മററും ഭഗവാൻെറ വശവർത്തികളായിരുന്നുകൊണ്ടു ലോകക്ഷേമാർത്ഥം നിർവ്വഹിക്കുന്ന കാര്യങ്ങളും ഏതെല്ലാമെന്ന് ഈ പതിനാലാമധ്യായത്തിൽ പ്രത്യേകം പ്രത്യേകം നിരൂപണം ചെയ്യുന്നു.

രാജോവാച = പരീക്ഷിത്ത് രാജാവ് ചോദിച്ചു

1. മന്വന്തരേഷു ഭഗവൻ യഥാ മന്വാദയസ്ത്വിമേ
യസ്മിൻ കർമ്മണി യേ യേന നിയുക്താസ്തദ്വദസ്വ മേ.

| | | | |
|---|---|---|---|
| ഭഗവൻ | ഹേ സർവ്വജ്ഞനായ ഋഷേ! | കർമ്മണി | പ്രവൃത്തിയിൽ |
| മന്വന്തരേഷു | ഓരോരോ മന്വന്തരങ്ങളിൽ | യേ | ഏതൊരുവർ |
| | | യേന | ഏതൊരാളാൽ |
| മന്വാദയഃ | മനുക്കളും മനുപുത്രന്മാരും മററുമായ | നിയുക്താഃ | നിയമിതരായിരിക്കുന്നുവോ, |
| ഇമേ തു | ഈ പറയപ്പെട്ടവരാകട്ടെ, | തത് | അതെല്ലാം |
| യഥാ | എപ്രകാരം | മേ | എനിക്ക് |
| യസ്മിൻ | ഏതേതു | വദസ്വ | പറഞ്ഞുതന്നാലും |

ഋഷിരുവാച = ശുകബ്രഹ്മർഷി പറഞ്ഞുതുടങ്ങി.

2. മനവോ മനുപുത്രാശ്ച മുനയശ്ച മഹീപതേ
ഇന്ദ്രാഃ സുരഗണാശ്ചൈവ സർവ്വേ പുരുഷശാസനാഃ

| | | | |
|---|---|---|---|
| മഹീപതേ | രാജാവേ! | സുരഗണാഃ ച ഏവ | ദേവതാവർഗങ്ങളും |
| മനവഃ | മനുക്കളും | | |
| മനുപുത്രാഃ ച | മനുപുത്രന്മാരും | സർവ്വേ | ഇങ്ങനെ എല്ലാപേരും |
| മുനയഃ ച | സപ്തർഷികളും | പുരുഷ—ശാസനാഃ | സർവ്വേശ്വരൻെറ കല്പനയ്ക്കു വിധേയരാകുന്നു. |
| ഇന്ദ്രാഃ | ദേവേന്ദ്രന്മാരും | | |

3. യജ്ഞാദയോ യാഃ കഥിതാഃ പൗരുഷ്യസ്തനവോ നൃപ
മന്വാദയോ ജഗദ്യാത്രാം നയന്ത്യാഭിഃ പ്രചോദിതാഃ

| | | | |
|---|---|---|---|
| നൃപ | രാജാവേ! | ആദിഃ | ഇവയാൽ |
| പൗരുഷ്യഃ | ഭഗവാൻ സ്വീകരിച്ച | പ്രചോദിതാഃ | പ്രചോദിതരായിട്ട് |
| യജ്ഞാദയഃ | യജ്ഞദേവാദികളായ | മന്വാദയഃ | മന്വാദികൾ |
| യാഃ | യാവചിലവ | ജഗദ്യാത്രാം | ലോകവ്യവസ്ഥിതിയെ |
| തനവഃ | അവതാരരൂപങ്ങൾ | നയന്തി | കൊണ്ടുനടത്തുന്നു. |
| കഥിതാഃ | പറയപ്പെട്ടുവോ, | | |

4. **ചതുര്യുഗാന്തേ കാലേന ഗ്രസ്താഞ്ഛ്രുതിഗണാൻ യഥാ**
**തപസാ ഋഷയോഽപശ്യൻ യതോ ധർമ്മഃ സനാതനഃ**

| | | | |
|---|---|---|---|
| ചതുർ- യുഗാന്തേ | നാലുയുഗങ്ങളും അവസാനിക്കുന്ന സമയത്ത് | യഥാ | ഉള്ളതുപോലെ |
| കാലേന | കാലത്താൽ | അപശ്യൻ | കണ്ടെത്തുന്നു; |
| ഗ്രസ്താൻ | ഗ്രസിക്കപ്പെട്ട | യതഃ | യാതൊരു ഈ വേദങ്ങളെ ആശ്രയിച്ചാണ് |
| ശ്രുതിഗണാൻ | വേദസമുച്ചയങ്ങളെ | | |
| ഋഷയഃ | ഋഷിമാർ | സനാതനഃ | സനാതനമായ |
| തപസാ | തപഃ ശക്തികൊണ്ട് | ധർമ്മഃ | ധർമ്മം നിലകൊള്ളുന്നത്. |

5. **തതോ ധർമ്മം ചതുഷ്പാദം മനവോ ഹരിണോദിതാഃ**
**യുക്താഃ സഞ്ചാരയന്ത്യദ്ധാ സ്വേ സ്വേ കാലേ മഹീം നൃപ.**

| | | | |
|---|---|---|---|
| നൃപ | രാജാവേ! | ചതുഷ്പാദം | നാലു പാദങ്ങളോടു ചേർന്ന് പരിപൂർണ്ണമായ |
| തതഃ | അതിനെത്തുടർന്ന് | ധർമ്മം | സനാതനധർമ്മത്തെ |
| മനവഃ | മനുക്കൾ | യുക്താഃ | അച്ചടക്കത്തോടുകൂടിയവരായി |
| ഹരിണാ | ശ്രീഹരിയാൽ | | |
| ഉദിതാഃ | പ്രേരിതരായിട്ട് | അദ്ധാ | ശരിക്കു |
| സ്വേ സ്വേ | അവരവരുടെ | മഹീം | ഭൂമിയിലെങ്ങും |
| കാലേ | കാലഘട്ടത്തിൽ | സഞ്ചാരയന്തി | കൊണ്ടുനടത്തുന്നു. |

6. **പാലയന്തി പ്രജാപാലാഃ യാവദന്തം വിഭാഗശഃ**
**യജ്ഞഭാഗഭുജോ ദേവാ യേ ച തത്രാന്വിതാശ്ച തൈഃ**

| | | | |
|---|---|---|---|
| പ്രജാപാലാഃ | പ്രജാപാലകന്മാരായ മനുപുത്രന്മാർ | (ധർമ്മം) | ധർമ്മത്തെ |
| | | പാലയന്തി | പരിപാലിക്കുന്നു. |
| അന്തം യാവത് | മന്വന്തരം അവസാനിക്കും വരെ | യേ ച | യാവചിലർ |
| | | തത്ര | അതാതു യജ്ഞകർമ്മങ്ങളിൽ |
| വിഭാഗശഃ | പുത്രപൗത്രാദി മുറപ്രകാരം | | |

| | | | |
|---|---|---|---|
| അന്വിതാഃ | സംബന്ധിച്ചവരാണോ, | യജ്ഞഭാഗ-ഭുജഃ | പഞ്ചയജ്ഞാദികളിൽ ഹവിർഭാഗം അനുഭവിക്കുന്നു. |
| തൈഃ | അവരോടുകൂടി | | |
| ദേവാഃ ച | ദേവന്മാരും | | |

7. **ഇന്ദ്രോ ഭഗവതാ ദത്താം ത്രൈലോക്യശ്രിയമൂർജിതാം**
**ഭുഞ്ജാനഃ പാതി ലോകാംസ്ത്രീൻ കാമം ലോകേ പ്രവർഷതി**

| | | | |
|---|---|---|---|
| ഇന്ദ്രഃ | ഇന്ദ്രൻ | ത്രീൻ | മൂന്ന് |
| ഭഗവതാ | ഭഗവാനാൽ | ലോകാൻ | ലോകങ്ങളെയും |
| ദത്താം | കൊടുക്കപ്പെട്ട | പാതി | സംരക്ഷിക്കുന്നു; |
| ഊർജിതാം | സുസമ്പന്നമായ | ലോകേ | ഭൂമിയിൽ |
| ത്രൈലോക്യ-ശ്രിയം | മൂന്നുലോകത്തിലെയും സമ്പൽസമൃദ്ധിയെ | കാമം | യഥേഷ്ടം |
| ഭുഞ്ജാനഃ | അനുഭവിച്ചുകൊണ്ട് | പ്രവർഷതി | വൃഷ്ടിപാതമുണ്ടാക്കുന്നു. |

8. **ജ്ഞാനം ചാനുയുഗം ബ്രൂതേ ഹരിഃ സിദ്ധസ്വരൂപധൃക്**
**ഋഷിരൂപധരഃ കർമ്മ യോഗം യോഗേശരൂപധൃക്**

| | | | |
|---|---|---|---|
| ഹരിഃ | വിഷ്ണുഭഗവാൻ | കർമ്മ | കർമ്മമാർഗത്തെയും, |
| അനുയുഗം | ഓരോ യുഗത്തിലും | യോഗേശ-രൂപധൃക് | ദത്താത്രേയാദി യോഗാചാര്യന്മാരുടെ സ്വരൂപം ധരിച്ച് |
| സിദ്ധസ്വ-രൂപധൃക് | സനകാദികളായ സിദ്ധന്മാരുടെ സ്വരൂപം ധരിച്ച് | | |
| ജ്ഞാനം | ജ്ഞാനമാർഗത്തെയും, | യോഗം ച | യോഗമാർഗ്ഗത്തെയും |
| ഋഷിരൂപ-ധരഃ | യാജ്ഞവല്ക്യാദി ഋഷിമാരുടെ സ്വരൂപം ധരിച്ച് | ബ്രൂതേ | ഉപദേശിക്കുന്നു. |

ഭഗവാൻ ഒരോ മന്വന്തരത്തിലും യജ്ഞദേവാദ്യവതാരങ്ങൾ സ്വീകരിച്ച് ലോകവ്യവസ്ഥിതി നിലനിർത്തുന്നതിനുംപുറമേ സനാതന ധർമ്മപ്രചരണത്തിലൂടെ ലോകത്തെ അനുഗ്രഹിക്കുന്നതിനായി സിദ്ധന്മാരും ഋഷിമാരും ആചാര്യന്മാരുമായിട്ട് അവതരിക്കുകകൂടി ചെയ്യുന്നുണ്ടെന്ന് താൽപര്യം.

അതിനും പുറമേ, സൃഷ്ടിസ്ഥിതിവിനാശങ്ങളുടെ പ്രവർത്തനത്തിനുവേണ്ടി മരീച്യാദി പ്രജാപതിമാരായും രാജാക്കന്മാരായും കാലസ്വരൂപനായും ഭഗവാൻ പ്രത്യക്ഷപ്പെടുന്നുണ്ടെന്ന് അടുത്ത ശ്ലോകത്താൽ വ്യക്തമാക്കുകയും ചെയ്യുന്നു.

9. **സർഗം പ്രജേശരൂപേണ ദസ്യൂൻ ഹന്യാത് സ്വരാഡ്വപുഃ**
**കാലരൂപേണ സർവേഷാമഭാവായ പൃഥഗ്ഗുണഃ**

| | | | |
|---|---|---|---|
| പ്രജേശ-രൂപേണ | മരീചിമുതലായ പ്രജാപതിമാരുടെ സ്വരൂപത്തോടെ | സർഗം (കരോതി) | സൃഷ്ടിയെ നിർവ്വഹിക്കുന്നു; |

| | |
|---|---|
| സ്വരാഡ്വപുഃ | ഓരോരോ രാജാക്കന്മാരുടെയും സ്വരൂപം ധരിച്ച് |
| ദസ്യൂൻ | ജനദ്രോഹികളായ കാട്ടുകള്ളന്മാരെ |
| ഹന്യാത് | കൊന്നൊടുക്കുന്നു; |
| പൃഥഗ്ഗുണഃ | ശീതതാപാദിവൃത്തിനിന്നുഗുണങ്ങളോടുകൂടിയവനായിട്ട് |
| കാലരൂപേണ | കാലസ്വരൂപത്തോടെ |
| സർവ്വേഷാം | സകലലോകങ്ങളുടെയും |
| അഭാവായ | വിനാശത്തിന്നുവേണ്ടിയും പ്രവർത്തിക്കുന്നു. |

**10.** **സ്തൂയമാനോ ജനൈരേഭിർ മായയാ നാമരൂപയാ**
**വിമോഹിതാത്മഭിർനാനാദർശനൈർ ന ച ദൃശ്യതേ.**

| | |
|---|---|
| നാമരൂപയാ | നാമരൂപങ്ങളോടുകൂടിയ |
| മായയാ | മായയാൽ |
| വിമോഹിതാത്മഭിഃ | വിമോഹിപ്പിക്കപ്പെട്ട ബുദ്ധിയോടുകൂടിയവരായ |
| ഏഭിഃ | ഈ |
| ജനൈഃ | ജനങ്ങളാൽ |
| നാനാദർശനൈഃ | പലതരത്തിലുള്ള ദർശനശാസ്ത്രങ്ങളിലൂടെ |
| സ്തൂയമാനഃ | വാഴ്ത്തപ്പെട്ടുകൊണ്ടിരുന്നാലും |
| ദൃശ്യതേ ന ച | ഭഗവാൻ ദർശിക്കപ്പെടുക എന്നതു് ഉണ്ടാകയുമില്ല. |

പ്രാസംഗികമായി ഭഗവന്മഹിമയെ നിരൂപണം ചെയ്തശേഷം ഇനി പ്രസ്തുതവിഷയം ഉപസംഹരിക്കുന്നു—

**11.** **ഏതത് കല്പവികല്പസ്യ പ്രമാണം പരികീർത്തിതം**
**യത്ര മന്വന്തരാണ്യാഹുശ്ചതുർദശ പുരാവിദഃ**

| | |
|---|---|
| കല്പവികല്പസ്യ | കല്പകാലത്തിലുൾക്കൊള്ളുന്ന അവാന്തര കല്പത്തിന്റെ |
| ഏതത് | ഇപ്രകാരത്തിലുള്ള |
| പ്രമാണം | പരിമാണം (അളവ്) |
| പരികീർത്തിതം | പറയപ്പെട്ടുകഴിഞ്ഞു. |
| യത്ര | യാതൊരു അവാന്തരകല്പത്തിൽ |
| ചതുർദശ | പതിനാല് |
| മന്വന്തരാണി | മന്വന്തരങ്ങളാണെന്ന് |
| പുരാവിദഃ | പുരാണജ്ഞന്മാർ |
| ആഹുഃ | പറയുന്നു. |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ അഷ്ടമസ്കന്ധേ

ചതുർദശോऽധ്യായഃ

ആദിതഃ ശ്ലോകാഃ 534

അഷ്ടമസ്കന്ധത്തിൽ പതിനാലാമധ്യായം കഴിഞ്ഞു.

# പഞ്ചദശോऽധ്യായഃ – അധ്യായം പതിനഞ്ച്

## മഹാബലിയുടെ സ്വർഗ്ഗവിജയം

''ബലിം പഞ്ചദശേ വിശ്വജിതാചാര്യാ അയാജയൻ
തതോऽസൗ സ്വർഗ്ഗമജയദ്ഭയാദ്ദേവാ നിലില്യിരേ''

അസുരപുരോഹിതന്മാർ മഹാബലിയെക്കൊണ്ടു വിശ്വജിത്തെന്ന യാഗം ചെയ്യിച്ചതും, അതിനെത്തുടർന്നു മഹാബലി സ്വർഗ്ഗലോകം കീഴടക്കിയതും, ദേവന്മാർ പേടിച്ച് ഓടിയൊളിച്ചതും ഈ പതിനഞ്ചാമദ്ധ്യായത്തിൽ വിസ്തരിക്കുന്നു.

രാജോവാച = രാജാവു് ചോദിച്ചു.

1. ബലേഃ പദത്രയം ഭൂമേഃ കസ്മാദ്ധരിരയാചത
ഭൂതേശ്വരഃ കൃപണവല്ലബ്ധാർത്ഥോऽപി ബബന്ധ തം.

2. ഏതദ്വേദിതുമിച്ഛാമോ മഹത് കൗതൂഹലം ഹി നഃ
യജ്ഞേശ്വരസ്യ പൂർണ്ണസ്യ ബന്ധനം ചാപ്യനാഗസഃ

| | |
|---|---|
| ഈശ്വരഃ | സകലലോകനാഥനായ |
| ഹരിഃ | ശ്രീമഹാവിഷ്ണു |
| കൃപണവത് | ദരിദ്രരെപ്പോലെ |
| ബലേഃ | ബലിയുടെ അടുക്കൽ നിന്നു് |
| കസ്മാത് | എന്തു കാരണത്താൽ |
| ഭൂമേഃ പദത്രയം | വെറും മൂന്നടി മണ്ണു് |
| അയാചത | യാചിച്ചു ? |
| ലബ്ധാർത്ഥഃ ഭൂത്വാ അപി | തൻകാര്യം കൈക്കലാക്കിയവനായി ഭവിച്ചിട്ടും |
| തം | അദ്ദേഹത്തെ |
| (കസ്മാത്) | എന്തു കാരണത്താൽ |
| ബബന്ധ | ബന്ധിച്ചു ? |
| യജ്ഞേശ്വരസ്യ പൂർണ്ണസ്യ | യജ്ഞങ്ങളുടെ അധിഷ്ഠാതാവും എല്ലാം തികഞ്ഞവനുമായ ഭഗവാന്റെ |
| (യാച്ഞാ) | യാചനയും, |
| അനാഗസഃ അപി | നിരപരാധിയായിരുന്നിട്ടുകൂടി |
| (ബലേഃ) | മഹാബലിക്കു |
| ബന്ധനം ച | ബന്ധനം സംഭവിച്ചതും– |
| ഏതത് | ഇതുരണ്ടും |
| വേദിതും | കേട്ടറിപ്പാൻ |
| ഇച്ഛാമഃ | ഞങ്ങളാഗ്രഹിക്കുന്നു. |
| ഹി നഃ | എന്തെന്നാൽ, ഞങ്ങൾക്കു് |
| മഹത് | വലിയ |
| കൗതൂഹലം | ഉൽക്കണ്ഠ തോന്നുന്നു. |

ബലിയുടെ ത്രൈലോക്യാധിപത്യം പിടിച്ചുപററുവാൻ വേണ്ടിയാണു് ഭഗവാൻ യാചനാകാപട്യം അംഗീകരിച്ചതെന്നു പറയുവാനുദ്ദേശിച്ചുകൊണ്ടു് ആദ്യം അതിനു മുഖവുരയായി ബലി അനായാസേന സാധിച്ച സ്വർഗ്ഗവിജയത്തിന്റെ കഥ അവതരി

3. പരാജിതശ്രീരസുഭിശ്ച ഹാപിതോ
ഹീന്ദ്രേണ രാജൻ ഭൃഗുഭിഃ സ ജീവിതഃ
സർവ്വാത്മനാ താനഭജദ് ഭൃഗൂൻ ബലിഃ
ശിഷ്യോ മഹാത്മാർത്ഥനിവേദനേന

| | | | |
|---|---|---|---|
| രാജൻ | അല്ലയോ രാജാവേ! | ജീവിതഃ ച ഹി | പിന്നെ ജീവിപ്പിക്കപ്പെട്ടവനായും ഭവിച്ചിരുന്നുവല്ലോ. |
| സഃ ബലിഃ | ആ ബലിചക്രവർത്തി | മഹാത്മാ | ഉദാരചിത്തനായിരുന്ന അദ്ദേഹം |
| ഇന്ദ്രേണ | ദേവേന്ദ്രനാൽ | അർത്ഥനിവേദനേന | സർവ്വസ്വവും അർപ്പിച്ചുകൊണ്ട് |
| പരാജിതശ്രീഃ | തോല്പിച്ചടക്കപ്പെട്ട ഐശ്വര്യത്തോടു കൂടിയവനായും | ശിഷ്യഃ | അവരുടെ ശിഷ്യനായിട്ട് |
| അസുഭിഃ | ജീവനാൽ | താൻ ഭൃഗൂൻ | ആ ഭൃഗുവംശജരെത്തന്നെ |
| ഹാപിതഃ | ത്യജിപ്പിക്കപ്പെട്ടവനായും | സർവ്വാത്മനാ | സർവ്വപ്രകാരേണയും |
| ഭൃഗുഭിഃ | ഭൃഗുവംശജരായ ശുക്രാദികളാൽ | അഭജൻ | ശരണം പ്രാപിച്ചു |

4. തം ബ്രാഹ്മണാ ഭൃഗവഃ പ്രീയമാണാ
അയാജയൻ വിശ്വജിതാ ത്രിണാകം
ജിഗീഷമാണം വിധിനാഭിഷിച്യ
മഹാഭിഷേകേണ മഹാനുഭാവാഃ.

| | | | |
|---|---|---|---|
| ഭൃഗവഃ | ഭൃഗുവംശക്കാരും | മഹാഭിഷേകേണ | ഇന്ദ്രദേവനാകവും ബഹ്വൃചബ്രാഹ്മണോക്തവുമായ ''മഹാഭിഷേക''മെന്ന |
| മഹാനുഭാവാഃ | മഹിമശാലികളുമായ | വിധിനാ | വിധിപ്രകാരം |
| ബ്രാഹ്മണാഃ | ബ്രാഹ്മണർ | അഭിഷിച്യ | അഭിഷേകം ചെയ്ത് |
| പ്രീയമാണാഃ | സംപ്രീതരായിട്ട് | വിശ്വജിതാ | 'വിശ്വജിത്തെ'ന്ന യാഗത്താൽ |
| ത്രിണാകം | സ്വർഗ്ഗലോകത്തെ | അയാജയൻ | യജിപ്പിച്ചു. |
| ജിഗീഷമാണം | ജയിക്കുവാനാഗ്രഹിക്കുന്ന | | |
| തം | ആ മഹാബലിയെ | | |

5. തതോ രഥഃ കാഞ്ചനപട്ടബദ്ധോ
ഹയാശ്ച ഹര്യശ്വതുരംഗവർണ്ണാഃ
ധ്വജശ്ച സിംഹേന വിരാജമാനോ
ഹുതാശനാദാസ ഹവിർഭിരിഷ്ടാത്.

6. ധനുശ്ച ദിവ്യം പുരടോപനദ്ധം
തൂണാവരിക്ഷൗ കവചം ച ദിവ്യം
പിതാമഹസ്തസ്യ ദദൗ ച മാലാ-
മമ്ലാനപുഷ്പാം ജലജം ച ശുക്രഃ

| | |
|---|---|
| തതഃ | അതിൽപ്പിന്നെ, |
| ഹവിർഭിഃ | ഹവിസ്സുകളാൽ |
| ഇഷ്ടാത് | ഹോമിക്കപ്പെട്ട് ആരാധിതനായ |
| ഹുതാശനാത് | അഗ്നിയിൽനിന്നു് |
| കാഞ്ചന-പട്ടബദ്ധഃ | തങ്കത്തകിടുകൾകൊണ്ടു വരിഞ്ഞുകെട്ടിയ |
| രഥഃ | തേരും, |
| ഹര്യശ്വ-തുരംഗവർണ്ണാഃ | ഇന്ദ്രന്റെ കുതിരകളെപ്പോലെ പച്ചനിറമുള്ള |
| ഹയാഃ ച | കുതിരകളും |
| സിംഹേന വിരാജമാനഃ | സിംഹക്കൊടി അടയാളമുള്ള |
| ധ്വജഃ ച | ധ്വജവും |
| പുരടോ-പനദ്ധം | പൊന്നുപൂശിയലങ്കരിച്ചിരിക്കുന്ന |
| ദിവ്യം | ദിവ്യമായ |
| ധനുഃ ച | വില്ലും, |
| അക്ഷൗ | അമ്പൊഴിയാത്ത |
| തൂണൗ | രണ്ടു് ആവനാഴികളും, |
| ദിവ്യം | അതിവിശിഷ്ടമായ |
| കവചം ച | മാർച്ചട്ടയും |
| ആസ | ആവിർഭവിച്ചു. |
| പിതാമഹഃ | മുത്തച്ഛനായ പ്രഹ്ലാദൻ |
| തസ്യ | ആ മഹാബലിക്കു് |
| അമ്ലാനപുഷ്പാം | വാടാമലരുകൾകൊണ്ടുള്ള |
| മാലാം ച | മാലയെയും, |
| ശുക്രഃ | ശുക്രമഹർഷി |
| ജലജം ച | ശംഖിനെയും |
| ദദൗ | സംഭാവന ചെയ്തു. |

7. ഏവം സ വിപ്രാർജ്ജിതയോധനാർത്ഥ-
സ്തൈഃ കല്പിതസ്വസ്ത്യയനോऽഥ വിപ്രാൻ
പ്രദക്ഷിണീകൃത്യ കൃതപ്രണാമഃ
പ്രഹ്ലാദമാമന്ത്ര്യ നമശ്ചകാര.

| | |
|---|---|
| ഏവം | ഇപ്രകാരം |
| വിപ്രാർജ്ജിത-യോധനാർത്ഥഃ | ബ്രാഹ്മണരാൽ നേടിക്കൊടുക്കപ്പെട്ട യുദ്ധോപകരണങ്ങളോടും |
| തൈഃ | അവരാൽ |
| കല്പിത-സ്വസ്ത്യയനഃ | നിറവേററപ്പെട്ട മംഗളവാചനങ്ങളോടുംകൂടിയവനായിത്തീർന്ന |
| സഃ | അദ്ദേഹം |
| അഥ | പിന്നീടു് |
| വിപ്രാൻ | ബ്രാഹ്മണരെ |
| പ്രദക്ഷിണീ-കൃത്യ | പ്രദക്ഷിണം ചെയ്തു് |
| കൃതപ്രണാമഃ | നമസ്കരിച്ചു്, |
| പ്രഹ്ലാദം | പ്രഹ്ലാദനെയും |
| ആമന്ത്ര്യ | വിട ചോദിച്ചുവാങ്ങി |
| നമശ്ചകാര | നമസ്കരിച്ചു. |

8. അഥാരുഹ്യ രഥം ദിവ്യം ഭൃഗുദത്തം മഹാരഥഃ
സുസ്രഗ്ധരോऽഥ സന്നഹ്യ ധന്വീ ഖഡ്ഗീ ധൃതേഷുധിഃ

9. ഹേമാംഗദലസദ്ബാഹുഃ സ്ഫുരന്മകരകുണ്ഡലഃ
രരാജ രഥമാരൂഢോ ധിഷ്ണ്യസ്ഥ ഇവ ഹവ്യവാട്

| | |
|---|---|
| അഥ | അനന്തരം |
| മഹാരഥഃ | മഹാരഥനായ മഹാബലി |
| ഭൃഗുദത്തം | ഭൃഗുവംശബ്രാഹ്മണരാൽ സംവിധാനം ചെയ്തു കൊടുക്കപ്പെട്ട |
| രഥം | രഥത്തെ |
| ആരുഹ്യ അഥ | ആരോഹണം ചെയ്തു ശേഷം |
| സുസ്രഗ്ധരഃ | ശോഭനമായ പൂമാല യണിഞ്ഞു് |
| സന്നഹ്യ | പടച്ചട്ടയിട്ടു്, |
| ധന്വീ | പടവില്ലേന്തി, |
| ഖഡ്ഗീ | വാളെടുത്തു്, |
| ധൃതേഷുധിഃ | തൂണീരം ധരിച്ചു് |
| ഹേമാംഗദലസദ്ബാഹുഃ | സ്വർണ്ണത്തോൾവളകൊണ്ടു പരിലസിക്കുന്ന ഭുജങ്ങളോടു കൂടിയവനായും |
| സ്ഫുരന്മകരകുണ്ഡലഃ | മിന്നിത്തിളങ്ങുന്ന മകരാകാര കുണ്ഡലങ്ങളോടുകൂടിയവനായും |
| രഥം ആരൂഢഃ | തേർത്തടത്തിൽ കയറിയിരിന്നു് |
| ധിഷ്ണ്യസ്ഥഃ | ഹോമകുണ്ഡത്തിൽ സ്ഥിതിചെയ്യുന്ന |
| ഹവ്യവാട് | ആഹവനീയാഗ്നി |
| ഇവ | പോലെ |
| രരാജ | പ്രശോഭിച്ചു. |

10. തുല്യൈശ്വര്യബലശ്രീഭിഃ സ്വയൂഥൈർദൈത്യയൂഥപൈഃ
പിബദ്ഭിരിവ ഖം ദൃഗ്ഭിർദഹദ്ഭിഃ പരിധീനിവ

11. വൃതോ വികഷൻ മഹതീമാസുരീം ധ്വജിനീം വിഭുഃ
യയാവിന്ദ്രപുരീം സ്വൃദ്ധാം കംപയന്നിവ രോദസീ.

| | |
|---|---|
| വിഭുഃ | വൈഭവശാലിയായ ബലി |
| തുല്യൈശ്വര്യബലശ്രീഭിഃ | ഒരുപോലെയുള്ള ഐശ്വര്യം, ബലം, ശ്രീത്വം എന്നിവയോടുകൂടിയവരും |
| ദൃഗ്ഭിഃ | കണ്ണുകൾകൊണ്ടു് |
| ഖം | അന്തരീക്ഷത്തെ |
| പിബദ്ഭിഃ ഇവ | മോന്തിക്കുടിക്കുന്നവരോ എന്നു തോന്നുമാറുള്ളവരും, |
| പരിധീൻ | ദിഗന്തങ്ങളെ |
| ദഹദ്ഭിഃ ഇവ | ചുട്ടെരിക്കുന്നവരോ എന്നു തോന്നുമാറുള്ളവരും, |
| സ്വയൂഥൈഃ | അവരവർക്കുള്ള സേനകളോടു കൂടിയവരുമായ |
| ദൈത്യ–യൂഥപൈഃ | അസുരസംഘത്തലവന്മാരാൽ |
| വൃതഃ | പരിവൃതനായിട്ടു്, |
| ആസുരീം | അസുരന്മാരുടേതായ |
| മഹതീം | വമ്പിച്ച |
| ധ്വജിനീം | സൈന്യത്തെ |
| വികർഷൻ | മുന്നോട്ടുനയിച്ചുകൊണ്ടു് |
| രോദസീ | മന്നിനെയും വിണ്ണിനെയും |
| കമ്പയൻ ഇവ | കിടിലം കൊള്ളിക്കുന്നവനെന്ന മട്ടിൽ |
| സ്വൃദ്ധാം | സുസമൃദ്ധമായ |
| ഇന്ദ്രപുരീം | ഇന്ദ്രപുരിയിലേക്കു് |
| യയൗ | ജൈത്രയാത്ര ചെയ്തു. |

ഇനിമേൽ പതിനൊന്നര ശ്ലോകങ്ങളാൽ ഇന്ദ്രപുരിയെ വർണ്ണിക്കുന്നു. ആ ശ്ലോകങ്ങളെല്ലാം ഒന്നിച്ച് അന്വയിക്കേണ്ടവയാണ്,

12. രമ്യാമുപവനോദ്യാനൈഃ ശ്രീമദ്ഭിർ നന്ദനാദിഭിഃ
കൂജദ്വിഹംഗമിഥുനൈർഗായന്മത്തമധുവ്രതൈഃ
പ്രവാളഫലപുഷ്പോരുഭാരശാഖാമരദ്രുമൈഃ

| | | | |
|---|---|---|---|
| കൂജദ്— വിഹംഗ— മിഥുനൈഃ | കളകൂജനംപൊഴിക്കുന്ന ഇണപ്പറവകളോടു കൂടിയവയും | ശ്രീമദ്ഭിഃ | സമൃദ്ധങ്ങളുമായ |
| ഗായന്മത്ത- മധുവ്രതൈഃ | മൂളിപ്പാട്ടുപാടുന്ന മത്തഭ്രമരങ്ങളോടുകൂടിയവയും | നന്ദനാദിഭിഃ | 'നന്ദനം' മുതലായുള്ള |
| പ്രവാളഫല- പുഷ്പോരു- ഭാരശാഖാ- മരദ്രുമൈഃ | തളിരുകളും, കായ്കളും, പൂക്കളും തിങ്ങിക്കനത്ത ശാഖകളോടുകൂടിനില്ക്കുന്ന കല്പകവൃക്ഷങ്ങളാൽ | ഉപവനോ- ദ്യാനൈഃ | ഉപവനങ്ങളാലും ഉദ്യാനങ്ങളാലും |
| | | രമ്യാം | രമണീയമായിരിക്കുന്ന— |

13. ഹംസസാരസചക്രാഹ്വകാരണ്ഡവകുലാകുലാഃ
നളിന്യോ യത്ര ക്രീഡന്തി പ്രമദാഃ സുരസേവിതാഃ

| | | | |
|---|---|---|---|
| സുരസേവിതാഃ | ദേവന്മാരാൽ പരിലാളിതകളായ | ഹംസസാര- സചക്രാഹ്വ- കാരണ്ഡവ— കുലാകുലാഃ | അരയന്നങ്ങൾ, വെള്ളിൽപ്പറവകൾ, ചക്രവാകങ്ങൾ, താറാവുകൾ എന്നിവ കൂട്ടംചേർന്നു പാറിക്കറങ്ങുന്നവയുമായ |
| പ്രമദാഃ | അപ്സരസ്ത്രീകൾ | | |
| യത്ര | യാതൊന്നുകളിൽ | | |
| ക്രീഡന്തി | വിഹരിക്കുന്നുവോ, | നളിന്യഃ | താമരപ്പൊയ്കകൾ ഉള്ളതായ— |
| (താഃ) | അങ്ങനെയുള്ളവയും | | |

14. ആകാശഗംഗയാ ദേവ്യാ, വൃതാം പരിഖഭൂതയാ
പ്രാകാരേണാഗ്നിവർണ്ണേന സാട്ടാലേനോന്നതേന ച

| | | | |
|---|---|---|---|
| പരിഖ— ഭൂതയാ | ചുററിലും കിടങ്ങിന്റെ നിലയിൽ വർത്തിക്കുന്ന | അഗ്നിവർണ്ണേന | തീക്കനൽപോലെ ഉജ്ജ്വല വർണ്ണത്തോടു കൂടിയതുമായ |
| ദേവ്യാ | ജ്യോതിർമ്മയിയായ | | |
| ആകാശഗംഗയാ | ആകാശഗംഗയാലും, | പ്രാകാരേണ ച | കോട്ടമതിൽകെട്ടിനാലും |
| സാട്ടാലേന ഉന്നതേന | കൊത്തളങ്ങളോടുകൂടി ഉയർന്നുനില്ക്കുന്നതും | വൃതാം | ചുററപ്പെട്ടിരിക്കുന്ന— |

15. രുക്മപട്ടകപാടൈശ്ച ദ്വാരൈഃ സ്ഫടികഗോപുരൈഃ
ജുഷ്ടാം വിഭക്തപ്രപഥാം വിശ്വകർമ്മവിനിർമ്മിതാം.

| | | | |
|---|---|---|---|
| രുക്മപട്ട കപാടൈഃ | പൊൻപോളകൊണ്ടു പൊതിഞ്ഞ കതകുകളുള്ള | ജുഷ്ടാം | ചേർന്നിരിക്കുന്ന— |
| ദ്വാരൈഃ ച | അവാന്തരമാർഗ്ഗങ്ങളോടും | വിഭക്ത— പ്രപഥാം | വ്യത്യസ്തങ്ങളായ രാജമാർഗ്ഗങ്ങളോടുകൂടിയ— |
| സ്ഫടിക— ഗോപുരൈഃ | സ്ഫടികമയമായ നഗര ദ്വാരങ്ങളോടും | വിശ്വകർമ്മ വിനിർമ്മിതാം | വിശ്വകർമ്മാവിനാൽ വിസ്തരിച്ച് നിർമ്മിക്കപ്പെട്ടിരിക്കുന്ന— |

16. സഭാചത്വരരഥ്യാഢ്യാം വിമാനൈർന്യർബുദൈർയുതാം
ശൃംഗാടകൈർമണിമയൈർവജ്രവിദ്രുമവേദിഭിഃ

| | | | |
|---|---|---|---|
| സഭാചത്വര— രഥ്യാഢ്യാം | സഭാഭവനങ്ങളാലും ക്രീഡാങ്കണങ്ങളാലും തേർവീഥികളാലും സമ്പന്നമായിരിക്കുന്ന— | മണിമയൈഃ | രത്നാലംകൃതങ്ങളായ |
| | | ശൃംഗാടകൈഃ | നാല്കവലകളോടും |
| | | വജ്രവിദ്രുമ— വേദിഭിഃ | വജ്രംകൊണ്ടും പവിഴംകൊണ്ടും നിർമ്മിച്ച മണ്ഡപങ്ങളോടും |
| ന്യർബുദൈഃ | കോടിക്കണക്കിലുള്ള | | |
| വിമാനൈഃ | വിമാനങ്ങളോടും | യുതാം | ചേർന്നുല്ലസിക്കുന്ന— |

17. യത്ര നിത്യവയോരൂപാഃ ശ്യാമാ വിരജവാസസഃ
ഭ്രാജന്തേ രൂപവന്നാര്യോ അർച്ചിർഭിരിവ വഹ്നയഃ

| | | | |
|---|---|---|---|
| യത്ര | യാതൊരിടത്തു് | രൂപവന്നാര്യഃ | ആഭൂഷണവതികളുമായ നാരീമണികൾ |
| നിത്യവയോ— രൂപാഃ | ശാശ്വതമായ താരുണ്യലാവണ്യങ്ങളോടുകൂടിയവരും | അർച്ചിർഭിഃ | ജ്വാലാമാലകളോടുകൂടിയ |
| ശ്യാമാഃ | മോഹനാംഗികളും | വഹ്നയഃ | അഗ്നികൾ |
| | | ഇവ | എന്നപോലെ |
| വിരജ— വാസസഃ | നിർമ്മലമായ വസ്ത്രം ധരിച്ചവരും | ഭ്രാജന്തേ | ഉജ്ജ്വലിക്കുന്നുവോ,— |

18. സുരസ്ത്രീകേശവിഭ്രഷ്ടനവസൗഗന്ധികസ്രജാം
യത്രാമോദമുപാദായ മാർഗ ആയാതി മാരുതഃ

| | | | |
|---|---|---|---|
| യത്ര | യാതൊരിടത്തു് | ആമോദം | നറുമണത്തെ |
| സുരസ്ത്രീകേശ— വിഭ്രഷ്ടനവ— സൗഗന്ധിക— സ്രജാം | ദേവാംഗനമാരുടെ മുടിയിൽനിന്നു കൊഴിഞ്ഞുവീണ പുത്തൻ കല്ഹാരപ്പൂമാലകളുടെ | ഉപാദായ | വഹിച്ച് |
| | | മാരുതഃ | കാററ് |
| | | മാർഗേ | വഴിതോറും |
| | | ആയാതി | സഞ്ചരിക്കുന്നുവോ,— |

19. ഹേമജാലാക്ഷനിർഗച്ഛദ്ധൂമേനാഗരുഗന്ധിനാ
പാണ്ഡുരേണ പ്രതിച്ഛന്നമാർഗേ യാന്തി സുരപ്രിയാഃ

| | |
|---|---|
| അഗരു- ഗന്ധിനാ | അകിലിന്റെ മണം കലർന്നതും |
| പാണ്ഡുരേണ | വെളുത്തതും |
| ഹേമജാലാക്ഷ- നിർഗച്ഛദ്- ധൂമേന | സുവർണ്ണമയങ്ങളായ ജനാലകളിലൂടെ വെളിയിലേക്കു വരുന്നതുമായ പുകയാൽ |
| പ്രതിച്ഛന്ന- മാർഗേ | മൂടപ്പെട്ടതായ വഴിയിലൂടെ |
| സുരപ്രിയാഃ | അപ്സരഃസ്ത്രീകൾ |
| യാന്തി | സഞ്ചരിക്കുന്നതു് |
| (യത്ര) | യാതൊരിടത്താണോ,- |

20. മുക്താവിതാനൈർമണിഹേമകേതുഭിർ-
നാനാപതാകാവലഭീഭിരാവൃതാം
ശിഖണ്ഡിപാരാവതഭൃംഗനാദിതാം
വൈമാനികസ്ത്രീകലഗീതമംഗലാം.

| | |
|---|---|
| മുക്താ- വിതാനൈഃ | മുത്തുതൊങ്ങലിട്ട മേൽക്കെട്ടികളാലും |
| മണിഹേമ- കേതുഭി: | മണികാഞ്ചനമയങ്ങളായ ധ്വജസ്തംഭങ്ങളാലും |
| നാനാപതാകാ- വലഭീഭിഃ | പലതരം പാതകകളോടു കൂടിയ മട്ടുപ്പാവുകളാലും |
| ആവൃതാം | ആവരണം ചെയ്യപ്പെട്ടിരിക്കുന്ന— |
| ശിഖണ്ഡി- പരാവത- ഭൃംഗനാദിതാം | മയിലുകളുടെയും മാടപ്രാവുകളുടെയും ശബ്ദങ്ങളാൽ മുഖരിതമായ— |
| വൈമാനിക- സ്ത്രീകലനാദ- മംഗലാം | മാളികകളിൽ മരുവുന്ന സ്ത്രീകളുടെ മധുരമൊഴികളാൽ മംഗളപ്രദമായ— |

21. മൃദംഗശംഖാനകദുന്ദുഭിസ്വനൈഃ
സതാളവീണാമുരജർഷ്ടിവേണുഭിഃ
നൃത്യൈഃ സവാദ്യൈരുപദേവഗീതകൈർ-
മനോരമാം സ്വപ്രഭയാ ജിതപ്രഭാം.

| | |
|---|---|
| മൃദംഗശംഖാ- നകദുന്ദുഭി- സ്വനൈഃ | മൃദംഗം, ശംഖ്, ഭേരി എന്നീ വാദ്യങ്ങളുടെ ശബ്ദങ്ങളാലും |
| സതാളവീണാ മുരജർഷ്ടി വേണുഭിഃ | താളത്തോടൊത്തുള്ള വീണ, മുരജം, ഋഷ്ടി, വേണു എന്നീ വാദ്യങ്ങളാലും |
| സവാദ്യൈഃ | വാദ്യത്തോടുകൂടിയ |
| ഉപദേവ- ഗീതകൈഃ | ഗന്ധർവാദികളുടെ മധുരഗാനങ്ങളാലും |
| മനോരമാം | മനോമോഹനമായ— |
| സ്വപ്രഭയാ | സ്വന്തം ദീപ്തിയാൽ |
| ജിതപ്രഭാം | സാക്ഷാത്തായ ദീപ്തിയെത്തന്നെ തോല്പിച്ചിരിക്കുന്ന— |

22. യാം ന വ്രജന്ത്യധർമ്മിഷ്ഠാഃ ഖലാ ഭൂതദ്രുഹഃ ശഠാഃ
മാനിനഃ കാമിനോ ലുബ്ധാ ഏഭിർഹീനാ വ്രജന്തി യത്

| | | | |
|---|---|---|---|
| അധർമ്മിഷ്ഠാഃ | അധർമ്മികളും | യാം | യാതൊരിടത്തേക്ക് |
| ഖലാഃ | ദുഷ്ടന്മാരും | ന വ്രജന്തി | എത്തിച്ചേരാതെയും |
| ഭൂതദ്രുഹഃ | പ്രാണിദ്രോഹികളും | ഏഭിഃ | ഇവയോട് |
| ശഠാഃ | ദുർവൃത്തന്മാരും | ഹീനാഃ | അകന്നുനില്ക്കുന്നവർ |
| മാനിനഃ | അഹങ്കാരികളും | യത് | യാതൊരിടത്തേക്ക് |
| കാമിനഃ | സ്ത്രീലമ്പടന്മാരും | വ്രജന്തി | എത്തുകയും ചെയ്യുന്നുവോ; |
| ലുബ്ധാഃ | ലോഭികളും ആയവർ | | |

**23.** **താം ദേവധാനീം സ വരൂഥിനീപതിർ–**
**ബഹിഃ സമന്താദ്രുരുധേ പൃതന്യയാ**
**ആചാര്യദത്തം ജലജം മഹാസ്വനം**
**ദധ്മൗ പ്രയുഞ്ജൻ ഭയമിന്ദ്രയോഷിതാം.**

| | | | |
|---|---|---|---|
| ദേവധാനീം | ദേവന്മാരുടെ വാസസ്ഥാനമായ | രുരുധേ | തടഞ്ഞുവച്ചു. |
| താം | ആ ഇന്ദ്രപുരിയെ | ആചാര്യദത്തം | ശുക്രാചാര്യൻ കൊടുത്ത |
| വരൂഥിനീപതിഃ സഃ | സേനാപതിയായ ആ മഹാബലി | ജലജം | ശംഖിനെ |
| പൃതന്യയാ | തന്റെ സൈന്യബലത്താൽ | ഇന്ദ്രയോഷിതാം | ഇന്ദ്രപത്നിമാർക്ക് |
| ബഹിഃ | പുറത്ത് | ഭയം | ഭീതിയെ |
| സമന്താത് | എല്ലാ ഭാഗത്തുനിന്നും | പ്രയുഞ്ജൻ | ജനിപ്പിച്ചുകൊണ്ട് |
| | | മഹാസ്വനം | ഉച്ചത്തിൽ മുഴങ്ങുമാറ് |
| | | ദധ്മൗ | ഊതി. |

**24.** **മഘവാംസ്തമഭിപ്രേത്യ ബലേഃ പരമമുദ്യമം**
**സർവ്വദേവഗണോപേതോ ഗുരുമേതദുവാച ഹ.**

| | | | |
|---|---|---|---|
| മഘവാൻ | ദേവേന്ദ്രൻ | സർവ്വദേവഗണോപേതഃ | എല്ലാ ദേവസമൂഹത്തോടും ഒത്തുചേർന്ന് |
| ബലേഃ | മഹാബലിയുടെ | ഗുരും | ബൃഹസ്പതിയോട് |
| തം പരമം | ആ മികച്ച | ഏതത് | ഈവിധം |
| ഉദ്യമം | പടയൊരുക്കത്തെ | ഉവാച ഹ | പറഞ്ഞു. |
| അഭിപ്രേത്യ | കണ്ടറിഞ്ഞ് | | |

**25.** **ഭഗവന്നുദ്യമോ ഭൂയാൻ ബലേർനഃ പൂർവ്വവൈരിണഃ**
**അവിഷഹ്യമിമം മന്യേ കേനാസീത്തേജസോർജ്ജിതഃ**

| | | | |
|---|---|---|---|
| ഭഗവൻ | ''സർവ്വജ്ഞനായ ഗുരോ; | പൂർവ്വവൈരിണഃ | പൂർവ്വവിരോധിയായ |
| നഃ | നമ്മുടെ | ബലേഃ | ബലിയുടെ |

| | | | |
|---|---|---|---|
| ഉദ്യമഃ | പടയൊരുക്കം | മന്യേ | ഞാൻ കരുതുന്നു. |
| ഭൂയാൻ | വളരെ മികച്ചതായിരിക്കുന്നു. | കേന | ഏതൊരു |
| | | തേജസാ | ശക്തിയാൽ |
| ഇമം | ഇതിനെ | (ഏഷഃ) | ഇവൻ |
| അവിഷഹ്യം | ചെറുത്തുനില്ക്കാനാവാത്തതായിട്ട് | ഊർജിതഃ | ബലിഷ്ഠനായി |
| | | ആസീത് | ഭവിച്ചു? |

26. നൈനം കശ്ചിത് കുതോ വാപി പ്രതിവ്യോഢുമധീശ്വരഃ
പിബന്നിവ മുഖേനേദം ലിഹന്നിവ ദിശോ ദശ
ദഹന്നിവ ദിശോ ദൃഗ്ഭിഃ സംവർത്താഗ്നിരിവോത്ഥിതഃ

| | | | |
|---|---|---|---|
| കുതഃ വാപി | ഏതുവിധത്തിലെങ്കിലും | ലിഹൻ ഇവ | നക്കിത്തുടക്കുന്നപോലെയും |
| ഏനം | ഇവനെ | | |
| പ്രതിവ്യോഢും | തോല്പിച്ചകററുവാൻ | ദൃഗ്ഭിഃ | ദൃഷ്ടികളാൽ |
| കശ്ചിത് | ഒരുത്തനും | ദിശഃ | ദിക്കുകളെ |
| അധീശ്വരഃ ന | ശക്തനാകയില്ല. | ദഹൻ ഇവ | ദഹിപ്പിക്കുന്നപോലെയും |
| മുഖേന | വായകൊണ്ട് | | ഭാവിച്ചുകൊണ്ട് |
| ഇദം | ഈ വിശ്വത്തെ | സംവർത്താഗ്നിഃ ഇവ | പ്രളയകാലാഗ്നി എന്നപോലെ |
| പിബൻ ഇവ | കുടിക്കുന്നപോലെയും, | | |
| ദശ ദിശഃ | പത്തു ദിക്കിനെയും | ഉത്ഥിതഃ | ഉയർന്നെഴുന്നേററിരിക്കുന്നു. |

27. ബ്രൂഹി കാരണമേതസ്യ ദുർധർഷത്വസ്യ മദ്രിപോഃ
ഓജഃ സഹോ ബലം തേജോ യത ഏതത്സമുദ്യമഃ

| | | | |
|---|---|---|---|
| മദ്രിപോഃ | എന്റെ ശത്രുവായ | ഏതത്— സമുദ്യമഃ | ഇവന്റെ ഈ യുദ്ധസന്നാഹം സംഭവിച്ചുവോ, (അതിന്നുതകുന്ന) |
| ഏതസ്യ | ഇവന്റെ | | |
| ദുർധർഷ്— ത്വസ്യ | ദുർധർഷ്തയ്ക്കുള്ള (എതിരില്ലായ്മക്കുള്ള) | ഓജഃ | ഇന്ദ്രിയശക്തിയും |
| | | സഹഃ | മനഃശക്തിയും |
| കാരണം | ഹേതുവെന്തെന്ന് | ബലം | ദേഹശക്തിയും |
| ബ്രൂഹി | പറഞ്ഞുതരണം. | തേജഃ | കരുത്തും |
| യതഃ | യാതൊന്നുകൊണ്ട് | (അസ്യകുതഃ) | ഇവന്ന് എങ്ങുനിന്നുണ്ടായി? |

ഗുരുരുവാച = ബൃഹസ്പതി പറഞ്ഞു—

28. ജാനാമി മഘവൻ ശത്രോരുന്നതേരസ്യ കാരണം
ശിഷ്യായോപഭൃതം തേജോ ഭൃഗുഭിർബ്രഹ്മവാദിഭിഃ

| | |
|---|---|
| മഘവൻ | അല്ലയോ ഇന്ദ്ര! |
| അസ്യ ശത്രോഃ | ഈ ശത്രുവിന്റെ |
| ഉന്നതേഃ | ഉയർച്ചയ്ക്കുള്ള |
| കാരണം | കാരണത്തെ |
| ജാനാമി | ഞാൻ അറിയുന്നുണ്ട്. |
| ബ്രഹ്മവാദിഭിഃ | വേദജ്ഞന്മാരായ |
| ഭൃഗുഭിഃ | ശുക്രാദികളാൽ |
| ശിഷ്യായ | ശിഷ്യനായിക്കൊണ്ട് |
| തേജഃ | തേജസ്സ് |
| ഉപഭൃതം | സംഭരിച്ചുകൊടുക്കപ്പെട്ടിരിക്കുന്നു. |

**29.** ഭവദ്വിധോ ഭവാൻ വാപി വർജയിത്വേശ്വരം ഹരിം
നാസ്യ ശക്തഃ പുരഃ സ്ഥാതും കൃതാന്തസ്യ യഥാ ജനാഃ

| | |
|---|---|
| ഈശ്വരം | സർവ്വശക്തിമാനായ |
| ഹരിം | ശ്രീഹരിയെ |
| വർജയിത്വാ | ഒഴിച്ച് |
| ഭവദ്വിധഃ | അങ്ങയെപ്പോലുള്ളവനോ, |
| ഭവാൻ വാ അപി | അഥവാ അങ്ങുതന്നെയോ ആയിരുന്നാലും |
| അസ്യ പുരഃ | ഇവന്റെ മുന്നിൽ, |
| കൃതാന്തസ്യ | കാലന്റെ മുന്നിൽ |
| ജനാഃ യഥാ | പ്രാണികളെന്നപോലെ |
| സ്ഥാതും | നില്ക്കുവാൻ |
| ന ശക്തഃ | ശക്തനാകയില്ല. |

ആകയാൽ ഈ സന്ദർഭത്തിൽ വേണ്ടതെന്തെന്ന് ഗുരു ഉപദേശിക്കുന്നു—

**30.** തസ്മാന്നിലയമുത്സൃജ്യ യൂയം സർവ്വേ ത്രിവിഷ്ടപം.
യാത കാലം പ്രതീക്ഷന്തോ യതഃ ശത്രോർവിപര്യയഃ

| | |
|---|---|
| തസ്മാത് | അതുകൊണ്ട് |
| യൂയം സർവ്വേ | നിങ്ങളെല്ലാവരും |
| ത്രിവിഷ്ടപം | സ്വർഗ്ഗലോകത്തെ |
| ഉത്സൃജ്യ | ഉപേക്ഷിച്ച്, |
| യതഃ | ഏതുകാലത്ത് |
| ശത്രോഃ | ശത്രുവിന് |
| വിപര്യയഃ | പ്രതികൂലാവസ്ഥ നേരിടുമോ |
| കാലം | ആ കാലത്തെ |
| പ്രതീക്ഷന്തഃ | പ്രതീക്ഷിച്ചുകൊണ്ട് |
| നിലയം | ഒളിവിലേക്ക് |
| യാത | പോകുവിൻ. |

**31.** ഏഷ വിപ്രബലോദർക്കഃ സംപ്രത്യൂർജിതവിക്രമഃ
തേഷാമേവാപമാനേന സാനുബന്ധോ വിനങ്ക്ഷ്യതി.

| | |
|---|---|
| സംപ്രതി | ഇപ്പോഴാം |
| വിപ്രബലോദർക്കഃ | ബ്രാഹ്മണരുടെ തേജോബലത്താൽ ഉത്തരോത്തരാഭിവൃദ്ധിനേടിയവനും |
| ഊർജ്ജിതവിക്രമഃ | വർദ്ധിച്ച പരാക്രമശക്തിയുള്ളവനുമായിരിക്കുന്ന |
| ഏഷഃ | ഇവൻ |
| തേഷാം ഏവ | അവരുടെതന്നെ |
| അപമാനേന | തിരസ്കാരംമൂലം |
| സാനുബന്ധഃ | കൂട്ടാളികളോടുകൂടി |
| വിനങ്ക്ഷ്യതി | നശിച്ചുപോകും. |

32. ഏവം സുമന്ത്രിതാർത്ഥാസ്തേ ഗുരുണാർത്ഥാനുദർശിനാ
ഹിത്വാ ത്രിവിഷ്ടപം ജഗ്മുർഗീർവ്വാണാഃ കാമരൂപിണഃ

| | | | |
|---|---|---|---|
| അർത്ഥാനുദർശിനാ | യാഥാർത്ഥ്യം കണ്ടറിയുവാൻ കഴിവുള്ള | തേ ഗീർവ്വാണാഃ | ആ ദേവന്മാർ |
| ഗുരുണാ | ദേവഗുരുവിനാൽ | കാമരൂപിണഃ | സ്വേച്ഛാനുസാരം രൂപം മാറിക്കൊണ്ട് |
| ഏവം | ഇപ്രകാരം | ത്രിവിഷ്ടപം | സ്വർഗ്ഗലോകത്തെ |
| സുമന്ത്രിതാർത്ഥാഃ | ഉപദേശിക്കപ്പെട്ട കർത്തവ്യത്തോടുകൂടിയവരായി ഭവിച്ച | ഹിത്വാ | കൈവിട്ട് |
| | | ജഗ്മുഃ | കടന്നുപോയി. |

33. ദേവേഷ്വഥ നിലീനേഷു ബലിർവൈരോചനഃ പുരീം
ദേവധാനീമധിഷ്ഠായ വശം നിന്യേ ജഗത്ത്രയം

| | | | |
|---|---|---|---|
| അഥ | അങ്ങനെ | ദേവധാനീം | ദേവന്മാരുടെ ആവാസകേന്ദ്രമായ |
| ദേവേഷു | ദേവന്മാർ | പുരീം | ഇന്ദ്രപുരിയെ |
| നിലീനേഷു | ഒളിവിലായപ്പോൾ | അധിഷ്ഠായ | ആസ്ഥാനമാക്കി |
| വൈരോചനഃ | വിരോചനപുത്രനായ | ജഗത്ത്രയം | മൂന്നുലോകത്തെയും |
| ബലിഃ | മഹാബലി | വശം നിന്യേ | കൈവശപ്പെടുത്തി. |

34. തം വിശ്വജയിനം ശിഷ്യം ഭൃഗവഃ ശിഷ്യവത്സലാഃ
ശതേന ഹയമേധാനാമനുവ്രതമയാജയൻ.

| | | | |
|---|---|---|---|
| ശിഷ്യവത്സലാഃ | ശിഷ്യവാത്സല്യമുള്ള | അനുവ്രതം | തങ്ങളെ അനുസരിക്കുന്നവനുമായ |
| ഭൃഗവഃ | ഭൃഗുഗോത്രബ്രാഹ്മണർ | തം ശിഷ്യം | ആ ശിഷ്യനെ |
| വിശ്വജയിനം | വിശ്വവിജയിയും | ഹയമേധാനാം ശതേന | ഒരുനൂറ് അശ്വമേധയാഗംകൊണ്ട് |
| | | അയാജയൻ | യജിപ്പിച്ചു. |

35. തതസ്തദനുഭാവേന ഭുവനത്രയവിശ്രുതാം
കീർത്തിം ദിക്ഷു വിതന്വാനഃ സ രേജ ഉഡുരാഡിവ.

| | | | |
|---|---|---|---|
| തതഃ | അതിൽപ്പിന്നെ | ദിക്ഷു | ദിക്കുകളിലെങ്ങും |
| തദനുഭാവേന | ആ യജ്ഞങ്ങളുടെ പ്രഭാവംകൊണ്ട് | വിതന്വാനഃ | വ്യാപിപ്പിച്ചുകൊണ്ട് |
| ഭുവനത്രയവിശ്രുതാം | മൂന്നുലോകങ്ങളിലും വിഖ്യാതമായ | ഉഡുരാട് ഇവ | നക്ഷത്രേശനായ ചന്ദ്രനെന്നപോലെ |
| കീർത്തിം | യശസ്സിനെ | സഃ രേജേ | അദ്ദേഹം തിളങ്ങി. |

**36. ബുഭുജേ ച ശ്രിയം സ്വദ്ധാം ദ്വിജദേവോപലംഭിതാം**
**കൃതകൃത്യമിവാത്മാനം മന്യമാനോ മഹാമനാഃ**

| | | | |
|---|---|---|---|
| മഹാമനാഃ | അത്യുദാരനായ ബലി ചക്രവർത്തി | ആത്മാനം | തന്നെത്തന്നെ |
| ദ്വിജദേവോ പലംഭിതാം | വിപ്രോത്തമന്മാരാൽ ഉണ്ടാക്കിക്കൊടുക്കപ്പെട്ട | കൃതകൃത്യം ഇവ | കൃതകൃത്യനായെന്ന പോലെ |
| സ്വദ്ധാം | സുസമൃദ്ധമായ | മന്യമാനഃ | ഭാവിച്ചുകൊണ്ട് |
| ശ്രിയം | സാമ്രാജ്യലക്ഷ്മിയെ | ബുഭുജേ ച | അനുഭവിച്ചുവരികയും ചെയ്തു. |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ അഷ്ടമസ്കന്ധേ

മന്വന്തരാനുവർണ്ണനം നാമ

പഞ്ചദശോഽധ്യായഃ

ആദിതഃ ശ്ലോകാഃ 570.

അഷ്ടമസ്കന്ധത്തിൽ പതിനഞ്ചാമധ്യായം കഴിഞ്ഞു.

# ഷോഡശോഽധ്യായഃ – അധ്യായം പതിനാറ്

## കശ്യപൻ അദിതിക്കു നൽകിയ പയോവ്രതോപദേശം

''ഷോഡശേ പുത്രനാശേന ശോചന്ത്യാ അദിതേഃ പതിഃ
പ്രാർത്ഥിതഃ കശ്യപഃ പ്രാഹ പയോവ്രതമിതീര്യതേ''

പുത്രനാശത്താൽ ദുഃഖിതയായ അദിതിക്കു കശ്യപപ്രജാപതി പയോവ്രതം അനുഷ്ഠിക്കുവാനുള്ള പദ്ധതി ഉപദേശിച്ചുകൊടുത്തതു് ഈ പതിനാറാമധ്യായത്തിൽ പ്രതിപാദിക്കുന്നു.

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു–

**1. ഏവം പുത്രേഷു നഷ്ടേഷു ദേവമാതാഽദിതിസ്തദാ**
**ഹൃതേ ത്രിവിഷ്ടപേ ദൈത്യൈഃ പര്യതപ്യദനാഥവത്.**

| | | | |
|---|---|---|---|
| ഏവം | ഇപ്രകാരം | ത്രിവിഷ്ടപേ | ദേവലോകം |
| പുത്രേഷു | സ്വപുത്രന്മാർ | ദൈത്യൈഃ | ദിതിസന്തതികളായ അസുരന്മാരാൽ |
| നഷ്ടേഷു | കാണപ്പെടാതെയാകുകയും | | |

| | |
|---|---|
| ഏതേ | പിടിച്ചുടക്കപ്പെട്ടുകയും സംഭവിച്ചിരിക്കെ, |
| തദാ | അന്നു് |
| ദേവമാതാ | ദേവമാതാവായ |
| അദിതിഃ | അദിതിദേവി |
| അനാഥവത് | അനാഥയെപ്പോലെ |
| പര്യതപ്യത് | ദുഃഖത്തിലാണ്ടുപോയി. |

**2. ഏകദാ കശ്യപസ്തസ്യാ ആശ്രമം ഭഗവാനഗാത്**
**നിരുത്സവം നിരാനന്ദം സമാധേർവിരതശ്ചിരാത്**

| | |
|---|---|
| ഏകദാ | ഒരിക്കൽ |
| ഭഗവാൻ | സർവ്വജ്ഞാനനിധിയായ |
| കശ്യപഃ | കശ്യപമുനി |
| ചിരാത് | ദീർഘകാലമായി അനുഷ്ഠിച്ചുവന്നിരുന്ന |
| സമാധേഃ | സമാധിയിൽനിന്നു് |
| വിരതഃ | വിരമിച്ചവനായിട്ടു് |
| നിരുത്സവം | ആർഭാടശൂന്യവും |
| നിരാനന്ദം | ആനന്ദരഹിതവുമായ |
| തസ്യാഃ | അവളുടെ |
| ആശ്രമം | വാസസ്ഥലത്തേക്കു് |
| അഗാത് | പോയി |

**3. സ പത്നീം ദീനവദനാം കൃതാസനപരിഗ്രഹഃ**
**സഭാജിതോ യഥാന്യായമിദമാഹ കുരൂദ്വഹ.**

| | |
|---|---|
| കുരൂദ്വഹ | ഹേ കുരുവംശോത്തമ! |
| കൃതാസന–പരിഗ്രഹഃ | ഇരിപ്പിടം സ്വീകരിച്ചു് ഉപവിഷ്ടനായും |
| യഥാന്യായം | മുറപ്രകാരം |
| സഭാജിതഃ | സൽകൃതനായും ഭവിച്ച |
| സഃ | അദ്ദേഹം |
| ദീനവദനാം | മുഖത്തിൽ ദീനഭാവം പൂണ്ടുനില്ക്കുന്ന |
| പത്നീം | പത്നിയോടു് |
| ഇദം | ഇങ്ങനെ |
| ആഹ | ചോദിച്ചു. |

കശ്യപൻ അദിതിയുടെ ദീനഭാവം കണ്ടു് ഓരോന്നാശങ്കിച്ചുകൊണ്ടു ചോദിക്കുന്നു. (താഴെ ഏഴുശ്ലോകം കൊണ്ടു്).

**4. അപ്യഭദ്രം ന വിപ്രാണാം ഭദ്രേ ലോകേഽധുനാഽഽഗതം**
**ന ധർമ്മസ്യ ന ലോകസ്യ മൃത്യോശ്ഛന്ദാനുവർത്തിനഃ**

| | |
|---|---|
| ഭദ്രേ | അല്ലയോ സുമംഗലേ! |
| ലോകേ | ലോകത്തിൽ |
| അധുനാ | ഇക്കാലത്തു് |
| വിപ്രാണാം | ബ്രാഹ്മണർക്കു |
| അഭദ്രം | ഒരു കെടുതിയും |
| അപി ന ആഗതം | വന്നുചേർന്നിട്ടില്ലല്ലോ. |
| ധർമ്മസ്യ | വേദോക്തമായ കർമ്മനിഷ്ഠയ്ക്കു് |
| ന | കോട്ടമൊന്നുമില്ലല്ലോ. |
| മൃത്യോഃ | മൃത്യുവിന്റെ |
| ഛന്ദാനു–വർത്തിനഃ | അഭീഷ്ടത്തിനു കീഴ്വഴങ്ങിക്കൊണ്ടിരിക്കുന്ന |
| ലോകസ്യ | ജനനിവഹത്തിനും |
| ന | വിപത്തൊന്നുമില്ലല്ലോ. |

**5.** **അപി വാകുശലം കിഞ്ചിദ് ഗൃഹേഷു ഗൃഹമേധിനി**
**ധർമ്മസ്യാർത്ഥസ്യ കാമസ്യ യത്ര യോഗോ ഹ്യയോഗിനാം**

| | | | |
|---|---|---|---|
| ഗൃഹമേധിനി | അല്ലയോ കുടുംബിനി! | കിഞ്ചിത് | വല്ലതും |
| ഗൃഹേഷു | (നിന്റെ) ഗൃഹസ്ഥ വൃത്തികളിൽ | അപി വാ | ഉണ്ടായോ? |
| | | യത്ര ഹി | യാതൊരു ഈ ഗൃഹസ്ഥ വൃത്തികളിൽത്തന്നെ |
| ധർമ്മസ്യ | ധർമ്മത്തിനോ, | | |
| അർത്ഥസ്യ | അർത്ഥത്തിനോ, | അയോഗിനാം | യോഗികളല്ലാത്തവർക്കു കൂടി |
| കാമസ്യ | കാമത്തിനോ | | |
| അകുശലം | അക്ഷേമംകരമായി | യോഗഃ | യോഗഫലം സിദ്ധമാകുന്നു |

**6.** **അപി വാതിഥയോഽഭ്യേത്യ കുടുംബാസക്തയാ ത്വയാ**
**ഗൃഹാദപൂജിതാ യാതാഃ പ്രത്യുത്ഥാനേന വാ ക്വചിത്.**

| | | | |
|---|---|---|---|
| അപി വാ | അഥവാ, | പ്രത്യുത്ഥാനേന | എഴുന്നേററു വരവേല്ക്കുക എന്ന ശിഷ്ടാചാരത്താൽ |
| അതിഥയഃ | അതിഥികൾ | | |
| അഭ്യേത്യ | വന്നിട്ട്, | അപൂജിതാഃ | ആദരിക്കപ്പെടാതെ |
| കുടുംബാസക്തയാ | കുടുംബകാര്യത്തിൽ ബദ്ധശ്രദ്ധയായിരുന്ന | ക്വചിത് | എപ്പോഴെങ്കിലും |
| | | ഗൃഹാത് | ഗൃഹത്തിൽനിന്നു് |
| ത്വയാ | നിന്നാൽ | യാതാഃ വാ | പോകയുണ്ടായോ? |

**7.** **ഗൃഹേഷു യേഷ്വതിഥയോ നാർച്ചിതാഃ സലിലൈരപി**
**യദി നിര്യാന്തി തേ നൂനം ഫേരുരാജഗൃഹോപമാഃ**

| | | | |
|---|---|---|---|
| യേഷു | ഏതെങ്കിലും | നിര്യാന്തി യദി | ഇറങ്ങിപ്പോകുന്നുണ്ടെങ്കിൽ |
| ഗൃഹേഷു | ഗൃഹങ്ങളിൽ | | |
| അതിഥയഃ | അതിഥികൾ | തേ നൂനം | അവ തീർച്ചയായും |
| സലിലൈഃ അപി | കുടിക്കാനുള്ള വെള്ളം കൊണ്ടെങ്കിലും | ഫേരുരാജഗൃഹോപമാഃ | മുത്തൻകുറുനരിയുടെ മാളത്തിനൊത്തവയാണു്. |
| നാർച്ചിതാഃ | ആദരിക്കപ്പെടാതെ | | |

**8.** **അപ്യഗ്നയസ്തു വേലായാം ന ഹുതാ ഹവിഷാ സതി**
**ത്വയോദ്വിഗ്നധിയാ ഭദ്രേ പ്രോഷിതേ മയി കർഹിചിത്**

| | | | |
|---|---|---|---|
| സതി | ഹേ സുചരിതേ! | പ്രോഷിതേ | വിദൂരത്തെങ്ങാനും പോയിരിക്കുമ്പോൾ |
| ഭദ്രേ | സുമംഗലേ! | | |
| കർഹിചിത് | എപ്പോഴെങ്കിലും | ഉദ്വിഗ്നധിയാ | വ്യാകുലചിത്തയാകാറുള്ള |
| മയി | ഞാൻ | ത്വയാ | നിന്നാൽ |

| | | | |
|---|---|---|---|
| വേലായാം | കൃത്യസമയത്ത് | അപി ന ഹുതാഃ | ഹോമിക്കപ്പെട്ടില്ലെന്നു വന്നുവോ? |
| അഗ്നയഃ തു | ത്രേതാഗ്നികാം | | |
| ഹവിഷാ | ഹവിസ്സിനാൽ | | |

9. യത്പൂജയാ കാമദുഘാൻ യാതി ലോകാൻ ഗൃഹാന്വിതഃ
ബ്രാഹ്മണോഽഗ്നിശ്ച വൈ വിഷ്ണോഃ സർവ്വദേവാത്മനോ മുഖം.

| | | | |
|---|---|---|---|
| യത്പൂജയാ | യാതൊരു അഗ്നിസമാരാധനകൊണ്ട് | ബ്രാഹ്മണഃ | ബ്രാഹ്മണനും |
| ഗൃഹാന്വിതഃ | ഗൃഹസ്ഥാശ്രമി | അഗ്നിഃ ച | അഗ്നിയും |
| കാമദുഘാൻ | സ്വാഭീഷ്ടങ്ങളെ യഥേഷ്ടം ലഭിക്കുന്നതായ | സർവ്വദേവാത്മനഃ | സകല ദേവന്മാരുടെ സ്വരൂപമായ |
| ലോകാൻ | പുണ്യലോകങ്ങളിലേക്കു | വിഷ്ണോഃ | ശ്രീനാരായണന്റെ |
| യാതി | എത്തിച്ചേരുന്നു | മുഖം വൈ | മുഖംതന്നെയാണ്. |

10. അപി സർവ്വേ കുശലിനസ്തവ പുത്രാ മനസ്വിനി
ലക്ഷയേഽസ്വസ്ഥമാത്മാനം ഭവത്യാ ലക്ഷണൈരഹം.

| | | | |
|---|---|---|---|
| മനസ്വിനി | സന്മനസ്സുള്ളവളെ! | ലക്ഷണൈഃ | ലക്ഷണങ്ങൾകൊണ്ട് |
| തവ പുത്രാഃ | നിന്റെ പുത്രന്മാർ | ഭവത്യാഃ | നിന്റെ |
| സർവ്വേ | എല്ലാവരും | ആത്മാനം | മനസ്സിനെ |
| അപി കുശലിനഃ | ക്ഷേമവാന്മാരായിട്ട് ഇരിക്കുന്നില്ലേ? | അസ്വസ്ഥം | സ്വസ്ഥതയില്ലാത്തതായിട്ട് |
| അഹം | ഞാൻ | ലക്ഷയേ | കാണുന്നു. |

അദിതിരുവാച = അദിതി പറഞ്ഞു.

11. ഭദ്രം ദ്വിജഗവാം ബ്രഹ്മൻ ധർമ്മസ്യാസ്യ ജനസ്യ ച
ത്രിവർഗ്ഗസ്യ പരം ക്ഷേത്രം ഗൃഹമേധിൻ ഗൃഹാ ഇമേ

| | | | |
|---|---|---|---|
| ബ്രഹ്മൻ | ഹേ ബ്രഹ്മജ്ഞ! | ഗൃഹമേധിൻ | ഗൃഹസ്ഥധർമ്മങ്ങളിൽ നിലകൊള്ളുന്ന സ്വാമിൻ! |
| ദ്വിജഗവാം | ബ്രാഹ്മണർക്കും പശുക്കൾക്കും | ഇമേ ഗൃഹാഃ | ഈ ഗൃഹസ്ഥാശ്രമം |
| ധർമ്മസ്യ | ഗൃഹസ്ഥധർമ്മത്തിനും | ത്രിവർഗ്ഗസ്യ | ധർമ്മാർത്ഥകാമങ്ങളുടെ |
| അസ്യ ജനസ്യ ച | ഇയ്യുള്ളവൾക്കും | പരം | അത്യുത്തമമായ |
| ഭദ്രം | ക്ഷേമംതന്നെ. | ക്ഷേത്രം | വിളനിലമാണ്. |

12. അഗ്നയോഽതിഥയോ ഭൃത്യാ ഭിക്ഷവോ യേ ച ലിപ്സവഃ
സർവം ഭഗവതോ ബ്രഹ്മന്നനുധ്യാനാന്നരിഷ്യതി.

| | | | |
|---|---|---|---|
| ബ്രഹ്മൻ | ഹേ ബ്രഹ്മജ്ഞ! | ലിപ്സവഃ | അർത്ഥികളും |
| ഭഗവതഃ | നിന്തിരുവടിയുടെ | യേ ച | മററുമായി യാവ |
| അനുധ്യാനാത് | നിരന്തരധ്യാനംമൂലം | | ചിലരുണ്ടോ, |
| അഗ്നയഃ | അഗ്നികളും | സർവം | അതെല്ലാം |
| ഭൃത്യാഃ | ഭൃത്യന്മാരും | ന രിഷ്യതി | ഹാനിയില്ലാതെയി |
| ഭിക്ഷവഃ | ഭിക്ഷുക്കളും | | രിക്കുന്നു. |

13. കോ നു മേ ഭഗവൻ കാമോ ന സംപദ്യേത മാനസഃ
യസ്യാ ഭവാൻ പ്രജാധ്യക്ഷ ഏവം ധർമ്മാൻ പ്രഭാഷതേ

| | | | |
|---|---|---|---|
| ഭഗവൻ | സർവ്വജ്ഞാനനിധേ! | പ്രഭാഷതേ | സവിസ്തരം ചൊല്ലിത്തരു |
| പ്രജാധ്യക്ഷ | പ്രജാപതിയായ | | ന്നുവോ, |
| ഭവാൻ | അങ്ങുന്ന് | മേ | അങ്ങനെയുള്ള എന്റെ |
| യസ്യാഃ | യാതൊരുവൾക്ക് | മാനസഃ | മാനസികമായ |
| | | കോ നു | ഏതൊരു |
| ഏവം | ഈവിധം | കാമഃ | അഭിലാഷമാണ് |
| ധർമ്മാൻ | ധർമ്മങ്ങളെ | ന സംപദ്യേത | നിറവേറാതിരിക്കുക? |

എങ്കിലും നിറവേറേണ്ടുന്ന തന്റെ അഭിലാഷത്തെ ഇനി നാലു ശ്ലോകംകൊണ്ടു പറഞ്ഞു ധരിപ്പിക്കുന്നു–

14. തവൈവ മാരീച മനഃശരീരജാഃ
പ്രജാ ഇമാഃ സത്ത്വരജസ്തമോജുഷഃ
സമോ ഭവാംസ്താസ്വസുരാദിഷു പ്രഭോ
തഥാപി ഭക്തം ഭജതേ മഹേശ്വരഃ

| | | | |
|---|---|---|---|
| മാരീച | ഹേ മരീചിപുത്ര! | ഭവാൻ | അങ്ങുന്ന് |
| സത്ത്വരജ-സ്തമോജുഷഃ | സത്ത്വം, രജസ്സ്, തമസ്സ് എന്നീ വിഭിന്നഗുണങ്ങളോടുകൂടിയ | അസുരാദിഷു | അസുരാദികളായ |
| | | താസു | ആ പ്രജകളിൽ |
| ഇമാഃ പ്രജാഃ | ഈ പ്രജകൾ | സമഃ | ഭേദവിചാരമില്ലാത്ത ആളാണ്. |
| തവ ഏവ | അങ്ങയുടെ തന്നെ | | |
| മനഃ–ശരീരജാഃ | മനഃസങ്കല്പത്തിൽ നിന്നോ ശരീരത്തിൽ നിന്നോ ജനിച്ചവരാകുന്നു. | തഥാപി | എന്നിരിക്കിലും |
| | | മഹേശ്വരഃ | സർവ്വേശ്വരൻകൂടി |
| | | ഭക്തം | ഭജിക്കുന്നവനെ മാത്രമേ |
| പ്രഭോ | ഹേ മഹാനുഭാവ! | ഭജതേ | ഭജിക്കുന്നുള്ളു. |

**15.** **തസ്മാദീശ ഭജന്ത്യാ മേ ശ്രേയശ്ചിന്തയ സുവ്രത**
**ഹൃതശ്രിയോ ഹൃതസ്ഥാനാൻ സപത്നൈഃ പാഹി നഃ പ്രഭോ**

| | |
|---|---|
| തസ്മാത് | അതുകൊണ്ട് |
| ഈശ | അല്ലയോ നാഥ! |
| സുവ്രത | സദ്‌വ്രതങ്ങളിൽ നിഷ്ഠയും ജ്ഞാനവും ഉള്ളോവേ! |
| ഭജന്ത്യാഃ | അങ്ങയെ ഭജിച്ചുകൊണ്ടിരിക്കുന്ന |
| മേ ശ്രേയഃ | എന്റെ നന്മയെ |
| ചിന്തയ | പരിചിന്തിച്ചാലും. |
| പ്രഭോ | ഹേ സർവസമർത്ഥനായുള്ളോവേ! |
| സപത്നൈഃ | ശത്രുക്കളാൽ (സപത്നീപുത്രന്മാരാൽ) |
| ഹൃതശ്രിയഃ | അപഹരിക്കപ്പെട്ട ഐശ്വര്യത്തോടും |
| ഹൃതസ്ഥാനാൻ | അപഹരിക്കപ്പെട്ട വാസസ്ഥലത്തോടും കൂടിയവരുമായ |
| നഃ പാഹി | ഞങ്ങളെ രക്ഷിച്ചാലും. |

**16.** **സപത്നൈർവിവാസിതാ സാഹം മഗ്നാ വ്യസനസാഗരേ**
**ഐശ്വര്യം ശ്രീര്യശഃ സ്ഥാനം ഹൃതാനി പ്രബലൈർമമ**

| | |
|---|---|
| സപത്നൈഃ | ശത്രുക്കളാൽ |
| വിവാസിതാ | ആട്ടിയോടിക്കപ്പെട്ടിരിക്കുന്ന |
| സാ അഹം | ആ ഞാൻ |
| വ്യസനസാഗരേ | ദുഃഖസമുദ്രത്തിൽ |
| മഗ്നാ | നിമഗ്നയാണ്. |
| പ്രബലൈഃ | കരുത്തുകൂടിയ ദൈത്യന്മാരാൽ |
| മമ | എന്റെ |
| ഐശ്വര്യം | ഐശ്വര്യവും, |
| ശ്രീഃ യശഃ | സമ്പത്തും, കീർത്തിയും |
| സ്ഥാനം | പദവിയും |
| ഹൃതാനി | അപഹരിക്കപ്പെട്ടു. |

**17.** **യഥാ താനി പുനഃ സാധോ പ്രപദ്യേരൻ മമാത്മജാഃ**
**തഥാ വിധേഹി കല്യാണം ധിയാ കല്യാണകൃത്തമ**

| | |
|---|---|
| സാധോ | ധർമ്മിഷ്ഠനായുള്ളോവേ! |
| കല്യാണകൃത്തമ | അഭ്യുദയകാരികളിൽ അഗ്രഗണ്യനായുള്ളോവേ! |
| മമ | എന്റെ |
| ആത്മജാഃ | പുത്രന്മാർ |
| പുനഃ താനി | വീണ്ടും അവയെ |
| യഥാ | യാതൊരു വിധത്തിലായാൽ |
| പ്രപദ്യേരൻ | പ്രാപിപ്പാൻ ശക്തരാകാമോ, |
| തഥാ | ആ വിധത്തിലുള്ള |
| കല്യാണം | അഭ്യുദയത്തെ |
| ധിയാ | ബുദ്ധിപൂർവ്വം |
| വിധേഹി | ഉണ്ടാക്കിത്തരണം. |

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു—

18. **ഏവമഭ്യർത്ഥിതോഽദിത്യാ കസ്താമാഹ സ്മയന്നിവ**
**അഹോ മായാബലം വിഷ്ണോഃ സ്നേഹബദ്ധമിദം ജഗത്.**

| | |
|---|---|
| ഏവം | ഇപ്രകാരം |
| അദിത്യാ | അദിതിദേവിയാൽ |
| അഭ്യർത്ഥിതഃ | അഭ്യർത്ഥിക്കപ്പെട്ട |
| കഃ | കശ്യപപ്രജാപതി |
| സ്മയൻ ഇവ | പുഞ്ചിരിതൂകിക്കൊണ്ട് |
| താം ആഹ | അവളോട് പറഞ്ഞു— |
| വിഷ്ണോഃ | "വിഷ്ണുവിന്റെ |
| മായാബലം | മായാവൈഭവം |
| അഹോ | ആശ്ചര്യകരംതന്നെ ! |
| ഇദം ജഗത് | ഈ ജീവലോകം |
| സ്നേഹബദ്ധം | സ്നേഹപാശത്താൽ പരസ്പരം ബന്ധിക്കപ്പെട്ടതാകുന്നു. |

19. **ക്വ ദേഹോ ഭൗതികോഽനാത്മാ ക്വ ചാത്മാ പ്രകൃതേഃ പരഃ**
**കസ്യ കേ പതിപുത്രാദ്യാ മോഹ ഏവ ഹി കാരണം.**

| | |
|---|---|
| ഭൗതികഃ | പഞ്ചഭൂതങ്ങളാൽരൂപം കൊണ്ടതും |
| അനാത്മാ | ആത്മവ്യതിരിക്തവുമായ |
| ദേഹഃ ക്വ | ദേഹമെവിടെ? |
| പ്രകൃതേഃ | പ്രകൃതിയിൽനിന്നും |
| പരഃ | അതീതമായ |
| ആത്മാ ച | ആത്മതത്ത്വവും |
| ക്വ | എവിടെ? |
| കസ്യ കേ | ആക്ക്, ആര് |
| പതിപുത്രാദ്യാഃ | ഭർത്താവും പുത്രന്മാരും മററുമായിട്ടിരിക്കുന്നു? |
| മോഹഃ | മനോവ്യാമോഹം |
| ഏവ ഹി | ഒന്നുമാത്രമാണ് |
| കാരണം | ഈ തോന്നലിന്നു ഹേതു. |

പുത്രസ്നേഹം ഉപേക്ഷിക്കുവാൻവേണ്ടി ചെയ്ത ഈ തത്ത്വോപദേശം അദിതിയെ സംതൃപ്തയാക്കിയില്ലെന്നു കണ്ടപ്പോൾ കശ്യപൻ അവളുടെ ആഗ്രഹനിവൃത്തിക്കുള്ള മാർഗ്ഗം തുടർന്നുപദേശിക്കുന്നു—

20. **ഉപതിഷ്ഠസ്വ പുരുഷം ഭഗവന്തം ജനാർദ്ദനം**
**സർവ്വഭൂതഗുഹാവാസം വാസുദേവം ജഗദ്ഗുരും.**

| | |
|---|---|
| പുരുഷം | ആദിയിൽത്തന്നെപൂർണ്ണനായുള്ളവനും, 1 |
| ഭഗവന്തം | സമഗ്രൈശ്വര്യാദിഷഡ്ഗുണയുക്തനും, 2 |
| ജനാർദ്ദനം | ഭക്തജനങ്ങളുടെ സന്താപഹരനും |
| സർവ്വഭൂത-ഗുഹാവാസം | സകലചരാചരപ്രാണികളുടെയും ഹൃദയാന്തരത്തിൽ വസിക്കുന്നവനും |
| ജഗദ്ഗുരും | സകലലോകൈകഗുരുവും |
| വാസുദേവം | ശുദ്ധസാത്വികമൂർത്തിയായ ശ്രീമഹാവിഷ്ണുവിനെ |
| ഉപതിഷ്ഠസ്വ | ഭജിക്കുക. |

1. ''പൂർവമേവാഹമിഹാസമിതി തത്പുരുഷസ്യ പുരുഷത്വം''
എന്ന് ശ്രുതിവചനം.

2. ''ഐശ്വര്യസ്യ സമഗ്രസ്യ ധർമ്മസ്യ യശസഃ ശ്രിയഃ
ജ്ഞാനവൈരാഗ്യയോശ്ചൈവ ഷണ്ണാം ഭഗ ഇതീരിതഃ''
എന്ന വിഷ്ണുപുരാണം

ആഗ്രഹങ്ങൾ സാധിക്കുവാൻ ബ്രഹ്മരുദ്രാദികളെ ഭജിക്കുകയാണല്ലോ പലരുടെയും പതിവ്, എന്നിരിക്കെ വിഷ്ണുവിനെ ഭജിക്കാനുപദേശിച്ചതെന്തുകൊണ്ട്? ഈ ആശങ്കയെ അടുത്ത ശ്ലോകത്തിൽ പരിഹരിക്കുന്നു—

**21. സ വിധാസ്യതി തേ കാമാൻ ഹരിർദീനാനുകമ്പനഃ
അമോഘാ ഭഗവദ്ഭക്തിർനേതരേതി മതിർമമ.**

| | | | |
|---|---|---|---|
| ദീനാനുകമ്പനഃ | ദീനന്മാരിൽ അനുകമ്പയുള്ള | ഭഗവദ്ഭക്തിഃ | വിഷ്ണുഭഗവാനെ ഉദ്ദേശിച്ചു ചെയ്യുന്ന ഭജനം |
| സഃ ഹരിഃ | ആ ശ്രീനാരായണൻ | അമോഘാ | വിഫലമാകയില്ല. |
| തേ | നിന്റെ | ഇതരാ | മററുള്ളതൊന്നും |
| കാമാൻ | ആഗ്രഹങ്ങളെ | ന | അങ്ങനെയല്ല. |
| വിധാസ്യതി | നിറവേററിത്തരുന്നതാണ്. | ഇതി | എന്നാണ് |
| | | മമ മതിഃ | എന്റെ അഭിപ്രായം.'' |

അദിതിരുവാച = അദിതി ചോദിച്ചു—

**22. കേനാഹം വിധിനാ ബ്രഹ്മന്നുപസ്ഥാസ്യേ ജഗത്പതിം
യഥാ മേ സത്യസങ്കല്പോ വിദധ്യാത് സ മനോരഥം.**

| | | | |
|---|---|---|---|
| ബ്രഹ്മൻ | ബ്രഹ്മജ്ഞനായുള്ളോവേ! | സത്യസങ്കല്പഃ | മനഃസങ്കല്പത്തെ യഥാർത്ഥമാക്കാൻ കഴിവുള്ള |
| അഹം | ഞാൻ | | |
| കേന | ഏതു | സഃ | തന്തിരുവടി |
| വിധിനാ | മുറപ്രകാരം | | |
| ജഗത്പതിം | ജഗദീശ്വരനെ | മേ | എന്റെ |
| ഉപസ്ഥാസ്യേ | ഉപാസിക്കണം? | മനോരഥം | ആഗ്രഹത്തെ |
| യഥാ | യാതൊരു വിധത്തിലായാൽ | വിദധ്യാത് | നിറവേററിത്തരും? |

**23. ആദിശ ത്വം ദ്വിജശ്രേഷ്ഠ വിധിം തദുപധാവനം
ആശു തുഷ്യതി മേ ദേവഃ സീദന്ത്യാഃ സഹ പുത്രകൈഃ**

| | |
|---|---|
| ദ്വിജശ്രേഷ്ഠ | അല്ലയോ ദ്വിജോത്തമ! |
| (യഥാ ച) | ഏതുവിധമായാൽ |
| ദേവഃ | ഭഗവാൻ |
| പുത്രൈഃ | മക്കളോടും |
| സഹ | കൂടെ |
| സീദന്ത്യാഃ | കഷ്ടമനുഭവിക്കുന്ന |
| മേ | എന്റെ പേരിൽ |
| ആശു | അതിവേഗം |
| തുഷ്യതി | പ്രസന്നനാകുമോ |
| (തഥാ) | ആവിധത്തിലുള്ള |
| തദുപ-ധാവനം | ഭഗവാന്റെ ഉപാസനകളുള്ളതായ |
| വിധിം | അനുഷ്ഠാനപ്രകാരത്തെ |
| ത്വം | അങ്ങുന്നു് |
| ആദിശ | ഉപദേശിച്ചുതരിക. |

കശ്യപ ഉവാച = കശ്യപപ്രജാപതി പറഞ്ഞു—

**24. ഏതന്മേ ഭഗവാൻ പൃഷ്ടഃ പ്രജാകാമസ്യ പത്മജഃ**
**യദാഹ തേ പ്രവക്ഷ്യാമി വ്രതം കേശവതോഷണം.**

| | |
|---|---|
| പ്രജാകാമസ്യ | സന്താനാർത്ഥിയായിരുന്ന |
| മേ | എന്നാൽ (ഒരിക്കൽ) |
| പൃഷ്ടഃ | അഭ്യർത്ഥിതനായിട്ടു് |
| ഭഗവാൻ | ഭഗവാനായ |
| പദ്മജഃ | ബ്രഹ്മദേവൻ |
| കേശവ-തോഷണം | വിഷ്ണുപ്രീതിയെ ഉളവാക്കുന്ന |
| യത് വ്രതം | യാതൊരു വ്രതം |
| (മേ) ആഹ | എനിക്കുപദേശിച്ചിരുന്നുവോ, |
| ഏതത് | ഇതിനെ |
| തേ | നിനക്കു് |
| പ്രവക്ഷ്യാമി | പറഞ്ഞുതരാം. |

**25. ഫാല്ഗുനസ്യാമലേ പക്ഷേ ദ്വാദശാഹം പയോവ്രതഃ**
**അർച്ചയേദരവിന്ദാക്ഷം ഭക്ത്യാ പരമയാന്വിതഃ**

| | |
|---|---|
| ഫാല്ഗുനസ്യ | ഫാല്ഗുന (പങ്കുനി) മാസത്തിലെ |
| അമലേ | വെളുത്ത |
| പക്ഷേ | പക്ഷത്തിൽ |
| ദ്വാദശാഹം | പന്ത്രണ്ടുനാൾ |
| പയോവ്രതഃ | പാൽമാത്രം ആഹാരമാക്കിക്കൊണ്ടു് |
| പരമയാ | ഉൽകൃഷ്ടമായ |
| ഭക്ത്യാ | ഭക്തിയോടു |
| അന്വിതഃ | കൂടിയിരുന്നു് |
| അരവിന്ദാക്ഷം | താമരക്കണ്ണനെ |
| അർച്ചയേത് | ആരാധിക്കുക. |

ഈ പയോവ്രതം അനുഷ്ഠിക്കാൻ തുടങ്ങുന്നതിന്റെ തലേനാൾ നിർവ്വഹിക്കേണ്ടുന്ന കൃത്യങ്ങളെ താഴെ 18 ശ്ലോകങ്ങൾകൊണ്ടു പറയുന്നു.

**26. സിനീവാല്യാം മൃദാഽലിപ്യ സ്നായാത് ക്രോഡവിദീർണ്ണയാ**
**യദി ലഭ്യേത വൈ സ്രോതസ്യേതം മന്ത്രമുദീരയേത്.**

സിനീവാല്യാം അമാവാസിനാം,
യദി ലഭ്യേത ഏവ — കിട്ടുവാൻ സാധ്യതയുള്ള പക്ഷം
ക്രോഡ-വിദീർണ്ണയാ — കാട്ടുപന്നി തേററകൊണ്ടു കുത്തിയടത്തിയ
മൃദാ — മണ്ണുകൊണ്ടു്
ആലിപ്യ — മേൽത്തേച്ചു്
സ്രോതസി — ഒഴുക്കുള്ള പുഴയിൽ
സ്നായാത് — കുളിക്കണം.
ഏതം മന്ത്രം — ഈ മന്ത്രത്തെ
ഉദീരയേത് — (അപ്പോൾ) ചൊല്ലുകയും വേണം.

**27.** **ത്വം ദേവ്യാദിവരാഹേണ രസായാഃ സ്ഥാനമിച്ഛതാ**
**ഉദ്ധൃതാസി നമസ്തുഭ്യം പാപ്മാനം മേ പ്രണാശയ.**

ദേവി ത്വം — ഹേ ഭൂദേവി! ഭവതി
സ്ഥാനം — ജീവരാശികളുടെ സംസ്ഥിതിയെ
ഇച്ഛതാ — ഇച്ഛിക്കുന്ന
ആദി-വരാഹേണ — ആദിവരാഹമൂർത്തിയായി രൂപമെടുത്ത ഭഗവാനാൽ
രസായാഃ — രസാതലത്തിൽനിന്നു്
ഉദ്ധൃതാ — പൊക്കിയെടുക്കപ്പെട്ടവൾ
അസി — ആകുന്നു.
തുഭ്യം — ഭവതിക്കു്
നമഃ — നമോവാകം.
മേ — എന്റെ
പാപ്മാനം — പാപത്തെ
പ്രണാശയ — നിശ്ശേഷം നശിപ്പിക്കണേ!

**28.** **നിർവർത്തിതാത്മനിയമോ ദേവമർച്ചേത് സമാഹിതഃ**
**അർച്ചായാം സ്ഥണ്ഡിലേ സൂര്യേ ജലേ വഹ്നൗ ഗുരാവപി.**

നിർവർത്തിതാത്മനിയമഃ — അനന്തരം തന്റെ നിത്യനൈമിത്തിക നിയമങ്ങൾ നിർവഹിച്ചവനായിട്ടു്
സമാഹിതഃ — ഏകാഗ്രമനസ്സോടുകൂടി
ദേവം — ശ്രീനാരായണമൂർത്തിയെ
അർച്ചേത് — പൂജിക്കുക.
അർച്ചായാം — വിഗ്രഹത്തിലോ,
സ്ഥണ്ഡിലേ — തറയിന്മേലോ,
സൂര്യേ — ആദിത്യനിലോ,
ജലേ — ജലത്തിലോ,
വഹ്നൗ — അഗ്നിയിലോ,
ഗുരൗ അപി — ആചാര്യനിലോ (മൂർത്തിയെ ആവാഹിക്കാവുന്നതാണു്.)

ആവാഹനാദികൾക്കുവേണ്ടി ഒമ്പതു മന്ത്രങ്ങൾ താഴെ പറയുന്നു. പാദ്യാദികൾക്കു ദ്വാദശാക്ഷരമന്ത്രം ഉപയോഗിക്കണമെന്നു് വിശേഷവിധിയായി പിന്നെ പറയുന്നുണ്ടു്.

**29.** **നമസ്തുഭ്യം ഭഗവതേ പുരുഷായ മഹീയസേ**
**സർവഭൂതനിവാസായ വാസുദേവായ സാക്ഷിണേ**

ഭഗവതേ — സമഗ്രൈശ്വര്യാദി ഷഡ്ഗുണയുക്തനും
പുരുഷായ — സമസ്തജീവസ്വരൂപനും
മഹീയസേ — സമസ്തജനാദരണീയനും
സർവഭൂത-നിവാസായ — സമസ്തജീവരാശികൾ തന്നിലും, താൻ അവയിലും വസിച്ചുകൊണ്ടിരിക്കുന്നവനും

| | |
|---|---|
| വാസുദേവ | വിശുദ്ധസത്ത്വഗുണൈക ധാമമായി സ്വയം പ്രകാശിക്കുന്നവനും |
| സാക്ഷിണേ | സമസ്തഭൗതികങ്ങളിലും നിർല്ലേപഭാവത്തോടെ സാക്ഷിയായി നില കൊള്ളുന്നവനുമായ |
| തുഭ്യം നമഃ | നിന്തിരുവടിയ്ക്കു നമസ്കാരം. |

**30.** **നമോ വ്യക്തായ സൂക്ഷ്മായ പ്രധാനപുരുഷായ ച**
**ചതുർവിംശദ്ഗുണജ്ഞായ ഗുണസംഖ്യാനഹേതവേ.**

| | |
|---|---|
| വ്യക്തായ | സ്ഥൂലമായും |
| സൂക്ഷ്മായ | സൂക്ഷ്മമായും |
| പ്രധാന-പുരുഷായ | മൂലപ്രകൃതിയായും ജീവാത്മാവുമായും |
| ചതുർവിംശദ്-ഗുണജ്ഞായ | ഇരുപത്തിനാലു ഗുണകാര്യങ്ങളുടെ ജ്ഞാതാവായും |
| ഗുണസം-ഖ്യാന-ഹേതവേ ച നമഃ | ഗുണസംഖ്യാനരൂപമായ സാംഖ്യശാസ്ത്രത്തിന്റെ പ്രവർത്തകനായും സ്ഥിതി ചെയ്യുന്ന നിന്തിരുവടിക്ക് നമസ്കാരം. |

**31.** **നമോ ദ്വിശീർഷ്ണേ ത്രിപദേ ചതുഃശൃംഗായ തന്തവേ**
**സപ്തഹസ്തായ യജ്ഞായ ത്രയീവിദ്യാത്മനേ നമഃ**

| | |
|---|---|
| ദ്വിശീർഷ്ണേ | രണ്ടു ശിരസ്സുകളോടും |
| ത്രിപദേ | മൂന്നു പാദങ്ങളോടും |
| ചതുഃശൃംഗായ | നാലു കൊമ്പുകളോടും |
| സപ്തഹസ്തായ | ഏഴു കൈകളോടും |
| ത്രയീവിദ്യാ-ത്മനേ | വേദമന്ത്രത്തിൽ നിബദ്ധമായ ആത്മസ്വരൂപത്തോടും കൂടിയിരുന്ന് |
| തന്തവേ | കർമ്മഫലങ്ങളെ വിപുലനം ചെയ്യുന്ന |
| യജ്ഞായ | യജ്ഞമൂർത്തിക്കായി |
| നമഃ നമഃ | നമസ്കാരം നമസ്കാരം |

" ചത്വാരി ശൃംഗാ ത്രയോ അസ്യ പാദാ ദ്വേ ശീർഷേ സപ്തഹസ്താസോ അസ്യ
ത്രിധാ ബദ്ധോ വൃഷഭോ രോരവീതി മഹാദേവോ മർത്ത്യാ ആവിശേതി "

എന്ന വേദമന്ത്രത്താൽ പ്രതിപാദിതമായ വൃഷഭത്തിന്റെ രൂപത്തിൽ സങ്കല്പിക്കപ്പെടുന്ന യജ്ഞമൂർത്തിയായ വിഷ്ണുവിനെയാണ് ഇവിടെ സ്മരിച്ചത്. പ്രായണീയം—ഉദയനീയം എന്നീ ഉപക്രമോപസംഹാരകർമ്മങ്ങൾ ആ വിലക്ഷണമായ യജ്ഞവൃഷഭത്തിന്റെ രണ്ടു ശിരസ്സുകളും, ത്രികാലസവനങ്ങൾ മൂന്നു കാലുകളും, ചതുർവേദങ്ങൾ നാലു കൊമ്പുകളും, ഗായത്ര്യാദി സപ്തഛന്ദസ്സുകൾ ഏഴു കൈകളും, ത്രയീ (വേദ) മന്ത്രനിബദ്ധമായ ആത്മഭാവം ത്രിധാബദ്ധത്വവും ആകുന്നു.

**32.** **നമഃ ശിവായ രുദ്രായ നമഃ ശക്തിധരായ ച**
**സർവ്വവിദ്യാധിപതയേ ഭൂതാനാം പതയേ നമഃ**

| | |
|---|---|
| ശിവായ | മംഗലസ്വരൂപനായ ശിവനും |
| രുദ്രായ | ഭീകരമൂർത്തിയായ രുദ്രനും |
| ശക്തിധരായ ച നമഃ നമഃ | സർവ്വ ശക്തികളുടെ സംധാരകനുമായ നിന്തിരുവടിക്ക് അനേകം നമസ്കാരം |
| സർവ്വവിദ്യാധിപതയേ | സമസ്ത വിജ്ഞാനങ്ങളുടെ അധിപതിയും |
| ഭൂതാനാം | ജീവരാശികളുടെ |
| പതയേ | പാലകനുമായ നിന്തിരുവടിക്ക് |
| നമഃ | നമസ്കാരം. |

**33.** **നമോ ഹിരണ്യഗർഭായ പ്രാണായ ജഗദാത്മനേ**
**യോഗൈശ്വര്യശരീരായ നമസ്തേ യോഗഹേതവേ.**

| | |
|---|---|
| ഹിരണ്യഗർഭായ | ഹിരണ്മയമായ പ്രപഞ്ചാണ്ഡത്തിന്റെ അന്തർവർത്തിയായിരുന്ന ബ്രഹ്മാവും |
| പ്രാണായ | ശ്വാസോച്ഛ്വാസ രൂപേണ ചരാചരങ്ങളെ ചേഷ്ടിപ്പിക്കുന്ന ആത്മാവായും |
| ജഗദാത്മനേ | ചരാചരങ്ങളുടെ സ്വരൂപമായും ഇരിക്കുന്ന നിന്തിരുവടിക്ക് |
| നമഃ | നമസ്കാരം. |
| യോഗൈശ്വര്യശരീരായ | യോഗസിദ്ധികളായ അഷ്ടൈശ്വര്യങ്ങളുടെ സ്വരൂപമായും |
| യോഗഹേതവേ | യോഗമാർഗ്ഗപ്രവർത്തകനായും ഇരിക്കുന്ന |
| തേ | നിന്തിരുവടിക്ക് |
| നമഃ | നമസ്കാരം. |

**34.** **നമസ്ത ആദിദേവായ സാക്ഷിഭൂതായ തേ നമഃ**
**നാരായണായ ഋഷയേ നരായ ഹരയേ നമഃ**

| | |
|---|---|
| ആദിദേവായ | ആദിദേവനായ |
| തേ നമഃ | അങ്ങയ്ക്കു നമസ്കാരം. |
| സാക്ഷിഭൂതായ | സർവ്വസാക്ഷിയായ |
| തേ നമഃ | അങ്ങയ്ക്കു നമസ്കാരം. |
| നാരായണായ | നാരായണനെന്നും |
| നരായ | നരനെന്നുമുള്ള |
| ഋഷയേ | ഋഷിയായവതരിച്ച |
| ഹരയേ | ശ്രീഹരിക്ക് |
| നമഃ | നമസ്കാരം. |

**35.** **നമോ മരകതശ്യാമരുചയേഽധിഗതശ്രിയേ**
**കേശവായ നമസ്തുഭ്യം നമസ്തേ പീതവാസസേ.**

| | |
|---|---|
| മരകതശ്യാമരുചയേ | മരകതമണിക്കൊത്ത ശ്യാമള കാന്തിയേന്തിയവനും |
| അധിഗതശ്രിയേ | അതിരുകടന്ന ഊർജ്ജസ്വലതയുള്ളവനുമായ അവിടുത്തേക്ക് |
| നമഃ | നമസ്കാരം |
| കേശവായ | ബ്രഹ്മേശാനവിഷ്ണുശക്തിത്രയസമന്വിതനായ |
| തുഭ്യം | അവിടുത്തേക്ക് |
| നമഃ | നമസ്കാരം |
| പീതവാസസേ | പീതാംബരധാരിയായ |
| തേ | നിന്തിരുവടിക്ക് |
| നമഃ | നമസ്കാരം |

36. ത്വം സർവവരദഃ പുംസാം വരേണ്യ വരദർഷഭ
അതസ്തേ ശ്രേയസേ ധീരാഃ പാദരേണുമുപാസതേ.

| | | | |
|---|---|---|---|
| വരേണ്യ | ഹേ സർവോത്തമ! | അതഃ | ആകയാൽ |
| വരദർഷഭ | വരദാതാക്കളിൽ ശ്രേഷ്ഠനായുള്ളോവേ! | ധീരാഃ | ബുദ്ധിശാലികൾ |
| | | ശ്രേയസേ | ശ്രേയസ്സിനുവേണ്ടി |
| ത്വം | നിന്തിരുവടി | തേ | നിന്തിരുവടിയുടെ |
| പുംസാം | ജനങ്ങൾക്ക് | പാദരേണും | തൃപ്പാദധൂളിയെ |
| സർവവരദഃ | സകലാഭീഷ്ടപ്രദനത്രേ. | ഉപാസതേ | ഉപാസിക്കുന്നു. |

37. അന്വവർത്തന്ത യം ദേവാഃ ശ്രീശ്ച തത്പാദപദ്മയോഃ
സ്പൃഹയന്ത ഇവാമോദം ഭഗവാൻ മേ പ്രസീദതാം.

| | | | |
|---|---|---|---|
| തത്പാദ- പദ്മയോഃ | അങ്ങനെയുള്ള തൃപ്പാദ പദ്മങ്ങളിലെഴുന്ന | ശ്രീഃ ച | ലക്ഷ്മീദേവിയും |
| | | യം | യാതൊരുവനെയാണോ |
| ആമോദം | സുഗന്ധത്തെ | അന്വവർത്തന്ത | അനുവർത്തിക്കുന്നതു് |
| സ്പൃഹയന്തഃ ഇവ | അഭിലഷിച്ചുകൊണ്ടു തന്നെ | (സഃ) ഭഗവാൻ | ആ ഭഗവാൻ |
| | | മേ | എന്നിൽ |
| ദേവാഃ | ദേവന്മാരും | പ്രസീദതാം | പ്രസാദിക്കേണമേ! |

38. ഏതൈർമന്ത്രൈർഹൃഷീകേശമാവാഹനപുരസ്കൃതം
അർച്ചയേച്ഛ്രദ്ധയാ യുക്തഃ പാദ്യോപസ്പർശനാദിഭിഃ

| | | | |
|---|---|---|---|
| ഏതൈഃ | ഇങ്ങനെയുള്ള | പാദ്യോപ- സ്പർശനാദിഭിഃ | പാദ്യം, അർഘ്യം, ആചമനീയം മുതലായവയുടെ അർപ്പണത്താൽ |
| മന്ത്രൈഃ | മന്ത്രങ്ങൾകൊണ്ടു് | | |
| ആവാഹന- പുരസ്കൃതം | ആവാഹനത്തിൽ ആദരിക്കപ്പെട്ട | ശ്രദ്ധയാ | ശ്രദ്ധയോടു |
| | | യുക്തഃ | കൂടിയിരുന്നു് |
| ഹൃഷീകേശം | ശ്രീനാരായണമൂർത്തിയെ | അർച്ചയേത് | അർച്ചിച്ചുകൊള്ളണം. |

39. അർച്ചിത്വാ ഗന്ധമാല്യാദ്യൈഃ പയസാ സ്നപയേദ്വിഭും
വസ്ത്രോപവീതാഭരണ പാദ്യോപസ്പർശനൈസ്തതഃ
ഗന്ധധൂപാദിഭിശ്ചാർച്ചേദ് ദ്വാദശാക്ഷരവിദ്യയാ.

| | | | |
|---|---|---|---|
| ഗന്ധ- മാല്യാദ്യൈഃ | ചന്ദനം, പുഷ്പമാല മുതലായവകൊണ്ടു് | പയസാ | പാലുകൊണ്ടു് |
| | | സ്നപയേത് | അഭിഷേകംചെയ്യണം. |
| വിഭും | ഭഗവാനെ | | |
| അർച്ചിത്വാ | അർച്ചിച്ചശേഷം | തതഃ | അതിൽപ്പിന്നെ |

| | | | |
|---|---|---|---|
| വസ്ത്രോപവീതാ-ഭരണപാദ്യോപ-സ്പർശനാദിഭിഃ | വസ്ത്രം, പൂണനൂൽ, ആഭരണങ്ങൾ, പാദ്യം, ആചമനം മുതലായവകളാലും | ദ്വാദശാക്ഷര-വിദ്യയാ | ''ഓം നമോ ഭഗവതേ വാസുദേവായ'' എന്ന മന്ത്രംകൊണ്ട് |
| ഗന്ധധൂപാ-ദിഭിഃ ച | സുഗന്ധധൂപം മുതലായവകളാലും | അർച്ചേത് | ആരാധിക്കുക. |

**40. ശൃതം പയസി നൈവേദ്യം ശാല്യന്നം വിഭവേ സതി**
**സസർപ്പിഃ സഗുഡം ദത്വാ ജുഹുയാന്മൂലവിദ്യയാ.**

| | | | |
|---|---|---|---|
| വിഭവേ സതി | സാമ്പത്തികമായ കഴിവുണ്ടെങ്കിൽ | സസർപ്പിഃ | നെയ്‌വീഴ്ത്തിയുപസ്തരിച്ച് |
| പയസി | പാലിൽ | നൈവേദ്യം | നിവേദ്യമായിട്ട് |
| ശൃതം | പാകംചെയ്യപ്പെട്ട | ദത്വാ | കൊടുത്തശേഷം |
| ശാല്യന്നം | നെല്ലരിയുടെ ഹവിസ്സ് | മൂലവിദ്യയാ | മൂലമന്ത്രംകൊണ്ട് |
| സഗുഡം | ശർക്കരപ്പൊടിചേർത്ത് | ജുഹുയാത് | അഗ്നിയിൽഹോമിക്കണം. |

**41. നിവേദിതം തദ്ഭക്തായ ദദ്യാദ്ഭുഞ്ജീത വാ സ്വയം**
**ദത്വാഽചമനമർച്ചിത്വാ താംബൂലം ച നിവേദയേത്.**

| | | | |
|---|---|---|---|
| നിവേദിതം | നിവേദിക്കപ്പെട്ട | ആചമനം | ആചമനജലം |
| തത് | ആ പായസാന്നത്തെ | ദത്വാ | അർപ്പിച്ചശേഷം |
| ഭക്തായ | ഒരു ഭഗവദ് ഭക്തന് | അർച്ചിത്വാ | ജലഗന്ധപുഷ്പാദികളാൽ അർച്ചിച്ചിട്ട് |
| ദദ്യാത് | കൊടുക്കണം. | | |
| സ്വയം | താൻതന്നെ | താംബൂലം ച | വെറ്റിലപ്പാക്കും |
| ഭുഞ്ജീത വാ | അനുഭവിക്കുകയുമാവാം. | നിവേദയേത് | നിവേദിക്കണം. |

**42. ജപേദഷ്ടോത്തരശതം സ്തുവീത സ്തുതിഭിഃ പ്രഭും**
**കൃത്വാ പ്രദക്ഷിണം ഭൂമൗ പ്രണമേദ്ദണ്ഡവന്മുദാ.**

| | | | |
|---|---|---|---|
| അഷ്ടോത്തര-ശതം ജപേത് | നൂറ്റെട്ടാവൃത്തി മൂലമന്ത്രം ജപിക്കണം. | പ്രദക്ഷിണം കൃത്വാ | പ്രദക്ഷിണം ചെയ്തതിൽ പ്പിന്നെ |
| | | മുദാ | പ്രസന്നതയോടെ |
| സ്തുതിഭിഃ | സ്തോത്രങ്ങളാൽ | ഭൂമൗ | നിലത്തുവീണ് |
| പ്രഭും | ഭഗവാനെ | ദണ്ഡവത് | സാഷ്ടാംഗമായി |
| സ്തുവീത | സ്തുതിക്കേണ്ടതുമാണ്. | പ്രണമേത് | നമസ്കരിച്ചുകൊള്ളുക. |

**43. കൃത്വാ ശിരസി തച്ഛേഷാം ദേവമുദ്വാസയേത്തതഃ**
**ദ്വ്യവരാൻ ഭോജയേദ്വിപ്രാൻ പായസേന യഥോചിതം.**

| | | | |
|---|---|---|---|
| തച്ഛേഷം | ഭഗൽപ്രസാദമായ നിർമ്മാല്യത്തെ | തതഃ | അതിനുശേഷം |
| ശിരസി | ശിരസ്സിൽ | ദ്വ്യവരാൻ | ചുരുങ്ങിയതു രണ്ടു് |
| കൃത്വാ | എടുത്തുവച്ചു് | വിപ്രാൻ | ബ്രാഹ്മണരെയെങ്കിലും |
| ദേവം | ദേവനെ | യഥോചിതം | ഉചിതംപോലെ |
| ഉദ്വാസയേത് | ഉദ്വസിച്ചുകൊള്ളണം. | പായസേന | പാൽപ്പായസത്തോടുകൂടി |
| | | ഭോജയേത് | ഭുജിപ്പിക്കേണ്ടതാണു്. |

**44.** ഭുഞ്ജീത തൈരനുജ്ഞാതഃ ശേഷം സേഷ്ടഃ സഭാജിതൈഃ
ബ്രഹ്മചാര്യഥ തദ്രാത്ര്യാം ശ്വോഭൂതേ പ്രഥമേഽഹനി

**45.** സ്നാതഃ ശുചിര്യഥോക്തേന വിധിനാ സുസമാഹിതഃ
പയസാ സ്നാപയിത്വാർച്ചേദ് യാവദ്വ്രതസമാപനം

| | | | |
|---|---|---|---|
| സഭാജിതൈഃ | ആദരിച്ചുസൽക്കരിക്കപ്പെട്ട | അഹനി | ദിവസത്തിൽ |
| തൈഃ | ആ ബ്രാഹ്മണരാൽ | ശ്വോഭൂതേ | നേരം പുലർന്നും |
| അനുജ്ഞാതഃ | അനുവദിക്കപ്പെട്ടവനായിട്ടു് | സ്നാതഃ ശുചിഃ | കുളിച്ചു ശുദ്ധിയായിട്ടു് |
| ശേഷം | ശിഷ്ടാന്നത്തെ | യഥോക്തേന | മുൻചൊല്ലപ്പെട്ട |
| സേഷ്ടഃ | ഇഷ്ടജനങ്ങളോടുകൂടി ഇരുന്നു് | വിധിനാ | മുറപ്രകാരം |
| ഭുഞ്ജീത | ഭുജിക്കേണ്ടതാകുന്നു. | സുസമാഹിതഃ | ഏകാഗ്രചിത്തനായി ഭവിച്ചു് |
| അഥ | പിന്നെ | വ്രതസമാപനം | ഈ വ്രതത്തിന്റെ പരിസമാപ്തി |
| തദ്രാത്ര്യാം | അന്നത്തെ രാത്രിയിൽ | യാവത് | വരെക്കും |
| ബ്രഹ്മചാരീ | ബ്രഹ്മചാരിയായിരിക്കണം | പയസാ | പാലുകൊണ്ടു് |
| പ്രഥമേ | ഒന്നാമത്തെ | സ്നാപയിത്വാ | അഭിഷേചനം ചെയ്തു് |
| | | അർച്ചേദ് | അർച്ചന കഴിക്കണം. |

**46.** പയോഭക്ഷോ വ്രതമിദം ചരേദ് വിഷ്ണ്വർച്ചനാദൃതഃ
പൂർവ്വവജ്ജുഹുയാദഗ്നിം ബ്രാഹ്മണാംശ്ചാപി ഭോജയേത്.

| | | | |
|---|---|---|---|
| പയോഭക്ഷഃ | പാലുമാത്രം ആഹാരമാക്കിയും | പൂർവ്വവത് | മുമ്പേത്തേതുപോലെ |
| വിഷ്ണ്വർച്ചനാദൃതഃ | വിഷ്ണുസമാരാധനയിൽ ആദരാന്വിതനായും | അഗ്നിം | അഗ്നിയെ (യിൽ) |
| ഇദം വ്രതം | ഈ വ്രതത്തെ | ജുഹുയാത് | ഹോമിക്കണം |
| ചരേത് | ആചരിക്കണം. | ബ്രാഹ്മണാൻ ച അപി | ബ്രാഹ്മണന്മാരെയും |
| | | ഭോജയേത് | കാൽകഴുകിച്ചൂട്ടണം. |

**47.** ഏവം ത്വഹരഹഃ കുര്യാദ് ദ്വാദശാഹം പയോവ്രതഃ
ഹരേരാരാധനം ഹോമമർഹണം ദ്വിജതർപ്പണം.

| | |
|---|---|
| ഏവം തു | ഈ വിധം |
| അഹരഹഃ | എല്ലാദിവസവും |
| പയോവ്രതഃ | പാലുമാത്രം ആഹാരമാക്കി 'പയോവ്രതി'യായിരുന്നുകൊണ്ട് |
| ദ്വാദശാഹം | പന്ത്രണ്ടുദിവസം |
| ഹരേഃ | മഹാവിഷ്ണുവിന്റെ |
| ആരാധനം | ആരാധനയും |
| ഹോമം | ഹോമവും |
| അർഹണം | പൂജയും |
| ദ്വിജതർപ്പണം | ബ്രാഹ്മണർക്ക് അന്നദാനാദിയും |
| കുര്യാത് | ചെയ്യണം. |

**48. പ്രതിപദ്ദിനമാരഭ്യ യാവച്ഛുക്ലത്രയോദശീ**
**ബ്രഹ്മചര്യമധഃസ്വാപം സ്നാനം ത്രിഷവണം ചരേത്.**

| | |
|---|---|
| പ്രതിപദ്ദിനം | വെളുത്ത പ്രഥമനാൾ |
| ആരഭ്യ | മുതല്ക്ക് |
| യാവത് ശുക്ലത്രയോദശീ | വെളുത്ത ത്രയോദശിനാൾ വരെ |
| ബ്രഹ്മചര്യം | സ്ത്രീസംഗപരിത്യാഗം, |
| അധഃസ്വാപം | താഴത്തുകിടന്നുറങ്ങൽ, |
| ത്രിഷവണം | മൂന്നുനേരവും |
| സ്നാനം | കുളി എന്നിവയെ |
| ചരേത് | ആചരിച്ചുകൊള്ളണം. |

**49. വർജയേദസദാലാപം ഭോഗാനുച്ചാവചാംസ്തഥാ**
**അഹിംസ്രഃ സർവ്വഭൂതാനാം വാസുദേവപരായണഃ**

| | |
|---|---|
| അസദാലാപം | അസജ്ജനങ്ങളോടുള്ള സംഭാഷണത്തെയും |
| തഥാ | അതുപോലെ |
| ഉച്ചാവചാൻ | നാനാതരത്തിലുള്ള |
| ഭോഗാൻ | സുഖാനുഭവങ്ങളെയും |
| വർജയേത് | വിട്ടുകളയണം. |
| സർവ്വഭൂതാനാം | സകലജീവജാലങ്ങളുടെ നേർക്കും |
| അഹിംസ്രഃ | ഹിംസാബുദ്ധിയില്ലാത്തവനായും |
| വാസുദേവപരായണഃ | ശ്രീവാസുദേവാനുധ്യാനത്തിൽ നിരതനായും വർത്തിക്കണം. |

**50. ത്രയോദശ്യാമഥോ വിഷ്ണോഃ സ്നപനം പഞ്ചകൈർവിഭോഃ**
**കാരയേച്ഛാസ്ത്രദൃഷ്ടേന വിധിനാ വിധികോവിദൈഃ**

| | |
|---|---|
| അഥോ | പിന്നെ |
| ത്രയോദശ്യാം | ത്രയോദശി ദിവസം |
| വിഭോഃ | ജഗത്പ്രഭുവായ |
| വിഷ്ണോഃ | ശ്രീമഹാവിഷ്ണുവിന്ന് |
| പഞ്ചകൈഃ | പഞ്ചാമൃതങ്ങൾ കൊണ്ടുള്ള |
| സ്നപനം | അഭിഷേകത്തെ |
| ശാസ്ത്രദൃഷ്ടേന | ശാസ്ത്രങ്ങളിൽ കാണപ്പെട്ടിരിക്കുന്ന |
| വിധിനാ | വിധിപ്രകാരം |
| വിധികോവിദൈഃ | ശാസ്ത്രവിധികളിൽ പരിജ്ഞാനമുള്ളവരെക്കൊണ്ട് |
| കാരയേത് | ചെയ്യിക്കണം. |

51. പൂജാം ച മഹതീം കുര്യാദ് വിത്തശാഠ്യവിവർജിതഃ
ചരും നിരൂപ്യ പയസി ശിപിവിഷ്ടായ വിഷ്ണവേ

52. ശ്രുതേന തേന പുരുഷം യജേത സുസമാഹിതഃ
നൈവേദ്യം ചാതിഗുണവദ്ദദ്യാത് പുരുഷതുഷ്ടിദഃ

| | |
|---|---|
| വിത്തശാഠ്യ-വിവർജിതഃ | ധനവ്യയത്തിൽ ലോഭം കൈവിട്ടുകൊണ്ട് |
| മഹതീം | വിസ്തരിച്ചുള്ള |
| പൂജാം ച | പൂജയേയും |
| കുര്യാത് | ചെയ്യേണ്ടതാണ്. |
| ശിപിവിഷ്ടായ | ദേഹികളിൽ അന്തര്യാമിയായി പ്രവേശിച്ചവനും |
| വിഷ്ണവേ | വിശ്വവ്യാപിയുമായ ഭഗവാനുവേണ്ടി |
| പയസി | പാലിൽ |
| ചരും | ഹവിസ്സിനെ |
| നിരൂപ്യ | ശരിപ്പെടുത്തിയെടുത്ത് |
| സുസമാഹിതഃ | ഏകാഗ്രചിത്തനായി |
| തേന | ആ |
| ശ്രുതേന | പക്വാന്നംകൊണ്ട് |
| പുരുഷം | ഭഗവാനെ സങ്കല്പിച്ച് |
| യജേത | അഗ്നിയിൽ ഹോമിക്കുകയും |
| പുരുഷ-തുഷ്ടിദഃ | ഭഗവാന്ന് സംതൃപ്തിയേകുന്നതും |
| ഗുണവത് | വിഭവസമൃദ്ധവുമായ |
| നൈവേദ്യം | നൈവേദ്യത്തെ |
| ദദ്യാത് | അർപ്പിക്കുകയുംവേണം |

53. ആചാര്യം ജ്ഞാനസമ്പന്നം വസ്ത്രാഭരണധേനുഭിഃ
തോഷയേദൃത്വിജശ്ചൈവ തദ്വിദ്ധ്യാരാധനം ഹരേഃ

| | |
|---|---|
| ജ്ഞാനസമ്പന്നം | ജ്ഞാനസമ്പന്നനായ |
| ആചാര്യം | ആചാര്യനെയും |
| ഋത്വിജഃ ച ഏവ | അതുപോലെ ഋത്വിക്കുകളെയും |
| വസ്ത്രാഭരണ-ധേനുഭിഃ | വസ്ത്രങ്ങൾ, ഭൂഷണങ്ങൾ, പശുക്കൾ എന്നിവ കൊണ്ട് |
| തോഷയേത് | സന്തോഷിപ്പിക്കണം. |
| തത് | അത് |
| ഹരേഃ | ഹരിയുടെ |
| ആരാധനം | ആരാധനമാണെന്ന് |
| വിദ്ധി | അറിഞ്ഞുകൊൾക. |

54. ഭോജയേത് താൻ ഗുണവതാ സദന്നേന ശുചിസ്മിതേ
അന്യാംശ്ച ബ്രാഹ്മണാഞ്ഛക്ത്യാ യേ ച തത്ര സമാഗതാഃ

| | |
|---|---|
| ശുചിസ്മിതേ | നിർമ്മലമായ മന്ദസ്മിതം തൂകിനില്ക്കുന്ന ഹേ പ്രേയസി! |
| താൻ | അവരെ (ആചാര്യനെയും ഋത്വിക്കുകളെയും) |
| ഗുണവതാ | വിഭവസമൃദ്ധമായ |
| സദന്നേന | സാത്വികാഹാരംകൊണ്ട് |
| ഭോജയേത് | ഭുജിപ്പിക്കണം. |
| അന്യാൻ | മറ്റുള്ള |
| ബ്രാഹ്മണാൻ ച | ബ്രാഹ്മണരെയും |
| യേ തത്ര | ആരെല്ലാം അവിടെ |
| സമാഗതാഃ | വന്നുചേർന്നിരുന്നുവോ, |
| (താൻ) ച | അവരെയും |
| ശക്ത്യാ | ശക്തിക്കനുസരിച്ച് |
| (ഭോജയേത്) | ഭുജിപ്പിക്കണം. |

**55.** **ദക്ഷിണാം ഗുരവേ ദദ്യാദൃത്വിഗ്ഭ്യശ്ച യഥാർഹതഃ**
**അന്നാദ്യേനാശ്വപാകാംശ്ച പ്രീണയേത് സമുപാഗതാൻ.**

| | |
|---|---|
| ഗുരവേ | ഗുരുവിനും |
| ഋത്വിഗ്ഭ്യഃ ച | ഋത്വിക്കുകൾക്കും |
| യഥാർഹതഃ | യോഗ്യതാനുസാരം |
| ദക്ഷിണാം | ദക്ഷിണയെ |
| ദദ്യാത് | നല്കേണ്ടതാകുന്നു. |
| സമുപാഗതാൻ | സ്വയം വന്നുചേർന്നിരിക്കുന്നവരായ |
| ആശ്വപാകാൻ ച | സകല ബഹിർജനങ്ങളേയും |
| അന്നാദ്യേന | അന്നദാനാദികൊണ്ട് |
| പ്രീണയേത് | സന്തോഷിപ്പിക്കണം. |

**56.** **ഭുക്തവത്സു ച സർവേഷു ദീനാന്ധകൃപണേഷു ച**
**വിഷ്ണോസ്തത്പ്രീണനം വിദ്വാൻ ഭുഞ്ജീത സഹ ബന്ധുഭിഃ.**

| | |
|---|---|
| ദീനാന്ധകൃപണേഷു ച | ദീനന്മാർ, അന്ധന്മാർ, കൃപണന്മാർ എന്നുതുടങ്ങിയുള്ള |
| സർവേഷു ച | എല്ലാ ജനങ്ങളും |
| ഭുക്തവത്സു | ഭക്ഷണം കഴിച്ചുകഴിഞ്ഞിരിക്കെ, |
| തത് | അത് |
| വിഷ്ണോഃ | വിഷ്ണുവിന് |
| പ്രീണനം | പ്രീതിജനകമാണെന്ന് |
| വിദ്വാൻ | ധരിച്ചുകൊണ്ട് |
| ബന്ധുഭിഃ | വേണ്ടപ്പെട്ടവരോട് |
| സഹ | കൂടിയിരുന്ന് |
| ഭുഞ്ജീത | ഭക്ഷണം കഴിക്കാം |

**57.** **നൃത്യവാദിത്രഗീതൈശ്ച സ്തുതിഭിഃ സ്വസ്തിവാചകൈഃ**
**കാരയേത്തത്കഥാഭിശ്ച പൂജാം ഭഗവതോഽന്വഹം.**

| | |
|---|---|
| അന്വഹം | തുടക്കംമുതൽ എല്ലാദിവസവും |
| ഭഗവതഃ | ഭഗവാന്റെ |
| പൂജാം | ആരാധനയെ |
| നൃത്യവാദിത്രഗീതൈഃ ച | നൃത്തം, വാദ്യം, ഗീതം എന്നിവകൊണ്ടും |
| സ്തുതിഭിഃ | സ്തുതികൾകൊണ്ടും |
| സ്വസ്തിവാചകൈഃ | വേദോക്തങ്ങളായ സ്വസ്തിസൂക്തങ്ങൾകൊണ്ടും |
| കാരയേത് | ചെയ്യിക്കണം. |

**58.** **ഏതത് പയോവ്രതം നാമ പുരുഷാരാധനം പരം**
**പിതാമഹേനോപദിഷ്ടം മയാ തേ സമുദാഹൃതം.**

| | |
|---|---|
| പയോവ്രതം നാമ | ''പയോവ്രതം'' എന്ന പേരിൽ വിഖ്യാതമായ |
| ഏതത് | ഈ |
| പരം | അതിവിശിഷ്ടമായ |
| പുരുഷാരാധനം | വിഷ്ണുപൂജാവിധാനം |
| പിതാമഹേന | ബ്രഹ്മദേവനാൽ |
| ഉപദിഷ്ടം | ഉപദേശിക്കപ്പെട്ടത് |
| മയാ തേ | എന്നാൽ നിനക്കും |
| സമുദാഹൃതം | സവിസ്തരം ഉപദേശിക്കപ്പെട്ടു. |

**59.** **ത്വം ചാനേന മഹാഭാഗേ സമ്യക്ചീർണ്ണേന കേശവം**
**ആത്മനാ ശുദ്ധഭാവേന നിയതാത്മാ ഭജാവ്യയം.**

| | | | |
|---|---|---|---|
| മഹാഭാഗേ | ഹേ സൗഭാഗ്യവതി! | സമ്യക്ചീർണ്ണേന | യഥാവിധി ആചരിക്കപ്പെട്ട |
| ത്വം ച | നീയും | അനേന | ഈ വ്രതത്താൽ |
| നിയതാത്മാ | ആത്മനിയന്ത്രണം സാധിച്ചവളായിട്ട് | അവ്യയം | നിർവികാരാത്മാവായ |
| ശുദ്ധഭാവേന | ഭാവശുദ്ധിയോടുകൂടിയ | കേശവം | വിഷ്ണുഭഗവാനെ |
| ആത്മനാ | അന്തഃകരണത്തോടെ | ഭജ | ഭജിച്ചുകൊൾക. |

**60.** **അയം വൈ സർവ്വയജ്ഞാഖ്യഃ സർവ്വവ്രതമിതി സ്മൃതം**
**തപഃസാരമിദം ഭദ്രേ ദാനം ചേശ്വരതർപ്പണം.**

| | | | |
|---|---|---|---|
| ഭദ്രേ | സുമംഗലേ! | സ്മൃതം | സ്മരിക്കപ്പെട്ടിരിക്കുന്നു. |
| അയം വൈ | ഇതു് | ഇദം | ഇത് |
| സർവ്വയജ്ഞാഖ്യഃ | 'സർവ്വയജ്ഞം' എന്ന പേരിൽ പ്രസിദ്ധമായതത്രേ. | തപഃസാരം | തപസ്സുകളുടെ സാരഭൂതമായതും |
| സർവ്വവ്രതം | 'സർവ്വവ്രതം' | ഈശ്വരതർപ്പണം | ഈശ്വരനു പ്രീതികരമായ |
| ഇതി | എന്നിങ്ങനെയും | ദാനം ച | ത്യാഗവുമാകുന്നു. |

**61.** **ത ഏവ നിയമാഃ സാക്ഷാത്ത ഏവ ച യമോത്തമാഃ**
**തപോ ദാനം വ്രതം യജ്ഞോ യേന തുഷ്യത്യധോക്ഷജഃ**

| | | | |
|---|---|---|---|
| സാക്ഷാത് | ശരിക്കും ഉള്ള | തുഷ്യതി | സന്തുഷ്ടനാകുമോ, |
| നിയമാഃ | നിയമങ്ങൾ | (തത് ഏവ) | അതുതന്നെയാണ് |
| തേ ഏവ | അവതന്നെയാണ്; | തപഃ | തപസ്സും |
| യമോത്തമാഃ ച | ഉത്തമങ്ങളായ യമങ്ങളും | ദാനം | ദാനവും |
| തേ ഏവ | അവതന്നെ | വ്രതം | വ്രതവും |
| യേന | യാതൊന്നുകൊണ്ട് | യജ്ഞഃ | യജ്ഞവും. |
| അധോക്ഷജഃ | ഭഗവാൻ ശ്രീഹരി | | |

**62.** **തസ്മാദേതദ്വ്രതം ഭദ്രേ പ്രയതാ ശ്രദ്ധയാ ചര**
**ഭഗവാൻ പരിതുഷ്ടസ്തേ വരാനാശു വിധാസ്യതി**

| | | | |
|---|---|---|---|
| തസ്മാത് | അതു ഹേതുവായിട്ട് | പ്രയതാ | ജിതേന്ദ്രിയയായിട്ട് |
| ഭദ്രേ | അല്ലയോ സുമംഗലേ! | ശ്രദ്ധയാ | ശ്രദ്ധയോടുകൂടെ |

| | | | |
|---|---|---|---|
| ഏതത് | ഈ | തേ | നിനക്ക് |
| വ്രതം | വ്രതത്തെ | വരാൻ | വരങ്ങളെ |
| ചര | അനുഷ്ഠിച്ചാലും. | | |
| ഭഗവാൻ | ശ്രീവിഷ്ണുഭഗവാൻ | ആശു | അതിശീഘ്രം |
| പരിതുഷ്ടഃ | സന്തുഷ്ടനായി | വിധാസ്യതി | തന്നരുളുന്നതാണ്. |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ അഷ്ടമസ്കന്ധേ

ഷോഡശോऽധ്യായഃ

ആദിതഃ ശ്ലോകാഃ 632.

അഷ്ടമസ്കന്ധത്തിൽ പതിനാറാമദ്ധ്യായം കഴിഞ്ഞു.

# സപ്തദശോऽധ്യായഃ — അധ്യായം പതിനേഴ്

## അദിതിക്കു ഭഗവാൻെറ വരദാനം.

'' തതഃ സപ്തദശേऽദിത്യാ കൃതേ തസ്മിൻ വ്രതേ ഹരിഃ
തത്കാമപുരണായാദൗ തത്പുത്രോऽഭൂദിതീര്യതേ ''

അദിതിയനുഷ്ഠിച്ച പയോവ്രതത്താൽ സന്തുഷ്ടനായ ശ്രീഹരി അവളുടെ അഭീഷ്ടം നിറവേററുവാൻ അവളുടെ പുത്രത്വം സ്വീകരിച്ചതു് ഈ പതിനേഴാമത്തെ അദ്ധ്യായത്തിൽ പറയുന്നു.

ഋഷിരുവാച = ശ്രീ ശുകബ്രഹ്മർഷി പറഞ്ഞു —

1. ഇത്യുക്താ സാദിതീ രാജൻ സ്വഭർത്രാ കശ്യപേന വൈ
അന്വതിഷ്ഠദ്വ്രതമിദം ദ്വാദശാഹമതന്ദ്രിതാ

| | | | |
|---|---|---|---|
| രാജൻ | രാജാവേ! | ഉക്താ | ഉപദിഷ്ടയായിട്ട് |
| സാ അദിതിഃ | ആ അദിതിദേവി | ഇദം വ്രതം | ഈ വ്രതത്തെ |
| സ്വഭർത്രാ | തൻെറ ഭർത്താവായ | ദ്വാദശാഹം | പന്ത്രണ്ടുനാൾ |
| കശ്യപേന | കശ്യപമുനിയാൽ | അതന്ദ്രിതാ | അലസതയില്ലാതെ |
| ഇതി വൈ | ഇപ്രകാരം | അന്വതിഷ്ഠത് | അനുഷ്ഠിച്ചു. |

2. ചിന്തയന്ത്യേകയാ ബുദ്ധ്യാ മഹാപുരുഷമീശ്വരം
പ്രഗൃഹ്യേന്ദ്രിയദുഷ്ടാശ്വാൻ മനസാ ബുദ്ധിസാരഥിഃ

3. മനസ്യൈകാഗ്ര്യയാ ബുദ്ധ്യാ ഭഗവത്യഖിലാത്മനി
വാസുദേവേ സമാധായ ചചാര ഹ പയോവ്രതം.

| | | | |
|---|---|---|---|
| ഈശ്വരം | ലോകനിയന്താവായ | പ്രഗൃഹ്യ | നന്നായൊതുക്കിപ്പിടിച്ചു. |
| മഹാപുരുഷം | പുരുഷോത്തമനെ | അഖിലാത്മനി | സർവ്വാത്മാവും |
| ഏകയാ | ഏകഭാവനയോടുകൂടിയ | ഭഗവതി | സർവൈശ്വര്യാദിഗുണോപേതനുമായ |
| ബുദ്ധ്യാ | ബുദ്ധിയാൽ | വാസുദേവേ | ശ്രീ വാസുദേവനിൽ |
| ചിന്തയന്തീ | ധ്യാനിച്ചുകൊണ്ടു. | ഏകാഗ്ര്യയാ | ഏകനിഷ്ഠമായ |
| ബുദ്ധിസാരഥിഃ | ബുദ്ധിയെസാരഥിയാക്കി | ബുദ്ധ്യാ | ബുദ്ധിയാൽ |
| ഇന്ദ്രിയ-ദുഷ്ടാശ്വാൻ | ഇന്ദ്രിയങ്ങളാവുന്ന വികൃതിക്കുതിരകളെ | മനഃ | ചിത്തത്തെ |
| | | സമാധായ ച | ഊന്നികൊണ്ടു. |
| മനസാ | മനസ്സാവുന്ന കടിഞ്ഞാണുകൊണ്ടു്. | പയോവ്രതം | പയോവ്രതത്തെ |
| | | ചചാര ഹ | അനുഷ്ഠിച്ചുപോൽ. |

4. തസ്യാഃ പ്രാദുരഭൂത്താത ഭഗവാനാദിപൂരുഷഃ
പീതവാസാശ്ചതുർബാഹുഃ ശംഖചക്രഗദാധരഃ

| | | | |
|---|---|---|---|
| താത | വത്സ, പരിക്ഷിത്തേ! | ശംഖചക്ര-ഗദാധരഃ | ശംഖചക്രഗദകളെ ധരിച്ചുകൊണ്ടു് |
| ആദിപൂരുഷഃ | ആദിപുരുഷനായ | | |
| ഭഗവാൻ | വിഷ്ണുഭഗവാൻ | | |
| പീതവാസാഃ | പീതാംബരധാരിയായി | തസ്യാഃ | ആ അദിതിയുടെ മുന്നിൽ |
| ചതുർബാഹുഃ | നാലുതൃക്കരങ്ങളോടുകൂടി | പ്രാദുരഭൂത്. | ആവിർഭവിച്ചു. |

5. തം നേത്രഗോചരം വീക്ഷ്യ സഹസോത്ഥായ സാദരം
നനാമ ഭുവി കായേന ദണ്ഡവത് പ്രീതിവിഹ്വലാ.

| | | | |
|---|---|---|---|
| നേത്രഗോചരം | നേത്രങ്ങൾക്കു വിഷയീഭവിച്ച | പ്രീതി-വിഹ്വലാ | ഭക്തിപ്രേമത്താൽ വിവശയായിത്തീർന്ന അദിതി |
| തം | തന്തിരുവടിയെ | ഭുവി | നിലത്തു് |
| വീക്ഷ്യ | പ്രത്യക്ഷമായി കണ്ടിട്ടു് | കായേന | സ്വദേഹത്താൽ |
| സാദരം | ആദരപൂർവ്വം | | |
| സഹസാ | പെട്ടെന്നു് | ദണ്ഡവത് | ദണ്ഡംപോലെ |
| ഉത്ഥായ | എഴുന്നേററു് | നനാമ | വീണു നമസ്കരിച്ചു. |

6. സോത്ഥായ ബദ്ധാഞ്ജലിരീഡിതും സ്ഥിതാ
നോത്സേഹ ആനന്ദജലാകുലേക്ഷണാ

**ബഭൂവ തൂഷ്ണീം പുളകാകുലാകൃതി-**
**സ്തദ്ദർശനാത്യുത്സവഗാത്രവേപഥുഃ**

| | | | |
|---|---|---|---|
| സാ | ആ ദേവമാതാവ് | ന ഉത്സേഹേ | അതിന്ന ശക്തയായില്ല. |
| ഉത്ഥായ | എഴുന്നേററ് | തദ്ദർശനാ-ത്യുത്സവഗാത്ര വേപഥുഃ | ഭഗവൽസന്ദർശനോല്ലാസത്താൽ സംഭവിച്ച ഗാത്രകമ്പനത്തോടും |
| ബദ്ധാഞ്ജലിഃ | കൂപ്പുകൈയോടുകൂടി | പുളകാ-കുലാകൃതിഃ | രോമാഞ്ചംകൊണ്ട് ആവിലമായ ശരീരത്തോടും കൂടി |
| ഈഡിതും | സ്തുതിക്കുവാൻവേണ്ടി | തൂഷ്ണീം ബഭൂവ | ഒന്നും ഉരിയാടാതെയായി ഭവിച്ചു. |
| സ്ഥിതാ | നിന്നു; (എങ്കിലും) | | |
| ആനന്ദജലാ-കുലേക്ഷണാ | സന്തോഷബാഷ്പത്താൽ ആകുലനേത്രയായി ഭവിച്ചിട്ട് | | |

7. **പ്രീത്യാ ശനൈർഗദ്ഗദയാ ഗിരാ ഹരിം**
**തുഷ്ടാവ സാ ദേവ്യദിതിഃ കുരൂദ്വഹ**
**ഉദീക്ഷതീ സാ പിബതീവ ചക്ഷുഷാ**
**രമാപതിം യജ്ഞപതിം ജഗത്പതിം**

| | | | |
|---|---|---|---|
| കുരൂദ്വഹ | ഹേ കുരുകുലോത്തമ! | തുഷ്ടാവ | സ്തുതിച്ചുതുടങ്ങി. |
| സാ ദേവീ | ആ ദേവിയായ | രമാപതിം | ലക്ഷ്മീകാന്തനും |
| അദിതിഃ | അദിതി | ജഗത്പതിം | വിശ്വൈകനാഥനുമായ |
| പ്രീത്യാ | ആനന്ദവായ്പിനാൽ | യജ്ഞപതിം | ആ യജ്ഞേശ്വരമൂർത്തിയെ |
| ഗദ്ഗദയാ | ഇടറുന്ന | ഉദീക്ഷതീ സാ | ഉററുനോക്കിക്കൊണ്ടിരുന്ന അവൾ |
| ഗിരാ | വാക്കുകൊണ്ട് | ചക്ഷുഷാ | നേത്രംകൊണ്ട് |
| ശനൈഃ | മെല്ലെമെല്ലെ | പിബതി | പാനം ചെയ്യുന്നുവോ |
| ഹരിം | ശ്രീഹരിയെ | ഇവ | എന്നു തോന്നും |

അസുരന്മാർ അതിബലവാന്മാരാണെന്നിരിക്കിലും അവരെ വിനാപ്രയാസം അമർച്ചചെയ്തു് സ്വഭക്തജനത്തെ രക്ഷിക്കുവാൻ ഭഗവാൻ സുശക്തനാണെന്ന പത്തു സംബോധനകളാൽ അഭിവ്യഞ്ജിപ്പിച്ചുകൊണ്ട് അദിതിദേവിചെയ്ത സ്തുതിവചനങ്ങളാണ് ഇനിയുള്ള മൂന്നു പദ്യങ്ങൾ—

അദിതിരുവാച = അദിതിസ്തുതിച്ചുചൊല്ലി

8. **യജ്ഞേശ യജ്ഞപുരുഷാച്യുത തീർത്ഥപാദ**
**തീർത്ഥശ്രവഃ ശ്രവണമംഗലനാമധേയ**
**ആപന്നലോകവൃജിനോപശമോദയാദ്യ**
**ശം നഃ കൃധീശ ഭഗവന്നസി ദീനനാഥഃ**

| | | | |
|---|---|---|---|
| യജ്ഞേശ | ഹേ യജ്ഞപതേ! | ഈശ | വിശ്വനിയന്താവേ! |
| യജ്ഞപുരുഷ | യജ്ഞസ്വരൂപ! | ആദ്യ | ആദിപുരുഷ! |
| അച്യുത | നിർവികാരാത്മാവേ! | ഭഗവൻ | സർവൈശ്വര്യാദിനിധാനമേ! |
| തീർത്ഥപാദ | പാവനപാദപദ്മങ്ങളെഴുന്ന മഹനീയമൂർത്തേ! | നഃ ശം | ഞങ്ങൾക്ക് നന്മ |
| തീർത്ഥശ്രവഃ | അല്ലയോ പുണ്യകീർത്തേ! | കൃധി | ചെയ്യേണമേ! |
| ശ്രവണമംഗലനാമധേയ | ശ്രവണത്താൽത്തന്നെ മംഗളമേകുന്ന തിരുനാമങ്ങളോടുകൂടിയുള്ളോവേ! | (ത്വം) | നിന്തിരുവടി |
| ആപന്നലോകവൃജിനോപശമോദയ | ശരണാഗതന്മാരായ ഭക്തജനങ്ങളുടെ ദുരിതത്തെ ദൂരീകരിക്കുവാൻ ആവിർഭവിക്കുന്ന വിഭോ! | ദീനനാഥഃ | അനാഥർക്കു നാഥനായുള്ളവൻ |
| | | അസി | ആണല്ലോ |

9. വിശ്വായ വിശ്വഭവനസ്ഥിതിസംയമായ
സ്വൈരം ഗൃഹീതപുരുശക്തിഗുണായ ഭൂമ്നേ
സ്വസ്ഥായ ശശ്വദുപബൃംഹിതപൂർണ്ണബോധ-
വ്യാപാദിതാത്മതമസേ ഹരയേ നമസ്തേ

| | | | |
|---|---|---|---|
| വിശ്വായ | വിശ്വസ്വരൂപനും | ഭൂമ്നേ | നിത്യാനന്ദപൂർണ്ണനും |
| വിശ്വഭവനസ്ഥിതിസംയമായ | വിശ്വത്തിന്റെ ഉത്പത്തിസ്ഥിതിലയങ്ങൾക്കു കാരണഭൂതനും | ശശ്വദുപബൃംഹിത- | എന്നെന്നും ഊർജ്ജിതമായി നിലകൊള്ളുന്ന |
| സ്വൈരം | സ്വേച്ഛയാ | പൂർണ്ണബോധവ്യാപാദിതാത്മതമസേ | പൂർണ്ണവിജ്ഞാനത്താൽ എന്നേക്കുമായി അകറ്റപ്പെട്ട തന്നിലെ അജ്ഞാനതിമിരത്തോടു കൂടിയവനും |
| ഗൃഹീതപുരുശക്തിഗുണായ | സ്വീകരിക്കപ്പെട്ട മഹാമായയുടെ ഗുണവൈഭവങ്ങളോടുകൂടിയവനെന്നിരിക്കിലും | ഹരയേ | സംസാരതാപത്തെ സംഹരിക്കുന്നവനുമായ |
| സ്വസ്ഥായ | സ്വാഭാവികമായ നിർഗ്ഗുണാവസ്ഥയിൽ സ്ഥിതിചെയ്യുന്നവനും | തേ നമഃ | അങ്ങേയ്ക്കു നമസ്കാരം. |

10. ആയുഃ പരം വപുരഭീഷ്ടമതുല്യലക്ഷ്മീർ-
ദ്യൗർഭൂരസാഃ സകലയോഗഗുണാസ്ത്രിവർഗ്ഗഃ
ജ്ഞാനം ച കേവലമനന്ത ഭവന്തി തുഷ്ടാത്
ത്വത്തോ നൃണാം കിമു സപത്നജയാദിരാശീഃ

| | |
|---|---|
| അനന്ത | അപരിച്ഛിന്നമൂർത്തേ! |
| പരം | അങ്ങേ അററംവരെയുള്ള |
| ആയുഃ | ആയുസ്സും, |
| അഭീഷ്ടം | ഇച്ഛയ്ക്കൊത്ത |
| വപുഃ | ശരീരവും, |
| അതുല്യലക്ഷ്മീഃ | തുല്യതയില്ലാത്ത സമ്പത്തും, |
| ദ്യൌഭൂരസാഃ | സ്വർഗ്ഗവും, ഭൂമിയും, പാതാളവും, |
| സകല-യോഗഗുണാഃ | യോഗസിദ്ധികളായ അഷ്ടൈശ്വര്യാദി സമസ്ത ഗുണങ്ങളും, |
| ത്രിവർഗ്ഗഃ | ധർമ്മാർത്ഥകാമങ്ങളും |
| കേവലം | അഖണ്ഡമായ |
| ജ്ഞാനം ച | അവബോധവും |
| തുഷ്ടാത് | പ്രസന്നനായി ഭവിച്ച |
| ത്വത്തഃ | നിന്തിരുവടിയിൽനിന്ന് |
| നൃണാം | ജനങ്ങൾക്ക് |
| ഭവന്തി | ഉണ്ടാവുന്നു. |
| സപത്ന-ജയാദിഃ | ശത്രുവിജയം മുതലായുള്ള |
| ആശിഃ | ഇച്ഛാഭിലാഷങ്ങൾ |
| കിമു | ചോദിക്കേണ്ടതുണ്ടോ? |

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു-

11. **അദിത്യൈവം സ്തുതോ രാജൻ ഭഗവാൻ പുഷ്കരേക്ഷണഃ**
**ക്ഷേത്രജ്ഞഃ സർവ്വഭൂതാനാമിതി ഹോവാച ഭാരത.**

| | |
|---|---|
| രാജൻ | അല്ലയോ രാജാവേ! |
| ഭാരത | ഭരതവംശജ! |
| അദിത്യാ | അദിതിയാൽ |
| ഏവം | ഇപ്രകാരം |
| സ്തുതഃ | സ്തുതിക്കപ്പെട്ടവനും |
| സർവ്വഭൂതാനാം | എല്ലാശരീരികളുടെയും |
| ക്ഷേത്രജ്ഞഃ | ശരീരാന്തർഭാഗത്തിൽ ആത്മാവായിരിക്കുന്നവനും |
| പുഷ്കരേക്ഷണഃ | കമലാക്ഷനുമായ |
| ഭഗവാൻ | ശ്രീവിഷ്ണുഭഗവാൻ |
| ഇതി ഹ | ഇങ്ങനെ |
| ഉവാച | അരുളിച്ചെയ്തു. |

ശ്രീ ഭഗവാനുവാച = ഭഗവാനരുളിച്ചെയ്തു-

12. **ദേവമാതർഭവത്യാ മേ വിജ്ഞാതം ചിരകാംക്ഷിതം**
**യത് സപത്നൈർഹൃതശ്രീണാം ച്യാവിതാനാം സ്വധാമതഃ**

| | |
|---|---|
| ദേവമാതഃ | ദേവമാതാവേ! |
| ഭവത്യാഃ | ഭവതിയുടെ |
| ചിര-കാംക്ഷിതം | ദീർഘകാലമായുള്ള മനോഭിലാഷം |
| മേ | എനിക്ക് |
| വിജ്ഞാതം | അറിവുള്ളതാണ്. |
| യത് | യാതൊന്ന് |
| സപത്നൈഃ | ശത്രുക്കളാൽ |
| ഹൃതശ്രീണാം | അപഹരിക്കപ്പെട്ടൈശ്വര്യത്തോടുകൂടിയവരും, |
| സ്വധാമതഃ | സ്വസ്ഥാനത്തുനിന്ന് |
| ച്യാവിതാനാം | ഭ്രഷ്ടരാക്കപ്പെട്ടവരുമായ |
| (പുത്രാണാം) | പുത്രന്മാരെ സംബന്ധിച്ചതാണ്. |

ദേവമാതാവിൻെറ ചിരകാലകാംക്ഷിതമെന്തെന്ന് ഇനി മൂന്നു ശ്ലോകങ്ങൾകൊണ്ടു ഭഗവാൻതന്നെ വ്യക്തമാക്കുന്നു.

13. താൻ വിനിർജിത്യ സമരേ ദുർമ്മദാനസുരർഷഭാൻ
പ്രതിലബ്ധജയശ്രീഭിഃ പുത്രൈരിച്ഛസ്യുപാസിതും.

| | | | |
|---|---|---|---|
| താൻ | ആ | പ്രതിലബ്ധ—ജയശ്രീഭിഃ | വീണ്ടെടുക്കപ്പെട്ട വിജയത്തോടും വിഭവത്തോടും കൂടിയ |
| ദുർമ്മദാൻ | മദക്കെട്ടതിയുള്ള | പുത്രൈഃ | പുത്രരോടൊന്നിച്ച് |
| അസുരർഷഭാൻ | അസുരപുംഗവന്മാരെ | ഉപാസിതും | ഒരിടത്തു സുഖമായിക്കാൻ |
| സമരേ | യുദ്ധത്തിൽ | ഇച്ഛസി | ഭവതി കാംക്ഷിക്കുന്നു. |
| വിനിർജിത്യ | മുററും തോല്പിച്ച് | | |

14. ഇന്ദ്രജ്യേഷ്ഠൈഃ സ്വതനയൈർഹതാനാം യുധി വിദ്വിഷാം
സ്ത്രിയോ രുദന്തീരാസാദ്യ ദ്രഷ്ടുമിച്ഛസി ദുഃഖിതാഃ

| | | | |
|---|---|---|---|
| ഇന്ദ്രജ്യേഷ്ഠൈഃ | ഇന്ദ്രാദികളായ | രുദന്തീഃ | കരഞ്ഞുതൊഴിച്ചുകൊണ്ട്. |
| സ്വതനയൈഃ | സ്വപുത്രന്മാരാൽ | ദുഃഖിതാഃ | ദുഃഖിതകളായിട്ട് |
| യുധി | യുദ്ധത്തിൽ | ആസാദ്യ | അടുത്തണഞ്ഞു് |
| ഹതാനാം | വധിക്കപ്പെട്ട | ദ്രഷ്ടും | കാണുവാൻ |
| വിദ്വിഷാം | ശത്രുക്കളുടെ | | |
| സ്ത്രിയഃ | ഭാര്യമാരെ | ഇച്ഛസി | ഭവതി മോഹിക്കുന്നു. |

15. ആത്മജാൻ സുസമൃദ്ധാംസ്ത്വം പ്രത്യാഹൃത യശഃശ്രിയഃ
നാകപൃഷ്ഠമധിഷ്ഠായ ക്രീഡതോ ദ്രഷ്ടുമിച്ഛസി.

| | | | |
|---|---|---|---|
| ത്വം | ഭവതി | സുസമൃദ്ധാൻ | സുസമ്പന്നന്മാരുമായിട്ട് |
| ആത്മജാൻ | സ്വപുത്രന്മാരെ | നാകപൃഷ്ഠം | സ്വർഗ്ഗലോകത്തെ |
| പ്രത്യാഹൃത-യശഃശ്രിയഃ | തിരികെ പിടിച്ചെടുക്കപ്പെട്ട കീർത്തിയോടും ഐശ്വര്യത്തോടും കൂടിയവരായും | അധിഷ്ഠായ | ആസ്ഥാനമാക്കി |
| | | ക്രീഡതഃ | വിഹരിക്കുന്നതു് |
| | | ദ്രഷ്ടും | കാണുവാൻ |
| | | ഇച്ഛസി | ആഗ്രഹിക്കുന്നു. |

16. പ്രായോഽധുനാ തേഽസുരയൂഥനാഥാ
അപാരണീയാ ഇതി ദേവി മേ മതിഃ

യത്തേഽനുകൂലേശ്വരവിപ്രഗുപ്താ
ന വിക്രമസ്തത്ര സുഖം ദദാതി.

| | | | |
|---|---|---|---|
| ദേവി | അല്ലയോ ദേവി! | തേ അസുര—യൂഥനാഥാഃ | ആ അസുരസംഘനായകന്മാർ |
| അധുനാ | ഈ സന്ദർഭത്തിൽ | | |

| | |
|---|---|
| പ്രായഃ | അധികപക്ഷവും |
| അപാരണീയാഃ ഇതി | അനതിക്രമണീയരായിട്ടാണ് ഇരിക്കുന്നതെന്ന് |
| മേ | എനിക്ക് |
| മതിഃ | അഭിപ്രായമുണ്ട്. |
| യത് തേ | എന്തെന്നാൽ അവർ |
| അനുകൂലേശ്വരവിപ്രഗുപ്താഃ | അനുകൂലസ്ഥാനത്തു നില്ക്കുന്ന കാലത്താലും ബ്രാഹ്മണരാലും സുരക്ഷിതരാണ്. |
| തത്ര | അവിടെ |
| വിക്രമഃ | പരാക്രമം |
| സുഖം ന ദദാതി | സുഖപ്രദമായിരിക്കുകയില്ല. |

17. അഥാപ്യുപായോ മമ ദേവി ചിന്ത്യഃ
സന്തോഷിതസ്യ വ്രതചര്യയാ തേ
മമാർച്ചനം നാർഹതി ഗന്തുമന്യഥാ
ശ്രദ്ധാനുരൂപം ഫലഹേതുകത്വാത്.

| | |
|---|---|
| അഥാപി | എന്നിരിക്കിലും, |
| ദേവി | ഹേ ദേവി! |
| തേ | ഭവതിയുടെ |
| വ്രതചര്യയാ | വ്രതാചരണത്താൽ |
| സന്തോഷിതസ്യ | സന്തോഷിപ്പിക്കപ്പെട്ടവനായ |
| മേ | എനിക്ക് |
| ഉപായഃ | ഒരു പോംവഴി |
| ചിന്ത്യഃ | ചിന്തിക്കപ്പെടേണ്ടതുണ്ട്. |
| ശ്രദ്ധാനുരൂപം | ശ്രദ്ധക്ക് അനുസൃതമായ വിധം |
| ഫലഹേതുകത്വാത് | ഫലം സിദ്ധിക്കുമെന്ന കാരണത്തെ മുൻനിർത്തി, |
| മമ | എനിക്കുവേണ്ടി ചെയ്യു |
| അർച്ചനം | പൂജാനുഷ്ഠാനം |
| അന്യഥാ | മറ്റൊരുപ്രകാരത്തിൽ |
| ഗന്തും | ആയിപ്പോകുവാൻ |
| ന അർഹതി | തരമില്ല. |

18. ത്വയാർച്ചിതശ്ചാഹമപത്യഗുപ്തയേ
പയോവ്രതേനാനുഗുണം സമേധിതഃ
സ്വാംശേന പുത്രത്വമുപേത്യ തേ സുതാൻ
ഗോപ്താസ്മി മാരീച തപസ്യനുഷ്ഠിതഃ

| | |
|---|---|
| ത്വയാ | ഭവതിയാൽ |
| അപത്യഗുപ്തയേ | സ്വപുത്രന്മാരുടെ രക്ഷയ്ക്കു വേണ്ടി |
| പയോവ്രതേന | പയോവ്രതംകൊണ്ട് |
| അനുഗുണം | വിധിയാംവണ്ണം |
| അഹം | ഞാൻ |
| അർച്ചിതഃ ച | ആരാധിക്കപ്പെടുകയും |
| സമേധിതഃ | പ്രസാദിപ്പിക്കപ്പെടുകയും ചെയ്തു. |
| മാരീചതപസി | കശ്യപപ്രജാപതിയുടെ തപോവീര്യത്തിൽ |
| സ്വാംശേന | സ്വകീയാംശത്താൽ |
| അധിഷ്ഠിതഃ | പ്രവിഷ്ടനായി, |
| തേ | ഭവതിയുടെ |
| പുത്രത്വം | പുത്രഭാവത്തെ |
| ഉപേത്യ | പ്രാപിച്ച് |
| തേ | ഭവതിയുടെ |
| സുതാൻ | എല്ലാ പുത്രന്മാരെയും |
| ഗോപ്താസ്മി | ഞാൻ രക്ഷിച്ചുകൊള്ളാം. |

**19.** **ഉപധാവ പതിം ഭദ്രേ പ്രജാപതിമകല്മഷം**
**മാം ച ഭാവയതീ പത്യാവേവം രൂപമവസ്ഥിതം.**

| | | | |
|---|---|---|---|
| ഭദ്രേ | സുമംഗലേ ! | ഭാവയതീ | ഭാവനചെയ്തുകൊണ്ടു് |
| ഏവം രൂപം | ഈ വിധം രൂപത്തോടു കൂടിയ | അകല്മഷം | നിഷ്പാപനും |
| | | പതിം | സ്വഭർത്താവുമായ |
| മാം ച | എന്നെയും | പ്രജാപതിം | കശ്യപപ്രജാപതിയെ |
| പത്യൗ | ഭർത്താവിൽ | ഉപധാവ | സമീപിച്ചുകൊള്ളുക. |

**20.** **നൈതത് പരസ്മാ ആഖ്യേയം പൃഷ്ടയാപി കഥഞ്ചന**
**സർവ്വം സംപദ്യതേ ദേവി ദേവഗുഹ്യം സുസംവൃതം.**

| | | | |
|---|---|---|---|
| ഏതത് | ഇത് (ഈവൃത്താന്തം) | ദേവി | അല്ലയോ ദേവി ! |
| പൃഷ്ടയാ അപി | ചോദിക്കപ്പെട്ടാൽക്കൂടിയും ഭവതിയാൽ | ദേവഗുഹ്യം | ദൈവികരഹസ്യം |
| | | സർവ്വം | മുഴുവനും |
| പരസ്മൈ | മറ്റൊരാൾക്കു് | സുസംവൃതം | തികച്ചും നിഗൂഢമായിരുന്നാലേ |
| കഥഞ്ചന | ഒരുവിധത്തിലും | | |
| ന ആഖ്യേയം | അറിയിക്കപ്പെട്ടുകൂടാ. | സംപദ്യതേ | ഫലപ്രദമാകയുള്ളു |

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു

**21.** **ഏതാവദുക്ത്വാ ഭഗവാംസ്തത്രൈവാന്തരധീയത**
**അദിതിർദുർല്ലഭം ലബ്ധ്വാ ഹരേർജന്മാത്മനി പ്രഭോഃ**
**ഉപാധാവത് പതിം ഭക്ത്യാ പരയാ കൃതകൃത്യവത്**

| | | | |
|---|---|---|---|
| ഏതാവത് | ഇത്രത്തോളം | ആത്മനി | തന്നിൽ |
| ഉക്ത്വാ | അരുളിച്ചെയ്തു് | ലബ്ധ്വാ | ലഭിച്ചിട്ടു് |
| ഭഗവാൻ | ശ്രീ വിഷ്ണുഭഗവാൻ | കൃതകൃത്യവത് | ചരിതാർത്ഥയായി ഭവിച്ചെന്നപോലെ |
| തത്ര ഏവ | അവിടെത്തന്നെ | | |
| അന്തരധീയത | അന്തർദ്ധാനം ചെയ്തു | | |
| അദിതിഃ | അദിതിയാകട്ടെ | പരയാ | അതിയായ |
| പ്രഭോഃ | സർവ്വശക്തനായ | ഭക്ത്യാ | ഭക്തിയോടെ |
| ഹരേഃ | ശ്രീഹരിയുടെ | പതിം | ഭർത്താവിനെ |
| ദുർല്ലഭം | അസുലഭമായ | ഉപാധാവത് | സമീപിച്ചു സേവനം തുടങ്ങി. |
| ജന്മ | അവതാരം | | |

**22.** **സ വൈ സമാധിയോഗേന കശ്യപസ്തദബുധ്യത**
**പ്രവിഷ്ടമാത്മനി ഹരേരംശം ഹ്യവിതഥേക്ഷണഃ**

| | |
|---|---|
| സഃ വൈ | ആ മഹാനുഭാവനായ |
| കശ്യപഃ | കശ്യപപ്രജാപതി |
| ഹരേഃ | ശ്രീഹരിയുടെ |
| അംശം | ആംശികമായ ചൈതന്യം |
| ആത്മനി | തന്നുള്ളിൽ |
| പ്രവിഷ്ടം | പ്രവേശിച്ചതിനെ |
| സമാധി–യോഗേന | സമാധിയോഗത്താൽ |
| തത് | ഉള്ളതിൻവണ്ണം |
| അബുധ്യത | അറിഞ്ഞു. |
| അവിതഥേ–ക്ഷണഃ ഹി | അദ്ദേഹം വ്യർത്ഥിഭവിക്കാത്ത ഉൾക്കാഴ്ചയുള്ള ആളാണല്ലോ. |

**23.** **സോഽദിത്യാം വീര്യമാധത്ത തപസാ ചിരസംഭൃതം**
**സമാഹിതമനാ രാജൻ ദാരുണ്യഗ്നിം യഥാനിലഃ**

| | |
|---|---|
| രാജൻ | അല്ലയോ രാജാവേ! |
| സമാഹിത–മനാഃ സഃ | ഏകാഗ്രഭാവനയോടു കൂടിയ അദ്ദേഹം |
| തപസാ | തപോനിഷ്ഠയാൽ |
| ചിരസംഭൃതം | ബഹുകാലം സംഭരിക്കപ്പെട്ടിരുന്ന |
| വീര്യം | രേതസ്സിനെ, |
| അനിലഃ | വായു |
| ദാരുണി | മരത്തടിയിൽ |
| അഗ്നിം | അഗ്നിയെ |
| യഥാ | എന്നതുപോലെ |
| അദിത്യാം | അദിതിദേവിയിൽ |
| ആധത്ത | ആധാനം ചെയ്തു |

**24.** **അദിതേർധിഷ്ഠിതം ഗർഭം ഭഗവന്തം സനാതനം**
**ഹിരണ്യഗർഭോ വിജ്ഞായ സമീഡേ ഗുഹ്യനാമഭിഃ**

| | |
|---|---|
| സനാതനം | ശാശ്വതമൂർത്തിയായ |
| ഭഗവന്തം | ഭഗവാൻ ശ്രീഹരിയെ |
| അദിതേഃ | അദിതിയുടെ |
| ഗർഭം | ഗർഭത്തെ |
| ധിഷ്ഠിതം | അധിഷ്ഠാനം ചെയ്തവനായിട്ട് |
| വിജ്ഞായ | അറിഞ്ഞ് |
| ഹിരണ്യഗർഭഃ | ബ്രഹ്മദേവൻ |
| ഗുഹ്യനാമഭിഃ | നിഗൂഢാർത്ഥമുള്ള തിരുനാമങ്ങൾകൊണ്ട് |
| സമീഡേ | വാഴ്ത്തിസ്തുതിച്ചു. |

ബ്രഹ്മോവാച = ബ്രഹ്മാവു സ്തുതിച്ചുചൊല്ലി–

**25.** **നമോരുഗായ ഭഗവന്നുരുക്രമ നമോസ്തു തേ**
**നമോ ബ്രഹ്മണ്യദേവായ ത്രിഗുണായ നമോ നമഃ**

| | |
|---|---|
| ഉരുഗായ ഭഗവൻ | ബഹുധാ കീർത്തനീയനായ ഭഗവാനേ! |
| ഉരുക്രമ | ബഹുവിക്രമശാലിൻ ! |
| തേ | അവിടുത്തേക്ക |
| നമഃ അസ്തു | നമോവാകം ഭവിക്കട്ടെ |
| ബ്രഹ്മണ്യ–ദേവായ | വേദത്തിനും വേദജ്ഞന്മാർക്കും ഹിതകാരിയായ ദേവന് |
| നമഃ | നമസ്കാരം |
| ത്രിഗുണായ | സത്ത്വാദി ഗുണത്രയങ്ങളുടെ നിയന്താവായുള്ളവന് |
| നമഃ നമഃ | അനേകം നമസ്കാരം |

26. നമസ്തേ പൃശ്നിഗർഭായ വേദഗർഭായ വേധസേ
ത്രിനാഭായ ത്രിപൃഷ്ഠായ ശിപിവിഷ്ടായ വിഷ്ണവേ.

| | | | |
|---|---|---|---|
| പൃശ്നിഗർഭായ | പൃശ്നിയുടെ അർഭകനായി പിറന്നവനും (1) | ത്രിപൃഷ്ഠായ | മൂന്നുലോകത്തിന്റെയും മുകളിൽ വർത്തിക്കുന്നവനും |
| വേദഗർഭായ | വേദങ്ങളെല്ലാം തന്നുള്ളിലുള്ളവനും | ശിപിവിഷ്ടായ | പ്രാണികളിൽ അന്തര്യാമിയായി പ്രവേശിച്ചവനും (3) |
| വേധസേ | സർവ്വലോകവിധാതാവും (2) | വിഷ്ണവേ | വിശ്വവ്യാപിയുമായ |
| ത്രിനാഭായ | മൂന്നുലോകവും നാഭിയിങ്കലെഴുന്നവനും | തേ | നിന്തിരുവടിക്ക് |
| | | നമഃ | നമസ്കാരം |

1) പൂർവ്വജന്മത്തിൽ അദിതിയുടെ പേർ ''പൃശ്നി'' എന്നായിരുന്നു.

2) 'വേദാഃ ഗർഭേ യസ്യ' എന്നു വിഗ്രഹം.

3) 'ശിപയഃ പശവഃ, ജീവാഃ തേഷു അന്തര്യാമിതയാ പ്രവിഷ്ടഃ = ശിപിവിഷ്ടഃ ശിപികളെന്നാൽ യജ്ഞപശുക്കൾ — ജീവികളെന്നർത്ഥം. അവയിൽ അന്തര്യാമിയായി പ്രവേശിച്ചവൻ

27. ത്വമാദിരന്തോ ഭുവനസ്യ മധ്യ-
മനന്തശക്തിം പുരുഷം യമാഹുഃ
കാലോ ഭവാനാക്ഷിപതീശ വിശ്വം
സ്രോതോ യഥാന്തഃ പതിതം ഗഭീരം.

| | | | |
|---|---|---|---|
| ഭുവനസ്യ | പ്രപഞ്ചത്തിന്റെ | ഈശ | പ്രഭോ! |
| ആദിഃ | തുടക്കമായും | ഗഭീരം | ഊക്കേറുന്ന |
| അന്തഃ | ഒടുക്കമായും | സ്രോതഃ | നീരൊഴുക്ക് |
| മധ്യം | ഇടനിലയായും ഇരിക്കുന്നതു് | അന്തഃ പതിതം | അതിനകത്തുവന്നുവീണ പുല്ലൊടിയെയും മററും |
| ത്വം | അങ്ങുതന്നെ | യഥാ | ഏതുപോലെയോ, അതു പോലെ |
| യം | യാതൊരു അങ്ങയെ | ഭവാൻ | അങ്ങുന്ന് |
| അനന്തശക്തിം | അളവററ ശക്തികളോടു കൂടിയ | കാലഃ | കാലസ്വരൂപനായിട്ട് |
| പുരുഷം | പുരുഷനായിട്ടു | വിശ്വം | പ്രപഞ്ചത്തെ |
| ആഹുഃ | ഉദ്ഘോഷിക്കുന്നു. | ആക്ഷിപതി | എങ്ങോട്ടോ തള്ളിക്കൊണ്ടു പോകുന്നു. |

28. ത്വം വൈ പ്രജാനാം സ്ഥിരജംഗമാനാം
പ്രജാപതീനാമസി സംഭവിഷ്ണുഃ
ദിവൌകസാം ദേവ ദിവശ്ച്യുതാനാം
പരായണം നൌരിവ മജ്ജതോഽപ്സു.

| | | | |
|---|---|---|---|
| ദേവ | പ്രഭോ | അപ്സു | വെള്ളത്തിൽ |
| സ്ഥിര— ജംഗമാനാം | സ്ഥാവരങ്ങളും ജംഗമങ്ങളുമായ | മജ്ജതഃ | ആണ്ടുപോകുന്നവന്ന് |
| പ്രജാനാം | ജീവജാലങ്ങളുടെയും | നൌഃ ഇവ | വഞ്ചിയെന്നപോലെ |
| പ്രജാപതീനാം | പ്രജാപതിമാരുടെയും കൂടി | ദിവഃ | സ്വർഗ്ഗത്തിൽനിന്ന് |
| സംഭവിഷ്ണുഃ | ഉത്പത്തിക്കു കാരണഭൂതനായ | ച്യുതാനാം | ഭ്രംശിച്ചവരായ |
| ത്വം വൈ | അങ്ങുന്നുതന്നെ | ദിവൌകസാം | സ്വർഗ്ഗവാസികൾക്ക് |
| | | പരായണം | ഏകാവലംബമായി |
| | | അസി | ഭവിക്കുന്നു. |

ഇതി ശ്രീമദ് ഭാഗവതേ മഹാപുരാണേ
അഷ്ടമസ്കന്ധേ സപ്തദശോഽധ്യായഃ
ആദിതഃ ശ്ലോകാഃ 660.
അഷ്ടമസ്കന്ധത്തിൽ പതിനേഴാമധ്യായം കഴിഞ്ഞു

# അഷ്ടാദശോഽധ്യായഃ — അധ്യായം പതിനെട്ട്

## വാമനാവതാരം

'' തതസ്ത്വഷ്ടാദശേ ഭൂത്വാ വാമനഃ സത്കൃതോഖിലൈഃ
യജ്ഞം ഗതസ്തതസ്തേന സത്കൃത്യോക്തോ വരാൻ വൃണു ''

ഭഗവാൻ വാമനനായവതരിച്ച് സകലരാലും ആദൃതനായ ശേഷം ബലിയുടെ യജ്ഞശാലയിലേക്കു ഗമിച്ചതും, അവിടെ ബലിയാൽ സ്വാഗതസൽക്കാരം ചെയ്യപ്പെട്ട് അഭീഷ്ടങ്ങളെ വരിച്ചുകൊള്ളുവാൻ ആവശ്യപ്പെട്ടതും മററുമായ സംഭവങ്ങൾ ഈ പതിനെട്ടാമധ്യായത്തിൽ വർണ്ണിക്കപ്പെടുന്നു.

ശ്രീ ശുക ഉവാച = ശ്രീശുകൻ പറഞ്ഞു—

1. ഇത്ഥം വിരിഞ്ചസ്തുതകർമ്മവീര്യ—
പ്രാദുർബഭൂവാമൃതഭൂരദിത്യാം
ചതുർഭുജഃ ശംഖഗദാബ്ജചക്രഃ
പിശംഗവാസാ നളിനായതേക്ഷണഃ

2. ശ്യാമാവദാതോ ഝഷരാജകുണ്ഡല-
ത്വിഷോല്ലസച്ഛ്രീവദനാംബുജഃ പുമാൻ
ശ്രീവത്സവക്ഷാ വലയാംഗദോല്ലസത്-
കിരീടകാഞ്ചീഗുണചാരുനൂപുരഃ

3. മധുവ്രതവ്രാതവിഘുഷ്ടയാ സ്വയാ
വിരാജിതഃ ശ്രീവനമാലയാ ഹരിഃ
പ്രജാപതേർവേശ്മതമഃ സ്വരോചിഷാ
വിനാശയൻ കണ്ഠനിവിഷ്ടകൗസ്തുഭഃ.

| | |
|---|---|
| ഇത്ഥം | ഇപ്രകാരം |
| വിരിഞ്ച്യ-സ്തുത-കർമ്മവീര്യഃ | ബ്രഹ്മാവിനാൽ വാഴ്ത്തപ്പെട്ട കർമ്മവീര്യങ്ങളോടുകൂടിയവനും |
| അമൃതഭുക് | ജനിമൃതികളില്ലാത്തവനും |
| പുമാൻ | പുരുഷോത്തമനുമായ |
| ഹരിഃ | വിഷ്ണുദേവാൻ |
| ചതുർഭുജഃ | നാലു കൈകളോടുകൂടി |
| ശംഖഗദാ-ബ്ജചക്രഃ | ശംഖം, ഗദ, പദ്മം, ചക്രം എന്നിവ ധരിച്ച് |
| പിശംഗവാസാഃ | പീതാംബരധാരിയായും |
| നളിനായതേക്ഷണഃ | താമരദളംപോലെ വിശാലമായ കണ്ണിണയോടുകൂടിയും |
| ശ്യാമാ-വദാതഃ | ശ്യാമളമായ വിശുദ്ധ വർണ്ണത്തോടും |
| ഝഷരാജ-കുണ്ഡല-ത്വിഷാ | മകരാകാരങ്ങളായ കുണ്ഡലങ്ങളുടെ തിളക്കം കൊണ്ട് |
| ഉല്ലസച്ഛ്രീ വദനാം-ബുജഃ | അധികം തിളക്കംകൊള്ളുന്ന മുഖകമലത്തിലെ കാന്തിയോടെയും |
| ശ്രീവത്സ-വക്ഷാഃ | ശ്രീവത്സത്താൽ അങ്കിതമായ തിരുമാറിടത്തോടുകൂടിയും |
| വലയാംഗ-ദോല്ലസത് | കടകം, തോൾവള എന്നിവയോടെ മിന്നിത്തിളങ്ങുന്ന |
| കിരീട- | കിരീടം, |
| കാഞ്ചീ-ഗുണ-ചാരുനൂപുരഃ | പൊന്നരഞ്ഞാൺ, ഭംഗിയുള്ള കാൽത്തള എന്നീ ആഭൂഷണങ്ങളോടുകൂടിയും |
| മധുവ്രത-വ്രാത-വിഘുഷ്ടയാ | വണ്ടുകൾ കൂട്ടം ചേർന്നു ശബ്ദമുഖരിതമാക്കിയിരിക്കുന്ന |
| സ്വയാ | തന്റെ |
| ശ്രീവന-മാലയാ | അഴകാർന്ന വനമാല കൊണ്ട് |
| വിരാജിതഃ | പ്രശോഭിതനായും |
| കണ്ഠനിവിഷ്ട കൗസ്തുഭഃ | കഴുത്തിലണിഞ്ഞ കൗസ്തുഭമണിയോടുകൂടിയും |
| സ്വരോചിഷാ | സ്വദേഹകാന്തിയാൽ |
| പ്രജാപതേഃ | കശ്യപപ്രജാപതിയുടെ |
| വേശ്മതമഃ | ഗൃഹത്തിനകത്തുള്ള ഇരുളിനെ |
| വിനാശയൻ | അകററിക്കൊണ്ട് |
| അദിത്യാം | അദിതിദേവിയിൽ |
| പ്രദുർ-ബഭൂവ | തിരുവവതാരം ചെയ്തു. (പ്രത്യക്ഷീഭവിച്ചു) |

4. ദിശഃ പ്രസേദുഃ സലിലാശയാസ്തദാ
പ്രജാഃ പ്രഹൃഷ്ടാ ഋതവോ ഗുണാന്വിതാഃ

**ദ്യൗരന്തരിക്ഷം ക്ഷിതിരഗ്നിജിഹ്വാ**
**ഗാവോ ദ്വിജാഃ സംജഹൃഷുർ നഗാശ്ച**

| | | | |
|---|---|---|---|
| തദാ | അന്നേരത്തു് | ദ്യൗഃ | സ്വർഗ്ഗവും |
| ദിശഃ | ദിക്കുകളും | അന്തരിക്ഷം | ആകാശവും |
| സലിലാശയാഃ | ജലാശയങ്ങളും | ക്ഷിതിഃ | ഭൂമിയും |
| പ്രസേദുഃ | തെളിഞ്ഞു. | അഗ്നിജിഹ്വാഃ | ദേവകളും |
| പ്രജാഃ | ജനങ്ങളെല്ലാം | ഗാവഃ | പശുക്കളും |
| പ്രഹൃഷ്ടാഃ | സന്തോഷഭരിതരായി. | ദ്വിജാഃ | ബ്രാഹ്മണരും |
| ഋതവഃ | ഋതുക്കളെല്ലാം | നഗാഃ ച | പർവ്വതങ്ങളും |
| ഗുണാന്വിതാഃ | അവയവയുടെ ഗുണം ചേർന്നവയായി. | സംജഹൃഷുഃ | ആനന്ദിച്ചു. |

വാമനാവതാരസമയം അടുത്ത ശ്ലോകം പറയുന്നു—

5. **ശ്രോണായാം ശ്രവണദ്വാദശ്യാം മുഹൂർത്തേഽഭിജിതി പ്രഭുഃ**
**സർവ്വേ നക്ഷത്രതാരാദ്യാശ്ചക്രുസ്തജ്ജന്മ ദക്ഷിണം.**

| | | | |
|---|---|---|---|
| ശ്രവണ-ദ്വാദശ്യാം | 'ശ്രവണദ്വാദശി' ദിവസം (ഭാദ്രപദമാസത്തിലെ വെളുത്ത പക്ഷത്തിൽ തിരുവോണത്തോട് ചേർന്നുവരുന്ന ദ്വാദശി) | (അവതതാര) | അവതരിച്ചു. |
| | | നക്ഷത്ര-താരാദ്യാഃ | നക്ഷത്രങ്ങളും, ഗ്രഹങ്ങളും മുതലായ |
| | | സർവ്വേ | എല്ലാ ജ്യോതിർഗണങ്ങളും |
| ശ്രോണായാം | തിരുവോണത്തിൽ ചന്ദ്രൻ നില്ക്കുമ്പോൾ | തജ്ജന്മ | ഭഗവാന്റെ അവതാരത്തെ |
| അഭിജിതി | 'അഭിജിത്' എന്ന* | | |
| മുഹൂർത്തേ | മുഹൂർത്തത്തിൽ | ദക്ഷിണം | ശുഭാവഹമാക്കി |
| പ്രഭുഃ | ശ്രീ വാമനമൂർത്തി | ചക്രുഃ | ചെയ്തു. |

* തിരുവോണം നക്ഷത്രത്തിന്റെ പ്രഥമപാദം അഭിജിത്തെന്ന ഉപനക്ഷത്രമാകുന്നു. മദ്ധ്യാഹ്നത്തെ സ്പർശിച്ചുകൊണ്ടുള്ള അതിന്റെ രണ്ടു നാഴിക നേരമാണ് ''അഭിജിന്മുഹൂർത്തം''

6. **ദ്വാദശ്യാം സവിതാ തിഷ്ഠന്മധ്യംദിനഗതോ നൃപ**
**വിജയാ നാമ സാ പ്രോക്താ യസ്യാം ജന്മ വിദുർഹരേഃ.**

| | | | |
|---|---|---|---|
| നൃപ | ഹേ രാജൻ! | ഹരേഃ | വിഷ്ണുഭഗവാന്റെ |
| യസ്യാം | യാതൊരു | ജന്മ | വാമനാവതാരമുണ്ടായോ, |
| ദ്വാദശ്യാം | ശ്രവണദ്വാദശിദിവസം | (തത് | ആയതു് |

| | | | |
|---|---|---|---|
| തസ്യാം അഹനി) | അന്നേ ദിവസത്തിൽ പകൽനേരത്തുതന്നെയാണുണ്ടായതെന്നു് | അതിഷ്ഠത് | നിന്നിരുന്നു. |
| വിദുഃ | അറിയുന്നുണ്ടു്. | സാ | ആ ദ്വാദശി |
| സവിതാ | സൂര്യൻ, അപ്പോൾ | വിജയാ | 'വിജയാ' എന്ന വിശേഷണത്തോടെ വിജയദ്വാദശിയായിട്ടു |
| മധ്യംദിനഗതഃ | പകലിന്റെ മധ്യത്തിലേക്കു് (ഉച്ചയിലേക്കു്) എത്തിച്ചേർന്നു് | പ്രോക്താ | പറയപ്പെട്ടുവരുന്നു. |

7. **ശംഖദുന്ദുഭയോ നേദുർമൃദംഗപണവാനകാഃ**
**ചിത്രവാദിത്രതൂര്യാണാം നിർഘോഷസ്തുമുലോഽഭവത്.**

| | | | |
|---|---|---|---|
| ശംഖദുന്ദുഭയഃ | ശംഖുകളും, ചെണ്ടവാദ്യങ്ങളും എന്നിവയും | ചിത്രവാദിത്രതൂര്യാണാം | ഇങ്ങനെ പലതരം വാദ്യങ്ങളുടെയും കൊമ്പു്-കുഴൽ എന്നിവയുടെയും |
| മൃദംഗപണവാനകാഃ | മൃദംഗം, തപ്പു്, പെരുമ്പറ മുതലായ വാദ്യങ്ങളും | തുമുലഃ | ഇടകലർന്നുള്ള |
| | | നിർഘോഷഃ | ശബ്ദകോലാഹലം |
| നേദുഃ | മുഴങ്ങി. | അഭവത് | സംജാതമായി. |

8. **പ്രീതാശ്ചാപ്സരസോഽനൃത്യൻ ഗന്ധർവപ്രവരാഃ ജഗുഃ**
**തുഷ്ടുവുർമുനയോ ദേവാ മനവഃ പിതരോഽഗ്നയഃ**

| | | | |
|---|---|---|---|
| പ്രീതാഃ | സന്തുഷ്ടകളായ | മുനയഃ | മുനിമാരും |
| അപ്സരസഃ | അപ്സരസ്ത്രീകൾ | ദേവാഃ | ദേവന്മാരും |
| അനൃത്യൻ | ആടുകയും | മനവഃ | മനുക്കളും |
| ഗന്ധർവപ്രവരാഃ | പ്രമുഖന്മാരായ ഗന്ധർവന്മാർ | പിതരഃ | പിതൃക്കളും |
| | | അഗ്നയഃ | ത്രേതാഗ്നികളും |
| ജഗുഃ ച | പാടുകയും ചെയ്തു. | തുഷ്ടുവുഃ | സ്തുതിച്ചു. |

9. **സിദ്ധവിദ്യാധരഗണാഃ സകിംപുരുഷകിന്നരാഃ**
**ചാരണാ യക്ഷരക്ഷാംസി സുപർണ്ണാ ഭുജഗോത്തമാഃ**

10. **ഗായന്തോഽതിപ്രശംസന്തോ നൃത്യന്തോ വിബുധാനുഗാഃ**
**അദിത്യാ ആശ്രമപദം കുസുമൈഃ സമവാകിരൻ**

| | | | |
|---|---|---|---|
| സിദ്ധവിദ്യാധരഗണാഃ | സിദ്ധഗണങ്ങളും വിദ്യാധര ഗണങ്ങളും | സകിംപുരുഷകിന്നരാഃ | കിംപുരുഷന്മാരോടും കിന്നരന്മാരോടും ഒത്തുചേർന്നു |

| | | | |
|---|---|---|---|
| ചാരണാഃ | ചാരണന്മാരും | അതി-പ്രശംസന്തഃ | അത്യധികം പുകഴ്ത്തി സ്തുതിച്ചുകൊണ്ടും |
| യക്ഷ-രക്ഷാംസി | യക്ഷന്മാരും രക്ഷസ്സുകളും | നൃത്യന്തഃ | നൃത്തം ചെയ്തുകൊണ്ടും |
| സുപർണ്ണാഃ | ദിവ്യപക്ഷികളും | അദിത്യാഃ | അദിതിയുടെ |
| ഭുജഗോത്തമാഃ | ദിവ്യനാഗങ്ങളും മറ്റുമായ | ആശ്രമപദം | ആശ്രമസ്ഥാനത്തെ |
| ദേവാനുഗാഃ | ദേവാനുചരന്മാർ | കുസുമൈഃ | പുഷ്പങ്ങളെക്കൊണ്ട് |
| ഗായന്തഃ | പാടിക്കൊണ്ടും | സമവാകിരൻ | അഭിവർഷിച്ചു. |

11. ദൃഷ്ട്വാദിതിസ്തം നിജഗർഭസംഭവം
പരം പുമാംസം മുദമാപ വിസ്മിതാ
ഗൃഹീതദേഹം നിജയോഗമായയാ
പ്രജാപതിശ്ചാഹ ജയേതി വിസ്മിതഃ.

| | | | |
|---|---|---|---|
| അദിതിഃ | അദിതിദേവി | പ്രജാപതിഃ ച | കശ്യപപ്രജാപതിയും |
| നിജഗർഭ-സംഭവം | തന്റെ ഗർഭത്തിൽനിന്ന് ആവിർഭവിച്ച | നിജയോഗ-മായയാ | സ്വാധീനത്തിലുള്ള യോഗമായാ വൈഭവത്താൽ |
| തം പരം പുമാംസം | ആ പരമപുരുഷനായ ശ്രീഹരിയെ | ഗൃഹീതദേഹം | ഉടലെടുത്ത (ആ ശ്രീഹരിയെ കണ്ടപ്പോൾ) |
| ദൃഷ്ട്വാ | കണ്ട് | വിസ്മിതഃ | അദ്ഭുതാധീനനായിട്ട് |
| വിസ്മിതാ | അദ്ഭുതാധീനയായി-ച്ചമഞ്ഞു | ജയ | ''പ്രഭോ! ജയിച്ചാലും'' |
| | | ഇതി | എന്നിങ്ങനെ |
| മുദം ആപ | സന്തോഷംകൊണ്ടു. | ആഹ | ഉച്ചരിച്ചു. |

12. യത്തദ്വപുർഭാതിവിഭൂഷണായുധൈ-
രവ്യക്തചിദ് വ്യക്തമധാരയദ്ധരിഃ
ബഭൂവ തേനൈവ സ വാമനോ വടുഃ
സംപശ്യതോർ ദിവ്യഗതിര്യഥാ നടഃ

| | | | |
|---|---|---|---|
| അവ്യക്ത-ചിത് ഹരിഃ | അസ്പഷ്ടമായ ചിദാകാരം മാത്രമായിരിക്കുന്ന ശ്രീഹരി | തേന ഏവ | ആ ശരീരംകൊണ്ടുതന്നെ |
| | | ദിവ്യഗതിഃ | അദ്ഭുതചേഷ്ടയോടു കൂടിയ |
| ഭാതി-വിഭൂഷണാ-യുധൈഃ | ദീപ്തിയാലും, ആഭൂഷണങ്ങളാലും ആയുധങ്ങളാലും | സഃ | അവിടുന്ന് |
| | | സംപശ്യതോഃ | (അദിതിയും കശ്യപനും) നോക്കിനില്ക്കെ, |
| യത് തത് | യാതൊരു തരത്തിലുള്ള | നടഃ യഥാ | നടൻ വേഷം മാറുംപോലെ |
| വ്യക്തം | പ്രസ്പഷ്ടമായ | വാമനഃ | പൊക്കമില്ലാത്ത |
| വപുഃ | ശരീരത്തെ | വടുഃ | ഒരു കുമാരനായിട്ട് |
| അധാരയത് | ധരിച്ചിരുന്നുവോ, | ബഭൂവ | ഭവിച്ചു. |

13. തം വടും വാമനം ദൃഷ്ട്വാ മോദമാനാ മഹർഷയഃ
കർമ്മാണി കാരയാമാസുഃ പുരസ്കൃത്യ പ്രജാപതിം.

| | | | |
|---|---|---|---|
| വാമനം | പൊക്കമില്ലാത്ത | പ്രജാപതിം | കശ്യപപ്രജാപതിയെ |
| തം വടും | ആ ഉണ്ണിയെ | പുരസ്കൃത്യ | മുൻനിർത്തി |
| ദൃഷ്ട്വാ | കണ്ടിട്ട് | കർമ്മാണി | ജാതകർമ്മം മുതലായ വൈദികക്രിയകളെ |
| മോദമാനാഃ | സന്തുഷ്ടരായ | | |
| മഹർഷയഃ | മാമുനിമാർ | കാരയാമാസുഃ | ചെയ്യിച്ചു. |

14. തസ്യോപനീയമാനസ്യ സാവിത്രീം സവിതാബ്രവീത്
ബൃഹസ്പതിർ ബ്രഹ്മസൂത്രം മേഖലാം കശ്യപോഽദദാത്.

| | | | |
|---|---|---|---|
| ഉപനീയമാനസ്യ | ഉപനയനം ചെയ്യപ്പെട്ടുകൊണ്ടിരുന്ന | ബൃഹസ്പതിഃ | ദേവഗുരു |
| | | ബ്രഹ്മസൂത്രം | യജ്ഞോപവീതവും |
| തസ്യ | ആ വാമനവടുവിന് | കശ്യപഃ | കശ്യപപ്രജാപതി (അച്ഛൻ) |
| സവിതാ | സവിതാവ് (സൂര്യൻ) | | |
| സാവിത്രീം | സവിതൃദേവതാകമായ ഗായത്രീമന്ത്രം | മേഖലാം | മേഖലയും (അരയിൽകെട്ടുവാനുള്ള മുഞ്ഞപ്പുൽച്ചരട്) |
| അബ്രവീത് | ചൊല്ലിക്കൊടുത്തു. | അദദാത് | നല്കി. |

15. ദദൗ കൃഷ്ണാജിനം ഭൂമിർദണ്ഡം സോമോ വനസ്പതിഃ
കൗപീനാച്ഛാദനം മാതാ ദ്യൗശ്ഛത്രം ജഗതഃ പതേഃ

| | | | |
|---|---|---|---|
| ഭൂമിഃ | ഭൂമിദേവി | കൗപീനാച്ഛാദനം | അര മറയ്ക്കാനുള്ള കൗപീനവസ്ത്രവും |
| കൃഷ്ണാജിനം | കൃഷ്ണാജിനവും (മാൻതോൽ) | ദ്യൗഃ | അന്തരീക്ഷദേവത |
| | | ഛത്രം | കുടയും |
| വനസ്പതിഃ | വനങ്ങളുടെ അധിപനായ | ജഗതഃ | ലോകത്തിന്റെ |
| സോമഃ | സോമദേവൻ (ചന്ദ്രൻ) | പതേഃ | പാലകനായ വാമനബ്രഹ്മചാരിക്ക് |
| ദണ്ഡം | പലാശദണ്ഡും, | | |
| മാതാ | മാതാവ് (അദിതി) | ദദൗ | കൊടുത്തു. |

16. കമണ്ഡലും വേദഗർഭഃ കുശാൻ സപ്തർഷയോ ദദുഃ
അക്ഷമാലാം മഹാരാജ സരസ്വത്യവ്യയാത്മനഃ

| | | | |
|---|---|---|---|
| മഹാരാജ | മഹാരാജാവേ! | കമണ്ഡലും | ജലപാത്രവും, |
| വേദഗർഭഃ | ബ്രഹ്മദേവൻ | സരസ്വതീ | ബ്രഹ്മാണി |

| | | | |
|---|---|---|---|
| അക്ഷമാലാം | ജപമാലയും, | അവ്യയാത്മനഃ | നിർവികാര സ്വരൂപനായ വാമനന്ന് |
| സപ്തർഷയഃ | സപ്തർഷികൾ | | |
| കുശാൻ | ദർഭകളും | ദദുഃ | നല്കി. |

**17.** **തസ്മാ ഇത്യുപനീതായ യക്ഷരാട് പാത്രികാമദാത്**
**ഭിക്ഷാം ഭഗവതീ സാക്ഷാദുമാദാദംബികാ സതീ.**

| | | | |
|---|---|---|---|
| ഇതി | ഇപ്രകാരം | സതീ | സാധ്വീരത്നവും |
| ഉപനീതായ | ഉപനയിക്കപ്പെട്ട കഴിഞ്ഞ | അംബികാ | ലോകമാതാവും |
| | | സാക്ഷാത് | സ്വയം |
| തസ്മൈ | ആ ബ്രഹ്മചാരിക്ക് | ഭഗവതീ | അന്നപൂർണ്ണേശ്വരിയുമായ |
| യക്ഷരാട് | കുബേരൻ | ഉമാ | ഉമാദേവി |
| പാത്രികാം | ഭിക്ഷാപാത്രത്തെ | ഭിക്ഷാം | ഭിക്ഷയെയും |
| അദാത് | പ്രദാനംചെയ്തു. | അദാത് | പ്രദാനം ചെയ്തു. |

**18.** **സ ബ്രഹ്മവർച്ചസേനൈവം സഭാം സംഭാവിതോ വടുഃ**
**ബ്രഹ്മർഷിഗണ സംജുഷ്ടാമത്യരോചത മാരിഷഃ.**

| | | | |
|---|---|---|---|
| ഏവം | ഇപ്രകാരം | സഭാം | സദസ്സിനെ |
| സംഭാവിതഃ | സമാദൃതനായി ഭവിച്ച | | |
| മാരിഷഃ | വിശിഷ്ടനായ | ബ്രഹ്മവർച്ചസേന | തന്റെ ബ്രഹ്മതേജസ്സു കൊണ്ട് |
| സഃ വടുഃ | ആ ബ്രഹ്മചാരി | | |
| ബ്രഹ്മർഷിഗണസംജുഷ്ടാം | ബ്രഹ്മർഷി സമൂഹത്താൽ സംസേവിതമായ | അത്യരോചത | കൂടുതൽ പ്രകാശമാനമാക്കി. |

**19.** **സമിദ്ധമാഹിതം വഹ്നിം കൃത്വാ പരിസമൂഹനം**
**പരിസ്തീര്യ സമഭ്യർച്ച്യ സമിദ്ഭിരജുഹോദ്ദ്വിജഃ**

| | | | |
|---|---|---|---|
| ദ്വിജഃ | ഉപനയന സംസ്കാരത്താൽ ദ്വിജനായിഭവിച്ച വാമന ഭഗവാൻ. | പരിസ്തീര്യ | ചുററിലും ദർഭ വിരിച്ച്, |
| | | സമഭ്യർച്ച്യ | ജലഗന്ധപുഷ്പാക്ഷതങ്ങളാൽ ആരാധിച്ച് |
| ആഹിതം | കുണ്ഡത്തിൽ സ്ഥാപിച്ച് | | |
| സമിദ്ധം | മേലെരിയിട്ടു കത്തിച്ച | സമിദ്ഭിഃ | സമിത്തുകൾ (ചമതക്കൊല്ലുകൾ) കൊണ്ട് |
| വഹ്നിം | അഗ്നിയെ | | |
| പരിസമൂഹനംകൃത്വാ | ചുററും ജലം തൂവി മെഴുകിത്തുടച്ച്, | അജുഹോത് | ഹോമിച്ചു |

20. ശ്രുത്വാശ്വമേധൈര്യജമാനമൂർജിതം
ബലിം ഭൃഗൂണാമുപകല്പിതൈസ്തതഃ
ജഗാമ തത്രാഖിലസാരസംഭൃതോ
ഭാരേണ ഗാം സന്നമയൻ പദേ പദേ.

| | | | |
|---|---|---|---|
| തതഃ | അനന്തരം, | ശ്രുത്വാ | കേട്ടിട്ട് |
| ഭൃഗൂണാം | ഭൃഗുവംശക്കാരായ ശുക്രാദികളുടെ | തത്ര | ആ സ്ഥലത്തേക്ക് |
| ഉപ-കല്പിതൈഃ | ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന | അഖിലസാര-സംഭൃതഃ ഭാരേണ | സമസ്തബലവീര്യങ്ങളാലും സമ്പൂർണ്ണനായ ശ്രീവാമനൻ സ്വശരീരഭാരത്താൽ |
| അശ്വ-മേധൈഃ | അനേകം അശ്വമേധയാഗങ്ങൾകൊണ്ട് | | |
| യജമാനം | യജിച്ചുകൊണ്ടിരിക്കുന്നവനും | പദേ പദേ | ഓരോ അടിവെപ്പിലും |
| ഊർജിതം | സമൃദ്ധിശാലിയുമായ | ഗാം | ഭൂമിയെ |
| ബലിം | ബലിചക്രവർത്തിയെപ്പററി | സന്നമയൻ | കുനിച്ചുകൊണ്ട് |
| | | ജഗാമ | യാത്രയായി |

21. തം നർമ്മദായാസ്തട ഉത്തരേ ബലേ-
ര്യ ഋത്വിജസ്തേ ഭൃഗുകച്ഛസംജ്ഞകേ
പ്രവർത്തയന്തോ ഭൃഗവഃ ക്രതൂത്തമം
വ്യചക്ഷതാരാദുദിതം യഥാ രവിം.

| | | | |
|---|---|---|---|
| നർമ്മദായാഃ | നർമ്മദാനദിയുടെ | ഭൃഗവഃ | ഭൃഗുവംശ ബ്രാഹ്മണർ |
| ഉത്തരേ | വടക്കെ | യേ | ആരെല്ലാമായിരുന്നുവോ, |
| തടേ | കരയിലുള്ള | തേ | അവർ |
| ഭൃഗുകച്ഛ-സംജ്ഞകേ | 'ഭൃഗുകച്ഛം' എന്നുപേരായ പുണ്യസ്ഥലത്ത് | ആരാത് | സമീപത്തിൽത്തന്നെ |
| ബലേഃ | മഹാബലിയുടെ | ഉദിതം | ഉദിച്ചുയർന്ന |
| ഋത്വിജഃ | ഋത്വിക്കുകളായി | രവിം യഥാ | സൂര്യനെപ്പോലെയുള്ള |
| ക്രതൂത്തമം | മഹായജ്ഞത്തെ | തം | ആ ബ്രഹ്മചാരിയെ |
| പ്രവർത്തയന്തഃ | നടത്തിച്ചുകൊണ്ടിരുന്ന | വ്യചക്ഷത | നിരീക്ഷിച്ചു. |

22. ത ഋത്വിജോ യജമാനഃ സദസ്യാ-
ഹതത്വിഷോ വാമനതേജസാ നൃപ
സൂര്യഃ കിലായാത്യുത വാ വിഭാവസുഃ
സനത്കുമാരോഽഥ ദിദൃക്ഷയാ ക്രതോഃ

| | |
|---|---|
| നൃപ | രാജാവേ! |
| തേ ഋത്വിജഃ | ആ ഋത്വിക്കുകളായ ആചാര്യന്മാരും |
| യജമാനഃ | യജ്ഞം നിർവ്വഹിക്കുന്ന മഹാബലിയും |
| സദസ്യാഃ | സദസ്യരായ യജ്ഞസഹകാരികളും |
| വാമന– തേജസാ | വാമനമൂർത്തിയുടെ തേജസ്സിനാൽ |
| ഹതത്വിഷഃ | കാന്തിയററവരായി ഭവിച്ചു. |
| ക്രതോഃ | "യജ്ഞത്തിന്റെ |
| ദിദൃക്ഷയാ | ദർശനൗത്സുക്യത്താൽ |
| സൂര്യഃ കില | സൂര്യൻപോലും |
| ആയാതി | വന്നതായിരിക്കുമോ? |
| ഉത വാ | അതല്ലെങ്കിൽ |
| വിഭാവസുഃ | അഗ്നിദേവനാണോ? |
| അഥ | ഒരുപക്ഷേ |
| സനത്– കുമാരഃ | സനൽകുമാരമുനിയാണെന്നുവരുമോ" |
| (വ്യതർക്കയൻ) | അവർ പലതരത്തിൽ ഊഹിച്ചുതുടങ്ങി. |

**23.** ഇത്ഥം സശിഷ്യേഷു ഭൃഗുഷ്വനേകധാ
വിതർക്ക്യമാണോ ഭഗവാൻ സ വാമനഃ
ഛത്രം സദണ്ഡം സജലം കമണ്ഡലും
വിവേശ ബിഭ്രദ്ധയമേധവാടം.

| | |
|---|---|
| ഇത്ഥം | ഈവിധം |
| സശിഷ്യേഷു | ശിഷ്യസമേതരായ |
| ഭൃഗുഷു | ഭാർഗ്ഗവന്മാർക്കിടയിൽ |
| അനേകധാ | പലതരത്തിൽ |
| വിതർക്ക്യ– മാണഃ | അഭ്യൂഹിക്കപ്പെട്ടു കൊണ്ടിരുന്ന |
| സഃ | ആ |
| വാമനഃ | വാമനമൂർത്തിയായ |
| ഭഗവാൻ | വിഷ്ണുഭഗവാൻ |
| സദണ്ഡം | പാലാശദണ്ഡിനോടുകൂടെ |
| ഛത്രം | കുടയെയും |
| സജലം | ജലത്തോടുകൂടെ |
| കമണ്ഡലും | കമണ്ഡലുവിനെയും |
| ബിഭ്രത് | ധരിച്ചുകൊണ്ട് |
| ഹയമേധ– വാടം | അശ്വമേധയാഗം നടത്തുന്ന വേദിയിലേക്കു |
| വിവേശ | പ്രവേശിച്ചു. |

**24.** മൗഞ്ജ്യാ മേഖലയാ വീതമുപവീതാജിനോത്തരം
ജടിലം വാമനം വിപ്രം മായാമാണവകം ഹരിം

**25.** പ്രവിഷ്ടം വീക്ഷ്യ ഭൃഗവഃ സശിഷ്യാസ്തേ സഹാഗ്നിഭിഃ
പ്രത്യഗൃഹ്ണൻ സമുത്ഥായ സംക്ഷിപ്താസ്തസ്യ തേജസാ–

| | |
|---|---|
| മൗഞ്ജ്യാ | മുഞ്ഞപ്പുല്ലുകൊണ്ടു പിരിച്ചുണ്ടാക്കിയ |
| മേഖലയാ | മേഖലച്ചരടുകൊണ്ട് |
| വീതം | അരയിൽ ചുററിക്കെട്ടിയവനും |
| ഉപവീതാ– ജിനോത്തരം | പൂണൂൽപോലെ ഇടത്തു തോളിൽനിന്നു വലത്തു പാർശ്വത്തിലേക്കിട്ട കൃഷ്ണാജിനമാവുന്ന ഉത്തരീയത്തോടുകൂടിയവനും. |

| | |
|---|---|
| ജടിലം | ജടാധാരിയും |
| വാമനം | പൊക്കം കുറഞ്ഞവനും |
| വിപ്രം | ബ്രാഹ്മണനും |
| മായാമാണവകം | മായാ വൈഭവത്താൽ ബ്രഹ്മചാരീ വേഷം ധരിച്ചിട്ടുള്ളവനുമായ |
| ഹരിം | ശ്രീഹരിയെ |
| പ്രവിഷ്ടം | യജ്ഞവേദിയിലേക്ക കയറിവന്നതു |
| വീക്ഷ്യ | കണ്ടിട്ട്, |
| തസ്യ | തന്തിരുവടിയുടെ |
| തേജസാ | തേജസ്സിനാൽ |
| സംക്ഷിപ്താഃ | ചുളുങ്ങിപ്പോയ |
| സശിഷ്യാഃ | ശിഷ്യസമേതരായ |
| തേ ഭൃഗവഃ | ആ ഭാർഗ്ഗവന്മാർ |
| അഗ്നിഭിഃ | ശ്രൗതാഗ്നികളോടു |
| സഹ | കൂടെ |
| സമുത്ഥായ | എഴുന്നേററ് |
| പ്രത്യഗൃഹ്ണൻ | സ്വീകരണം നൽകി |

**26.** **യജമാനഃ പ്രമുദിതോ ദർശനീയം മനോരമം**
**രൂപാനുരൂപാവയവം തസ്മാ ആസനമാഹരത്**

| | |
|---|---|
| ദർശനീയം | കാണ്മാൻ കൗതുകമുള്ള വനും |
| മനോരമം | മനസ്സിന്ന് ആനന്ദമേകുന്ന വനും |
| രൂപാനുരൂപാവയവം | ചെറിയ ആകൃതിക്ക ചേൎന്ന അവയവ സന്നിവേശത്തോടുകൂടിയവനുമായ വടുവിനെ |
| (വീക്ഷ്യ) | കണ്ടിട്ട് |
| പ്രമുദിതഃ | സന്തോഷം വളൎന്ന |
| യജമാനഃ | യാജകൻ (ബലി) |
| തസ്മൈ | അദ്ദേഹത്തിന്ന് |
| ആസനം | ഇരിപ്പിടം |
| ആഹരത് | ഇട്ടുകൊടുത്തു. |

**27.** **സ്വാഗതേനാഭിനന്ദ്യാഥ പാദൗ ഭഗവതോ ബലിഃ**
**അവനിജ്യാർച്ചയാമാസ മുക്തസംഗമനോരമം**

| | |
|---|---|
| അഥ | അനന്തരം |
| ബലിഃ | മഹാബലി |
| സ്വാഗതേന | സ്വാഗതവചനത്താൽ |
| അഭിനന്ദ്യ | അഭിനന്ദിച്ചശേഷം |
| ഭഗവതഃ | ഭഗവാന്റെ |
| പാദൗ | പാദങ്ങളെ |
| അവനിജ്യ | കഴുകിച്ച് |
| മുക്തസംഗമനോരമം | നിഃസംഗന്മാരുടെ മനസ്സിനെപ്പോലും രമിപ്പിക്കുന്ന ആ മോഹനമൂർത്തിയെ |
| അർച്ചയാമാസ | ആരാധിച്ചു. |

**28.** **തത്പാദശൗചം ജനകല്മഷാപഹം**
**സ ധർമ്മവിന്മൂർദ്ധ്ന്യദധാത് സുമംഗലം**
**യദ്ദേവദേവോ ഗിരിശശ്ചന്ദ്രമൗലിർ-**
**ദധാര മൂർദ്ധ്നാ പരയാ ച ഭക്ത്യാ.**

| | | | |
|---|---|---|---|
| ധർമ്മവിത് | ധർമ്മജ്ഞനായ | ദേവദേവഃ | ദേവന്മാർക്കും ദേവനായി |
| സഃ | ആ മഹാബലി | ഗിരിശഃ | കൈലാസവാസിയായിരിക്കുന്ന |
| ജനകല്മഷാപഹം | ജനങ്ങളുടെ പാപപങ്കത്തെ നീക്കികളയുന്നതും | ചന്ദ്രമൗലിഃ ച | ചന്ദ്രചൂഡനും കൂടി |
| സുമംഗലം | അതിമംഗലകരവുമായ | പരയാ | ആത്യന്തികമായ |
| തത്പാദശൗചം | അവിടുത്തെ കാലുകഴിച്ച തീർത്ഥജലത്തെ | ഭക്ത്യാ | ഭക്തിയോടെ |
| മൂർദ്ധ്നി | ശിരസ്സിൽ | മൂർദ്ധ്നി | ശിരസ്സിൽ (ഗംഗയായിട്ട്) |
| അദധാത് | ധരിച്ചു. | ബലിരുവാച | മഹാബലി പറഞ്ഞു |
| യത് | യാതൊന്നിനെ (പാദതീർത്ഥത്തെ) | ദധാര | ധരിച്ചിട്ടുണ്ടല്ലോ. |

**29. സ്വാഗതം തേ നമസ്തുഭ്യം ബ്രഹ്മൻ കിം കരവാമ തേ**
**ബ്രഹ്മർഷീണാം തപഃ സാക്ഷാന്മന്യേ ത്വാऽऽര്യ വപുർധരം**

| | | | |
|---|---|---|---|
| ബ്രഹ്മൻ | ബ്രാഹ്മണകുമാര! | ആര്യ | ശ്രീമൻ! |
| തേ | അങ്ങയ്ക്ക് | ബ്രഹ്മർഷീണാം | ബ്രഹ്മർഷിമാരുടെ |
| സ്വാഗതം | സ്വാഗതമോതുന്നു | സാക്ഷാത് | ശരിക്കും |
| തുഭ്യം | അങ്ങയ്ക്ക് | വപുർധരം | ഉടലെടുത്ത |
| നമഃ | നമോവാകം. | തപഃ | തപസ്സായിട്ട് |
| തേ | അങ്ങയ്ക്കുവേണ്ടി | ത്വാ | അങ്ങയെ |
| കിം | എന്തുകാര്യം | മന്യേ | ഞാൻ കരുതുന്നു. |
| കരവാമ | നിർവഹിക്കാനുണ്ട്? | | |

**30. അദ്യ നഃ പിതരസ്തൃപ്താ അദ്യ നഃ പാവിതം കുലം**
**അദ്യ സ്വിഷ്ടഃ ക്രതുരയം യദ് ഭവാനാഗതോ ഗൃഹാൻ**

| | | | |
|---|---|---|---|
| അദ്യ നഃ | ഇന്ന് ഞങ്ങളുടെ | അയം ക്രതുഃ | ഈ യജ്ഞംതന്നെ |
| പിതരഃ | പിതൃക്കൾ | സ്വിഷ്ടഃ | മുറപോലെ യജിക്കപ്പെട്ടതായിരിക്കുന്നു. |
| തൃപ്താഃ | സംതൃപ്തരായി. | യത് | എന്തെന്നാൽ |
| അദ്യ നഃ | ഇന്നു ഞങ്ങളുടെ | ഭവാൻ | അങ്ങുന്ന് |
| കുലം | വംശം | ഗൃഹാൻ | (എന്റെ) ഗൃഹത്തിലേക്ക് |
| പാവിതം | ശുദ്ധീകരിക്കപ്പെട്ടു. | ആഗതഃ | ആഗതനായല്ലോ |
| അദ്യ | ഇന്ന് | | |

**31. അദ്യാഗ്നയോ മേ സുഹുതാ യഥാവിധി**
**ദ്വിജാത്മജ ത്വച്ചരണാവനേജനൈഃ**
**ഹതാംഹസോ വാർഭിരിയം ച ഭൂരഹോ**
**തഥാ പുനീതാ തനുഭിഃ പദൈസ്തവ.**

| | | | |
|---|---|---|---|
| ദ്വിജാത്മജ | ഹേ ബ്രാഹ്മണകുമാര! | സ്വഹുതാഃ | ആഹുതി ചെയ്യപ്പെട്ടപോലെ തെളിഞ്ഞിരിക്കുന്നു. |
| അദ്യ | ഇന്ന് | | |
| ത്വച്ചരണാവനേജനൈഃ | അങ്ങയുടെ തൃപ്പാദങ്ങളെ കഴുകിച്ച | തഥാ | അപ്രകാരം |
| | | ഇയം ഭൂഃ ച | ഈ ഭൂമിയും |
| വാർഭിഃ | തീർത്ഥജലത്താൽ | തവ | അങ്ങയുടെ |
| ഹതാംഹസഃ | പാപം വേരററുപോയ | | |
| മേ | എൻെറ | തനുഭിഃ | ചെറിയ |
| അഗ്നയഃ | യാഗാഗ്നികൾ | പദൈഃ | കാലടിപ്പാടുകളാൽ |
| യഥാവിധി | വിധിപ്രകാരം | പുനീതാ | പാവനമാക്കപ്പെട്ടു. |

32. യദ്യദ്വടോ വാഞ്ഛസി തത് പ്രതീച്ഛ മേ
ത്വാമർത്ഥിനം വിപ്രസുതാനുതർക്കയേ
ഗാം കാഞ്ചനം ഗുണവദ്ധാമ മൃഷ്ടം
തഥാന്നപേയമുത വാ വിപ്രകന്യാം
ഗ്രാമാൻ സമൃദ്ധാംസ്തുരഗാൻ ഗജാൻ വാ
രഥാംസ്തഥാർഹത്തമ സംപ്രതീച്ഛ

| | | | |
|---|---|---|---|
| വടോ | ഹേ ബ്രഹ്മചാരി! | ധാമ | വാസഗൃഹത്തെയോ, |
| മേ | എൻെറ അടുക്കൽനിന്ന് | തഥാ | അതുപോലെ |
| യദ്യത് | ഏതെല്ലാം | മൃഷ്ടം | ശുദ്ധിയും രുചിയുമുള്ള |
| വാഞ്ഛസി | അഭിലഷിക്കുന്നുവോ, | അന്നപേയം | ഭക്ഷണപാനീയങ്ങളെയോ, |
| തത് | അതെല്ലാം | | |
| പ്രതീച്ഛ | വാങ്ങിക്കൊൾക. | ഉത വാ | അതല്ലെങ്കിൽ |
| വിപ്രസുത | ബ്രാഹ്മണകുമാര! | വിപ്രകന്യാം | ബ്രാഹ്മണകന്യകയെയോ, |
| ത്വാം | അങ്ങയെ | സമൃദ്ധാൻ | സമ്പന്നങ്ങളായ |
| അർത്ഥിനം | അർത്ഥിയായിട്ട് | | |
| അനുതർക്കയേ | ഞാൻ അഭ്യൂഹിക്കുന്നു. | ഗ്രാമാൻ | ഗ്രാമങ്ങളെയോ, |
| അർഹത്തമ | ഹേ പൂജ്യതമ! | തുരഗാൻ | കുതിരകളെയോ, |
| ഗാം | ഭൂമിയെയോ, പശുവിനെയോ, | ഗജാൻ വാ | ആനകളെയോ, |
| | | തഥാ രഥാൻ | തേരുകളെയോ |
| കാഞ്ചനം | സ്വർണ്ണത്തെയോ, | സംപ്രതീച്ഛ | ഇഷ്ടംപോലെ |
| ഗുണവത് | യോഗ്യതാഗുണമുള്ള | | ആവശ്യപ്പെടാം |

ഇതി ശ്രീമദ് ഭാഗവതേ മഹാപുരാണേ അഷ്ടമസ്കന്ധേ ബലിവാമനസംവാദേ
അഷ്ടാദശോഽധ്യായഃ ആദിതഃ ശ്ലോകാഃ 692
അഷ്ടമസ്കന്ധത്തിൽ പതിനെട്ടാമധ്യായം കഴിഞ്ഞു.

# ഏകോനവിംശോऽധ്യായഃ — അധ്യായം പത്തൊമ്പത്

വാമനൻ ബലിയോടു മൂന്നടി മണ്ണു യാചിക്കുന്നത്.

"ഊനവിംശേ തു ഹരിണാ യാചിതേ ച പദത്രയേ
പ്രതിശ്രുതേ ച ബലിനാ ജാനൻ ഭൃഗുരവാരയത്."

ശ്രീവാമനന്റെ യാചനാനുസാരം മൂന്നടി ഭൂമി ദാനം ചെയ്യുവാൻ മഹാബലി ഒരുങ്ങിയതും ശുക്രമഹർഷി അതു തടയാൻ ശ്രമിച്ചതും ഈ അദ്ധ്യായത്തിൽ പറയുന്നു.

ശ്രീശുക ഉവാച = ശുകബ്രഹ്മർഷി പറഞ്ഞു.

1. ഇതി വൈരോചനേർവാക്യം ധർമ്മയുക്തം സസൂനൃതം
നിശമ്യ ഭഗവാൻ പ്രീതഃ പ്രതിനന്ദ്യേദമബ്രവീത്.

| | | | |
|---|---|---|---|
| ഇതി | ഈവിധം | നിശമ്യ | കേട്ട് |
| ധർമ്മയുക്തം | ധർമ്മനിഷ്ഠവും | പ്രീതഃ | സംതൃപ്തനായിത്തീർന്ന |
| സസൂനൃതം | സത്യസന്ധവും ശ്രവണമധുരവുമായ | ഭഗവാൻ | വാമനഭഗവാൻ |
| വൈരോചനേഃ | മഹാബലി ചക്രവർത്തിയുടെ | പ്രതിനന്ദ്യ | അങ്ങോട്ടും അഭിനന്ദിച്ച ശേഷം |
| വാക്യം | വചനത്തെ | ഇദം | ഇങ്ങനെ |
| | | അബ്രവീത് | അരുളം ചെയ്തു. |

ദാതാവിനെ പുകഴ്ത്തിയും സ്വയം സന്തോഷം ഭാവിച്ചും അവസരോചിതമായി സംസാരിക്കേണ്ടതു യാചകന്റെ കർത്തവ്യമാണെന്ന നിലയ്ക്കുള്ള ഭഗവദ് വചനങ്ങളെ താഴെ 16 ശ്ലോകംകൊണ്ട് അവതരിപ്പിക്കുന്നു—

ശ്രീ ഭഗവാനുവാച = ഭഗവാൻ വാമനൻ പറഞ്ഞു.

2. വചസ്തവൈതജ്ജനദേവ സൂനൃതം
കുലോചിതം ധർമ്മയുതം യശസ്കരം
യസ്യ പ്രമാണം ഭൃഗവഃ സാമ്പരായേ
പിതാമഹഃ കുലവൃദ്ധഃ പ്രശാന്തഃ

| | | | |
|---|---|---|---|
| ജനദേവ | മഹാരാജാവേ! | സാംപരായേ | പാരത്രികമായ ധർമ്മാചരണത്തിൽ |
| തവ | അങ്ങയുടെ | | |
| ഏതത്‌വചഃ | ഈ വാക്ക് | ഭൃഗവഃ | ഭൃഗുവംശജരായ ശുക്രാദികളും |
| സൂനൃതം | പ്രിയംകരവും വാസ്തവവും | പ്രശാന്തഃ | ജിതേന്ദ്രിയനായും |
| കുലോചിതം | വംശമഹിമയ്ക്കുതകിയതും | കുലവൃദ്ധഃ | അങ്ങയുടെ കുടുംബത്തലവനായും ഇരിക്കുന്ന |
| ധർമ്മയുതം | ധർമ്മത്തോടു ചേർന്നതും | | |
| യശസ്കരം | കീർത്തിദായകവുമാകുന്നു. | പിതാമഹഃ | മുത്തച്ഛൻ പ്രഹ്ലാദനും |
| യസ്യ | യാതൊരു അങ്ങേയ്ക്ക് | പ്രമാണം | മാർഗദർശികളാണല്ലോ |

3 **നഹ്യേതസ്മിൻ കുലേ കശ്ചിന്നിഃസത്ത്വഃ കൃപണഃ പുമാൻ**
**പ്രത്യാഖ്യാതാ പ്രതിശ്രുത്യ യോ വാദാതാ ദ്വിജാതയേ**

| | | | |
|---|---|---|---|
| ദ്വിജാതയേ | ബ്രാഹ്മണന്ന് | കൃപണഃ | ലുബ്ധനായിട്ടോ |
| പ്രത്യാഖ്യാതാ | യാചിതാർത്ഥം കൊടുക്കാതെ അവനെ തിരസ്കരിക്കുന്ന | യഃ കശ്ചിത് | ഏതെങ്കിലുമൊരു |
| | | പുമാൻ | വ്യക്തി |
| നിഃസത്ത്വഃ | അസാത്ത്വികനായിട്ടോ, | ഏതസ്മിൻ | ഈ വിഖ്യാതമായ |
| പ്രതിശ്രുത്യ | തരാമെന്നേറ്റുപറഞ്ഞ് | കുലേ | വംശത്തിൽ |
| അദാതാ | കൊടുക്കാതെ ഒഴിഞ്ഞുമാറുന്ന | ന ഹി | ഉണ്ടായിട്ടില്ല. |

4. **ന സന്തി തീർത്ഥേ യുധി ചാർത്ഥിനാർത്ഥിതാഃ**
**പരാങ്മുഖാ യേ ത്വമനസ്വിനോ നൃപാഃ**
**യുഷ്മത്കുലേ യദ്യശസാമലേന**
**പ്രഹ്ലാദ ഉദ്ഭാതി യഥോഡുപഃ ഖേ.**

| | | | |
|---|---|---|---|
| തീർത്ഥേ | ദാനാവസരത്തിലും | യുഷ്മത്കുലേ | അങ്ങയുടെ വംശത്തിൽ |
| യുധി ച | യുദ്ധാവസരത്തിലും | നസന്തി | ഇല്ല |
| അർത്ഥിനാ | (ദാനത്തെയോ യുദ്ധത്തെയോ) ആഗ്രഹിക്കുന്നവനാൽ | അമലേന | കളങ്കമില്ലാത്ത |
| | | യശസാ | കീർത്തിയോടുകൂടെ |
| | | യത് | യാതൊരു ഈ വംശത്തിൽ |
| അർത്ഥിതാഃ | അഭ്യർത്ഥിക്കപ്പെട്ടിട്ട് | പ്രഹ്ലാദഃ | പ്രഹ്ലാദൻ |
| പരാങ്മുഖാഃ | മുഖംതിരിച്ചു പിൻമാറിയ | ഉഡുപഃ | നക്ഷത്രരാജാവായ ചന്ദ്രൻ |
| അമനസ്വിനഃ | ആണത്തമില്ലാത്ത | ഖേ യഥാ | ആകാശത്തിലെന്നപോലെ |
| നൃപാഃ | രാജാക്കന്മാർ | | |
| യേ തു | യാതൊരുവരും | ഉദ്ഭാതി | പ്രശോഭിക്കുന്നുവല്ലോ. |

**5.** **യതോ ജാതോ ഹിരണ്യാക്ഷശ്ചരന്നേക ഇമാം മഹീം**
**പ്രതിവീരം ദിഗ്വിജയേ നാവിന്ദത ഗദായുധഃ**

| | | | |
|---|---|---|---|
| യതഃ | യാതൊരു ഈ കാലത്തിൽ | ഇമാം മഹീം | ഈ ലോകത്തിലുടനീളം |
| ജാതഃ | ജനിച്ച | ദിഗ്വിജയേ | ദിഗ്വിജയാർത്ഥം |
| ഹിരണ്യാക്ഷഃ | ഹിരണ്യാക്ഷൻ | ചരൻ | സഞ്ചരിച്ചുകൊണ്ട് |
| ഏകഃ | ഒററയ്ക്ക് | പ്രതിവീരം | തനിക്കൊത്ത എതിരാളിയെ |
| ഗദായുധഃ | ഗദായുധധാരിയായി | ന അവിന്ദത | കണ്ടെത്തിയില്ല. |

**6.** **യം വിനിർജിത്യ കൃച്ഛ്രേണ വിഷ്ണുഃ ക്ഷ്മോദ്ധാര ആഗതം**
**നാത്മാനം ജയിനം മേനേ തദ്വീര്യം ഭൂര്യനുസ്മരൻ**

| | | | |
|---|---|---|---|
| വിഷ്ണുഃ | വിഷ്ണു (വരാഹാകൃതിയായി) | വിനിർജിത്യ | വിജയിച്ച ശേഷവും |
| | | ഭൂരി | വമ്പുററതായ |
| ക്ഷ്മോദ്ധാരേ | ഭൂമിയെ ഉദ്ധരിക്കുമ്പോൾ | തദ്വീര്യം | അവൻെറ പരാക്രമത്തെ |
| ആഗതം | എതിരിട്ടുവന്ന | അനുസ്മരൻ | വീണ്ടും ഓർമ്മിച്ചുകൊണ്ട് |
| യം | യാതൊരു ഈ ഹിരണ്യാക്ഷനെ | ആത്മാനം | തന്നെ |
| | | ജയിനം | വിജയിയായിട്ട് |
| കൃച്ഛ്രേണ | അതിപ്രയാസത്തോടെ | ന മേനേ | കരുതിയില്ല. |

**7.** **നിശമ്യ തദ്വധം ഭ്രാതാ ഹിരണ്യകശിപുഃ പുരാ**
**ഹന്തും ഭ്രാതൃഹണം ക്രുദ്ധോ ജഗാമ നിലയം ഹരേഃ**

| | | | |
|---|---|---|---|
| തദ്വധം | അവൻെറ വധത്തെ | ഭ്രാതൃഹണം | സഹോദരഘാതകനെ |
| നിശമ്യ | കേട്ടറിഞ്ഞ് | ഹന്തും | കൊല്ലുവാൻ |
| ഭ്രാതാ | സഹോദരനായ | പുരാ | പണ്ടൊരിക്കൽ |
| ഹിരണ്യ കശിപുഃ | ഹിരണ്യകശിപു | ഹരേഃ | വിഷ്ണുവിൻെറ |
| | | നിലയം | വാസസ്ഥലത്തേക്ക് |
| ക്രുദ്ധഃ | കുപിതനായിത്തീർന്ന് | ജഗാമ | പോയത്രെ |

**8.** **തമായാന്തം സമാലോക്യ ശൂലപാണിം കൃതാന്തവത്**
**ചിന്തയാമാസ കാലജ്ഞോ വിഷ്ണുർമായാവിനാം വരഃ**

| | | | |
|---|---|---|---|
| ശൂലപാണിം | ശൂലപാണിയായി | കാലജ്ഞഃ | കാലജ്ഞാനമുള്ളവനും |
| കൃതാന്തവത് | കാലനെപ്പോലെ | മായാവിനാം | മായാവികളുടെ ഇടയിൽ |
| ആയാന്തം | വന്നണയുന്ന | വരഃ | മുമ്പനുമായ |
| തം | അവനെ | വിഷ്ണുഃ | വിഷ്ണുഭഗവാൻ |
| സമാലോക്യ | കണ്ടിട്ട് | ചിന്തയാമാസ | ആലോചിച്ചു |

**9.** **യതോ യതോഽഹം തത്രാസൗ മൃത്യുഃ പ്രാണഭൃതാമിവ**
**അതോഽഹമസ്യ ഹൃദയം പ്രവേക്ഷ്യാമി പരാഗ്ദൃശഃ**

| | |
|---|---|
| പ്രാണഭൃതാം | "ജീവികളുടെ പുറകെ |
| മൃത്യുഃ ഇവ | മൃത്യുവെന്നപോലെ |
| അഹം | ഞാൻ |
| യതഃ യതഃ | എങ്ങെങ്ങാണോ, |
| തത്ര | അങ്ങെല്ലാം |
| അസൗ | ഇവനുണ്ട്. |
| അതഃ | ആകയാൽ |
| അഹം | ഞാൻ |
| പരാഗ്ദൃശഃ | പുറംകാഴ്ച മാത്രമുള്ള |
| അസ്യ | ഇവന്റെ |
| ഹൃദയം | ഹൃദയത്തിലേക്ക് |
| പ്രവേക്ഷ്യാമി | കടന്നുകളയാം." |

**10.** **ഏവം സ നിശ്ചിത്യ രിപോഃ ശരീര-**
**മാധാവതോ നിർവിവിശേഽസുരേന്ദ്ര**
**ശ്വാസാനിലാന്തർഹിത സൂക്ഷ്മദേഹ-**
**സ്തത്പ്രാണരന്ധ്രേണ വിവിഗ്നചേതാഃ**

| | |
|---|---|
| അസുരേന്ദ്ര | അസുരരാജാവേ! |
| വിവിഗ്നചേതാഃ | വർദ്ധിച്ച ഉൾക്കിടിലത്തോടുകൂടിയ |
| സഃ | ആ വിഷ്ണുദേവൻ |
| ഏവം | ഇപ്രകാരം |
| നിശ്ചിത്യ | നിശ്ചയിച്ച് |
| ആധാവതഃ | നേരിട്ടുപാഞ്ഞുവരുന്ന |
| രിപോഃ | ശത്രുവിന്റെ |
| ശരീരം | ശരീരത്തിലേക്ക് |
| തത്പ്രാണരന്ധ്രേണ | അവന്റെ നാസികാദ്വാരത്തിലൂടെ |
| ശ്വാസാനിലാന്തർഹിതസൂക്ഷ്മദേഹഃ | ശ്വാസവായുവിനാൽ മറയ്ക്കപ്പെട്ട സൂക്ഷ്മശരീരത്തോടുകൂടിയവനായിട്ട് |
| നിർവിവിശേ | കടന്നുകൂടി. |

**11.** **സ തന്നികേതം പരിമൃശ്യ ശൂന്യ-**
**മപശ്യമാനഃ കുപിതോ നനാദ**
**ക്ഷ്മാം ദ്യാം ദിശഃ ഖം വിവരാൻ സമുദ്രാൻ**
**വിഷ്ണും വിചിന്വൻ ന ദദർശ വീരഃ**

| | |
|---|---|
| വീരഃ | വീരനായ |
| സഃ | ആ ഹിരണ്യകശിപു |
| ശൂന്യം | ഒഴിഞ്ഞുകിടക്കുന്ന |
| തന്നികേതം | വിഷ്ണുഭവനത്തെ |
| പരിമൃശ്യ | ചുററിക്കറങ്ങിയിട്ട് |
| അപശ്യമാനഃ | അവിടെ കാണാതെ |
| കുപിതഃ | കുപിതനായി |
| നനാദ | അട്ടഹസിച്ചു. |
| ക്ഷ്മാം | ഭൂലോകത്തെയും, |
| ദ്യാം | സ്വർല്ലോകത്തെയും, |
| ദിശഃ | അഷ്ടദിക്കുകളെയും, |
| ഖം | ആകാശത്തെയും, |
| വിവരാൻ | അധോലോകങ്ങളെയും, |
| സമുദ്രാൻ | സമുദ്രങ്ങളെയും ആകമാനം |
| വിചിന്വൻ | തെരഞ്ഞിട്ടും |
| വിഷ്ണും | വിഷ്ണുവിനെ |
| ന ദദർശ | കണ്ടുകിട്ടിയില്ല. |

12. അപശ്യന്നിതി ഹോവാച മയാന്വിഷ്ടമിദം ജഗത്
ഭ്രാതൃഹാ മേ ഗതോ നൂനം യതോ നാവർത്തതേ പുമാൻ

| | | | |
|---|---|---|---|
| അപശ്യൻ | കണ്ടെത്താതെ | ന ആവർത്തതേ | തിരികെ വരികയി ല്ലയോ |
| ഇതി ഹ | ഇങ്ങനെയെല്ലാം | (തത്ര) | അവിടേക്ക് |
| ഉവാച | പറഞ്ഞുപോൽ: | മേ | എന്റെ |
| മയാ | എന്നാൽ | ഭ്രതൃഹാ | സഹോദരന്റെ |
| ഇദം ജഗത് | ഈ ലോകം മുഴുവനും | | കൊലയാളി |
| അന്വിഷ്ടം | അന്വേഷിക്കപ്പെട്ടു. | നൂനം | തീർച്ചയായും |
| ഗതഃ പുമാൻ | പോയിട്ടുള്ളവൻ | (ഗതഃ) | പോയിക്കഴിഞ്ഞു'' |
| യതഃ | യാതൊരു ദിക്കിൽനിന്നു് | | |

ഭഗവാൻ നിത്യമുക്തനാകയാൽ പുനരാവർത്തിക്ക പ്രസക്തിയില്ലെന്നും ഹൃദയാന്തഃസ്ഥിതനെ ബാഹ്യജഗത്തിൽ തിരക്കിയാൽ കണ്ടെത്തുകയില്ലെന്നും വാസ്തവാർത്ഥം.

ശൂരശിരോമണിയായ ഹിരണ്യകശിപു വിഷ്ണുവിനോടുള്ള വൈരം ഉപേക്ഷിച്ച് അടങ്ങിയിരുന്നതെങ്ങനെ? ഈ ആശങ്കയെ പരിഹരിക്കുവാൻ തുടർന്നുപറയുന്നു—

13. വൈരാനുബന്ധ ഏതാവാനാമൃത്യോരിഹ ദേഹിനാം
അജ്ഞാനപ്രഭവോ മന്യുരഹംമാനോപബൃംഹിതഃ

| | | | |
|---|---|---|---|
| ഇഹ | ഈ ലോകത്തിൽ | മന്യുഃ | കോപം |
| ദേഹിനാം | ശരീരികളുടെ | | |
| വൈരാ-നുബന്ധഃ | ശത്രുതാമനോഭാവത്തിന്റെ നിലനില്പ് | അജ്ഞാന-പ്രഭവഃ | അറിവില്ലായ്മയിൽനിന്നുണ്ടായതും |
| ആമൃത്യോഃ | മരണംവരെക്കും | അഹംമാനോ-പബൃംഹിതഃ | അഹങ്കാരത്തിൽ വളർത്തപ്പെട്ടതുമാണ്. |
| ഏതാവാൻ | മാത്രമുള്ളതാണ്. | | |

വിഷ്ണുവിന്റെ ആത്യന്തികനാശം സംഭവിച്ചെന്നു കരുതി ഹിരണ്യകശിപു വിഷ്ണുവോടുള്ള വൈരത്തിൽ നിന്നും കോപത്തിൽ നിന്നും വിരമിച്ചതായിരുന്നു എന്നു താല്പര്യം.

14. പിതാ പ്രഹ്ളാദപുത്രസ്തേ തദ്വിദ്വാൻ ദ്വിജവത്സലഃ
സ്വമായുർദ്വിജലിംഗേഭ്യോ ദേവേഭ്യോഽദാത് സ യാചിതഃ

| | | | |
|---|---|---|---|
| തേ പിതാ | അങ്ങയുടെ പിതാവ് | സഃ | അദ്ദേഹം |
| പ്രഹ്ളാദപുത്രഃ | പ്രഹ്ളാദന്റെ പുത്രനായ വിരോചനനാണ്. | സ്വം ആയുഃ | തന്റെ ആയുസ്സിനെ |
| ദ്വിജവത്സലഃ | ബ്രാഹ്മണപ്രിയനായ | ദ്വിജലിംഗേഭ്യഃ | ബ്രാഹ്മണവേഷം ധരിച്ചുവന്ന |

| | | | |
|---|---|---|---|
| ദേവേഭ്യഃ | ദേവകൾക്കായിക്കൊണ്ട് | യാചിതഃ | അവരാൽ യാചിക്കപ്പെട്ടപ്പോൾ |
| തദ്വിദ്വാൻ | അതറിഞ്ഞുകൊണ്ടു തന്നെ * | അദാത് | ദാനംചെയ്തു. |

* ഇവർ തന്റെ ശത്രുക്കളായ ദേവന്മാരാണെന്നും തന്നെ വഞ്ചിക്കുവാൻവേണ്ടി ബ്രാഹ്മണവേഷം ചമഞ്ഞതാണെന്നും വിരോചനൻ മനസ്സിലാക്കിയിരുന്നു. എന്നിട്ടും ബ്രാഹ്മണരൂപത്തോടുള്ള ആദരംകൊണ്ട് ദേവന്മാർക്ക് ആയുർദാനം ചെയ്തു.

15. ഭവാനാചരിതാൻ ധർമ്മാനാസ്ഥിതോ ഗൃഹമേധിഭിഃ
ബ്രാഹ്മണൈഃ പൂർവ്വജൈഃ ശൂരൈരന്യൈശ്ചോദ്ദാമകീർത്തിഭിഃ

| | | | |
|---|---|---|---|
| ഗൃഹമേധിഭിഃ | ഗൃഹസ്ഥാശ്രമികളായ | അന്യൈഃ ച | മറ്റുള്ളവരാലും |
| ബ്രാഹ്മണൈഃ | ബ്രാഹ്മണരാലും | ആചരിതാൻ | ആചരിക്കപ്പെട്ട |
| ശൂരൈഃ | പരാക്രമികളായ | ധർമ്മാൻ | ധർമ്മങ്ങളെ |
| പൂർവ്വജൈഃ | പൂർവികന്മാരാലും | ഭവാൻ | അങ്ങയും |
| ഉദ്ദാമ-കീർത്തിഭിഃ | നിസ്സീമമായ കീർത്തിയോടുകൂടിയ | ആസ്ഥിതഃ | അനുഷ്ഠിച്ചിട്ടുണ്ട്. |

16. തസ്മാത് ത്വത്തോ മഹീമീഷദ്വൃണേഽഹം വരദർഷഭാത്
പദാനി ത്രീണി ദൈത്യേന്ദ്ര സമ്മിതാനി പദാ മമ

| | | | |
|---|---|---|---|
| ദൈത്യേന്ദ്ര | അസുരാധിപതേ! | പദാ | കാലുകൊണ്ട് |
| തസ്മാത് | ആകയാൽ | സമ്മിതാനി | അളന്നെടുക്കുന്ന |
| വരദ-ർഷഭാത് | വരദാതാക്കളിൽ ശ്രേഷ്ഠനായുള്ള | ത്രീണി | മൂന്ന് |
| | | പദാനി | അടിയോളം |
| ത്വത്തഃ | അങ്ങയുടെ അടുക്കൽ നിന്ന് | ഈഷത് | കുറഞ്ഞൊരു |
| അഹം | ഞാൻ | മഹീം | ഭൂമിയെ |
| മമ | എന്റെ | വൃണേ | വരിച്ചുകൊള്ളുന്നു. |

''എന്റെ കാലുകൊണ്ടു'' എന്നുപറഞ്ഞതു ത്രിവിക്രമാകാരം പ്രാപിക്കുന്ന വാമനന്റെ പാദംകൊണ്ടുതന്നെ. വാമനനും ത്രിവിക്രമനും ഒരാൾതന്നെയാകയാൽ സത്യവിരോധം വരുന്നില്ല.

17. നാന്യത്തേ കാമയേ രാജൻ വദാന്യാജ്ജഗദീശ്വരാത്
നൈനഃ പ്രാപ്നോതി വൈ വിദ്വാൻ യാവദർത്ഥപരിഗ്രഹഃ

| | | | |
|---|---|---|---|
| രാജൻ | രാജാവേ! | ന കാമയേ | ഞാൻ ആഗ്രഹിക്കുന്നില്ല. |
| ജഗതീശ്വരാത് | ലോകങ്ങളുടെയെല്ലാം ഏകനാഥനായും | യാവദർത്ഥപരിഗ്രഹഃ | വേണ്ടുന്നതുമാത്രം കൈക്കൊള്ളുന്ന |
| വദാന്യാത് | അത്യുദാരനായും ഇരിക്കുന്ന | വിദ്വാൻ | വിവേകവാൻ |
| | | ഏനഃ | പാപത്തെ |
| തേ | അങ്ങയിൽനിന്നു് | പ്രാപ്നോതി ന വൈ | ഒരിക്കലും പ്രാപിക്കുന്നതല്ല. |
| അന്യത് | മററൊന്നും | | |

സർവേശ്വരനെന്നിരിക്കലും വാമനൻ ബലിയോടു യാചിക്കുകയാണ് ചെയ്തതു്. എന്നാൽ ബലിയാകട്ടെ സ്വബന്ധനത്തിനു വഴിതുറക്കുന്ന ഔദ്ധത്യമാണ് താഴെ മൂന്നു ശ്ലോകംകൊണ്ടുള്ള പ്രത്യുത്തരത്തിൽ പ്രകടമാക്കുന്നത്.

ബലിരുവാച = മഹാബലി പറഞ്ഞു.

**18. അഹോ ബ്രാഹ്മണദായാദ വാചസ്തേ വൃദ്ധസമ്മതാഃ**
**ത്വം ബാലോ ബാലിശമതിഃ സ്വാർത്ഥം പ്രത്യബുധോ യഥാ**

| | | | |
|---|---|---|---|
| ബ്രാഹ്മണദായാദ | ബ്രാഹ്മണവംശത്തിൽ പിറന്ന അല്ലയോ കുമാര! | ബാലിശമതിഃ | ഇളംബുദ്ധിയുള്ള |
| അഹോ | അതിശയംതന്നെ. | ബാലഃ | ഒരു കുട്ടിയാണ്. |
| തേ വാചഃ | അങ്ങയുടെ വാക്കുകൾ | സ്വാർത്ഥം | തൻകാര്യത്തെ |
| വൃദ്ധസമ്മതാഃ | വലിയവർ അംഗീകരിച്ചവയാണ്. | പ്രതി | കുറിച്ചു് |
| | | യഥാ | വേണ്ടവിധം |
| ത്വം | (എങ്കിലും) അങ്ങ് | അബുധഃ | ബോധവാനല്ല. |

**19. മാം വചോഭിഃ സമാരാധ്യ ലോകാനാമേകമീശ്വരം**
**പദത്രയം വൃണീതേ യോഽബുദ്ധിമാൻ ദ്വീപദാശുഷം.**

| | | | |
|---|---|---|---|
| ലോകാനാം | ലോകങ്ങൾക്കെല്ലാം | വചോഭിഃ | സ്തുതിവചനങ്ങളാൽ |
| ഏകം | ഒരേഒരു | സമാരാധ്യ | വഴിപോലെ ആദരിച്ചു് |
| ഈശ്വരം | നിയന്താവായും | പദത്രയം | മൂന്നടി ഭൂമി മാത്രം |
| ദ്വീപദാശുഷം | ഒരു ദ്വീപിനെപ്പോലും ദാനം ചെയ്യാൻ കഴിവുള്ള വനുമായ | യഃ | ഏതൊരുവൻ |
| | | വൃണീതേ | യാചിക്കുന്നുവോ, |
| | | (സഃ) | അവൻ |
| മാം | എന്നെ | അബുദ്ധിമാൻ | ബുദ്ധിശൂന്യനാണ്. |

ഇവിടെ മഹാബലിയുടെ വിവക്ഷിതം 'അബുദ്ധിമാൻ' എന്ന ആക്ഷേപോക്തിയാണെങ്കിലും, അകാരപ്രശ്ലേഷം ഒഴിവാക്കി 'യോ ബുദ്ധിമാൻ' എന്നിങ്ങനെ സുഗമമായുച്ചരിച്ചാൽ അതു് സ്തുതിവചനമായിത്തീരും.

**20.** **ന പുമാൻ മാമുപവ്രജ്യ ഭൂയോ യാചിതുമർഹതി**
**തസ്മാദ്വൃത്തികരീം ഭൂമിം വടോ കാമം പ്രതീച്ഛമേ.**

| | | | |
|---|---|---|---|
| പുമാൻ | ഒരുവൻ | വടോ | ഹേ ബ്രഹ്മചാരി ! |
| മാം | എന്നെ | വൃത്തികരീം | ജീവിതവൃത്തിക്കുതകു |
| ഉപവ്രജ്യ | സമീപിച്ചശേഷം | | മാറുള്ള |
| ഭൂയഃ | വീണ്ടും മറെറാരുത്തനോട് | ഭൂമിം | ഭൂമിയെ |
| യാചിതും | യാചിക്കുവാൻ | കാമം | ഇഷ്ടംപോലെ |
| ന അർഹതി | ഇടയാകരുത്. | മേ | എന്നോട് |
| തസ്മാത് | അതുകൊണ്ട് | പ്രതീച്ഛ | വരിച്ചുകൊള്ളു |

തന്റെ നിഃസ്പൃഹത്വം താഴെ ഏഴുശ്ലോകം ഭഗവാൻ പ്രകാശിപ്പിക്കുന്നു.

ശ്രീ ഭഗവാനുവാച = ശ്രീ ഭഗവാൻ അരുളിച്ചെയ്തു.

**21.** **യാവന്തോ വിഷയാഃ പ്രേഷ്ഠാസ്ത്രൈലോക്യാമജിതേന്ദ്രിയം**
**ന ശക്നുവന്തി തേ സർവേ പ്രതിപൂരയിതും നൃപ**

| | | | |
|---|---|---|---|
| നൃപ | മഹാരാജാവേ ! | തേ സർവേ | അവ മുഴുവനും |
| ത്രൈലോക്യാം | മൂന്നുലോകത്തിലും | അജിതേന്ദ്രിയം | ഇന്ദ്രിയനിഗ്രഹം ചെയ്യാത്ത ഒരുത്തനെ |
| പ്രേഷ്ഠാഃ | അത്യന്തം പ്രിയങ്കരങ്ങളായുള്ള | പ്രതിപൂരയിതും | തികച്ചും സന്തുഷ്ടനാക്കിത്തീർക്കുവാൻ |
| വിഷയാഃ | വിഷയങ്ങൾ | | |
| യാവന്തഃ | എത്രതാനുണ്ടോ, | ന ശക്നുവന്തി | എളുതാകയില്ല. |

**22.** **ത്രിഭിഃ ക്രമൈരസന്തുഷ്ടോ ദ്വീപേനാപി ന പൂര്യതേ**
**നവവർഷസമേതേന സപ്തദ്വീപവരേച്ഛയാ.**

| | | | |
|---|---|---|---|
| ത്രിഭിഃ | മൂന്ന് | ദ്വീപേന അപി | ഒരു ദ്വീപ് ലഭിച്ചാൽ പോലും |
| ക്രമൈഃ | അടിവെപ്പുകളാൽ (പരിമിതമായ ഭൂമികൊണ്ട്) | സപ്തദ്വീപവരേച്ഛയാ | അത്തരം ഏഴു മഹാദ്വീപുകൾ ലഭിക്കുവാനുള്ള പേരാശമൂലം |
| അസന്തുഷ്ടഃ | തൃപ്തിയാകാത്തവൻ | | |
| നവവർഷസമേതേന | ഒമ്പതു ഭൂഖണ്ഡങ്ങളോടും കൂടിയ | ന പൂര്യതേ | തൃപ്തിപ്പെടുന്നതല്ല. |

**23.** **സപ്തദ്വീപാധിപതയോ നൃപാ വൈന്യഗയാദയഃ**
**അർത്ഥൈഃ കാമൈർഗതാ നാന്തം തൃഷ്ണായാ ഇതി നഃ ശ്രുതം.**

| | |
|---|---|
| സപ്തദ്വീപാധിപതയഃ | ഏഴുദ്വീപുകളുടെയും ആധിപത്യം വഹിച്ചിരുന്ന |
| വൈന്യ-ഗയാദയഃ | പൃഥു, ഗയൻ എന്നു തുടങ്ങിയ |
| നൃപാഃ | രാജാക്കന്മാർ |
| അർത്ഥൈഃ | ധനവിഭവങ്ങൾകൊണ്ടും |
| കാമൈഃ | ഭോഗസാധനങ്ങൾ കൊണ്ടും |
| തൃഷ്ണായാഃ | ആശയുടെ |
| അന്തം | അതിരിലേക്ക് |
| ന ഗതാഃ | എത്തിയവരായിരുന്നില്ല |
| ഇതി | എന്നിങ്ങനെ |
| നഃ | നമുക്ക് |
| ശ്രുതം | കേട്ടറിവുണ്ട് |

24. യദൃച്ഛയോപപന്നേന സന്തുഷ്ടോ വർത്തതേ പുമാൻ
നാസന്തുഷ്ടസ്ത്രിഭിർലോകൈരജിതാത്മോപസാദിതൈഃ

| | |
|---|---|
| യദൃച്ഛയാ | ദൈവഗത്യാ |
| ഉപപന്നേന | ലബ്ധമായതുകൊണ്ട് |
| സന്തുഷ്ടഃ | സന്തോഷിച്ചിരിക്കുന്നവൻ |
| സുഖം | സുഖമായി |
| വർത്തതേ | ജീവിക്കുന്നു. |
| ഉപസാദിതൈഃ | കിട്ടിയ വസ്തുക്കൾ കൊണ്ടൊന്നും |
| അസന്തുഷ്ടഃ | സന്തോഷം വരാത്ത |
| അജിതാത്മാ | അജിതേന്ദ്രിയൻ |
| ത്രിഭിഃ | മൂന്ന് |
| ലോകൈഃ | ലോകങ്ങൾ ലഭിച്ചതുകൊണ്ടും |
| ന | സംതൃപ്തനാകയില്ല. |

25. പുംസോഽയം സംസൃതേർഹേതുരസന്തോഷോഽർത്ഥകാമയോഃ
യദൃച്ഛയോപപന്നേന സന്തോഷോ മുക്തയേ സ്മൃതഃ

| | |
|---|---|
| അർത്ഥ-കാമയോഃ | അർത്ഥത്തിലും കാമത്തിലും ഊന്നിനില്ക്കുന്ന |
| അയം അസന്തോഷഃ | ഈ അസംതൃപ്തി (അലംഭാവമില്ലായ്മ)യാണ്. |
| പുംസഃ | ജീവന്റെ |
| സംസൃതേഃ | സംസാരബന്ധത്തിന് |
| ഹേതുഃ | കാരണമാവുന്നത്. |
| യദൃച്ഛയാ | ദൈവേച്ഛയാ |
| ഉപപന്നേന | ലഭിച്ചതുകൊണ്ട് ഉണ്ടാവുന്ന |
| സന്തോഷഃ | മനഃസംതൃപ്തി |
| മുക്തയേ | സംസാരനിർമ്മുക്തിക്ക് ഉതകുമെന്നത്രേ |
| സ്മൃതഃ | മഹദഭിപ്രായം |

26. യദൃച്ഛാലാഭതുഷ്ടസ്യ തേജോ വിപ്രസ്യ വർദ്ധതേ
തത് പ്രശാമ്യത്യസന്തോഷാദംഭസേവാശുശുക്ഷണിഃ

| | |
|---|---|
| യദൃച്ഛാലാഭതുഷ്ടസ്യ | ദൈവേച്ഛയാൽ സ്വയം ലഭിച്ച ദ്രവ്യംകൊണ്ട് സന്തുഷ്ടനായിരിക്കുന്ന |
| വിപ്രസ്യ | ബ്രാഹ്മണന്റെ |
| തേജഃ | തേജസ്സ് |
| വർദ്ധതേ | വർദ്ധിക്കുന്നു., |
| തത് | അത് (തേജസ്സ്) |
| അസന്തോഷാത് | അസന്തുഷ്ടിമൂലം |

| | | | |
|---|---|---|---|
| ആശുശുക്ഷണി: | അഗ്നി | ഇവ | എന്നപോലെ |
| അംഭസാ | വെള്ളംകൊണ്ട് | പ്രശാമ്യതി | കെട്ടണയുന്നു. |

**27.** **തസ്മാത് ത്രീണി പദാന്യേവ വൃണേ ത്വദ്വരർഷഭാത്**
**ഏതാവതൈവ സിദ്ധോƒഹം വിത്തം യാവത്പ്രയോജനം.**

| | | | |
|---|---|---|---|
| തസ്മാത് | ആകയാൽ | ഏതാവതാ- ഏവ | ഇത്രയുംകൊണ്ടുതന്നെ |
| വരദ- ഋഷഭാത് | വരദാതാക്കളിൽ പ്രമുഖനായ | അഹം | ഞാൻ |
| ത്വത് | അങ്ങയിൽനിന്നു് | സിദ്ധഃ | കൃതാർത്ഥനാണ്. |
| ത്രീണി പദാനി ഏവ | മൂന്നടിയിലൊതുങ്ങുന്ന ഇടം മാത്രം | വിത്തം | സമ്പത്ത് |
| വൃണേ | ഞാൻ വരിക്കുന്നു. | യാവത്- പ്രയോജനം | ആവശ്യത്തിനു വേണ്ടിടത്തോളം മാത്രമേ ആകാവൂ |

ശ്രീശുക ഉവാച — ശ്രീശുകൻ പറഞ്ഞു

**28.** **ഇത്യുക്തഃ സ ഹസന്നാഹ വാഞ്ഛാതഃ പ്രതിഗൃഹ്യതാം**
**വാമനായ മഹീം ദാതും ജഗ്രാഹ ജലഭാജനം.**

| | | | |
|---|---|---|---|
| ഇതി | ഇങ്ങനെ | ആഹ | എന്നുപറകയും, |
| ഉക്തഃ | ചൊല്ലിദ്ധരിപ്പിക്കപ്പെട്ട | വാമനായ | വാമനന്നു് |
| സഃ | ആ ബലിചക്രവർത്തി | മഹീം | ഭൂമിയെ |
| ഹസൻ | ചിരിച്ചുകൊണ്ടു് | ദാതും | ദാനംചെയ്യുവാൻ |
| വാഞ്ഛാതഃ | "ഇച്ഛിച്ചവിധം | ജലഭാജനം | ജലപാത്രത്തെ |
| പ്രതിഗൃഹ്യ- താം | പ്രതിഗ്രഹിച്ചു കൊണ്ടാലും" | ജഗ്രാഹ | എടുക്കുകയും ചെയ്തു. |

**29.** **വിഷ്ണവേ ക്ഷ്മാം പ്രദാസ്യന്തമുശനാ അസുരേശ്വരം**
**ജാനംശ്ചികീർഷിതം വിഷ്ണോഃ ശിഷ്യം പ്രാഹ വിദാം വരഃ**

| | | | |
|---|---|---|---|
| വിദാം | വിജ്ഞന്മാർക്കിടയിൽ | ക്ഷ്മാം | ഭൂമിയെ |
| വരഃ | അഗ്രഗണ്യനായ | പ്രദാസ്യന്തം | ദാനംചെയ്യുവാനുദ്യമിച്ചിരിക്കുന്ന |
| ഉശനാഃ | ശുക്രാചാര്യൻ | | |
| വിഷ്ണോഃ | വിഷ്ണുഭഗവാന്റെ | | |
| ചികീർഷിതം | ഉദ്ദിഷ്ടകാര്യത്തെ | ശിഷ്യം | സ്വശിഷ്യനായ |
| ജാനൻ | മനസ്സിലാക്കിക്കൊണ്ടു് | അസുരേശ്വരം | അസുരചക്രവർത്തിയെ |
| വിഷ്ണവേ | സാക്ഷാൽ വിഷ്ണുതന്നെയായ വാമനന്നു് | പ്രാഹ | പറഞ്ഞുധരിപ്പിച്ചു. |

ശുക്രാചാര്യ ഉവാച = ശുക്രാചാര്യർ പറഞ്ഞു.

**30. ഏഷ വൈരോചനേ സാക്ഷാദ് ഭഗവാൻ വിഷ്ണുരവ്യയഃ**
**കശ്യപാദദിതേർജാതോ ദേവാനാം കാര്യസാധകഃ**

| | | | |
|---|---|---|---|
| വൈരോചനേ | വിരോചനന്റെ പുത്രനായ അസുരരാജാവേ! | വിഷ്ണുഃ | മഹാവിഷ്ണുവാണ്. |
| ഏഷഃ | ഈ ആൾ | ദേവാനാം | ദേവന്മാരുടെ |
| സാക്ഷാത് | ശരിക്കു | കാര്യസാധകഃ | കാര്യങ്ങളെ സാധിപ്പിക്കുവാനുദ്യുക്തനായിട്ട് |
| അവ്യയഃ | ശാശ്വതമൂർത്തിയായി | അദിതേഃ | അദിതിദേവിക്ക് |
| ഭഗവാൻ | സമഗ്രൈശ്വര്യാദിഷഡ്ഗുണസമ്പന്നനായിരിക്കുന്ന | കശ്യപാത് | കശ്യപനിൽനിന്ന് |
| | | ജാതഃ | ഉണ്ടായവനാകുന്നു. |

**31. പ്രതിശ്രുതം ത്വയൈതസ്മൈ യദനർത്ഥമജാനതാ**
**ന സാധു മന്യേ ദൈത്യാനാം മഹാനുപഗതോഽനയഃ**

| | | | |
|---|---|---|---|
| അനർത്ഥം | വരാനിടയുള്ള വല്ലായ്മയെക്കുറിച്ച് | സാധു | നന്നായെന്ന് |
| അജാനതാ | ബോധവാനല്ലാത്ത | ന മന്യേ | ഞാൻ കരുതുന്നില്ല. |
| ത്വയാ | നിന്നാൽ | ദൈത്യാനാം | അസുരന്മാരെ സംബന്ധിച്ചിടത്തോളം |
| ഏതസ്മൈ | ഈ വടുവിന്ന് | മഹാൻ | വലിയ |
| പ്രതിശ്രുതം | വാക്കു കൊടുക്കപ്പെട്ടത് | അനയഃ | അന്യായമാണ് |
| യത് | യാതൊന്നോ, അത് | ഉപഗതഃ | വന്നുകപ്പെട്ടത്. |

വന്നുകപ്പെട്ട അന്യായമെന്തെന്നു വ്യക്തമാക്കുന്നു—

**32. ഏഷ തേ സ്ഥാനമൈശ്വര്യം ശ്രിയം തേജോ യശഃ ശ്രുതം**
**ദാസ്യത്യാച്ഛിദ്യ ശക്രായ മായാമാണവകോ ഹരിഃ.**

| | | | |
|---|---|---|---|
| മായാമാണവകഃ | മായാവൈഭവത്താൽ വടുരൂപം പൂണ്ടിരിക്കുന്ന | തേജഃ | പ്രതാപത്തെയും |
| ഏഷഃ ഹരിഃ | ഈ വിഷ്ണു | ശ്രുതം | വിശ്രുതമായ |
| തേ | നിന്റെ | യശഃ | കീർത്തിയെയും |
| സ്ഥാനം | സ്ഥാനത്തെയും | ആച്ഛിദ്യ | പിടിച്ചടക്കിയിട്ട് |
| ഐശ്വര്യം | ഐശ്വര്യത്തെയും | ശക്രായ | ദേവേന്ദ്രന്ന് |
| ശ്രിയം | ലക്ഷ്മിയെയും | ദാസ്യതി | സമ്മാനിക്കാൻ പോകുന്നു. |

"ഈ വാമനവടു എന്നോടു യാചിച്ചതു മൂന്നടി മണ്ണുമാത്രമാണ്. എന്റെ വാഗ്ദാനവും അതിനുള്ളതാണ്. എന്നിരിക്കെ എന്റെ സ്ഥാനൈശ്വര്യാദിസമസ്തവും കൈയടക്കുന്നതെങ്ങനെ?" എന്നാണ് ആശങ്കിക്കുന്നതെങ്കിൽ—

33. ത്രിഭിഃ ക്രമൈരിമാംല്ലോകാൻ വിശ്വകായഃ ക്രമിഷ്യതി
സർവസ്വം വിഷ്ണവേ ദത്വാ മൂഢ വർത്തിഷ്യസേ കഥം.

| | | | |
|---|---|---|---|
| വിശ്വകായഃ | വിശ്വാകാരനായ വിഷ്ണു | സർവസ്വം | തനിക്കുള്ളതെല്ലാം |
| ത്രിഭിഃ | മൂന്ന് | വിഷ്ണവേ | വിഷ്ണുവിന് |
| ക്രമൈഃ | അടിവയ്പുകളാൽ | ദത്വാ | കൊടുത്തശേഷം |
| ഇമാൻ | ഈ | കഥം | എങ്ങനെ |
| ലോകാൻ | ലോകങ്ങളെയെല്ലാം | വർത്തിഷ്യസേ | ഉപജീവനം നടത്താൻ പോകുന്നു. |
| ക്രമിഷ്യതി | അളന്നെടുക്കും. | | |
| മൂഢ | ഹേ ഭോഷാ! | | |

'എങ്കിലും വാക്ക പാലിക്കണമല്ലൊ' എന്നാണെങ്കിൽ അതിനും സാധ്യതയില്ലെന്ന് ഇനി രണ്ടു ശ്ലോകംകൊണ്ടു പറയുന്നു.

34. ക്രമതോ ഗാം പദൈകേന ദ്വിതീയേന ദിവം വിഭോഃ
ഖം ച കായേന മഹതാ താർത്തീയസ്യ കുതോ ഗതിഃ

| | | | |
|---|---|---|---|
| ഏകേന | ആദ്യത്തെ ഒരേ | ഖം ച | അന്തരീക്ഷത്തെയും |
| പദാ | അടിവയ്പിനാൽ | ക്രമതഃ | അളന്നെടുത്തുനീങ്ങുന്ന |
| ഗാം | ഭൂമിയെയും | വിഭോഃ | വിഷ്ണുവിന്റെ |
| ദ്വിതീയേന | രണ്ടാമത്തേതിനാൽ | | |
| ദിവം | സ്വർഗത്തെയും | താർത്തീയസ്യ | മൂന്നാമത്തെ അടിവയ്പിന് |
| മഹതാ | പെരുത്ത | ഗതിഃ | ആസ്പദം |
| കായേന | ശരീരത്താൽ | കുതഃ | എവിടെയുണ്ട്? |

35. നിഷ്ഠാം തേ നരകേ മന്യേ ഹ്യപ്രദാതുഃ പ്രതിശ്രുതം
പ്രതിശ്രുതസ്യ യോഽനീശഃ പ്രതിപാദയിതും ഭവാൻ

| | | | |
|---|---|---|---|
| ഹി | ആകയാൽ | മന്യേ | ഞാൻ കരുതുന്നു. |
| പ്രതിശ്രുതം | വാഗ്ദാനം ചെയ്യപ്പെട്ടതിനെ | യഃ ഭവാൻ | യാതൊരു അങ്ങ് |
| അപ്രദാതുഃ | പ്രദാനം ചെയ്യാൻ കഴിയാത്ത | പ്രതിശ്രുതസ്യ | വാഗ്ദാനം ചെയ്യപ്പെട്ടതിനെ |
| തേ | അങ്ങയുടെ | പ്രതിപാദയിതും | നിറവേററിക്കൊടുക്കുന്നതിന് |
| നിഷ്ഠാം | സ്ഥിതിയെ | അനീശഃ | കഴിയാത്തവനാകുമല്ലൊ. |
| നരകേ | നരകത്തിലായിട്ട്. | | |

പ്രതിശ്രുതം നിറവേററുവാൻ കഴിഞ്ഞില്ലെങ്കിലും സർവസ്വദാതാവെന്ന കീർത്തി ലഭിക്കുമല്ലോ. എന്നാണെങ്കിൽ അതിനും വഴിയില്ലെന്ന തുടർന്നുപദേശിക്കുന്നു_

36. ന തദ്ദാനം പ്രശംസന്തി യേന വൃത്തിർവിപദ്യതേ
ദാനം യജ്ഞസ്തപഃ കർമ്മ ലോകേ വൃത്തിമതോ യതഃ

| | | | |
|---|---|---|---|
| യേന | യാതൊന്നുകൊണ്ടു് | വൃത്തിമതഃ | സ്വന്തം ദേഹരക്ഷയ്ക്കു വഴിയുള്ളവനുമാത്രാണു് |
| വൃത്തിഃ | സ്വജീവനോപായം | | |
| വിപദ്യതേ | അപകടപ്പെടുന്നുവോ, | ദാനം | ദാനവും |
| തത് | അത്തരം | യജ്ഞഃ | യജ്ഞവും |
| ദാനം | ദാനത്തെ | തപഃ | തപസ്സും |
| ന പ്രശംസന്തി | ആരും പ്രശംസിക്കയില്ല. | | |
| യതഃ | എന്തെന്നാൽ | കർമ്മ | ജനസേവനവും സാധ്യമാകയുള്ളു. |
| ലോകേ | ലോകത്തിൽ | | |

37. ധർമ്മായ യശസേഽർത്ഥായ കാമായ സ്വജനായ ച
പഞ്ചധാ വിഭജൻ വിത്തമിഹാമുത്ര ച മോദതേ

| | | | |
|---|---|---|---|
| ധർമ്മായ | ധാർമ്മികകാര്യത്തിനും | പഞ്ചധാ | അഞ്ചു ഭാഗമാക്കി |
| യശസേ | കീർത്തിക്കും, | വിഭജൻ | തരംതിരിച്ചുവയ്ക്കുന്നവൻ |
| അർത്ഥായ | മുതൽ കൂട്ടുന്നതിനും, | ഇഹ | ഈ ലോകത്തിലും |
| കാമായ | സുഖഭോഗത്തിനും, | | |
| സ്വജനായ ച | സ്വന്തപ്പെട്ടവർക്കുമായിട്ടു് | അമുത്ര ച | ആ ലോകത്തിലും |
| വിത്തം | സമ്പത്തിനെ | മോദതേ | സുഖിക്കുന്നു. |

''എന്നാൽ ആദ്യം അംഗീകരിച്ചതിനെ നിരാകരിക്കുന്നതെങ്ങനെ? പ്രതിശ്രുതലംഘനം അനൃതമാകുമല്ലോ''. എന്നിങ്ങനെ മഹാബലിക്കുണ്ടാകാവുന്ന ആശങ്കയെ പരിഹരിക്കുവാൻ സത്യാനൃത വ്യവസ്ഥ ചെയ്യുന്ന ശ്രുതിവാക്യങ്ങളെ വ്യാഖ്യാനിച്ചു് ധരിപ്പിക്കുവാൻ ആറുശ്ലോകംകൊണ്ടു ശുക്രമുനി പരിശ്രമിക്കുന്നു-

38. അത്രാപി ബഹ്വൃചൈർഗീതം ശൃണു മേഽസുരസത്തമ
സത്യമോമിതി യത് പ്രോക്തം യന്നേത്യാഹാനൃതം ഹി തത്

| | | | |
|---|---|---|---|
| അസുരപുംഗവ | അല്ലയോ അസുരശ്രേഷ്ഠ! | ശൃണു | കേട്ടുധരിച്ചാലും |
| അത്ര അപി | ഇതിൽ (സത്യാനൃതങ്ങളുടെ വ്യവസ്ഥിതിയിൽ) വിശേഷിച്ചു. | ഹി | അതെന്തെന്നാൽ- |
| | | ഓം ഇതി | 'ഓം' (ഓ, ശരി) എന്നിങ്ങനെ |
| ബഹ്വൃചൈഃ | 'ബഹ്വൃചങ്ങൾ' എന്ന ഋഗ്വേദ സംഹിതാ പ്രകരണങ്ങളാൽ | യത് | യാതൊരു അംഗീകാരവാക്കു് |
| ഗീതം | പ്രകീർത്തിക്കപ്പെട്ടതിനെ | പ്രോക്തം | ഉരിക്കപ്പെട്ടുവോ, |
| മേ | എൻെറ അടുക്കൽനിന്നു് | തത് സത്യം | ആയതു സത്യവും |

| | | | |
|---|---|---|---|
| ന ഇതി | 'ന' (ഇല്ല) എന്നിങ്ങനെ | ആഹ | ഉച്ചരിച്ചപ്പോൾ, |
| യത് | യാതൊരു നിഷേധ | തത് | ആയത് |
| | വാക്ക് | അനൃതം | അസത്യവുമാകുന്നു. |

'ഓമിതി സത്യം നേത്യനൃതം' ഇത്യാദിവചനത്താൽ സത്യാനൃതങ്ങളുടെ സ്വരൂപം നിർണ്ണയിച്ചിരിക്കുന്ന ശ്രുതി സത്യത്തെ യോഗ്യമെന്നും അനൃതത്തെ അയോഗ്യമെന്നും വിധിച്ചിട്ടുണ്ട്. പക്ഷേ ആ സത്യമാകട്ടെ അനൃതത്തെ അല്പമായെങ്കിലും സ്പർശിക്കാതെ നിലനില്ക്കയില്ല. ഈ അഭിപ്രായത്തോടെ ശ്രുതിവചനങ്ങളെ ആധാരമാക്കി തുടർന്നുപറയുന്നു—

39. സത്യം പുഷ്പഫലം വിദ്യാദാത്മവൃക്ഷസ്യ ഗീയതേ
വൃക്ഷേഽജീവതി തന്നസ്യാദനൃതം മൂലമാത്മനഃ

| | | | |
|---|---|---|---|
| സത്യം | ''സത്യത്തെ | | മായ പുഷ്പഫലം) |
| ആത്മ— | ദേഹമാവുന്ന | വൃക്ഷേ | (ദേഹമാവുന്ന) വൃക്ഷം |
| വൃക്ഷസ്യ | വൃക്ഷത്തിലുള്ള | അജീവതി | ജീവത്തല്ലാതിരിക്കു |
| പുഷ്പഫലം | പുഷ്പഫലമായിട്ട് | | മ്പോൾ |
| വിദ്യാത് | അറിഞ്ഞുകൊള്ളണം'' | ന സ്യാത് | ഉണ്ടാവുകയില്ല. |
| ഗീയതേ | എന്നിങ്ങനെ ശ്രുതിയാൽ | ആത്മനഃ | ദേഹത്തിന്റെ |
| | കീർത്തിക്കപ്പെടുന്നു. | മൂലം | അടിസ്ഥാനം |
| തത് | അതു് (സത്യസ്വരൂപ | അനൃതം | അസത്യമത്രേ. |

ഇപ്പറഞ്ഞതിനെ സോദാഹരണം ഇനി വ്യക്തമാക്കുന്നു—

40. തദ്യഥാ വൃക്ഷ ഉന്മൂലഃ ശുഷ്യത്യുദ്വർത്തതേഽചിരാത്
ഏവം നഷ്ടാനൃതഃ സദ്യ ആത്മാ ശുഷ്യേന്ന സംശയഃ

| | | | |
|---|---|---|---|
| ഉന്മൂലഃ | ആണിവേരററുപോയ | നഷ്ടാനൃതഃ | അനൃതത്തോടു ബന്ധ |
| വൃക്ഷഃ | മരം | | മില്ലാത്ത |
| ശുഷ്യതി | ഉണങ്ങുന്നു; | ആത്മാ | ശരീരവും |
| അചിരാത് | കാലതാമസമില്ലാതെ | സദ്യഃ | ശീഘ്രഗതിയിൽ |
| ഉദ്വർത്തതേ | മറിഞ്ഞുവീഴുന്നു— | | |
| തത് യഥാ | അത് ഏതുപോലെയോ, | ശുഷ്യേത് | ശോഷിക്കുന്നതാണ്, |
| ഏവം | അതുപോലെ | ന സംശയഃ | സന്ദേഹമില്ല. |

'അനൃതം വദൻ ആത്മാനമാവിർമൂലം കരോതി, തസ്മാദനൃതം ന വദേത്'. (അനൃതം വദിക്കുന്നവൻ ആത്മനാശമുണ്ടാക്കുന്നു. ആകയാൽ അനൃതം വദിക്കരുത്) എന്നിങ്ങനെയുള്ള വചനങ്ങളാൽ ശ്രുതി അനൃതഭാഷണത്തെ നിഷേധിച്ചിട്ടുണ്ടെന്നതു ശരി തന്നെ. എങ്കിലും 'മയേത ത്വനേന' (അനേന തു = ഈ അനൃതംകൊണ്ടുതന്നെ,

മയേത = ദേഹം രക്ഷിക്കേണ്ടതുമാണ്) എന്നുള്ള ഉപസംഹാരവാക്യംകൊണ്ടു ദേഹരക്ഷാർത്ഥം ആപദ്ധർമ്മന്യായേന ശ്രുതിതന്നെ അനൃതത്തിന്ന് അംഗീകാരവും നൽകിയിരിക്കുന്നു. ആകയാൽ സ്വരക്ഷയെ മുൻനിർത്തിയുള്ള വാഗ്ദത്തലംഘനം പാപമാകയില്ലെന്നു് സാരം.

സത്യനിഷ്ഠകൊണ്ടു എല്ലാ അവസ്ഥകളിലും ശരീരസംരക്ഷ സാദ്ധ്യമാകയില്ലെന്നു തെളിയിക്കുവാനായി ഇനി രണ്ടു ശ്ലോകം സത്യത്തിന്റെ ദോഷങ്ങളെയും അനൃതത്തിന്റെ ഗുണങ്ങളെയും എടുത്തുപറയുന്നു—

**41.** **പരാഗ് രിക്തമപൂർണ്ണം വാ അക്ഷരം യത്തദോമിതി**
**യത് കിഞ്ചിദോമിതി ബ്രൂയാത്തേന രിച്യേത വൈ പുമാൻ**
**ഭിക്ഷവേ സർവ്വമോംകുർവ്വന്നാലം കാമേന ചാത്മനേ**

| | | | |
|---|---|---|---|
| ഓം ഇതി | അംഗീകാര സൂചകമായ ഓം എന്നുള്ള | ബ്രൂയാത് | വ്യക്തമായി പറഞ്ഞെന്നാൽ |
| അക്ഷരം | അക്ഷരം | പുമാൻ | പറഞ്ഞിട്ടുള്ള വ്യക്തി |
| യത് തത് | യാതൊന്നോ, അത് | തേന | ആ വസ്തുവിനാൽ |
| പരാക് | അർത്ഥത്തെ അകററി മറിച്ചതോ | രിച്യേത | വിഹീനനായിത്തീരും |
| | | സർവ്വം | എല്ലാം തന്നെയും |
| | | ഭിക്ഷവേ | യാചകന്നു് |
| രിക്തം വൈ | അർത്ഥശൂന്യമോ ആകയാൽ | ഓംകുർവ്വൻ | ശരിവച്ചു കൊടുക്കുന്നവൻ |
| അപൂർണ്ണം | അവ്യക്തമാകുന്നു. | ആത്മനെ | തനിക്കുവേണ്ടതായ |
| യത് കിഞ്ചിത് | ഏതെങ്കിലുമൊന്നു് | കാമേന | ഭോഗസാധനത്താൽ |
| ഓം ഇതി | 'ഓ, തരാം' എന്നു് | ന അലം | സ്വയം പര്യാപ്തനാകയില്ല. |

'' പരാഗ് വാ ഏതദ്രിക്തമക്ഷരം യദേതദോമിതി തദ്യത്കിഞ്ചിദോമിത്യാഹാത്രൈവാസ്മൈ തദ്രിച്യതേ സ യത് സർവ്വം ഓം കുര്യാദ്രിച്യാദാത്മാനം സ കാമേഭ്യോ നാലം സ്യാത് '' എന്ന ശ്രുതിവാക്യത്തെ വ്യാഖ്യാനിക്കുകയാണ് ഈ ശ്ലോകംകൊണ്ടു ചെയ്യുന്നത്. അംഗീകാരത്തെ സൂചിപ്പിക്കുന്ന ഓംകാരോച്ചാരണം പരാക്കാണെന്നും രിക്തമാണെന്നും ശ്രുതിയിൽ പറഞ്ഞതിന്റെ ആശയം തന്നെ വ്യക്തമല്ല. ഒരാൾ മറെറാരാൾക്കു് എന്തെങ്കിലുമൊന്നു നൽകാനുദ്ദേശിച്ചു് 'ഓ ശരി' — എന്നു സമ്മതം മൂളിയാൽ ആ വസ്തു അവനെ വിട്ടുപോയി. എല്ലാം തരാമെന്നർത്ഥത്തിലാണ് ഓമെന്നു സമ്മതം മൂളിയതെങ്കിൽ ഉള്ളതെല്ലാം അവനെ വിട്ടുപോകുന്നു. അവൻ ജീവിതനിർവ്വഹണത്തിന് അവശ്യം ആവശ്യമായ ഭോഗസാമഗ്രികളൊന്നുമില്ലാതെ അനർത്ഥഗർത്തത്തിൽ നിപതിക്കുന്നു. 'ഓം' എന്ന സത്യത്തെ അംഗീകരിച്ചാലുണ്ടാവുന്ന ദോഷങ്ങളാണിവ. ഇനി 'ന' എന്ന അനൃതവചനത്തിന്റെ ഗുണങ്ങളെ അടുത്ത ശ്ലോകത്തിൽ പരാമർശിക്കുന്നു—

42. അഥൈതത് പൂർണ്ണമഭ്യാത്മം യച്ച നേത്യനൃതം വചഃ
സർവ്വം നേത്യനൃതം ബ്രൂയാത് സ ദുഷ്കീർത്തിഃ ശ്വസൻ മൃതഃ

| | | | |
|---|---|---|---|
| അഥ | എന്നാൽ | സർവ്വം ന ഇതി | (എന്നിരിക്കലും) സർവ്വം ഇല്ലെന്ന് |
| ന ഇതി | 'ഇല്ല' എന്നുള്ള | ബ്രൂയാത് | എപ്പോഴും പറയുകയാണെങ്കിൽ |
| അനൃതം | അസത്യമായ | സഃ | അവൻ |
| വചഃ | വചനം | ദുഷ്കീർത്തിഃ | കീർത്തിദോഷം ബാധിച്ചവനും |
| യത് | യാതൊന്നോ | ശ്വസൻ | ശ്വാസോച്ഛ്വാസം ചെയ്യുന്നുണ്ടെങ്കിലുംകൂടി |
| ഏതത് | ഇത് | മൃതഃ | മൃതപ്രായനുമാണ് |
| പൂർണ്ണം | അർത്ഥനാശത്തിന് ഇടവരുത്താത്തതാകയാൽ പൂർണ്ണമാകുന്നു. | | |
| അഭ്യാത്മം ച | പരസ്വത്തെയുംകൂടി തന്നിലേക്കാകർഷിക്കുന്നതുമാകുന്നു. | | |

വൃത്തിസങ്കടാദി സന്ദർഭങ്ങളിൽ മാത്രമല്ലാതെ സർവ്വദാ അനൃതവചനോപയോഗം അരുത്. അത് അപകീർത്തികരവും മരണത്തിനു തുല്യവുമാണ്. ''അഥൈതത് പൂർണ്ണമഭ്യാത്മം യന്നേതി സ യത് സർവ്വം നേതി ബ്രൂയാത് പാപികാസ്യ കീർത്തിർജായേത സൈനം തത്രൈവ ഹന്യാത്'' എന്നുള്ള ശ്രുതിവചനം തന്നെ ഇതിലേക്കു പ്രമാണമാകുന്നു.

അനൃതോപയോഗം നിഷിദ്ധമല്ലാത്ത ചില സന്ദർഭങ്ങളെ സ്മൃത്യനുസാരേണ ഇനി ചൂണ്ടിക്കാട്ടുന്നു–

43. സ്ത്രീഷു നർമ്മവിവാഹേ ച വൃത്ത്യർത്ഥേ പ്രാണസങ്കടേ
ഗോബ്രാഹ്മണാർത്ഥേ ഹിംസായാം നാനൃതം സ്യാജ്ജുഗുപ്സിതം

| | | | |
|---|---|---|---|
| സ്ത്രീഷു | സ്ത്രീകളുടെ അടുക്കൽ അവരെ വശീകരിക്കാൻ ശ്രമിക്കുന്ന സന്ദർഭത്തിലും, | ഗോബ്രാഹ്മണാർത്ഥേ | പശുക്കളെയും ബ്രാഹ്മണരെയും രക്ഷിക്കുവാനഭ്യമിക്കുമ്പോഴും, |
| നർമ്മ-വിവാഹേ | തമാശ പറയുമ്പോഴും, വിവാഹാവസരത്തിൽ വധൂവരന്മാരെ പുകഴ്ത്തുമ്പോഴും, | ഹിംസായാം ച | ആർക്കെങ്കിലും പ്രാണഹാനി വന്നുകൂടുമ്പോഴും |
| വൃത്ത്യർത്ഥേ | ജീവിതവൃത്തിക്കുവേണ്ടി പരിശ്രമിക്കുമ്പോഴും, | അനൃതം | അസത്യഭാഷണം |
| പ്രാണസങ്കടേ | ജീവാപായം അടുക്കപ്പെട്ടപ്പോഴും, | ജുഗുപ്സിതം | നിന്ദിതമായി |
| | | ന സ്യാത് | ഭവിക്കയില്ല. |

ഇതി ശ്രീമദ് ഭാഗവതേ മഹാപുരാണേ
അഷ്ടമസ്കന്ധേ വാമനപ്രാദുർഭാവോ നാമ
ഏകോനവിംശോऽധ്യായഃ
ആദിതഃ ശ്ലോകാഃ 735
അഷ്ടമസ്കന്ധത്തിൽ പത്തൊമ്പതാമദ്ധ്യായം കഴിഞ്ഞു.

* * *

# വിംശോऽധ്യായഃ അധ്യായം ഇരുപത്

ബലിയുടെ ഭൂമിദാനവും വാമനന്റെ വിശ്വരൂപധാരണവും
''വിംശേ ത്വനൃതഭീതോऽസൗ ജ്ഞാത്വാപി കപടം ഹരേഃ
ദദാവേവ തതോ വിഷ്ണുഃ സഹസാവർദ്ധതാദ്ഭുതം.''

വിഷ്ണുവിന്റെ കപടതന്ത്രത്തെക്കുറിച്ച് ബോധവാനായിരുന്നിട്ടുകൂടിയും അസത്യഭീതനായ ബലി മൂന്നടി മണ്ണ് ദാനംചെയ്ത് പ്രതിജ്ഞ നിറവേററിയതും വാമനൻ തൽക്ഷണം അദ്ഭുതകരമംവിധം വളർന്നു വിരാട്സ്വരൂപം ധരിച്ചതും ഈ 20-ാമധ്യായത്തിൽ പറയുന്നു.

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു—

1. ബലിരേവം ഗൃഹപതിഃ കുലാചാര്യേണ ഭാഷിതഃ
തൂഷ്ണീം ഭൂത്വാ ക്ഷണം രാജന്നുവാചാവഹിതോ ഗുരും

| | | | |
|---|---|---|---|
| രാജൻ | അല്ലയോ രാജാവേ! | ക്ഷണം | അല്പനേരം |
| ഏവം | ഈ വിധം | തൂഷ്ണീം | മൗനമായി |
| കുലാചാര്യേണ | കുലഗുരുവായ ശുക്രമഹർഷിയാൽ | ഭൂത്വാ | ഇരുന്നിട്ട് |
| | | അവഹിതഃ | മനസ്സിരുത്തിക്കൊണ്ട് |
| ഭാഷിതഃ | ഉപദേശിക്കപ്പെട്ട | ഗുരും | ഗുരുവിനോട് |
| ഗൃഹപതിഃ | ഉത്തമഗൃഹസ്ഥനായ | | |
| ബലിഃ | മഹാബലി | ഉവാച | പറഞ്ഞു. |

ബലിരുവാച = മഹാബലി പറഞ്ഞു.

2. സത്യം ഭഗവതാ പ്രോക്തം ധർമ്മോऽയം ഗൃഹമേധിനാം
അർത്ഥം കാമം യശോ വൃത്തിം യോ ന ബാധേത കർഹിചിത്

| | | | |
|---|---|---|---|
| ഭഗവതാ | എല്ലാമറിയുന്ന അങ്ങയാൽ | വൃത്തിം | ജീവിതവൃത്തിയെയും |
| പ്രോക്തം | വ്യക്തമായി ചൊല്ലപ്പെട്ട തെല്ലാം | യഃ | യാതൊന്ന് |
| | | കർഹിചിത് | ഒരു തരത്തിലും |
| സത്യം | വാസ്തവം തന്നെ | നബാധേത | ബാധിക്കയില്ലയോ, |
| അർത്ഥം | ''അർത്ഥത്തെയും | അയം | അതകുന്ന |
| കാമം | കാമത്തെയും | ഗൃഹമേധിനാം | ഗൃഹസ്ഥാശ്രമികളുടെ |
| യശഃ | യശസ്സിനെയും | ധർമ്മഃ | ധർമ്മമായത്.'' |

**3. സ ചാഹം വിത്തലോഭേന പ്രത്യാചക്ഷേ കഥം ദ്വിജം**
**പ്രതിശ്രുത്യ ദദാമീതി പ്രാഹ്ലാദിഃ കിതവോ യഥാ**

| | | | |
|---|---|---|---|
| പ്രാഹ്ലാദിഃ ച | പ്രഹ്ലാദ വംശത്തിൽ പിറന്നവനും കൂടിയായ | വിത്ത–ലോഭേന | ധനത്തിലുള്ള അത്യാശ നിമിത്തം |
| | | കിതവഃ | വഞ്ചകൻ |
| സഃ അഹം | ആ ഞാൻ | യഥാ | കണക്കെ |
| ദദാമി | 'തരാം' | ദ്വിജം | ബ്രാഹ്മണനോട് |
| ഇതി | എന്നിങ്ങനെ | കഥം | എങ്ങനെ |
| പ്രതിശ്രുത്യ | വാക്കുകൊടുത്ത ശേഷം | പ്രത്യാചക്ഷേ | മറുത്തുപറയും? |

**4. ന ഹ്യസത്യാത് പരോഽധർമ്മ ഇതി ഹോവാച ഭൂരിയം**
**സർവ്വം സോഢുമലം മന്യേ ഋതേഽലീകപരം നരം**

| | | | |
|---|---|---|---|
| അസത്യാത് | അസത്യത്തെക്കാൾ | സോഢും | സഹിക്കുവാൻ |
| പരഃ | മുന്തിയ | അലം മന്യേ | ഞാൻ സ്വയം കഴിവുററവളാണെന്ന കരുതുന്നു.'' |
| അധർമ്മഃ | അധർമ്മം | | |
| നഹി | ഇല്ലതന്നെ | ഇതി | എന്നിങ്ങനെ |
| അലീകപരം | അസത്യതത്പരനായ | | |
| നരം ഋതേ | മനുഷ്യനെ ഒഴിച്ച് | ഇയം ഭൂഃ | ഈ ഭൂമിദേവി |
| സർവ്വം | മറെറല്ലാം | ഉവാച ഹ | പറഞ്ഞിട്ടുണ്ടപോൽ |

**5. നാഹം ബിഭേമി നിരയാന്നാധന്യാദസുഖാർണ്ണവാത്**
**ന സ്ഥാനച്യവനാന്മൃത്യോർയഥാ വിപ്രപ്രലംഭനാത്**

| | | | |
|---|---|---|---|
| വിപ്രപ്രലംഭനാത് | ബ്രാഹ്മണനെ വഞ്ചിക്കുന്നതിൽ നിന്ന് | (ബിഭേമി) | ഭയപ്പെടുന്നുവോ, |
| | | (തഥാ) | അത്രത്തോളം |
| അഹം | ഞാൻ | നിരയാത് | നരകത്തിൽ നിന്ന് |
| യഥാ | എത്രത്തോളം | ന ബിഭേമി | ഭയപ്പെടുന്നില്ല |

| | | | |
|---|---|---|---|
| അധന്യാത് | ദാരിദ്ര്യത്തിൽ നിന്നും | സ്ഥാനചലനാത് | സ്ഥാനഭ്രംശം വന്നുപോകുന്നതിൽ നിന്നും |
| ന | ഇല്ല. | മൃത്യോഃ | മരണത്തിൽനിന്നുപോലും |
| അസുഖാർണ്ണവാത് | ദുഃഖത്തിന്റെ പെരും കടലിൽ നിന്നും | ന | ഇല്ല. |

**6.** **യദ്യദ്ധാസ്യതി ലോകേഽസ്മിൻ സംപരേതം ധനാദികം**
**തസ്യ ത്യാഗേ നിമിത്തം കിം വിപ്രസ്തുഷ്യേന്ന തേന ചേത്**

| | | | |
|---|---|---|---|
| അസ്മിൻ ലോകേ | ഈ ലോകത്തിൽ | വിപ്രഃ | ബ്രാഹ്മണൻ |
| ധനാദികം | ധനം മുതലായ | ന തുഷ്യേത് ചേത് | സന്തോഷിക്കുവാൻ ഇട വരാത്തപക്ഷം |
| യത് യത് | ഏതെല്ലാം ഭൗതികപദാർത്ഥമുണ്ടോ, അതെല്ലാം | തസ്യ | അതിന്റെ |
| സംപരേതം | മരിച്ചുപോയവനെ | ത്യാഗേ | പരിത്യാഗത്തിൽ |
| ഹാസ്യതി | പരിത്യജിക്കുന്നു. | കിം | എന്തു |
| തേന | ആ ധനാദിയാൽ | നിമിത്തം | ലക്ഷ്യമാണുള്ളത് |

"ധനാദികളായ ഭൗതിക വസ്തുക്കളെല്ലാം മരിച്ചുപോകുന്ന മർത്ത്യനെ വിട്ടുപോകുമെന്നു നിശ്ചിതമാകയാൽ ജീവിച്ചിരിക്കുമ്പോൾത്തന്നെ സ്വയം അറിവോടെ അവ ദാനം ചെയ്താൽ എന്തു വൈഷമ്യം? എന്നാൽ സ്വജീവിത നിർവാഹത്തിന്നുള്ളതുമാത്രം കരുതിവച്ചു ബാക്കിയുള്ളതു കൊടുക്കുക എന്നാണ് അങ്ങയുടെ അഭിപ്രായമെങ്കിൽ അതും ശരിയല്ല. യാചിതദ്രവ്യം മുഴുവൻ കൊടുക്കാഞ്ഞാൽ ബ്രാഹ്മണൻ സന്തോഷിക്കയില്ല. ആകയാൽ ആ ദാനം നിഷ്ഫലമായി ഭവിക്കും.'' — ഇതാണ് ഇവിടത്തെ ഭാവാർത്ഥം.

അങ്ങനെയാണെങ്കിൽ ഒന്നും കൊടുക്കാതിരിക്കുന്നതല്ലേ നല്ലതു്? എന്നാണ് ചോദ്യമെങ്കിൽ അതിന്നു പറയുന്നു—

**7.** **ശ്രേയഃ കുർവന്തി ഭൂതാനാം സാധവോ ദുസ്ത്യജാസുഭിഃ**
**ദധ്യങ്ശിബിപ്രഭൃതയഃ കോ വികല്പോ ധരാദിഷു**

| | | | |
|---|---|---|---|
| ദധ്യങ്ശിബിപ്രഭൃതയഃ | ദധീചിമഹർഷി, ശിബിചക്രവർത്തി എന്നിങ്ങനെയുള്ള | ഭൂതാനാം | പ്രാണികൾക്കു |
| | | ശ്രേയഃ | നന്മയെ |
| | | കുർവന്തി | ചെയ്തിരുന്നു. |
| സാധവഃ | സൽപുരുഷന്മാർ | ധരാദിഷു | ഭൂമി മുതലായ വസ്തുക്കളുടെ കാര്യത്തിൽ |
| ദുസ്ത്യജാസുഭിഃ | ത്യജിക്കുവാനരുതാത്ത ജീവനെ ത്യജിച്ചുകൊണ്ടു പോലും | വികല്പഃ | വീണ്ടുവിചാരം |
| | | കഃ | എന്തിരിക്കുന്നു? |

8. യൈരിയം ബുഭുജേ ബ്രഹ്മൻ ദൈത്യേന്ദ്രൈരനിവർത്തിഭിഃ
തേഷാം കാലോഽഗ്രസീല്ലോകാൻ ന യശോഽധിഗതം ഭുവി

| | | | |
|---|---|---|---|
| ബ്രഹ്മൻ | ഹേ മഹാബ്രാഹ്മണ! | തേഷാം | അവരുടെ |
| അനിവർത്തിഭിഃ | യുദ്ധത്തിൽ പിൻവാങ്ങാത്തവരായ | ലോകാൻ | ഇഹപരലോകങ്ങളെ |
| | | കാലഃ | കാലം |
| യൈഃ | യാവചില | അഗ്രസീത് | ഗ്രസിച്ചു; |
| ദൈത്യേന്ദ്രൈഃ | അസുരാധിപതികളാൽ | ഭുവി | ഭൂമിയിൽ |
| ഇയം | ഈ ഭൂമി | അധിഗതം | അവരാൽ ആർജ്ജിക്കപ്പെട്ട |
| ബുഭുജേ | അനുഭവിക്കപ്പെട്ടിരുന്നുവോ, | യശഃ | കീർത്തിയെ മാത്രം |
| | | ന | ഗ്രസിച്ചിട്ടില്ല. |

അതുകൊണ്ട് കീർത്തിയാണ് ആർജ്ജിക്കപ്പെടേണ്ടതെന്നു സാരം. ഇനി അടുത്ത ശ്ലോകംകൊണ്ട് ദേഹത്യാഗത്തെക്കാൾ ധനത്യാഗമാണ് കീർത്തിസാധകമെന്നു പറയുന്നു.

9. സുലഭാ യുധി വിപ്രർഷേ ഹ്യനിവൃത്താസ്തനുത്യജഃ
ന തഥാ തീർത്ഥ ആയാതേ ശ്രദ്ധയാ യേ ധനത്യജഃ

| | | | |
|---|---|---|---|
| വിപ്രർഷേ | ഹേ വിപ്രർഷേ | ശ്രദ്ധയാ | ശ്രദ്ധയോടുകൂടെ |
| യുധി | യുദ്ധത്തിൽ | | |
| അനിവൃത്താഃ | മടങ്ങാത്തവരായിട്ട് | ധനത്യജഃ | ധനത്യാഗം ചെയ്യുന്നവർ |
| തനുത്യജഃ | ദേഹത്യാഗം ചെയ്യുവർ | യേ | യാവചിലരാണോ, |
| സുലഭാഃ ഹി | ധാരാളമുണ്ട് | | |
| തീർത്ഥേ ആയാതേ | ദാനം വാങ്ങുവാൻ അർഹതയുള്ള ഒരു അർത്ഥി ആഗമിച്ചെന്നാൽ | (തേ) | അത്തരക്കാർ |
| | | തഥാ ന | അത്രയും ധാരാളമല്ല. |

ധനത്യാഗംകൊണ്ടുള്ള ദുർഗതി അഭികാമ്യമാണെന്ന് ഇനി എടുത്തുപറയുന്നു—

10 മനസ്വിനഃ കാരുണികസ്യ ശോഭനം
യദർത്ഥികാമോപനയേന ദുർഗതിഃ
കുതഃ പുനർബ്രഹ്മവിദാം ഭവാദൃശാം
തതോ വടോരസ്യ ദദാമി വാഞ്ഛിതം

| | | | |
|---|---|---|---|
| യത് അർത്ഥികാമോപനയേന | എന്തെന്നാൽ യാചകന്മാരായ വല്ലവരുടെയെങ്കിലും അഭീഷ്ടം സാധിപ്പിച്ചുകൊടുത്തതുകൊണ്ട് വന്നുകപ്പെട്ട | ദുർഗതിഃ | സമ്പത്തിക്കാധഃപതനം |
| | | മനസ്വിനഃ | ഉദാരനും |
| | | കാരുണികസ്യ | കരുണാശീലനുമായ ഒരുവനെ സംബന്ധിച്ചിടത്തോളം |

| | | | |
|---|---|---|---|
| ശോഭതേ | ശോഭായമാനമാകുന്നു. | | നുണ്ടോ? |
| ഭവാദൃശാം | അങ്ങയെപ്പോലെയുള്ള | ഗതഃ | ആയിക്കൊണ്ട് |
| ബ്രഹ്മവിദാം | വേദജ്ഞന്മാർക്കാക ബോധം | അസ്യ വടോഃ | ഈ ബ്രഹ്മചാരിയുടെ |
| | | വാഞ്ഛിതം | അഭീഷ്ടത്തെ |
| പുനഃ കുതഃ | പിന്നെ ചോദിപ്പാ | ദദാമി | ഞാൻ പ്രദാനം ചെയ്യുന്നു. |

''ഇവൻ കേവലം ഒരു ബ്രഹ്മചാരിയല്ല; അങ്ങയുടെ ശത്രുവായ വിഷ്ണുവാണ്'' എന്നാണെങ്കിൽ തീർച്ചയായും ദാനം ചെയ്യുക തന്നെ വേണമല്ലോ— എന്നഭിപ്രായത്തിൽ പറയുന്നു.

11. യജന്തി യജ്ഞക്രതുഭിർയമാദൃതാ
ഭവന്ത ആമ്നായവിധാനകോവിദാഃ
സ ഏവ വിഷ്ണുർവരദോഽസ്തു വാ പരോ
ദാസ്യാമ്യമുഷ്മൈ ക്ഷിതിമീപ്സിതാം മുനേ.

| | | | |
|---|---|---|---|
| മുനേ | മനനശീലനായ ഹേ ഗുരോ! | യജന്തി | ആരാധിക്കുന്നുവോ, |
| | | സഃ വിഷ്ണുഃ ഏവ | ആ മഹാവിഷ്ണു തന്നെ (എന്നെക്കുറിച്ച്) |
| ആമ്നായ-വിധാന-കോവിദാഃ | വേദോക്തകർമ്മാനുഷ്ഠാനങ്ങളിൽ പ്രവീണന്മാരായ | വരദഃ | വരദാതാവായോ |
| | | പരഃ വാ | ശത്രുവായോ |
| ഭവന്തഃ | ഭവാന്മാർ | അസ്തു | ഇരുന്നുകൊള്ളട്ടെ |
| ആദൃതാഃ | ആദരാന്വിതരായിട്ട് | അമുഷ്മൈ | ഈ വടുവിന് |
| യജ്ഞക്രതുഭിഃ | യജ്ഞങ്ങൾകൊണ്ടും ക്രതുക്കൾകൊണ്ടും | ഈപ്സിതാം | ആഗ്രഹിക്കപ്പെട്ട |
| | | ക്ഷിതിം | ഭൂമിയെ |
| യം | യാതൊരുവനെ | ദാസ്യാമി | ദാനം ചെയ്യുന്നുണ്ട്. |

12. യദ്യപ്യസാവധർമ്മേണ മാം ബധ്നീയാദനാഗസം
തഥാപ്യേനം ന ഹിംസിഷ്യേ ഭീതം ബ്രഹ്മതനും രിപും.

| | | | |
|---|---|---|---|
| യദപി | ഒരുപക്ഷേ | തഥാപി | എന്നാൽപ്പോലും |
| അസൗ | ഇവൻ | ഭീതം | ഭയന്നവനും |
| അനാഗസം | നിരപരാധിയായ | ബ്രഹ്മതനും | ബ്രാഹ്മണരൂപം ധരിച്ചവനുമായ |
| മാം | എന്നെ | | |
| അധർമ്മേണ | ധർമ്മമല്ലാത്ത മാർഗ്ഗത്തിലൂടെ | ഏനം രിപും | ഈ ശത്രുവിനെ |
| ബധ്നീയാത് | ബന്ധനസ്ഥനാക്കിയേക്കാം; | ന ഹിംസിഷ്യേ | ഞാൻ ഹിംസിക്കയില്ല. |

13. ഏഷ വാ ഉത്തമശ്ലോകോ ന ജിഹാസതി യദ്യശഃ
ഹത്വാ മൈനാം ഹരേദ്യുദ്ധേ ശയീത നിഹതോ മയി

| | | | |
|---|---|---|---|
| ഉത്തമഃ ശ്ലോക | വിശുദ്ധകീർത്തിയെഴുന്ന | മാ ഹത്വാ | എന്നെ വധിച്ച് |
| | | ഏനാം | ഈ ഭൂമിയെ |
| ഏഷഃ | ഈ വിഷ്ണുദേവൻ | ഹരേത് | പിടിച്ചടക്കിയേക്കും |
| യശഃ | തന്റെ കീർത്തിയെ | വാ | അല്ലെങ്കിൽ |
| യത് ന ജിഹാസതി | കൈവിട്ടുകളവാൻ ആഗ്രഹിക്കുന്നില്ലെങ്കിൽ | മയാ | എന്നാൽ |
| | | നിഹതഃ | വധിക്കപ്പെട്ടിട്ട് |
| യുദ്ധേ | യുദ്ധത്തിൽ | ശയീത | വീണുകിടന്നേക്കും. |

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു.

14. ഏവമശ്രദ്ധിതം ശിഷ്യമനാദേശകരം ഗുരുഃ
ശശാപ ദൈവപ്രഹിതഃ സത്യസന്ധം മനസ്വിനം

| | | | |
|---|---|---|---|
| ഏവം | ഇപ്രകാരം | മനസ്വിനം | ഉദാരചിത്തനുമായ |
| അശ്രദ്ധിതം | ഉപദേശത്തിൽ ശ്രദ്ധ ജനിക്കാത്തവനും | ശിഷ്യം | ശിഷ്യനെ |
| | | ഗുരുഃ | ആചാര്യൻ |
| അനാദേശകരം | നിർദ്ദേശത്തെ മാനിച്ചു പ്രവർത്തിക്കാത്തവനും | ദൈവപ്രഹിതഃ | ഈശ്വരേച്ഛയാൽ പ്രചോദിതനായിട്ട് |
| സത്യസന്ധം | സത്യനിഷ്ഠനും | ശശാപ | ശപിച്ചു. |

15. ദൃഢം പണ്ഡിതമാന്യജ്ഞഃ സ്തബ്ധോഽസ്യസ്മദുപേക്ഷയാ
മച്ഛാസനാതിഗോ യസ്ത്വമചിരാദ് ഭ്രശ്യസേ ശ്രിയഃ

| | | | |
|---|---|---|---|
| "അജ്ഞഃ | അറിവില്ലാത്തവനും | അസി | തീർന്നിരിക്കുന്നു. |
| പണ്ഡിതമാനീ | അറിവുള്ളവനെന്നഭിമാനിക്കുന്നവനുമായ നീ | മച്ഛാസനാതിഗഃ | എന്റെ ശാസനയെ അതിലംഘിച്ചിരിക്കുന്ന |
| അസ്മദുപേക്ഷയാ | നമ്മെ അവഗണിക്കുകയാൽ | യഃ ത്വം | യാതൊരു നീ |
| | | അചിരാത് | വൈകാതെ |
| ദൃഢം | തീർച്ചയായും | ശ്രിയഃ | ഐശ്വര്യത്തിൽനിന്ന് |
| സ്തബ്ധഃ | ഗർവ്വിതനായി | ഭ്രശ്യസേ | ഭ്രംശിക്കുന്നതാണ്." |

16. ഏവം ശപ്തഃ സ്വഗുരുണാ സത്യാന്ന ചലിതോ മഹാൻ
വാമനായ ദദാവേനാമർച്ചിത്വോദകപൂർവകം

| | | | |
|---|---|---|---|
| ഏവം | ഇപ്രകാരം | വാമനായ | വാമനന്നായിക്കൊണ്ട് |
| സ്വഗുരുണാ | തന്റെ ആചാര്യനാൽ | അർച്ചിത്വാ | അർച്ചന ചെയ്ത് |
| ശപ്തഃ | ശപിക്കപ്പെട്ടവനായെങ്കിലും | ഏനാം | ഈ ഭൂമിയെ |
| മഹാൻ | മഹാനായ ബലി | ഉദകപൂർവ്വം | സങ്കല്പം ചെയ്ത് വെള്ളം വീഴ്ത്തി |
| സത്യാത് | സത്യത്തിൽനിന്ന് | | |
| ന ചലിതഃ | വ്യതിചലിച്ചില്ല; | ദദൗ | ദാനം ചെയ്തു. |

**17.** വിന്ധ്യാവലിസ്തദാഽഽഗത്യ പത്നീ ജാലകമാലിനീ
ആനിന്യേ കലശം ഹൈമമവനേജന്യപാം ഭൃതം

| | | | |
|---|---|---|---|
| തദാ | അന്നേരത്ത്, | അവനേജന്യപാം | പാദപ്രക്ഷാളനത്തിനുള്ള ജലം |
| ജാലകമാലിനീ | വെൺമുത്തുമണിമാലയണിഞ്ഞ | ഭൃതം | സംഭരിച്ചിട്ടുള്ള |
| വിന്ധ്യാവലിഃ | വിന്ധ്യാവലിയെന്ന | ഹൈമം | സ്വർണ്ണനിർമ്മിതമായ |
| പത്നീ | ധർമ്മപത്നി | കലശം | കലശത്തെ |
| ആഗത്യ | വന്നിട്ട് | ആനിന്യേ | കൊണ്ടുവന്നു. |

**18.** യജമാനഃ സ്വയം തസ്യ ശ്രീമത് പാദയുഗം മുദാ
അവനിജ്യാഽവഹന്മൂർധ്നി തദപോ വിശ്വപാവനീഃ

| | | | |
|---|---|---|---|
| യജമാനഃ | യജ്ഞദീക്ഷയെടുത്ത ബലിചക്രവർത്തി | അവനിജ്യ | കഴുകിച്ച് |
| സ്വയം | താൻ തന്നെ | വിശ്വപാവനീഃ | ലോകങ്ങളെയെല്ലാം ശുദ്ധീകരിക്കുന്ന |
| തസ്യ | ആ വാമനവടുവിന്റെ | തദപഃ | ആ പാദതീർത്ഥജലത്തെ |
| ശ്രീമത് | ശ്രീമത്തായ | മൂർധ്നി | ശിരസ്സിൽ |
| പാദയുഗം | കാൽത്താരിണയെ | | |
| മുദാ | സന്തോഷത്തോടെ | അവഹത് | ധരിച്ചു. |

**19.** തദാഽസുരേന്ദ്രം ദിവി ദേവതാഗണാ
ഗന്ധർവ് വിദ്യാധര സിദ്ധചാരണാഃ
തത്കർമ്മ സർവ്വേഽപി ഗൃണന്ത ആർജ്ജവം
പ്രസൂനവർഷൈർവ്വവൃഷുർമ്മുദാന്വിതാഃ

| | | | |
|---|---|---|---|
| തദാ | അന്നേരം | ഗന്ധർവ്വവിദ്യാധരസിദ്ധചാരണാഃ | ഗന്ധർവന്മാർ, വിദ്യാധരന്മാർ, സിദ്ധന്മാർ, ചാരണന്മാർ എന്നിങ്ങനെയുള്ള |
| ദിവി | ആകാശത്തിൽനിന്നിരുന്ന | | |

| | | | |
|---|---|---|---|
| ദേവതാഗണാഃ | ദേവസമൂഹങ്ങൾ | ആർജ്ജവം | സത്യനിഷ്ഠയെയും. |
| സർവേ അപി | എല്ലാവരും | | |
| മുദാ | സന്തോഷത്തോടു് | ഗൃണന്തഃ | പ്രശംസിച്ചുകൊണ്ടു് |
| അന്വിതാഃ | കൂടിയവരായിട്ടു് | പ്രസൂന-വര്‍ഷൈഃ | പുഷ്പവൃഷ്ടികൾകൊണ്ടു് |
| അസുരേന്ദ്രം | അസുരാധിപതിയെയും | | |
| തത് കർമ്മ | അദ്ദേഹത്തിന്റെ പ്രവൃത്തിയെയും | വവൃഷുഃ | ചൊരിഞ്ഞു. |

20. നേദുർമ്മുഹുർദുന്ദുഭയഃ സഹസ്രശോ
ഗന്ധർവകിംപുരുഷകിന്നരാ ജഗുഃ
മനസ്വിനാനേന കൃതം സുദുഷ്കരം
വിദ്വാനദാദ്യദ്രിപവേ ജഗത്ത്രയം.

| | | | |
|---|---|---|---|
| സഹസ്രശഃ | ആയിരക്കണക്കിൽ | അനേന | ഇവനാൽ |
| ദുന്ദുഭയഃ | ദുന്ദുഭിവാദ്യങ്ങൾ | കൃതം | നിർവഹിക്കപ്പെട്ടതു് |
| മുഹുഃ | തുടരെത്തുടരെ | സുദുഷ്കരം | പ്രയാസമേറിയ കാര്യമാകുന്നു. |
| നേദുഃ | മുഴങ്ങി | | |
| ഗന്ധർവ-കിംപുരുഷ-കിന്നരാഃ | ഗന്ധർവന്മാരും, കിംപുരുഷന്മാരും, കിന്നരന്മാരും | യത് | എന്തെന്നാൽ |
| | | രിപവേ | ശത്രുവിന്നു് |
| | | വിദ്വാൻ | അറിഞ്ഞുംകൊണ്ടു് |
| ജഗുഃ | വാഴ്ത്തിപ്പാടി. | ജഗത്ത്രയം | മൂന്നു ലോകത്തെയും |
| മനസ്വിനാ | ''ധീരാത്മാവായ | അദാത് | ദാനം ചെയ്തു.'' |

21. തദ്വാമനം രൂപമവർദ്ധതാദ്ഭുതം
ഹരേരനന്തസ്യ ഗുണത്രയാത്മകം
ഭൂഃഖം ദിശോ ദ്യൌർവിവരാഃ പയോധയ-
സ്തിര്യങ്നൃദേവാ ഋഷയോ യദാസത

| | | | |
|---|---|---|---|
| അനന്തസ്യ | അപരിച്ഛിന്നമൂർത്തിയായ | ഭൂഃഖം | ഭൂമിയും, ആകാശവും, |
| ഹരേഃ | ശ്രീഹരിയുടെ | ദിശഃ | ദിക്കുകളും, |
| ഗുണത്രയാത്മകം | സത്വാദി ഗുണത്രയത്തെ ഉൾക്കൊള്ളുന്ന | ദ്യൗഃ | സ്വർല്ലോകവും, |
| | | വിവരാഃ | അധോലോകങ്ങളും, |
| വാമനം | വാമനാകാരമായ | പയോധയഃ | സമുദ്രങ്ങളും, |
| തത് രൂപം | ആ സ്വരൂപം | തിര്യങ്-നൃദേവാഃ | പക്ഷിമൃഗാദികളും, മനുഷ്യരും, ദേവന്മാരും, |
| അദ്ഭുതം | ആശ്ചര്യകരമായ വിധം | | |
| അവർദ്ധത | വളർന്നു. | ഋഷയഃ | ഋഷികളും |
| യത് | യാതൊന്നിൽ | ആസത | സ്ഥിതി ചെയ്തിരുന്നു. |

22. കായേ ബലിസ്തസ്യ മഹാവിഭൂതേഃ
സഹർത്വിഗാചാര്യസദസ്യ ഏതത്
ദദർശ വിശ്വം ത്രിഗുണം ഗുണാത്മകേ
ഭൂതേന്ദ്രിയാർത്ഥാശയ ജീവയുക്തം

| | | | |
|---|---|---|---|
| സഹർത്വിഗാചാര്യസദസ്യഃ | ഋത്വിക്കുകളും, ആചാര്യന്മാർ, സദസ്യർ എന്നിവരോടുകൂടിയ | ത്രിഗുണം | ഗുണത്രയകാര്യമായതും |
| ബലിഃ | ബലിചക്രവർത്തി | ഭൂതേന്ദ്രിയാർത്ഥാശയജീവയുക്തം | പഞ്ചഭൂതങ്ങളും, ദശേന്ദ്രിയങ്ങളും, ഇന്ദ്രിയാർത്ഥങ്ങളും, അന്തഃകരണവൃത്തികളും, ജീവന്മാർ എന്നിവയോടു കൂടിയതുമായ |
| മഹാവിഭൂതേഃ | മഹൈശ്വര്യവാനായ | | |
| തസ്യ | തന്തിരുവടിയുടെ | ഏതത് | |
| ഗുണാത്മകേ | ഗുണത്രയാത്മകമായ | വിശ്വം | ഈ സമസ്തലോകത്തെയും |
| കായേ | ശരീരത്തിൽ | ദദർശ | ദർശിച്ചു. |

ഭഗവത് ശരീരത്തിൽ മഹാബലി ദർശിച്ച വിശ്വരൂപത്തെ ഇനി ആറു ശ്ലോകം കൊണ്ടു വിസ്തരിച്ചു പറയുന്നു—

23. രസാമചഷ്ടാംഘ്രിതലേഽഥ പാദയോർ-
മഹീം മഹീധ്രാൻ പുരുഷസ്യ ജംഘയോഃ
പതത്രിണോ ജാനുനി വിശ്വമൂർത്തേ-
രൂർവോർഗണം മാരുതമിന്ദ്രസേനഃ

| | | | |
|---|---|---|---|
| അഥ | അനന്തരം | മഹീം | ഭൂലോകത്തെയും |
| ഇന്ദ്രസേനഃ | മഹാബലി | ജംഘയോഃ | കണങ്കാലുകളിൽ |
| വിശ്വമൂർത്തേഃ | വിശ്വാകാരനായ | മഹീധ്രാൻ | പർവ്വതങ്ങളെയും, |
| പുരുഷസ്യ | പുരുഷന്റെ (വിരാട് പുരുഷന്റെ) | ജാനുനി | കാൽമുട്ടിന്മേൽ |
| | | പതത്രിണഃ | പക്ഷികളെയും, |
| അംഘ്രിതലേ | പാദതലത്തിൽ | ഊർവ്വോഃ | തുടകളിൽ |
| രസാം | പാതാളലോകത്തെയും, | മാരുതം ഗണം | വായുസംഘത്തെയും, |
| പാദയോഃ | പാദങ്ങളിൽ | അചഷ്ട | ദർശിച്ചു. |

24. സന്ധ്യാം വിഭോർവാസസി ഗുഹ്യ ഐക്ഷത്
പ്രജാപതീഞ്ജഘനേ ആത്മമുഖ്യാൻ
നാഭ്യാം നഭഃ കുക്ഷിഷു സപ്തസിന്ധൂ-
നുരുക്രമസ്യോരസി ചർക്ഷമാലാം

| | |
|---|---|
| ഉരുക്രമസ്യ | മഹത്തായ പാദവിന്യാസത്തോടു കൂടിയ |
| വിഭോഃ | സർവ്വവ്യാപിയുടെ |
| വാസസി | വസ്ത്രത്തിൽ |
| സന്ധ്യാം | സന്ധ്യയെയും |
| ഗുഹ്യേ | ഗുഹ്യപ്രദേശത്തിൽ |
| പ്രജാപതീൻ | പ്രജാപതിമാരെയും, |
| ജഘനേ | അരക്കെട്ടിന്റെ മുൻവശത്തു് |
| ആത്മമുഖ്യാൻ | താൻ (ബലി) പ്രധാനിയായുള്ള അസുരന്മാരെയും, |
| നാഭ്യാം | നാഭിയിൽ |
| നഭഃ | ആകാശത്തെയും, |
| കുക്ഷിഷു | ഉദരഭാഗങ്ങളിൽ |
| സപ്തസിന്ധൂൻ | സപ്തസാഗരങ്ങളെയും, |
| ഉരസി | മാറിടത്തിൽ |
| ഋക്ഷമാലാം ച | നക്ഷത്രമാലയെയും |
| ഐക്ഷത | കണ്ടു |

25. ഹൃദ്യംഗ ധർമ്മം സ്തനയോർമ്മുരാരേ-
ഋതം ച സത്യം ച മനസ്യഥേന്ദും
ശ്രിയം ച വക്ഷസ്യരവിന്ദഹസ്താം
കണ്ഠേ ച സാമാനി സമസ്തരേഫാൻ

| | |
|---|---|
| അംഗ | അല്ലയോ രാജാവേ! |
| മുരാരേഃ | മുരവൈരിയുടെ |
| ഹൃദി | ഹൃദയാന്തരത്തിൽ |
| ധർമ്മം | ധർമ്മത്തെയും |
| സ്തനയോഃ | സ്തനങ്ങളിൽ |
| ഋതം ച | വചോനിഷ്ഠമായ സത്യത്തെയും |
| സത്യം ച | കർമ്മനിഷ്ഠമായ സത്യത്തെയും, |
| അഥ | അതിനുംപുറമെ |
| മനസി | മനസ്സിൽ |
| ഇന്ദും | ചന്ദ്രനെയും, |
| വക്ഷസി | വക്ഷസ്ഥലത്തിൽ |
| അരവിന്ദ- ഹസ്താം | താമരപ്പൂ കരത്തിൽ ധരിച്ചിരിക്കുന്ന |
| ശ്രിയം ച | മഹാലക്ഷ്മിയെയും |
| കണ്ഠേ | കണ്ഠത്തിൽ |
| സാമാനി | സാമഗാനങ്ങളെയും |
| സമസ്ത- രേഫാൻ | സമഗ്രശബ്ദ സമൂഹങ്ങളെയും |
| (ദദർശ) | ദർശിച്ചു. |

26. ഇന്ദ്രപ്രധാനാനമരാൻ ഭുജേഷു
തത്കർണ്ണയോഃ കകുഭോ ദ്യൗശ്ച മൂർദ്ധ്നി
കേശേഷു മേഘാൻ ശ്വസനം നാസികായാ-
മക്ഷ്ണോശ്ച സൂര്യം വദനേ ച വഹ്നിം

| | |
|---|---|
| ഭുജേഷു | ബാഹുക്കളിൽ |
| ഇന്ദ്ര- പ്രധാനാൻ | ഇന്ദ്രപ്രമുഖന്മാരായുള്ള |
| അമരാൻ | ദേവന്മാരെയും |
| തത്കർണ്ണയോഃ | ഭഗവാന്റെ കർണ്ണങ്ങളിൽ |
| കകുഭഃ | ദിക്കുകളെയും, |
| മൂർദ്ധ്നി | മൂർദ്ധാവിൽ |
| ദ്യൗഃ ച | സ്വർഗ്ഗത്തെയും, |
| കേശേഷു | കേശങ്ങളിൽ |
| മേഘാൻ | മേഘങ്ങളെയും, |

| | | | |
|---|---|---|---|
| നാസികായാം | നാസികയിൽ | വദനേ | വായിൽ |
| ശ്വസനം | വായുവിനെയും | വഹ്നിം ച | അഗ്നിയെയും |
| അക്ഷ്ണോഃ | നേത്രങ്ങളിൽ | | |
| സൂര്യം ച | സൂര്യനെയും, | (ദദർശ) | ദർശിച്ചു. |

27. വാണ്യാം ച ഛന്ദാംസി രസേ ജലേശം
ഭ്രുവോർനിഷേധം ച വിധിം ച പക്ഷ്മസു
അഹശ്ച രാത്രിം ച പരസ്യ പുംസോ
മന്യും ലലാടേഽധര ഏവ ലോഭം

| | | | |
|---|---|---|---|
| പരസ്യ പുംസഃ | വിരാട് സ്വരൂപം ധരിച്ച പരമപുരുഷന്റെ | പക്ഷ്മസു | കണ്ണിമകളിൽ |
| വാണ്യാം | വാഗിന്ദ്രിയത്തിൽ | അഹഃ ച രാത്രിം ച | അഹോരാത്രങ്ങളെയും, |
| ഛന്ദാംസി | വേദങ്ങളെയും, | ലലാടേ | നെററിത്തടത്തിൽ |
| രസേ | രസനേന്ദ്രിയത്തിൽ | മന്യും | കോപത്തെയും, |
| ജലേശം ച | വരുണനെയും, | അധരേ | കീഴ്ചുണ്ടിൽ |
| ഭ്രുവോഃ | പുരികങ്ങൾ രണ്ടിലും | | |
| വിധിം ച നിഷേധം ച | വിധിനിഷേധ ശാസ്ത്രങ്ങളെയും, | ലോഭം ഏവ | ലോഭത്തെയും |
| | | (ദദർശ) | കണ്ടു. |

28. സ്പർശേ ച കാമം നൃപ രേതസാംഭഃ
പൃഷ്ഠേ ത്വധർമ്മം ക്രമണേഷു യജ്ഞം
ഛായാസു മൃത്യും ഹസിതേ ച മായാം
തനൂരുഹേഷ്വോഷധിജാതയശ്ച.

| | | | |
|---|---|---|---|
| നൃപ | രാജാവേ! | ഛായാസു | നിഴലുകളിൽ |
| സ്പർശേ | സ്പർശനേന്ദ്രിയത്തിൽ | മൃത്യും | മൃത്യുദേവതയെയും, |
| കാമം | കാമത്തെയും, | ഹസിതേ | മന്ദഹാസത്തിൽ |
| രേതസഃ | രേതസ്സിൽ | മായാം ച | മായയെയും, |
| അംഭഃ | ജലത്തെയും, | തനൂരുഹേഷു | ശരീരരോമങ്ങളിൽ |
| പൃഷ്ഠേ തു | പൃഷ്ഠഭാഗത്താകട്ടെ | | |
| അധർമ്മം | അധർമ്മത്തെയും | ഔഷധിജാതയഃ ച | വൃക്ഷാദ്യോഷധിവർഗ്ഗങ്ങളെയും |
| ക്രമണേഷു | പദവിന്യാസങ്ങളിൽ | | |
| യജ്ഞം | യജ്ഞത്തെയും, | (ദദർശ) | ദർശിച്ചു. |

29. നദീശ്ച നാഡീഷു ശിലാ നഖേഷു
ബുദ്ധാവജം ദേവഗണാനൃഷീംശ്ച
പ്രാണേഷു ഗാത്രേ സ്ഥിരജംഗമാനി
സർവാണി ഭൂതാനി ദദർശ വീരഃ

| | | | |
|---|---|---|---|
| വീരഃ | വീരനായ മഹാബലി | ദേവഗണാൻ | ദേവഗണങ്ങളെയും, |
| നാഡീഷു | ഭഗവാന്റെ നാഡികളിൽ | ഋഷീൻ ച | ഋഷിമാരെയും, |
| നദീഃ | നദികളെയും, | ഗാത്രേ | ദേഹത്തിൽ |
| നഖേഷു | നഖങ്ങളിൽ | സ്ഥിര—ജംഗമാനി | സ്ഥാവരങ്ങളും ജംഗമങ്ങളും ആയ |
| ശിലാഃ ച | ശിലകളെയും, | സർവാണി | മുഴുവൻ |
| ബുദ്ധൗ | ബുദ്ധിയിൽ | ഭൂതാനി | ജീവജാലങ്ങളെയും |
| അജം | ബ്രഹ്മാവിനെയും, | ദദർശ | ദർശിച്ചു. |
| പ്രാണേഷു | ഇന്ദ്രിയങ്ങളിൽ | | |

30. സർവ്വാത്മനീദം ഭുവനം നിരീക്ഷ്യ
സർവ്വേഽസുരാഃ കശ്മലമാപുരംഗ
സുദർശനം ചക്രമസഹ്യതേജോ
ധനുശ്ച ശാർങ്ഗം സ്തനയിത്നുഘോഷം

31. പർജ്ജന്യഘോഷോ ജലജഃ പാഞ്ചജന്യഃ
കൗമോദകീ വിഷ്ണുഗദാ തരസ്വിനീ
വിദ്യാധരോഽസിഃ ശതചന്ദ്രയുക്തഃ
സ്തൂണോത്തമാവക്ഷയസായകൗ ച
സുനന്ദമുഖ്യാ ഉപതസ്ഥുരീശം
പാർഷദമുഖ്യാഃ സഹലോകപാലാഃ

| | | | |
|---|---|---|---|
| അംഗ | അല്ലയോ രാജാവേ! | ശാർങ്ഗം | ശാർങ്ഗമെന്ന |
| സർവാത്മനി | എല്ലാം തന്നിലടക്കിക്കൊള്ളുന്ന ത്രിവിക്രമമൂർത്തിയിൽ | ധനുഃ ച | വില്ലും, |
| | | പർജ്ജന്യ—ഘോഷഃ | മേഘഗർജ്ജനം പോലെ മുഴക്കമുള്ള |
| ഇദം | ഇപ്പറഞ്ഞ | പാഞ്ചജന്യഃ | പാഞ്ചജന്യമെന്ന |
| ഭുവനം | ലോകത്തെ ആകമാനം | ജലജഃ | ശംഖും, |
| നിരീക്ഷ്യ | കണ്ടിട്ട് | തരസ്വിനീ | അതിവേഗം കൂടിയ |
| അസുരാഃ | അസുരന്മാർ | കൗമോദകീ | കൗമോദകിയെന്ന |
| സർവേ | എല്ലാവരും | വിഷ്ണുഗദാ | വിഷ്ണുഗദയും, |
| കശ്മലം | വൈവശ്യത്തെ | വിദ്യാധരഃ | വിദ്യാധരമെന്നു പേരുള്ള |
| ആപുഃ | പ്രാപിച്ചു. | അസിഃ | വാളും, |
| അസഹ്യതേജഃ | സഹിച്ചുകൂടാത്ത തേജസ്സോടുകൂടിയ | ശതചന്ദ്ര—യുക്തഃ | നൂറു ചന്ദ്രാകാര ചിഹ്നങ്ങളോടുകൂടിയ പരിചയും, |
| സുദർശനം | സുദർശനമെന്ന | അക്ഷയഃ സായകൗ | അമ്പൊടുങ്ങാത്തതായ |
| ചക്രം | ചക്രവും, | | |
| സ്തനയിത്നു—ഘോഷം | ഇടിമുഴക്കത്തിനൊത്ത ഗംഭീരശബ്ദത്തോടുകൂടിയ | തൂണോത്തമൗ | രണ്ടു മികച്ച ആവനാഴികളും, |

| | | | |
|---|---|---|---|
| സഹലോകപാലാഃ | ഇന്ദ്രാദിലോകപാലന്മാരോടൊന്നിച്ചുചേർന്ന | ഈശം | ത്രിവിക്രമമൂർത്തിയെ |
| സുനന്ദമുഖ്യാഃ | സുനന്ദാദികളായ | ഉപതസ്ഥുഃ | അകമ്പടി സേവിച്ചിരുന്നു. |
| പാർഷദമുഖ്യാഃ ച | വിഷ്ണുപാർഷദ പ്രമുഖന്മാരും | | |

32. സ്ഫുരത് കിരീടാംഗദമീനകുണ്ഡല-
ശ്രീവത്സരത്നോത്തമ മേഖലാംബരൈഃ
മധുവ്രതസ്രഗ്വനമാലയാ വൃതോ
രരാജ രാജൻ ഭഗവാനുരുക്രമഃ

| | | | |
|---|---|---|---|
| രാജൻ | രാജാവേ! | വത്സരത്നോത്തമ മേഖലാംബരൈഃ | കൗസ്തുഭമണി, ഉദരബന്ധം, പീതാംബരം, എന്നിവയോടുകൂടിയവനായി |
| ഭഗവാൻ | സമഗ്രൈശ്വര്യാദിയുക്തനായ | മധുവ്രതസ്രഗ്വനമാലയാ | വണ്ടിൻനിരകളോടു ചേർന്ന വനമാലയാൽ |
| ഉരുക്രമഃ | ത്രിവിക്രമമൂർത്തി | വൃതഃ | ആവൃതനമായിട്ട് |
| സ്ഫുരത്കിരീടാംഗദമീനകുണ്ഡലശ്രീ- | മിന്നിത്തിളങ്ങുന്ന കിരീടം, തോൾവള, മകരകുണ്ഡലം, ശ്രീവത്സം, | രരാജ | പ്രശോഭിച്ചു. |

33. ക്ഷിതിം പദൈകേന ബലേർവിചക്രമേ
നഭഃ ശരീരേണ ദിശശ്ച ബാഹുഭിഃ

34. പദം ദ്വിതീയം ക്രമതസ്ത്രിവിഷ്ടപം
ന വൈ തൃതീയായ തദീയമണ്വപി
ഉരുക്രമസ്യാങ്ഘ്രിരുപര്യുപര്യഥോ
മഹർജനാഭ്യാം തപസഃ പരം ഗതഃ

| | | | |
|---|---|---|---|
| ഏകേന | ഒരു | ദിശഃ ച | ദിക്കുകളെയും |
| പദാ | അടിവെപ്പിനാൽ | (വിചക്രമേ) | വിക്രമിച്ചു. (വ്യാപിച്ചു) |
| ബലേഃ | മഹാബലിയുടെ | ദ്വിതീയം | രണ്ടാമത്തെ |
| ക്ഷിതിം | ഭൂമിയെ | പദം | അടി |
| വിചക്രമേ | അളന്നെടുത്തു. | ക്രമതഃ | വയ്ക്കവേ |
| ശരീരേണ | ശരീരത്തിന്റെ ആകത്താൽ | ത്രിവിഷ്ടപം | സ്വർഗ്ഗലോകം |
| നഭഃ | ആകാശത്തെയും, | തദീയം | ആ ബലിയെ സംബന്ധിച്ചതായിട്ടുണ്ടായിരുന്നു. |
| ബാഹുഭിഃ | ബാഹുക്കളുടെ വലിപ്പത്താൽ | തൃതീയായ | മൂന്നാമത്തേതിന്ന് |

| | | | |
|---|---|---|---|
| അണു അപി | അണുപോലും | മഹർജനാഭ്യാം | മഹർല്ലോകത്തിൽനിന്നും ജനർല്ലോകത്തിൽ നിന്നും |
| (തദീയം) | ബലിയുടേതായിട്ട് | | |
| ന-ഏവ | ഇല്ലാതെയായി. | തപസഃ | തപോലോകത്തിൽ നിന്നും |
| അഥോ | എന്തെന്നാൽ | | |
| ഉരുക്രമസ്യ | ത്രിവിക്രമമൂർത്തിയുടെ | പരം | അപ്പുറത്തുള്ള സത്യലോകത്തിലേക്ക് |
| അങ്ഘ്രി | പാദം | | |
| ഉപര്യുപരി | മേലോട്ടുമേലോട്ടുയർന്ന് | ഗതഃ | പ്രവേശിച്ചിരുന്നു. |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ അഷ്ടമസ്കന്ധേ
വിശ്വരൂപദർശനം നാമ വിംശോऽധ്യായഃ
ആദിതഃ ശ്ലോകാഃ 769
അഷ്ടമസ്കന്ധത്തിൽ ഇരുപതാമധ്യായം കഴിഞ്ഞു.

# ഏകവിംശോऽധ്യായഃ — അധ്യായം ഇരുപത്തിഒന്ന്

## ബലിബന്ധനം

"ഏകവിംശേ പാദപൂർത്തിമിഷേണ ബലിബന്ധനം
വിഷ്ണുനാ കൃതമുത്കർഷം തസ്യ ഖ്യാപയിതും ജനേ"

ഈ ഇരുപത്തൊന്നാമധ്യായത്തിൽ മഹാബലിയുടെ മഹിമയെ ലോകത്തിൽ പ്രഖ്യാപിക്കണമെന്ന ഉദ്ദേശത്തോടെ മൂന്നാമത്തെ അടി പൂർത്തിയായില്ലെന്ന വ്യാജത്താൽ ഭഗവാൻ അദ്ദേഹത്തെ ബന്ധനസ്ഥനാക്കിയ കഥ വിവരിക്കുന്നു.

ഭഗവാന്റെ അടിവെപ്പ് ഊർദ്ധ്വലോകങ്ങളെയെല്ലാം അതിക്രമിച്ച് സത്യലോകത്തോളം എത്തിയെന്ന് പൂർവ്വാദ്ധ്യായത്തിൽ പറഞ്ഞുവല്ലൊ. അനന്തരം ഉണ്ടായതെന്തെന്ന് ഈ അദ്ധ്യായത്തിൽ പറഞ്ഞുതുടങ്ങുന്നു.

1. സത്യം സമീക്ഷ്യാബ്ജഭവോ നഖേന്ദുഭിർ-
ഹതസ്വധാമദ്യുതിരാവൃതോऽഭ്യഗാത്
മരീചിമിശ്രാ ഋഷയോ ബൃഹദ്വ്രതാഃ
സനന്ദനാദ്യാ നരദേവ യോഗിനഃ

| | |
|---|---|
| നരദേവ | ഹേ പരീക്ഷിത്ത് രാജാവേ! |
| സത്യം | സത്യലോകത്തേക്ക് എത്തിയ ത്രിവിക്രമ പാദത്തെ |
| സമീക്ഷ്യ | കണ്ടിട്ട് |
| നഖേന്ദുഭിഃ | ഭഗവാന്റെ കാൽനഖങ്ങളാവുന്ന ചന്ദ്രബിംബങ്ങളാൽ |
| ഹതസ്വധാമദ്യുതിഃ | ഹനിക്കപ്പെട്ട സ്വന്തം വാസസ്ഥലത്തിന്റെ കാന്തിയോടു കൂടിയവനായും |
| ആവൃതഃ | ആ നഖചന്ദ്രകാന്തികളാൽ ആവരണം ചെയ്യപ്പെട്ടവനായും ഭവിച്ചിരുന്ന |
| അബ്ജഭവഃ | ബ്രഹ്മദേവൻ |
| അഭ്യഗാത് | എതിരേററുചെന്നു. |
| മരീചിമിശ്രാഃ | മരീചി പ്രഭൃതികളായ |
| ഋഷയഃ | മഹാമുനിമാരും |
| ബൃഹദ്വ്രതാഃ | നൈഷ്ഠിക ബ്രഹ്മചര്യവ്രതം ധരിച്ച |
| യോഗിനഃ | യോഗിമാരായ |
| സനന്ദനാദ്യാഃ | സനന്ദനാദികളും |
| (അഭ്യഗുഃ) | എതിരേററുചെന്നു. |

2. **വേദോപവേദാ നിയമാന്വിതാ യമാ–**
**സ്തർക്കേതിഹാസാംഗപുരാണസംഹിതാഃ**
**യേ ചാപരേ യോഗസമീരദീപിത–**
**ജ്ഞാനാഗ്നിനാ രന്ധിതകർമ്മകല്മഷാഃ**
**വവന്ദിരേ യത്സ്മരണാനുഭാവതഃ**
**സ്വായംഭുവം ധാമ ഗതാ അകർമ്മകം**

| | |
|---|---|
| വേദോപവേദാഃ | വേദങ്ങളും, ഉപവേദങ്ങളും |
| നിയമാന്വിതാഃ യമാഃ | നിയമങ്ങളോടുകൂടെയുള്ള യമങ്ങളും, |
| തർക്കേതിഹാസാംഗപുരാണസംഹിതാഃ | തർക്കശാസ്ത്രം— ഇതിഹാസങ്ങളും— വേദാംഗങ്ങളും— പുരാണങ്ങളും— അവയുടെ സംഹിതകളും എന്നിവയുടെ അധിഷ്ഠാന ദേവതകളും, |
| യോഗസമീരദീപിതജ്ഞാനാഗ്നിനാ | യോഗാഭ്യാസമാവുന്ന വായുവിനാൽ ഉജ്ജ്വലിപ്പിക്കപ്പെട്ട ജ്ഞാനാഗ്നി കൊണ്ടും |
| രന്ധിതകർമ്മകല്മഷാഃ | ചുട്ടെരിക്കപ്പെട്ട കർമ്മമലത്തോടുകൂടിയവരായി |
| യത്സ്മരണാനുഭാവതഃ | യാതൊരു തൃപ്പാദസ്മരണയുടെ വൈഭവത്താൽ |
| അകർമ്മകം | കർമ്മമാർഗ്ഗത്തിലൂടെ അപ്രാപ്യമായ |
| സ്വായംഭുവം ധാമ | ബ്രഹ്മലോകത്തിലേക്ക് |
| ഗതാഃ | എത്തിച്ചേർന്നവരായ |
| യേ | യാവചിലർ |
| അപരേ ച | വേറെയുണ്ടോ, അവരും |
| (തം അംഘ്രിം) | ആ തൃപ്പാദത്തെ |
| വവന്ദിരേ | വണങ്ങിനിന്നു. |

3. **അഥാംഘ്രയേ പ്രോന്നമിതായ വിഷ്ണോ–**
**രുപാഹരത് പദ്മഭവോऽർഹണോദകം**
**സമർച്ച്യ ഭക്ത്യാഭ്യഗൃണാച്ഛുചിശ്രവാ**
**യന്നാഭിപങ്കേരുഹസംഭവഃ സ്വയം.**

| | |
|---|---|
| അഥ | അനന്തരം |
| ശുചിശ്രവാഃ | വിശുദ്ധകീർത്തിയെഴുന്ന |
| പദ്മഭവഃ | ബ്രഹ്മദേവൻ |
| സ്വയം | താൻതന്നെ |
| യന്നാഭിപങ്കേരുഹസംഭവഃ | യാതൊരാളുടെ നാഭികമലത്തിൽ നിന്നും സംഭവിച്ചവനാകുന്നുവോ, |
| വിഷ്ണോഃ | ആ വിഷ്ണുവിന്റെ |
| പ്രോന്നമിതായ | ഏററവും ഉയർത്തിയിരിക്കുന്ന |
| അങ്ഘ്രയേ | പാദത്തിന്നായിക്കൊണ്ട് |
| അർഹണാദികം | അർഘ്യപാദ്യാദ്യുപചാരം |
| ഉപാഹരത് | അർപ്പിച്ചു; |
| ഭക്ത്യാ | ഭക്തിയോടെ |
| സമർച്യ | ആരാധിച്ച് |
| അഗൃണാത് | സ്തുതിച്ചു. |

4. ധാതുഃ കമണ്ഡലുജലം തദുരുക്രമസ്യ
പാദാവനേജനപവിത്രതയാ നരേന്ദ്ര
സ്വർധുന്യഭൂന്നഭസി സാ പതതീ നിമാർഷ്ടി
ലോകത്രയം ഭഗവതോ വിശദേവ കീർത്തിഃ

| | |
|---|---|
| നരേന്ദ്ര | രാജാവേ! |
| ധാതുഃ | ബ്രഹ്മാവിന്റെ |
| തത്കമണ്ഡലുജലം | കമണ്ഡലുവിലുള്ള ആ തീർത്ഥജലം |
| ഉരുക്രമസ്യ | ത്രിവിക്രമ ഭഗവാന്റെ |
| പാദാവനേജനപവിത്രതയാ | തൃപ്പാദത്തെ കഴുകിയതുകൊണ്ടുണ്ടായ പരിപാവനതയോടെ |
| സ്വർധുനീ | സ്വർല്ലോകഗംഗയായി |
| അഭൂത് | ഭവിച്ചു. |
| ഭഗവതഃ | ഭഗവാന്റെ |
| വിശദാ | നിർമ്മലമായ |
| കീർത്തിഃ ഇവ | കീർത്തിപോലെയുള്ള |
| സാ | അതു് |
| നഭസി | ആകാശത്തിൽനിന്നു് |
| പതതീ | നിപതിച്ചുകൊണ്ട് |
| ലോകത്രയം | മൂന്നു ലോകത്തെയും |
| നിമാർഷ്ടി | വിശുദ്ധീകരിക്കുന്നു. |

5. ബ്രഹ്മാദയോ ലോകനാഥാഃ സ്വനാഥായ സമാദൃതാഃ
സാനുഗാ ബലിമാജഹ്രുഃ സംക്ഷിപ്താത്മവിഭൂതയേ.

6. തോയൈഃ സമർഹണൈഃ സ്രഗ്ഭിർദിവ്യഗന്ധാനുലേപനൈഃ
ധൂപൈർദീപൈഃ സുരഭിഭിർല്ലാജാക്ഷതഫലാങ്കുരൈഃ

7. സ്തവനൈർജയശബ്ദൈശ്ച തദ്വീര്യമഹിമാങ്കിതൈഃ
നൃത്യവാദിത്രഗീതൈശ്ച ശംഖദുന്ദുഭിനിഃസ്വനൈഃ

| | |
|---|---|
| ബ്രഹ്മാദയഃ | ബ്രഹ്മാദികളായ |
| ലോകനാഥാഃ | ലോകനാഥന്മാർ |
| സാനുഗാഃ | അനുചരന്മാരോടുകൂടെ |
| സമാദൃതാഃ | ആദരാന്വിതരായിട്ട് |
| സംക്ഷിപ്താത്മവിഭൂതയേ | തന്റെ വിശ്വരൂപത്തെ ഉപസംഹരിക്കുന്ന (മുന്നെപ്പോലെ വാമനാകാരം പൂണ്ടിരിക്കുന്ന) |

| | |
|---|---|
| സ്വനാഥായ | അവരുടെ സ്വാമിക്കായിക്കൊണ്ട് |
| സമർഹണൈഃ | അർഘ്യപാദ്യാർഘ്യോപചാരത്തിനുള്ള |
| തോയൈഃ | ജലങ്ങളാലും, |
| സ്രഗ്ഭിഃ | പുഷ്പമാലകളാലും, |
| ദിവ്യഗന്ധാനുലേപനൈഃ | ദിവ്യഗന്ധങ്ങൾ കൊണ്ടുള്ള കുറിക്കൂട്ടുകളാലും, |
| സുരഭിഭിഃ | സൗരഭ്യമുള്ള |
| ധൂപൈഃ | ധൂപങ്ങളാലും, |
| ദീപൈഃ | ദീപങ്ങളാലും, |
| ലാജാക്ഷതഫലാങ്കുരൈഃ | മലർ—അക്ഷതം-ഫലങ്ങൾ, യവാങ്കുരങ്ങൾ എന്നിവയാലും, |
| തദ്വീര്യമഹിമാങ്കിതൈഃ | അവിടുത്തെ പരാക്രമാതിരേകങ്ങൾ ചേർന്നിട്ടുള്ള |
| സ്തവൈഃ | സ്തോത്രങ്ങളാലും |
| ജയശബ്ദൈഃ | ജയശബ്ദങ്ങളാലും |
| നൃത്യവാദിത്രഗീതൈഃ ച | നൃത്തം—വാദ്യം—ഗീതം എന്നിവയാലും |
| ശംഖദുന്ദുഭിനിസ്വനൈഃ ച | ശംഖുകൾ-പെരുമ്പറകൾ എന്നിവയുടെ ആരവങ്ങളാലും |
| ബലിം | പൂജോപചാരത്തെ |
| ആജഹ്രുഃ | സമർപ്പിച്ചു. |

**8.** **ജാംബവാനൃക്ഷരാജസ്തു ഭേരീശബ്ദൈർമനോജവഃ**
**വിജയം ദിക്ഷു സർവാസു മഹോത്സവമഘോഷയത്.**

| | |
|---|---|
| മനോജവഃ | മനോവേഗമുള്ള |
| ഋക്ഷരാജഃ | ഋക്ഷരാജാവായ |
| ജാംബവാൻ തു | ജാംബവാനാകട്ടെ |
| ഭേരീശബ്ദൈഃ | പെരുമ്പറയുടെ ശബ്ദങ്ങൾ കൊണ്ട് |
| സർവാസു | എല്ലാ |
| ദിക്ഷു | ദിക്കുകളിലും |
| വിജയം | വാമനവിജയമാകുന്ന |
| മഹോത്സവം | മഹോത്സവത്തെ |
| അഘോഷയത് | കൊട്ടിയറിച്ചു. |

**9.** **മഹീം സർവാം ഹൃതാം ദൃഷ്ട്വാ ത്രിപദവ്യാജയാച്ഞയാ**
**ഊചുഃ സ്വഭർത്തുരസുരാ ദീക്ഷിതസ്യാത്യമർഷിതാഃ**

| | |
|---|---|
| ദീക്ഷിതസ്യ | യജ്ഞദീക്ഷയിൽ ഇരിക്കുന്ന |
| സ്വഭർത്തുഃ | സ്വന്തം യജമാനന്റെ |
| സർവാം | മുഴുവൻ |
| മഹീം | ഭൂമിയെ |
| ത്രിപദവ്യാജയാച്ഞയാ | മൂന്നടിയെന്ന കപട യാചനയിലൂടെ |
| ഹൃതാം | അപഹരിക്കപ്പെട്ടതായി |
| ദൃഷ്ട്വാ | കണ്ടിട്ട് |
| അത്യമർഷിതാഃ | അധികം അമർഷം കലർന്ന |
| അസുരാഃ | അസുരന്മാർ |
| ഊചുഃ | അന്യോന്യം പറഞ്ഞു. |

**10.** **ന വാ അയം ബ്രഹ്മബന്ധുർവിഷ്ണുർമായാവിനാം വരഃ**
**ദ്വിജരൂപപ്രതിച്ഛന്നോ ദേവകാര്യം ചികീർഷതി**

| | |
|---|---|
| അയം | .. ഇവൻ |
| ബ്രഹ്മബന്ധു | ബ്രാഹ്മണജാതിയിലുള്ളവൻ |
| ന വൈ | അല്ല, തീർച്ചയാണ്. |
| മായാവിനാം | മായാവികളുടെ ഇടയിൽ |
| വരഃ | മുമ്പനായ |
| വിഷ്ണുഃ | വിഷ്ണു |
| ദ്വിജരൂപപ്രതിച്ഛന്നഃ | ബ്രാഹ്മണവേഷത്താൽ മറ പിടിച്ചുകൊണ്ട് |
| ദേവകാര്യം | ദേവന്മാരുടെ ഉദ്ദിഷ്ട കാര്യത്തെ |
| ചികീർഷതി | നിറവേററുവാൻ ഒരുങ്ങിയിരിക്കുകയാണ്. |

**11.** **അനേന യാചമാനേന ശത്രുണാ വടുരൂപിണാ**
**സർവ്വസ്വം നോ ഹൃതം ഭർത്തുർന്ന്യസ്തദണ്ഡസ്യ ബർഹിഷി**

| | |
|---|---|
| വടുരൂപിണാ | ബ്രഹ്മചാരിയുടെ രൂപമെടുത്ത് |
| യാചമാനേന | യാചിച്ചുകൊണ്ടുവന്ന |
| അനേന | ഈ |
| ശത്രുണാ | ശത്രുവിനാൽ |
| ബർഹിഷി | യജ്ഞത്തിൽ ഏർപ്പെട്ടിരിക്കെകൊണ്ട് |
| ന്യസ്തദണ്ഡസ്യ | ദണ്ഡോപായം പരിത്യജിച്ചിട്ടുള്ള |
| നഃ ഭർത്തുഃ | നമ്മുടെ യജമാനന്റെ |
| സർവസ്വം | എല്ലാ സമ്പത്തും |
| ഹൃതം | അപഹരിക്കപ്പെട്ടു. |

**12.** **സത്യവ്രതസ്യ സതതം ദീക്ഷിതസ്യ വിശേഷതഃ**
**നാനൃതം ഭാഷിതും ശക്യം ബ്രഹ്മണ്യസ്യ ദയാവതഃ**

| | |
|---|---|
| സതതം | എപ്പോഴും |
| സത്യവ്രതസ്യ | സത്യവചനത്തിൽ നിഷ്ഠയുള്ളവനും |
| വിശേഷതഃ | വിശേഷിച്ച് |
| ദീക്ഷിതസ്യ | യജ്ഞകർമ്മത്തിൽ ദീക്ഷ കൊണ്ടിരിക്കുന്നവനും |
| ബ്രഹ്മണ്യസ്യ | ബ്രാഹ്മണരിൽ ഭക്തിയുള്ളവനും |
| ദയാവതഃ | പ്രാണികളിൽ കരുണയുള്ളവനുമായ ആ വിശിഷ്ട പുരുഷനു് |
| അനൃതം | അസത്യം |
| ഭാഷിതും | പറയുവാൻ |
| ന ശക്യം | സാദ്ധ്യമല്ല. |

**13.** **തസ്മാദസ്യ വധോ ധർമ്മോ ഭർത്തുഃ ശുശ്രൂഷണം ച നഃ**
**ഇത്യായുധാനി ജഗൃഹുർബലേരനുചരാസുരാഃ**

| | |
|---|---|
| തസ്മാത് | വസ്തുത ഇതാകയാൽ |
| ഭർത്തുഃ | സ്വാമിയുടെ |
| ശുശ്രൂഷണം | പരിചരണവും |
| അസ്യ | ഇവന്റെ |
| വധഃ ച | വധവും |
| നഃ | നമ്മുടെ |
| ധർമ്മഃ | കടമയാകുന്നു.'' |
| ഇതി | എന്നിപ്രകാരം പറഞ്ഞുകൊണ്ട് |
| ബലേഃ | മഹാബലിയുടെ |

| | | | |
|---|---|---|---|
| അനുചരാ- | അനുയായികളായ | ആയുധാനി | ആയുധങ്ങളും |
| അസുരാഃ | അസുരന്മാർ | ജഗൃഹുഃ | എടുത്തു. |

14. തേ സർവ്വേ വാമനം ഹന്തും ശൂലപട്ടിശപാണയഃ
അനിച്ഛതോ ബലേ രാജൻ പ്രാദ്രവഞ്ജാതമന്യവഃ

| | | | |
|---|---|---|---|
| രാജൻ | രാജാവേ! | ശൂലപട്ടിശ- പാണയഃ | കൈകളിൽ ശൂലം, പട്ടിശം എന്നിങ്ങനെ യുള്ള ആയുധങ്ങളുമായ |
| ജാതമന്യവഃ | കോപംകയറിയ | | |
| തേ | അവർ | | |
| സർവേ | എല്ലാവരും | ബലേഃ അനിച്ഛതഃ | ബലിചക്രവർത്തി അതിച്ഛിക്കാതെയിരി ക്കെ, |
| വാമനം | വാമനനെ | | |
| ഹന്തും | വധിക്കവാൻവേണ്ടി | പ്രാദ്രവൻ | പാഞ്ഞുചെന്നു. |

15. താനഭിദ്രവതോ ദൃഷ്ട്വാ ദിതിജാനീകപാൻ നൃപ
പ്രഹസ്യാനുചരാ വിഷ്ണോഃ പ്രത്യഷേധന്നുദായുധാഃ

| | | | |
|---|---|---|---|
| നൃപ | രാജാവേ! | വിഷ്ണോഃ | വിഷ്ണുവിൻെറ |
| അഭിദ്രവതഃ | നേരിട്ടുപാഞ്ഞണയുന്ന | അനുചരാഃ | അനുചരന്മാർ |
| ദിതിജാ- നീകപാൻ | അസുരസൈന്യാധിപ ന്മാരായ | പ്രഹസ്യ | പൊട്ടിച്ചിരിച്ച് |
| | | ഉദായുധാഃ | ഉയർത്തിപ്പിടിച്ച ആയുധ ങ്ങളോടുകൂടിയവരായിട്ട് |
| താൻ | അവരെ | | |
| ദൃഷ്ട്വാ | കണ്ടിട്ട് | പ്രത്യഷേധൻ | തടഞ്ഞുനിന്നു. |

16. നന്ദഃ സുനന്ദോഽഥ ജയോ വിജയഃ പ്രബലോ ബലഃ
കുമുദഃ കുമുദാക്ഷശ്ച വിഷ്വക്സേനഃ പതത്രിരാട്

17. ജയന്തഃ ശ്രുതദേവശ്ച പുഷ്പദന്തോഽഥ സാത്വതഃ
സർവേ നാഗായുതപ്രാണാശ്ചമൂം തേ ജഘ്നുരാസുരീം

നന്ദനൻ, സുനന്ദൻ, ജയൻ, വിജയൻ, പ്രബലൻ, ബലൻ, കുമുദൻ, കുമുദാക്ഷൻ, വിഷ്വക്സേനൻ, ഗരുഡൻ, ജയന്തൻ, ശ്രുതദേവൻ, പുഷ്പദന്തൻ, സാത്വതൻ എന്നിങ്ങനെ പതിനായിരം ആനകളുടെ കരുത്തുള്ള വിഷ്ണുപാർഷദന്മാർ അസുരസൈന്യത്തെ നിഹനിച്ചുതുടങ്ങി.

18. ഹന്യമാനാൻ സ്വകാൻ ദൃഷ്ട്വാ പുരുഷാനുചരൈർബലിഃ
വാരയാമാസ സംരബ്ധാൻ കാവ്യശാപമനുസ്മരൻ

| | |
|---|---|
| പുരുഷാനുചരൈഃ | മഹാവിഷ്ണുവിന്റെ അനുചരന്മാരാൽ |
| ഹന്യമാനാൻ | ഹനിക്കപ്പെട്ടുകൊണ്ടിരിക്കുന്ന |
| സ്വകാൻ | സ്വകീയന്മാരെ |
| ദൃഷ്ട്വാ | കണ്ട് |
| സംരബ്ധാൻ | കോപാവേശം മുഴുത്തു യുദ്ധത്തിലേർപ്പെട്ടിരിക്കുന്ന തന്റെ സേനാനികളെ |
| ബലിഃ | മഹാബലി |
| കാവ്യശാപം | ശുക്രാചാര്യരുടെ ശാപത്തെ |
| അനുസ്മരൻ | ഓർത്തുകൊണ്ട് |
| വാരയാമാസ | വിലക്കിനിർത്തി |

**19.** ഹേ വിപ്രചിത്തേ ഹേ രാഹോ ഹേ നേമേ ശ്രൂയതാം വചഃ
മാ യുധ്യത നിവർത്തധ്വം ന നഃ കാലോഽയമർത്ഥകൃത്

| | |
|---|---|
| ഹേ വിപ്രചിത്തേ | അല്ലയോ വിപ്രചിത്തി! |
| ഹേ രാഹോ | അല്ലയോ രാഹു! |
| ഹേ നേമേ | എടോ നേമി! |
| വചഃ | പറയുന്നതു |
| ശ്രൂയതാം | കേൾക്കുക; |
| മാ യുധ്യത | യുദ്ധം ചെയ്യരുതു്; |
| നിവർത്തധ്വം | പിൻവാങ്ങുവിൻ; |
| അയം കാലഃ | ഈ കാലം |
| നഃ | നമുക്ക് |
| അർത്ഥകൃത് | അനുകൂലപ്രദം |
| ന | ആയതല്ല. |

**20.** യഃ പ്രഭുഃ സർവ്വഭൂതാനാം സുഖദുഃഖോപപത്തയേ
തം നാതിവർത്തിതും ദൈത്യാഃ പൗരുഷൈരീശ്വരഃ പുമാൻ

| | |
|---|---|
| ദൈത്യാഃ | അസുരന്മാരെ ! |
| സർവ്വഭൂതാനാം | സകലജീവികൾക്കും |
| സുഖദുഃഖോപപത്തയേ | സുഖത്തെയും ദുഃഖത്തെയും നൽകുന്നതിന്ന് |
| യഃ | യാതൊന്നാണോ |
| പ്രഭുഃ | കഴിവുററതായിരിക്കുന്നത് |
| തം | അതിനെ ( ആ കാലശക്തിയെ ) |
| പൗരുഷൈഃ | പുരുഷപ്രയത്നങ്ങൾ കൊണ്ട് |
| അതിവർത്തിതും | മറികടക്കുവാൻ |
| പുമാൻ | പുരുഷൻ |
| ഈശ്വരഃ ന | ശക്തനാകയില്ല. |

**21.** യോ നോ ഭവായ പ്രാഗാസീദഭവായ ദിവൌകസാം
സ ഏവ ഭഗവാനദ്യ വർത്തതേ തദ്വിപര്യയം

| | |
|---|---|
| യഃ | യാതൊരാൾ |
| പ്രാക് | മുമ്പ് |
| നഃ | നമ്മുടെ |
| ഭവായ | ഉയർച്ചയ്ക്കും |
| ദിവൌകസാം | ദേവന്മാരുടെ |
| അഭവായ | തളർച്ചയ്ക്കും വേണ്ടി |
| ആസീത് | ഉണ്ടായിരുന്നുവോ, |
| സഃ ഏവ | അതേ |
| ഭഗവാൻ | കാലാത്മാവായ ഈശ്വരൻ |
| അദ്യ | ഇന്ന് |
| തദ്വിപര്യയം | അതിനുവിപരീതമായി |
| വർത്തതേ | നിലകൊള്ളുന്നു. |

22. ബലേന സചിവൈർബുദ്ധ്യാ ദുർഗ്ഗൈർമന്ത്രൗഷധാദിഭിഃ
സാമാദിഭിരുപായൈശ്ച കാലം നാത്യേതി വൈ ജനഃ

| | | | |
|---|---|---|---|
| ബലേന | സൈന്യംകൊണ്ടും, | സാമാദിഭിഃ | സാമദാനാദികളായ |
| സചിവൈഃ | മന്ത്രിമാരെക്കൊണ്ടും, | ഉപായൈഃ ച | ഉപായങ്ങൾകൊണ്ടും |
| ബുദ്ധ്യാ | ബുദ്ധിശക്തികൊണ്ടും, | ജനഃ | ആളുകൾ |
| ദുർഗ്ഗൈഃ | കോട്ടകളുറപ്പിച്ചതു കൊണ്ടും, | കാലം | കാലത്തെ |
| മന്ത്രൗഷധാദിഭിഃ | മന്ത്രങ്ങൾ– മരുന്നുകൾ മുതലായവകൊണ്ടും., | ന അത്യേതി | അതിലംഘിക്കുന്നതല്ലാ |
| | | വൈ | തീർച്ചയാണ്. |

23. ഭവദ്ഭിർനിർജ്ജിതാ ഹ്യേതേ ബഹുശോഽനുചരാ ഹരേഃ
ദൈവേനർദ്ധൈസ്ത ഏവാദ്യ യുധി ജിത്വാ നദന്തി നഃ

| | | | |
|---|---|---|---|
| ദൈവേന | ദൈവാനുകൂല്യത്താൽ | നിർജ്ജിതാഃ ഹി | പററെ തോല്പിക്കപ്പെട്ടവരായിരുന്നല്ലോ. |
| ഋദ്ധൈഃ | അഭിവൃദ്ധിപ്പെട്ടിരുന്ന | അദ്യ | ഇന്നു് |
| ഭവദ്ഭിഃ | നിങ്ങളാൽ | തേ ഏവ | അവർ തന്നെ |
| ഹരേഃ | വിഷ്ണുവിന്റെ | യുധി | യുദ്ധത്തിൽ |
| അനുചരാഃ | കിങ്കരന്മാരായ | നഃ | നമ്മളെ |
| ഏതേ | ഇവർ | ജിത്വാ | തോൽപ്പിച്ച് |
| ബഹുശഃ | പലവട്ടം | നദന്തി | അട്ടഹസിക്കുന്നു. |

24. ഏതാൻ വയം വിജേഷ്യാമോ യദി ദൈവം പ്രസീദതി
തസ്മാത് കാലം പ്രതീക്ഷധ്വം യോ നോഽർത്ഥത്വായ കല്പതേ

| | | | |
|---|---|---|---|
| ദൈവം പ്രസീദതി യദി | ദൈവാനുകൂല്യം തെളിഞ്ഞു വരികയാണെങ്കിൽ, | തസ്മാത് | അതുകൊണ്ട് |
| | അപ്പോൾ | യഃ നഃ | ഏതൊന്ന് നമ്മുടെ |
| | | അർത്ഥത്വായ | കാര്യസിദ്ധിക്ക് |
| വയം | നമ്മൾ | കല്പതേ | ഉതകുന്നുവോ, |
| ഏതാൻ | ഇവരെ | (തം) കാലം | ആ തക്കതായ കാലത്തെ |
| വിജേഷ്യാമഃ | കീഴടക്കുന്നതുമാണ്. | പ്രതീക്ഷധ്വം | കാത്തിരിക്കുവിൻ! |

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു.

25. പത്യുർനിഗദിതം ശ്രുത്വാ ദൈത്യദാനവയൂഥപാഃ
രസാം നിവിവിശൂ രാജൻ വിഷ്ണുപാർഷദതാഡിതാഃ

| | | | |
|---|---|---|---|
| രാജൻ | രാജാവേ! | പത്യുഃ | അവരുടെ നാഥനായ ബലിയുടെ |
| വിഷ്ണുപാർഷദ-താഡിതാഃ | വിഷ്ണുപാർഷദന്മാരാൽ തല്ലിച്ചതയ്ക്കപ്പെട്ട | നിഗദിതം | വാക്ക് |
| ദൈത്യ ദാനവ യൂഥപാഃ | ദൈത്യന്മാരും ദാനവന്മാരുമായ അസുരന്മാരുടെ സൈനികമേധാവികൾ | ശ്രുത്വാ | കേട്ടിട്ട് |
| | | രസാം | പാതാളത്തിലേക്ക് |
| | | നിവിവിശുഃ | കടന്നുപോയി. |

26 അഥ താർക്ഷ്യസുതോ ജ്ഞാത്വാ വിരാട് പ്രഭുചികീർഷിതം
ബബന്ധ വാരുണൈഃ പാശൈർബലിം സൗത്യേഽഹനി ക്രതൗ

| | | | |
|---|---|---|---|
| അഥ | അതിൽപ്പിന്നെ, | സൗത്യേ | സോമപാനം ചെയ്യേണ്ടുന്ന |
| വിരാട് | പക്ഷിരാജാവായ | | |
| താർക്ഷ്യസുതഃ | ഗരുഡൻ | അഹനി | ദിവസത്തിൽ |
| പ്രഭു-ചികീർഷിതം | ഭഗവാന്റെ അഭിപ്രായഗതിയെ | വാരുണൈഃ | വരുണനെ സംബന്ധിച്ച |
| | | പാശൈഃ | പാശങ്ങൾകൊണ്ട് |
| ജ്ഞാത്വാ | മനസ്സിലാക്കിയിട്ട് | ബലിം | ബലിചക്രവർത്തിയെ |
| ക്രതൗ | യാഗത്തിൽ | ബബന്ധ | ബന്ധിച്ചു. |

സർവസ്വാപഹരണത്താൽ ബലിയുടെ മമത്വാഭിമാനത്തെ ഇല്ലാതെയാക്കി. ഇനി ശരീരംകൂടി പിടിച്ചടക്കി അയാളുടെ അഹന്താഭിമാനത്തെയും നശിപ്പിച്ച് പരമാനുഗ്രഹമേകണം. മാത്രമല്ല, ബലിയെപ്പോലെ സത്യസന്ധനും ദൃഢപ്രജ്ഞനുമായിട്ട് മറ്റൊരാളില്ലെന്ന പ്രശസ്തിപരത്തുവാൻ ബലിയെ അല്പം താഴെയിറക്കുകയും വേണം. ഇതായിരുന്നു ഭഗവാന്റെ അഭിപ്രായഗതി.

27. ഹാഹാകാരോ മഹാനാസീദ്രോദസ്യോഃ സർവതോദിശം
ഗ്രഹ്യമാണേഽസുരപതൗ വിഷ്ണുനാ പ്രഭവിഷ്ണുനാ

| | | | |
|---|---|---|---|
| പ്രഭവിഷ്ണുനാ | സർവ്വസമർത്ഥനായ | സർവ്വതോദിശം | എല്ലായിടത്തും |
| വിഷ്ണുനാ | ശ്രീ വിഷ്ണുവിനാൽ | മഹാൻ | ഉച്ചത്തിലുള്ള |
| അസുരപതൗ | അസുരാധിപതി | | |
| ഗൃഹ്യമാണേ | പിടിച്ചടക്കപ്പെട്ടപ്പോൾ | ഹാഹാകാരഃ | കൂട്ടനിലവിളി |
| രോദസ്യോഃ | ഭൂമിയിലും ആകാശത്തിലും | ആസീത് | ഉണ്ടായി. |

28. തം ബദ്ധം വാരുണൈഃ പാശൈർഭഗവാനാഹ വാമനഃ
നഷ്ടശ്രിയം സ്ഥിരപ്രജ്ഞമുദാരയശസം നൃപ

| | | | |
|---|---|---|---|
| നൃപ | അല്ലയോ രാജാവേ! | പാശൈഃ | പാശങ്ങൾകൊണ്ട് |
| വാരുണൈഃ | വരുണസംബന്ധമായ | ബദ്ധം | ബന്ധിക്കപ്പെട്ടവനും |

| | |
|---|---|
| നഷ്ടശ്രിയം | ഐശ്വര്യം നഷ്ടപ്പെട്ടവനു മാണെങ്കിലും |
| സ്ഥിരപ്രജ്ഞം | ബുദ്ധിദാർഢ്യമെഴുന്നവ നായും |
| ഉദാരയശസം | മഹാദാതാവെന്ന കീർത്തി നേടിയവനുമായി നില്ക്കുന്ന |
| തം | ആ ബലിയോടു് |
| ഭഗവാൻ | സകലൈശ്വര്യാദിഗുണ യുക്തനായ |
| വാമനഃ | വാമനൻ |
| ആഹ | അരുളി ചെയ്തു. |

**29.** പദാനി ത്രീണി ദത്താനി ഭൂമേർമ്മഹ്യം ത്വയാഽസുര
ദ്വാഭ്യാം ക്രാന്താ മഹീ സർവാ തൃതീയമുപകല്പയ

| | |
|---|---|
| അസുര | ഹേ അസുര! |
| ത്വയാ | അങ്ങയാൽ |
| മഹ്യം | എനിക്കു് |
| ഭൂമേഃ | ഭൂമിയിലെ |
| ത്രീണി പദാനി | മൂന്നടി വയ്ക്കാവുന്ന സ്ഥലം |
| ദത്താനി | ദാനം ചെയ്യപ്പെട്ടിരുന്നു. |
| ദ്വാഭ്യാം | രണ്ടടികൊണ്ടു് |
| മഹീ സർവാ | ഭൂമിയാകെയും |
| ക്രാന്താ | അളന്നെടുക്കപ്പെട്ടു |
| തൃതീയം | മൂന്നാമത്തേതിനുള്ളതു് |
| ഉപകല്പയ | നിർദ്ദേശിച്ചുതരിക. |

**30.** യാവത് തപത്യസൗ ഗോഭിര്യാവദിന്ദുഃ സഹോഡുഭിഃ
യാവദ്വഷ്തി പജ്ജന്യസ്താവത് ഭൂരിയം തവ

| | |
|---|---|
| യാവത് | ഏതൊരിടംവരെ |
| അസൗ | ഈ സൂര്യൻ |
| ഗോഭിഃ | സ്വകിരണങ്ങളാൽ |
| തപതി | ജ്വലിച്ചുകൊണ്ടിരിക്കുന്നുവോ, |
| യാവത് | ഏതൊരിടംവരെ |
| ഇന്ദുഃ | ചന്ദ്രൻ |
| ഉഡുഭിഃ | നക്ഷത്രങ്ങളോടു |
| സഹ | കൂടെ (പ്രകാശം പരത്തുന്നുവോ,) |
| യാവത് | ഏതൊരിടംവരെ |
| പജ്ജന്യഃ | മേഘം |
| വഷ്തി | മഴ ചൊരിയുന്നുവോ, |
| താവത് | അതുവരെക്കുമുള്ള |
| ഇയം ഭൂഃ | ഈ ഭൂമണ്ഡലം |
| തവ | അങ്ങയുടെതായിരുന്നു. |

**31.** പദൈകേന മയാക്രാന്തോ ഭൂർലോകഃ ഖം ദിശസ്തനോഃ
സ്വർലോകസ്തു ദ്വിതീയേന പശ്യതസ്തേ സ്വമാത്മനാ

| | |
|---|---|
| തേ പശ്യതഃ | അങ്ങു നോക്കിയിരിക്കെ, |
| ആത്മനാ | അഖിലവ്യാപ്തിയുള്ള |
| മയാ | എന്നാൽ |
| ഏകേന | ആദ്യത്തെ ഒരു |
| പദാ | അടിവെപ്പുകൊണ്ടു് |
| ഭൂർല്ലോകഃ | ഭൂലോകവും |
| തനോഃ | ശരീരംകൊണ്ടു് |
| ഖം ദിശഃ | ആകാശവും ദിക്കുകളും |
| ദ്വിതീയേന | രണ്ടാമത്തേതുകൊണ്ടു് |
| സ്വർല്ലോകഃ തു | സ്വർല്ലോകവും |
| സ്വം | സ്വന്തമാക്കി |
| ക്രാന്താ | അളന്നെടുത്തു. |

32. പ്രതിശ്രുതമദാതുസ്തേ നിരയേ വാസ ഇഷ്യതേ
വിശ ത്വം നിരയം തസ്മാദ് ഗുരുണാ ചാനുമോദിതഃ

| | | | |
|---|---|---|---|
| പ്രതിശ്രുതം | തരാമെന്ന് ഏററുപറഞ്ഞതിനെ | ഇഷ്യതേ | വേണ്ടിയിരിക്കുന്നു. |
| | | തസ്മാത് | അതുകൊണ്ട് |
| അദാതുഃ | തരാതെയിരുന്ന | ഗുരുണാ ച | സ്വഗുരുവിനാലും |
| തേ | അങ്ങേയ്ക്ക് | അനുമോദിതഃ | അനുജ്ഞാതനായിട്ട് |
| നിരയേ | നരകത്തിൽ | നിരയം | നരകത്തിലേക്ക് |
| വാസഃ | വസിക്കുക എന്നത് | ത്വം വിശ | അങ്ങുചെന്നുചേരുക. |

33. വൃഥാ മനോരഥസ്തസ്യ ദൂരേ സ്വർഗ്ഗഃ പതത്യധഃ
പ്രതിശ്രുതസ്യാദാനേന യോഽർത്ഥിനം വിപ്രലംഭതേ

| | | | |
|---|---|---|---|
| യഃ | ഏതൊരുവൻ | മനോരഥഃ | മനോഭിലാഷം |
| പ്രതിശ്രുതസ്യ | കൊടുക്കാമെന്ന് ഏററുപറഞ്ഞതിനെ | വൃഥാ | പാഴിലായിത്തീരും |
| | | സ്വർഗ്ഗഃ | (അവന്) സ്വർഗ്ഗം |
| അദാനേന | കൊടുക്കാതെകണ്ട് | ദൂരേ | അകലെക്കിടക്കുന്നു. |
| അർത്ഥിനം | യാചകനെ | (സഃ) | അവൻ |
| വിപ്രലംഭതേ | കബളിപ്പിക്കുന്നുവോ, | അധഃ | കീഴോട്ട് |
| തസ്യ | അവന്റെ | പതതി | മറിഞ്ഞുവീഴുന്നു. |

34. വിപ്രലബ്ധോ ദദാമീതി ത്വയാഹം ചാഢ്യമാനിനാ
തദ് വ്യലീകഫലം ഭുങ്ക്ഷ്വ നിരയം കതിചിത് സമാഃ

| | | | |
|---|---|---|---|
| ആഢ്യ-മാനിനാ | മഹാപ്രഭുവാണെന്ന് ഊററം നടിച്ചിരുന്ന | തത് | ആകയാൽ |
| ത്വയാ | അങ്ങയാൽ | വ്യലീകഫലം | പൊളിവാക്കു പറഞ്ഞതിന്റെ ഫലമായുണ്ടായ |
| ദദാമി | "ഞാൻ തരാം" | | |
| ഇതി | എന്ന് വാഗ്ദാനം ചെയ്ത് | നിരയം | നരകത്തെ |
| | | കതിചിത് | ഏതാനും |
| അഹം ച | ഞാൻ പോലും | സമാഃ | വർഷങ്ങളോളം |
| വിപ്രലബ്ധഃ | കബളിപ്പിക്കപ്പെട്ടു. | ഭുങ്ക്ഷ്വ | അനുഭവിച്ചുകൊള്ളുക."" |

ഇതി ശ്രീമദ് ഭാഗവതേ മഹാപുരാണേ അഷ്ടമ
സ്കന്ധേ ബലിനിഗ്രഹോ നാമ ഏകവിംശോഽധ്യായഃ
ആദിതഃ ശ്ലോകാഃ 803
അഷ്ടമസ്കന്ധത്തിൽ - ഇരുപത്തൊന്നാമധ്യായം കഴിഞ്ഞു.

ഭഗവാൻ പ്രസാദിച്ചു വരങ്ങൾ നൽകി മഹാബലിയെ സുതലത്തിലേക്കു യാത്ര യാക്കിയതും, അത്രമാത്രം പോരെന്ന് കരുതി അവിടെ മഹാബലിയുടെ വസതി യിൽ ദ്വാരപാലനായി വർത്തിച്ചുതുടങ്ങിയതും ഈ അദ്ധ്യായംകൊണ്ടു പറയുന്നു.

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു.

# ദ്വാവിംശോऽധ്യായഃ — അധ്യായം ഇരുപത്തിരണ്ട്

## മഹാബലിക്കു ഭഗവാൻെറ വരദാനം

"ദ്വാവിംശേ തു പ്രസന്നഃ സൻ പ്രസ്ഥാപ്യ സുതലം ബലിം
ദത്വാ വരാൻ ഹരിർനൂനം മത്വാ തദ്വാരപോऽഭവത്"

1. **ഏവം വിപ്രകൃതോ രാജൻ ബലിർ ഭഗവതാऽസുരഃ**
**ഭിദ്യമാനോऽപ്യഭിന്നാത്മാ പ്രത്യാഹാവിക്ലബം വചഃ**

| | | | |
|---|---|---|---|
| രാജൻ | രാജാവേ! | ഭിദ്യമാനഃ അപി | ധീരതയിൽ നിന്നു വ്യതിചലിപ്പിക്കപ്പെടുന്നവനാണെങ്കിലും |
| ഏവം | ഇപ്രകാരം | അഭിന്നാത്മാ | വ്യതിചലിക്കാത്ത ഹൃദയത്തോടുകൂടി |
| ഭഗവതാ | ഭഗവാനാൽ | അവിക്ലബം | പാരവശ്യമേശാത്ത |
| വിപ്രകൃതഃ | അവഹേളനത്തിന്നു പാത്രീഭവിപ്പിക്കപ്പെട്ട | വചഃ | വചസ്സിനെ |
| അസുരഃ | അസുരനായ | പ്രത്യാഹ | പ്രതിവചിച്ചു. |
| ബലിഃ | മഹാബലി | | |

മഹാബലിയുടെ സുധീരമായ മറുപടി താഴെ പത്തു ശ്ലോകംകൊണ്ടു കാണിക്കുന്നു.

ബലിരുവാച = മഹാബലി പറഞ്ഞു.

2. **യദ്യുത്തമശ്ലോക ഭവാൻ മമേരിതം**
**വചോ വ്യലീകം സുരവര്യ മന്യതേ**
**കരോമ്യൃതം തന്ന ഭവേത് പ്രലംഭനം**
**പദം തൃതീയം കുരു ശീർഷ്ണി മേ നിജം**

| | | | |
|---|---|---|---|
| ഉത്തമശ്ലോക | പാവനകീർത്തിയെഴുന്ന മഹാനുഭാവ! | ഭവാൻ | അങ്ങുന്ന് |
| | | മമ | എൻെറ |
| സുരവര്യ | ഹേ ദേവശ്രേഷ്ഠ! | വചഃ | വാക്കിനെ |

| | | | |
|---|---|---|---|
| വ്യലീകം | തികച്ചും അസത്യമായ | ന ഭവേത് | സംഭവിക്കാതിരിക്കട്ടെ. |
| ഈരിതം | വാഗ്ദാനമായിട്ട് | മേ ശീർഷ്ണി | എന്റെ ശിരസ്സിൽ |
| മന്യതേ യദി | വിചാരിക്കുന്നുവെങ്കിൽ | നിജം | സ്വന്തം |
| ഋതം | അതിനെ സത്യമാക്കി | | |
| കരോമി | തീർക്കുന്നുണ്ട്. | തൃതീയം | മൂന്നാമത്തെ |
| തത് | ആയത് | പദം | കാലടി |
| പ്രലംഭനം | വഞ്ചനയായിട്ട് | കുരു | വെച്ചുകൊണ്ടാലും |

വിവക്ഷിതം ഇതാണ്_ "വാസ്തവത്തിൽ ഞാൻ വാക്കുതന്ന് അങ്ങയെ കബളിപ്പിച്ചതല്ല. അങ്ങ് കപടത്താൽ വാമനവടുവായി വന്ന് ആദ്യം മൂന്നടിമാത്രം യാചിക്കുകയും പിന്നെ രൂപാന്തരം ആവിഷ്കരിച്ച് രണ്ടടികൊണ്ട് സത്യലോകപര്യന്തം ലോകമാകെയും അളന്നെടുത്തു മൂന്നാമത്തെ അടി വയ്ക്കുവാൻ ഇടമില്ലെന്ന നില വരുത്തുകയുമാണ് ഉണ്ടായത്. എന്നിരിക്കിലും, എന്റെ വാക്ക് അസത്യമാകാതിരിക്കട്ടെ. മൂന്നാമത്തെ അടി വയ്ക്കുവാൻ ഞാൻ എന്റെ ശിരസ്സിനെ ഇതാ അർപ്പിച്ചുകൊള്ളുന്നു. രണ്ടടികൊണ്ട് ലോകം മുഴുവനും അളന്ന സ്ഥിതിക്കു മൂന്നാമത്തെ അടി വയ്ക്കുവാൻ വെറുമൊരു ശിരസ്സു പര്യാപ്തമാകയില്ലെന്നു ധരിക്കരുത്. എന്റെ ഭൗതികവിഭവത്തെയാണ് രണ്ടടികൊണ്ടളന്നത്. ആന്തരമായി ചിന്തിച്ചാൽ അതിന്റെ അധീശ്വരത്വം വഹിച്ചിരുന്ന എനിക്ക് കൂടുതൽ വലിപ്പം ഉണ്ടാകണമല്ലോ. ആകയാൽ എന്റെ ശിരസ്സിൽ പദാർപ്പണം ചെയ്ത് എന്നെ സത്യപ്രതിജ്ഞനാക്കുവാൻ കരുണയുണ്ടാകണം."

"ശരി. എല്ലാം പരിത്യജിച്ചിട്ടും ആത്മാവിനെ രക്ഷിക്കണമെന്നല്ലേ അഭിജ്ഞവചനം? എന്നെ ഭയന്നിട്ടു ചെയ്യുന്ന ഈ ആത്മസമർപ്പണം സമുചിതമാണോ?" എന്ന ചോദ്യത്തെ ഉള്ളിൽ കണ്ടുകൊണ്ട് മഹാബലി തുടർന്നുപറയുന്നു—

3. ബിഭേമി നാഹം നിരയാത് പദച്യുതോ
ന പാശബന്ധാദ് വ്യസനാദ് ദുരത്യയാത്
നൈവാർത്ഥകൃച്ഛ്രാദ് ഭവതോ വിനിഗ്രഹാ-
ദസാധുവാദാദ് ഭൃശമുദ്വിജേ യഥാ

| | | | |
|---|---|---|---|
| അഹം | ഞാൻ | നബിഭേമി | ഭയപ്പെടുന്നില്ല; |
| യഥാ | ഏതുവിധം | പദച്യുതഃ | സ്ഥാനഭ്രഷ്ടനായ ഞാൻ |
| അസാധു-വാദാത് | നിർമ്മൂലമായ അപകീർത്തിയിങ്കൽനിന്ന് | പാശബന്ധാത് | വരുണപാശം കൊണ്ടുള്ള ബന്ധനത്തിൽ നിന്നാകട്ടെ, |
| ഭൃശം | അത്യധികം | | |
| ഉദ്വിജേ | ഭയന്നിരിക്കുന്നുവോ, | ദുരത്യയാത് | ദുസ്സഹമായ |
| തഥാ | ആവിധം | വ്യസനാത് | വിപത്തിൽ നിന്നാകട്ടെ |
| നിരയാത് | നരകത്തിൽനിന്ന് | ന | ഭയം കൊള്ളുന്നില്ല; |

| | |
|---|---|
| അത്ഥകൃച്ഛ്രാത് | ധനസംബന്ധമായ തകച്ചയിൽ നിന്നോ, |
| ഭവതഃ | അങ്ങയുടെ |
| വിനിഗ്രഹാത് | തടങ്ങലിൽ നിന്നോ |
| ന ഏവ | തീരെ ഭയമില്ല. |

''ഞാൻ അങ്ങയെ പിടിച്ച തടങ്ങലിലാക്കിയതുതന്നെ അങ്ങയ്ക്ക് അപകീത്തകരമായില്ലേ?'' എന്നാണെങ്കിൽ അതിന്നിവിടെ പ്രസക്തിയില്ലെന്ന തുടർന്ന പറയുന്നു—

**4. പുംസാം ശ്ലാഘ്യതമാം മന്യേ ബന്ധമർത്ഥമാർപ്പിതം**
**യം ന മാതാ പിതാ ഭ്രാതാ സുഹൃദശ്ചാദിശന്തി ഹി.**

| | |
|---|---|
| അർത്ഥമാർപ്പിതം | സുയോഗ്യതയുള്ള ഹിതൈഷികളാൽ നല്കപ്പെട്ട |
| ബന്ധം | ബന്ധനത്തെ— |
| യം | യാതൊന്നിനെ |
| മാതാ | അമ്മയും |
| പിതാ | അച്ഛനും |
| ഭ്രാതാ | സഹോദരനും |
| സുഹൃദഃ ച | സുഹൃത്തുക്കളും |
| ന ഹി ആദിശന്തി | നല്കമാറില്ലയോ |
| പുംസാം | ജീവരാശികൾക്കെല്ലാം |
| ശ്ലാഘ്യതരം | ഏറ്റവും ശ്ലാഘനീയമായിട്ട് |
| മന്യേ | ഞാൻ കരുതുന്നു. |

ഭഗവാൻ ദേവന്മാരുടെ മാത്രമല്ല, അസുരന്മാരുടെയും ഹിതൈഷിയാണെന്ന് സമർത്ഥിച്ചുകൊണ്ട തുടർന്നുപറയുന്നു—

**5. ത്വം നൂനമസുരാണാം നഃ പാരോക്ഷ്യഃ പരമോ ഗുരുഃ**
**യോ നേകമദാന്ധാനാം വിഭ്രംശം ചക്ഷുരാദിശത്.**

| | |
|---|---|
| യഃ | യാതൊരാൾ |
| അനേകമദാന്ധാനാം | നാനാതരം അഹങ്കാരങ്ങളാൽ |
| നഃ | ഞങ്ങൾക്ക് |
| വിഭ്രംശം | പതറിച്ചയില്ലാത്ത |
| ചക്ഷുഃ | ഉൾക്കണ്ണിനെ |
| ആദിശത് | കല്പിച്ചരുളിയോ, |
| (സഃ) ത്വം | അങ്ങനെയുള്ള ഭവാൻ |
| അസുരാണാം | അസുരന്മാരായ |
| നഃ | ഞങ്ങൾക്ക് |
| പാരോക്ഷ്യഃ | ശത്രുത്വേന മറഞ്ഞിരിക്കുന്ന |
| പരമഃ | വലിയ ഹിതോപദേഷ്ടാവായ |
| ഗുരുഃ | ആചാര്യനാണ് |

ഈ ശത്രുത്വമാകട്ടെ ഭക്തന്മാരെയെന്നപോലെ ഞങ്ങളെ അനുഗ്രഹിക്കുവാൻ വേണ്ടിയുള്ളതാണെന്ന് അനുസ്മരിപ്പിക്കുന്നു—

**6. യസ്മിൻ വൈരാനുബന്ധേന വ്യൂഢേന വിബുധേതരാഃ**
**ബഹവോ ലേഭിരേ സിദ്ധിം യാമു ഹൈകാന്തയോഗിനഃ**

| | |
|---|---|
| വിബുധേതരാഃ | ദേവന്മാരല്ലാത്ത |
| ബഹവഃ | അനേകം പേർ |
| യസ്മിൻ | യാതൊരു ഭവാനിൽ |
| വ്യൂഢേന | അടിയുറച്ച |

| | | | |
|---|---|---|---|
| വൈരാനു-ബന്ധേന | ശത്രുത്വത്തിന്റെ നിരന്തരാനുഭാവനകൊണ്ട്, | (ലഭന്തേ) | പ്രാപിക്കുമാറുണ്ടോ, |
| യാം | യാതൊരു | (താം) | അതിനെ |
| സിദ്ധിം | സിദ്ധിയെ | ലേഭിരേഹ | പ്രാപിച്ചിട്ടുണ്ടല്ലോ - |
| ഏകാന്ത-യോഗിനഃ | ഏകാഗ്രമായ ഭക്തിയോഗത്താൽ | ഉ | അഹോ! അദ്ഭുതം |

ആകയാൽ തനിക്ക് ഇതിൽ ലജ്ജയും പരിതാപവും തോന്നുന്നില്ലെന്നു മഹാബലി തുടൻ പ്രസ്താവിക്കുന്നു.

7. **തേനാഹം നിഗ്രഹീതോഽസ്മി ഭവതാ ഭൂരികർമ്മണാ**
**ബദ്ധശ്ച വാരുണൈഃ പാശൈർനാതിവ്രീഡേ ന ച വ്യഥേ**

| | | | |
|---|---|---|---|
| ഭൂരികർമ്മണാ | ബഹുവിധമായ പ്രവൃത്തനം നടത്തിവരുന്ന | വാരുണൈഃ പാശൈഃ | വരുണസംബന്ധികളായ കയറുകൾകൊണ്ടു |
| തേന | ആ അനിർവചനീയനായുള്ള | ബദ്ധഃ ച | ബന്ധിക്കപ്പെട്ടവനുമായി |
| | | അസ്മി | ഭവിച്ചിരിക്കുന്നു. |
| ഭവതാ | ഭവാനാൽ | ന അതി | ഇതിൽ അധികം |
| അഹം | ഞാൻ | വ്രീഡേ | ലജ്ജിക്കുന്നില്ല, |
| നിഗ്രഹീതഃ | പിടിച്ചടക്കപ്പെട്ടവനും | ന വ്യഥേ ച | പരിതപിക്കുന്നതുമില്ല. |

ഭഗവാൻ ബലിക്കു കനിഞ്ഞരുളിയ ഈ നിഗ്രഹരൂപമായ അനുഗ്രഹം സ്വഭക്താഗ്രേസരനായ പ്രഹ്ലാദന്റെ പൗത്രനായതുകൊണ്ടാകണമെന്ന അഭിപ്രായത്തെ ഉള്ളിരുത്തിക്കൊണ്ടു പറഞ്ഞുതുടങ്ങുന്നു.

8. **പിതാമഹോ മേ ഭവദീയസമ്മതഃ**
**പ്രഹ്ലാദ ആവിഷ്കൃതസാധുവാദഃ**
**ഭവദ്വിപക്ഷേണ വിചിത്രവൈശസം**
**സംപ്രാപിതസ്ത്വത്പരമഃ സ്വപിത്രാ**

| | | | |
|---|---|---|---|
| മേ | എന്റെ | ത്വത് പരമഃ | അങ്ങയെ പരമാശ്രയമായി കരുതിവരുന്ന അദ്ദേഹം |
| പിതാമഹഃ | മുത്തച്ഛനായ | | |
| പ്രഹ്ലാദഃ | പ്രഹ്ലാദൻ | സ്വപിത്രാ | സ്വപിതാവും |
| ഭവദീയ-സമ്മതഃ | അങ്ങയുടെ ഭക്തന്മാർക്കിടയിൽ സമാദൃതനും | ഭവദ്വി-പക്ഷേണ | അങ്ങയുടെ ശത്രുവുമായ ഹിരണ്യകശിപുവിനാൽ |
| ആവിഷ്കൃത-സാധുവാദഃ | നല്ലവനെന്ന വിഖ്യാതി നേടിയെടുത്തവനുമാകുന്നു. | വിചിത്ര-വൈശസം | വിവിധ രീതിയിലുള്ള ചിത്രവധത്തിലേക്ക് |
| | | സംപ്രാപിതഃ | കൊണ്ടണയ്ക്കപ്പെട്ടു. |

9. കിമാത്മനാനേന ജഹാതി യോഽന്തതഃ
കിം രിക്ഥഹാരൈഃ സ്വജനാഖ്യദസ്യുഭിഃ
കിം ജായയാ സംസൃതിഹേതുഭൂതയാ
മർത്ത്യസ്യ ഗേഹൈഃ കിമായുഷോ വ്യയഃ

10. ഇത്ഥം സ നിശ്ചിത്യ പിതാമഹോ മഹാ-
നഗാധബോധോ ഭവതഃ പാദപദ്മം
ധ്രുവം പ്രപേദേ ഹ്യകുതോഭയം ജനാദ്
ഭീതഃ സ്വപക്ഷക്ഷപണസ്യ സത്തമം.

| | | | |
|---|---|---|---|
| യഃ | ''യാതൊന്ന് | ഇഹ | ഇതുകളിൽ ഇടപെടുന്നത് |
| അന്തതഃ | ആയുസ്സൊടുങ്ങുമ്പോൾ | ആയുഷഃ | ആയുസ്സിന്റെ |
| ജഹാതി | വിട്ടുപോകുന്നുവോ, | വ്യയഃ | ദുർവ്യയം മാത്രം'' |
| അനേന | ഇത്തരത്തിലുള്ള | ഇത്ഥം | എന്നിങ്ങനെ |
| ആത്മനാ | സ്വശരീരംകൊണ്ട് | നിശ്ചിത്യ | മനസ്സിലുറച്ച് |
| കിം | പ്രയോജനമെന്ത്? | അഗാധധീഃ | അഗാധബുദ്ധിമാനും |
| രിക്ഥഹാരൈഃ | പിൻതുടർച്ചാവകാശത്തിന്റെ പേരിൽ സ്വത്തിനെ തട്ടിയെടുക്കുന്ന | സത്തമഃ | സുജനാഗ്രണിയും |
| | | മഹാൻ | മഹാമനസ്കനുമായ |
| സ്വജനാഖ്യദസ്യുഭിഃ | മക്കളും ബാന്ധവന്മാരുമാവുന്ന കൊള്ളക്കാരെക്കൊണ്ട് | സഃ പിതാമഹഃ | ആ മുത്തച്ഛൻ |
| | | ജനാത് | ജനസമ്പർക്കത്തിൽ നിന്നു |
| | | ഭീതഃ | ഭയന്നവനായിട്ട് |
| കിം | കാര്യമെന്തിരിക്കുന്നു? | സ്വപക്ഷക്ഷപണസ്യ | തന്റെ വംശത്തെ ഒടുക്കുന്നവനാണെങ്കിലും |
| സംസൃതിഹേതുഭൂതയാ | സംസാര ദുഃഖത്തിന് കാരണമായിട്ടിരിക്കുന്ന | ഭവതഃ | ഭവാന്റെ |
| ജായയാ | ഭാര്യയെക്കൊണ്ട് | ധ്രുവം | അനശ്വരവും |
| കിം | ഫലമെന്ത്? | അകുതോഭയം | ഒരിടത്തുനിന്നും ഭയം തീണ്ടാത്തതുമായ |
| മർത്ത്യസ്യ | മരിച്ചുപോകേണ്ടുന്നവന് | | |
| ഗേഹൈഃ | വാസഭവനങ്ങൾകൊണ്ട് | പാദപദ്മം | ചെന്താരടിയെ |
| കിം | നേട്ടമെന്തിരിക്കുന്നു? | പ്രപേദേഹി | ആശ്രയിച്ചുവല്ലോ. |

11. അഥാഹമപ്യാത്മരിപോസ്തവാന്തികം
ദൈവേന നീതഃ പ്രസഭം ത്യാജിതശ്രീഃ
ഇദം കൃതാന്താന്തികവർത്തി ജീവിതം
യയാധ്രുവം സ്തബ്ധമതിർന ബുധ്യതേ

| | | | |
|---|---|---|---|
| അഥ | ഇപ്പോൾ, ഇതാ! | ദൈവേന | വിധിയാൽ |
| അഹം അപി | ഞാനുംകൂടി | പ്രസഭം | ബലാൽക്കാരേണ |

| | |
|---|---|
| ത്യാജിതശ്രീഃ | പരിത്യജിപ്പിക്കപ്പെട്ട ഐശ്വര്യത്തോട് കൂടിയവനായിത്തീൎന്ന് |
| രിപോഃ | ശത്രുവായ |
| തവ | അങ്ങയുടെ |
| അന്തികം | അടുക്കലേക്ക് |
| നീതഃ | എത്തിക്കപ്പെട്ടിരിക്കുന്നു. |
| യയാ | യാതൊരു ഐശ്വര്യം നിമിത്തം |
| സ്തബ്ധമതിഃ | സ്തംഭിച്ചുപോയ ബുദ്ധിയോട് കൂടിയവൻ |
| ഇദം ജീവിതം | ഈ ജീവിതത്തെ |
| അധ്രുവം | നിലനില്പില്ലാത്തതായും |
| കൃതാന്താന്തികവൎത്തി | കാലന്റെ അടുക്കലെത്തിച്ചേരുന്നതായും |
| ന ബുധ്യതേ | മനസ്സിലാക്കുന്നില്ല. |

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു.

**12.** **തസ്യേത്ഥം ഭാഷമാണസ്യ പ്രഹ്ലാദോ ഭഗവത്പ്രിയഃ**
**ആജഗാമ കുരുശ്രേഷ്ഠ രാകാപതിരിവോത്ഥിതഃ**

| | |
|---|---|
| തസ്യ ഇത്ഥം ഭാഷമാണസ്യ | ആ ബലിചക്രവൎത്തി ഇങ്ങനെ പറഞ്ഞുകൊണ്ടിരിക്കേ, |
| കുരുശ്രേഷ്ഠ | ഹേ കുരുവംശ പ്രമുഖനായ പരീക്ഷിത്തേ! |
| ഭഗവത്പ്രിയഃ | ഭഗവാന്റെ പ്രീതിഭാജനമായ |
| പ്രഹ്ലാദഃ | പ്രഹ്ലാദൻ |
| ഉത്ഥിതഃ | ഉദിച്ചുയൎന്ന |
| രാകാപതിഃ | പൂൎണ്ണചന്ദ്രൻ |
| ഇവ | എന്നപോലെ |
| ആജഗാമ | അവിടെ വന്നുചേൎന്നു |

**13.** **തമിന്ദ്രസേനഃ സ്വപിതാമഹം ശ്രിയാ**
**വിരാജമാനം നളിനായതേക്ഷണം**
**പാംശും പിശംഗാംബരമഞ്ജനത്വിഷം**
**പ്രലംബബാഹും സുഭഗം സമൈക്ഷത**

| | |
|---|---|
| ഇന്ദ്രസേനഃ | ബലിചക്രവൎത്തി |
| സ്വപിതാമഹം | തന്റെ പിതാവിന്റെ പിതാവും |
| ശ്രിയാ | പ്രഭാപ്രസരത്താൽ |
| വിരാജമാനം | തിളക്കം കൊള്ളുന്നവനും |
| നളിനായതേക്ഷണം | താമരപ്പൂവിതൾ പോലെ വിശാലമായ നേത്രങ്ങളോട് കൂടിയവനും |
| പാംശും | ഉന്നതകായനും |
| പിശംഗാംബരം | മഞ്ഞപ്പട്ടുടുത്തിരിക്കുന്നവനും |
| അഞ്ജനത്വിഷം | അഞ്ജനത്തിനൊത്ത ശ്യാമള നിറം പൂണ്ടവനും |
| പ്രലംബബാഹും | ആജാനുലംബികളായ ബാഹുക്കളോട് കൂടിയവനും |
| സുഭഗം | സുന്ദരാകാരനുമായ |
| തം | ആ പ്രഹ്ലാദനെ |
| സമൈക്ഷത | കൺകുളിൎക്കെ കണ്ടു. |

14. തസ്മൈ ബലിർവാരുണപാശയന്ത്രിതഃ
സമർഹണം നോപജഹാര പൂർവ്വവത്
നനാമ മൂർദ്ധ്നാശ്രുവിലോലലോചനഃ
സവ്രീഡനീചീനമുഖോ ബഭൂവ ഹ

| | |
|---|---|
| വാരുണപാശയന്ത്രിതഃ | വരുണപാശത്താൽ നിയന്ത്രിക്കപ്പെട്ടിരുന്ന |
| ബലിഃ | മഹാബലി |
| തസ്മൈ | അദ്ദേഹത്തിന്ന് |
| പൂർവ്വവത് | മുമ്പത്തേതുപോലെ |
| സമർഹണം | അർഘ്യപാദ്യാദ്യുപചാരത്തെ |
| ന ഉപജഹാര | അടുക്കലേക്ക് കൊണ്ടുവന്നർപ്പിച്ചില്ല. |
| അശ്രുവിലോലലോചനഃ | ബാഷ്പാകുലങ്ങളായ കണ്ണിണയോടു കൂടിയവനായിട്ട് |
| മൂർദ്ധ്നാ | ശിരസ്സുകൊണ്ടു മാത്രം |
| നനാമ | നമസ്കരിച്ചു; |
| സവ്രീഡനീചീനമുഖഃ | സ്വാപരാധബോധത്താലുണ്ടായ ലജ്ജയോടെ ആനതമുഖനായി |
| ബഭൂവ | നിലകൊണ്ടു. |
| ഹ | ആശ്ചര്യം! |

15. സ തത്ര ഹാസീനമുദീക്ഷ്യ സത്പതിം
സുനന്ദനന്ദാദ്യനുഗൈരുപാസിതം
ഉപേത്യ ഭൂമൗ ശിരസാ മഹാമനാ
നനാമ മൂർദ്ധ്നാ പുളകാശ്രുവിക്ലവഃ

| | |
|---|---|
| മഹാമനാഃ | ഉദാരചിത്തനായ |
| സഃ | ആ പ്രഹ്ളാദൻ |
| സുനന്ദനന്ദാദ്യനുഗൈഃ | സുനന്ദൻ, നന്ദൻ മുതലായ അനുചരന്മാരാൽ |
| ഉപാസിതം | സേവിതനായി |
| തത്ര ഹ | അവിടത്തിൽത്തന്നെ |
| ആസീനം | ഇരുന്നരുളുന്ന |
| സത്പതിം | ശ്രീവാമനമൂർത്തിയെ |
| ഉദീക്ഷ്യ | ദർശിച്ച്, |
| പുളകാശ്രുവിക്ലവഃ | രോമാഞ്ചത്താലും ആനന്ദബാഷ്പത്താലും വിവശനായിട്ട് |
| ശിരസാ | ശിരോനമനത്തോടുകൂടെ |
| ഉപേത്യ | അടുത്തുചെന്ന്, |
| ഭൂമൗ | നിലത്തുവീണു |
| മൂർദ്ധ്നാ നനാമ | സാഷ്ടാംഗമായി നമസ്കരിച്ചു. |

പ്രഹ്ളാദ ഉവാച = പ്രഹ്ളാദൻ പറഞ്ഞു.

16. ത്വയൈവ ദത്തം പദമൈന്ദ്രമൂർജ്ജിതം
ഹൃതം തദേവാദ്യ തഥൈവ ശോഭനം
മന്യേ മഹാനസ്യ കൃതോഹ്യനുഗ്രഹോ
വിഭ്രംശിതോ യച്ഛ്രിയ ആത്മമോഹനാത്

| | | | |
|---|---|---|---|
| ഊർജ്ജിതം | സമ്പൽസമൃദ്ധമായ | അസ്യ | ഇവന് (ബലിക്ക്) |
| ഐന്ദ്രം പദം | ഇന്ദ്രപദവി | മഹാൻ | വലിയ |
| ത്വയാ ഏവ | നിന്തിരുവടിയാൽത്തന്നെ | അനുഗ്രഹഃ | അനുഗ്രഹമാണ് |
| ദത്തം | നല്കപ്പെട്ടതാണ്. | കൃതഃ | ചെയ്യപ്പെട്ടതെന്ന് |
| അദ്യ | ഇപ്പോൾ | മന്യേ | ഞാൻ കരുതുന്നു. |
| തത് ഏവ | അതുതന്നെ | യത് ഹി | എന്തുകൊണ്ടെന്നാൽ |
| ഹൃതം | പിടിച്ചെടുക്കപ്പെടുകയും ചെയ്തു. | ശ്രിയഃ | രാജൈശ്വര്യത്തിന്റെ ഫലമായ |
| തഥാ ഏവ | നൽകിയതുപോലെ പിടിച്ചെടുത്തതും | ആത്മമോഹനാത് | ആത്മവിസ്മൃതിയിൽ നിന്നും |
| ശോഭനം | വളരെ ഭംഗിയായി | വിഭ്രംശിതഃ | അകററപ്പെട്ടവല്ലോ. |

ഈ ആത്മവിസ്മൃതിയെത്തന്നെ ഉപപാദിക്കുന്നു.

17. **യയാ ഹി വിദ്വാനപി മുഹ്യതേ യത-**
**സ്തത് കോ വിചഷ്ടേ ഗതിമാത്മനോ യഥാ**
**തസ്മൈ നമസ്തേ ജഗദീശ്വരായ വൈ**
**നാരായണായാഖിലലോക സാക്ഷിണേ.**

| | | | |
|---|---|---|---|
| യയാ | യാതൊരു രാജൈശ്വര്യത്താൽ | വിചഷ്ടേ | കാണുന്നത്? |
| യതഃ | സ്വാധീനിക്കപ്പെട്ടവൻ | തസ്മൈ | അങ്ങനെ ഐശ്വര്യമദമില്ലാതാക്കി ബലിയെ അനുഗ്രഹിച്ചവനും |
| വിദ്വാൻ അപി | പണ്ഡിതനായിരുന്നാലും | ജഗദീശ്വരായ | ലോകൈക നാഥനും |
| മുഹ്യതേ | മയങ്ങിപ്പോകുന്നു. | അഖില ലോക സാക്ഷിണേ | സകലചരാചരങ്ങളിലും സാക്ഷിയായി വർത്തിക്കുന്നവനും |
| ഹി | എന്നിരിക്കെ, | നാരായണായ | നാരായണനുമായ |
| തത് | അതു നിലവിലുള്ളപ്പോൾ | തേ | നിന്തിരുവടിക്കായിക്കൊണ്ടു |
| കഃ | വേറെ ആരാണ് | നമഃ | നമസ്കാരം |
| ആത്മനഃ | ആത്മാവിന്റെ | | |
| ഗതിം | തത്ത്വത്തെ | | |
| യഥാ | വേണ്ടവിധത്തിൽ | | |

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു.

18. **തസ്യാനുശൃണ്വതോ രാജൻ പ്രഹ്ലാദസ്യ കൃതാഞ്ജലേഃ**
**ഹിരണ്യഗർഭോ ഭഗവാനുവാച മധുസൂദനം**

| | | | |
|---|---|---|---|
| രാജൻ | രാജാവേ! | അനുശൃണ്വതഃ | കേൾക്കവെത്തന്നെ |
| കൃതാഞ്ജലേഃ | കൈകൂപ്പിത്തൊഴുതു നിൽക്കുന്ന | ഭഗവാൻ | ഭഗവാനായ |
| | | ഹിരണ്യഗർഭഃ | ബ്രഹ്മദേവൻ |
| തസ്യ | ആ മഹാനുഭാവനായ | മധുസൂദനം | ശ്രീവാമനനോടു |
| പ്രഹ്ളാദസ്യ | പ്രഹ്ളാദൻ | ഉവാച | പറഞ്ഞു. |

പറഞ്ഞുതുടങ്ങുമ്പോഴേക്കും ബലിയുടെ പത്നിയായ വിന്ധ്യാവലി ഭഗവാനെ വണങ്ങിയുണർത്തിക്കുവാൻ മുന്നോട്ടുവന്നതിനാൽ ബ്രഹ്മദേവൻ അവൾക്കവസരം കൊടുത്തു് ഒതുങ്ങിനിന്നുംവന്ന ആശയത്തിന്മേലാണ് അടുത്ത പദ്യം തുടരുന്നത്.

**19.** **ബദ്ധം വീക്ഷ്യ പതിം സാധ്വീ തത്പത്നീ ഭയവിഹ്വലാ**
**പ്രാഞ്ജലിഃ പ്രണതോപേന്ദ്രം ബഭാഷേƒവാങ്മുഖീ നൃപ**

| | | | |
|---|---|---|---|
| നൃപ | അല്ലയോ രാജാവേ! | ഭയവിഹ്വലാ | ഭീതിപരവശയായി, |
| സാധ്വീ | പതിവ്രതയായ | പ്രണതാ | നമസ്കരിച്ചു് |
| തത്പത്നീ | ബലിയുടെ പത്നി | അവാങ്മുഖീ | മുഖം കുനിച്ചുകൊണ്ടു് |
| പതിം | ഭർത്താവിനെ | | |
| ബദ്ധം | ബന്ധിക്കപ്പെട്ടതായി | ഉപേന്ദ്രം | വാമനനോടായി |
| വീക്ഷ്യ | കണ്ടിട്ടു് | ബഭാഷേ | പറഞ്ഞു. |

വിന്ധ്യാവലിരുവാച = വിന്ധ്യാവലി പറഞ്ഞു.

**20.** **ക്രീഡാർത്ഥമാത്മന ഇദം ത്രിജഗത്കൃതം തേ**
**സ്വാമ്യം തു തത്ര കുധിയോƒപര ഈശ കുര്യുഃ**
**കർത്തുഃ പ്രഭോസ്തവ കിമസ്യത ആവഹന്തി**
**ത്യക്തഹ്രിയസ്ത്വദവരോപിത കർത്തൃവാദാഃ**

| | | | |
|---|---|---|---|
| ഈശ | പ്രഭോ! | കുധിയഃ | മന്ദബുദ്ധികൾ |
| ഇദം | ഈ | തത്ര | അതിൽ |
| ത്രിജഗത് | മൂന്നു ലോകവും | സ്വാമ്യം | സ്വാമിത്വം |
| ആത്മനഃ | തന്റെ | കുര്യുഃ | ആവിഷ്കരിക്കുന്നു. |
| ക്രീഡാർത്ഥം | ക്രീഡയ്ക്കുവേണ്ടി | കർത്തുഃ | (മൂന്നു ലോകത്തിന്റെയും) കർത്താവും |
| തേ | നിന്തിരുവടിയാൽ | | |
| കൃതം | നിർമ്മിക്കപ്പെട്ടതാണു് | പ്രഭോഃ | ഭർത്താവും |
| തു | എന്നാൽ, | അസ്യതഃ | സംഹർത്താവുമായ |
| അപരേ | വേറെ ചില | തവ | നിന്തിരുവടിക്കു് |

| | | | |
|---|---|---|---|
| ത്വദവ-രോപിത-കർത്തൃവാദാഃ | നിന്തിരുവടിയാൽത്തന്നെ ഏർപ്പെടുത്തപ്പെട്ട കർത്തൃത്വാദിമിഥ്യാവ്യവഹാരത്തോടു കൂടിയവരായ | ത്യക്തഹ്രിയഃ | നിർല്ലജ്ജന്മാർ |
| | | കിം | എന്തൊന്നിനെ |
| | | ആവഹന്തി | അടിയറ വയ്ക്കുന്നു. |

ഇവിടെ ഭാവാർത്ഥം ഇങ്ങനെ ഗ്രഹിക്കണം— ''യഥാർത്ഥത്തിൽ സകലലോകങ്ങളുടെയും സ്വാമിത്വം അവയുടെ സ്രഷ്ടാവും രക്ഷിതാവും സംഹർത്താവുമായ നിന്തിരുവടിക്കു സ്വതവേയുള്ളതാണ്. എന്നിരിക്കെ, മൂന്നു ലോകവും പ്രദാനം ചെയ്തുവെന്നും, മൂന്നാമത്തെ അടിവയ്ക്കുവാൻ സ്വദേഹം അർപ്പിച്ചു സത്യപ്രതിശ്രുതനായിരിക്കുന്നുവെന്നും പറയുന്ന മഹാബലി തന്റേതല്ലാത്തവയിൽ തന്റെ സ്വാമിത്വം ആവിഷ്കരിച്ചിരിക്കുന്നു. ആകയാൽ ഇദ്ദേഹം മിഥ്യാസങ്കൽപ്പം വച്ചുകൊണ്ടിരിക്കുന്ന കുബുദ്ധിയും, തന്റെ ഉടമയിലല്ലാത്തതിനെ ദാനം ചെയ്യുന്നെന്നഭിമാനിക്കുന്ന ലജ്ജാശൂന്യനുമത്രേ. എങ്കിലും മന്ദബുദ്ധിയാണെന്നു കരുതി ബന്ധനമുക്തനാക്കി രക്ഷിക്കുവാൻ കരുണ ചെയ്യണേ'' ഈ രൂപത്തിലുള്ളതായിരുന്നു വിന്ധ്യാവലിയുടെ അഭ്യർത്ഥന

പ്രഹ്ളാദന്റെയും വിന്ധ്യാവലിയുടെയും ഇപ്രകാരത്തിലുള്ള തത്ത്വാധിഷ്ഠിത വചനങ്ങളാൽ പ്രസാദിച്ചുകഴിഞ്ഞ വാമന ഭഗവാന്റെ അടുക്കൽ ബ്രഹ്മാവ് കേവലം ലൗകിക വീക്ഷണത്തോടെ ചെയ്ത നിവേദനം താഴെ മൂന്നു ശ്ലോകംകൊണ്ട് പറയുന്നു.

ബ്രഹ്മോവാച = ബ്രഹ്മാവു പറഞ്ഞു.

21. ഭൂതഭാവന ഭൂതേശ ദേവദേവ ജഗന്മയ
മുഞ്ചൈനം ഹൃതസർവ്വസ്വം നായമർഹതി നിഗ്രഹം

| | | | |
|---|---|---|---|
| ഭൂതഭാവന | ചരാചരങ്ങളുടെ സ്രഷ്ടാവും രക്ഷിതാവുമായ പ്രഭോ! | ഹൃതസർവ്വസ്വം | ഉള്ളതെല്ലാം പിടിച്ചു പററിക്കഴിഞ്ഞ |
| | | ഏനം | ഇവനെ |
| | | മുഞ്ച | വിട്ടയച്ചാലും |
| ഭൂതേശ | ചരാചര ജഗന്നായക! | അയം | ഇവൻ |
| ദേവദേവ | ദേവാധിദേവ! | നിഗ്രഹം | ബന്ധനത്തെ |
| ജഗന്മയ | ജഗദാകാരമേ! | ന അർഹതി | അർഹിക്കുന്നില്ല. |

ബന്ധനാർഹനല്ലെന്നു പറയുവാനുള്ള കാരണം കാണിക്കുന്നു.

22. കൃത്സ്നാ തേऽനേന ദത്താ ഭൂർല്ലോകാഃ കർമ്മാർജ്ജിതാശ്ച യേ
നിവേദിതം ച സർവ്വസ്വമാത്മാവിക്ലവയാ ധിയാ

| | | | |
|---|---|---|---|
| കൃത്സ്നാഭൂ | മുഴുവൻ ഭൂമിയും | യേ | യാവചില |
| കർമ്മാർജ്ജിതാഃ | പുണ്യകർമ്മങ്ങളിലൂടെ നേടിയ | ലോകാഃ ച തേ | ലോകങ്ങളുണ്ടോ, അവയും അങ്ങേയ്ക്കു് |

| | | | |
|---|---|---|---|
| അനേന | ഇവനാൽ | ധിയാ | ബുദ്ധിയോടെ |
| ദത്താഃ | ദാനം ചെയ്യപ്പെട്ട; | ആത്മാ | ആത്മാവാകുന്ന |
| അവിക്ലബതയാ | വല്ലായ്മയില്ലാത്ത | സർവ്വസ്വം ച | സർവ്വസ്വത്തെ തന്നെയും |
| | | നിവേദിതം | അർപ്പിക്കപ്പെട്ട. |

**23.** **യത്പാദയോരശഠധീഃ സലിലം പ്രദായ**
**ദൂർവ്വാങ്കുരൈരപി വിധായ സതീം സപര്യാം**
**അപ്യുത്തമാം ഗതിമസൗ ഭജതേ ത്രിലോകീം**
**ദാശ്വാനവിക്ലബമനാഃ കഥമാർത്തിമൃച്ഛേത്**

| | | | |
|---|---|---|---|
| അശഠധീ | നിഷ്കന്മഷ ബുദ്ധിയോടുകൂടിയ ഒരുവൻ | ഗതിം അപി | സംസിദ്ധിയെപ്പോലും |
| യത്പാദയോഃ | യാതൊരു ഭവാന്റെ പാദങ്ങളിലാണോ | ഭജതേ | പ്രാപിക്കുന്നത്, |
| | | (തസ്മൈ തേ) | അങ്ങനെയുള്ള ഭവാന് |
| സലിലം | വെറും പാദ്യോദകത്തെ | അസൗ | ഈ ബലി |
| പ്രദായ | പ്രദാനം ചെയ്ത്, | അവിക്ലബമനാഃ | വല്ലായ്മ തെല്ലുമേയില്ലാത്ത മനസ്സോടെ |
| ദൂർവ്വാങ്കുരൈഃ അപി | കറുകനാമ്പുകൾ കൊണ്ടെങ്കിലും | ത്രിലോകീം | മൂന്നുലോകത്തെയും |
| | | ദാശ്വാൻ | നല്കിയല്ലോ– |
| സതീം | വിശിഷ്ടമായ | അസി | ഇവൻ |
| സപര്യാം | ആരാധനയെ | കഥം | എങ്ങനെയാണ് |
| വിധായ | അനുഷ്ഠിച്ച് | ആർത്തിം | പീഡയെ |
| ഉത്തമാം | പരമോന്നതമായ | ഋച്ഛേത് | അനുഭവിക്കുക ? |

ശ്രീ ഭഗവാനുവാച = ശ്രീ വാമന ഭഗവാൻ അരുളിച്ചെയ്തു.

**24.** **ബ്രഹ്മൻ യമനുഗൃഹ്ണാമി തദ്വിശോ വിധുനോമ്യഹം**
**യന്മദഃ പുരുഷഃ സ്തബ്ധോ ലോകം മാം ചാവമന്യതേ.**

| | | | |
|---|---|---|---|
| ബ്രഹ്മൻ | അല്ലയോ ബ്രഹ്മാവേ! | യന്മദഃ പുരുഷഃ | യാതൊന്നിനാൽ (സമ്പത്തിനാൽ) ലഹരിപിടിച്ചവൻ |
| അഹം | ഞാൻ | | |
| യം | യാതൊരാളെ | | |
| അനുഗൃഹ്ണാമി | അനുഗ്രഹിക്കുന്നുവോ, | സ്തബ്ധഃ | ദുർവിനീതനായിട്ട് |
| | | ലോകം | ലോകത്തെയും |
| തദ്വിശഃ | അവന്റെ സമ്പത്തിനെ | മാം ച | എന്നെയും |
| വിധുനോമി | ഇളക്കിമറിക്കുന്നതാണ്. | അവമന്യതേ | അവഹേളിക്കുന്നു. |

മദസ്തംഭങ്ങൾക്ക് ഹേതുവായി നിൽക്കുന്ന സമ്പത്തിനെ തകിടം മറിക്കുക എന്നതാണ് ഭഗവാന്റെ അനുഗ്രഹമെന്നർത്ഥം.

**25.** **യദാ കദാചിജ്ജീവാത്മാ സംസരന്നിജകർമ്മഭിഃ**
**നാനായോനിഷ്വനീശോഽയം പൗരുഷീം ഗതിമാവ്രജേത്**

| | | | |
|---|---|---|---|
| അയം ജീവാത്മാ | ഈ ജീവാത്മാവ് | സംസരൻ | ജനിച്ചും മരിച്ചും കറങ്ങിക്കൊണ്ടിരുന്ന് |
| നിജകർമ്മഭിഃ | തന്റെ പ്രാരാബ്ധകർമ്മങ്ങളാൽ | യദാ കദാചിത് | എപ്പോഴെങ്കിലും ഒരു സന്ദർഭത്തിൽ |
| അനീശഃ | അസ്വതന്ത്രനായിട്ട് | പൗരുഷീം ഗതിം | മനുഷ്യവർഗ്ഗത്തിൽ പുരുഷജന്മത്തെ |
| നാനായോനിഷു | വിവിധ യോനികളിൽ | ആവ്രജേത് | പ്രാപിച്ചെന്നുവരാം. |

**26.** **ജന്മകർമ്മവയോരൂപവിദ്യൈശ്വര്യധനാദിഭിഃ**
**യദ്യസ്യ ന ഭവേത് സ്തംഭസ്തത്രായം മദനുഗ്രഹഃ**

| | | | |
|---|---|---|---|
| തത്ര | അതിൽ (ആ പുരുഷജന്മത്തിൽ) | അസ്യ | ഈ ജീവന്ന് |
| | | സ്തംഭഃ | ദുർവിനീതത്വം (ഊററം) |
| ജന്മകർമ്മവയോരൂപവിദ്യൈശ്വര്യധനാദിഭിഃ | ഉന്നതകുലത്തിലുള്ള ജനനം, മികവുള്ള പ്രവൃത്തി, യുവാവസ്ഥ, ദേഹസൗന്ദര്യം, വിദ്യാഭ്യാസം, പ്രഭുത്വം, ധനം മുതലായവയാൽ | യദി ന ഭവേത് | വന്നുചേരുന്നില്ലെങ്കിൽ |
| | | അയം | ഇത് |
| | | മദനുഗ്രഹഃ | എന്റെ അനുഗ്രഹമാണ്. |

അപ്പോൾ ധ്രുവാദികൾക്ക് അർത്ഥസമ്പത്തു കൊടുത്തതെങ്ങനെ? ഈ ആശങ്കയെ പരിഹരിക്കുന്നു.

**27.** **മാനസ്തംഭനിമിത്താനാം ജന്മാദീനാം സമന്തതഃ**
**സർവ്വശ്രേയഃപ്രതീപാനാം ഹന്ത മുഹ്യേന്ന മത്പരഃ**

| | | | |
|---|---|---|---|
| മാനസ്തംഭനിമിത്താനാം | അഭിമാനമെന്ന ഊററത്തിന്നു ഹേതുവായുള്ളവയും | ജന്മാദീനാം സത്സ്വപി | ജന്മകർമ്മവയോരൂപാദികൾ നിലനിന്നാലുംകൂടി |
| സമന്തതഃ | എല്ലാ പ്രകാരത്തിലും | മത്പരഃ | എന്നിൽ മനസ്സുറച്ചവൻ |
| സർവ്വശ്രേയഃപ്രതീപാനാം | എല്ലാ ശ്രേയസ്സുകൾക്കും വിഘാതങ്ങളായിട്ടുള്ളവയുമായ | ന മുഹ്യേത് | പതറുകയില്ല. |
| | | ഹന്ത | അല്ലാത്തവന്റെ സ്ഥിതിയാണ് കഷ്ടം! |

"എന്നാൽ ഈ മഹാബലി ഇപ്പോൾ എന്നിൽ മനസ്സുറപ്പിച്ച പരമഭാഗവതനായി ഭവിച്ചിരിക്കയാൽ മററുള്ളവർക്കു ലഭിക്കാത്തതുകൂടിയും ഞാൻ കൊടുക്കുന്നുണ്ട്" എന്നു പറവാൻ ഭാവിച്ച് മഹാബലിയുടെ മനഃശുദ്ധിയെ ഇനി മൂന്നു ശ്ലോകങ്ങൾകൊണ്ടു ഭഗവാൻ പ്രകീർത്തിക്കുന്നു.

28. ഏഷ ദാനവദൈത്യാനാമഗ്രണീഃ കീർത്തിവർദ്ധനഃ
അജൈഷീദജയാം മായാം സീദന്നപി ന മുഹ്യതി

| | | | |
|---|---|---|---|
| ദാനവ-ദൈത്യാനാം | ദനുവംശജന്മാരും ദിതിവംശജന്മാരും ആയ അസുരന്മാരുടെയെല്ലാം | ഏഷഃ | ഇവൻ |
| | | അജയാം | ജയിക്കാനാവാത്ത |
| | | മായാം | മായയെ |
| അഗ്രണീഃ | മുന്നണി നേതാവും | അജൈഷീത് | ജയിച്ചു; |
| കീർത്തിവർദ്ധനഃ | പ്രസിദ്ധിയാർജ്ജിച്ചവനുമായ | സീദൻ അപി | തളർന്നെങ്കിലുംകൂടി |
| | | നമുഹ്യതി | പതറുന്നില്ല. |

29. ക്ഷീണരിക്ഥശ്ച്യുതഃ സ്ഥാനാത് ക്ഷിപ്തോ ബദ്ധശ്ച ശത്രുഭിഃ
ജ്ഞാതിഭിശ്ച പരിത്യക്തോ യാതനാമനു യാപിതഃ

30. ഗുരുണാ ഭർത്സിതഃ ശപ്തോ ജഹൌ സത്യം ന സുവ്രതഃ
ഛലൈരുക്തോ മയാ ധർമ്മോ നായം ത്യജതി സത്യവാക്

| | | | |
|---|---|---|---|
| സുവ്രതഃ | ദൃഢവ്രതനായ | ഗുരുണാ | ആചാര്യനാൽ |
| അയം | ഈ മഹാബലി | ഭർത്സിതഃ | ശകാരിക്കപ്പെട്ട് |
| ക്ഷീണരിക്ഥഃ | നഷ്ടധനനായിട്ടും, | ശപ്തഃ | ശപിക്കപ്പെട്ടവനായിട്ടും |
| സ്ഥാനാത് | സ്ഥാനത്തിൽ നിന്നു് | സത്യം | സത്യത്തെ, |
| ച്യുതഃ | ഭ്രഷ്ടനായിട്ടും, | ന ജഹൌ | കൈവെടിഞ്ഞില്ല. |
| ശത്രുഭിഃ | ശത്രുക്കളാൽ | മയാ | എന്നാൽ |
| ക്ഷിപ്തഃ | ആക്ഷേപിക്കപ്പെട്ടവനും | ഛലൈഃ | കപടമാർഗ്ഗങ്ങളിലൂടെയാണ് |
| ബദ്ധഃ ച | തടവിലാക്കപ്പെട്ടവനുമായി ഭവിച്ചിട്ടും, | ധർമ്മഃ | ധർമ്മം (സദാചാരമുറ) |
| ജ്ഞാതിഭിഃ ച | സ്വജനങ്ങളാൽപ്പോലും | ഉക്തഃ | ഉദ്ബോധിപ്പിക്കപ്പെട്ടത്, |
| പരിത്യക്തഃ | ഉപേക്ഷിക്കപ്പെട്ടവനായിട്ടും, | സത്യവാക് | (എങ്കിലും) ഈ സത്യവാദി |
| അനു | തുടർന്ന് ഇത്രയും | | |
| യാതനാം | തീവ്രസങ്കടത്തിലേക്ക് | നത്യജതി | (ധർമ്മത്തെയും) കൈവിടുന്നില്ല. |
| യാപിതഃ | അണയ്ക്കപ്പെട്ടവനായിട്ടും, | | |

''ന ഹ്യേതസ്മിൻ കുലേ കശ്ചിന്നിഃ സത്ത്വഃ കൃപണഃ പുമാൻ'' (അ. 21-ശ്ലോകം 3) ഇത്യാദി വ്യാജസ്തുതികളിലൂടെ ഭഗവാൻ ചെയ്ത ധർമ്മോദ്ബോധനം ഉള്ളിലുള്ളതിനെ മറച്ചുവെച്ചായിരുന്നു. എങ്കിലും മഹാബലി ധർമ്മത്തിൽനിന്നു് വ്യതിചലിക്കാത്തതുകൊണ്ട് അദ്ദേഹം സത്യവാദി തന്നെയാണെന്ന് താല്പര്യം.

31. ഏഷ മേ പ്രാപിതഃ സ്ഥാനം ദുഷ്പ്രാപമമരൈരപി
സാവർണ്ണേരന്തരസ്യായം ഭവിതേന്ദ്രോ മദാശ്രയഃ

| | | | |
|---|---|---|---|
| ഏഷഃ | ഇവൻ (മഹാബലി) | അയം | ഇവൻ |
| അമരൈഃ അപി | ദേവന്മാരാൽപ്പോലും | മദാശ്രയഃ | ഞാനാവുന്ന രക്ഷകനോടു കൂടിയവനായിട്ട് |
| ദുഷ്പ്രാപം | അപ്രാപ്യമായ | സാവർണ്ണേഃ അന്തരസ്യ | സാവർണ്ണിമന്വന്തരത്തിലെ |
| സ്ഥാനം | സ്ഥലത്തേക്ക് | | |
| മേ | എന്നാൽ | ഇന്ദ്രഃ | ഇന്ദ്രനായി |
| പ്രാപിതഃ | എത്തിക്കപ്പെട്ടിരിക്കുന്നു. | ഭവിതാ | ഭവിക്കുന്നതാണ്. |

മഹാബലിക്ക ഭഗവാൻ നിശ്ചയിച്ചിട്ടുള്ള സ്ഥലം ഏതെന്ന് ഇനി വ്യക്തമാക്കുന്നു.

**32.** **താവത് സുതലമധ്യാസ്താം വിശ്വകർമ്മവിനിർമ്മിതം**
**യന്നാധയോ വ്യാധയശ്ച ക്ലമസ്തന്ദ്രാ പരാഭവഃ**
**നോപസർഗാ നിവസതാം സംഭവന്തി മമേക്ഷയാ**

| | | | |
|---|---|---|---|
| താവത് | അതുവരെക്കും | ഈക്ഷയാ | നിരീക്ഷണത്താൽ |
| വിശ്വകർമ്മ-വിനിർമ്മിതം | വിശ്വകർമ്മാവിനാൽ നല്ലനിലയിൽ നിർമ്മിക്കപ്പെട്ടിരിക്കുന്ന | ആധയഃ | ആധികളും |
| | | വ്യാധയഃ ച | വ്യാധികളും |
| | | നസംഭവന്തി | ഉണ്ടാകുന്നതല്ല. |
| സുതലം | സുതലലോകത്തെ | ക്ലമഃ | തളർച്ചയും. |
| അധ്യാസ്താം | അധിവസിച്ചുകൊള്ളട്ടെ | തന്ദ്രാ | ഉൽസാഹക്കുറവും, |
| യത് | യാതൊരിടത്തു | പരാഭവഃ | തോൽവിയും, |
| നിവസതാം | നിവസിക്കുന്നവർക്ക് | ഉപസർഗ്ഗാഃ | നാനാശല്യങ്ങളും |
| മമ | എന്റെ | ന | ഇല്ല |

ബ്രഹ്മാവിനോടായി ഇത്രയും പറഞ്ഞതിൽപ്പിന്നെ ഭഗവാൻ കരുണാപരവശനായിട്ടു മഹാബലിയോടുതന്നെ പറഞ്ഞത് ഇനി നാലു ശ്ലോകങ്ങൾകൊണ്ടു കാണിക്കുന്നു.

**33.** **ഇന്ദ്രസേന മഹാരാജ യാഹി ഭോ ഭദ്രമസ്തു തേ**
**സുതലം സ്വർഗിഭിഃ പ്രാർത്ഥ്യം ജ്ഞാതിഭിഃ പരിവാരിതഃ**

| | | | |
|---|---|---|---|
| ഭോഃ ഇന്ദ്രസേന | അല്ലയോ ഇന്ദ്രസേന! | പ്രാർത്ഥ്യം | ആഗ്രഹിക്കപ്പെടാവുന്ന |
| മഹാരാജ | മഹാരാജാവേ! | സുതലം | സുതലത്തിലേക്ക് |
| തേ | അങ്ങയ്ക്ക് | ജ്ഞാതിഭിഃ | ബന്ധുജനങ്ങളാൽ |
| ഭദ്രം അസ്തു | നല്ലതു വരട്ടേ! | പരിവാരിതഃ | പരിവൃതനായിട്ട് |
| സ്വർഗിഭിഃ | സ്വർഗ്ഗവാസികളാൽപ്പോലും | യാഹി | യാത്രയായാലും! |

**34.** **ന ത്വാമഭിഭവിഷ്യന്തി ലോകേശാഃ കിമുതാപരേ**
**ത്വച്ഛാസനാതിഗാൻ ദൈത്യാംശ്ചക്രം മേ സൂദയിഷ്യതി.**

| | | | |
|---|---|---|---|
| ലോകേശഃ | ഇന്ദ്രാദിലോകപാലന്മാർ പോലും | കിമുത | പിന്നെപറയേണ്ടതുണ്ടോ? |
| ത്വാം | അങ്ങയെ | ത്വച്ഛാസനാതിഗാൻ | അങ്ങയുടെ ആജ്ഞയെ അതിലംഘിക്കുന്ന |
| ന അഭിഭവിഷ്യന്തി | ഇനി അനാദരിക്കുന്നതല്ല; | ദൈത്യാൻ | അസുരന്മാരെ |
| | | മേ ചക്രം | എന്റെ ചക്രായുധം |
| അപരേ | മററുള്ളവർ | സൂദയിഷ്യതി | അരിഞ്ഞുതള്ളും |

എങ്കിലും, ആ സുതലത്തിൽ ഭഗവദ്ദർശനമില്ലാതെ വസിക്കുവാൻ തനിക്കാകയില്ലെന്നു ഭാവിക്കുന്ന ബലിയെ ഭഗവാൻ ഈവിധം പറഞ്ഞാശ്വസിപ്പിക്കുന്നു.

35. **രക്ഷിഷ്യേ സർവതോഽഹം ത്വാം സാനുഗം സപരിച്ഛദം**
**സദാ സന്നിഹിതം വീര തത്ര മാം ദ്രക്ഷ്യതേ ഭവാൻ**

| | | | |
|---|---|---|---|
| സാനുഗം | അനുഗാമികളോടും | തത്ര | അവിടെ |
| സപരിച്ഛദം | അകമ്പടികളോടും കൂടിയ | സദാ | എല്ലായ്പ്പോഴും |
| ത്വാം അഹം | അങ്ങയെ, ഞാൻ | മാം | എന്നെ |
| സർവതഃ | എല്ലാ അപായങ്ങളിൽ നിന്നും | സന്നിഹിതം | സമീപസ്ഥനായിട്ടു് |
| രക്ഷിഷ്യേ | രക്ഷിച്ചുകൊള്ളാം | ഭവാൻ | താങ്കൾ |
| വീര | ഹേ വീരപുരുഷ! | ദ്രക്ഷ്യതേ | കണ്ടുകൊള്ളും |

36. **തത്ര ദാനവദൈത്യാനാം സങ്ഗാത് തേ ഭാവ ആസുരഃ**
**ദൃഷ്ട്വാ മദനുഭാവം വൈ സദ്യഃ കുണ്ഠോ വിനങ്ക്ഷ്യതി**

| | | | |
|---|---|---|---|
| ദാനവദൈത്യാനാം | ദനുജരും ദിതിജരുമായ അസുരന്മാരുടെ | തത്ര | അവിടെവെച്ചു് |
| | | മദനുഭാവം | എന്റെ പ്രഭാവത്തെ |
| സങ്ഗാത് | സമ്പർക്കം കൊണ്ടുണ്ടായ | ദൃഷ്ട്വാവൈ | കണ്ടിട്ടുതന്നെ |
| തേ | അങ്ങയുടെ | സദ്യഃ | ഉടനടി |
| ആസുരഃ | അസുരസഹജമായ | കുണ്ഠഃ | ശിഥിലമായി |
| ഭാവഃ | മനോഭാവം | വിനങ്ക്ഷ്യതി | നശിച്ചേക്കും. |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ അഷ്ടമസ്കന്ധേ
ബലിവാമനസംവാദോ നാമ
ദ്വാവിംശോഽധ്യായഃ
ആദിതഃ ശ്ലോകാഃ 839

അഷ്ടമസ്കന്ധത്തിലെ ഇരുപത്തിരണ്ടാമധ്യായം കഴിഞ്ഞു.

# ത്രയോവിംശോഽധ്യായഃ—അധ്യായം ഇരുപത്തിമൂന്ന്

## ബലിയുടെ സുതലലോകഗമനവും, വാമനന്റെ ഉപേന്ദ്രപദാരോഹണവും

''ത്രയോവിംശേ ബലൗ യാതേ സുതലം സപിതാമഹേ
ഉപേന്ദ്രേണ ദിവം ഗത്വാ പൂർവ്വവന്മോദതേ ഹരിഃ''

മഹാബലി തന്റെ പിതാമഹനായ പ്രഹ്ളാദനോടുകൂടെ സുതലത്തിലേക്ക പോയതിൽപ്പിന്നെ ദേവേന്ദ്രൻ സ്വർഗ്ഗത്തിലേക്ക തിരിച്ച്, ഉപേന്ദ്രനോടുകൂടെ യഥാപൂർവ്വം സുഖമായി വസിച്ച വൃത്താന്തം ഈ ഇരുപത്തിമൂന്നാമധ്യായംകൊണ്ട പറയുന്നു.

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു.

1. **ഇത്യുക്തവന്തം പുരുഷം പുരാതനം**
**മഹാനുഭാവോഽഖിലസാധുസമ്മതഃ**
**ബദ്ധാഞ്ജലിർ ബാഷ്പകലാകുലേക്ഷണോ**
**ഭക്ത്യുദ്ഗലോ ഗദ്ഗദയാ ഗിരാബ്രവീത്.**

| | | | |
|---|---|---|---|
| ഇതി | ഇപ്രകാരം | ബാഷ്പകലാകുലേക്ഷണഃ | കണ്ണീർക്കണങ്ങളാൽ കലങ്ങിയ കണ്ണിണയോടു കൂടിയവനായും |
| ഉക്തവന്തം | അരുളിച്ചെയ്ത | ഭക്ത്യുദ്ഗലഃ | ഭക്തികൊണ്ട് ഉൽക്കണ്ഠനായും ഭവിച്ച് |
| പുരാതനം പുരുഷം | പുരാണപുരുഷനായ വാമനമൂർത്തിയോട് | ഗദ്ഗദയാ | ഇടറിപ്പുറപ്പെടുന്ന |
| അഖില സാധു-സമ്മതഃ | സകലസജ്ജനങ്ങളാലും സമാദൃതനായി | ഗിരാ | വാക്കിനാൽ |
| മഹാനുഭാവഃ | മഹാപ്രഭാവമെഴുന്ന മഹാബലി | അബ്രവീത് | ഇങ്ങനെ പറഞ്ഞു. |
| ബദ്ധാഞ്ജലിഃ | കൈക്കൂപ്പിത്തൊഴുതുകൊണ്ട് | | |

ബലിരുവാച = മഹാബലി പറഞ്ഞു.

2. **അഹോ പ്രണാമായ കൃതഃ സമുദ്യമഃ**
**പ്രപന്നഭക്താർത്ഥവിധൗ സമാഹിതഃ**
**യല്ലോകപാലൈസ്ത്വദനുഗ്രഹോഽമരൈ-**
**രലബ്ധപൂർവോഽപസദേഽസുരേഽർപ്പിതഃ**

| | | | |
|---|---|---|---|
| പ്രണാമായ | നമസ്കരിക്കുവാൻവേണ്ടി | പ്രപന്നഭക്താർത്ഥവിധൗ | ശരണാഗതന്മാരായ ഭക്തന്മാരുടെ കാര്യങ്ങളെ നിറവേറ്റുന്നതിൽ |
| കൃതഃ | ചെയ്യപ്പെട്ട | | |
| സമുദ്യമഃ | ഉദ്യമംപോലും | | |

| | | | |
|---|---|---|---|
| സമാഹിതഃ | (അടക്കംതന്മാരുടേതിലും, കൂടി) ജാഗരൂകമായി വർത്തിക്കുന്നു. | അലബ്ധ–പൂർവ്വഃ | മുമ്പൊരുകാലത്തും ലഭിക്കപ്പെട്ടിട്ടില്ലാത്ത |
| | | ത്വദനുഗ്രഹഃ | നിന്തിരുവടിയുടെ കൃപാകടാക്ഷം |
| യത് | എന്തെന്നാൽ | അപസദേ | അധമനായ |
| ലോകപാലൈഃ | ഇന്ദ്രാദിലോകപാലന്മാരായ | അസുരേ | ഈ അസുരനിൽ |
| | | അർപ്പിതഃ | അർപ്പിക്കപ്പെട്ടുവല്ലോ |
| അമരൈഃ | ദേവന്മാരാൽക്കൂടി | അഹോ | അതിശയം തന്നെ |

''ഞാൻ അവശനായിട്ട് മൂന്നു ലോകവും അവിടുത്തേക്ക് അടിയറ വച്ചത് കണക്കാക്കേണ്ടതില്ല. ഇപ്പോഴും അവിടുത്തെ തൃക്കാൽക്കൽ ഒന്നു വീണുവണങ്ങുവാൻ ഉദ്യമിച്ചപ്പോഴേക്കും അനന്യസുലഭമായ അനുഗ്രഹമാണ് നിന്തിരുവടി അധമനായ എന്നിൽ ചൊരിഞ്ഞത്. ആ നിലയ്ക്കു ഭവൽപ്രണാമത്തിന്റെ മഹിമ അതിശയം തന്നെ'' ഇതാണ് ഇവിടെ വിവക്ഷിതം.

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു.

3. **ഇത്യുക്ത്വാ ഹരിമാനമ്യ ബ്രഹ്മാണം സഭവം തതഃ**
**വിവേശ സുതലം പ്രീതോ ബലിർമുക്തഃ സഹാസുരൈഃ**

| | | | |
|---|---|---|---|
| ഇതി | ഇപ്രകാരം | ബ്രഹ്മാണം | ബ്രഹ്മദേവനെയും |
| ഉക്ത്വാ | പറഞ്ഞതിൽപ്പിന്നെ | ആനമ്യ | നമസ്കരിച്ച് |
| മുക്തഃ | ബന്ധനത്തിൽ നിന്നു വിമുക്തനായി ഭവിച്ച | പ്രീതഃ | സന്തുഷ്ടനായി |
| | | അസുരൈഃ | അസുരന്മാരോട് |
| ബലിഃ | മഹാബലി | സഹ | ഒരുമിച്ച് |
| ഹരിം | ശ്രീഹരിയെയും | തതഃ | അവിടെനിന്നും |
| സഭവം | ശിവനോടുകൂടെ നിന്നരുളുന്ന | സുതലം | സുതലലോകത്തേക്ക |
| | | വിവേശ | ചെന്നുചേർന്നു. |

4. **ഏവമിന്ദ്രായ ഭഗവാൻ പ്രത്യാനീയ ത്രിവിഷ്ടപം**
**പൂരയിത്വാദിതേഃ കാമമശാസത് സകലം ജഗത്.**

| | | | |
|---|---|---|---|
| ഏവം | ഇങ്ങനെ | കാമം | ആഗ്രഹത്തെ |
| ഭഗവാൻ | വിഷ്ണു ഭഗവാൻ | പൂരയിത്വാ | നിറവേററി, |
| ഇന്ദ്രായ | ദേവേന്ദ്രന് | സകലം | എല്ലാ |
| ത്രിവിഷ്ടപം | സ്വർഗ്ഗലോകത്തെ | ജഗത് | ലോകത്തെയും |
| പ്രത്യാനീയ | വീണ്ടെടുത്തുകൊടുത്ത് | അശാസത് | (ഉപേന്ദ്രനായിട്ടിരുന്ന്) കാത്തുരക്ഷിച്ചു |
| അദിതേഃ | അദിതിയുടെ | | |

5. **ലബ്ധപ്രസാദം നിർമ്മുക്തം പൌത്രം വംശധരം ബലിം**
**നിശാമ്യ ഭക്തിപ്രവണഃ പ്രഹ്ലാദ ഇദമബ്രവീത്.**

| | | | |
|---|---|---|---|
| വംശധരം | വംശത്തിന്നു താങ്ങായിട്ടുള്ള | നിശാമ്യ | കണ്ട് |
| പൌത്രം | പൌത്രനായ | ഭക്തിപ്രവണഃ | ഭക്തിവിനമ്രനായി ഭവിച്ച |
| ബലിം | ബലിയെ | പ്രഹ്ലാദഃ | പ്രഹ്ലാദൻ |
| നിർമ്മുക്തം | ബന്ധനമുക്തനായും | ഇദം | ഈവിധം |
| ലബ്ധപ്രസാദം | ഭഗവൽ പ്രസാദം സിദ്ധിച്ചവനായും | അബ്രവീത് | പറഞ്ഞു. |

പ്രഹ്ലാദ ഉവാച = പ്രഹ്ലാദൻ പറഞ്ഞു.

6. **നേമം വിരിഞ്ചോ ലഭതേ പ്രസാദം**
**ന ശ്രീർന ശർവഃ കിമുതാപരേ തേ**
**യന്നോഽസുരാണാമസി ദുർഗ്ഗപാലോ**
**വിശ്വാഭിവന്ദ്യൈരപി വന്ദിതാംഘ്രിഃ**

| | | | |
|---|---|---|---|
| തേ | നിന്തിരുവടിയുടെ | യത് | എന്തെന്നാൽ |
| ഇമം | ഇമ്മാതിരിയുള്ള | വിശ്വാഭിവന്ദ്യൈഃ അപി | സകലലോക വന്ദ്യന്മാരായിട്ടുള്ളവരാൽപ്പോലും |
| പ്രസാദം | അനുഗ്രഹം | | |
| വിരിഞ്ചഃ | ബ്രഹ്മദേവൻപോലും | വന്ദിതാംഘ്രിഃ | വന്ദിക്കപ്പെട്ട പാദപദ്മത്തോടുകൂടിയ നിന്തിരുവടി |
| നലഭതേ | നേടുന്നതല്ല; | | |
| ശ്രീഃ ന | ലക്ഷ്മീദേവിയും നേടുന്നതല്ല; | അസുരാണാം | അസുരന്മാരായ |
| ശർവഃ ന | ശ്രീരുദ്രനും നേടുന്നതല്ല. | നഃ | ഞങ്ങളുടെ |
| അപരേ | മററുള്ളവർ | ദുർഗ്ഗപാലഃ | കോട്ടകാവൽക്കാരനായി |
| കിമുത | പിന്നെയുണ്ടോ? | അസി | ഭവിച്ചിരിക്കുന്നു. |

"രക്ഷിഷ്യേ സർവ്വതോഽഹം ത്വാം സാനുഗം സപരിച്ഛദം" എന്നിങ്ങനെ മഹാബലിയോടു ഭഗവാൻ അരുളിച്ചെയ്തതിനെ പ്രഹ്ലാദൻ കൃതജ്ഞതാപൂർവ്വം ഇവിടെ അനുസ്മരിച്ചിരിക്കുന്നു.

7 **യത്പാദപദ്മമകരന്ദനിഷേവണേന**
**ബ്രഹ്മാദയഃ ശരണദാപ്നുവതേ വിഭൂതീഃ**
**കസ്മാദ്വയം കുസൃതയഃ ഖലയോനയസ്തേ**
**ദാക്ഷിണ്യദൃഷ്ടിപദവീം ഭവതഃ പ്രണീതാഃ**

| | | | |
|---|---|---|---|
| ശരണദ | ഹേ ആശ്രയദാതാകേ | ദാക്ഷിണ്യ- ദൃഷ്ടിപദവീം | ഔദാര്യയുക്തമായ വീക്ഷണത്തിന്നു വിഷയീഭവിക്കുക എന്ന നിലയിലേക്ക് |
| യത്പാദ- പദ്മമകരന്ദ- നിഷേവണേന | യാതൊരാളുടെ പാദകമലത്തിലെഴുന്ന പൂന്തേൻ നുകരുകയാൽ | | |
| ബ്രഹ്മാദയഃ | ബ്രഹ്മാദിദേവന്മാർ | കസ്മതയഃ | ദുർവൃത്തന്മാരും |
| വിഭൂതീഃ | അഷ്ടൈശ്വര്യസിദ്ധികളെ | ഖലദയാനയഃ | നിഷ്ഠുരജാതികളുമായ |
| | | തേ വയം | ആ ഞങ്ങൾ |
| ആപ്നുവതേ | അനുഭവിച്ചുവരുന്നുവോ, | കസ്മാത് | എന്തുകൊണ്ട് |
| (തസ്യ) ഭവതഃ | ആ നിന്തിരുവടിയുടെ | പ്രണീതാഃ | ചേർക്കപ്പെട്ടവരായി? |

8. ചിത്രം തവേഹിതമഹോഽമിതയോഗമായാ-
ലീലാവിസൃഷ്ടഭുവനസ്യ വിശാരദസ്യ
സർവാത്മനഃ സമദൃശോ വിഷമഃ സ്വഭാവോ
ഭക്തപ്രിയോ യദസി കല്പതരുസ്വഭാവഃ

| | | | |
|---|---|---|---|
| അമിതയോ- ഗമായാലീ- ലാവിസൃഷ്ട ഭുവനസ്യ | അനിർവചനീയമായ യോഗമായയുടെ വിളയാട്ടത്താൽ വിരചിക്കപ്പെട്ട ഭുവനങ്ങളോടു കൂടിയവനും | ചിത്രം | അദ്ഭുതകരമത്രേ. |
| | | അഹോ | ആശ്ചര്യം! |
| | | യദ് | എന്തെന്നാൽ |
| | | (ത്വം) | നിന്തിരുവടി |
| വിശാരദസ്യ | സർവജ്ഞനും | കല്പതരു- സ്വഭാവഃ | കല്പവൃക്ഷത്തിന്റെ സ്വഭാവത്തിന്നൊത്ത സ്വഭാവത്തോടു കൂടിയവനായിട്ട് |
| സർവാത്മനഃ | സർവാന്തര്യാമിയും | | |
| സമദൃശഃ | സമദർശിയുമായ | | |
| തവ | നിന്തിരുവടിയുടെ | | |
| സ്വഭാവഃ | സ്വഭാവം | ഭക്തപ്രിയഃ | ഭക്തന്മാരിൽ പ്രീതിയുള്ളവനായി |
| വിഷമഃ | വിലക്ഷണമത്രേ; | | |
| ഈഹിതം | ചേഷ്ടിതം | അസി | വർത്തിക്കുന്നു. |

കല്പവൃക്ഷം അർത്ഥികനു മാത്രമേ പ്രാർത്ഥിതദ്രവ്യം കൊടുക്കുന്നുള്ളു. എങ്കിലും അതിന്ന് സ്വഭാവവൈഷമ്യമില്ല. അതുപോലെ ഭഗവാൻ ഭക്തപ്രീതികരനായിരിക്കുന്നതു പക്ഷപാതപരമായ സ്വഭാവവൈഷമ്യംകൊണ്ടല്ലെന്നു സാരം.

ശ്രീ ഭഗവാനുവാച = ഭഗവാൻ അരുളിച്ചെയ്തു.

9. വത്സ പ്രഹ്ലാദ ഭദ്രം തേ പ്രയാഹി സുതലാലയം
മോദമാനഃ സ്വപൗത്രേണ ജ്ഞാതീനാം സുഖമാവഹ

| | |
|---|---|
| വത്സ | മകനേ |
| പ്രഹ്ളാദ | പ്രഹ്ളാദ! |
| തേ ഭദ്രം | നിനക്കു മംഗളം. |
| സുതലാലയം | സുതലലോകത്തേക്കു |
| പ്രയാഹി | പോകൂ |
| സ്വപൗത്രേണ | സ്വന്തം പേരമകനോടു കൂടെ |
| മോദമാനഃ | സന്തോഷിച്ചുകൊണ്ടിരുന്നു |
| ജ്ഞാതീനാം | ഉററവർക്കെല്ലാം |
| സുഖം ആവഹ | സൗഖ്യമേകൂ. |

10 നിത്യം ദ്രഷ്ടാസി മാം തത്ര ഗദാപാണിമവസ്ഥിതം
മദ്ദർശനമഹാഹ്ലാദധ്വസ്തകർമ്മനിബന്ധനഃ

| | |
|---|---|
| തത്ര മാം | അവിടെ എന്നെ |
| നിത്യം | നിത്യവും |
| ഗദാപാണിം | ഗദാപാണിയായി |
| അവസ്ഥിതം | നിൽക്കുന്നത് |
| ദ്രഷ്ടാസി | നീ കാണുന്നതാണ്. |
| മദ്ദർശന- മഹാഹ്ലാദ- ധ്വസ്തകർമ്മ- നിബന്ധനഃ | എന്റെ ദർശനംകൊണ്ടുണ്ടായ ആനന്ദാഹ്ലാദത്തിനാൽ ധ്വംസിക്കപ്പെട്ട കർമ്മബന്ധത്തോടു കൂടിയവനായും ഭവിക്കും. |

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു.

11. ആജ്ഞാം ഭഗവതോ രാജൻ പ്രഹ്ളാദോ ബലിനാ സഹ
ബാഢമിത്യമലപ്രജ്ഞോ മൂർധ്ന്യാധായ കൃതാഞ്ജലിഃ

12. പരിക്രമ്യാദിപുരുഷം സർവ്വാസുരചമൂപതിഃ
പ്രണതസ്തദനുജ്ഞാതഃ പ്രവിവേശ മഹാബിലം.

| | |
|---|---|
| രാജൻ | രാജാവേ! |
| അമലപ്രജ്ഞഃ | നിർമ്മല ബുദ്ധിയോടു കൂടിയവനും |
| സർവ്വാസുര- ചമൂപതിഃ | അസുരസൈന്യങ്ങളുടെയെല്ലാം അധിപതിയുമായ |
| പ്രഹ്ളാദഃ | പ്രഹ്ളാദൻ |
| ഭഗവതഃ | ഭഗവാന്റെ |
| ആജ്ഞാം | ഉത്തരവിനെ |
| ബാഢം ഇതി | 'അങ്ങനെയാകാം' എന്നു സമ്മതിച്ചു |
| മൂർധ്നി | ശിരസ്സാലേ |
| ആധായ | ഏറെറടുത്ത്, |
| കൃതാഞ്ജലിഃ | കൈകൂപ്പിക്കൊണ്ട് |
| ആദിപുരുഷം | ആദിനാരായണസ്വാമിയെ |
| പരിക്രമ്യ | പ്രദക്ഷിണംവെച്ച് |
| പ്രണതഃ | നമസ്കരിച്ച്, |
| തദനുജ്ഞാതഃ | തന്തിരുവടിയാൽ അനുവദിക്കപ്പെട്ടവനായിട്ട് |
| ബലിനാ | മഹാബലിയോടു |
| സഹ | കൂടി |
| മഹാബിലം | സുതലലോകത്തേക്ക് |
| പ്രവിവേശ | എത്തിച്ചേർന്നു. |

13. അഥാഹോശനസം രാജൻ ഹരിർനാരായണോഽന്തികേ
ആസീനമൃത്വിജാം മധ്യേ സദസി ബ്രഹ്മവാദിനാം.

| | |
|---|---|
| രാജൻ | രാജാവേ! |
| അഥ | അനന്തരം, |
| നാരായണഃ | സാക്ഷാൽ ശ്രീനാരായണനായ |
| ഹരിഃ | വാമനൻ |
| ബ്രഹ്മവാദിനാം | വേദവാദികളായ |
| ഋത്വിജാം | ഋത്വിക്കുകളുടെ |
| സദസി | സദസ്സിൽ |
| മധ്യേ | മധ്യത്തിലായി |
| അന്തികേ | തൻസമീപത്തിൽ |
| ആസീനം | ഇരിക്കുന്ന |
| ഉശനസം | ശുക്രാചാര്യരോട് |
| ആഹ | പറഞ്ഞു. |

**14. ബ്രഹ്മൻ സന്തനു ശിഷ്യസ്യ കർമ്മച്ഛിദ്രം വിതന്വതഃ**
**യത്തത് കർമ്മസു വൈഷമ്യം ബ്രഹ്മദൃഷ്ടം സമം ഭവേത്.**

| | |
|---|---|
| ബ്രഹ്മൻ | ഹേ ബ്രാഹ്മണ! |
| കർമ്മ | യജ്ഞകർമ്മത്തെ |
| വിതന്വതഃ | വിസ്തരിച്ചുചെയ്തിരുന്ന |
| ശിഷ്യസ്യ | അങ്ങയുടെ ശിഷ്യന് (ബലിക്ക്) |
| യത് | യാതൊരു |
| ഛിദ്രം | വിടവ് (ന്യൂനത) സംഭവിച്ചുവോ, |
| തത് | അതിനെ |
| സന്തനു | നികത്തിയാലും |
| കർമ്മസു | കർമ്മങ്ങളിലുണ്ടായ |
| വൈഷമ്യം | ന്യൂനത |
| ബ്രഹ്മദൃഷ്ടം | ബ്രാഹ്മണരാൽ ദർശിക്കപ്പെട്ടതായാൽത്തന്നെ |
| സമം | അന്യൂനമായി |
| ഭവേത് | ഭവിക്കുന്നതാണ്. |

യജമാനനില്ലാതെ കർമ്മശുദ്ധി വരുത്തുന്നതെങ്ങനെയാണെന്ന് ആശങ്കിക്കരുത്. ബ്രഹ്മജ്ഞന്മാരുടെ വീക്ഷണം കൊണ്ടുതന്നെ കർമ്മശുദ്ധി വരുമെന്നിരിക്കെ, അവരുടെ അനുഷ്ഠാനം കൊണ്ടുവരാതിരിക്കുമോ? ആകയാൽ പ്രായശ്ചിത്താദി ചെയ്തു കർമ്മവൈകല്യം പരിഹരിച്ച്, യജ്ഞപരിസമാപ്തി വരുത്താൻ സാധിക്കാതെ പോയ മഹാബലിക്ക് ആ ദോഷം തട്ടാതിരിക്കാൻ വേണ്ടതു ചെയ്യണമെന്നാണ് ഭഗവാൻ ശുക്രാചാര്യരെ ഉദ്ബോധിപ്പിച്ചത്.

ശുക്ര ഉവാച = ശുക്രാചാര്യൻ പറഞ്ഞു —

**15. കുതസ്തത് കർമ്മവൈഷമ്യം യസ്യ കർമ്മേശ്വരോ ഭവാൻ**
**യജ്ഞേശോ യജ്ഞപുരുഷഃ സർവ്വഭാവേന പൂജിതഃ**

| | |
|---|---|
| കർമ്മേശ്വരഃ | കർമ്മപ്രവർത്തനം |
| യജ്ഞേശഃ | യജ്ഞഫലദാതാവും |
| യജ്ഞപുരുഷഃ | യജ്ഞമൂർത്തിയുമായ |
| ഭവാൻ | നിന്തിരുവടി |
| യസ്യ | യാതൊരുവന്റെ കർമ്മത്തിൽ |
| സർവ്വഭാവേന | സർവ്വസ്വസമർപ്പണ ബുദ്ധിയോടെ |
| പൂജിതഃ | ആരാധിതനായിരുന്നുവോ, |
| തത് കർമ്മ-വൈഷമ്യം | ആ ബലിയുടെ കർമ്മത്തിൽ അസമത്വവൈകല്യം |
| കുതഃ | എങ്ങനെയുണ്ടാകും? |

**16.** **മന്ത്രതസ്തന്ത്രതശ്ഛിദ്രം ദേശകാലാർഹവസ്തുതഃ**
**സർവ്വം കരോതി നിശ്ഛിദ്രം നാമസങ്കീർത്തനം തവ**

- മന്ത്രതഃ — മന്ത്രത്തിലോ,
- തന്ത്രതഃ — തന്ത്രത്തിലോ,
- ദേശകാലാർഹവസ്തുതഃ — സ്ഥലം-സമയം-പാത്രം ഉപയുക്തങ്ങളാം എന്നിവയിലോ ഉണ്ടാകാവുന്ന
- സർവ്വം ഛിദ്രം — എല്ലാ ന്യൂനതയെയും
- തവ നാമസങ്കീർത്തനം — നിന്തിരുവടിയുടെ നാമോച്ചാരണം
- നിശ്ഛിദ്രം — അന്യൂനമാക്കി
- കരോതി — ചെയ്യുമല്ലൊ—

**17.** **തഥാപി വദതോ ഭൂമൻ കരിഷ്യാമ്യനുശാസനം**
**ഏതച്ഛ്രേയഃ പരം പുംസാം യത്തവാജ്ഞാനുപാലനം—**

- ഭൂമൻ — ഹേ അപരിച്ഛിന്നമൂർത്തേ !
- തഥാപി — എന്നിരിക്കിലും
- വദതഃ — കല്പിച്ചരുളുന്ന നിന്തിരുവടിയുടെ
- അനുശാസനം — കല്പനയെ
- കരിഷ്യാമി — നിർവഹിച്ചുകൊള്ളാം.
- തവ — നിന്തിരുവടിയുടെ
- ആജ്ഞാനുപാലനം — കല്പനയെ എന്നെന്നും നിർവഹിക്കുക എന്നത്
- യത് — യാതൊന്നോ,
- ഏതത് പരം — ഇതൊന്നുമാത്രമേ
- പുംസാം — ജനങ്ങൾക്ക്
- ശ്രേയഃ — ശ്രേയസ്സായിട്ടുള്ളു.

**18.** **അഭിനന്ദ്യ ഹരേരാജ്ഞാമുശനാ ഭഗവാനിതി**
**യജ്ഞച്ഛിദ്രം സമാധത്ത ബലേർവിപ്രർഷിഭിഃ സഹ—**

- ഭഗവാൻ — സർവ്വജ്ഞനായ
- ഉശനാഃ — ശുക്രമഹർഷി
- ഹരേഃ — വാമനഭഗവാന്റെ
- ആജ്ഞാം — ആദേശത്തെ
- ഇതി — ഇപ്രകാരം
- അഭിനന്ദ്യ — അഭിനന്ദിച്ചശേഷം
- വിപ്രർഷിഭിഃ സഹ — ബ്രാഹ്മണരോടും ഋഷിമാരോടും കൂടിച്ചേർന്ന്
- ബലേഃ — മഹാബലിയുടെ
- യജ്ഞച്ഛിദ്രം — യാഗത്തിനുണ്ടായ ന്യൂനതയെ
- സമാധത്ത — പരിഹരിച്ചു ശരിയാക്കി.

**19.** **ഏവം ബലേർമ്മഹീം രാജൻ ഭിക്ഷിത്വാ വാമനോഹരിഃ**
**ദദൌ ഭ്രാത്രേ മഹേന്ദ്രായ ത്രിദിവം യത് പരൈർഹൃതം**

- രാജൻ — രാജാവേ!
- ഏവം — ഇപ്രകാരം
- ഹരിഃ — ശ്രീമഹാവിഷ്ണു
- വാമനഃ — വാമനമൂർത്തിയായിട്ട്
- ബലേഃ — ബലിയുടെ അടുക്കൽനിന്ന്
- മഹീം — ഭൂമിയെ
- ഭിക്ഷിത്വാ — ഭിക്ഷ യാചിച്ച്
- പരൈഃ — ശത്രുക്കളാൽ
- ഹൃതം — തട്ടിയെടുക്കപ്പെട്ട
- യത് — യാതൊരു

| | | | |
|---|---|---|---|
| ത്രിദിവം | സ്വർഗ്ഗലോകത്തെ | മഹേന്ദ്രായ | ദേവേന്ദ്രന്ന് |
| ഭ്രാത്രേ | സഹോദരനായ | ദദൗ | കൊടുത്തു. |

20. പ്രജാപതിപതിർബ്ബ്രഹ്മാ ദേവർഷിപിതൃഭൂമിപൈഃ
ദക്ഷഭൃഗ്വംഗിരോമുഖ്യൈഃ കുമാരേണ ഭവേന ച

21. കശ്യപസ്യാദിതേഃ പ്രീത്യൈ സർവ്വഭൂതഭവായ ച
ലോകാനാം ലോകപാലാനാമകരോദ്വാമനം പതിം

| | | | |
|---|---|---|---|
| പ്രജാപതി-പതിഃബ്രഹ്മാ | പ്രജാപതികളുടെ അധിപതിയായ ബ്രഹ്മാവു് | അദിതേഃ | അദിതിദേവിയുടെയും |
| | | പ്രീത്യൈ | സംതൃപ്തിക്കുവേണ്ടിയും |
| ദേവർഷിപിതൃ-ഭൂമിപൈഃ | ദേവന്മാർ, പിതൃക്കൾ, മനുക്കൾ എന്നിവരോടും | സർവ്വഭൂത-ഭവായ ച | ജീവരാശികളുടെ യോഗക്ഷേമത്തിനുവേണ്ടിയും |
| ദക്ഷഭൃഗ്വംഗിരോമുഖ്യൈഃ | ദക്ഷൻ ഭൃഗു, അംഗിരസ്സ് എന്നിങ്ങനെയുള്ളവരോടും | ലോകാനാം | ലോകങ്ങളുടെയും |
| | | ലോക-പാലാനാം | ലോകങ്ങളുടെ പാലകന്മാരായവരുടെയും |
| കുമാരേണ | സനത്കുമാരനോടും | പതിം | പാലകനായിട്ട് |
| ഭവേന ച | ശ്രീരുദ്രനോടും കൂടി | വാമനം | വാമനനെ |
| കശ്യപസ്യ | കശ്യപപ്രജാപതിയുടെയും | അകരോത് | വാഴിച്ചു. |

ലോകങ്ങളുടെയും ലോകപാലന്മാരുടെയും പാലകനായിട്ട് ഇന്ദ്രനുണ്ടെന്നതു ശരിതന്നെ. എന്നിരുന്നാലും വേദങ്ങളുടെ ദേവഗണങ്ങളുടെയും മററും പ്രത്യേക പരിപാലനത്തിന് വാമനനെ ഉപേന്ദ്രനാക്കി വാഴിച്ചുവെന്ന് താഴെ എടുത്തുപറയുന്നു.

22. വേദാനാം സർവ്വദേവാനാം ധർമ്മസ്യ യശസഃ ശ്രിയഃ
മംഗലാനാം വ്രതാനാം ച കല്പം സ്വർഗ്ഗാപവർഗ്ഗയോഃ

23. ഉപേന്ദ്രം കല്പയാഞ്ചക്രേ പതിം സർവ്വവിഭൂതയേ
തദാ സർവ്വാണി ഭൂതാനി ഭൃശം മുമുദിരേ നൃപ.

| | | | |
|---|---|---|---|
| വേദാനാം | വേദങ്ങളുടെയും, | പതിം | രക്ഷിതാവെന്ന നിലയിൽ |
| സർവ്വദേവാനാം | സകലദേവന്മാരുടെയും, | | |
| ധർമ്മസ്യ | ധർമ്മത്തിന്റെയും, | കല്പം | സർവ്വസമർത്ഥനായ വാമനനെ |
| യശസഃ | കീർത്തിയുടെയും, | | |
| ശ്രിയഃ | സമ്പത്തിന്റെയും, | സർവ്വ-വിഭൂതയേ | സർവൈശ്വര്യസമൃദ്ധിക്കു വേണ്ടി |
| മംഗലാനാം | മംഗളങ്ങളുടെയും, | | |
| വ്രതാനാം | വ്രതങ്ങളുടെയും, | | |
| സ്വർഗ്ഗാപ-വർഗ്ഗയോഃ ച | സ്വർഗ്ഗത്തിന്റെയും, മോക്ഷത്തിന്റെയും | ഉപേന്ദ്രം | ഉപേന്ദ്രനായിട്ട് |
| | | കല്പയാഞ്ചക്രേ | വാഴിച്ചു. |

| | | | |
|---|---|---|---|
| നൃപ | രാജാവേ! | ഭൂതാനി | ജീവജാലങ്ങളും |
| തദാ | അന്നേരത്തു് | ഭൃശം | അത്യന്തം |
| സർവാണി | സകലങ്ങളായ | മുമുദിരേ | ആനന്ദിതരായി |

**24. തതസ്ത്വിന്ദ്രഃ പുരസ്കൃത്യ ദേവയാനേന വാമനം**
**ലോകപാലൈർദിവം നിന്യേ ബ്രഹ്മണാ ചാനുമോദിതഃ**

| | | | |
|---|---|---|---|
| തത | അനന്തരം | പുരസ്കൃത്യ | മുന്നിലാക്കി, |
| ബ്രഹ്മണാച | ബ്രഹ്മാവിനാൽ വിശേഷിച്ചും | ലോകപാലൈഃ | ലോകപാലന്മാരോടുകൂടെ |
| അനുമോദിതഃ | അനുമോദിതനായ | ദേവയാനേന | ദേവയാനമാർഗ്ഗത്തിലൂടെ |
| ഇന്ദ്രഃ തു | ദേവേന്ദ്രനാകട്ടെ | ദിവം | ദേവലോകത്തിലേക്കു് |
| വാമനം | വാമനനെ | നിന്യേ | കൊണ്ടുപോയി. |

**25. പ്രാപ്യ ത്രിഭുവനം ചേന്ദ്ര ഉപേന്ദ്ര ഭുജപാലിതഃ**
**ശ്രിയാ പരമയാ ജുഷ്ടോ മുമുദേ ഗതസാധ്വസഃ**

| | | | |
|---|---|---|---|
| ഇന്ദ്രഃ | ദേവേന്ദ്രൻ | പരമയാ | അങ്ങേഅററത്തെ |
| ത്രിഭുവനം | മൂന്നു ലോകത്തെയും | ശ്രിയാ | ഐശ്വര്യത്തോടു് |
| പ്രാപ്യ | കൈപ്പററിയതിനുശേഷം | ജുഷ്ടഃ | ഒത്തുചേർന്നുകൊണ്ടു് |
| ഉപേന്ദ്രഭുജപാലിതഃ ച | ഉപേന്ദ്രപദാഭിധനായ വാമനന്റെ ഹസ്താവലംബത്താൽ സുരക്ഷിതനുമായിട്ടു് | ഗതസാധ്വസഃ | നിർഭയനായി |
| | | മുമുദേ | ഉല്ലസിച്ചു. |

**26. ബ്രഹ്മാ ശർവഃ കുമാരശ്ച ഭൃഗ്വാദ്യാ മുനയോ നൃപ**
**പിതരഃ സർവ്വഭൂതാനി സിദ്ധാ വൈമാനികാശ്ച യേ**

**27. സുമഹത് കർമ്മ തദ്വിഷ്ണോർഗായന്തഃ പരമാദ്ഭുതം**
**ധിഷ്ണ്യാനി സ്വാനി തേ ജഗ്മുരദിതിം ച പ്രശംസിരേ.**

| | | | |
|---|---|---|---|
| നൃപ | പരീക്ഷിത്ത് രാജാവേ! | പിതരഃ | പിതൃദേവന്മാരും |
| ബ്രഹ്മാ | ബ്രഹ്മാവും, | സിദ്ധാഃ | സിദ്ധന്മാരും |
| ശർവഃ | ശിവനും, | സർവഭൂതാനി | സമസ്തഭൂതങ്ങളും, |
| കുമാരഃ ച | സനത്കുമാരനും, | വൈമാനികാഃ | വിമാനചാരികളായ |
| ഭൃഗ്വാദ്യാഃ | ഭൃഗു മുതലായ | യേ | യാവചിലരുണ്ടോ, |
| മുനയഃ | ഋഷികളും, | തേ ച | അവരും |

| | | | |
|---|---|---|---|
| വിഷ്ണോഃ | വിഷ്ണുഭഗവാന്റെ | സ്വാതി | അവരവരുടേതായ |
| സുമഹത് | മഹത്തമവും | ധിഷ്ണ്യനി | ആസ്ഥാനങ്ങളിലേക്ക് |
| പരമാദ്ഭുതം | അത്യാശ്ചര്യകരവുമായ | ജഗ്മുഃ | ഗമിച്ചു; |
| തത്കർമ്മ | ആ പ്രവൃത്തിയെ | അദിതിം ച | അദിതിയെയും |
| ഗായന്തഃ | പാടിപ്പുകഴ്ത്തിക്കൊണ്ട് | പ്രശംസിരേ | പ്രശംസിച്ചു. |

**28. സർവമേതന്മയാഖ്യാതം ഭവതഃ കുലനന്ദന**
**ഉരുക്രമസ്യ ചരിതം ശ്രോതൄണാമഘമോചനം**

| | | | |
|---|---|---|---|
| കുലനന്ദന | സ്വവംശത്തിനു പ്രീതിദനായ പരീക്ഷിത്തേ! | ചരിതം | അവതാരകഥ |
| | | സർവം | മുഴുവനും |
| ശ്രോതൄണാം | ശ്രോതാക്കളുടെ | ഭവതഃ | അങ്ങേയ്ക്ക് |
| അഘമോചനം | പാപം തീർക്കുന്ന | | |
| ഉരുക്രമസ്യ | വാമനമൂർത്തിയുടെ | മയാ | എന്നാൽ |
| ഏതത് | ഏതാദൃശമായ | ആഖ്യാതം | വർണ്ണിച്ചുതരപ്പെട്ടു |

''വാമനാവതാരകഥ വർണ്ണിച്ചു തരപ്പെട്ടു'' എന്നു പ്രത്യേകം എടുത്തുപറഞ്ഞതിൽ നിന്ന് ഇനിയും ഇതുപോലെ എത്രയോ കഥകൾ വർണ്ണിക്കപ്പെടുവാനുണ്ടെന്ന് വ്യംഗ്യമായി സിദ്ധിക്കുന്നു. എന്നാൽ അവ മുഴുവനും വർണ്ണിക്കപ്പെട്ടുകൂടെ? എന്നാണെങ്കിൽ

അതസാധ്യമാണെന്നും താഴെ ഉപപാദിക്കുന്നു—

**29. പാരം മഹിമ്ന ഉരുവിക്രമതോ ഗൃണാനോ**
**യഃ പാർത്ഥിവാനി നിമമേ സ രജാംസി മർത്ത്യഃ**
**കിം ജായമാന ഉത ജാത ഉപൈതി മർത്ത്യ**
**ഇത്യാഹ മന്ത്രദൃഗൃഷിഃ പുരുഷസ്യ യസ്യ**

| | | | |
|---|---|---|---|
| ഉരു-വിക്രമതഃ | ബഹുവിധം ലീലാപരാക്രമങ്ങളിലേർപ്പെട്ടിരിക്കുന്ന വിഷ്ണുഭഗവാന്റെ | ജായമാനഃ | ''പിറവിയെടുക്കുന്നവനോ, |
| | | ഉത | അഥവാ |
| മഹിമ്നഃ | മഹിമയുടെ | ജാതഃ | പിറന്നുകഴിഞ്ഞവനോ ആയ |
| പാരം | അറ്റം | | |
| ഗൃണാനഃ | കണ്ടുപിടിച്ചിരിക്കുന്ന | മർത്ത്യഃ | മനുഷ്യൻ |
| മർത്ത്യഃ | മനുഷ്യൻ | യസ്യ | യാതൊരു ഈ |
| യഃ സഃ | യാതൊരുവനോ, അവൻ | പുരുഷസ്യ | നിത്യസമ്പൂർണ്ണസ്വരൂപന്റെ |
| പാർത്ഥിവാനി | ഭൂമിയിലുള്ള | | |
| രജാംസി | അണുത്തരികളെ | മഹിമ്നഃ | മഹത്ത്വത്തിന്റെ |
| വിമമേ | എണ്ണിക്കണക്കിയിരിക്കുന്നു. | പാരം | അറ്റത്തിലേക്ക് |
| | | ഉപൈതികിം | എത്തിച്ചേരുമോ?'' |

| | | | |
|---|---|---|---|
| ഇതി | എന്നിങ്ങനെ | ഋഷിഃ | മഹർഷി (വസിഷ്ഠൻ) |
| മന്ത്രദൃക് | മന്ത്രദ്രഷ്ടാവായ | ആഹ | പറഞ്ഞിട്ടുണ്ട്. |

''എത്തിച്ചേരുമോ?'' എന്നതിന് എത്തിച്ചേരുന്നതല്ലെന്ന് അർത്ഥം. ഭഗവന്മഹിമ അനന്തവും അജ്ഞാതവുമാകുന്നു. ഭൂമിയിലെ പരമാണുക്കളെ എണ്ണിതിട്ടപ്പെടുത്താൻ കഴിയാത്തപോലെ വിഷ്ണുവിന്റെ ഗുണമഹിമവും ഗണനാതീതമാണെന്നു സാരം. ''വിഷ്ണോർനു കം വീര്യാണി പ്രവോചന്നിമിമമേ പാർത്ഥിവാനി രജാംസി'' ''ന തേ വിഷ്ണോ ജായമാനോ ന ജാതോ ദേവ മഹിമ്ന; പരമം തമാപ'' എന്നീ മന്ത്രങ്ങളുടെ ആന്തരാർത്ഥം ഈ ശ്ലോകത്തിൽ അടങ്ങിയിരിക്കുന്നു.

**30. യം ഇദം ദേവദേവസ്യ ഹരേരദ്ഭുത കർമ്മണഃ**
**അവതാരാനുചരിതം ശൃണ്വൻ യാതി പരാം ഗതിം**

| | | | |
|---|---|---|---|
| ദേവദേവസ്യ | ദേവന്മാർക്കും ദേവനായി | അവതാരാനുചരിതം | വാമനാവതാരകഥാഭാഗത്തെ |
| അദ്ഭുത-കർമ്മണഃ | ആശ്ചര്യകരങ്ങളായ ചേഷ്ടിതങ്ങളോടു കൂടിയിരിക്കുന്ന | ശൃണ്വൻ യഃ | കേട്ടുകൊണ്ടിരിക്കുന്നവൻ |
| | | പരാം | ശ്രേഷ്ഠമായ |
| ഹരേഃ | ശ്രീ മഹാവിഷ്ണുവിന്റെ | ഗതിം | സദ്ഗതിയെ |
| ഇദം | ഇപ്പറഞ്ഞ | യാതി | പ്രാപിക്കുന്നതാണ്. |

**31. ക്രിയമാണേ കർമ്മണീദം ദൈവേ പിത്ര്യേƒഥ മാനുഷേ**
**യത്ര യത്രാനുകീർത്ത്യേത തത്തേഷാം സുകൃതം വിദുഃ**

| | | | |
|---|---|---|---|
| ദൈവേ | ദേവപ്രീതിക്കുള്ളതോ, | അനുകീർത്ത്യേത | തുടർന്നുകീർത്തിക്കപ്പെടുന്നതായാൽ |
| പിത്ര്യേ | പിതൃപ്രീതിക്കുള്ളതോ, | | |
| അഥ | അഥവാ | തത് | ആ കർമ്മം |
| മാനുഷേ | മനുഷ്യപ്രീതിക്കുള്ളതോ ആയ | തേഷാം | അവർക്ക് (അനുഷ്ഠാതാക്കൾക്ക്) |
| യത്ര യത്ര | ഏതേതു | സുകൃതം | കുറ്റമറ്റ അനുഷ്ഠാനമായിത്തീരുമെന്ന് |
| കർമ്മണി | കർമ്മവും | | |
| ക്രിയമാണേ | അനുഷ്ഠിക്കപ്പെടുമ്പോൾ | വിദുഃ | (പ്രാമാണികന്മാർ) അറിഞ്ഞുവെച്ചിരിക്കുന്നു. |
| ഇദം | ഇതു് (വാമനചരിതം) | | |

ഇതി ശ്രീമദ് ഭാഗവതേ മഹാപുരാണേ
അഷ്ടമസ്കന്ധേ വാമനാവതാര ചരിതേ
ത്രയോവിംശതിതമോƒധ്യായഃ
ആദിതഃ ശ്ലോകാഃ 870
അഷ്ടമസ്കന്ധത്തിലെ ഇരുപത്തിമൂന്നാമധ്യായം കഴിഞ്ഞു.
''ഓം നമോ ഭാഗവതേ വാമനായ.''

# ചതുർവിംശോऽധ്യായഃ – അധ്യായം ഇരുപത്തിനാല്

## മൽസ്യാവതാര കഥ

''ചതുർവിംശേ പ്രസങ്ഗേന മൽസ്യരൂപസ്യ ശാർങ്ഗിണഃ
ലീലോച്യതേ തതഃ സത്യവ്രത രക്ഷാ മഹാർണ്ണവേ.''

മൽസ്യമായവതരിച്ചതും മഹാസമുദ്രത്തിൽ സത്യവ്രതനെ രക്ഷിച്ചതുമായ ഭഗവല്ലീലാചരിതമാണ് ഈ ഇരുപത്തിനാലാമധ്യായത്തിലെ വർണ്ണ്യവിഷയം.

ഭഗവാൻ ആദ്യം പ്രദർശിപ്പിച്ച ഹ്രസ്വാകാരം വെടിഞ്ഞു ബൃഹദാകാരം സ്വീകരിച്ചുകൊണ്ടു തന്റെ സർവ്വശക്തിമത്ത്വം ആവിഷ്കരിക്കുകയാണ് വാമനാവതാരത്തിലും മൽസ്യാവതാരത്തിലും ചെയ്തത്. തൻമൂലം ഈ രണ്ടവതാരലീലകൾക്കും തമ്മിൽ സാദൃശ്യമുള്ളതിനാൽ ശ്രീ പരീക്ഷിത്ത് മൽസ്യാവതാര ചരിതം അനുസ്മരിച്ചുകൊണ്ടു ശുകബ്രഹ്മർഷിയോടു പറയുന്നു.

രാജോവാച = രാജാവു പറഞ്ഞു.

1. **ഭഗവൻ ശ്രോതുമിച്ഛാമി ഹരേരദ്ഭുത കർമ്മണഃ**
**അവതാരകഥാമാദ്യാം മായാമത്സ്യവിഡംബനം.**

| | | | |
|---|---|---|---|
| ഭഗവൻ | സർവ്വജ്ഞനായ ബ്രഹ്മഷേ ! | മായാമത്സ്യ-വിഡംബനം | മായയാൽമത്സ്യരൂപത്തെ അനുകരിച്ചതായ |
| | | ആദ്യാം | ആദ്യത്തെ |
| അദ്ഭുത-കർമ്മണഃ | ആശ്ചര്യകരങ്ങളായ ലീലാചേഷ്ടിതങ്ങളോടു കൂടിയ | അവതാര-കഥാം | അവതാരത്തിന്റെ ചരിതത്തെ |
| | | ശ്രോതും | കേൾക്കുവാൻ |
| ഹരേഃ | ശ്രീവിഷ്ണുഭഗവാന്റെ | ഇച്ഛാമി | ആഗ്രഹിക്കുന്നു. |

മത്സ്യാവതാരകഥ കേൾക്കുവാനുള്ള ആഗ്രഹം പെട്ടെന്നുണ്ടാവാനുള്ള കാരണം ഇനി രണ്ടു ശ്ലോകം കൊണ്ടു പറയുന്നു.—

2. **യദർത്ഥമദധാദ്രൂപം മാത്സ്യം ലോകജുഗുപ്സിതം**
**തമഃ പ്രകൃതി ദുർമ്മർഷം കർമ്മഗ്രസ്ത ഇവേശ്വരഃ**

| | | | |
|---|---|---|---|
| ഈശ്വരഃ | സ്വതന്ത്രനായ പരമാത്മാവ് | ദുർമ്മർഷം | ദുഃസഹമായതും |
| കർമ്മഗ്രസ്തഃ | കർമ്മത്താൽ ഗ്രസിക്കപ്പെട്ട ജീവൻ | ലോക-ജുഗുപ്സിതം | ലോകനിന്ദിതമായിരിക്കുന്നതുമായ |
| ഇവ | എന്നതുപോലെ | മാത്സ്യം രൂപം | മത്സ്യരൂപത്തെ |
| തമഃ പ്രകൃതി | തമോഗുണപ്രകൃതിയാർന്നതും | യദർത്ഥം | എന്തിനുവേണ്ടി |
| | | അദധാത് | ധരിച്ചു? |

മഹാബലിയെ അനുഗ്രഹിക്കുന്നതിന്നാണ് ലോകദൃഷ്ടിയിൽ ജുഗുപ്സാവഹമായ യാചകരൂപത്തെ ഭഗവാൻ കൈക്കൊണ്ടതു്. അതുപോലെ ജുഗുപ്സാവഹമായ ഈ മത്സ്യരൂപം ധരിക്കുവാനും ഏതെങ്കിലും സദുദ്ദേശം ഉണ്ടാകണമല്ലൊ. അതറിയുവാൻ ആഗ്രഹമുണ്ടെന്ന് സാരം.

**3. ഏതന്നോ ഭഗവൻ സർവ്വം യഥാവദ് വക്തുമർഹസി**
**ഉത്തമശ്ലോകചരിതം സർവ്വലോകസുഖാവഹം.**

| | | | |
|---|---|---|---|
| ഭഗവൻ | ബ്രഹ്മർഷേ! | ഉത്തമശ്ലോക-ചരിതം | പാവനകീർത്തിയാളുന്ന ഭഗവാന്റെ സൽക്കഥ |
| ഏതത് | ഇത് | | |
| സർവ്വം | എല്ലാതും | | |
| യഥാവത് | ഉള്ളതുപോലെ | സർവ്വലോക-സുഖാവഹം | സകലലോകർക്കും ആനന്ദദായകമാണ്. |
| നഃ | ഞങ്ങൾക്ക് | | |
| വക്തും | ചൊല്ലിത്തരുവാൻ | സൂത ഉവാച | സൂതൻ(ശൗനകാദികളോട്)പറഞ്ഞു. |
| അർഹസി | അങ്ങുന്ന് അർഹിക്കുന്നു. | | |

**4. ഇത്യുക്തോ വിഷ്ണുരാതേന ഭഗവാൻ ബാദരായണിഃ**
**ഉവാച ചരിതം വിഷ്ണോർമത്സ്യരൂപേണ യത് കൃതം–**

| | | | |
|---|---|---|---|
| ഇതി | എന്നിങ്ങനെ | യത് | യാതൊന്ന് |
| വിഷ്ണുരാതേന | ശ്രീ പരീക്ഷിത്തിനാൽ | കൃതം | നിർവഹിക്കപ്പെട്ടുവോ, |
| ഉക്തഃ | അഭ്യർത്ഥിതനായി ഭവിച്ച | വിഷ്ണോഃ | വിഷ്ണുവിന്റെ |
| ഭഗവാൻ | സർവ്വജ്ഞനായ | ചരിതം | ആ ചരിതത്തെ |
| ബാദരായണി | ശുകബ്രഹ്മർഷി, | ഉവാച | പറഞ്ഞുകേൾപ്പിച്ചു. |
| മത്സ്യരൂപേണ | മത്സ്യാകാരത്തോടെ | | |

തുടക്കത്തിൽ സാമാന്യമായി അവതാരങ്ങളുടെ പ്രയോജനത്തെ പരാമർശിക്കുന്നു.

ശ്രീ ശുക ഉവാച = ശ്രീ ശുകൻ പറഞ്ഞു

**5. ഗോവിപ്രസുരസാധൂനാം ഛന്ദസാമപി ചേശ്വരഃ**
**രക്ഷാമിച്ഛംസ്തനൂർധത്തേ ധർമ്മസ്യാർത്ഥസ്യ ചൈവ ഹി.**

| | | | |
|---|---|---|---|
| ഈശ്വരഃ | സർവ്വശക്തനായ ഭഗവാൻ | ധർമ്മസ്യ | ധർമ്മത്തിന്റെയും, |
| ഗോവിപ്രസുര-സാധൂനാം | ഗോക്കളുടെയും, ബ്രാഹ്മണന്മാരുടെയും, ദേവന്മാരുടെയും, ഭക്തന്മാരുടെയും | അർത്ഥസ്യ ച | അർത്ഥത്തിന്റെയും |
| | | രക്ഷാം ഏവ | രക്ഷയെ മാത്രം |
| | | ഇച്ഛൻ | ആഗ്രഹിച്ചുകൊണ്ട് |
| അപി ച | മാത്രമല്ല | തനൂഃ | നാനാശരീരങ്ങളെ |
| ഛന്ദസാം | വേദങ്ങളുടെയും, | ധത്തേ ഹി | ധരിക്കുമാറുണ്ടല്ലോ. |

**6. ഉച്ചാവചേഷു ഭൂതേഷു ചരൻ വായുരിവേശ്വരഃ**
**നോച്ചാവചത്വം ഭജതേ നിർഗുണത്വാദ്ധിയോ ഗുണൈഃ**

| | | | |
|---|---|---|---|
| ധിയഃ | ബുദ്ധിതത്ത്വത്തിന്റെ | വായുഃ ഇവ | വായുപോലെ |
| ഗുണൈഃ | വ്യത്യസ്തഗുണങ്ങൾ നിമിത്തം | നിർഗുണത്വാത് | ഗുണാതീതമായ അവസ്ഥയിൽ സ്ഥിതനായിരിക്കകൊണ്ട് |
| ഉച്ചാവചേഷു | ചെറുതും വലുതുമായി വിവിധാകാരത്തിലിരിക്കുന്ന | ഉച്ചാവചത്വം | ചെറുപ്പവലിപ്പങ്ങൾ കൊണ്ടുള്ള ആകാരവൈവിധ്യത്തെ |
| ഭൂതേഷു | പ്രാണികളിൽ | | |
| ചരൻ | (നിയന്തൃത്വേന) വ്യാപരിച്ചുകൊണ്ടിരിക്കുന്ന | ന ഭജതേ | വാസ്തവത്തിൽ പ്രാപിക്കുന്നില്ല. |
| ഈശ്വരഃ | ഭഗവാൻ | | |

എന്നിരിക്കെ, മത്സ്യരൂപധാരണം കൊണ്ടോ മറ്റോ ബാഹ്യദൃഷ്ടിയിലുണ്ടാവുന്ന ജുഗുപ്സിതത്വം ഭഗവാനിൽ സംഗതമാകുന്നില്ലെന്നു ഭാവം.

ഇനി മത്സ്യാവതാരം ചെയ്തതിന്റെ പ്രയോജനത്തെ ശ്ലോകത്രയം കൊണ്ടു ചുരുക്കിപ്പറയുന്നു.

**7. ആസീദതീതകല്പാന്തേ ബ്രാഹ്മോ നൈമിത്തികോ ലയഃ**
**സമുദ്രോപപ്ലുതാസ്തത്ര ലോകാ ഭൂരാദയോ നൃപ**

| | | | |
|---|---|---|---|
| നൃപ | രാജാവേ! | ലയഃ | അവാന്തര പ്രളയം |
| അതീത-കല്പാന്തേ | കഴിഞ്ഞുപോയ കല്പകാലത്തിന്റെ ഒടുവിൽ | ആസീത് | സംഭവിച്ചു. |
| ബ്രാഹ്മഃ | ബ്രഹ്മാവു നിദ്രയിലാണ്ടിരിക്കെ ഉണ്ടായതും | തത്ര | അന്നേരത്ത് |
| | | ഭൂരാദയഃ | ഭൂമി മുതലായ |
| | | ലോകാഃ | ലോകങ്ങൾ |
| നൈമിത്തികഃ | അതിനെ നിമിത്തീകരിച്ചതുമായ | സമുദ്രോ-പപ്ലുതാഃ | സമുദ്രത്തിൽ മുങ്ങിപ്പോയി |

**8. കാലേനാഗതനിദ്രസ്യ ധാതുഃ ശിശയിഷോർബലീ**
**മുഖതോ നിഃസൃതാൻ വേദാൻ ഹയഗ്രീവോഽന്തികേഽഹരത്.**

| | | | |
|---|---|---|---|
| കാലേന | കല്പാന്തകാലം എത്തിയതുകൊണ്ട് | മുഖതഃ | മുഖത്തിൽനിന്ന് |
| | | അന്തികേ | സമീപസ്ഥലത്തേക്ക് |
| ആഗത-നിദ്രസ്യ | വന്നണഞ്ഞ നിദ്രാലസ്യത്തോടുകൂടിയവനായി | നിഃസൃതാൻ | ബഹിർഗമിച്ച |
| ശിശയിഷോഃ | ഉറങ്ങിക്കിടക്കുവാൻ വെമ്പലാന്ന | വേദാൻ | വേദങ്ങളെ |
| | | ബലീ | ബലവാനായ |
| | | ഹയഗ്രീവഃ | ഹയഗ്രീവൻ |
| ധാതോഃ | ബ്രഹ്മദേവന്റെ | അഹരത് | അപഹരിച്ചു |

**9. ജ്ഞാത്വാ തദ്ദാനവേന്ദ്രസ്യ ഹയഗ്രീവസ്യ ചേഷ്ടിതം**
**ദധാര ശഫരീരൂപം ഭഗവാൻ ഹരിരീശ്വരഃ**

| | | | |
|---|---|---|---|
| ഭഗവാൻ | സമഗ്രൈശ്വര്യാദി ഷഡ്ഗുണോപേതനും | ഹയഗ്രീവസ്യ | ഹയഗ്രീവന്റെ |
| | | തത് ചേഷ്ടിതം | അത്തരത്തിലുള്ള കുസൃതിപ്പണി |
| ഈശ്വരഃ | സമസ്തശക്തിസമ്പന്നനുമായ | ജ്ഞാത്വാ | അറിഞ്ഞിട്ട് |
| ഹരിഃ | ശ്രീമഹാവിഷ്ണു | ശഫരീരൂപം | മത്സ്യരൂപത്തെ |
| ദാനവേന്ദ്രസ്യ | അസുരപ്രമുഖനായ | ദധാര | ധരിച്ചു |

ഈ മത്സ്യാവതാരലീലയ്ക്കു മറെറാരു പ്രയോജനം കൂടിയുണ്ടായിരുന്നു. അതിനെയാണ് അധ്യായപരിസമാപ്തിവരെ ഇനി പറഞ്ഞുതുടങ്ങുന്നത്—

**10. തത്ര രാജർഷിഃ കശ്ചിന്നാമ്നാ സത്യവ്രതോ മഹാൻ**
**നാരായണപരോഽതപ്യത് തപഃ സ സലിലാശനഃ**

| | | | |
|---|---|---|---|
| തത്ര | അക്കാലത്ത് | നാരായണ-പരഃ | വിഷ്ണുഭഗവാനിൽ ഭക്തിയുറച്ചിരുന്ന |
| സത്യവ്രതഃ | 'സത്യവ്രതൻ' എന്ന | സഃ | അദ്ദേഹം |
| നാമ്നാ | പേരോടുകൂടി | സലിലാശനഃ | ജലം മാത്രം ആഹരിച്ചുകൊണ്ട് |
| മഹാൻ | മഹാനായ | | |
| കശ്ചിത് | ഒരു | തപഃ | തപസ്സനുഷ്ഠിക്കുകയായിരുന്നു. |
| രാജർഷിഃ | രാജർഷിയുണ്ടായിരുന്നു. | അതപ്യത് | |

**11. യോഽസാവസ്മിൻ മഹാകല്പേ തനയഃ സ വിവസ്വതഃ**
**ശ്രാദ്ധദേവ ഇതി ഖ്യാതോ മനുത്വേ ഹരിണാർപ്പിതഃ**

| | | | |
|---|---|---|---|
| യഃ അസൗ | യാതൊരു ഈ സത്യവ്രതൻ | വിവസ്വതഃ | വിവസ്വാനെന്ന ആദിത്യന്റെ |
| അസ്മിൻ | ഈ നിലവിലുള്ള | തനയഃ | പുത്രനായ |
| മഹാകല്പേ | മഹാകല്പത്തിൽ | ശ്രാദ്ധദേവഃ | 'ശ്രാദ്ധദേവൻ' |

| | | | |
|---|---|---|---|
| ഇതി | എന്ന പേരിൽ | ഹരിണാ | ശ്രീ വിഷ്ണുവിനാൽ |
| ഖ്യാതഃ | വിഖ്യാതനാണ്. | മനുതേ | മനുവിന്റെ സ്ഥാനത്ത് |
| സഃ | അദ്ദേഹം | അർപ്പിതഃ | പ്രതിഷ്ഠിതനായി. |

**12.** **ഏകദാ കൃതമാലായാം കുർവ്വതോ ജലതർപ്പണം**
**തസ്യാഞ്ജല്യുദകേ കാചിച്ഛഫര്യേകാഭ്യപദ്യത**

| | | | |
|---|---|---|---|
| ഏകദാ | ഒരിക്കൽ | ഉദകേ | വെള്ളത്തിൽ |
| കൃതമാലായാം | കൃതമാലാനദിയിൽ | കാചിത് | ഏതോ ഒരു |
| ജലതർപ്പണം | ജലത്താൽ തർപ്പണം | ഏകാ | ഒററപ്പെട്ട |
| കുർവ്വതഃ | ചെയ്തുകൊണ്ടിരുന്ന | ശഫരീ | ചെറുമത്സ്യം |
| തസ്യ | അദ്ദേഹത്തിന്റെ | | |
| അഞ്ജല്യ- | കരസമ്പുടത്തിലെടുത്ത | സമപദ്യത | വന്നകപ്പെട്ടു |

**13.** **സത്യവ്രതോഽഞ്ജലിഗതാം സഹതോയേന ഭാരത**
**ഉത്സസർജ്ജ നദീതോയേ ശഫരീം ദ്രവിഡേശ്വരഃ**

| | | | |
|---|---|---|---|
| ഭാരത | ഹേ ഭാരത! | ശഫരീം | ചെറുമത്സ്യത്തെ |
| ദ്രവിഡേശ്വരഃ | ദ്രാവിഡ ദേശാധിപനായ | തോയേന സഹ | ആ വെള്ളത്തോടുകൂടെ തന്നെ |
| സത്യവ്രതഃ | സത്യവ്രതൻ | | |
| അഞ്ജലിഗതാം | തന്റെ കൈക്കുടന്നയിൽ വന്നകപ്പെട്ട | നദീതോയേ | നദീജലത്തിൽ |
| | | ഉത്സസർജ്ജ | വിട്ടു. |

**14.** **തമാഹ സാതികരുണം മഹാകാരുണികം നൃപം**
**യാദോഭ്യോ ജ്ഞാതിഘാതിഭ്യോ ദീനാം മാം ദീനവത്സല**
**കഥം വിസൃജസേ രാജൻ ഭീതാമസ്മിൻ സരിജ്ജലേ**

| | | | |
|---|---|---|---|
| സാ | അവൾ (ചെറുമത്സ്യം | ജ്ഞാതിഘാതിഭ്യഃ | സ്വവർഗ്ഗക്കാരെ കൊന്നു തിന്നുന്ന |
| അതികരുണം | അതിദയനീയമാം വിധം | യാദോഭ്യഃ | ജലജീവികളുടെ അടുക്കൽ നിന്ന് |
| മഹാകാരുണികം | വലിയ കരുണാശാലിയായ | ഭീതാം | ഭയന്നിരിക്കുന്ന |
| നൃപം | രാജാവിനോട് | ദീനാം മാം | പാവമായ എന്നെ |
| ആഹ | പറഞ്ഞു — | അസ്മിൻ | ഈ |
| | | സരിജ്ജലേ | പുഴവെള്ളത്തിൽ |
| ദീനവത്സല | ''ദീനാനുകമ്പയുള്ള | കഥം | എന്താണിങ്ങനെ |
| രാജൻ | രാജാവേ ! | വിസൃജസേ | തള്ളിവിടുന്നത്? |

**15. തമാത്മനോഽനുഗ്രഹാർത്ഥം പ്രീത്യാ മത്സ്യവപുർധരം**
**അജാനൻ രക്ഷണാർത്ഥായ ശഫര്യാഃ സ മനോ ദധേ.**

| | | | |
|---|---|---|---|
| ആത്മനഃ | തന്റെ | അജാനൻ | മനസ്സിലാക്കാത്ത |
| അനുഗ്രഹാർത്ഥം | അനുഗ്രഹത്തിനുവേണ്ടി | സഃ | ആ സത്യവ്രതൻ |
| പ്രീത്യാ | പ്രസന്നഭാവത്തോടെ | ശഫര്യാഃ | ചെറുമീനിന്റെ |
| മത്സ്യവപുർ-ധരം | മത്സ്യശരീരം പൂണ്ട പ്രത്യക്ഷമായ | രക്ഷണാർത്ഥായ | രക്ഷണത്തിന്നായി |
| തം | തന്തിരുവടിയെ | മനഃ ദധേ | ഉള്ളിലുറച്ചു. |

**16. തസ്യാ ദീനതരം വാക്യമാശ്രുത്യ സ മഹീപതിഃ**
**കലശാപ്സു നിധായൈനാം ദയാലുർനിന്യ ആശ്രമം.**

| | | | |
|---|---|---|---|
| സഃ ദയാലുഃ | ആ കാരുണികനായ | ഏനാം | ഇതിനെ |
| മഹീപതി | രാജാവ് | കലശാപ്സു | കമണ്ഡലുവിലെ വെള്ളത്തിൽ |
| തസ്യാഃ | പ്രസ്തുത മത്സ്യത്തിന്റെ | | |
| ദീനതരം | അതിദീനമായ | നിധായ | പിടിച്ചിട്ട് |
| വാക്യം | വചനത്തെ | ആശ്രമം | ആശ്രമത്തിലേക്ക് |
| ആശ്രുത്യ | കേട്ടിട്ട് | നിന്യേ | കൊണ്ടുവന്നു. |

**17. സാ തു തത്രൈകരാത്രേണ വർദ്ധമാനാ കമണ്ഡലൗ**
**അലബ്ധ്വാഽഽത്മാവകാശം വാ ഇദമാഹ മഹീപതിം**

| | | | |
|---|---|---|---|
| സാ തു | അതാകട്ടെ | ആത്മാവകാശം | തനിക്കു കിടക്കാനുള്ള ഇടം |
| തത്ര | അവിടെ | അലബ്ധ്വാ | കിട്ടാഞ്ഞ് |
| ഏകരാത്രേണ | ഒററരാത്രികൊണ്ട് | മഹീപതിം | രാജാവിനോട് |
| വർദ്ധമാനാ | വളർന്നുവന്നിട്ട് | ഇദം | ഇങ്ങനെ |
| കമണ്ഡലൗ | കമണ്ഡലുവിൽ | ആഹ വൈ | പറഞ്ഞുപോൽ |

**18. നാഹം കമണ്ഡലാവസ്മിൻ കൃച്ഛ്രം വസ്തുമിഹോത്സഹേ**
**കല്പയൗകഃ സുവിപുലം യത്രാഹം നിവസേ സുഖം**

| | | | |
|---|---|---|---|
| അസ്മിൻ | ഈ | ഇഹ | ഇവിടെ |
| കമണ്ഡലൗ | കിണ്ടിക്കുള്ളിൽ | അഹം ന ഉത്സഹേ | എനിക്ക് ആകയില്ല. |
| കൃച്ഛ്രം | ഞെരുങ്ങിക്കൊണ്ട് | യത്ര | ഏതൊരിടത്ത് |
| വസ്തും | കിടക്കുവാൻ | അഹം | ഞാൻ |

| | | | |
|---|---|---|---|
| സുഖം | സൈ്വരമായി | | വിസ്താരമുള്ള |
| നിവസേ | വസിക്കമോ, | ഓകഃ | ഒരിടം |
| സുവിപുലം | അതിനുപാകത്തിൽ | കല്പയ | ഏർപ്പെടുത്തിത്തരിക.'' |

19. സ ഏനാം തത ആദായ ന്യധാദൗദഞ്ചനോദകേ
തത്ര ക്ഷിപ്ത്വാ മുഹൂർത്തേന ഹസ്തത്രയമവർദ്ധത

| | | | |
|---|---|---|---|
| സഃ | അദ്ദേഹം | ന്യധാത് | കൊണ്ടുവിട്ടു |
| ഏനാം | ഇതിനെ | തത്ര | അതിൽ |
| തതഃ | അതിൽനിന്നു് | ക്ഷിപ്ത്വാ | നിക്ഷേപിക്കപ്പെട്ട മത്സ്യം |
| ആദായ | എടുത്തിട്ടു് | മുഹൂർത്തേന | മുഹൂർത്തനേരംകൊണ്ടു് |
| ഔദഞ്ച-നോദകേ | സ്ഫടികത്തൊട്ടിയിലുള്ള വെള്ളത്തിൽ | ഹസ്തത്രയം | മൂന്നുമുഴം നീളത്തിൽ |
| | | അവർദ്ധത | വലുതായി |

20. ന മ ഏതദലം രാജൻ സുഖം വസ്തുമുദഞ്ചനം
പൃഥു ദേഹി പദം മഹ്യം യത് ത്വാഹം ശരണം ഗതാ

| | | | |
|---|---|---|---|
| രാജൻ | ''രാജാവേ; | മഹ്യം | എനിക്കു് |
| മേ | എനിക്കു് | പൃഥു | വലിപ്പം കൂടിയ |
| സുഖം | സൈ്വരമായി | പദം | സ്ഥലം |
| വസ്തും | വസിക്കുവാൻ | ദേഹി | തരു |
| ഏതത് | ഇതു് | യത് | എന്തെന്നാൽ |
| ഉദഞ്ചനം | തൊട്ടിയും | അഹം ത്വാ | ഞാൻ അങ്ങയെ |
| അലം ന | പര്യാപ്തമല്ല | ശരണം ഗതാ | ശരണം പ്രാപിച്ചതല്ലേ? |

21. തത ആദായ സാ രാജ്ഞാ ക്ഷിപ്താ രാജൻ സരോവരേ
തദാവൃത്യാത്മനാ സോഽയം മഹാമീനോഽന്വവർദ്ധത

| | | | |
|---|---|---|---|
| രാജൻ | രാജാവേ! പരീക്ഷിത്തേ | തത് | അതിനെയും |
| രാജ്ഞാ | സത്യവ്രതരാജാവിനാൽ! | ആത്മനാ | ശരീരത്താൽ |
| തതഃ | അതിൽനിന്നും | ആവൃത്യ | ചൂഴന്നു് |
| ആദായ | എടുത്തിട്ടു് | സഃ അയം | ആ ഈ ചെറുമത്സ്യം |
| സാ | ആ മത്സ്യം | | |
| സരോവരേ | വലിയതടാകത്തിൽ | മഹാമീനഃ | പെരുത്തമത്സ്യമായിട്ടു് |
| ക്ഷിപ്താ | നിക്ഷേപിക്കപ്പെട്ട | അന്വവർദ്ധത | ക്രമേണ വളർന്നുവന്നു. |

22. നൈതന്മേ സ്വസ്തയേ രാജന്നുദകം സലിലൗകസഃ
വിധേഹി രക്ഷായോഗേന ഹ്രദേ മാമവിദാസിനി

| | | | |
|---|---|---|---|
| രാജൻ | "രാജാവേ! | അവിദാസിനി | വെള്ളം വാൻപോകാത്ത |
| സലിലൗകസഃ | ജലത്തിൽ ജീവിക്കുന്ന ജന്തുവായ | ഹ്രദേ | അഗാധ ജലാശയമായ കയത്തിൽ |
| മേ | എനിക്ക് | രക്ഷാ-യോഗേന | ശരീരരക്ഷയ്ക്കുള്ള സംവിധാനത്തോടുകൂടി |
| ഏതത് | ഈ | | |
| ഉദകം | ജലം | | |
| സ്വസ്ത്യയേ | സുഖജീവിതത്തിന് | മാം | എന്നെ |
| ന | ഉതകുന്നില്ല. | നിധേഹി | കൊണ്ടുവിട്ടാലും." |

ഏതെങ്കിലും ഒരു കയത്തിൽ കൊണ്ടുവിട്ടശേഷവും അതിൽ വെള്ളമില്ലാതെ തനിക്കു ശരീരശോഷണം നേരിടുന്നതായാൽ അതിലും വലിയ കയത്തിലേക്കു കൊണ്ടുപോയി രക്ഷാസംവിധാനം ചെയ്യണം" എന്ന അർത്ഥത്തിലാണ് 'രക്ഷായോഗേന' എന്നു പറഞ്ഞത്-

**23. ഇത്യുക്തഃ സോനയന്മത്സ്യം തത്ര തത്രാവിദാസിനി**
**ജലാശയേ സമ്മിതം തം സമുദ്രേ പ്രാക്ഷിപജ്ഝഷം.**

| | | | |
|---|---|---|---|
| ഇതി | ഇപ്രകാരം | അനയത് | എത്തിച്ചു. |
| ഉക്തഃ | ഉദ്ബോധിപ്പിക്കപ്പെട്ട | ജലാശയേ | ഓരോ ജലാശയത്തിലും |
| സഃ | അദ്ദേഹം | സമ്മിതം | അക്കരെനിന്നിക്കരവരെ മുട്ടിനിന്ന |
| തത്ര തത്ര | അവിടെയവിടെ | | |
| അവിദാസിനി | വെള്ളം വാൻപോകാത്ത ജലാശയംതോറും | തം ഝഷം | ആ മത്സ്യത്തെ |
| | | സമുദ്രേ | സമുദ്രത്തിൽ |
| മത്സ്യം | മത്സ്യത്തെ | പ്രാക്ഷിപത് | ഇട്ടു |

**24. ക്ഷിപ്യമാണസ്തമാഹേദമിഹ മാം മകരാദയഃ**
**അദന്ത്യതിബലാ വീര മാം നേഹോത്സ്രഷ്ടുമർഹസി**

| | | | |
|---|---|---|---|
| ക്ഷിപ്യമാണഃ | സമുദ്രത്തിൽ തള്ളപ്പെട്ടുകൊണ്ടിരിക്കെ മത്സ്യം | മകരാദയഃ | മുതലകളും മററും |
| | | മാം | എന്നെ |
| തം | അദ്ദേഹത്തോട് | അദന്തി | തിന്നുകളയും; |
| ഇദം ആഹ | ഇങ്ങനെ പറഞ്ഞു - | മാം | എന്നെ |
| വീര | "വീരനായ രാജാവേ! | ഇഹ | ഇവിടെ |
| ഇഹ | ഇവിടെ | ഉത്സ്രഷ്ടും ന അർഹസി | തള്ളിക്കളഞ്ഞുപോകരുതേ! |
| അതിബലാഃ | കരുത്തുകൂടിയ | | |

**25. ഏവം വിമോഹിതസ്തേന വദതാ വല്ഗുഭാരതീം**
**തമാഹ കോ ഭവാനസ്മാൻ മത്സ്യരൂപേണ മോഹയൻ**

| | |
|---|---|
| ഏവം | ഇങ്ങനെ |
| വല്ഗു- ഭാരതീം | മധുരമായുള്ള ശുദ്ധഭാഷയെ |
| വദതാ | ഉച്ചരിക്കുന്ന |
| തേന | ആ മായാമത്സ്യത്താൽ |
| വിമോഹിതഃ | അത്യന്തം മോഹിതനായിത്തീർന്ന സത്യവ്രതൻ |
| തം ആഹ | അതിനോടു ചോദിച്ചു. |
| അസ്മാൻ | ''നമ്മെ |
| മത്സ്യരൂപേണ | മത്സ്യാകൃതികൊണ്ടു |
| മോഹയൻ | മോഹിപ്പിക്കുന്ന |
| ഭവാൻ കഃ | അങ്ങുന്ന് ആരാണ്? |

**26. നൈവംവീര്യോ ജലചരോ ദൃഷ്ടോഽസ്മാഭിഃ ശ്രുതോഽപി ച**
**യോ ഭവാൻ യോജനശതമഹ്നാഭിവ്യാനശേ സരഃ**

| | |
|---|---|
| യഃ | ''യാതൊരു |
| ഭവാൻ | അങ്ങുന്ന് |
| അഹ്നാ | ഒരുനാളുകൊണ്ടു |
| യോജനശതം | നൂറു യോജനയോളം പരപ്പിൽകിടക്കുന്ന |
| സരഃ | ജലാശയത്തെ |
| അഭിവ്യാനശേ | ചുഴന്നുവളർന്നുവോ, |
| ഏവം വീര്യഃ | ഇത്രയും ശക്തിയുള്ള |
| ജലചരഃ | ജലചരപ്രാണി |
| അസ്മാഭിഃ | ഞങ്ങളാൽ |
| ന ദൃഷ്ടഃ | കാണപ്പെട്ടതല്ല; |
| ന ശ്രുതഃ അപി ച | കേട്ടറിയപ്പെട്ടതും കൂടിയല്ല. |

**27. നൂനം ത്വം ഭഗവാൻ സാക്ഷാദ്ധരിർനാരായണോഽവ്യയഃ**
**അനുഗ്രഹായ ഭൂതാനാം ധത്സേ രൂപം ജലൗകസാം.**

| | |
|---|---|
| ത്വം | ''അങ്ങുന്ന് |
| അവ്യയഃ | നിർവികാരനും |
| നാരായണഃ | കാര്യപ്രപഞ്ചങ്ങളുടെ അകത്തും പുറത്തും കാരണത്വേന വ്യാപിച്ചു നിലകൊള്ളുന്നവനും |
| ഭഗവാൻ | സമഗ്രൈശ്വര്യാദി ഷഡ്ഗുണസമ്പന്നനും |
| സാക്ഷാത് | പ്രത്യക്ഷീഭവിച്ചവനുമായ |
| ഹരിഃ നൂനം | ശ്രീ മഹാവിഷ്ണു തന്നെയാകണം. |
| ഭൂതാനാം | പ്രാണികൾക്ക് |
| അനുഗ്രഹായ | അനുഗ്രഹമേകുന്നതിന്ന് |
| ജലൗകസാം | ജലജന്തുക്കളുടെ |
| രൂപം | സ്വരൂപത്തെ |
| ധത്സേ | ഇതാ ധരിച്ചിരിക്കുന്നു. |

**28. നമസ്തേ പുരുഷശ്രേഷ്ഠ സ്ഥിത്യുത്പത്ത്യപ്യയേശ്വര**
**ഭക്താനാം നഃ പ്രപന്നാനാം മുഖ്യോ ഹ്യാത്മഗതിർവിഭോ**

| | |
|---|---|
| പുരുഷശ്രേഷ്ഠ | ''ഹേ പുരുഷോത്തമ! |
| സ്ഥിത്യുത്പത്ത്യപ്യയേശ്വര | സൃഷ്ടിസ്ഥിതിലയങ്ങളുടെ നിയന്താവേ! |
| തേ നമഃ | അങ്ങയ്ക്കു നമോവാകം |
| വിഭോ | ഹേ സർവശക്ത! |
| പ്രപന്നാനാം | ശരണാഗതന്മാരും |
| ഭക്താനാം | ഭക്തന്മാരുമായ |

| | | | |
|---|---|---|---|
| നഃ | ഞങ്ങൾക്ക് | ആത്മഗതിഃ | ആത്മാവും ആശ്രയവും |
| മുഖ്യഃ | യഥാർത്ഥമായ | (ത്വം) ഹി | നിന്തിരുവടിയാണല്ലോ. |

**29.** **സർവ്വേ ലീലാവതാരാസ്തേ ഭൂതാനാം ഭൂതിഹേതവഃ**
**ജ്ഞാതുമിച്ഛാമ്യദോ രൂപം യദർത്ഥം ഭവതാ ധൃതം**

| | | | |
|---|---|---|---|
| തേ | ''നിന്തിരുവടിയുടെ | അദഃ രൂപം | ഈ സ്വരൂപം |
| ലീലാവതാരാഃ | ലീലാവതാരങ്ങൾ | യദർത്ഥം | ഏതൊന്നിനുവേണ്ടി |
| സർവ്വേ | മുഴുവനും | ഭവതാ | ഭവാനാൽ |
| ഭൂതാനാം | ജീവജാലങ്ങളുടെ | ധൃതം | ധരിക്കപ്പെട്ടുവോ, |
| ഭൂതി–ഹേതവഃ | യോഗക്ഷേമത്തിന്നു ഹേതുഭൂതങ്ങളാകുന്നു. | ജ്ഞാതും | അതറിവാൻ |
| | | ഇച്ഛാമി | ഞാനാഗ്രഹിക്കുന്നു. |

**30.** **ന തേഽരവിന്ദാക്ഷ പദോപസർപ്പണം**
**മൃഷാ ഭവേത് സർവ്വസുഹൃത്പ്രിയാത്മനഃ**
**യഥേതരേഷാം പൃഥഗാത്മനാം സതാ–**
**മദീദൃശോ യദ്വപുരദ്ഭുതം ഹി നഃ**

| | | | |
|---|---|---|---|
| അരവിന്ദാക്ഷ | ''പ്രഭോ കമലനയന! | ഇതരേഷാം | മററുള്ള സംസാരികളുടെ |
| സർവ്വസുഹൃത്പ്രിയാത്മനഃ | എല്ലാവരുടെയും സുഹൃത്തും പ്രിയനും ആത്മാവുമായ | യഥാ | പാദങ്ങളെ സമാശ്രയിക്കുന്നതുപോലെ |
| | | മൃഷാ | വിഫലമായി |
| തേ | നിന്തിരുവടിയുടെ | ന ഭവേത് | ഭവിക്കയില്ല. |
| പദോപ–സർപ്പണം | തൃപ്പാദങ്ങളെ സമാശ്രയിക്കുന്നത്, | യത് | എന്തെന്നാൽ |
| പൃഥഗാത്മനാം | ആത്മവ്യതിരിക്തമായ ദേഹാദിയിൽ ആത്മബുദ്ധിയുള്ളവരായി | അദ്ഭുതം | ആശ്ചര്യകരമായ |
| | | വപുഃ | ഈ ശരീരം |
| | | നഃ | എനിക്ക് |
| സതാം | വർത്തിക്കുന്ന | അദീദൃശഃ ഹി | കാട്ടിത്തന്നുവല്ലോ.'' |

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു.

**31.** **ഇതി ബ്രുവാണം നൃപതിം ജഗത്പതിഃ**
**സത്യവ്രതം മത്സ്യവപുര്യുഗക്ഷയേ**
**വിഹർത്തുകാമഃ പ്രലയാർണ്ണവേഽബ്രവീ–**
**ച്ചികീർഷുരേകാന്തജനപ്രിയഃ പ്രിയം.**

| | | | |
|---|---|---|---|
| ഇതി | ഈവിധം | സത്യവ്രതം | സത്യവ്രതനെന്ന |
| ബ്രുവാണം | വാഴ്ത്തിപ്പറയുന്ന | നൃപതിം | രാജാവിനോട് |

| | |
|---|---|
| മത്സ്യവപുഃ | മത്സ്യശരീരം പൂണ്ടിരിക്കുന്നവനും |
| ഏകാന്തജനപ്രിയഃ | ഏകാന്തഭക്തിയുള്ള ജനങ്ങളിൽ വാത്സല്യമുള്ളവനുമായ |
| ജഗത്പതിഃ | ലോകനാഥൻ |
| യുഗക്ഷയേ | കല്പാന്തത്തിലെ |
| പ്രളയാർണ്ണവേ | പ്രളയസമുദ്രത്തിൽ |
| വിഹർത്തുകാമഃ | വിഹരിക്കുവാനിച്ഛിച്ചും |
| പ്രിയം | ഭക്തജനത്തിന്ന് പ്രീതി |
| ചികീർഷുഃ | യരുളുവാനുദ്ദേശിച്ചും |
| അബ്രവീത് | ഇങ്ങനെ പറഞ്ഞു. |

ശ്രീ ഭഗവാനുവാച = ഭഗവാൻ അരുളിച്ചെയ്തു.

**32. സപ്തമേ ഽദ്യതനാദൂർദ്ധ്വമഹന്യേതദരിന്ദമ**
**നിമങ്‌ക്ഷ്യത്യപ്യയാംഭോധൗ ത്രൈലോക്യം ഭൂർഭുവാദികം**

| | |
|---|---|
| അരിന്ദമ | കാമാദികളായ അരിഷഡ്വർഗ്ഗത്തെ അടക്കിയിരിക്കുന്ന രാജാവേ! |
| അദ്യതനാത് ഊർദ്ധ്വം | ഇന്നേദിവസം തൊട്ടു മേൽവരുന്ന |
| സപ്തമേ | ഏഴാമത്തെ |
| അഹനി | ദിവസത്തിൽ |
| ഭൂർഭുവാദികം | ഭൂർല്ലോകം, ഭുവർല്ലോകം, സ്വർല്ലോകം എന്നിങ്ങനെ |
| ഏതത് | ഇക്കാണുന്ന |
| ത്രൈലോക്യം | മൂന്നു ലോകവും |
| അപ്യയാംഭോധൗ | പ്രളയസമുദ്രത്തിൽ |
| നിമങ്‌ക്ഷ്യതി | ആണ്ടുപോകും. |

**33. ത്രൈലോക്യാം ലീയമാനായാം സംവർത്താംഭസി വൈ തദാ**
**ഉപസ്ഥാസ്യതി നൗഃ കാചിദ്വിശാലാ ത്വാം മയേരിതാ.**

| | |
|---|---|
| ത്രൈലോക്യാം | മൂന്നു ലോകവും |
| സംവർത്താംഭസി | പ്രളയ ജലത്തിൽ |
| ലീയമാനായാം | ലയിച്ചുകൊണ്ടിരിക്കെ, |
| തദാ വൈ | അപ്പോൾ ഉടനെ |
| മയാ | എന്നാൽ |
| ഈരിതാ | പ്രേരിതമായ |
| വിശാലാ | ആക്കമുള്ള |
| കാചിത് നൗഃ | ഒരു വഞ്ചി |
| ത്വാം | അങ്ങയെ |
| ഉപസ്ഥാസ്യതി | സമീപിക്കുന്നതാണ്. |

**34. ത്വം താവദോഷധീഃ സർവാ ബീജാന്യുച്ചാവചാനി ച**
**സപ്തർഷിഭിഃ പരിവൃതഃ സർവ്വസത്വോപബൃംഹിതഃ**

**35. ആരുഹ്യ ബൃഹതീം നാവം വിചരിഷ്യസ്യവിക്ലവഃ**
**ഏകാർണ്ണവേ നിരാലോകേ ഋഷീണാമേവ വർച്ചസാ.**

| | |
|---|---|
| ത്വം താവത് | അങ്ങയാകട്ടെ അന്നേരം |
| സർവാ | എല്ലാതരം |
| ഓഷധീഃ | ധാന്യച്ചെടികളെയും |
| ഉച്ചാവചാനി | പലമാതിരിക്കുള്ള |

| | |
|---|---|
| ബീജാനി ച | വിത്തുകളെയും |
| (ആദായ) | ശേഖരിച്ചെടുത്തു്, |
| സർവ്വസത്വോപബൃംഹിതഃ | സകല ജീവികളുടെയും സൂക്ഷ്മ ശരീരങ്ങളോടെ മികച്ചവനും |
| സപ്തർഷിഭിഃ | സപ്തർഷികളാൽ |
| പരിവൃതഃ | ചുഴലപ്പെട്ടവനുമായി |
| ബൃഹതീം | വലിപ്പമുള്ള |
| നാവം | ആ തോണിയിലേക്കു് |
| ആരുഹ്യ | കയറിയിട്ടു്, |
| നിരാലോകേ | വെളിച്ചമില്ലാത്ത |
| ഏകാർണ്ണവേ | ഒററപ്പെരുംകടലിൽ |
| ഋഷീണാം | ഋഷിമാരുടെ |
| വർച്ചസാ ഏവ | ദിവ്യപ്രകാശംകൊണ്ടു തന്നെ |
| അവിക്ലവഃ | ഞെരുക്കമെററവനായി |
| വിചരിഷ്യസി | ഉല്ലാസയാത്ര ചെയ്യും. |

**36. ദോധൂയമാനാം താം നാവം സമീരേണ ബലീയസാ**
**ഉപസ്ഥിതസ്യ മേ ശൃംഗേ നിബധ്നീഹി മഹാഹിനാ.**

| | |
|---|---|
| ബലീയസാ | ഊക്കപെരുത്ത |
| സമീരേണ | കൊടുംകാററിനാൽ |
| ദോധൂയമാനാം | ഉലഞ്ചൽ കൊള്ളിക്കപ്പെടുന്ന |
| താം നാവം | ആ തോണിയെ |
| ഉപസ്ഥിതസ്യ | (ഇതേ വടിവിൽ) അടുത്തണഞ്ഞിട്ടുള്ള |
| മേ | എന്റെ |
| ശൃംഗേ | കൊമ്പിന്മേൽ |
| മഹാഹിനാ | വാസുകിയെക്കൊണ്ടു് |
| നിബധ്നീഹി | മുറുക്കിക്കെട്ടണം. |

**37. അഹം ത്വാമൃഷിഭിഃ സാകം സഹനാവമുദന്വതി**
**വികർഷൻ വിചരിഷ്യാമി യാവദ് ബ്രാഹ്മീനിശാ പ്രഭോ.**

| | |
|---|---|
| പ്രഭോ | മഹാനായ രാജാവേ! |
| യാവത് ബ്രാഹ്മീനിശാ | ബ്രഹ്മാവിന്റെ രാത്രികാലം നിലവിലുള്ളതുവരെ |
| സഹനാവം | തോണിയോടുകൂടിയ |
| ത്വാം | അങ്ങയെ |
| ഋഷിഭിഃ | സപ്തർഷികളോടു |
| സാകം | കൂടെ |
| ഉദന്വതി | സമുദ്രത്തിൽ |
| വികർഷൻ | വലിച്ചുകൊണ്ടു് |
| അഹം | ഞാൻ |
| വിചരിഷ്യാമി | സഞ്ചരിക്കുന്നതാണ്. |

**38. മദീയം മഹിമാനം ച പരം ബ്രഹ്മേതി ശബ്ദിതം**
**വേത്സ്യസ്യനുഗൃഹീതം മേ സംപ്രശ്നൈർവിവൃതം ഹൃദി.**

| | |
|---|---|
| പര ബ്രഹ്മ | 'പരബ്രഹ്മസ്വരൂപം' |
| ഇതി | എന്നിങ്ങനെ |
| ശബ്ദിതം | വേദാന്തവാക്യങ്ങളാൽ ഉദ്ഘോഷിക്കപ്പെട്ടിരിക്കുന്ന |
| മദീയം | എന്നെ സംബന്ധിച്ച |
| മഹിമാനം | വാസ്തവികമാഹാത്മ്യത്തെ |
| സംപ്രശ്നൈഃ | അങ്ങു് വഴിക്കുവഴിയായി ചോദിക്കുന്ന ചോദ്യങ്ങളനുസരിച്ചു് |
| മേ | എന്നാൽ |

| | | | |
|---|---|---|---|
| അനുഗ്രഹീതം | സന്ദേഹനിവൃത്തി വരുത്തിയനുഗ്രഹിക്കപ്പെട്ടതായിട്ട് | വിവൃതം | സവിസ്തരം പ്രകടമാകും വണ്ണം |
| ഹൃദി | ഹൃദയത്തിൽ | വേത്സ്യസി | അങ്ങ് ഗ്രഹിക്കുന്നതുമാണ് |

**39. ഇത്ഥമാദിശ്യ രാജാനം ഹരിരന്തരധീയത**
**സോƒന്വവൈക്ഷത തം കാലം യം ഹൃഷീകേശ ആദിശത്.**

| | | | |
|---|---|---|---|
| ഹരിഃ | വിഷ്ണു ഭഗവാൻ | യാ കാലം | യാതൊരു സമയത്തെ |
| ഇത്ഥം | ഇപ്രകാരം | ആദിശത് | കല്പിച്ചരുളിയിരുന്നുവോ |
| രാജാനം | സത്യവ്രത രാജാവിനോട് | തം | അതിനെ |
| ആദിശ്യ | കല്പിച്ചരുളിയശേഷം | സഃ | അദ്ദേഹം |
| അന്തരധീയത | അന്തർദ്ധാനം ചെയ്തു. | അന്വവൈക്ഷത | കാത്തിരിപ്പായി |
| ഹൃഷീകേശഃ | ഭഗവാൻ | | |

**40. ആസ്തീര്യ ദർഭാൻ പ്രാക്കൂലാൻ രാജർഷിഃ പ്രാഗുദങ്മുഖഃ**
**നിഷസാദ ഹരേഃ പാദൗ ചിന്തയൻ മത്സ്യരൂപിണഃ**

| | | | |
|---|---|---|---|
| രാജർഷിഃ | രാജാവും ഋഷിയുമായിരുന്ന സത്യവ്രതൻ | മത്സ്യരൂപിണഃ | മത്സ്യരൂപിയായ |
| ദർഭാൻ | ദർഭപ്പുല്ലുകളെ | ഹരേഃ | ശ്രീഹരിയുടെ |
| പ്രാക്കൂലാൻ | കിഴക്കോട്ടു തലയാക്കി | പാദൗ | തിരുവടികളെ |
| ആസ്തീര്യ | വിരിച്ച് | | |
| പ്രാഗുദങ്മുഖഃ | കിഴക്കുവടക്കു ദിശയിലേക്ക് മുഖം തിരിച്ചുകൊണ്ട്, | ചിന്തയൻ | ധ്യാനിച്ചുകൊണ്ട് |
| | | നിഷസാദ | ഇരിപ്പുറപ്പിച്ചു. |

**41. തതഃ സമുദ്ര ഉദ്വേലഃ സർവ്വതഃ പ്ലാവയൻ മഹീം**
**വർദ്ധമാനോ മഹാമേഘൈർ വർഷദ്ഭിഃ സമദൃശ്യത.**

| | | | |
|---|---|---|---|
| തതഃ | പിന്നെ (ഏഴാം ദിവസമായപ്പോൾ) | വർദ്ധമാനഃ | ക്ഷോഭിച്ചുയർന്ന്, |
| | | മഹീം | ഭൂമിയെ |
| സമുദ്രഃ | സമുദ്രം | സർവ്വതഃ | എമ്പാടും |
| ഉദ്വേലഃ | കരകവിഞ്ഞേന്തി, | പ്ലാവയൻ | വെള്ളത്തിലാഴ്ത്തുന്നതായിട്ട് |
| വർഷദ്ഭിഃ | കോരിച്ചൊരിയുന്ന | | |
| മഹാമേഘൈഃ | പെരുത്തകരിംകാറുകളാൽ | സമദൃശ്യത | കാണപ്പെട്ടു. |

**42 ധ്യായൻ ഭഗവദാദേശം ദദൃശേ നാവമാഗതാം**
**താമാരുരോഹ വിപ്രേന്ദ്രൈരാദായൗഷധിവീരുധഃ**

| | |
|---|---|
| ഭഗവദാ-ദേശം | ഭഗവാന്റെ (മൽസ്യമൂർത്തിയുടെ) ആ ദേശത്തെ |
| ധ്യായൻ | സ്മരിച്ചുകൊണ്ടിരുന്ന സത്യവ്രതൻ |
| ആഗതാം | അവിടെ എത്തിച്ചേർന്ന |
| നാവം | തോണിയെ |
| ദദൃശേ | കണ്ടു. |
| ഔഷധീ-വീരുധഃ | ധാന്യാങ്കുരങ്ങൾ, ലതകൾ, വിത്തുകൾ എന്നിവയെ |
| ആദായ | എടുത്ത് |
| വിപ്രേന്ദ്രൈഃ | സപ്തർഷികളോടുകൂടെ |
| താം | അതിലേക്ക് |
| ആരുരോഹ | കയറി |

**43.** **തമൂചുർമുനയഃ പ്രീതാ രാജൻ ധ്യായസ്വ കേശവം**
**സ വൈ നഃ സങ്കടാദസ്മാദവിതാ ശം വിധാസ്യതി**

| | |
|---|---|
| പ്രീതാഃ | സന്തുഷ്ടരായ |
| മുനയഃ | സപ്തർഷികൾ |
| തം ഊചുഃ | അദ്ദേഹത്തോടു പറഞ്ഞു. |
| രാജൻ | ''രാജാവേ! |
| കേശവം | ജലശായിയായ ശ്രീമഹാവിഷ്ണുവിനെ |
| ധ്യായസ്വ | ധ്യാനിച്ചുകൊൾക. |
| സഃ വൈ | അവിടുന്നു തന്നെ |
| നഃ | നമ്മളെ |
| അസ്മാത് | ഈ |
| സങ്കടാത് | സങ്കടത്തിൽനിന്ന് |
| അവിതാ | രക്ഷിച്ചുകൊള്ളും; |
| ശം | സൗഖ്യത്തെ |
| വിധാസ്യതി | ഉണ്ടാക്കിത്തരികയും ചെയ്യും.'' |

**44.** **സോഽനുധ്യാതസ്തതോ രാജ്ഞാ പ്രാദുരാസീന്മഹാർണ്ണവേ**
**ഏകശൃംഗധരോ മത്സ്യോ ഹൈമോ നിയുതയോജനഃ**

| | |
|---|---|
| തതഃ | അനന്തരം |
| രാജ്ഞാ | രാജാവിനാൽ |
| അനുധ്യാതഃ | ധ്യാനിക്കപ്പെട്ട |
| സഃ | തന്തിരുവടി |
| നിയുത-യോജനഃ | നൂറായിരം യോജനയോളം ആക്കമുള്ളതും |
| ഏകശൃംഗ-ധരഃ | ഒരേയൊരു കൊമ്പുധരിച്ചിട്ടുള്ളതും |
| ഹൈമഃ | സുവർണ്ണമയവുമായ |
| മൽസ്യഃ | ഒരു മൽസ്യമായിട്ട് |
| മഹാർണ്ണവേ | മഹാസമുദ്രത്തിൽ |
| പ്രാദുരാസീത് | പ്രത്യക്ഷപ്പെട്ടു. |

**45.** **നിബധ്യ നാവം തച്ഛൃംഗേ യഥോക്തോ ഹരിണാ പുരാ**
**വരത്രേണാഹിനാ ഇഷ്ടസ്തുഷ്ടാവ മധുസൂദനം.**

| | |
|---|---|
| പുരാ | മുമ്പ് |
| യഥാ | യാതൊരു പ്രകാരം |
| ഹരിണാ | ഭഗവാനാൽ |
| ഉക്തഃ | താൻ നിർദ്ദിഷ്ടനായോ, |
| (തഥാ) | അതുപ്രകാരം |
| നാവം | തോണിയെ |
| തച്ഛൃംഗേ | ആ മൽസ്യത്തിന്റെ കൊമ്പിന്മേൽ |
| വരത്രേണ | വമ്പിച്ച കമ്പിക്കൊത്ത |
| അഹിനാ | പാമ്പിനാൽ (വാസുകിയാൽ) |
| നിബധ്യ | മുറുകെക്കെട്ടി. |

ഇഷ്ടഃ സന്തുഷ്ടനായ രാജാവ് ഭഗവാനെ
മധുസൂദനം മധുവൈരിയായ ഇഷ്ടാവ സ്തുതിച്ചു.

പ്രളയസമുദ്രത്തെ തരണം ചെയ്യുകയാണെന്ന തോന്നലുണ്ടാക്കിക്കൊണ്ട് സംസാര സമുദ്രത്തെ തരണം ചെയ്യിച്ചുതന്നെ അനുഗ്രഹിക്കുവാൻ കനിവാർന്നിരിക്കുന്ന ശ്രീഹരിയെ പരമഗുരുവായി മനസ്സിൽ കണ്ടുകൊണ്ട് സത്യവ്രതൻ ചെയ്ത സ്തുതിയാണ് താഴെ എട്ടുശ്ലോകങ്ങളിൽ പറയപ്പെടുന്നതു്.

കാലഗതികൊണ്ട് സംഭവിച്ച സ്വാഭാവികപ്രളയമായിരുന്നില്ല ഇതെന്ന് കരുതണം. 'ബ്രാഹ്മോലയഃ' എന്ന് ആദ്യം പറഞ്ഞതിൽ നിന്നു മഹാപ്രളയമായിരുന്നുവെന്നും, പിന്നെ ''യാവത് ബ്രാഹ്മീനിശാ'' എന്നിങ്ങനെ തുടർന്നുപറഞ്ഞതിനാൽ ദൈനംദിന പ്രളയമായിരിക്കണമെന്നും തോന്നിയേക്കാം. എന്നാൽ രണ്ടുവിധം പ്രളയങ്ങളിലും കാര്യപ്രപഞ്ചം കാരണസ്വരൂപത്തിൽ വിലയിക്കേണ്ടതാണ്. അതുണ്ടായിട്ടില്ല. ഉണ്ടായെന്നുവരികിൽ സത്യവ്രതൻ ഭൂമിയാവുന്ന നൗകയിൽ ('നാവ്യാരോപ്യ മഹീമയ്യാം' എന്ന് പ്രഥമസ്കന്ധത്തിൽ) വനസ്പതികളെയും ജീവബീജങ്ങളെയും സ്വരൂപിച്ചെടുത്തു കയറിക്കൂടുന്നതെങ്ങനെ? നൂറാണ്ടുകാലത്തെ അനാവൃഷ്ട്യാദി മുൻലക്ഷണങ്ങളൊന്നും കാണിക്കാതെ ആകസ്മികമായി സാംവർത്തക മേഘങ്ങൾ വർഷിച്ചുതുടങ്ങിയതും കടൽ കരകവിഞ്ഞ് ആഞ്ഞുകയറിയതുമെങ്ങനെയാണ്? ചാക്ഷുഷമന്വന്തരാന്തത്തിൽ പ്രളയമുണ്ടായെന്നിരിക്കട്ടെ. അപ്പോഴും ഈ സത്യവ്രതൻ വൈവസ്വതനെന്ന ഏഴാം മന്വന്തരാധിപതിയാകുമോ? ഇത്തരം ആശങ്കകൾക്കെല്ലാം സമാധാനം കണ്ടെത്തുക പ്രയാസമാണ്. ആകയാൽ ഇത് വാസ്തവമായുണ്ടായ ഒരു പ്രളയമേ ആയിരുന്നില്ലെന്നും സത്യവ്രതന് ജ്ഞാനോപദേശം ചെയ്യുവാൻ ആവിർഭവിച്ച ഭഗവാൻ അദ്ദേഹത്തിന്റെ മനസ്സിൽ വൈരാഗ്യം ജനിപ്പിക്കുന്നതിനു വേണ്ടി പ്രദർശിപ്പിച്ച ഒരു ആകസ്മിക പ്രളയമായിരുന്നുവെന്നും ധരിച്ചുകൊള്ളണമെന്ന് ശ്രീധരസ്വാമി പാദർ ഉദ്ബോധിപ്പിക്കുന്നു.

രാജോവാച = രാജാവു സത്യവ്രതൻ സ്തുതിച്ചുചൊല്ലി.

നാനായോനികളിലകപ്പെട്ടു ജനിമൃതി ദുഃഖമനുഭവിക്കുന്ന തനിക്കു ഭഗവത്കൃപയാൽ ഭഗവത് പ്രാപ്തിയുണ്ടായതു കണ്ടിട്ട് മുക്തിക്കുവേണ്ടി തന്തിരുവടിയെത്തന്നെ പ്രാർത്ഥിക്കുന്നു.

46. **അനാദ്യവിദ്യോപഹതാത്മസംവിദ-**
**സ്തന്മൂലസംസാരപരിശ്രമാതുരാഃ**
**യദൃച്ഛയേഹോപസൃതാ യമാപ്നുയുർ-**
**വിമുക്തിദോ നഃ പരമോ ഗുരുർഭവാൻ**

| | | | |
|---|---|---|---|
| അനാദ്യവിദ്യോപഹതാത്മസംവിദഃ | അനാദിയായ അജ്ഞാനത്താൽ ആവരണം ചെയ്യപ്പെട്ടിരിക്കുന്ന ആത്മജ്ഞാനത്തോടുകൂടിയവരും | യം | യാതൊരുവനെ |
| | | ഉപസൃതാഃ | സമാശ്രയിച്ചവരായി ഭവിച്ച് |
| | | (യം) | യാതൊരുവനെത്തന്നെ |
| തന്മൂലസംസാരപരിശ്രമാതുരാഃ | തന്നിമിത്തമുള്ള പ്രാപഞ്ചിക ക്ലേശങ്ങളാൽ കഷ്ടപ്പെടുന്നവരുമായ ജനങ്ങൾ | ആപ്നുയുഃ | പ്രാപിക്കുന്നുവോ, |
| | | വിമുക്തിദഃ | സംസാരബന്ധനിർമ്മുക്തിയേകുന്ന |
| | | (സഃ) ഭവാൻ | ആ നിന്തിരുവടി |
| ഇഹ | ഈ സംസാരചക്രത്തിൽ | നഃ | ഞങ്ങളുടെ |
| യദൃച്ഛയാ | യാതൊരുവന്റെ അനുഗ്രഹത്താൽ | പരമഃ | സർവ്വാധികനായ |
| | | ഗുരുഃ | ഗുരുവാകുന്നു. |

ബന്ധനിർമ്മുക്തിക്കുതകുന്ന വിഷയവൈരാഗ്യം ത്വൽപാദസേവകൊണ്ടുമാത്രം സാധിക്കേണ്ടുന്ന ഒന്നാകയാൽ അതിനുള്ള മാർഗ്ഗം ആദേശിച്ചു തരുവാൻ പ്രാർത്ഥിച്ചുകൊണ്ട് സ്തുതിക്കുന്നു.

47. ജനോഽബുധോഽയം നിജകർമ്മബന്ധനഃ
സുഖേച്ഛയാ കർമ്മ സമീഹതേഽസുഖം
യത്സേവയാ താം വിധുനോത്യസന്മതിം
ഗ്രന്ഥിം സ ഭിന്ദ്യാദ്ധൃദയം സ നോ ഗുരുഃ

| | | | |
|---|---|---|---|
| അബുധഃ | അജ്ഞാനിയായ | അസന്മതിം | മിഥ്യാബുദ്ധിയായ |
| അയം ജനഃ | ഈ ജീവൻ | താം | ആ സുഖാഭിലാഷത്തെ |
| നിജകർമ്മബന്ധനഃ | തന്റെ കർമ്മങ്ങളാലുളവായ സംസാരബന്ധനത്തിൽ കുടുങ്ങിയവനായിട്ട് | വിധുനോതി | ഇവൻ പാടെ പരിത്യജിക്കുന്നുവോ, |
| | | സഃ നഃ | ആ ഭഗവാൻ, നമ്മുടെ |
| സുഖേച്ഛയാ | സുഖാഭിലാഷത്താൽ | ഹൃദയം | മനോരൂപമായ |
| അസുഖം | ദുഃഖം അനുഭവിച്ചുകൊണ്ട് | ഗ്രന്ഥിം | ഊരാക്കുടുക്കിനെ (അജ്ഞാനത്തെ) |
| കർമ്മ | കർമ്മം തന്നെ | ഭിന്ദ്യാത് | അറുത്തുകളയട്ടെ (നീക്കിക്കളയട്ടെ) |
| സമീഹതേ | ചെയ്തുവരുന്നു; | | |
| യത്സേവയാ | യാതൊരു ഭഗവാന്റെ സേവാനുഷ്ഠാനത്താൽ | സഃ | അവിടുന്നുതന്നെയാണ് |
| | | ഗുരുഃ | ഗുരുഭൂതനായിട്ടുള്ളത്. |

യജ്ഞദാനാദികർമ്മങ്ങൾ ചെയ്ത് അന്തഃകരണശുദ്ധിവരുത്താതെ ഹൃദയഗ്രന്ഥിഭേദനം സാധ്യമാകുമോ? എന്നാണെങ്കിൽ—

48. യത്സേവയാഗ്നേരിവ രുദ്രരോദനം
പുമാൻ വിജഹ്യാന്മലമാത്മനസ്തമഃ
ഭജേത വർണ്ണം നിജമേഷ സോഽവ്യയോ
ഭൂയാത് സ ഈശഃ പരമോ ഗുരോർഗ്ഗുരുഃ

| | | | |
|---|---|---|---|
| യത്സേവയാ | യാതൊരു ഭഗവാന്റെ സേവാനുഷ്ഠാനത്താൽ | വർണ്ണം | നിറത്തെ (സ്വസ്വരൂപത്തെ) |
| പുമാൻ | ജീവൻ | ഭജതേ | പ്രാപിക്കുകയും ചെയ്യുന്നുവോ, |
| ആത്മനഃ | മനസ്സിന്റെ | | |
| മലം | ചളിയായ | അവ്യയഃ | നിർവികാരനായ |
| തമഃ | അജ്ഞാനതിമിരത്തെ | സഃ ഈശഃ | ആ സർവേശ്വരൻ |
| വിജഹ്യാത് | അകററുന്നുവോ, | ഗുരുഃ | ഗുരുവായി |
| അഗ്നേ | അഗ്നിയുടെ സ്പർശനത്താൽ | ഭൂയാത് | ഭവിക്കേണമെ! |
| രുദ്രരോദനം | വെള്ളിയും പൊന്നും | (യതഃ) സഃ | എന്തെന്നാൽ അവിടുന്നു തന്നെയാണ്. |
| ഇവ | ചളിയകന്നു തനിറം പ്രാപിക്കുന്നതുപോലെ | ഗുരോഃ | ഗുരുവെക്കാളും |
| ഏഷഃ | ഇവൻ | പരമഃ | ശ്രേഷ്ഠനായ |
| നിജം | തനതായ | ഗുരുഃ | ഗുരുവാകുന്നത്. |

ഇനി ഭഗവാന്റെ സർവ്വേശ്വരത്വവും പരമഗുരുത്വവും വിസ്തരിച്ചുചൊല്ലി സ്തുതിക്കുന്നു.

49. ന യത്പ്രസാദായുതഭാഗലേശ-
മന്യേ ച ദേവാ ഗുരവോ ജനാഃ സ്വയം
കർത്തും സമേതാഃ പ്രഭവന്തി പുംസ-
സ്തമീശ്വരം ത്വാം ശരണം പ്രപദ്യേ.

| | | | |
|---|---|---|---|
| ദേവാഃ | ദേവന്മാരും | പുംസഃ | ജീവന്ന് |
| ഗുരവഃ | ഗുരുദേവന്മാരും | സ്വയം | സ്വാതന്ത്ര്യമായി |
| അന്യേ | അങ്ങനെയല്ലാത്തുള്ള | കർത്തും | ചെയ്തുകൊടുപ്പാൻ |
| ജനാഃ ച | പ്രാപഞ്ചികന്മാരും | ന പ്രഭവന്തി | ശക്തരല്ലയോ, |
| സമേതാഃ | ഒന്നിച്ചുചേർന്നാൽക്കൂടി | തം | അങ്ങനെയുള്ള |
| യത്പ്രസാദാത് | യാതൊരാളുടെ അനുഗ്രഹത്തിൽനിന്ന് | ഈശ്വരം | സർവേശ്വരനായ |
| അയുതഭാഗലേശം | പതിനായിരം അംശത്തിലെ ഒരംശത്തിന്റെ സ്വല്പാംശംപോലും | ത്വാം | നിന്തിരുവടിയെ |
| | | ശരണം പ്രപദ്യേ | ഞാനിതാ ശരണം പ്രാപിക്കുന്നു. |

ഇതിനെത്തന്നെ സോദാഹരണം ഇനി വ്യക്തമാക്കുന്നു.

50. അചക്ഷുരന്ധസ്യ യഥാഗ്രണീഃ കൃത-
സ്തഥാ ജനസ്യാവിദുഷോഽബുധോ ഗുരുഃ
ത്വമർക്കദൃക് സർവ്വദൃശാം സമീക്ഷണോ
വൃതോ ഗുരുർനഃ സ്വഗതിം ബുഭുത്സതാം.

| | |
|---|---|
| അന്ധസ്യ | കണ്ണുകാണാത്തവന് |
| അചക്ഷുഃ | കണ്ണില്ലാത്തവൻ |
| യഥാ | ഏപ്രകാരം |
| അഗ്രണീഃ | വഴികാണിച്ച് മുമ്പിൽ നടക്കുന്നുവോ, |
| തഥാ | അതുപോലെയാണ് |
| അവിദുഷഃ | അറിവില്ലാത്ത |
| ജനസ്യ | ജനത്തിന്ന് |
| അബുധഃ | അറിവില്ലാത്തവൻ |
| ഗുരുഃ | ഉപദേഷ്ടാവായി |
| കൃതഃ | സ്വീകരിക്കപ്പെടുന്നത്. |
| ത്വം | (എന്നാൽ) നിന്തിരുവടി |
| അർക്കഃ | സൂര്യനെപ്പോലെ സ്വയം പ്രകാശനം |
| സർവ്വദൃശാം | സമസ്തേന്ദ്രിയങ്ങളുടെയും |
| സമീക്ഷണഃ | പ്രേരകശക്തിയായി വർത്തിക്കുന്നവനുമാണ്. |
| സ്വഗതിം ആകയാൽ) | ആത്മജ്ഞാനത്തെ |
| ബുഭുത്സതാം | ബോധിക്കുവാനിച്ഛിക്കുന്ന |
| നഃ | ഞങ്ങളുടെ |
| ഗുരുഃ | ഗുരുവായി |
| വൃതഃ | നിന്തിരുവടി വരിക്കപ്പെട്ടിരിക്കുന്നു. |

മാത്രമല്ല, പ്രാകൃത ഗുരുജനങ്ങളെ സ്വീകരിക്കുന്നത് അനർത്ഥത്തിനുകൂടി ഹേതുവാകുമെന്ന് ഇനി എടുത്തുപറയുന്നു.

51. **ജനോ ജനസ്യാദിശതേഽസതീം മതിം**
**യയാ പ്രപദ്യേത ദുരത്യയം തമഃ**
**ത്വം ത്വവ്യയം ജ്ഞാനമമോഘമഞ്ജസാ**
**പ്രപദ്യതേ യേന ജനോ നിജം പദം.**

| | |
|---|---|
| ജനഃ | പ്രാകൃത ഗുരുജനം |
| ജനസ്യ | പ്രാകൃതജനത്തിന്ന് |
| അസതീം | ഉണ്മയല്ലാത്ത |
| മതിം | ബുദ്ധിയെ മാത്രമേ |
| ആദിശതേ | ഉപദേശിക്കയുള്ളൂ. |
| യയാ | യാതൊരു ഈ മിഥ്യാബുദ്ധിയാൽ |
| ദുരത്യയം | ദുസ്തരമായ |
| തമഃ | അന്ധകാരത്തിലേക്ക് (ഘോരസംസൃതിയിലേക്ക്) |
| പ്രപദ്യേത | ചെന്നുചേരുന്നു. |
| ത്വം തു | നിന്തിരുവടിയാകട്ടെ |
| അവ്യയം | അഴിവില്ലാത്തതും |
| അമോഘം | നിഷ്ഫലമാവാത്തതുമായ |
| ജ്ഞാനം | യഥാർത്ഥ ജ്ഞാനത്തെ |
| അഞ്ജസാ | അനായാസേന |
| (ആദിശസി) | ഉപദേശിക്കുന്നു. |
| യേന | യാതൊരു ഈ ജ്ഞാനത്താൽ |
| ജനഃ | പ്രാകൃതജനം |
| നിജം | തന്റേതായ |
| പദം | വാസ്തവിക സ്വരൂപത്തെ |
| പ്രപദ്യതേ | പ്രാപിക്കുന്നതുമാണ്. |

എന്നാൽ ലോകം ഈ അമോഘജ്ഞാനം ഉപാർജ്ജിക്കുവാൻ നിന്തിരുവടിയെ സമീപിക്കാത്തത് ബുദ്ധിമൗഢ്യം കൊണ്ടാണെന്ന് ഇനി പറയുന്നു.

**52.** **ത്വം സർവ്വലോകസ്യ സുഹൃത് പ്രിയേശ്വരോ**
**ഹ്യാത്മാ ഗുരുർജ്ഞാനമഭീഷ്ടസിദ്ധിഃ**
**തഥാപി ലോകോ ന ഭവന്തമന്ധധീർ-**
**ജാനാതി സന്തം ഹൃദി ബദ്ധകാമഃ**

| | | | |
|---|---|---|---|
| ത്വം | നിന്തിരുവടി | തഥാപി | എന്നിരിക്കിലും |
| സർവ്വലോകസ്യ | സമസ്തലോകത്തിന്റെയും | അന്ധധീഃ | ബുദ്ധിക്ക് അന്ധത ബാധിച്ചിരിക്കുന്ന |
| സുഹൃത് | സുഹൃത്തായും | ലോകഃ | ലോകം (ജനങ്ങൾ) |
| പ്രിയേശ്വരഃ | പ്രിയംകരനായും, നിയന്താവായും, | ബദ്ധകാമഃ | വിഷയകാമനകളാൽ ബദ്ധരായിട്ട് |
| ആത്മാ | ആത്മാവായും, | ഹൃദി | ഹൃദയത്തിൽ |
| ഗുരുഃ | ജ്ഞാനോപദേഷ്ടാവായും | സന്തം | കുടികൊള്ളുന്ന |
| ജ്ഞാനം | ജ്ഞാനമായും, | ഭവന്തം | നിന്തിരുവടിയെ |
| അഭീഷ്ടസിദ്ധിഃ | അഭീഷ്ടസിദ്ധിയായും വർത്തിക്കുന്നു. | ന ജാനാതി | അറിയുന്നില്ല. |

"ഞാനാകട്ടെ നിന്തിരുവടിയെത്തന്നെ സർവ്വാത്മനാ ആശ്രയിക്കുന്നു". എന്നറിയിച്ചുകൊണ്ടു സത്യവ്രതൻ സ്തുതിയെ ഉപസംഹരിക്കുന്നു.

**53.** **തം ത്വാമഹം ദേവവരം വരേണ്യം**
**പ്രപദ്യ ഈശം പ്രതിബോധനായ**
**ഛിന്ധ്യർത്ഥദീപൈർഭഗവൻ വചോഭിർ-**
**ഗ്രന്ഥീൻ ഹൃദയ്യാൻ വിവൃണു സ്വമോകഃ**

| | | | |
|---|---|---|---|
| അഹം | ഞാൻ | അർത്ഥദീപൈഃ | പരമാത്മ തത്ത്വത്തെ തെളിച്ചുതരുന്ന |
| ദേവവരം | ദേവന്മാരിൽ ശ്രേഷ്ഠനും | വചോഭിഃ | തിരുവായ്മൊഴികളാൽ |
| വരേണ്യം | പൂജനീയനും | ഹൃദയ്യാൻ | മനസ്സിലുള്ള |
| ഈശം | അഖിലേശ്വരനുമായ | ഗ്രന്ഥീൻ | കെട്ടുകളെ |
| തം ത്വാം | ആ നിന്തിരുവടിയെ | ഛിന്ധി | അറുത്തുതരണേ! |
| പ്രതിബോധനായ | പരമജ്ഞാനം ഉപദേശിക്കുന്നതിന്നുവേണ്ടി | സ്വം ഓകഃ | സ്വ സ്വരൂപത്തെ |
| പ്രപദ്യേ | ശരണം പ്രാപിക്കുന്നു. | വിവൃണു | വെളിവാക്കിത്തരണേ! |
| ഭഗവൻ | സർവ്വജ്ഞനായനിധേ! | | |

ശ്രീശുക ഉവാച = ശ്രീശുകൻ പറഞ്ഞു.

**54.** **ഇത്യുക്തവന്തം നൃപതിം ഭഗവാനാദിപൂരുഷഃ**
**മത്സ്യരൂപീ മഹാംഭോധൗ വിഹരംസ്തത്ത്വമബ്രവീത്.**

| | | | |
|---|---|---|---|
| ഇതി | ഇപ്രകാരം | ഭഗവാൻ | വിഷ്ണുഭഗവാൻ |
| ഉക്തവന്തം | സ്തുതിച്ചുചൊല്ലിയ | മഹാംഭോധൗ | പ്രളയസമുദ്രത്തിൽ |
| നൃപതിം | സത്യവ്രതരാജാവിനോട് | വിഹരൻ | നീന്തിക്കളിച്ചുകൊണ്ട് |
| ആദിപുരുഷഃ | ആദിപുരുഷനും | തത്ത്വം | ആത്മതത്ത്വത്തെ |
| മത്സ്യരൂപീ | മത്സ്യരൂപം ധരിച്ചവനുമായ | അബ്രവീത് | ഉപദേശിച്ചു. |

**55. പുരാണസംഹിതാം ദിവ്യാം സാംഖ്യയോഗക്രിയാവതീം**
**സത്യവ്രതസ്യ രാജർഷേരാത്മഗുഹ്യമശേഷതഃ**

| | | | |
|---|---|---|---|
| സാംഖ്യയോഗക്രിയാവതീം | ജ്ഞാനം, ഭക്തി, കർമ്മം എന്നിവ മൂന്നും ഉൾക്കൊള്ളുന്നതും | ആത്മഗുഹ്യം | അധ്യാത്മ രഹസ്യത്തെ |
| | | അശേഷതഃ | മുഴുവനും |
| ദിവ്യാം | അതിവിശിഷ്ടവും | രാജർഷേഃ | രാജർഷിയായ |
| പുരാണസംഹിതാം | 'മത്സ്യപുരാണം' എന്ന പേരിൽ അറിയപ്പെടുന്നതുമായ സംഹിതയെ മുൻനിർത്തി. | സത്യവ്രതസ്യ | സത്യവ്രതന്ന് |
| | | (അബ്രവീത്) | ഉപദേശിച്ചു. |

**56. അശ്രൗഷീദൃഷിഭിഃ സാകമാത്മതത്ത്വമസംശയം**
**നാവ്യാസീനോ ഭഗവതാ പ്രോക്തം ബ്രഹ്മസനാതനം.**

| | | | |
|---|---|---|---|
| ഋഷിഭിഃ സാകം | മഹർഷിമാരോടുകൂടെ | സനാതനം | ശാശ്വതമായ |
| നാവി | തോണിയിൽ | ബ്രഹ്മ | ബ്രഹ്മസ്വരൂപം തന്നെയായ |
| ആസീനഃ | ഉപവിഷ്ടനായ സത്യവ്രതൻ | ആത്മതത്ത്വം | ആത്മതത്ത്വത്തെ |
| ഭഗവതാ | ഭഗവാനാൽ | അസംശയം | സന്ദേഹം തീരുമാറ് |
| പ്രോക്തം | ഉപദേശിക്കപ്പെട്ട | അശ്രൗഷീത് | കേട്ടു. |

**57. അതീത പ്രളയാപായ ഉത്ഥിതായ സ വേധസേ**
**ഹത്വാസുരം ഹയഗ്രീവം വേദാൻ പ്രത്യാഹരദ്ധരിഃ**

| | | | |
|---|---|---|---|
| സഃ ഹരിഃ | ആ ശ്രീഹരി | അസുരം | അസുരനായ |
| അതീതപ്രളയാപായേ | കഴിഞ്ഞുപോയ പ്രളയത്തിന്റെ അവസാനമായപ്പോൾ | ഹയഗ്രീവം | ഹയഗ്രീവനെ |
| | | ഹത്വാ | വധിച്ച് |
| ഉത്ഥിതായ | നിദ്രവിട്ടെഴുന്നേറ്റ | വേദാൻ | വേദങ്ങളെ |
| വേധസേ | ബ്രഹ്മാവിനായിക്കൊണ്ട് | പ്രത്യാഹരത് | വീണ്ടെടുത്തുകൊടുത്തു. |

58. സ തു സത്യവ്രതോ രാജാ ജ്ഞാനവിജ്ഞാനസംയുതഃ
വിഷ്ണോഃ പ്രസാദാത് കല്പേƒസ്മിന്നാസീത് വൈവസ്വതോ മനുഃ

| | | | |
|---|---|---|---|
| സത്യവ്രതഃ | സത്യവ്രതനെന്ന | പ്രസാദാത് | അനുഗ്രഹത്താൽ |
| സഃ രാജാ തു | ആ രാജാവാകട്ടെ | അസ്മിൻ | ഈ നിലവിലുള്ള |
| ജ്ഞാനവിജ്ഞാനസംയുതഃ | പരോക്ഷവും അപരോക്ഷവുമായ അറിവോടു കൂടിയവനായിട്ട് | കല്പേ | കല്പത്തിൽ |
| | | വൈവസ്വതഃ | വൈവസ്വതനെന്ന |
| | | മനുഃ | മനുവായി |
| വിഷ്ണോഃ | ശ്രീവിഷ്ണുവിന്റെ | ആസീത് | ഭവിച്ചിരിക്കുന്നു. |

ഫലശ്രുതി കേൾപ്പിച്ച് ഈ ആഖ്യാനം ഉപസംഹരിക്കുന്നു.

59. സത്യവ്രതസ്യ രാജർഷേർമായാമത്സ്യസ്യ ശാർങ്ഗിണഃ
സംവാദം മഹദാഖ്യാനം ശ്രുത്വാ മുച്യേത കില്ബിഷാത്

| | | | |
|---|---|---|---|
| സത്യവ്രതസ്യ | സത്യവ്രതനെന്ന | മഹത് | വിസ്തൃതമായ |
| രാജർഷേഃ | രാജർഷിയുടെയും | ആഖ്യാനം | ചരിതത്തെ |
| മായാമത്സ്യസ്യ | യോഗമായയാൽ മത്സ്യാകാരം പൂണ്ട | ശ്രുത്വാ | ശ്രവിച്ചെന്നാൽ |
| ശാർങ്ഗിണഃ | ശ്രീ മഹാവിഷ്ണുവിന്റെയും | കില്ബിഷാത് | പാപത്തിൽനിന്ന് |
| സംവാദം | അന്യോന്യ സംഭാഷണരൂപമായ | മുച്യേത | മോചിതനാകും. |

60. അവതാരോ ഹരേര്യോƒയം കീർത്തയേദന്വഹം നരഃ
സങ്കല്പാസ്തസ്യ സിദ്ധ്യന്തി സ യാതി പരമാം ഗതിം

| | | | |
|---|---|---|---|
| ഹരേഃ | വിഷ്ണുഭഗവാന്റെ | തസ്യ | അവന്റെ |
| അയം | ഈ | സങ്കല്പാഃ | മനോവിചാരങ്ങളെല്ലാം |
| അവതാരഃ | മത്സ്യാവതാരം | സിദ്ധ്യന്തി | നിറവേറുന്നു; |
| യഃ | യാതൊന്നോ, | സഃ | അവൻ |
| തം | അതിനെ | പരമാം | അത്യുന്നതമായ |
| അന്വഹം | പ്രതിദിനം | ഗതിം | നിലയിലേക്ക് |
| നരഃ | മനുഷ്യൻ | യാതി | എത്തിച്ചേരുന്നു. |
| കീർത്തയേത് | കീർത്തിക്കുകയാണെങ്കിൽ | | |

61. പ്രലയപയസി ധാതുഃ സുപ്തശക്തേർമ്മുഖേഭ്യഃ
ശ്രുതിഗണമപനീതം പ്രത്യുപാദത്ത ഹത്വാ
ദിതിജമകഥയദ്യോ ബ്രഹ്മ സത്യവ്രതാനാം
തമഹമഖിലഹേതും ജിഹ്മമീനം നതോഽസ്മി

| | | | |
|---|---|---|---|
| പ്രലയപയസി | പ്രളയജലത്തിൽ | പ്രത്യുപാദത്ത | വീണ്ടെടുത്തുവോ, |
| സുപ്തശക്തേഃ | നിദ്രയിലാണ്ട ശക്തിയോടുകൂടിയ | സത്യവ്രതാനാം | സത്യവ്രതനും സപ്തർഷിമാർക്കും |
| ധാതുഃ | ബ്രഹ്മദേവന്റെ | ബ്രഹ്മ | ബ്രഹ്മതത്ത്വത്തെ |
| മുഖേഭ്യഃ | മുഖങ്ങളിൽനിന്ന് | അകഥയത് | ചൊല്ലിക്കൊടുത്തുവോ, |
| അപനീതം | കവർന്നുകൊണ്ടുപോകപ്പെട്ട | തം | അങ്ങനെയുള്ള |
| ശ്രുതഗണം | വേദസമുച്ചയത്തെ, | അഖിലഹേതും | സർവ്വകാരണഭൂതനായ |
| ദിതിജം | ഹയഗ്രീവദൈത്യനെ | ജിഹ്മമീനം | കപടമത്സ്യമൂർത്തിയെ |
| ഹത്വാ | നിഗ്രഹിച്ച് | അഹം നതഃ അസ്മി | ഞാൻ നമസ്കരിക്കുന്നു. |
| യഃ | യാതൊരാൾ | | |

ഇതി ശ്രീമദ് ഭാഗവതേ മഹാപുരാണേ
വൈയാസിക്യാമഷ്ടാദശസാഹസ്ര്യാം
പാരമഹംസ്യാം സംഹിതായാം
അഷ്ടമസ്കന്ധേ
മത്സ്യാവതാര ചരിതാനുവർണ്ണനം നാമ
ചതുർവിംശോഽധ്യായഃ
അഷ്ടമസ്കന്ധേ ആദിതഃ ശ്ലോകാഃ 931
ശ്രീമദ് ഭാഗവതേ ആദിതഃ ശ്ലോകാഃ 7256
അഷ്ടമസ്കന്ധഃ സമാപ്തഃ
ശ്രീകൃഷ്ണാർപ്പണമസ്തു
ഹരിഃ
ഓം തത്സത്.